0157:3N96:11
32J8

# ണ്യക്

വിഭൂതിഭൂഷണ വന്ദ്യോപാദ്ധ്യായ

…57:3M96:11
32J8

216160
O157:3M96:11
32J8

MUL
216160

Madras University Library.

Call Number O157:3M9b:11 32J8

Accession Number 216160

Available for loan from

This book should be returned on or before the date last marked below.

23 MAR 1964

13 JUN 1964

27 JUL 1964

27 AUG 1964

20 APR 1965

28 SEP 1967

19 DEC 2002

# ആരണ്യക്

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

[Malayalam]

# ARANYAK

(BENGALI NOVEL)

BY

BIBHUTIBHUSHAN BANDYOPADHYAYA

Translated by

P. VASUDEVA KURUP

First Impression: November 1958

Rights held by
SAHITYA AKADEMI, NEW DELHI

PRINTED AT THE INDIA PRESS, KOTTAYAM
Copies 2000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD., KOTTAYAM

NATIONAL BOOKSTALL
KOTTAYAM KERALA STATE

Rs. 4·00

മൂലഗ്രന്ഥകാരൻ: വിഭൂതിഭൂഷണ വന്ദ്യോപാദ്ധ്യായ

# ആരണ്യക്

വിവൎത്തനം

**പി. വാസുദേവക്കുറുപ്പ്**

UNIVERSITY LIBRARY
9 MAR 1964
MADRAS

സാഹിത്യ അക്കാദമിക്കുവേണ്ടി

**സാഹിത്യപ്രവൎത്തക സഹകരണസംഘം**
**ലിമിറ്റഡ്, കോട്ടയം**

വില ക. 4.00

## അക്കാദമി പ്രസിദ്ധീകരണങ്ങൾ

ഭഗവാൻ ബുദ്ധൻ —ധർമ്മാനന്ദകോസംബി

വിവർത്തനം: പി. ശേഷാദ്രി

മൺകോലങ്ങൾ —രാമ്വൃക്ഷ് വേണീപുരി

വിവർത്തനം: അഭയദേവ്

ആരണ്യക് —വിഭൂതിഭൂഷണ വന്ദ്യോപാദ്ധ്യായ

വിവർത്തനം: പി. വാസുദേവക്കുറുപ്പ്

ലീയർ രാജാവ് —ഷേക്സ്പിയർ

വിവർത്തനം: കെ. എം. പണിക്കർ

ബാണഭട്ടന്റെ ആത്മകഥ —ഹസാരീപ്രസാദ് ദ്വിവേദി

വിവർത്തനം: രത്നമയീദേവി ദീക്ഷിത്

മലയാളസാഹിത്യചരിത്രം

—പി. കെ. പരമേശ്വരൻനായർ

216160

O157:3M96:11

3258

S868 B593 38/58–59

# ആമുഖം

വിഭൂതിഭൂഷണവന്ദ്യോപാദ്ധ്യായന്റെ 'ആരണ്യക്' വംഗസാഹിത്യത്തിലും ഭാരതീയസാഹിത്യത്തിലും എന്നുവേണ്ടാ മറേറതൊരു സാഹിത്യത്തിലും ഉണ്ടായിട്ടുള്ള ചെറുകൃതികളിൽ മികച്ചുനിൽക്കുന്ന ഒന്നാണു്. ഇതു് ഗദ്യരൂപം പൂണ്ട ഒരു കാന്താരഗീതകം ആണെന്നുതന്നെ പറയാം. വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ആദിമമാനവസന്താനങ്ങളുടെ പാർപ്പിടമാക്കാൻവേണ്ടി വെട്ടിത്തെളിച്ചുകൊണ്ടിരിക്കുന്ന അക്ഷതമായ അരണ്യാനിയെ പശ്ചാത്തലമാക്കിക്കൊണ്ടു് ഗ്രന്ഥകാരൻ മനുഷ്യൻെറ ചിത്രം യാഥാർത്ഥ്യബോധത്തോടും സഹാനുഭൂതിയോടുംകൂടെ വരച്ചിരിക്കുകയാണു്. അങ്ങനെ ഇതു് അറിവും അനുകമ്പയും ആസ്പദമാക്കി പ്രകൃതിയേയും മനുഷ്യനേയുംപറ്റി പ്രതിപാദിക്കുകയും രണ്ടിന്റെയും അത്യന്തം ആകർഷകമായ ചിത്രം പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഒരു കാവ്യം തന്നെയായിത്തീർന്നിരിക്കുകയാണു്.

എന്നുമെന്നും നവരൂപംകൊള്ളുന്നതും ഫലസമ്പുഷ്ടവുമായ പ്രകൃതിയുടെ മടിത്തട്ടിൽ കുടികൊള്ളുന്ന നിമ്നതലക്കാരായ വംഗവംശജരുടെ ഗ്രാമീണജീവിതം ചിത്രണംചെയ്യുന്നവനെന്നു് വിഭൂതിഭൂഷണവന്ദ്യോപാദ്ധ്യായ സുവിഖ്യാതനാണു്. പ്രകൃതിയുടെ ആരാധകർ ഇക്കാലത്തു് അസുലഭമല്ല—വിശേഷിച്ചും പ്രകൃതിമാതാവിന്റെ പാവനസന്നിധാനത്തിൽ എവിടെയും കൈയേററം നടത്തിക്കൊണ്ടിരിക്കുന്ന പരിഷ്കാര മുന്നേററം മൂലം, വന്യപശ്ചാത്തലത്തിൽ വിഹരിക്കുന്ന തരുക്കൾ, തുറന്ന വയലുകൾ, മലകൾ, അരുവികൾ, പുഴകൾ, ഇവയുടെ സജീവവും ഗാഢവും ആയ സമ്പർക്കം നമുക്കു് നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ—വമ്പിച്ച നഗരങ്ങളുടെ വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽനിന്നും ആശ്വാസം നേടുന്നതിനുവേണ്ടി നാം പ്രകൃതിയാൽ സ്വയം ആകൃഷ്ടരായിപ്പോകുന്നു. അത്രത്തോളം ഇതു് ആധുനികമനുഷ്യൻെറ ഹൃദയഘടനയുടെ വെറും സാമാന്യവും സുഗ്രഹവും ആയ ഒരു ഘടകമാണു്.

എന്നാൽ ഇതിനെല്ലാം ഉപരിയായി വിഭൂതിഭൂഷണവന്ദ്യോപാദ്ധ്യായന്റെ കൃതികളിൽ, നമ്മുടെ മനസ്സിന്റെ അഗാധ

തയിലെത്തി നമ്മെ തട്ടിയുണൎത്തുകയും നമ്മുടെ അന്തരംഗത്തിലുള്ള പ്രകൃതിചൈതന്യത്തിൻെറ ഏതോ ഒരു നേരിയ അനുഭൂതി നമുക്കുണ്ടാക്കിത്തരികയും ചെയ്യുന്ന എന്തോ ഒന്നുണ്ട്. അദ്ദേഹം, തരുലതകൾ, കുസുമഫലങ്ങൾ, ഗുല്മമൂലങ്ങൾ, വന്യജീവികൾ, ഇവയുടെ ആരാധകൻ മാത്രമല്ല, നിരീക്ഷകൻകൂടിയാണു്,—കത്രികയും ഭൂതക്കണ്ണാടിയും ഉപയോഗിക്കുന്ന സസ്യശാസ്ത്രജ്ഞനായിട്ടല്ല—ഇലകൾക്കും ചില്ലകൾക്കും, പൂക്കൾക്കും കായ്കൾക്കും, മരങ്ങൾക്കും ചെടികൾക്കുംകൂടി ഒരു സന്ദേശവും ഒരു നാമവും ഒരു വ്യക്തിത്വവും ഉണ്ടെന്നു കാണുന്ന ഒരു പ്രായോഗികമനുഷ്യനാണു് അദ്ദേഹം. വനത്തോടും തരുക്കളോടും അദ്ദേഹത്തിനു തോന്നുന്ന ആവേശം സാംക്രമികമാണു്. അനനുകരണീയമായ പ്രാകൃതികപശ്ചാത്തലത്തിൽ വിരചിതമായ, അദ്ദേഹത്തിൻെറ ഗ്രന്ഥംപഠിക്കുന്ന ഒരു അനുവാചകൻെറ ഹൃദയം ഹർഷോൽഫുല്ലമായി ഉയരുന്നു.

ഈ ഗ്രന്ഥത്തിൽ കഥയെന്നു പറയത്തക്കവണ്ണം വിശേഷിച്ചൊന്നുമില്ല. കുറച്ചുകാലം ഒരു വിദ്യാലയത്തിൽ അദ്ധ്യാപകനായിരുന്നശേഷം തൊഴിലൊന്നുമില്ലാതെ ആതിഥേയത്വലേശമില്ലാത്ത കല്ക്കത്താനഗരത്തിൽ അലഞ്ഞുതിരിയേണ്ടിവന്ന, ബിരുദ്ധധാരിയും സംസ്കാരസമ്പന്നനും ആയ ഒരു ബങ്കാളിയുവാവിൻെറ അനുഭവങ്ങളാണു് ഇതിൻെറ അസ്ഥിപഞ്ജരം എന്നു പറയാം. ഭാഗ്യവശാൽ തൻെറ സാഹിത്യപരമായ അഭിരുചിയെ അഭിനന്ദിച്ചിരുന്ന ഒരു പഴയ കോളജ്ജുസഹപാഠിയായ സ്നേഹിതനെ കണ്ടുമുട്ടാൻ ഇടയായി. ഒരു ജന്മികുടിയായ ഈ സ്നേഹിതൻെറവക ഒരു വനഭൂവിഭാഗത്തിൻെറ ഓഫീസ്മാനേജരായിപ്പോകാൻ ഇതു കാരണമായിത്തീൎന്നു. ആ വനം വെട്ടിത്തെളിപ്പിച്ചു കർഷകൎക്കു കൃഷിക്കായും കാലിമേച്ചിലിനായും കൊടുക്കേണ്ട ചുമതലയാണു് ഈയാളുടെ ചുമലിൽ വന്നുകയറിയതു്. സ്വാനുഭവം ചിത്രീകരിക്കുന്ന കഥാനായകൻ പശ്ചിമബംഗാളവുമായി ചേൎന്നുകിടക്കുന്ന ഉത്തരബീഹാറിൻെറ അക്ഷതമായ ഒരു വനത്തിൻെറ പ്രാന്തപ്രദേശത്തു ചെന്നെത്തുന്നു. ആ വനം കുടിയാനവന്മാരെ പാർപ്പിച്ചു കൃഷിഭൂമിയാക്കിയെടുക്കുന്ന കാൎയ്യത്തിൽ ഏർപ്പെടുന്നു. കൃഷിയിറക്കുന്നതിനോ ദൂരെയുള്ള നഗരങ്ങളിലേക്കു

കയററി അയയ്ക്കാനുള്ള വനവിഭവങ്ങൾ ശേഖരിക്കുന്നതിനോ കുന്നിൻചെരുവുകളിൽ തഴച്ചുവളൎന്നുനിന്ന പുല്ലിൻമേട്ടകൾ കന്നുകാലികളുടെ മേച്ചിൽസ്ഥലങ്ങളാക്കുന്നതിനോ വേണ്ടി അവർ മരങ്ങൾ വെട്ടിയും ചുട്ടും വനം നശിപ്പിക്കുന്നു. ഇങ്ങനെ താൻ സ്നേഹഭാജനമാക്കിയ വനത്തിൻെറ ഏററവും നാശമടയുന്നതിന്ന് അയാൾതന്നെ ഉത്തരവാദിയായിത്തീരുന്നു.

വമ്പിച്ച തോതിൽ നടത്തിയ ഈ കുഞ്ജവനനിധനം ഗ്രന്ഥകാരനിൽ ഉളവാക്കിയ ദുരന്താനുഭൂതിയുടെ ഒരു അടിയൊഴുക്ക് ഇതിൽ ഉടനീളം പ്രതിഫലിക്കുന്നുണ്ട്. ഈ അനുഭൂതിയിൽ അദ്ദേഹം നമ്മേയും പങ്കാളികളാക്കുന്നു. എന്നാൽ ഈ ഗ്രന്ഥത്തിൻെറ 366 പുറങ്ങളിൽക്കൂടി ഈ അക്ഷതാരണ്യത്തിൻെറ മഹനീയതയും സൗന്ദൎയ്യവും, ഉദാരതയും മൃദുലതയും, ഇരുൾമയും ഭീകരതയും, പ്രസ്പഷ്ടമാക്കിക്കൊണ്ട് വിസ്മയനീയമായ തൂലികാചിത്രങ്ങൾ അദ്ദേഹം നമുക്കു സംഭാവന ചെയ്തിട്ടുണ്ട്, വിദൂരതയിൽ കല്ക്കത്തയിൽ വസിക്കുന്ന വമ്പിച്ച ജന്മിയുടെ പ്രതിനിധിയായ തന്നെ, മണ്ണിനു വിശപ്പേറി സമീപിക്കുന്നവരെല്ലാം അതീവ ദരിദ്രരും വിനീതരും ആണ്. എന്നിരിക്കിലും ഈ കൊടിയ ദാരിദ്ര്യത്തിനിടയിലും സ്വയം സംഗ്രഹിച്ചിട്ടുള്ള ഒരു ജീവിതതത്വചിന്ത അവരിൽ കാണുന്നുണ്ട്. നിരാശാജനകമായി തോന്നിക്കുന്ന സാമ്പത്തികസ്ഥിതിയെ ഏററവും പ്രയോജനകരമായ വിധത്തിൽ വിനിയോഗിക്കുന്നതിന് അവൎക്കു കഴിവുണ്ടാക്കിക്കൊടുത്തു്, ദുരിതം, സ്ഥായിയായി നിലകൊള്ളുന്ന പട്ടിണി എന്നിവയുടെ ശല്യം ലഘൂകരിക്കുന്നതിന്ന് ഈ തത്വചിന്ത അവരെ സഹായിക്കുന്നുണ്ട്. മാനേജരുടെ ചുററുംകൂടിയവർ, പുതിയ ആളുകൾക്കു ഭൂമി പതിച്ചുകൊടുത്തു് അവരെ കുടിപാർപ്പിക്കുന്നതിനു തന്നെ സഹായിക്കുന്നതിനു് ജന്മിയാൽ നിയുക്തരായ ഉദ്യോഗസ്ഥന്മാരായാലും, അങ്ങനെ കുടിയാനവന്മാരാകാൻ പോകുന്നവരായാലും, കൃഷിയിറക്കുന്നതിനുവേണ്ടി വമ്പിച്ച ഭൂവിഭാഗങ്ങൾ വെട്ടിത്തിരിച്ചെടുത്തും വനഗ്രാമങ്ങൾ നിർമ്മിച്ചും വനം കുടിപാർപ്പു് വികസിപ്പിക്കുന്നതിനായി വന്നുകൂടിയ താണനിലവാരത്തിലുള്ള അവശ്യം വേണ്ട പരിവാരങ്ങളായാലും അവരെ എല്ലാം, അവഗാഢമായ ദൃഷ്ടികൊണ്ട്

സ്വഭാവം മനസ്സിലാക്കി, മനുഷ്യനെന്നനിലയിൽ മനുഷ്യ നോട്ട തോന്നുന്ന ആത്മാത്ഥവും ഹൃദയംഗമവും ആയ സ്നേഹത്തോട്ടുകൂടി അദ്ദേഹം ചിത്രണം ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ കഥാകഥനത്തിൽക്കൂടി നമ്മുടെ മുമ്പിൽ ആവിർഭവിച്ചിട്ടുള്ള പലതരത്തിലുമുള്ള കഥാപാത്രങ്ങളെല്ലാം തന്നെ സജീവവ്യക്തികളാണ്. സാമാന്യമായി നഗരങ്ങളിൽനിന്നും ബഹുദൂരം താമസിക്കുന്നവരായതുകൊണ്ട് അവക്കെല്ലാം പ്രാകൃതമനുഷ്യന്റെ സാരള്യവും ആജ്ജവവും ഉണ്ട്. ഇവരെല്ലാം, വനാന്തരങ്ങളിലോ വനപ്രാന്തങ്ങളിലോ വന്യഗ്രാമങ്ങളിലോ പാർക്കുന്ന ഭാരതീയനരനാരീനിരയിൽ അണിനിരക്കാൻ കൂട്ടുന്നവരാണ്. തുളസീദാസരാമായണം പാരായണം ചെയ്യുന്നതു് ജീവിതാനന്ദത്തിനു് ഏകാവലംബമായി സ്വീകരിച്ചിട്ടുള്ള സരളചിത്തനായ വൃദ്ധബ്രാഹ്മണൻ രാജൂ പാണ്ഡേ; നൃത്തകലയിൽ യഥാത്ഥകലാകാരനായ ധാതുരിയാ ബാലൻ; അതിദയനീയമാംവണ്ണം ദരിദ്രമായ ചുററുപാടിൽ വിസ്മയനീയമായ ധൈയ്യവും സേവനവീയ്യവും പ്രകാശിപ്പിച്ച വിധവയായ കുന്താ; അസാധാരണങ്ങളായ ചെടികളേയും അഴകേറിയ പൂക്കളേയും സ്നേഹിച്ച യഥാർത്ഥ സസ്യശാസ്ത്രജ്ഞനായ യുഗളപ്രസാദൻ; അവ്യക്തമായിമാത്രം അനുഭവിച്ചിട്ടുള്ള ഉന്നതജീവിതം തുടരാനുള്ള ആശ കൈവെടിഞ്ഞു് ദാരിദ്ര്യത്തിൻെറ കാഠിന്യംകൊണ്ടും പരിതഃസ്ഥിതിയുടെ മർദ്ദനമേററും ദുരിതപൂണ്ണമായ ജീവിതത്തിലേയ്ക്കു തരംതാഴ്ത്തപ്പെട്ട് കായ്യത്തിൽ ഒരു കഷകകന്യകയായി രൂപാന്തരം പ്രാപിച്ചുപോയ, ഒരു ബിഹാർഗ്രാമത്തിലെ ബങ്കാളി ഡോക്കുടെ അനാഥപുത്രി; ഒരു കുടിപ്പള്ളിക്കൂടം തുടങ്ങാൻവേണ്ടി വന്യഗ്രാമങ്ങൾതോറും ചുററിത്തിരിഞ്ഞുകൊണ്ടിരുന്ന ഗനോരീ തേവാരി; വ്യാകരണസ്ഖലിതങ്ങൾ തെല്ലും വരുത്താതെ ശുദ്ധഹിന്ദിയിൽ ഗ്രന്ഥങ്ങളെഴുതി സ്ഥലത്തേ ഒരു ഹിന്ദിപ്പത്രത്തിന്റെ അധിപരിൽനിന്നും പ്രശംസയാജ്ജിച്ച, ബീഹാർഗ്രാമത്തിലെ ഒരു കവി—മോഹനവും ലളിതവുമായ ജീവിതം നയിച്ചുപോന്ന ഒരു കവി; അസാന്മാഗ്ഗികമായി കുമിച്ചുവച്ച സമ്പത്തിനിടയിൽ ദുഷ്ടനായി ജീവിച്ച് തികച്ചും വെറുക്കപ്പെടേണ്ടവനായിത്തീന്ന ബഹുജനദ്രോഹി ഗ്രാമബാങ്കർ;

ശിപായി മുനേശ്വരസിംഹൻ; കുറച്ചു കുട്ടികളെ വേദഭാഷ അഭ്യസിപ്പിക്കുന്നതിനായി ഒരു സംസ്കൃതപാഠശാല സ്ഥാപിക്കാൻ എന്നും ഉത്സുകത്വം പ്രദർശിപ്പിച്ചിരുന്ന മുക്തനാഥപണ്ഡിതൻ; ആദിമവർഗ്ഗപ്രഭുവും, യഥാർത്ഥത്തിൽ രാജപ്രഭാവനും ആയ വൃദ്ധ ദോബരുപാന്നായും അയാളുടെ പ്രപൗത്രി കുമാരി ഭാനുമതിയും—അവളുടെ ചുറ്റും നെയ്തുണ്ടാക്കിയ നിഗൂഢമായ പ്രേമജാലത്താൽ ഓരോ വായനക്കാരനും വികാരപരവശനായിപ്പോകുകയും അവളെപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം അവന്റെ ഹൃദയം നൊന്തുപോകയും ചെയ്യത്തക്കവണ്ണം പരമമായ സഹഭാവത്തോടും അറിവോടുംകൂടിയാണ് ഗ്രന്ഥകാരൻ ഭാനുമതിയെ ചിത്രണം ചെയ്തിട്ടുള്ളതു്—ഈ കഥാപാത്രങ്ങളെല്ലാം സജീവങ്ങളായ ചിത്രങ്ങളുടെ ഒരു സുന്ദരമായ ചിത്രശാലയാണ്. ഇവർ ജീവിക്കുന്ന പശ്ചാത്തലത്തിലെ തരുലതാകുസുമങ്ങൾ, കാട്ടാറുകൾ, ദീർഘതൃണരാശികൾ, നീലാകാശം എന്നിവയെപ്പോലെതന്നെ യഥാർത്ഥങ്ങളാണ്.

ഭാരതീയസാഹിത്യത്തിന്നു് അതിപുരാതനമായ ഒരു പാരമ്പര്യമുണ്ട്. ബാഹ്യജഗത്തിനെ വ്യാഖ്യാനം ചെയ്യുന്ന ഭാരതീയ വീക്ഷണഗതി വേദകാലംമുതൽ അനുസ്യൂതമായി തുടർന്നുവരികയാണ്. വിഭൂതിഭൂഷണന്റെ 'ആരണ്യക്', ഋഗ്വേദം ദശമഭാഗത്തിൽ ഇരമ്മദാപുത്രനായ ദേവമുനിയാൽ വിരചിതമായ 146–ാം സൂക്തത്തിൽ കാണുന്ന സുന്ദരമായ 'അരണ്യാനിസ്തവ'ത്തോടു തികച്ചും അനുയോജ്യമാണ്. വൈദികകാലത്തെ പുരാതനവനപ്രാന്തത്തിൽ സ്ഥാപിച്ചിരുന്ന ഒരു പ്രാചീനഗ്രാമത്തിന്റെ ചിത്രമാണതു്. ആ സ്തവത്തിൽ വർണ്ണിക്കുന്ന, പക്ഷികളുടെ കളകൂജനങ്ങൾ, തരുച്ഛായകൾ, മഴശ്ശീതികൻ മരംവെട്ടുന്ന ശബ്ദം, മഹാവനത്തിന്റെ നിഗൂഢത, ആശ്ചര്യസംഭവഗതി ഇതെല്ലാം വന്ദ്യോപാദ്ധ്യായന്റെ 'ആരണ്യക്കിൽ' പ്രതിദ്ധ്വനിക്കുന്നുണ്ട്. ആ വേദകവി ഈ സ്തുതിഗീതം പാടിയാണ് ആ സ്തവം ഉപസംഹരിക്കുന്നതു്.

"അഞ്ജന ഗന്ധിം സുരഭിം ബഹ്വന്നാം അകൃഷീവലാം
പ്ര അഹം മൃഗാണാം മാതരം അരണ്യാനീം അശാംസിഷം"

(സുഗന്ധലേപനത്താൽ സുരഭിലയും അകൃഷീവലയെ

ങ്കിലും ബഹ്വന്നദയും വന്യമൃഗജനനിയും ആയ അരണ്യാനിയെ ഞാൻ സ്തുതിക്കുന്നു.)

ഭാരതീയൻ തന്റെ പശ്ചാത്തലത്തെ സ്നേഹിച്ചിരുന്നു—ഭാരതത്തിലെ പൗരാണികമായ അരണ്യാനിയെ. വേദങ്ങളിൽ അതു ധാരാളം കാണാനുണ്ട്. അഥർവ്വവേദത്തിലെ പൃഥ്വിസൂത്രം, അരണ്യഭുവിലെ പ്രകൃതിവിഭവങ്ങൾകൊണ്ടും കാർഷികോല്പന്നങ്ങൾകൊണ്ടും നമ്മേ പുലർത്തിക്കൊണ്ടുപോരുന്നവളെന്ന നിലയിൽ ഭൂധാത്രിയോടു നമുക്കു തോന്നുന്ന പ്രേമംകൊണ്ടു തുളുമ്പുകയാണ്. 'മഹാഭാരത'ത്തിന്റെ ഭൂരിഭാഗവും വനം പശ്ചാത്തലമാക്കീട്ടുള്ളതാണ്. അതുപോലെതന്നെ 'രാമായണ'വും, വീരപുരുഷന്റെയും പ്രാചീനകാലത്തെ ശാശ്വതമായ അക്ഷതകാനനത്തിന്റേയും മഹാകാവ്യമാണ്. അതീവ കൃത്രിമവും വികൃതവുമായ ആ ഹർഷചരിതം ഏഴാം അദ്ധ്യായത്തിന്റെ ഒടുവിലായി ഭാരതീയസാഹിത്യത്തിലെ ഉൽകൃഷ്ടപദചിത്രകാരനായ ബാണഭട്ടൻ വിന്ധ്യൻ പർവ്വതസാനുക്കളിലെ 'വന്യഗ്രാമകം' ഉജ്ജ്വലമായി വർണ്ണിക്കുന്നുണ്ട്. ഏഴാം ശതകത്തിൽ ഉത്തരഭാരതീയനായ ഈ സംസ്കൃതസാഹിത്യകാരനാൽ വിരചിതമായ ഈ സുന്ദരഭാഗം വായിച്ചാൽ ഇരുപതാംശതകത്തിലെ ആധുനികവംഗസാഹിത്യകാരന്റെ 'ആരണ്യക്' കൂടുതൽ ഹൃദ്യമാകുന്നതാണ്.

ഭൂജനനിയുടെ തനതായ പ്രാകൃതിക പശ്ചാത്തലത്തിൽ ജീവിക്കുന്ന മനുഷ്യനേപ്പററി പഠിക്കാൻ സന്തോഷമുള്ളവർക്ക്, 'പ്രകൃതിയും സാഹിത്യത്തിൽ അതിന്റെ സ്ഥാനവും' എന്ന വിഷയം വളരെ രസകരമായിരിക്കും. ഭാരതീയൻ ലോകത്തിന്റെ മറേറതൊരു ഭാഗത്തുള്ളവനേക്കാളും പ്രകൃതിയോടു കൂടുതൽ അടുപ്പമുള്ളവനായി എക്കാലവും സ്വയം അഭിമാനിക്കുന്നുണ്ട്. പ്രാചീനഭാരതത്തിലെ കലാസാഹിത്യങ്ങളിൽ യുഗയുഗാന്തരമായി ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. ഭാരതത്തോടു തുലനംചെയ്താൽ അയൽക്കാരിയായ ചീന വളരെനേരത്തെതന്നെ പ്രകൃതിയുമായി ഒരു നിസ്സംഗഭാവം കൈക്കൊള്ളുകയും വളർത്തുകയും ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഇതു പ്രകൃതിയോടുള്ള, വികൃതവും എന്നാൽ സുശിക്ഷിതവും ആയ ഒരു മനോഭാവമാണെന്നു സമ്മതിക്കേണ്ടി

യിരിക്കുന്നു. ഈ മനോഭാവം ആധുനികമാനവൻെറ ഒരു പ്രത്യേക ലക്ഷണമായി ഗണിക്കപ്പെടാവുന്നതാണു്. ഈ വീക്ഷണഗതി, മനുഷ്യൻെറ ആത്മപരിശോധനയുടെ വികസനം മനുഷ്യാലയങ്ങളിൽനിന്നും വനത്തിൻെറ വിച്ഛേദനം എന്നീ രണ്ടുവഴികളിലൂടെ ആധുനികനരനാരികളുടെ സർവ്വസാധാരണമായ വീക്ഷണഗതിയായിത്തീർന്നുകൊണ്ടിരിക്കുകയാണു്. 'ആരണ്യക്' രണ്ടു പ്രവണതകളുടെ സമ്മേളനമാണു്. പ്രകൃതിയുടെ അന്തരംഗത്തിൽ—ഏററിയകുറും അതിൻെറ ഒരു ഭാഗമായിത്തന്നെ വർത്തിക്കുമ്പോൾ തന്നെ നിസ്സംഗനായിരിക്കാനുള്ള കഴിവും ഗ്രന്ഥകാരനുണ്ടു്. പ്രകൃതിയുടെ സൗന്ദര്യ്യം, മഹത്വം, സർവ്വാവരണത്വം, എന്നിവയെപ്പറ്റി നിദിദ്ധ്യാസനം ചെയ്യാനും എന്നാൽ നിർലിപ്തനായിരിക്കാനും അദ്ദേഹത്തിനു കഴിയുന്നു. പ്രകൃതിയോടുള്ള അദ്ദേഹത്തിൻെറ മനോഭാവം, മുൻപറഞ്ഞതുപോലെ, പ്രകൃതിയും അതിൻെറ ഭാഗമെന്ന നിലയിൽ അരണ്യാനിയും മനുഷ്യൻെറ സർവ്വഗ്രാസകമായ ആവശ്യങ്ങൾക്കു് അടിപ്പെട്ടു പോകുന്നതിൽ ഉണ്ടാകുന്ന അപാരദുഃഖമാണു്. പൗരാണികമായ അരണ്യാനി സർവ്വാധിപതിയായി വാണിരുന്നിടം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന മനുഷ്യവാസസ്ഥാനമാക്കി ഭൂമുഖത്തിനു പരിവർത്തനം വരുത്തിക്കഴിഞ്ഞശേഷം തൻെറ പ്രവർത്തനരംഗത്തിൽനിന്നും പിൻവാങ്ങുന്ന വേളയിൽ അദ്ദേഹം ഇങ്ങനെ പ്രഗാഢമായി അനുസ്മരണംചെയ്തു വിടവാങ്ങുന്നു:

"നാഢാബയിഹാരിൻെറ അതിർത്തി കടന്നപ്പോൾ ഞാൻ പല്ലക്കിൽനിന്നും തല പുറത്തേക്കിട്ടു മുഖംതിരിച്ചു പിന്നിലോട്ടു് ഒന്നു നോക്കിക്കണ്ടു."

"ഗ്രാമങ്ങൾ വളരെ, തൊട്ടുതൊട്ടുള്ള മേഞ്ഞ വസതികൾ, ആളുകളുടെ സംസാരം, ബാലികാബാലന്മാരുടെ പൊട്ടിച്ചിരിയും കൂക്കുവിളിയും, കന്നുകാലികൾ, ധാന്യക്കുനകൾ. ഞാൻതന്നെയാണു് ഇക്കഴിഞ്ഞ ആറേഴവർഷങ്ങൾക്കിടയിൽ ഈ കൊടിയ വനം വെട്ടിത്തെളിപ്പിച്ചു് ഹാസദീപ്തവും സസ്യസമ്പൂർണ്ണവുമായ ഈ ജനപദം സൃഷ്ടിച്ചതു്. എല്ലാവരും അതുതന്നെയാണു് ഇന്നലെ പറഞ്ഞതു്. 'ബാബുജീ! അങ്ങയുടെ പ്രവർത്തനം കണ്ടിട്ടു ഞങ്ങൾപോലും ആശ്ചര്യ്യപ്പെട്ടുപോയി.

നാഢാലബ്ട്ടലിയാ എന്തായിരുന്നു, ഇപ്പോൾ പിന്നെ അതു് എന്തായിരിക്കുന്നു.

“ഞാനും അതുതന്നെ പിന്നെയും പിന്നെയും വിചാരിച്ചു കൊണ്ടാണു് പോകുന്നതു്—നാഢാലബ്ട്ടലിയാ എന്തായിരുന്നു; ഇപ്പോൾ അതു് എന്തായിത്തീൎന്നിരിക്കുന്നു!

“ദിഗന്തലീനമായ മഹാലിഖാത്രുപപൎവ്വതത്തേയും മോഹനപുരാമഹാവനത്തേയും ലക്ഷ്യമാക്കി ഞാൻ വിദൂരനമസ്കാരം ചെയ്യു.”

“ഹേ! അരണ്യാനിയുടെ ആദിമവനദേവതമാരെ! എനിക്കു മാപ്പുതരുളണേ! വിടതരണേ!”

പ്രകൃതിയുടേയും ഗ്രാമവാസസ്ഥാനങ്ങളുടേയും ചൈതന്യം നമ്മുടെമുമ്പിൽ പ്രകാശിപ്പിക്കുകയും, പ്രകൃതിയേയും മനുഷ്യനേയും സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുകയും ചെയ്യുന്ന ഉന്നതനിലവാരത്തിലുള്ള ഒരു സാഹിത്യസൃഷ്ടി എന്നതിനു പുറമേ ഈ കൃതിക്കു മറെറാരു പ്രാധാന്യംകൂടിയുണ്ടു്. പ്രകൃതിയെ തൻെറ സേവികയാക്കിത്തീൎക്കുകയും ഭൂമുഖത്തെ സ്വന്തം ആവശ്യത്തിനുവേണ്ടി പരിവൎത്തനം ചെയ്യുകയും ചെയ്യുന്ന മനുഷ്യൻെറ ഒരു ‘കാലിഡോസ്കോപ്പ്’ (Kaleidoscope) ആണെന്നുള്ള ഒരു പ്രാധാന്യംകൂടി ഇതിനുണ്ടു്. (ഭ്രമണംനിമിത്തം നാനാവൎണ്ണവും കലൎന്ന സുക്രമികങ്ങളായ ചിത്രങ്ങൾ മാറിമാറി ദൃശ്യമാക്കുന്ന ക്രീഡായന്ത്രവിശേഷം.) ബങ്കാളവുമായി തൊട്ടുകിടക്കുന്ന ബീഹാറിൻെറ ഒരു കോണിൽ മനുഷ്യൻെറ അനിവാൎയ്യമായ ആക്രമണത്തിനുമുന്നിൽ പ്രകൃതി മെല്ലെമെല്ലെ പിൻവാങ്ങുന്നിടത്തെ ജീവിതാംശത്തിൻെറ നവീനവും യഥാൎത്ഥവുമായ ചിത്രമെന്ന നിലയിൽ ഈ ഗ്രന്ഥം മനുഷ്യമനസ്സിനെ ആനന്ദിപ്പിക്കുകയും വികാരം കൊള്ളിക്കുകയും ചെയ്യുന്ന അദ്വിതീയവും അമൂല്യവുമായ ഒരു രേഖയായി നിലകൊള്ളും.

സാഹിത്യഅക്കാദമി തുടങ്ങിട്ടുള്ള തൎജ്ജമപ്രസ്ഥാനംവഴി വിവിധഭാഷകളിലെ വായനക്കാൎക്കു് ഈ മഹത്തായ സാഹിത്യസൃഷ്ടി വായിക്കാൻ സാദ്ധ്യമാകുമെന്നും, ഈ ആമുഖകാരനെപ്പോലെതന്നെ അവൎക്കും ഇതു് ഒന്നു വായിച്ചിട്ടു് തള്ളിമാററിക്കളയാൻ സാധിക്കാതെവരുമെന്നും ആശിക്കുന്നു.

1957 ഫെബ്രുവരി 20 **സുനീതികുമാർ ചാററർജി**

UNIVERSITY LIBRARY
9 MAR 1964
MADRAS

# പ്രസ്താവന

പകൽമുഴവൻ ഞാൻ ആഫീസിലിരുന്നു് എല്ലുമുറിയെ പണിയെടുത്തശേഷം പ്രാകാരമൈതാനത്തിലെ മതിൽക്കെട്ടിനു സമീപം ചേന്നിരിക്കുകയായിരുന്നു.

അടുത്തു് ഒരു ബദാംവൃക്ഷം; മിണ്ടാതെ തെല്ലുനേരം ആ ബദാംതരുവിൻെറ മുൻഭാഗത്തുള്ള കിടങ്ങിൻെറ, ഓളംതള്ളിക്കളിക്കുന്ന, തീരത്തേയ്ക്കു നോക്കിയിരിക്കവേ, ലബ്ടുലിയായുടെ ഉത്തരസീമയിലെ സരസ്വതീതടാകത്തിൻെറ തീരത്തിൽ സന്ധ്യാവേളയിൽ ഇരിക്കുകയാണെന്നു് പെട്ടെന്നു് എനിക്കു തോന്നിപ്പോയി. അടുത്ത ക്ഷണത്തിൽ പ്ലാസീഗെയിററിൽ മോട്ടോർഹോൺകേട്ടു് എൻെറ ആ സ്വപ്നം പൊലിഞ്ഞുപോയി.

വളരെക്കാലത്തിനുമുമ്പു നടന്നതാണെങ്കിലും ഇന്നലെ നടന്നതുപോലെതന്നെ ഇന്നും ഞാൻ അക്കാര്യം ഓമ്മിച്ചുപോകുന്നു.

കൽക്കത്താനഗരത്തിലെ അശാന്തിയുടേയും കമ്മകോലാഹലത്തിൻേറയും നടുക്കു് രാപ്പകൽ മുങ്ങിക്കഴിഞ്ഞുകൂടുന്ന ഇന്നു്, അന്നത്തെ ലബ്ടുലിയാബയിഹാരം, ആസംബാദ്, എന്നിവിടങ്ങളിലെ ആ അരണ്യഭൂവിഭാഗം, ആ വെണ്ണിലാവു്, കൂരിരുളടഞ്ഞ ആ നിശ്ചലരാത്രി, ശ്ശൂ–ശ്ശൂ എന്നു് എപ്പോഴും ശബ്ദിച്ചുകൊണ്ടിരിക്കുന്ന ഝാബുകമരവും കാശപ്പുല്ലും തിങ്ങിവളരുന്ന തകിടിപ്പുറം, ചക്രവാളത്തിൽ ലീനമായി ധൂസരമായിച്ചമഞ്ഞ ആ ശൈലശ്രേണി, ഇരുണ്ട രാത്രിയുടെ അഗാധതയിൽ കലമാൻക്കൂട്ടത്തിൻെറ ആ വെരണ്ടോട്ടം, മദ്ധ്യാഹ്നത്തിലെ എരിവെയിലിൽ സരസ്വതീതടാകത്തിലേയ്ക്കു ദാഹിച്ചുവലഞ്ഞു് ഓടിയണയുന്ന ആ കാട്ടുപോത്തു്, അന്യാദൃശമായി തുറന്നുകിടക്കുന്ന ശിലാസ്തൃതപ്രാന്തരത്തിലെ വണ്ണപ്പകിട്ടേറിയ ആ വനകുസുമങ്ങളുടെ ശോഭ, പുഷ്പിതങ്ങളായ രക്ത

പലാശവൃക്ഷങ്ങൾ ഇടതൂൎന്നു നില്ക്കുന്ന അരണ്യം, ഇതെല്ലാം ഓൎമ്മിക്കുമ്പോൾ ഒരു വിശ്രമദിനാന്ത്യത്തിൽ ഉണ്ടാകുന്ന ഒരു ഗാഢനിദ്രയിൽ, ഭൂമിയിൽ ഒരിടത്തും ദൃശ്യമാകാത്തവിധം സൗന്ദൎയ്യസമ്പൂൎണ്ണമായ ഏതോ ഒരു ജഗത്തിനെ സ്വപ്നം കാണുകയായിരുന്നു എന്നു് എനിക്കു തോന്നിപ്പോകുന്നു.

വെറും വനപ്രദേശം മാത്രമല്ല, ഏതെല്ലാം തരത്തിലുള്ള മനുഷ്യരെയാണു് ഞാൻ അവിടെക്കണ്ടതു്.

കുന്താ...മുസമ്മത കുന്തായുടെകാൎയ്യം ഞാനോക്കുന്നു. സംഠിയാബയിഹാരിലെ വിസ്തൃതമായ ബദരീവനത്തിൽ തൻെറ കുഞ്ഞുകുട്ടികളേയുംകൊണ്ടു് ലന്തക്കുരു പെറുക്കി കൂട്ടിക്കൊണ്ടു് ആ ദരിദ്രവനിത തൻെറ ദൈനന്ദിന ജീവിതയാത്രയ്ക്കു വേണ്ടതു് ഒരുക്കുന്നതിൽ വ്യാപൃതയായിരിക്കുന്നതായി ഇപ്പോഴും ഞാൻ കാണുന്നു.

മാത്രമോ, നിലാവുനിറഞ്ഞു്, മഞ്ഞുചൊരിയുന്ന രാത്രിയിൽ എൻെറ ഇലയിലെ ചോറു കിട്ടുമെന്ന ആശയോടെ ആസംബാദ്കച്ചേരിമുറ്റത്തെ ഒരു കോണിൽ കിണറ്റിനടുത്തായി അവൾ നില്ക്കുന്നുമുണ്ടു്.

ധാതുരിയായുടെ കാൎയ്യവും എൻെറ മനോമണ്ഡലത്തിൽ ഉയൎന്നുവരുന്നു...നൎത്തകനായ ധാതുരിയാബാലൻ...

ദക്ഷിണദേശത്തുള്ള ധൎമ്മപുരപരഗണത്തിലെ വിളവു നശിച്ചുപോയതുകൊണ്ടു് ധാതുരിയാ ആടിയും പാടിയും വിശപ്പടക്കാൻവേണ്ടി, ലബ്ടലിയാപ്രദേശത്തെ ജനവിരളമായ വന്യഗ്രാമങ്ങളിലേയ്ക്കു വന്നതാണു്. ചീനപ്പുല്ലരി വറുത്തതും ശക്കരയും തിന്നാൻ കിട്ടിയപ്പോൾ എത്ര ആനന്ദകരമായ പുഞ്ചിരിയാണു് അവൻെറ മുഖത്തു് ഞാൻ കണ്ടതു്! ചുരുണ്ടു ചുരുണ്ട തലമുടി, വലിയ വട്ടക്കണ്ണു്, ഏതാണ്ടു് സ്ത്രീകളുടെ മാതിരിയുള്ള ഭാവഭംഗി; പതിമ്മൂന്നുപതിന്നാലു വയസ്സു പ്രായംവരുന്ന സുമുഖനായ ആ കുമാരൻ, അച്ഛനില്ല, അമ്മയില്ല, സ്വന്തമായി ആരും ഒരിടത്തുമില്ല; അതുകൊണ്ടു് ഈ ഇളം പ്രായത്തിൽത്തന്നെ തൻെറ കാൎയ്യം താൻതന്നെ നോക്കേണ്ടി വന്നിരിക്കുകയാണു്....പിന്നെയും അവൻ പ്രപഞ്ചപ്രവാഹത്തിൽക്കൂടി എവിടെയോ ഒഴുകിപ്പോയി....സരളഹൃദയനായ

ബാങ്കർ ധാവതാൽസാഹ്ഹവിനെ ഞാൻ സ്മരിക്കുന്നു. എൻെറ വശ്ലോൽബംഗ്ലാവിൻെറ കോണിലിരുന്നു് അയാൾ പാക്കു വെട്ടികൊണ്ടു് വലിയ അടയ്ക്ക നുറുക്കിക്കൊണ്ടിരിക്കുന്നു. ഗഹനമായ വനത്തിലെ കൊച്ചുകുടിലിനു സമീപം ഇരുന്നു് ദരിദ്രബ്രാഹ്മണനായ രാജുപാണ്ഡേ, തൻെറ മൂന്നു കന്നിനേയും തീററിക്കൊണ്ടു് 'ദയാഹോഇജീ'—എന്നിങ്ങനെ മൂളിപ്പാട്ടു പാടിക്കൊണ്ടിരിക്കുന്നു.

മഹാലിഖാരുപപൎവ്വതത്തിൻ്റെ അടിവാരത്തിലെ വിശാലമായ വനപ്രാന്തരത്തിലേയ്ക്കു വന്നിറങ്ങിയ വസന്തം, ലബ്ടുലിയാബയിഹാരിൽ സൎവ്വത്ര മഞ്ഞവൎണ്ണംകലന്ന ഗോളഗോളിപ്പൂക്കളുടെ മഹോത്സവം, മദ്ധ്യാഹ്നത്തിലെ കൊട്ടുംവെയിലിൽ ചുട്ടുപഴുത്തു് താമ്രാഭപൂണ്ട ദിഗന്തവ്യാപിയായ മണൽപ്രദേശത്തിൻെറ, കൊട്ടങ്കാററിൽ മങ്ങിയനിറം, സാലവനത്തിനു തീവച്ച കാരണത്താൽ രാത്രിയിൽ വിദൂരതയിൽ മഹാലിഖാരുപപൎവ്വതത്തിൽ കാണായ അഗ്നിശിഖാമാല, അതിദരിദ്രരായ ബാലികാബാലന്മാർ, സ്ത്രീപുരുഷന്മാർ, ക്രൂരന്മാരായ ബാങ്കറന്മാർ, പാട്ടുകാർ, വിറകുവെട്ടികൾ, ഭിക്ഷക്കാർ എന്നിങ്ങനെ എത്രയെത്ര വിചിത്ര ജീവിതയാത്രക്കാരുമായിട്ടാണു് ഞാൻ പരിചയപ്പെട്ടതു്. ഇരുണ്ട മൈതാനത്തിൽ എൻെറ ബംഗ്ലാവിൽ അങ്ങനെ ഇരുന്നുംകൊണ്ടു് വനവേട്ടക്കാർ പറഞ്ഞ കഥകൾ ഞാൻ കേട്ടിട്ടുണ്ടു്; മോഹനപുരാ റിസേർവ് ഫോറസ്റ്റിനുള്ളിൽ അർദ്ധരാത്രിക്കു വന്യമഹിഷങ്ങളെ വേട്ടയാടിപ്പോകവേ മരക്കൊമ്പുകൾകൊണ്ടു് മൂടിയിട്ടിരുന്ന കുഴിയുടെ വക്കിൽവച്ചു ഭീമാകാരനായ വന്യമഹിഷദേവതയെ ഇവർ കണ്ടിട്ടുണ്ടുപോലും.

ഇവരുടെയെല്ലാം കഥയാണു് ഞാൻ പറയാൻപോകുന്നതു്. സംസ്കാരസമ്പന്നനായ മനുഷ്യൻ അപൂൎവ്വമായി മാത്രം സഞ്ചരിച്ചിട്ടുള്ള ആ വഴിയിൽവച്ചു്, അത്ഭുതകരങ്ങളായ എത്രയോ ജീവിതസ്രോതസ്സുകൾ അന്തരംഗങ്ങളിലെ ഉപലസങ്കീർണ്ണങ്ങളും അജ്ഞാതങ്ങളും ആയ നദീതടങ്ങളിൽക്കൂടി 'ഝര ഝര' രവത്തോടുകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന ആ പന്ഥാവിൽവച്ചു്, ഇവരുമായി എനിക്കുണ്ടായ പരിചയം ഇന്നും മറക്കാൻ കഴിയുന്നില്ല.

എന്നാൽ എൻെറ ഈ സ്മൃതി ആനന്ദത്തിൻേറതല്ല; ദുഃഖത്തിൻേറതാണ്. ഈ സ്വച്ഛന്ദപ്രകൃതിയുടെ ലീലാരംഗം എൻെറ കൈയിലിരുന്നുതന്നെ വിലയംപ്രാപിച്ചുപോയി. അതുകൊണ്ട് വനദേവതമാർ എനിക്ക് ഒരിക്കലും മാപ്പുതരികയില്ലെന്ന് എനിക്കറിയാം. ഒരുവൻെറ അപരാധകഥ അവൻതന്നെ പറഞ്ഞാൽ അപരാധഭാരം ലഘുവായിത്തീരുമെന്ന് ഞാൻ കേട്ടിട്ടുണ്ട്.

അതുകൊണ്ടാണ് ഞാൻ ഈ കഥ അവതരിപ്പിക്കുന്നത്.

# പരിച്ഛേദം ഒന്ന്

**ഒന്നു്**

പത്തുപതിനാറുവത്സരങ്ങൾക്കുമുമ്പു നടന്ന കഥ. ബി.എ. പാസായശേഷം ഞാൻ കൽക്കത്തയിൽ താമസിക്കുകയായിരുന്നു. പലടത്തും കയറിയിറങ്ങീട്ടും ജോലിയൊന്നുംകിട്ടിയില്ല.

സരസ്വതീപൂജാദിനം. ഹോട്ടലിൽ ഞാൻ താമസമാക്കിയിട്ട് കുറച്ചധികം നാളായതുകൊണ്ടു് മാനേജർ എന്നെ പൊട്ടുന്നനവേ അടിച്ചിറക്കിയില്ലെന്നേയുള്ളു. എന്നാൽ, താക്കീതിനമീതെ താക്കീതു തന്നുതന്നു് മാനേജർ അസഹിഷ്ണുവായിച്ചമഞ്ഞിട്ടുണ്ടു്. ഹോട്ടലിൽ വിഗ്രഹംവച്ചു് പൂജനടന്നുകൊണ്ടിരിക്കയാണു്. ആഘോഷങ്ങൾക്കു് ഒരു കുറവുമില്ല. നേരം വെളുത്തു് എഴുന്നേറ്റപ്പോൾമുതൽ എനിക്കു് തോന്നിക്കൊണ്ടിരിക്കുകയാണു്, ഇന്നെല്ലാം തകരാറിലാണെന്നു്. ഒന്നുരണ്ടിടത്തുനിന്നും ആശയ്ക്കു് വക കിട്ടീട്ടുണ്ടായിരുന്നു. പക്ഷേ, വേറെ ഒരിടത്തുപോയാലും ഇന്നു് ഒരു കാര്യവും നടക്കുകയില്ല. അതുകൊണ്ടു് ചുററിനടന്നു വിഗ്രഹദർശനം നടത്തിക്കളയാമെന്നുവച്ചു.

ഹോട്ടൽവേലക്കാരൻ ജഗന്നാഥൻ ഈ സമയത്തുവന്നു് ഒരു തുണ്ടുകടലാസു് എന്റെ കൈയിൽ തന്നിട്ടുപോയി. വായിച്ചുനോക്കിയപ്പോൾ മനസ്സിലായി, അതു മാനേജരുടെ നോട്ടീസാണെന്നു്. "പൂജസംബന്ധിച്ചു് ഹോട്ടലിൽ സദ്യവട്ടം ഒരുക്കിയിട്ടുണ്ടു്. നിങ്ങളുടെ പക്കൽനിന്നും രണ്ടുമാസത്തെ കുടിശ്ശിക വരാനുണ്ടു്. വേലക്കാരന്റെ കൈവശം കുറഞ്ഞതു്പത്തു് ഉറുപ്പികയെങ്കിലും കൊടുത്തയയ്ക്കണം. അല്ലാത്തപക്ഷം നാളെമുതൽ ഭക്ഷണത്തിനു് മറെറവിടെയെങ്കിലും ഏർപ്പാടുചെയ്തുകൊള്ളണം." ഇതായിരുന്നു എഴുത്തു്.

കാര്യം വളരെ ന്യായംതന്നെ; എന്നാൽ എൻെറ കൈവശം ആകെ രണ്ടുരൂപയും കുറച്ചു ചില്ലറയും മാത്രമേ ഉണ്ടാ

യിരുന്നുള്ളു. ഒരു മറുപടിയും കൊടുക്കാതെ ഹോട്ടലിൽനിന്നും ഇറങ്ങിപ്പോന്നു. നാനാഭാഗങ്ങളിൽനിന്നും പൂജസംബന്ധിച്ച വാദ്യഘോഷങ്ങൾ മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുന്നു. ബാലികാബാലന്മാർ വഴിത്തിരിവിൽ നിന്നുംകൊണ്ട് ആർത്തുവിളിക്കുന്നു. പലഹാരക്കച്ചവടക്കാരന്റെ പലഹാരക്കടയിൽ പുത്തൻ പലഹാരങ്ങൾ താലങ്ങളിൽ സജ്ജമാക്കിവച്ചിരിക്കുന്നു. തെരുവിനപ്പുറത്ത് കാളജുഹോസ്റ്റൽഗെയിററിൽ വാദ്യഘോഷങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ബസാറിൽനിന്ന് ആളുകൾ കൂട്ടംകൂട്ടമായി പൂമാലകളും പൂജോപകരണങ്ങളും വാങ്ങിച്ചുകൊണ്ടുപോകുന്നു.

എങ്ങോട്ടാണു പോകേണ്ടതെന്ന് ഞാൻ ആലോചിച്ചു. ജോറാസാംകോയിലെ സ്കൂൾജോലികളഞ്ഞു് വെറുതെ ഇരിക്കാൻതുടങ്ങീട്ട് ഒരു വത്സരത്തിനുമേലായി. ഇരിക്കുക എന്നു പറഞ്ഞതു് ശരിയല്ല. ജോലിയന്വേഷിച്ച് കുറഞ്ഞപക്ഷം ഒരു പത്തുപ്രാവശ്യമെങ്കിലും നടന്നുചെല്ലാത്ത ഒരു വ്യാപാരശാലയില്ല, സ്കൂളില്ല, പത്രാലയമില്ല, ധനവാന്മാരുടെ വീടില്ല. എന്നാൽ എല്ലായിടത്തും ഒരേ ഒരു മറുപടി: "ജോലിക്ക് ഒഴിവില്ല."

പെട്ടെന്നു വഴിയിൽവച്ച് സതീശനെ കണ്ടു. സതീശനുമൊത്തു്ഞാൻ ഹിന്ദുഹോസ്റ്റലിൽ താമസിച്ചിട്ടുണ്ട്. ഇപ്പോൾ അയാൾ ആലിപുരത്തെ ഒരു വക്കീലാണ്. അതിൽനിന്നും അയാൾക്ക് പ്രത്യേകിച്ച് വല്ലപ്രയോജനവും ഉണ്ടെന്ന് തോന്നുന്നില്ല. കാളിഗഞ്ജിന്റെ അങ്ങേയറ്റത്തു് എവിടെയോ ഒരു ട്യൂഷനുണ്ട്. അയാളെ സംബന്ധിച്ചിടത്തോളം ഇന്ന് അതുമാത്രമാണ് സംസാരസമുദ്രത്തിലൊരു ചങ്ങാടം. എനിക്കോ! ചങ്ങാടത്തിന്റെ കാര്യം പോട്ടെ, പാമരം ഒടിഞ്ഞ ഒരു തടി പോലും ഇല്ല. എത്രദൂരം മുങ്ങിപ്പൊങ്ങി ജീവിക്കാൻ കഴിയുമോ അത്രത്തോളം ജീവിക്കും. സതീശനെ കണ്ടപ്പോൾ അക്കഥയെല്ലാം മറന്നുപോയി. മറന്നുപോകാൻ വേറെ ഒരു കാരണമുണ്ട്; സതീശൻ പറഞ്ഞു: "അല്ലാ! എങ്ങോട്ടുപോകുന്നു, സത്യചരണാ? പോകാം, ഹിന്ദുഹോസ്റ്റലിലെ വിഗ്രഹം ദർശിച്ചുവരാം. നമ്മുടെ പഴയ സ്ഥലമാണല്ലോ. പിന്നെ വൈകുന്നേരം സംഗീതവിനോദവുമുണ്ടാവും, വരൂ. ആറാംവാർഡിലെ

അവിനാശനെ ഓക്കുന്നുണ്ടല്ലോ, മൈമൻസിംഗിലെ ഏതോ സെമിന്ദാരുടെ മകൻ. അയാൾ ഇപ്പോൾ വലിയ ഗായകനാണു്. അയാൾ നല്ലവണ്ണം പാടും; എനിക്കു് പിന്നെയും ഒരു പാസ്സുകൂടിത്തന്നിട്ടുണ്ടു്—അവരുടെ എസ്റ്റേററിലെ ചില ജോലികൾ വല്ലപ്പോഴുമെല്ലാം ഞാൻ ചെയ്തുകൊടുക്കുന്നുണ്ടല്ലോ. വരൂ, നിങ്ങളെ കണ്ടാൽ അയാൾക്കു് വലിയ സന്തോഷമാവും.''

കാളജിൽ പഠിക്കുന്നകാലത്തു്, അഞ്ചാറുസംവത്സരങ്ങൾക്കുമുമ്പു്, രസിക്കാൻ വകകിട്ടിയാൽ പിന്നെ എനിക്കു് മറ്റൊന്നും വേണ്ടായിരുന്നു. ഇന്നും ആ മനോഭാവം മാറിയിട്ടില്ലെന്നു് ഞാൻ കണ്ടു. ഹിന്ദുഹോസ്റ്റലിൽ വിഗ്രഹദർശനത്തിനു ചെന്നപ്പോൾ മദ്ധ്യാഹ്നഭോജനത്തിനുള്ള ക്ഷണം കിട്ടി. കാരണം, ഞങ്ങളുടെ നാട്ടിലെ പരിചയക്കാരായ പല ചെറുപ്പക്കാരും അവിടെ താമസമുണ്ടായിരുന്നു: അവർ എന്തായാലും അവിടന്നു പോരാൻ സമ്മതിച്ചില്ല. ഞാൻ പറഞ്ഞു: ''സംഗീതവിനോദം വൈകുന്നേരത്തല്ലേ? അതിനിപ്പോൾ എന്താ? ഹോട്ടലിൽപ്പോയിഉണ്ടിട്ടു വന്നേക്കാം, ഇപ്പോൾത്തന്നെ.''

അവർ എൻെറ വാക്കു് ചെവിക്കൊണ്ടതേ ഇല്ല.

ചെവിക്കൊണ്ടിരുന്നെങ്കിൽ സരസ്വതീപൂജാദിവസം എനിക്കു് ഉപവാസമായി കഴിയേണ്ടിവരുമായിരുന്നു. മാനേജരുടെ അത്ര കർശനമായ നോട്ടീസിനുശേഷം ഞാൻ അവിടെ ചെന്നിരുന്നെങ്കിൽ ഹോട്ടലിലെ അപ്പവും പായസവും ഒന്നും കഴിക്കാൻ എനിക്കു തോന്നുമായിരുന്നില്ല—ഒരുരൂപാപോലും കൊടുത്തിട്ടില്ലാത്ത സ്ഥിതിക്കു്; അതുകൊണ്ടു് ഇതു നന്നായി. വയറുനിറയെ സദ്യയുണ്ടിട്ടു് വൈകുന്നേരം സംഗീതവിനോദത്തിനു പോയി. മൂന്നുവത്സരത്തിനു മുമ്പുണ്ടായ വിദ്യാർത്ഥിജീവിതത്തിലെ ഉല്ലാസം വീണ്ടും തിരിച്ചുവന്നു. എനിക്കു് ഉദ്യോഗം കിട്ടിയോ ഇല്ലയോ എന്നു് ആരോക്കുന്നു—ഹോട്ടൽ മാനേജർ ഇപ്പോൾ മുഖം വീർപ്പിച്ചുംകൊണ്ടിരിക്കുകയായിരിക്കാം; അല്ലായിരിക്കാം; ആരറിയുന്നു? കടംതീക്കാൻ കഴിയാതെ നാളെ രാവിലെമുതൽ വായുഭക്ഷണത്തിനു് ഏപ്പാടുചെയ്യേണ്ടിവരുമെന്നുള്ള കാര്യം കീർത്തനസമുദ്രത്തിലാറാടുമ്പോളുണ്ടോ ഓർമ്മിക്കുന്നു! കീർത്തനാലാപം അവസാനിച്ചപ്പോൾ രാത്രി പതിനൊന്നുമണിയായി. അവിനാശനുമായി സംസാ

രിച്ചിരിക്കയുംചെയ്തു കുറച്ചുനേരം. ഹിന്ദുഹോസ്റ്റലിൽ താമസിച്ചിരുന്നകാലത്തു് അവിനാശനും ഞാനും ഡിബേററിംഗ്ലു ക്ലബ്ബിൻെറ പ്രവർത്തകപ്രമുഖരായിരുന്നു. ഒരിക്കൽ ഞങ്ങൾ സർ ഗുരുദാസവന്ദ്യോപദ്ധ്യായനെ അദ്ധ്യക്ഷനായി വരിച്ചു. വിഷയം, 'സ്കൂളുകളിലും കാളജുകളിലും നിർബന്ധമായി മതം പഠിപ്പിക്കേണ്ടതാണു്''എന്നതായിരുന്നു. അവിനാശൻ ആയിരുന്നു പ്രമേയാവതാരകൻ; ഞാൻ പ്രതിപക്ഷനേതാവും. ഇരുപക്ഷങ്ങളുടെയും വാദപ്രതിവാദകോലാഹലത്തിനുശേഷം സഭാപതി ഞങ്ങളുടെ പക്ഷത്തുചേന്നു പ്രസംഗിച്ചു. അന്നുമുതൽ അവിനാശനും ഞാനും ഉത്തമസ്നേഹിതന്മാരായിത്തീർന്നതാണു്. എങ്കിലും കാളജു വിട്ടശേഷം ഇന്നാദ്യമായിട്ടാണു് ഞങ്ങൾതമ്മിൽ കാണുന്നതു്.

അവിനാശൻ പറഞ്ഞു: "പോകാം, എനിക്കു് വണ്ടിയുണ്ടു്. നിങ്ങൾ എവിടെയാണു് താമസിക്കുന്നതു്?"

ഹോട്ടലിന്റെ ഗെയിററിൽ എന്നെ ഇറക്കിയിട്ടു് അയാൾ പറഞ്ഞു: "നാളെ വൈകുന്നേരം നാലുമണിക്കു് ഹാരിംഗ്ടൻ സ്ട്രീറ്റിലുള്ള എന്റെ വസതിയിൽ ചായകഴിക്കാൻ വരണം, കേട്ടോ! മറക്കരുതു്. 23-ൽ 2. ഡയറിയിൽ കുറിച്ചിട്ടോളു."

അടുത്തദിവസം ഹാരിംഗ്ടൻസ്ട്രീററ് കണ്ടുപിടിച്ചു; സ്നേഹിതൻെറ വീടും കണ്ടെത്തി. വീടു് അത്ര വലുതൊന്നുമല്ല; എന്നാലും മുമ്പിലും പിമ്പിലും പൂന്തോട്ടങ്ങളുണ്ടു്. ഗെയിറ്റിൽ വിസ്റ്റാറിയാ ലതയും നീപ്പാൾ ഗാർഡും, പിത്തളപ്ലേറ്റും. ചുവന്ന സുക്കിയിട്ട വളഞ്ഞ റോഡു്, അതിന്റെ ഒരു ഭാഗത്തു് പച്ചപ്പുല്ലുപിടിപ്പിച്ചിട്ടുള്ള ഒരു വഴി. മറ്റേഭാഗത്തു്മുചുകുന്ദം, ചമ്പകം, തേന്മാവു് മുതലായ വൃക്ഷങ്ങളും; മോട്ടോർഷെഡ്ഡിൽ ഒരു വലിയ കാറു്; അതു് ഒരു ധനവാന്റെ വീടല്ലെന്നു് തെറ്റിദ്ധരിക്കാൻ ഒന്നുകൊണ്ടും സാദ്ധ്യമല്ല. കോണിപ്പടി കയറിയപ്പോൾത്തന്നെ ഇരിപ്പുമുറിയായി. അവിനാശൻവന്നു്,ആദരപൂർവ്വം സ്വീകരിച്ചു് എന്നെ മുറിയിൽ ഇരുത്തി. ഒരുമിച്ചിരുന്നു് പഴയകാലത്തെ പല കാര്യങ്ങളും പറഞ്ഞുപറഞ്ഞു് ഞങ്ങളിരുവരും അങ്ങനെ ലയിച്ചിരുന്നുപോയി. അവിനാശന്റെ അച്ഛൻ മൈമൻസിംഗത്തിലെ ഒരു വലിയ സെമിന്ദാരാണു്; എന്നാൽ ഇപ്പോൾ അവരാരും തങ്ങളുടെ കൽക്കത്തയിലെ

വസതിയിൽ ഉണ്ടായിരുന്നില്ല. അവിനാശൻെറ ഒരു സഹോദരിയുടെ വിവാഹംസംബന്ധിച്ചു് കഴിഞ്ഞ [1]ആഗ്രഹായണമാസത്തിൽ നാട്ടിലേയ്ക്കു പോയതാണു്. ഇപ്പോഴും അവരാരും മടങ്ങിയെത്തീട്ടില്ല.

പലതും സംസാരിച്ചതിനുശേഷം അവിനാശൻ ചോദിച്ചു: "ഇപ്പോൾ എന്തുചെയ്യുന്നു, സത്യാ?"

ഞാൻ പറഞ്ഞു: "ജോരാസാംകോ സ്കൂളിൽ അദ്ധ്യാപകനായി ജോലിനോക്കി. ഇപ്പോൾ ഒരുതരത്തിൽ കഴിഞ്ഞുകൂട്ടുന്നു. ഇനിയും അദ്ധ്യാപകനാകാൻ കഴിയുകയില്ലെന്നുവച്ചിരിക്കുകയാണു്. വേറെ വല്ലതും കിട്ടുമോ എന്നു നോക്കുകയാണു്. ഒന്നുരണ്ടു സ്ഥലത്തു് ആശയ്ക്കു് വക കിട്ടീട്ടുണ്ടു്."

ആശയ്ക്കു വക കിട്ടീട്ടുണ്ടെന്നു പറഞ്ഞതു് സത്യമല്ല. എന്നാൽ അവിനാശൻ ധനികൻെറ മകനാണു്, അയാളുടെയടുക്കൽ ഉദ്യോഗത്തിനു് അപേക്ഷചെയ്യുകയാണെന്നു തോന്നാതിരിക്കാനാണു് ഇങ്ങനെ പറഞ്ഞതു്.

അവിനാശൻ തെല്ലൊന്നു ചിന്തിച്ചിട്ടു പറഞ്ഞു: "നിങ്ങളേപ്പോലെ യോഗ്യനായ ഒരുവനു് ജോലികിട്ടാൻ താമസംവരികയില്ല; നിശ്ചയം. എനിക്കൊന്നു പറയാനുണ്ടു്. നിങ്ങൾ നിയമം പഠിച്ചിട്ടുണ്ടു്, ഇല്ലേ?"

ഞാൻ പറഞ്ഞു: "പാസായിട്ടുമുണ്ടു്. പക്ഷേ, വക്കീലാകാനുള്ള മനോഭാവം എനിക്കില്ല."

അവിനാശൻ പറഞ്ഞു: "ഞങ്ങൾക്കു് പൂർണ്ണിയാജില്ലയിൽ ഒരു വനം എസ്റ്റേററുണ്ടു്—ഏതാണ്ടു് ഇരുപതിനായിരം മുപ്പതിനായിരം ബിഘാ[2] ഭൂമി. ഞങ്ങൾക്കു് അവിടെ ഒരു ഏജൻറുണ്ടു്. പക്ഷേ, ഇത്രയും ഭൂമി പാട്ടത്തിനു കൊടുക്കുന്നതിനുള്ള ഭാരം അയാളെ വിശ്വസിച്ചു് ഏല്പിക്കാൻ നിവൃത്തിയില്ല. അതിനു യോഗ്യനായ ഒരാളിനെ ഞങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കയാണു്. എന്താ, നിങ്ങൾക്കു പോകാമോ?"

ഒരുവൻെറ കാതു് അവനെ പലപ്പോഴും വഞ്ചിക്കുന്നതായി കേട്ടിട്ടുണ്ടു്. അവിനാശൻ പറഞ്ഞതു് എന്താണു്?

---

1 നവംബർ—ഡിസംബർ

2 ഒരു ബിഘാ = $\frac{1}{3}$ ഏക്കർ

ഇക്കഴിഞ്ഞ ഒരു സംവത്സരമായി കൽക്കത്തയിലെ തെരുവുതോറും എന്തിനുവേണ്ടി തിരക്കിത്തിരക്കി നടന്നോ ആ ജോലിയെപ്പററിത്തന്നെയുള്ള നിർദ്ദേശം ചായസൽക്കാരവേളയിൽ തികച്ചും അയാചിതഭാവത്തിൽ സ്വയമേവ എൻെറ മുമ്പിൽ വന്നുചേർന്നിരിക്കുകയാണോ?

എന്നാലും സ്വാഭിമാനം സംരക്ഷിക്കണമല്ലോ. അത്യന്തം അടക്കത്തോടെ മനോഭാവം വെളിപ്പെടുത്താതെ ഞാൻ ഉദാസീനഭാവത്തിൽ പറഞ്ഞു: "ഓ! ആട്ടെ, ആലോചിച്ചുപറയാം. നാളെ ആകാമല്ലോ, എന്താ?"

അവിനാശൻ ആത്മാർത്ഥമായി തുറന്നുപറയുന്ന കൂട്ടത്തിലാണ്. "ആലോചനയെല്ലാം അവിടെ ഇരിക്കട്ടെ. ഞാൻ ഇന്നുതന്നെ അച്ഛന് എഴുത്ത് എഴുതാൻപോകയാണ്. ഞങ്ങൾ വിശ്വസ്തനായ ഒരാളിനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ജമിന്ദാരിഭൂമി കരണ്ടുതിന്നുന്ന ഒരുവനെ ഞങ്ങൾക്കു് ആവശ്യമില്ല. കാരണം, അവർ മിക്കവാറും കള്ളന്മാരാണ്. നിങ്ങളെപ്പോലെ സംസ്കാരസമ്പന്നനും ബുദ്ധിമാനും ആയ ഒരാളെയാണ് ഞങ്ങൾക്കു് അവിടെ വേണ്ടതു്. എസ്റ്റേറ്റ് ഞങ്ങൾ പുതിയ കുടിയാനവന്മാരെ ഏല്പിക്കാൻപോവുകയാണ്. മുപ്പതിനായിരം ബിഘാ വനഭൂമി, അത്ര ഉത്തരവാദിത്വപൂർണ്ണമായ ഒരു കാര്യം, ആലോചിക്കാതെ ആരുടെയെങ്കിലും കൈയിൽ വിട്ടുകൊടുക്കാവുന്നതാണോ? നിങ്ങളുമായിട്ട് എനിക്കു് ഇന്നത്തെ പരിചയമല്ലല്ലോ. എനിക്കു് നിങ്ങളെ നല്ലവണ്ണം അറിയാം, നിങ്ങൾ സമ്മതിച്ചേക്കുക. ഇപ്പോൾത്തന്നെ ഞാൻ അച്ഛനെഴുതി അപ്പോയിൻ്റ്മെൻ്റ് ലററർ വരുത്തിത്തന്നേക്കാം."

## രണ്ടു്

എങ്ങനെയാണ് എനിക്കു് ഉദ്യോഗം കിട്ടിയതെന്നുള്ള കാര്യം വളരെയൊന്നും പറയേണ്ട ആവശ്യമില്ല. കാരണം, ഈ കഥയുടെ ഉദ്ദേശ്യം തികച്ചും ഭിന്നമാണ്. ചുരുക്കിപ്പറഞ്ഞേക്കാം. അവിനാശൻെറ വീട്ടിലെ ചായസൽക്കാരം

കഴിഞ്ഞു് രണ്ടു വാരത്തിനുശേഷം ഒരുദിവസം എന്റെ സാമാനങ്ങളും എടുത്തുകൊണ്ടു് ഞാൻ ബി. എൻ. ഡബ്ളിയു റെയിൽവേയിലെ ഒരു ചെറിയ സ്റ്റേഷനിൽ ഇറങ്ങി.

തണുപ്പേറിയ സായാഹ്നം. വിസ്തൃതമായ തുറന്ന പ്രദേശം ഇരുണ്ടുതുടങ്ങി. വിദൂരതയിൽ വനശ്രേണിയുടെ ശീർഷം തോറും മൂടൽമഞ്ഞു തിങ്ങിക്കിടന്നിരുന്നു. റെയിൽവേലയിനിന്റെ ഇരുവശത്തും പയറുകൃഷിത്തോട്ടം; ശീതളസന്ധ്യാനിലനിൽ ഇളംപയററിലകളുടെ സ്നിഗ്ദ്ധസുഗന്ധം ഏററപ്പോൾ എനിക്കു തോന്നി, ഈ ശീതളസന്ധ്യയും, ഈ വിരസമായ കൃഷിത്തോട്ടവും, അങ്ങകലെ കാണായ നീലവർണ്ണംകലന്ന ആ വനശ്രേണിയുംപോലെ ആരംഭിക്കാൻപോകുന്ന എന്റെ ജീവിതവും ഏകാന്തമായിരിക്കും എന്നു്.

കാളവണ്ടിയിൽ ഏതാണ്ടു് പത്തുമുപ്പതുനാഴിക രാത്രി മുഴവൻ സഞ്ചരിച്ചു. വണ്ടിയിൽ, കൽക്കത്തെയിൽനിന്നും കൊണ്ടുവന്നുവച്ചിരുന്ന കമ്പിളി, റഗ്ഗ് തുടങ്ങിയ സാധനങ്ങൾ മഞ്ഞുകൊണ്ടു് വല്ലാതെ തണുത്തുപോയിരുന്നു. ഈ പ്രദേശങ്ങളിലെല്ലാം ഇത്ര ഭയാനകമായ തണുപ്പുണ്ടായിരിക്കുമെന്നു് ആരറിഞ്ഞിരുന്നു? രാവിലെ വെയിൽ തെളിഞ്ഞപ്പോഴും സഞ്ചരിച്ചുകൊണ്ടിരുന്നു. ഭൂമിയുടെ പ്രകൃതി രൂപാന്തരം പ്രാപിച്ചുവന്നതായി തോന്നി. പ്രകൃതിദൃശ്യവും അന്യരൂപം കൈക്കൊണ്ടിരുന്നു. പുരയിടങ്ങളില്ല; പാവപ്പെട്ടവരുടെ വാസകേന്ദ്രങ്ങളും വളരെയധികമൊന്നും കാണാനില്ല—കാട്ടുതന്നെ—വലുതും ചെറുതുമായ കാട്ടു്; ചിലടത്തു് ഇടതൂർന്നതും; ചിലടത്തു് ഇടയുള്ളതും; ഇടയ്ക്കിടയ്ക്കു തുറന്ന തകിടിപ്പുറം, എന്നാൽ അവിടെയെങ്ങും കൃഷിയിറക്കീട്ടുള്ള വയലുകൾ ഒന്നുമില്ല.

കാലത്തു് പത്തുമണിക്കു് കച്ചേരിയിലെത്തി. കാട്ടിനുള്ളിൽ. ഏതാണ്ടു് പത്തുപതിനഞ്ചുബിഘാ ഭൂമി വെട്ടിത്തെളിച്ചെടുത്തു് കുറെ വയ്ക്കോൽപ്പുര വച്ചിട്ടുണ്ടു്. കാട്ടുകമ്പും മുളയും വയ്ക്കോലുംകൊണ്ടുണ്ടാക്കിയിരിക്കുന്നതു്—ഉണക്കപ്പുല്ലും ഝാബുകമരത്തിന്റെ ചൊവ്വൊത്ത കമ്പുകളുംകൊണ്ടു് കെട്ടിയുണ്ടാക്കി മണ്ണുതേച്ചെടുത്ത ചുവരുകളോടുകൂടിയ മുറികൾ.

പുരകൾ പുത്തനായി നിർമ്മിച്ചവയാണു്. മുറിക്കകത്തു

കയറിയപ്പോൾത്തന്നെ, പുതുതായി അറുത്തെടുത്ത വയ്ക്കോൽ, ഉണങ്ങാത്ത പുല്ല്, മുള, ഇവയുടെ മണം വന്നു. കാരണം എന്താണെന്നു ചോദിച്ചു മനസ്സിലാക്കി. ആദ്യം കാടിന്റെ മറെറാരുഭാഗത്തായിരുന്നു കച്ചേരി. മഞ്ഞുകാലത്തു് അവിടെ വെള്ളം കിട്ടാത്തതുകൊണ്ടു് ഇവിടെ പുത്തനായിത്തീർത്ത കച്ചേരിയാണു് ഇതു്; ഇവിടെ അടുത്തു് ഒരു അരുവിയുള്ളതുകൊണ്ടു് വെള്ളത്തിനു് ബുദ്ധിമുട്ടുണ്ടായിരിക്കുകയില്ല.

## മൂന്നു്

ജീവിതത്തിന്റെ അധികഭാഗവും ഞാൻ കൽക്കത്തയിലാണു് കഴിച്ചുകൂട്ടിയതു്. സ്നേഹിതന്മാരുടേയും ബന്ധുക്കളുടേയും സാഹചര്യം, ലൈബ്രറി, തിയേററർ, സിനിമാ, പാട്ടുകച്ചേരി എന്നിങ്ങനെയുള്ള പശ്ചാത്തലത്തിൽനിന്നും ഭിന്നമായ ഒരു ജീവിതം അന്നു് സങ്കല്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഈ അവസ്ഥയിൽ, ഉദ്യോഗത്തിൽനിന്നും കിട്ടുന്ന കുറച്ചു് ഉറുപ്പികയ്ക്കുവേണ്ടി വന്നുചേന്ന സ്ഥലം ഇത്ര നിർജ്ജനമായിരിക്കുമെന്നുള്ള സങ്കല്പംപോലും എനിക്കുണ്ടായില്ല. ദിവസങ്ങൾ ഓരോന്നായി കടന്നുപോകുകയാണു്. പൂർവ്വാകാശത്തിൽ അകലെയുള്ള പർവ്വതാരണ്യങ്ങളുടെ മുകൾപ്പരപ്പിലെ സൂര്യോദയവും, സന്ധ്യാവേളയിൽ ഝാബുകമരങ്ങളും നീളമ്പുല്ലുകളും നിറഞ്ഞ വനശീർഷത്തിൽ സിന്ദൂരവർണ്ണം പൂശിയിട്ടു് മുങ്ങിത്താഴുന്ന സൂര്യന്റെ അസ്തമയവും കാണുക, ഇതിനിടയ്ക്കുള്ള ശൈത്യകാലത്തെ പതിനൊന്നുമണിക്കൂർനേരത്തെ പകൽസമയം ശൂന്യശൂന്യമെന്നു തോന്നും; ശൂന്യശൂന്യം! ഈ സമയം എങ്ങനെ കഴിച്ചുകൂട്ടും—ഇതു് ആദ്യമാദ്യം എനിക്കു് ഒരു മഹാപ്രശ്നംതന്നെയായിരുന്നു. ചെയ്യാനാണെങ്കിൽ വളരെ കാര്യങ്ങൾ ഉണ്ടു്; ശരിതന്നെ; എന്നാൽ ഞാൻ ഈയിടെ വന്നതല്ലേയുള്ളു. ഇപ്പോഴും എനിക്കു് ഇവിടെയുള്ളവരുടെ ഭാഷ നല്ലവണ്ണം മനസ്സിലാക്കാൻ കഴിയുന്നില്ല. വസ്തുവിതരണത്തിനു് വേണ്ട വ്യവസ്ഥചെയ്യാൻ കഴിയുന്നില്ല. സ്വന്തം മുറിയിൽ ഇരുന്നിരുന്നു് കൂടെക്കൊണ്ടുവന്നിരുന്ന കുറെ പുസ്തകങ്ങളെടുത്തു

വായിച്ചുംകൊണ്ടു് ഒരുവിധത്തിൽ സമയം പോക്കിവരികയാണു്. കച്ചേരിയിലെ ജോലിക്കാരെല്ലാം തികച്ചും സംസ്കാരശൂന്യർ. അവരുടെ വത്തമാനം എനിക്കും എൻേറതു് അവർക്കും മനസ്സിലാക്കാൻ കഴിയുന്നില്ല. ആദ്യത്തെ പത്തുദിവസം നന്നാ വിഷമിച്ചു കഴിച്ചുകൂട്ടി. എത്രതവണ എനിക്കു്തോന്നിയതാണു്, എനിക്കു് ഉദ്യോഗം ആവശ്യമില്ലെന്നു്; ഇവിടെ കിടന്നു് ശ്വാസംമുട്ടി മരിക്കുന്നതിൽ ഭേദം കൽക്കത്തയിൽ അരവയറായി കഴിയുകയാണെന്നു്. ഈ ആളില്ലാക്കാട്ടിൽ വന്നിട്ടു്, ഈ ജീവിതം എനിക്കുള്ളതല്ലാത്തതുകൊണ്ടു് അവിനാശൻെറ അപേക്ഷ കൈക്കൊണ്ടതു് വളരെ തെററായിപ്പോയി എന്നു് എനിക്കു തോന്നിപ്പോയി.

രാത്രിയിൽ എൻെറ മുറിയിൽ ഇങ്ങനെയെല്ലാം വിചാരിച്ചുകൊണ്ടിരുന്നപ്പോൾ വാതിൽ മുട്ടിത്തുറന്നു് കച്ചേരിയിലെ വൃദ്ധനായ ക്ലാക്കു് ഗോഷ്ഠചക്രവത്തി അകത്തുവന്നു. ഈ ഒരാളോടു മാത്രമായിരുന്നു ബംഗാളിഭാഷയിൽ വത്തമാനം പറഞ്ഞു് ഞാൻ ശ്വാസംവിട്ടു് രക്ഷനേടിയതു്. ഗോഷ്ഠബാബു ഇവിടെ വന്നിട്ടു് കുറഞ്ഞതു് പതിനേഴ പതിനെട്ടു് വത്സരമായിട്ടുണ്ടു്. വർദ്ധമാനജില്ലയിൽ വനപാശസ്റ്റേഷനടുത്തുള്ള ഒരു ഗ്രാമത്തിലാണു് വീടു്.

ഞാൻ പറഞ്ഞു: "ഇരിക്കു, ഗോഷ്ഠബാബു!"

ഗോഷ്ഠബാബു വേറെ ഒരു കസേരയിൽ ഇരുന്നു.

അയാൾ പറഞ്ഞു: "അങ്ങയോടു് ഒരു കാര്യം പറയാനാണു വന്നതു്; സ്വകാര്യമായിട്ടു്; ഇവിടെയുള്ള ഒരു മനുഷ്യനെയും വിശ്വസിക്കരുതു്. ഇതു് ബംഗാളദേശമല്ല. ആളുകളെല്ലാം വളരെ ചീത്ത."

"ബംഗാളത്തെ ആളുകളെല്ലാവരുംതന്നെ നല്ലവരല്ലല്ലോ, ഗോഷ്ഠബാബു."

"അതെനിക്കറിയാൻ പാടില്ലാത്തതല്ല, മാനേജർ ബാബു! ആവഴിക്കുണ്ടായ കഷ്ടപ്പാടുകൊണ്ടും മലേറിയാപിടിച്ചും ആണു് ഞാൻ ആദ്യം ഇവിടെ വന്നതു്. ആദ്യമൊക്കെ എനിക്കു് വലിയ ബുദ്ധിമുട്ടുതോന്നി. ഈ കാട്ടിൽ എനിക്കു് ശ്വാസം മുട്ടി—ഇന്നത്തെ കഥയോ? സ്വന്തം നാട്ടുപോകട്ടെ, അടുത്തുള്ള പാററ്നായിലോ പൂണ്ണിയായിലോ തന്നെ വല്ലകാര്യത്തിനു

മായിട്ടും പോയാൽ രണ്ടുദിവസത്തിൽക്കൂടുതൽ അവിടെ തങ്ങാൻ എനിക്കു് സാദ്ധ്യമാകുന്നില്ല.''

ഗോഷ്ഠബാബുവിൻെറ മുഖത്തേയ്ക്കു് ഞാൻ ജിജ്ഞാസയോടെ നോക്കി ''എന്താണിപ്പറഞ്ഞതു്!''

ഞാൻ ചോദിച്ചു: ''എന്തുകൊണ്ടാണു് താമസിക്കാൻ വയ്യാതെവന്നതു്? എന്താ കാട്ടിലേയ്ക്കുപോരാൻ മനസ്സുമുട്ടി, അല്ലെ?''

ഗോഷ്ഠബാബു എൻെറ നേരെനോക്കി ഒന്നു ചിരിച്ചു, പറഞ്ഞു: ''ശരിതന്നെ, മാനേജർബാബു! അങ്ങേയ്ക്കും അതു് ബോദ്ധ്യമാകും. അങ്ങു് ഇപ്പോൾ കൽക്കത്തയിൽനിന്നും വന്നതേയുള്ളല്ലോ; കൽക്കത്തയ്ക്കുവേണ്ടി മനസ്സു് അറുക്കുകയായിരിക്കും; ചെറുപ്പവുമല്ലെ? കുറച്ചുനാൾ ഇവിടെ താമസിച്ചാട്ടെ. അപ്പോൾ കാണാം.''

''എന്തോ കാണാനാ?''

''ഈ വനം അങ്ങയെ സ്വന്തമാക്കിക്കളയും. ബഹളവും ആൾക്കൂട്ടവും എല്ലാം അങ്ങേയ്ക്കു് ഇഷ്ടമാകാതെവരും. എനിക്കു് അങ്ങനെതന്നെ ആയിരിക്കുകയാണു്. ഇക്കഴിഞ്ഞ മാസത്തിൽ ഒരു കേസുകാര്യമായിട്ടു് ഞാൻ മുങ്ങേരിൽ പോയി—എപ്പോൾ അവിടെനിന്നും ഇറങ്ങാൻ സാധിക്കും എന്നു മാത്രമായിരുന്നു അപ്പോഴത്തെ എൻെറ വിചാരം.''

ഞാൻ ഉള്ളുകൊണ്ടു് ഇങ്ങനെ പ്രാർത്ഥിച്ചു: ''ഭഗവാനെ! ആ ദുരവസ്ഥയിൽനിന്നും എന്നെ രക്ഷിക്കണെ, അതിനുമുമ്പു് ഒരുദിവസം ഉദ്യോഗം രാജിവച്ചു് കൽക്കത്തയിലേയ്ക്കു മടങ്ങാൻ എനിക്കു് ഇടയാകണേ!''

ഗോഷ്ഠബാബു പറഞ്ഞു: ''രാപ്പകൽ തോക്കു് തലയ്ക്കുകീഴിൽ വച്ചോണ്ടേ കിടക്കാവേ, സ്ഥലം അത്ര നല്ലതൊന്നുമല്ല. ഇതിനുമുമ്പൊരിക്കൽ കച്ചേരിയിൽ ഒരു കവർച്ച നടന്നതാണു്. എന്നാൽ ഇപ്പോഴെങ്ങും ഇവിടെ പണവും പണ്ടവും ഒന്നും ഞാൻ വച്ചേക്കുകയില്ല, ഇതുകൊണ്ടാണു പറഞ്ഞതു്.''

ജിജ്ഞാസയോടെ ഞാൻ ചോദിച്ചു: ''എന്താ പറഞ്ഞതു്! എത്രകാലം മുമ്പാണു കവർച്ചനടന്നതു്?''

''അധികമായില്ല. ഈ വർഷം എട്ടോ ഒമ്പതോ മാസം മുമ്പു്. കുറച്ചുനാൾ താമസിച്ചാട്ടെ, അപ്പോൾ എല്ലാം അവി

യാറാകും. ഈ പ്രദേശം വളരെ ചീത്തയാണു്; അതുകൂടാതെ, ഈ ഭയാനകമായ കാട്ടിൽവച്ചു് കവർച്ചനടത്തിയിട്ടു് കൊന്നുകളഞ്ഞാൽ ആരുകാണാനാ?''

ഗോഷ്ഠബാബു പോയിക്കഴിഞ്ഞപ്പോൾ എൻെറ മുറിയുടെ ജനാലയ്ക്കടുത്തു ചെന്നൊന്നു നിന്നു. വിദൂരചക്രവാളത്തിൽ കാടുകൾക്കുമീതെ ചന്ദ്രൻ ഉദിച്ചുയന്നു നില്ക്കുന്നുണ്ടു്. ആ ഉദിച്ചുവരുന്ന ചന്ദ്രൻെറ പശ്ചാത്തലത്തിൽ ഝാബുകതരുവിന്റെ വളഞ്ഞുപുളഞ്ഞു് തള്ളിനില്ക്കുന്ന ഒരു ഇളംകമ്പു്, ജാപ്പനീസ് ചിത്രകാരനായ 'ഹകുഷായി' വരച്ച ഒരു ചിത്രമെന്നവണ്ണം ദർശനീയമായിരുന്നു.

ഉദ്യോഗത്തിനുപോകാൻ മറെറാരു സ്ഥലവും അന്വേഷിച്ചിട്ട കിട്ടിയില്ല. ഇതെല്ലാം ആപൽക്കരമായ സ്ഥലമാണെന്നു് നേരത്തേ അറിഞ്ഞിരുന്നെങ്കിൽ ഒരിക്കലും അവിനാശനു് ഞാൻ വാക്കുകൊടുക്കയില്ലായിരുന്നു.

ഇങ്ങനെയുള്ള വ്യാകുലചിന്തകളെല്ലാം ഉണ്ടായിരുന്നിട്ടും ഉദിച്ചുയരുന്ന ചന്ദ്രൻെറ സൗന്ദര്യം എന്നെ അത്യന്തം വശീകരിച്ചുകളഞ്ഞു.

## നാലു്

കച്ചേരിയിൽനിന്നു് അത്ര ദൂരെയല്ലാതെ ഒരു ചെറിയ പാറക്കുന്നുണ്ടു്; അതിൻെറ മുകളിൽ വളരെ പ്രായംചെന്ന ഒരു വലിയ വടവൃക്ഷം. ഈ വൃക്ഷത്തിൻെറ പേരു് ഗ്രാൻറു സാഹീബ് വടവൃക്ഷമെന്നാണു്. ഈ പേരു് എങ്ങനെ വന്നുകൂടിയെന്നു് അപ്പോൾ അന്വേഷണം നടത്തിയെങ്കിലും ഒന്നും അറിയാൻകഴിഞ്ഞില്ല. ഒരുദിവസം നിസ്തബ്ധമായ അപരാഹ്നത്തിൽ നടന്നുനടന്നു്പടിഞ്ഞാറേ ചക്രവാളത്തിലെ അസ്തമയസൂര്യൻെറ സൗന്ദര്യംകാണാൻ ഈ കുന്നിൻെറ മുകളിൽ കയറിനിന്നു.

കുന്നിൻമുകളിലെ പേരാൽച്ചുവട്ടിൽ, ആസന്നസന്ധ്യയുടെ ഘനച്ഛായയിൽ നിന്നുംകൊണ്ടു് എത്രദൂരംവരെ ഒററനിമിഷത്തിൽ എനിക്കു കാണാൻകഴിഞ്ഞു—കല്യടോലയിലെ

ഹോട്ടൽ, കപാലീടോലയിലെ ആ ബ്രിഡ്ജ്സങ്കേതം, ഗോൾ ദീഘിയിലെ എന്റെ പ്രിയപ്പെട്ട ബെഞ്ച്—ദിവസംതോറും ഈ സമയത്തു് ഈ ബെഞ്ചിൽപ്പോയി ഇരുന്നിട്ടാണ് കാളേജ്സ്ട്രീററിലെ നിലയ്ക്കാത്ത ജനപ്രവാഹവും ആ ബസ്സ്—മോട്ടോർകാറുകളുടെ തിക്കും തിരക്കും ഞാൻ കണ്ടിട്ടുള്ളതു്. പെട്ടെന്നു് ഇവയെല്ലാം എത്രയോ ദൂരെക്കിടക്കുന്നു, എന്നുള്ള ബോധം എനിക്കുണ്ടായി. ഉൾത്തടം ഉലഞ്ഞു. ഞാനിപ്പോൾ എവിടെയാണ്! എവിടത്തെ ഏതു് ഏകാന്തമായ അരണ്യ പ്രാന്തരത്തിലെ വയ്ക്കോൽപ്പുരയ്ക്കകത്തു് പാർത്തുകൊണ്ടിരിക്കുന്നു, ഉദ്യോഗത്തിനുവേണ്ടി! മനുഷ്യൻ ഇവിടെ താമസിക്കുന്നുണ്ടോ? മനുഷ്യനില്ല, സ്വജനങ്ങളില്ല, തികച്ചും നിസ്സംഗൻ—ഒരു വാക്കു പറയാൻ ഒരു മനുഷ്യൻപോലും ഇല്ല. ഇവിടെ ഉള്ളവരെല്ലാം ബുദ്ധിശൂന്യരാണ്; കാടന്മാരാണ്. ഒരു നല്ലകാര്യം പറഞ്ഞാൽ ഇവക്കു മനസ്സിലാക്കാൻ കഴിവില്ല. ഇവരുടെ സാഹചര്യത്തിൽ ദിവസങ്ങൾ തള്ളിനീക്കണമെന്നോ? ദൂരവിസാരിയും ദിഗന്തവ്യാപിയും ആയ ഈ വിജനസന്ധ്യയിൽ നിന്നിട്ട മനം തളർന്നുപോയി; വല്ലാത്ത ഒരു ഭയവും തോന്നി. അപ്പോൾ ഇങ്ങനെ ഒരു നിശ്ചയംചെയ്തു. ഈ മാസത്തിൽ ഇനിയും കുറച്ചുദിവസംകൂടി ബാക്കിയുണ്ടു്. അടുത്തമാസം വല്ലവിധവും കണ്ണുംപൂട്ടി കഴിയാം. അതിനുശേഷം അവിനാശനു് ഒരു നീണ്ട കത്തെഴുതി ഉദ്യോഗം രാജിവച്ചുകളയാം. എന്നിട്ടു് കൽക്കത്തയിലെത്തി സംസ്കാരസമ്പന്നരായ സ്നേഹിതന്മാരുടെയും വേണ്ടപ്പെട്ടവരുടെയും ഹാർദ്ദമായ സ്വാഗതം സ്വീകരിച്ച്, നല്ല പരിഷ്കൃതരീതിയിലുള്ള ആഹാരംകഴിച്ച്, നല്ല ശാസ്ത്രീയസംഗീതംകേട്ടു്, ആൾക്കൂട്ടത്തിൽ കയറി ആനന്ദോല്ലാസഭരിതമായ ശബ്ദംകേട്ടു് രക്ഷനേടാം.

മനുഷ്യരുടെ ഇടയിൽ താമസിക്കാൻ ഇത്ര ഇഷ്ടമായിരുന്നെന്നു് ഇതിനുമുൻപു് ഞാൻ അറിഞ്ഞിരുന്നോ? മനുഷ്യനെ ഇത്ര ഇഷ്ടമോ? അവരോടു് എനിക്കുള്ള കത്തവ്യം ഒരുപക്ഷേ എല്ലായ്പ്പോഴും നിറവേററാൻ കഴിഞ്ഞിട്ടില്ലായിരിക്കാം. എന്നാൽ അവരെ സ്നേഹിക്കുന്നുണ്ടെന്നുള്ളതു് നിശ്ചയംതന്നെ. ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അവരെ വിട്ടുപിരിഞ്ഞു പോന്നതുകൊണ്ടു് എനിക്കിത്ര സങ്കടം?

പ്രസീഡൻസികോളേജിൻെറ റയിലിംഗിൽ പുസ്തകംവില്ക്കുന്ന ആ വൃദ്ധമുസൽമാൻ, എത്രദിവസം ഞാൻ അയാളുടെ കടയിൽപോയി നിന്നുംകൊണ്ടു് പഴയ പുസ്തകങ്ങളും മാസികകളും മറിച്ചുമറിച്ചു നോക്കീട്ടുണ്ടു്—വാങ്ങിക്കേണ്ടതായിരുന്നു, പക്ഷേ വാങ്ങിച്ചില്ല—അയാളും ഏററവും സ്വന്തമാണെന്നു് ഇപ്പോൾ എനിക്കു തോന്നി; അയാളെ കണ്ടിട്ടു് എത്രയോനാളായി!

കച്ചേരിയിൽ തിരിച്ചെത്തി, എൻെറ മുറിയിൽക്കയറി മേശപ്പുറത്തെ വിളക്കുകൊളുത്തിയിട്ടു് ഒരു പുസ്തകവും എടുത്തുകൊണ്ടു് ഇരുന്നു. ശിപായി മുനേശ്വരസിംഹൻ വന്നു് സലാംചെയ്തുനിന്നു. ഞാൻ ചോദിച്ചു: "എന്താ മുനേശ്വർ?"

ഇതിനിടയ്ക്കു് ദേഹാതിഹിന്ദിയിൽ അല്പാല്പമായി സംസാരിക്കാൻ ഞാൻ പഠിച്ചുകഴിഞ്ഞിരുന്നു.

മുനേശ്വരൻ പറഞ്ഞു: "അങ്ങുന്നേ! ഇനിക്കൊരു ഇരുമ്പുകലം വാങ്ങിച്ചുതരാൻ ക്ലാക്കുബാബുവിനോടു് ഉത്തരവായെങ്കിൽ—"

"എന്തിനാ ഇരുമ്പുകലം?"

കിട്ടുമെന്നുള്ള ആശകൊണ്ടു് മുനേശ്വരൻെറ മുഖം തെളിഞ്ഞു. "ഒരു ഇരുമ്പുകലം ഉണ്ടെങ്കിൽ എത്ര സൗകര്യമാണങ്ങുന്നെ. പോകുന്നിടത്തെല്ലാം കൊണ്ടുപോകാം, അരിവയ്ക്കാം, സാമാനങ്ങൾ ഇട്ടുവയ്ക്കാം, അതിൽത്തന്നെ ഭക്ഷണംകഴിക്കാം, പൊട്ടുകയുമില്ല. എനിക്കു് ഒരു കലവും ഇല്ല. എത്രനാളുകൊണ്ടു് ഞാൻ വിചാരിക്കുന്നു, ഒരു കലത്തിൻെറ കാര്യം. എന്നാലങ്ങുന്നേ, വളരെ പാവപ്പെട്ടവനാണു്. ഒരു കലത്തിനു് ആറണ വിലയാണു്. ഇത്രവലിയ വിലകൊടുത്തു് കലം എങ്ങനെ വാങ്ങിക്കാനാ? അതുകൊണ്ടാ അങ്ങുന്നിൻറടുക്കൽ വന്നതു്. വളരെനാളായിട്ടുള്ള ആഗ്രഹമാണു്, എനിക്കൊരു കലം വേണമെന്നു്; അവിടുന്നൊന്നു് അനുവദിച്ചുതന്നെങ്കിൽ! അങ്ങുന്നാണല്ലോ യജമാനൻ."

ഒരു ഇരുമ്പുകലം ഇത്ര പ്രയോജനമുള്ളതാണു്; അതിനുവേണ്ടി ഇവിടത്തെ ആളുകൾ രാത്രിയിൽ സ്വപ്നംകാണുന്നു; ഇങ്ങനെയുള്ള ഒരു കാര്യം ഇപ്പോഴാണു് ആദ്യമായിട്ടു് ഞാൻ കേട്ടതു്. ആറണ വിലയുള്ള ഒരു ഇരുമ്പുകലം കിട്ടിയാൽ സ്വർഗ്ഗം

കിട്ടിയെന്നു തോന്നത്തക്കവണ്ണം അത്ര പാവപ്പെട്ടവർ ഈ ഭൂമിയിലുണ്ടോ? ഇവിടെയുള്ളവർ വളരെ പാവപ്പെട്ടവരാണെന്നു കേട്ടിരുന്നു. ഇത്രയും ദരിദ്രരാണെന്ന് അറിഞ്ഞിരുന്നില്ല. എൻെറ മനസ്സ് അലിഞ്ഞുപോയി.

അടുത്തദിവസം ഞാൻ ഒപ്പിട്ടുകൊടുത്ത ഒരു ചിററുംകൊണ്ടുചെന്ന് മുനേശ്വരസിംഹൻ നൗഗാച്ഛിയാബസാറിൽനിന്നും ഒരു അഞ്ചാംനമ്പർ കലം വാങ്ങിച്ചുകൊണ്ടുവന്ന് എന്റെ മുറിക്കുള്ളിലെ മേശപ്പുറത്തുവച്ചിട്ട് എനിക്കു സലാംതന്നു നിന്നു.

"കിട്ടിപ്പോയി, അങ്ങുന്നിൻെറ കൃപകൊണ്ട്—കലം കിട്ടിപ്പോയേ!" അയാളുടെ ഹർഷോൽഫുല്ലമായ മുഖത്തേയ്ക്കു നോക്കിയിട്ട്, എൻെറ ഈ ഒരുമാസത്തെ താമസത്തിനിടയിൽ സർവ്വപ്രഥമമായി ഇന്നെനിക്ക് ഇങ്ങനെ തോന്നിപ്പോയി—വളരെ നല്ല ആളുകൾ! എത്ര വലിയ കഷ്ടതയാണ് ഇവർ അനുഭവിക്കുന്നത്!

# പരിച്ഛേദം രണ്ടു്

## ഒന്നു്

എന്നാൽ ഇവിടത്തെ ഈ ജീവിതവുമായി ഇണങ്ങുവാൻ എനിക്കു് ഒട്ടുംതന്നെ കഴിയുന്നില്ല. ബംഗാളത്തുനിന്നും ഇപ്പോൾ വന്നതേ ഉള്ളു. വളരെക്കാലം കൽക്കത്തയിലാണു് കഴിഞ്ഞുകൂടിക്കൊണ്ടിരുന്നതു്. ഈ അരണ്യഭൂമിയുടെ ഏകാന്തത ഒരു കല്ലുപോലെ എൻെറ നെഞ്ചിനെ ഞെരുക്കുന്നതായി എനിക്കു് അനുഭവപ്പെട്ടു.

ചിലദിവസം വൈകുന്നേരം നടക്കാനിറങ്ങിയാൽ വളരെദ്ദൂരം പോകും. കച്ചേരിക്കടുത്തു നടക്കുമ്പോൾ ആളുകളുടെ ശബ്ദം കേൾക്കാം. പത്തുനൂറുവാരദൂരം പോകുമ്പോഴേയ്ക്കും കച്ചേരിക്കെട്ടിടങ്ങൾ ദീർഘങ്ങളായ ഝാബുക–കാശക്കാടിൻെറ മറവിലായിത്തീരും; അപ്പോൾ എനിക്കു തോന്നും ഈ ഭൂമിയിൽ ഞാൻ ഏകനാണെന്നു്. അതുകഴിഞ്ഞു് എത്രദൂരം പോയാലും നീണ്ടുപരന്നുകിടക്കുന്ന വയലിൻെറ ഇരുവശങ്ങളിലും കൊടുംകാടു് നോക്കെത്താത്ത ദൂരത്തോളം കാണാം. കാടോ കുററിക്കാടോ മാത്രം. ഝൗരിതരുക്കൾ, മുൾച്ചെടികൾ, മുള്ളൻമുളകൾ, ചൂരൽവള്ളിപ്പടർപ്പുകൾ. അസ്തമിക്കുവാൻ പോകുന്ന ആദിത്യൻ മരങ്ങളുടേയും വള്ളിപ്പടർപ്പുകളുടേയും തലയിൽ കുങ്കുമം വിതറുന്നതുപോലുള്ള കാഴ്ച. അന്തിക്കാററിൽ പരിമളം പരത്തുന്ന കാട്ടുപൂവുകൾ, പുൽപ്പരപ്പുകൾ, വള്ളിക്കെട്ടുകൾ, കിളികളുടെ കളകളംകൊണ്ടു് മുഖരിതമായ കുററിക്കാടുകൾ; ഹിമാലയത്തിലെ കാട്ടുതത്തകളും ഉണ്ടു് അക്കൂട്ടത്തിൽ. തുറന്നു് വിദൂരതയിലേയ്ക്കു വ്യാപിച്ചുകിടക്കുന്ന പുൽത്തകിടിയുടേയും ശ്യാമളവനഭൂമിയുടേയും ഒരു സമ്മേളനരംഗം.

ഈ സമയത്തു് ചിലപ്പോഴെല്ലാം എനിക്കു തോന്നീട്ടുണ്ടു് ഇവിടെ പ്രകൃതി കൈക്കൊണ്ടിട്ടുള്ള രൂപസൗന്ദര്യം മറെറാരിടത്തും കണ്ടിട്ടില്ലെന്നു്. നോട്ടമെത്തുന്നിടത്തോളം കാണാ

വുന്ന സകലതും എൻേറതാണു്; ഞാൻമാത്രമാണു് ഇവിട ത്തെ ഏകമനുഷ്യൻ; എൻെറ ഏകാന്തതയെ ഭഞ്ജിക്കാൻ ഇ വിടെ ആരും വരുകയില്ല;—തുറന്ന ആകാശതലത്തിൽ ഒച്ചയു മനക്കവുമില്ലാത്ത സന്ധ്യയിൽ വിദൂരചക്രവാളംവരെ എൻെറ ഭാവന അങ്ങനെ പറന്നുപോയിട്ടുണ്ടു്.

കച്ചേരിയിൽനിന്നും ഏതാണ്ടു് രണ്ടുനാഴിക ദൂരെയായി ഒരു താണ സ്ഥലമുണ്ടു്. അവിടെ ഏതോ ഒരു കൊച്ചു കാട്ട രുവി ആർത്തലച്ചു് ഒഴുകിക്കൊണ്ടിരിക്കുന്നു. അതിൻെറ ഇരു കരകളിലും ലിലികളുടെ ഒരു വനമാണു്—കൽക്കത്ത യിലെ തോട്ടങ്ങളിൽ ഇതിനു് ചിലന്തിലിലി എന്നുപറയും. കാട്ടിലെ 'ചിലന്തിലിലി' ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഇ ങ്ങനെ ഇടയ്ക്കുള്ള അരുവികളുടെ പാറക്കെട്ടുനിറഞ്ഞ തീര ങ്ങളിൽ വികസിച്ചുനില്ക്കുന്ന ലിലിപ്പൂക്കൾക്കു് ഇത്ര അഴ കും ഇളംകാറ്റിൽ ഇളകുമ്പോൾ ഇത്ര പേലവമായ പരിമള വും ഉണ്ടായിരിക്കുമെന്നു് ഞാൻ അറിഞ്ഞിരുന്നതേയില്ല. എത്ര പ്രാവശ്യം ഞാൻ അവിടെച്ചെന്നു് മൗനമായിരുന്നു് അവിട്ട ത്തെ ആകാശവും സന്ധ്യയും ഏകാന്തതയും ആസ്വദിച്ചി ട്ടുണ്ടു്.

ചിലപ്പോഴെല്ലാം കുതിരപ്പുറത്തു കയറി സഞ്ചരിക്കാറു ണ്ടു്. ആദ്യമാദ്യം കുതിരസ്സവാരി ചെയ്യാൻ എനിക്കു നല്ലവ ണ്ണം അറിഞ്ഞുകൂടായിരുന്നു. കാലക്രമത്തിൽ നല്ലവണ്ണം പഠി ച്ചു. പഠിച്ചുകഴിഞ്ഞപ്പോൾ മനസ്സിലായി ഇത്രത്തോളം ആന ന്ദകരമായി ജീവിതത്തിൽ മറെറാന്നും ഇല്ലെന്നു്. ഇപ്രകാരം നിർജ്ജനമായി ബഹുദൂരം പരന്നുകിടക്കുന്ന പച്ചമൈതാന ത്തിൽക്കൂടി ഇഷ്ടംപോലെ കുതിരസ്സവാരിചെയ്തിട്ടില്ലാത്ത ഒരു വനു് ഇതു് എത്ര ആനന്ദകരമാണെന്നു് മനസ്സിലാക്കാൻ കഴി യുകയില്ല. കച്ചേരിയിൽനിന്നും പത്തുപതിനഞ്ചുമൈൽ അ കലെയുള്ള ഒരു സ്ഥലത്തു് സർവ്വേപ്പാർട്ടി സർവ്വേനടത്തുകയാ ണു്. ഇക്കാലത്തു്, മിക്കവാറും എല്ലാ ദിവസവും, രാവിലെ ഒരുകപ്പു് ചായയുംകഴിച്ചിട്ടു്, ജീനിയിട്ടു കുതിരയുടെ പു റത്തു കയറും; ചിലദിവസം വൈകുന്നേരത്തേ തിരിച്ചെത്തുക യുള്ളു. മററുചിലപ്പോഴാകട്ടെ, തിരിച്ചുപോരുന്ന വഴിക്കുത ന്നെ കാടിൻെറ മുകളിൽ നക്ഷത്രങ്ങൾ പ്രത്യക്ഷമാകും. അന്തി

നക്ഷത്രം തിളങ്ങും. ചന്ദ്രികയുള്ള രാത്രിയിൽ കാട്ടുപൂക്കളുടെ പരിമളം പൂനിലാവുമായി സമ്മേളിക്കും; കുറുനരി കൂട്ടംകൂടി ഓരിയിടും. കാട്ടിലെ ചീവീടുകൾ ഝങ്കാരം പുറപ്പെടുവിച്ചു കൊണ്ടിരിക്കും.

## രണ്ട്

ഇവിടെവന്ന കാര്യത്തിനുവേണ്ടി പലതും പ്രയത്നിച്ചു കൊണ്ടിരിക്കുകയാണ്. ഇത്രയും ആയിരം ബിഘാഭൂമി പെട്ടെന്ന് പതിച്ചുകൊടുക്കുന്നതും അത്ര എളുപ്പമുള്ള കാര്യമല്ലല്ലോ. മറെറാരുസംഗതി ഇവിടെവന്നപ്പോൾ ഞാൻ മനസ്സിലാക്കി. ഈ ഭൂമി മുപ്പതുവർഷങ്ങൾക്കുമുമ്പ് നദീഗർഭത്തിലാണ്ടുപോയിരുന്നു—ഇരുപതു വത്സരമായി ഉയൻവന്നിട്ട്—എന്നാൽ പിതൃപിതാമഹന്മാരുടെ വകയായിരുന്ന ഭൂമി ഗംഗയിൽ ആണ്ടുപോയശേഷം അവരുടെ അനന്തരാവകാശികൾ മറെറാരിടത്തുകയറിത്താമസിക്കുകയായിരുന്നു. ഇങ്ങനെയുള്ള പഴയ കുടിയാനവന്മാക്ക് ഇവിടെയൊരിടത്തും ഭൂമി കൊടുക്കാൻ ജമിന്ദാക്കു സമ്മതമായിരുന്നില്ല. കൂടിയ നിരക്കിൽ മൊത്തമായി പാട്ടത്തിനു കൊടുത്ത് കൂടുതൽ ആദായമുണ്ടാക്കാൻ വേണ്ടിയായിരുന്നു ഭൂമി പുതിയ ആളുകൾക്ക് കൊടുക്കാൻ ജമിന്ദാർ ആഗ്രഹിച്ചതു്. മാത്രമല്ല, വീടില്ലാതെ നിരാലംബരായിത്തീൻ ഈ പഴയ കുടിയാനവന്മാരുടെ ന്യായമായ അവകാശം ഇല്ലാതെയാക്കി; അവർ വീണ്ടുംവീണ്ടും അപേക്ഷിച്ചിട്ടും നിവേദനം നടത്തിയിട്ടും വാവിട്ടുകരഞ്ഞിട്ടും അവർക്കു ഭൂമി കിട്ടുന്നുമില്ല.

എൻെറ അടുക്കലും വളരെപ്പേർ വന്നിരുന്നു. അവരുടെ അവസ്ഥ വളരെ ദയനീയമാണ്. എന്നാൽ ജമിന്ദാരുടെ കല്പന പഴയ കുടിയാനവന്മാരിൽഒരുവനും ഭൂമി കൊടുത്തുപോകരുതെന്നാണ്. കാരണം, ഒരിക്കൽ അവരെ കുടിപാപ്പിച്ചാൽ അവരുടെ ഉടമസ്ഥാവകാശം നിയമപ്രകാരം അവക്ക് അവകാശപ്പെടാവുന്നതാണ്. ജന്മിമാരുടെ വടിക്ക് ശക്തി കൂടും; ഇരുപതുവത്സരമായി ഈ കുടിയാനവന്മാർ ഭൂമിയും

വീട്ടമില്ലാതെ നാട്ടതോറും ചുററിത്തിരിയുകയാണു്. ചിലർ കൂലിവേലചെയ്യും മററു ചിലർ കൃഷിജോലിചെയ്യും കഴിയുന്നു. പലരും മരിച്ചുപോയി. അവരുടെ കുഞ്ഞുകുട്ടികൾ പ്രായം കുറഞ്ഞവരോ നിസ്സഹായരോ ആണു്—പ്രബലനായ ജമിന്ദാരോട്ട് എതിരിട്ടാൽ ഇവർ നീരൊഴുക്കിൽപ്പെട്ട കച്ചിത്തുരുമ്പു പോലെ ഒഴുകിപ്പോകുകയേ ഉള്ളു.

പുതിയ കുടിയാനവന്മാരെ എവിടെനിന്നാണു് കൊണ്ടു വരാൻ സാധിക്കുന്നതു്? മുങ്ങേർ, പൂർണ്ണിയാ, ഭഗൽപുരം, ഛപരാ തുടങ്ങിയ അടുത്തുള്ള ജില്ലകളിൽനിന്നും വരുന്ന ആളുകൾ പാട്ടനിരക്കു കേൾക്കുമ്പോൾത്തന്നെ പിന്തിരിഞ്ഞു പൊയ്ക്കളയും. നാലോ അഞ്ചോ ആളുകൾ കുറച്ചുകുറച്ചു് ഭൂമി വാങ്ങിച്ചെന്നുംവരാം. ഇങ്ങനെ കാര്യം മന്ദഗതിയിൽ മുന്നോട്ടു പോയാൽ പതിനായിരം ബിഘാ വനഭൂമി പാട്ടത്തിനു കൊടുക്കാൻ ഇരുപതിരുപത്തഞ്ചുവഷം വേണ്ടിവരും.

ഞങ്ങൾക്കു് ഒരു താലൂക്കുകച്ചേരിയുണ്ടു്. അതും വൻകാട്ടുപ്രദേശത്താണു്; ഇവിടെനിന്നും പത്തൊമ്പതുമൈൽ ദൂരം വരും. സ്ഥലത്തിൻെറ പേരു് ലബ് ടുലിയാ: അവിടെ കച്ചേരി സ്ഥാപിക്കാൻ കാരണമുണ്ടു്. ആ പ്രദേശം വർഷംതോറും കന്നുകാലികളെ തീററാൻ കന്നാലിക്കാക്കു പാട്ടത്തിനു കൊടുക്കുക പതിവുണ്ടു്. ഇതുകൂടാതെ അവിടെ ഇരുന്നൂറുമുന്നൂറു ബിഘാ ബദരീവനവും ഉണ്ടു്. അതു് ലാക്ഷാകീടങ്ങളെ വളർത്തുന്നതിനുവേണ്ടി പാട്ടത്തിനു് എൽക്കാറുണ്ടു്. ഈവക ദ്രുപാ ഈടാക്കുന്നതിനായി അവിടെ മാസം പത്തുരൂപാ ശമ്പളത്തിനു് ഒരു പാർവ്വത്യകാരനെയും നിയമിച്ചിരിക്കയാണു്. ഒരു ചെറിയ കച്ചേരിയും ഉണ്ടു്.

ബദരീവനം പാട്ടത്തിനു കൊടുക്കാനുള്ള സമയമായി. ഒരു ദിവസം കുതിരപ്പുറത്തുകയറി ലബ് ടുലിയായിലേയ്ക്കു് യാത്രതിരിച്ചു. എൻെറ കച്ചേരിക്കും ലബ് ടുലിയായ്ക്കും ഇടയ്ക്കായി ഒരു ചെമ്മണ്ണുള്ള ഉയന്ന ഭൂമി, ഏതാണ്ടു് ഏഴെട്ടുമൈൽ നീളത്തിൽ കിടപ്പുണ്ടു്. അതിൻെറ പേരു് ഫുൽകിയാബയിഹാരം എന്നാണു്. ഏതെല്ലാംതരത്തിലുള്ള വൃക്ഷലതാദികളെക്കൊണ്ടും കുററിക്കാടുകളെക്കൊണ്ടും നിറഞ്ഞതാണു് ഇവിടം! കുതിരയുടെ ശരീരത്തിൽ മരക്കൊമ്പുകൾ അടിച്ചുകൊള്ളത്തക്ക

വല്ലും അവിടവിടെയായി ഇടതൂന്ന വനവും ഉണ്ടു്. ഫുൽകിയാബയിഹാരം ചരിഞ്ഞുചരിഞ്ഞു് ഇറങ്ങിച്ചെന്നു് സമതലഭൂമിയുമായി സംയോജിക്കുന്നിടത്തു് ചാനൻ എന്നു പേരുള്ള ഒരു കാട്ടരുവി പാറപ്പുറത്തുകൂടി 'ഝരഝര'രവത്തോടെ ഒഴകിപ്പോകുന്നുണ്ടു്. വർഷകാലത്തു് ആ അരുവി വളരെ അഗാധമാണു്. ഈ മഞ്ഞുകാലത്തു് അത്ര ആഴമില്ല.

ലബ്ടുലിയിൽ ആദ്യമായിട്ടാണു് ഞാൻ വന്നതു്. വളരെ ചെറിയ ഒരു വല്ലോൽപ്പുര, അതിൻെറ മുററം ഭൂമിയുടെ നിരപ്പിലാണു്. വീടിൻെറ ചുററുമുള്ള ചെററവരെ ഉണങ്ങിയ കാശംകൊണ്ടും ഝാബുകവൃക്ഷത്തിൻെറ കൊമ്പുകൾ കൊണ്ടും നിമ്മിക്കപ്പെട്ടവയാണു്. സന്ധ്യക്കു് അല്പം മുമ്പായി ഞാൻ അവിടെ എത്തിച്ചേന്നു. എൻെറ താമസസ്ഥലത്തു് ഇത്രത്തോളം ശൈത്യം ഉണ്ടായിരുന്നില്ല. സന്ധ്യയാകുന്നതിനു മുമ്പുതന്നെ മഞ്ഞുകൊണ്ടു മരവിക്കാൻതുടങ്ങി.

ശിപായിമാർ വനത്തിലെ ചുള്ളികത്തിച്ചു് ആഴികൂട്ടി; അതിനടുത്തു് ക്യാംപ്ചെയാറിൽ ഞാൻ ഇരുന്നു. മററുള്ളവരെല്ലാം അതിനു ചുററും വട്ടമിട്ടിരുന്നു. എവിടെനിന്നോ പാവ്വത്യകാരൻ അഞ്ചുസേർ തൂക്കമുള്ള ഒരു 'രുയി'മത്സ്യം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ആരാണു് അതു് പാകംചെയ്യുന്നതെന്നു് ഒരു പ്രശ്നം ഉദിച്ചു. പാചകനെ ഞാൻ കൂടെ കൊണ്ടുവന്നിട്ടില്ലായിരുന്നു; എനിക്കുതന്നെ അറിഞ്ഞുംകൂടാ. എന്നെ കാണാനായി വേറെ ഏഴെട്ടുപേർ ലബ്ടുലിയായിൽ കാത്തിരിപ്പുണ്ടായിരുന്നു. അവരുടെകൂട്ടത്തിൽ 'കണ്ടുമിശ്രൻ' എന്നുപേരായ ഒരു മൈഥിലബ്രാഹ്മണനെ പാവ്വത്യകാരൻ പാചകത്തിനു നിയോഗിച്ചു. ഞാൻ പാവ്വത്യകാരനോടു ചോദിച്ചു: "ഇവരെല്ലാം പാട്ടത്തിനു് ലേലംവിളിക്കുന്നവരാണോ?"

പാവ്വത്യകാരൻ പറഞ്ഞു: "അല്ലങ്ങുന്നെ, ഇവർ ആഹാരംമോഹിച്ചു വന്നിരിക്കുകയാണു്. അങ്ങുന്നു വരുന്നുണ്ടെന്നു കേട്ടിട്ടു് ഇന്നു രണ്ടുദിവസമായി ഇവർ കച്ചേരിയിൽവന്നു കാത്തിരിക്കുകയാണു്. ഇവിടെയുള്ളവരുടെ പതിവാണിതു്. വേറെയും വളരെ ആളുകൾ നാളെ വന്നേക്കുമെന്നു തോന്നുന്നു."

ഇങ്ങനെ ഒരുകാര്യം ഒരിക്കലും ഞാൻ കേട്ടിട്ടില്ല. ഞാൻ

പറഞ്ഞു: "ഇതെന്തു്! ഞാൻ ഇവരെ ക്ഷണിച്ചിട്ടുണ്ടോ? ഇല്ലല്ലോ."

"അങ്ങുന്നേ! ഇവർ വെറും പട്ടിണിപ്പാവങ്ങളാണു്. ചോറെന്നൊരുവസ്തു അവക്കു് കഴിക്കാൻ കിട്ടുന്നതേയില്ല. പയറു വറുത്തതു്, ചോളം വറുത്തതു്, ഇതാണു് ഇവർ പന്ത്രണ്ടു മാസവും കഴിക്കുന്നതു്. ചോറു കിട്ടിയാൽ ഇവർ അതു് ഒരു സദ്യപോലെ കണക്കാക്കും. അങ്ങുന്നു് വരുന്നുണ്ടു്, ഇവിടെ ചോറുകിട്ടും, എന്നുള്ള ആഗ്രഹത്തോടെ ഇവരെല്ലാം വന്നിരിക്കുകയാണു്; വേറെയും എത്രപേർ ആണു് വരുന്നതു്!"

ബംഗാളത്തെ ആളുകൾ ഇവരെ അപേക്ഷിച്ചു് എത്ര പരിഷ്കാരികളായിത്തീർന്നിരിക്കുന്നു, എന്നു് എനിക്കുതോന്നി. അന്നത്തിനു് ആർത്തിപെരുത്ത ഈ സാധുജനങ്ങളോടു് ഈ രാത്രിയിൽ എനിക്കിത്ര ഇഷ്ടംതോന്നാൻ കാരണമെന്താണെന്നറിഞ്ഞുകൂടാ. ആഴിക്കുചുററും ഇരുന്നുംകൊണ്ടു് ഇവർ തമ്മിൽത്തമ്മിൽ വർത്തമാനംപറയുന്നതു് ഞാൻ കേട്ടുകൊണ്ടിരുന്നു. ആദ്യം അവർ എൻെറ അഗ്നികുണ്ഡത്തിനു് അടുത്തിരിക്കാൻ ആഗ്രഹിച്ചില്ല; എന്നോടുള്ള ബഹുമാനം കാണിക്കാൻവേണ്ടി മാറി ഇരുന്നുകളഞ്ഞു. ഞാൻ അവരെ അടുത്തു വിളിച്ചിരുത്തി. കണ്ടുമിശ്രൻ അടുത്തിരുന്നു് ആസാൻ മരക്കൊമ്പുകളൊടിച്ചു തീകത്തിച്ചു് മത്സ്യം പാകംചെയ്തുകൊണ്ടിരിക്കുന്നു. അഷ്ടഗന്ധം പുകയ്ക്കുന്നതുപോലെയുള്ള ഒരു മണം അവയിൽനിന്നും പുറപ്പെടുന്നുണ്ടു്. അഗ്നികുണ്ഡത്തിനടുത്തുനിന്നും മാറിയപ്പോൾ ആകാശത്തുനിന്നും മഞ്ഞുകട്ട പെയ്യുന്നതായിത്തോന്നി,—അത്രയ്ക്കു തണുപ്പു്!

ഭക്ഷണവുംമററും കഴിഞ്ഞപ്പോൾ രാത്രി അതിക്രമിച്ചു പോയി. കച്ചേരിയിൽ ഉണ്ടായിരുന്നവരെല്ലാം ഊണുകഴിച്ചു. അതുകഴിഞ്ഞു് 'ആഴിക്കു'ചുററും എല്ലാവരുംകൂടി വട്ടമിട്ടിരുന്നു. തണുപ്പുകൊണ്ടു് രക്തം കട്ടപിടിച്ചുപോകുമെന്നു തോന്നി. തുറന്ന സ്ഥലമായതുകൊണ്ടോ അഥവാ ഹിമാലയം വളരെ അധികം ദൂരെയല്ലാത്തതുകൊണ്ടോഎന്തോ തണുപ്പു് വളരെ അധികം കഠിനമായിത്തോന്നി.

തീക്കരികിൽ ഞങ്ങൾ ഏഴെട്ടുപേരു്...മുൻഭാഗത്തു് ചെറിയ രണ്ടു വയ്ക്കോൽപുരയും; ഒന്നിൽ ഞാനും മററതിൽ

ബാക്കിയുള്ളവരും താമസിക്കും. ഞങ്ങളുടെ ചുറ്റും ഇരുണ്ടവനവും മൈതാനവും; തലയ്ക്കുമീതെ നക്ഷത്രങ്ങൾ വാരിവിതറിയിരിക്കുന്ന ദൂരവ്യാപിയായ ഇരുണ്ട ആകാശവും. എനിക്കു വലിയ അത്ഭുതംതോന്നി; ചിരപരിചിതമായ ഭൂമിയിൽനിന്നും നിർവ്വാസിതനായി മഹാശൂന്യതയിലെ മറ്റൊരുഗ്രഹത്തിൽ അജ്ഞാതവും നിഗൂഢവുമായ വേറെ ഒരു ജീവിതധാരയോട് ഒരുമിച്ചുചേർന്ന് ഒഴുകിപ്പോകുന്നതായി എനിക്കുതോന്നി.

ഇക്കൂട്ടത്തിൽ മുപ്പതു് മുപ്പത്തിരണ്ടുവയസ്സായ ഒരുവൻ എന്റെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു. അയാളുടെ പേരു് ഗനോരീതേവാരി; കറുത്ത നിറം, തടിച്ച ശരീരം, നീണ്ട തലമുടി, രണ്ടു നീണ്ട പൊട്ട്; ഈ തണുപ്പിൽ ഒരു വലിയ ഉത്തരീയമല്ലാതെ ശരീരത്തിൽ മറ്റൊന്നുമില്ല. ഈ നാട്ടുനടപ്പനുസരിച്ച് ശരീരത്തിൽ ഒരു കൊച്ചുബനിയനെങ്കിലും വേണ്ടതായിരുന്നു; അതുപോലും ഇല്ല. അയാളുടെ ഭാവം ഞാൻ വളരെനേരം നോക്കിക്കൊണ്ടിരുന്നു. അയാൾ മററുള്ളവരെ എന്തോ സങ്കോചത്തോടെ നോക്കിക്കൊണ്ടിരുന്നതായി കണ്ടു. എന്തു പറഞ്ഞാലും എതിർത്തിരുന്നില്ല; എന്നാൽ സംസാരത്തിനു് കുറവുവരുത്തിയുമില്ല.

എൻെറ ചോദ്യത്തിനു് ഉത്തരമായി അയാൾ 'ഹുജൂർ' എന്നുമാത്രം പറഞ്ഞു.

ഈ നാട്ടിലെ ആളുകൾ സ്ഥാനവും മാനവും ഉള്ളവരുടെ വാക്കുകളെ ആദരിക്കുമ്പോൾ തല അല്പം മുമ്പോട്ടുകുനിച്ച് ബഹുമാനസൂചകമായി 'ഹുജൂർ' എന്നുമാത്രം പറയും.

ഗനോരിയോടു ഞാൻ ചോദിച്ചു: "നിങ്ങൾ എവിടാ താമസിക്കുന്നതു്, തേവാരിജി?"

ഞാൻ എന്തെങ്കിലും ചോദിക്കുന്നതു് ഇത്ര ബഹുമാനത്തോടുകൂടിയായിരിക്കുമെന്നു് ഒട്ടുംതന്നെ പ്രതീക്ഷിച്ചില്ലെന്നുള്ള ഭാവത്തിൽ എന്നെനോക്കീട്ടു പറഞ്ഞു: "ഭീമദാസ്ടോലാ, ഹുജൂർ!"

അനന്തരം അയാൾ തൻെറ ജീവിതകഥ വർണ്ണിക്കാൻ തുടങ്ങി; എൻെറ ഓരോ ചോദ്യത്തിനും ഉത്തരമായിട്ട്, മുറിച്ചുമുറിച്ച്.

ഗനോരീതേവാരിക്കു് പന്ത്രണ്ടുവയസ്സായപ്പോൾ അയാ

ളുടെ അച്ഛൻ മരിച്ചുപോയി. ഒരു വൃദ്ധയായ പേരമ്മയായിരുന്നു അയാളെ വളർത്തിക്കൊണ്ടുവന്നതു്. അച്ഛന്റെ മരണശേഷം അഞ്ചുവർഷംകഴിഞ്ഞു് ആ പേരമ്മയും മരിച്ചു. ഗനോരി അപ്പോൾ ജീവിതമാർഗ്ഗം അന്വേഷിച്ചു് വീട്ടുവിട്ടു പുറത്തേയ്ക്കു് ഇറങ്ങിയതാണു്. പക്ഷേ, അയാളുടെ ലോകം കിഴക്കു് പൂർണ്ണിയാനഗരം, പടിഞ്ഞാറു് ഭഗവൽപുരംജില്ലയുടെ അതിരു്, തെക്കു് ഈ നിർജ്ജനവും അരണ്യമയവുമായ ഫുൽകിയാബയിഹാരം, വടക്കു് കുശീനദി, എന്നീ നാലു എല്ലുകളിൽ ഒതുങ്ങുന്നതാണു്. ഇതിനുള്ളിൽ ഗ്രാമംതോറും ഗൃഹസ്ഥന്മാരുടെ വീട്ടുകളിൽ കയറിയിറങ്ങി, ചിലപ്പോൾ തേവാരംനടത്തിയും മററുചിലപ്പോൾ കുടിപ്പള്ളിക്കൂടംകെട്ടി കുട്ടികളെപഠിപ്പിച്ചും കായക്ലേശംസഹിച്ചു് പയറുവറുത്തും ചീനപ്പുല്ലരികൊണ്ടു് റൊട്ടിയുണ്ടാക്കിയും ആഹാരംകഴിച്ചുപോന്നു. ഇപ്പോൾ രണ്ടുമാസമായിട്ടു് ഒരു തൊഴിലും ഇല്ല. പർവ്വതഗ്രാമത്തിലെ പള്ളിക്കൂടം പൊളിഞ്ഞുപോയി. ഫുൽകിയാബയിഹാരത്തിലെ പതിനായിരംബിഘാ അരണ്യഭൂമിയിൽ കുടിപാർപ്പില്ലാത്ത സ്ഥലത്തു് കാട്ടുകളിൽ കന്നിനെ തീററാൻവരുന്നവരുടെ കുടാരങ്ങളിൽ ഭിക്ഷയെടുത്തു നടക്കുകയാണു്—ഇന്നു് ഞാൻ വരുന്നുണ്ടെന്നുകേട്ടു് മററനേകംപേരുടെ കൂട്ടത്തിൽ ഇവിടെ വന്നുചേർന്നിരിക്കുകയാണു്.

എന്തിനാ വന്നതു് എന്നുള്ളതു് കുറച്ചുകൂടി രസകരമാണു്.

“ഇവിടെ ഇത്രയുംആളുകൾ വന്നിരിക്കുന്നതു് എന്തിനാ, തേവാരിജി?”

“അങ്ങുന്നേ! എല്ലാരും പറഞ്ഞു ഫുൽകിയാ കച്ചേരിയിൽ മാനേജർ വരുന്നുണ്ടു്, അവിടെച്ചെന്നാൽ ചോറുകിട്ടും എന്നു്, അതിനാണു് അവർ വന്നതു്; അവരുടെകൂടെ ഞാനും വന്നു.”

“ഇവിടെ ആളുകൾക്കു് ചോറു കിട്ടുന്നില്ലേ?”

“എവിടുന്നു കിട്ടാനാ, അങ്ങുന്നേ? നൗഗാഛിയായിൽ മാർവാരികൾ ദിവസവും ചോറുണ്ണുന്നവരാണു്. ഞാനാകട്ടെ, ചോറുണ്ടിട്ടു് ഇപ്പോൾ മൂന്നുമാസമായിക്കാണും. കഴിഞ്ഞ ചിങ്ങമാസത്തിലെ സംക്രാന്തിദിവസം രാഷബിഹാരിസിംഹ

രജപുത്രന്റെവീട്ടിൽ സദ്യയുണ്ടായിരുന്നു. അദ്ദേഹം ധനികനാണ്. അന്ന് ഊണുകഴിച്ചു; അതിൽപിന്നെ ഉണ്ടിട്ടേയില്ല.''

അവിടെ കൂടിയിരുന്നവർക്കാക്കും, ഇത്ര ഭയാനകമായ തണുപ്പുണ്ടായിരുന്നിട്ടും, ഉടുപ്പുണ്ടായിരുന്നില്ല. തീ കൂട്ടി അതിൻെറ അടുത്തിരുന്ന് രാത്രി കഴിച്ചുകൂട്ടും; വെളുപ്പാൻ കാലത്ത് തണുപ്പ് കട്ടിയായിട്ട് അടിക്കുമ്പോൾ പിന്നെ ആക്കും ഉറക്കം വരികയില്ല. നേരം വെളുക്കുന്നതുവരെ തീക്ക് ഏററവും അടുത്ത് എല്ലാവരും തൊട്ടുതൊട്ടിരിക്കും.

ഇവരെ പെട്ടെന്ന് എനിക്ക് ഇഷ്ടമായത് എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ. ഇവരുടെ ദാരിദ്ര്യം, ഇവരുടെ സാരള്യം, കഠോരമായ ജീവിതസമരത്തിൽ ഇവരുടെ കഴിവ്— ഈ അന്ധകാരമയമായ അരണ്യഭൂമിയും, മഞ്ഞുപെയ്യുന്ന തുറന്ന ആകാശവും സുഖലോലുപതയുടെ കോമളകുസുമാസ്തൃതമായ മാർഗ്ഗത്തിലേയ്ക്കു് ഇവരെ ഇറക്കിവിട്ടില്ല; ഇവരെ യഥാർത്ഥ മനുഷ്യരാക്കിത്തീക്കുകയാണ് ചെയ്തതു്. ക്ഷണം കൂടാതെ തന്നെ രണ്ടുവററുചോറുതിന്നാൻ കിട്ടുന്നതിനുള്ള ആനന്ദത്തോടെ ഭീമദാസ്ടോലായിൽനിന്നും പർവ്വതഗ്രാമത്തിൽനിന്നും ഒമ്പതു മൈൽ ദൂരം കാൽനടയായി ഇവിടെയ്ക്കുവന്ന ഇവരുടെ മനസ്സിൻെറ ആനന്ദാനുഭവശക്തി എത്ര സജീവമാണെന്ന് ആലോചിച്ച് ഞാൻ വിസ്മയിച്ചുപോയി.

രാത്രി എന്തോ ശബ്ദംകേട്ട് ഞാൻ ഉണന്നുപോയി. ഈ തണുപ്പിൽ പുറത്തേയ്ക്കു മുഖം കാണിക്കാൻപോലും വലിയ വിഷമമായിരുന്നു. ഇത്രത്തോളം കടുത്ത തണുപ്പ് ഇവിടെ ഉണ്ടെന്ന് അറിഞ്ഞിരുന്നില്ല. അതിനാൽ ആവശ്യമുള്ള കമ്പിളിയോ കോസടിയോ ഒന്നും ഞാൻ കൊണ്ടുവന്നിരുന്നില്ല. കൽക്കത്തയിൽ ഞാൻ പുതച്ചിരുന്ന കമ്പിളിതന്നെയാണ് ഇവിടെ കൊണ്ടുവന്നിരുന്നതു്—ദിവസവും വെളുപ്പിനുള്ള മഞ്ഞത്ത് അതു് തണുത്തവെള്ളമായി രൂപാന്തരംപ്രാപിച്ചതായി തോന്നിവന്നു. ഒരു വശത്തേയ്ക്കു തിരിഞ്ഞുകിടന്നാൽ ശരീരത്തിൻെറ ചൂടുകൊണ്ട് ആ ഭാഗത്തെ തണുപ്പ് ഒരുവിധം സഹിക്കത്തക്കതായിരിക്കും. എന്നാൽ തിരിഞ്ഞുകിടക്കാൻ ഭാവിച്ചാൽ ആ വശം അങ്ങേയററം തണുത്തുതണുത്തിരിക്കും— ധനുമാസത്തിൽ വെളുപ്പിനു് കുളത്തിലെ തണുത്തവെള്ള

ത്തിൽ മുങ്ങുന്നതുപോലെ തോന്നും. അടുത്തുള്ള കാട്ടിനുള്ളിൽ അനേകം കാലടികൾ ഒന്നിച്ചുപതിയുന്ന എന്തോ ശബ്ദം—ആരോ ഓടുന്നപോലെ—ഗുല്മലതാദികളും ഉണങ്ങിയ ഝാബു കമരത്തിന്റെ കൊമ്പുകളും 'ചട ചടാ'ന്നു ഞെരിച്ചുംകൊണ്ടു് ശ്വാസമടക്കിക്കൊണ്ടു് ഓടുകയാണു്.

കാര്യം എന്തോന്നാണെന്നു് അറിയാൻ കഴിയാഞ്ഞു് ശിപായി വിഷ്ണുരാമപാണ്ഡേയേയും ഗനോരീതേവാരിയേയും വിളിച്ചു. അവർ മങ്ങിയ കണ്ണുകളോടുകൂടി എഴുന്നേററിരുന്നു. കച്ചേരിമുററത്തു കൂട്ടിയിരുന്ന അഗ്നികുണ്ഡത്തിന്റെ അന്ത്യദീപ്തിയിൽ അവരുടെ മുഖത്തെ ആലസ്യവും ബഹുമാനവും നിദ്രാഭാവവും തെളിഞ്ഞുകണ്ടു. ഗനോരീതേവാരി അല്പമൊന്നു ചെവിയോർത്തു നിന്നിട്ടു പറഞ്ഞു: "ഒന്നുമില്ലങ്ങുന്നേ! കലമാൻകൂട്ടം ഓടുകയാണു് കാട്ടിൽക്കൂടെ—"

ഇത്രയും പറഞ്ഞു് അയാൾ നിശ്ചിന്തനായി തിരിഞ്ഞു കിടന്നു. ഞാൻ ചോദിച്ചു: "കലമാൻകൂട്ടം പെട്ടെന്നു് രാത്രി ഇത്രയായിരിക്കെ ഇങ്ങനെ ഓടാൻ കാരണം?"

വിഷ്ണുരാമപാണ്ഡേ ആശ്വാസംതരുന്നസ്വരത്തിൽ പറഞ്ഞു: "ഏതോ മൃഗം ഓടിക്കുകയായിരിക്കാം അങ്ങുന്നേ; അല്ലാതെന്തോന്നാ?"

"എന്തു മൃഗം?"

"വേറെ ഏതു മൃഗമാണങ്ങുന്നേ, കാട്ടുമൃഗം. കടുവാ ആയിരിക്കാം—അല്ലെങ്കിൽ കരടി—"

ഞാൻ കിടക്കുന്ന മുറിയുടെ വാതിലിലേയ്ക്കു് അറിയാതെ തന്നെ എന്റെ ദൃഷ്ടിപതിഞ്ഞു. കാശത്തണ്ടുകൊണ്ടു് കെട്ടിയുണ്ടാക്കിയതായിരുന്നു അതിന്റെ കതകു്. പുറത്തുനിന്നും ഒരു പട്ടി ഒന്നു മുട്ടിയാൽമതി ആ കതകു് അകത്തേയ്ക്കു മറിഞ്ഞുവീഴാൻ. അത്ര ദുർബ്ബലമായിരുന്നു അതു്. ഇങ്ങനെയുള്ള അവസ്ഥയിൽ മുറിക്കു മുൻഭാഗത്തുള്ള കാട്ടിൽ നിസ്തബ്ധമായ അർദ്ധരാത്രിയിൽ കടുവായൊ കരടിയൊ, കലമാൻകൂട്ടത്തെ ഓടിച്ചുകൊണ്ടുപോയി—ഈ വർത്തമാനത്തിൽ എനിക്കൊരു ആശ്വാസവും തോന്നിയില്ല എന്നു് പറയേണ്ട ആവശ്യമില്ലല്ലൊ.

കുറച്ചുകഴിഞ്ഞു് നേരം വെളുത്തു.

## മൂന്നം

ദിവസങ്ങൾ കടന്നുപോകുന്തോറും വനപ്രദേശത്തോട്ട് എനിക്കു തോന്നിയ മോഹം അടിക്കടി വളൎന്നുവന്നു. ഈ പ്രദേശത്തിൻെറ നിൎജ്ജനതയ്ക്കും സായംകാലത്തു കുങ്കുമംപൂശിയ പോലെ തോന്നുന്ന ധൂമ്രകവനത്തിനും എന്തൊരാകൎഷണമാണുള്ളതെന്ന് എനിക്കു പറയാൻകഴിയുന്നില്ല. ഇപ്പോൾ എനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു, അങ്ങോളം പരന്നുകിടക്കുന്ന വനപ്രാന്തരം വിട്ടിട്ട്, ഇവിടത്തെ ചുട്ടുപഴുത്ത മണ്ണിന്റെ പുതുമണം, വനസൂനങ്ങളുടെ പരിമളം, ഈ സ്വാശ്രയഭാവം, ഈ സ്വാതന്ത്ര്യം ഇതെല്ലാം വലിച്ചെറിഞ്ഞിട്ട് കൽക്കത്തയിലെ കോലാഹലത്തിൻെറ നടുവിലേയ്ക്കു് തിരിച്ചുപോകാൻ ഇനിയും എനിക്ക് കഴിവുണ്ടാകയില്ലെന്നു്.

ഈ മനോഭാവം എനിക്കു് ഒരുദിവസംകൊണ്ടുണ്ടായതല്ല. ഏതെല്ലാം രൂപത്തിലാണ് ഏതെല്ലാം വേഷത്തിലാണ് ഈ വന്യപ്രകൃതി, എൻെറ അശിക്ഷിതവും മുഗ്ദ്ധവുമായ കൺമുമ്പിൽ വന്നു് എന്നെ വശീകരിച്ചുകളഞ്ഞതു്! എത്ര സന്ധ്യയാണ് അഭിനവമായ രക്തമേഘമകുടം ശിരസ്സിൽ ചാൎത്തി വന്നണഞ്ഞതു്; മദ്ധ്യാഹ്നത്തിലെ കഠിനമായ ആതപം ഉന്മാദിനിയായ ഭൈരവിയുടെ വേഷത്തിൽ പ്രത്യക്ഷമായതു്; ഭയാനകമായ അർദ്ധരാത്രിയിലെ ജ്യോത്സ്നാംബരധാരിണി സുരസുന്ദരിയുടെ വേഷത്തിൽ ഹിമകണങ്ങളിൽ നനഞ്ഞ വനകുസുമങ്ങളുടെ പരിമളം പൂശി, ആകാശത്തിലെ നക്ഷത്രമാല ഗളത്തിലണിഞ്ഞുവന്നു് വിലസിയതു്; അന്ധകാരമയമായ രജനിയിൽ കാലപുരുഷന്റെ[1] ആഗ്നേയഖഡ്ഗം കൈയിലെടുത്തു് ചുഴററി ദിഗന്തവ്യാപ്തയായ, വിശ്വരൂപിണിയായ കാളീമൂൎത്തിയായി ആവിർഭവിച്ചതു്!

---

1 കാലപുരുഷൻ: ആഗ്രഹായണീ നക്ഷത്രപുഞ്ജം.

# നാലു്

ഒരുദിവസത്തെ സംഭവം ജീവിതത്തിൽ ഞാൻ ഒരിക്കലും മറക്കുകയില്ല. അന്നത്തെ ദോളപൗർണ്ണമിയുത്സവം ഞാൻ ഓർമ്മിക്കുന്നു. കച്ചേരിയിലെ ശിപായിമാർ അന്നുമുഴവൻ അവധിയെടുത്തു് ഡോലക്കുംവായിച്ചുംകൊണ്ടു് ഹോളി ആഘോഷിക്കുകയായിരുന്നു. സന്ധ്യാസമയത്തും നൃത്തഗീതങ്ങൾക്കു് ഒരു വിരാമവും ഉണ്ടായില്ല. അതുകൊണ്ടു് എൻെറ മുറിയിൽ മേശപ്പുറത്തു് വിളക്കു കൊളുത്തിവച്ചു് രാത്രി വളരെയിരുട്ടുന്നതുവരെ ഹെപ്ഷ്ഠാഫീസിലേയ്ക്കു് കത്തെഴുതിക്കൊണ്ടിരുന്നു. ജോലിതീന്നു് വാച്ചിൽ നോക്കിയപ്പോൾ മണി ഒന്നാകാറായിരിക്കുന്നു. മഞ്ഞിൽ മരവിക്കാൻപോകുന്നതായി തോന്നി. ഒരു സിഗററു വലിച്ചുംകൊണ്ടു് ജനാലയിൽക്കൂടി പുറത്തേയ്ക്കു് എത്തിനോക്കിയപ്പോൾ എന്നെത്തന്നെ മറന്നു് വിസ്മയപരവശനായി അവിടെത്തന്നെ ഞാനങ്ങനെ നിന്നുപോയി. എന്നെ വശീകരിച്ചതു് പൗർണ്ണമിച്ചന്ദ്രൻെറ അർദ്ധരാത്രിസമയത്തെ അവർണ്ണനീയമായ വെണ്ണിലാവായിരുന്നു.

ഞാൻ ഇവിടെവന്നിട്ടു് കുറച്ചധികംദിവസമായെങ്കിലും ശീതകാലമാകകൊണ്ടു്, അഥവാ മററുവല്ലതുംമൂലം ആയിക്കൊള്ളട്ടെ, അർദ്ധരാത്രിക്കു് ഒരിക്കലും പുറത്തേയ്ക്കിറങ്ങീട്ടില്ല; ഫുൽകിയാബയിഹാരത്തിലെ പൗർണ്ണമീജ്യോത്സ്നിയുടെ സൗന്ദര്യം ഇന്നു് ആദ്യമായിട്ടാണു് കാണുന്നതു്.

വാതിൽതുറന്നു് പുറത്തുവന്നു നിന്നു. ആരും അവിടെയെങ്ങും ഇല്ല. ശിപായിമാർ പകൽമുഴവൻ ആനന്ദോത്സവത്തിൽ മുങ്ങിക്കഴിഞ്ഞശേഷം ക്ഷീണിച്ചു് കിടന്നുറങ്ങിക്കഴിഞ്ഞു. നിശ്ശബ്ദമായ അരണ്യഭൂമി, നിശ്ചലവും നിർജ്ജനവും ആയ അർദ്ധരാത്രി; ആ ജ്യോത്സിനിയെ വർണ്ണിക്കാൻ ആവതല്ല. ഈവിധത്തിൽ നിഴലില്ലാത്തവെണ്ണിലാവു് ഒരിക്കലും എൻെറ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. ഇവിടെ വളരെ വലിയവലിയ വൃക്ഷങ്ങളില്ല. ചെറിയചെറിയ ഝാബുകതരുക്കളും കാശവനവും മാത്രമേ ഉള്ളു—അവയ്ക്കു് അത്രയ്ക്കു നിഴലൊന്നുമില്ല. തെളുതെളെത്തിളങ്ങുന്ന വെള്ളമണൽ കലർന്ന

മണ്ണിലും ശീതകാലത്തെ വെയിലിൽ അർദ്ധശുഷ്കമായിത്തീ ന്ന കാശവനത്തിലും വീണടിഞ്ഞവെണ്ണിലാവു് സൃഷ്ടിച്ചു വച്ച അഭൗമമായ സൗന്ദര്യംകണ്ടിട്ടു് എന്തോ ഒരു ഭയംപോ ലെ എനിക്കു തോന്നിപ്പോയി. മനസ്സിനു് എന്തോ ഒരു ഉദാ സീനവും ബന്ധവിമുക്തവും ആയ സ്വതന്ത്രഭാവം—മനസ്സി ന് പെട്ടെന്നൊരു പുകച്ചിൽ, നാലുപാടും നോക്കി; ആ നി സ്തബ്ധമായ നിശീഥിനിയിലെ നിലാവുതുളുമ്പുന്ന ആകാശ ത്തിനടിയിൽ നിന്നിട്ടു് എനിക്കു തോന്നിപ്പോയി, മനുഷ്യനി യമങ്ങളൊന്നും ബാധിക്കാത്ത ഒരു അജ്ഞാതമായ വനദേവ താരാജ്യത്തിൽ ഞാൻ വന്നുവീണിരിക്കയാണെന്നു്; ഈ വി ജനസ്ഥാനമെല്ലാം അർദ്ധരാത്രിയിലെ നിലാവെളിച്ചത്തിൽ വനദേവതകളുടെ സഞ്ചാരഭൂമിയായി പരിണമിച്ചിരിക്കുക യാണു്; ഞാൻ അധികാരമില്ലാതെ ഇവിടെ പ്രവേശിച്ചതു് നന്നായില്ല.

അതിൽപിന്നീട്ടു്, ഫുൽകിയാബയിഹാരിലെ ചന്ദ്രികാ സുന്ദരമായ രാത്രി ഞാൻ എത്രയോ പ്രാവശ്യം കണ്ടിട്ടുണ്ടു്— കുംഭമാസത്തിനിടയ്ക്കിടയ്ക്കു്, നിറപ്പകിട്ടുള്ള പൂക്കൾ നെയ്തുചേ ത്തിട്ടുള്ള പരവതാനികണക്കെ മൈതാനമൊട്ടാകെ ദുധ്ലി പ്പൂക്കൾ വികസിച്ചു നിൽക്കുന്ന അവസരങ്ങളിൽ വെണ്ണിലാ വുള്ള എത്രയോരാത്രികളിൽ ഇളംതെന്നലിലുലയുന്ന ആ പൂ ക്കളുടെ പരിമളം മനംകുളുർക്കെ ഞാൻ ആസ്വദിച്ചിട്ടുണ്ടു്. ഓരോ സമയവും എനിക്കു തോന്നീട്ടുണ്ടു്, ഇത്ര ആശ്ചര്യകര മായ രൂപം കൈക്കൊള്ളാവുന്നതും ദയമിശ്രിതമായ ഉദാസീ നഭാവം ജനിപ്പിക്കാവുന്നതും ആയ സിതചന്ദ്രികയെപ്പററി ബംഗാളത്തിരിക്കുമ്പോൾ എനിക്കു് ഒരിക്കലും വിചാരി ക്കാൻപോലും കഴിവുണ്ടാകുകയില്ല എന്നു്. ഫുൽകിയാപ്ര ദേശത്തെ ആ ജ്യോത്സ്നിയെ ഞാൻ വണ്ണിക്കാൻ തുനിയുക യില്ല; ഈ രൂപത്തിലുള്ള സൗന്ദര്യജഗത്തുമായി പ്രത്യക്ഷമാ യ പരിചയം ഉണ്ടാകാത്തിടത്തോളംകാലം ഈ സൗന്ദര്യവർ ണ്ണന കേട്ടതുകൊണ്ടോ വായിച്ചതുകൊണ്ടോ ഒരു പ്രയോജന വും ഉണ്ടാവുകയില്ല; ഉണ്ടാകാൻ സാദ്ധ്യതയുമില്ല. ഈവിധം തുറന്ന ആകാശവും, ഇത്തരം നിസ്തബ്ധതയും ഇത്തരം നിർജ്ജന തയും ഉള്ളടത്തും, ഇങ്ങനെ ദിഗന്തവിസർപ്പി ആയ മഹാ

വനാന്തരത്തിലും മാത്രമേ ഇപ്രകാരമുള്ള സുന്ദരലോകം വിരിഞ്ഞു പൊന്തുകയുള്ളു. ജീവിതത്തിൽ ഒരിക്കലെങ്കിലും ഈ ജ്യോത്സ്നാരാത്രി ഒന്നു കണ്ടിരിക്കേണ്ടതാണു്. കണ്ടില്ലെങ്കിൽ ഈശ്വരൻെറ ഒരു അപൂൎവ്വസൗന്ദൎയ്യം ഒരുവനു് എന്നെന്നേയ്ക്കും അപരിചിതമായി ഇരിക്കുകയേ ഉള്ളു.

## അഞ്ചു്

ഒരു ദിവസം ആസമാബാദ്താലൂക്കിലെ സൎവ്വേക്യാമ്പിൽനിന്നും തിരിച്ചുപോരുന്നസമയം സന്ധ്യാരംഭത്തിൽ വനമദ്ധ്യത്തിൽവച്ചു് വഴിതെററിപ്പോകാനിടയായി. വനഭൂമി എല്ലായിടത്തും സമതലമല്ല; ചിലടത്തു് കാടുകൾകൊണ്ടുമൂടിയ ഉയൎന്ന മണൽക്കുന്നു്; അതുകഴിഞ്ഞാൽ രണ്ടു കുന്നുകളുടെ ഇടയ്ക്കുള്ള താഴ്വര. എന്നാൽ വനത്തിനു് ഒരിടത്തും ഒരു അറുതിയുമില്ല—കുന്നിന്മേൽ കയറിനിന്നുകൊണ്ടു നാലുപാടുംനോക്കി, ഏതു ഭാഗത്തെങ്കിലും കച്ചേരിയിലെ മഹാവീരദ്ധ്വജം കാണാനുണ്ടോ എന്നറിയാൻ,—ഒരിടത്തും പ്രകാശത്തിൻെറ ഒരു ചിഹ്നംപോലുമില്ല—ഉയരം കൂടിയതും കുറഞ്ഞതും ആയ കുന്നുകളും ഝാബുക-കാശവനങ്ങളും മാത്രം; ഇടയ്ക്കിടയ്ക്കു് സാലതരുക്കളും ആസാൻവൃക്ഷങ്ങളും നിറഞ്ഞ വനങ്ങളും ഉണ്ടു്. രണ്ടു മണിക്കൂർ ചുററിക്കറങ്ങീട്ടും വനത്തിൻെറ അതിരുകൾ ഒന്നും കാണാൻകഴിഞ്ഞില്ല. പെട്ടെന്നുതോന്നി നക്ഷത്രംനോക്കി ദിക്കുനിൎണ്ണയിക്കാൻ പാടില്ലാത്തതെന്തുകൊണ്ടാണെന്നു്. ഗ്രീഷ്മകാലം; ആഗ്രഹായണീനക്ഷത്രപുഞ്ജം മിക്കവാറും ഉച്ചിക്കുമുകളിൽത്തന്നെ നില്ക്കുന്നുണ്ടു്. ഈ നക്ഷത്രം ഏതു ദിക്കിൽനിന്നും വന്നിട്ടാണു് ഉച്ചംപ്രാപിച്ചിട്ടുള്ളതെന്നു് അറിയാൻകഴിഞ്ഞില്ല. സപ്തൎഷിമണ്ഡലവും നോക്കിയിട്ടു കണ്ടുകിട്ടിയില്ല. അതുകൊണ്ടു് നക്ഷത്രങ്ങളുടെ സഹായംകൊണ്ടു ദിക്കുനിൎണ്ണയിക്കാമെന്നുണ്ടായ ആശവിട്ടിട്ടു് കുതിരയെ അതിൻെറ വഴിക്കുവിട്ടു. രണ്ടു മൈൽ പോയപ്പോൾ വനാന്തരത്തിൽ ഒരു വെളിച്ചംകണ്ടെത്തി. വെളിച്ചം ലക്ഷ്യമാക്കി മുന്നോട്ടുപോയപ്പോൾ കാട്ടിൻനടുവിൽ ഏതാണ്ടു് ഇരുപതു

ചതുരശ്രഹസ്തം ഭൂമിവെട്ടിത്തെളിച്ചു് അവിടെ വളരെ ഉയരം കുറഞ്ഞ ഒരു കുടിൽ വച്ചിരിക്കുന്നതു കാണായി. കുടിലിനുമുമ്പിൽ ഗ്രീഷ്മകാലത്തും തീ കത്തിക്കണം. തീയ്ക്കടുത്തുനിന്നും അല്പം അകലെയായി ഒരാൾ എന്തോ ചെയ്തുകൊണ്ടിരിക്കയാണു്. കുതിരക്കുളമ്പൊച്ചകേട്ടു് അയാൾ ഞെട്ടി എഴുന്നേററുനിന്നു. ആരാ അതു്? അനന്തരം ഞാനാണെന്നു മനസ്സിലാക്കീട്ടു് പെട്ടെന്നു് ഓടിവന്നിട്ട ബഹുമാനപൂർവ്വം അയാൾ എന്നെ കുതിരപ്പുറത്തുനിന്നിറക്കി.

ഞാൻ നന്നാ ക്ഷീണിച്ചുപോയിരുന്നു. ഏതാണ്ടു് ആറു മണിക്കൂറായി കുതിരപ്പുറത്തുകയറിയിട്ടു്. കാരണം, സർവ്വേക്യാമ്പിൽ അളവുകാരൻെറ പിന്നാലെ കുതിരയെ നടത്തിയിട്ടാണു കാട്ടിനുള്ളിൽ ചുററിക്കറങ്ങിയതു്.

അയാൾ കൊണ്ടുവന്നിട്ട ഒരു പുൽപ്പായിൽ ഞാനിരുന്നു.

ഞാൻ ചോദിച്ചു: "നിങ്ങളുടെ പേരെന്തു്?"

അയാൾ പറഞ്ഞു: "ഗനുമാഹാതോ, ജാതി ഗാങ്ങോതാ.

ഈ സ്ഥലത്തെ ഗാങ്ങോതാവർഗ്ഗക്കാരുടെ ഉപജീവനമാർഗ്ഗം കൃഷിയും കന്നുകാലിവളർത്തലും ആണെന്നു് ഇതിനിടയ്ക്കു് ഞാൻ അറിഞ്ഞിരുന്നു. എന്നാൽ ഈയാൾ ഈ വിജനമായ കാട്ടിനുള്ളിൽ തനിച്ചിരുന്നു് എന്തുചെയ്യുന്നു?

ഞാൻ ചോദിച്ചു: "നിങ്ങൾ ഇവിടെ എന്തു ചെയ്യുന്നു? നിങ്ങളുടെ വീടെവിടെയാ?"

"അങ്ങുന്നേ! കന്നിനെ തീററുകയാണു്—എന്റെ വീട്ടു് ഇവിടെനിന്നും പത്തു ക്രോശം[1] വടക്കു് ധർമ്മപുരം, ലഛമനിയാടോലാ."

"സ്വന്തം കന്നാണോ? എത്ര എണ്ണം ഉണ്ടു്?"

"അയാൾ അഭിമാനപൂർവ്വം പറഞ്ഞു: "അഞ്ചു് കന്നുണ്ടു് അങ്ങുന്നേ!"

അഞ്ചു കന്നോ? തികച്ചും അത്ഭുതപ്പെട്ടുപോയി. പത്തു ക്രോശം ദൂരെയുള്ള ഗ്രാമത്തിൽനിന്നും വെറും അഞ്ചു് കന്നിനെ സർവ്വസ്വവും ആക്കിക്കൊണ്ടു് ഈ വിജനമായ വനത്തിൻ നടുവിൽ മേച്ചിൽക്കരവും കൊടുത്തുകൊണ്ടു് ഒരു കുടിൽകെട്ടി

---

1 ഒരു ക്രോശം = രണ്ടു നാഴിക

കന്നിനെ തീററുക—ദിവസങ്ങൾ, മാസങ്ങൾ, ഈ കൊച്ചു കുടിലിൽ എങ്ങനെ കാലം കഴിച്ചുകൂട്ടുന്നു—കല്ക്കത്തയിൽനിന്നും പുത്തനായിട്ട വന്നവനാണ് ഞാൻ; നഗരത്തിലെ നാടകത്തിനും സിനിമക്കും ഇടക്കു വളന്ന യുവാവായ എനിക്ക് ഇതു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

എന്നാൽ ഈ ദേശത്തെപ്പററിയുള്ള അനുഭവജ്ഞാനം കുറച്ചുകൂടി വളന്നപ്പോൾ എനിക്കു മനസ്സിലായി എന്തുകൊണ്ടാണ് ഗനുമാഹാതോ ഇങ്ങനെ കഴിഞ്ഞുകൂട്ടുന്നതെന്നു്. ജീവിതത്തെപ്പററി അയാൾക്കുണ്ടായിരുന്ന ധാരണ ഈ വിധത്തിലായിരുന്നു എന്നല്ലാതെ അതിനു വേറെ കാരണമൊന്നുമില്ല. അയാൾക്ക് ഇപ്പോൾ അഞ്ചു കന്നുണ്ടു്. അതുകൊണ്ടു് അതിനെ തീററണം, തീറേറണ്ടിയിരിക്കുന്നതുകൊണ്ടു കാട്ടിൽ കുടിൽകെട്ടി തനിച്ചുതാമസിക്കണം. ഇതെല്ലാം സ്വാഭാവികമത്രെ. ഇതിൽ ആശ്ചര്യത്തിനു വകയെന്തുള്ളു?

ഗനു ഒരു പച്ചയിലയിൽ ഒരു നീളമുള്ള പികാ അഥവാ ചുരുട്ട് ഉണ്ടാക്കി ബഹുമാനപൂവ്വം എൻെറ കൈയിൽത്തന്നിട്ട് അതു വലിക്കാൻ അഭ്യത്ഥിച്ചു. തീയിന്റെ വെളിച്ചത്തിൽ അയാളുടെ മുഖം കണ്ടു—അതിവിശാലമായ നെററി, ഉയന്ന മൂക്ക്, കറുത്തനിറം, സരളമായ മുഖഭാവം, ശാന്തമായ നോട്ടം, വയസ്സ് അറുപതിൽക്കൂടും, തലമുടി ഒററയെണ്ണംപോലും കറുത്തതില്ല. എന്നാൽ ഈ പ്രായത്തിലും മാംസപേശികൾ ഓരോന്നായി എണ്ണാവുന്നവണ്ണം സുസംഘടിതമാണു ശരീരം.

ഗനു കുറച്ചുകൂടി വിറകു തീയിലിട്ടിട്ട് ഒരു പികാ കത്തിച്ചുപിടിച്ചു. തീയിൻെറ വെളിച്ചത്തിൽ കുടിലിനകത്തു് ഒരു ഇടത്തരം പിത്തളപ്പാത്രം തെളുതെളെത്തിളങ്ങുന്നതു കാണായി. അഗ്നികുണ്ഡത്തിൻെറ മണ്ഡലത്തിനുപുറമെ കൂരിരുട്ടും ഘോരവനവുമാണ്. ഞാൻ ചോദിച്ചു: "ഗനൂ! ഒററയ്ക്കിവിടെ താമസിക്കുന്നല്ലൊ, കാട്ടുമൃഗങ്ങളെ പേടിയൊന്നുമില്ലേ?"

ഗനു പറഞ്ഞു: "പേടിച്ചാൽ ഞങ്ങളുടെ കായ്യം എങ്ങനെ നടക്കും അങ്ങുന്നേ? ഞങ്ങളുടെ തൊഴിലിതല്ലെ? അന്നൊരുരാത്രി എൻെറ പുരയ്ക്കുപിമ്പിൽ ഒരു പുലിവന്നു. രണ്ടു കന്നിൻകുട്ടികളുണ്ടു്; പുലിയുടെ നോട്ടം അവിടെയായിരുന്നു. ശബ്ദംകേട്ടു രാത്രിയിൽ എഴുന്നേററു് തകരത്തേൽക്കൊട്ടി,

പന്തം കൊളുത്തി, വിളിച്ചുകൂവി. രാത്രിയിൽപ്പിന്നെ ഞാൻ ഉറങ്ങിയില്ലങ്ങുന്നെ! തണുപ്പുകാലത്തു് ഈ വനത്തിൽ രാത്രിമുഴുവൻ കുറുനരി ഓരിയിട്ടുകൊണ്ടിരിക്കും. ''

''ഇവിടെ ആഹാരമൊക്കെ എങ്ങനാ? കടേം കിടേം ഒന്നുമില്ലല്ലോ. സാമാനങ്ങളെല്ലാം പിന്നെ എവിടുന്നുകിട്ടും? അരിയും പരിപ്പുമെല്ലാം.''

''അങ്ങുന്നെ! കടയിൽനിന്നും സാമാനം വാങ്ങിക്കാനുള്ള പൈസാ ഉണ്ടോ ഞങ്ങൾക്കു്? ഇല്ല. ബംഗാളിഅങ്ങത്തന്മാരെപ്പോലെ ഞങ്ങൾക്കു് ചോറുണ്ണാൻ കിട്ടുന്നെന്നാണോ? ഈ കാടിന്റെ പുറകിൽ എനിക്കു് രണ്ടുബിഘാ 'ഖേരി'ത്തോട്ടമുണ്ടു്. അതിൻെറ അരിയും ബാഥുയാച്ചീരയും വേവിച്ചു് കുറച്ചുപ്പുംചേർത്തു് കഴിക്കും; കുംഭമാസത്തിൽ വനത്തിൽ ഗുഡ്മിക്ക്കായുണ്ടാകും, ഉപ്പുംകൂട്ടി പച്ചേതിന്നാൻ വളരെ നല്ലതാ—വള്ളിച്ചെടി, അതിനു് കൊച്ചുകൊച്ചു കായുണ്ടാകും. ഒരുമാസത്തേയ്ക്കു് എത്രയോ പാവപ്പെട്ടവരാണു് ഇതിൻെറ കായ് പെറുക്കിയെടുത്തു തിന്നു് കാലംകഴിക്കുന്നതു്! കൊച്ചുകുട്ടികൾ കൂട്ടംകൂട്ടമായി വരും, കാട്ടിലെ ഗുഡ്മി പെറുക്കാൻ.''

ഞാൻ ചോദിച്ചു: ''എന്നുമെന്നും ഖേരീഅരിയും ബാഥുയാച്ചീരയും വേവിച്ചുതിന്നാൻ രുചിക്കുമോ?''

''പിന്നെന്തുചെയ്യും അങ്ങുന്നേ! ഞങ്ങളു പാവപ്പെട്ടവരല്ലെ? ബങ്കാളിഅങ്ങത്തന്മാരെപ്പോലെ ചോറുണ്ണാൻ കിട്ടുന്നതെവിടുന്നാ ഞങ്ങൾക്കു്? ചോറു്! ഈ പ്രദേശത്തു് രാഷബിഹാരിസിംഹനും നന്ദലാൽപാണ്ഡേയും മാത്രമേ രണ്ടുനേരവും ചോറുണ്ണുന്നവരായിട്ടുള്ളു. പകൽമുഴുവൻ കന്നിൻെറപുറകെ ഭൂതംപോലെ നടക്കുകയാണങ്ങുന്നെ! സന്ധ്യയ്ക്കു തിരിച്ചുവരും. അപ്പോൾ നല്ല വിശപ്പായിരിക്കും; കിട്ടുന്നതു കഴിക്കും; അതുകൊണ്ടു് അതിനു വളരെ രുചിതോന്നും.''

ഗനുവിനോടു ഞാൻ ചോദിച്ചു: ''കൽക്കത്താപ്പട്ടണം കണ്ടിട്ടുണ്ടോ ഗനൂ?''

''ഇല്ലങ്ങുന്നെ! പറഞ്ഞുകേട്ടിട്ടുണ്ടു്. ദഗൽപുരംപട്ടണത്തിൽ ഒരിക്കൽ പോയിട്ടുണ്ടു്. വളരെ വലിയ പട്ടണം. അവിടെ കാററുവണ്ടി കണ്ടു. വല്യ അതിശയപ്പെട്ട ഒരു സാധന-

മാണതങ്ങുന്നെ! കുതിരേമില്ല ഒന്നുമില്ല; തന്നത്താൻ വഴിയേ യങ്ങു പോകുകയാ.''

ഈ പ്രായത്തിൽ അയാളുടെ ആരോഗ്യംകണ്ടു് ഞാൻ വിസ്മയിച്ചുപോയി. ധൈര്യവും ഉണ്ടെന്നു് മനസ്സുകൊണ്ടു സമ്മതിക്കേണ്ടിവന്നു.

ഗനുവിൻെറ കഴിച്ചിലിനു് തൻെറ കന്നുമാത്രമായിരുന്നു ഏകാവലംബം. അതിൻെറ പാൽ ഈ പ്രദേശത്തു് ആരുവാങ്ങിക്കാനാ! പാലിൽനിന്നു വെണ്ണയെടുത്തു് നെയ്യുണ്ടാക്കി രണ്ടുമാസത്തേതൊരുമിച്ചുചേത്തു് ഒമ്പതുമൈൽ ദൂരെയുള്ള ധർമ്മപുരത്തെ ബസ്സാറിൽ മാർവാറികൾക്കു് വിററുവരികയാണു്. പിന്നെ ഇതിനിടയ്ക്കു് ഈ പ്രദേശത്തെ മിക്കവാറും ആളുകളുടേയും ഒരു പ്രധാന ആഹാരസാധനമായ 'ഖേരി' വേവിച്ചതു്, ഗനുവിൻെറ രണ്ടുബിഘാ തോട്ടത്തിൽനിന്നും കിട്ടുന്ന 'ഖേരി'അരികൊണ്ടു് അയാൾ കഴിഞ്ഞുകൂട്ടും. ഗനു ആ രാത്രിയിൽ എന്നെ കച്ചേരിയിൽ കൊണ്ടുവന്നു വിട്ടു. മാത്രമല്ല, ഗനുവിനെ എനിക്കു വളരെ ഇഷ്ടമായി. അതുകൊണ്ടു് ഞാൻ പിന്നെ എത്രയോ പ്രാവശ്യം ശാന്തസന്ധ്യയിൽ അയാളുടെ കുടിലിനുമുൻവശത്തെ അഗ്നികുണ്ഡത്തിനടുത്തു് വത്തമാനം പറഞ്ഞുംകൊണ്ടിരുന്നിട്ടുണ്ടു്. ആ ദേശത്തെ പലവിധത്തിലുള്ള പരമാത്ഥസംഗതികൾ, മററാക്കും പറഞ്ഞുതരാൻ കഴിയാത്തതു്, അയാൾ എന്നെ പറഞ്ഞുകേൾപ്പിച്ചു.

ഗനു പറഞ്ഞ പല അത്ഭുതകഥകളും ഞാൻ കേട്ടു—പറക്കുന്ന പാമ്പിൻെറ കഥ, ജീവനുള്ള പാറയുടെ കഥ, സദ്യോജാതനായ ശിശു കാൽനടയായി സഞ്ചരിച്ച കഥ, ഇത്യാദി. ആ നിജ്ജനമായ വനത്തിൻെറ പശ്ചാത്തലത്തിൽ ഗനു പറഞ്ഞുകേട്ട കഥകളെല്ലാം അത്യന്തം രസകരവും ആശ്ചയ്യകരവുമായി എനിക്കു തോന്നി. കൽക്കത്താനഗരത്തിലിരുന്നു് ഈ കഥകളെല്ലാം കേട്ടാൽ അതെല്ലാം അവിശ്വസനീയവും അസത്യവും ആണെന്നു തോന്നാതിരിക്കാൻ തരമില്ല. എവിടുന്നെങ്കിലും ഏതെങ്കിലും ഒരു കഥകേട്ടാൽപ്പോരാ, കഥ കേൾക്കുന്ന പശ്ചാത്തലത്തിലും പരിതസ്ഥിതിയിലുമാണു് അതിൻെറ മാധുയ്യം സ്ഥിതിചെയ്യുന്നതെന്നു്, കഥ കേൾക്കാൻ അഭിരുചിയുള്ളവനുമാത്രമേ അറിഞ്ഞുകൂട്ടൂ. ഗനുവിൻെറ കഥകളിൽ

എനിക്കേറ്റവും ആശ്ചര്യകരമായിത്തോന്നിയതു് വന്യമഹിഷ ദേവതയായ 'ടാണ്ഡബാരോ'യുടെ കഥയാണു്.

എന്നാൽ, ഏതൊരുകാരണത്താൽ ഗനുവിന്റെ ഈ കഥ അത്ഭുതകരമായി ഉപസംഹരിച്ചിരിക്കുന്നോ അക്കാരണ ത്താൽത്തന്നെ ഈ കഥ ഇപ്പോൾ പറയാതെ അതിന്റെ സ്ഥാ നത്തുതന്നെ പറഞ്ഞുകൊള്ളാം. ഇവിടെ ഇത്രയുംമാത്രം പറ ഞ്ഞേക്കാം, ഗനു എന്നോടുപറഞ്ഞ ഈ കഥയെല്ലാം വെറും യക്ഷികഥകളല്ല, അയാളുടെ വ്യക്തിഗതമായ അനുഭവകഥക ളാണു്. ഗനു ജീവിതം കണ്ടിട്ടുണ്ടു്; പക്ഷേ, മറെറാരു ഭാവ ത്തിലാണെന്നുമാത്രം. ജനനംമുതൽ അരണ്യപ്രകൃതിയുമായി ഉററസമ്പർക്കത്തിൽ കഴിഞ്ഞുകൂടിയതുകൊണ്ടു് ആ അരണ്യ പ്രകൃതി സംബന്ധിച്ചു് വിശിഷ്ടജ്ഞാനം സമ്പാദിച്ചിട്ടുള്ള ഒരു വ്യക്തിയാണു് ഗനുമാഹാതോ. അയാളുടെ കഥകൾ പെ ട്ടെന്നു പറത്തിക്കളയാവുന്നതല്ല. കള്ളം കെട്ടിച്ചമച്ചു് പറയാ നുള്ള കല്പനാശക്തിയും ഗനുവിനുണ്ടെന്നു് എനിക്കു തോ ന്നുന്നില്ല.

# പരിച്ഛേദം മൂന്ന്

ഒന്നു്

ഗ്രീഷ്മകാലം വന്നപ്പോൾ ഗ്രാന്റ്സാഹിബ് വടവൃക്ഷത്തിന്റെ മുകളിൽ പീർപൈന്തിമലപ്രദേശത്തുനിന്നു് ഒരു സംഘം വെള്ളക്കൊക്കുകൾ പറന്നുവന്നുകൂടി. ദൂരെനിന്നും നോക്കിയാൽ വൃക്ഷാഗ്രം വെള്ളപ്പൂങ്കുലകൾകൊണ്ടു് നിറഞ്ഞിരിക്കുകയാണെന്നു തോന്നും.

ഒരുദിവസം, കരിഞ്ഞുതുടങ്ങിയ കാശവനത്തിനു സമീപം ഞാൻ മേശയും കസേരയും ഇട്ടു് ജോലിചെയ്തുംകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ശിപായി മുനേശ്വരസിംഹൻ വന്നു് പറഞ്ഞു: "അങ്ങുന്നെ, നന്ദലാൽഓഝാഗോലാവാലാ കാണാൻ വന്നിരിക്കുന്നു."

അല്പം കഴിഞ്ഞു്, ഏതാണ്ടു്അമ്പതുവയസ്സു് പ്രായംതോന്നുന്ന ഒരാൾവന്നു് സലാം ചെയ്തു; എന്റെ നിർദ്ദേശപ്രകാരം അയാൾ ഒരു സ്റ്റൂളിൽ ഇരുന്നു. എന്നിട്ടു് ഒരു പട്ടുസഞ്ചി പുറത്തെടുത്തു് അതിൽനിന്നും ചെറിയ ഒരു പാക്കുവെട്ടിയും രണ്ടു് അടയ്ക്കയും എടുത്തു വെട്ടാൻ തുടങ്ങി. നുറുക്കിയ പാക്കുകഷണങ്ങൾ കൈയിലെടുത്തു് ഇരുകൈകളും ഒരുമിച്ചുചേർത്തു് എന്റെ മുമ്പിൽ പിടിച്ചുംകൊണ്ടു് ആദരവോടെ പറഞ്ഞു: "ഈ പാക്കു് അങ്ങുന്നു സ്വീകരിക്കുമോ?"

ആ രൂപത്തിൽ പാക്കുതിന്നു് പരിചയിച്ചിട്ടില്ലെങ്കിലും മര്യാദയ്ക്കുവേണ്ടി അതു് ഞാൻ സ്വീകരിച്ചു. ഞാൻ ചോദിച്ചു: "എവിടുന്നു വരുന്നു? എന്താ കാര്യം?"

അയാൾ പറഞ്ഞു: "എന്റെ പേരു് നന്ദലാൽഓഝാ; മൈഥിലബ്രാഹ്മണൻ, വനത്തിന്റെ വടക്കുകിഴക്കേ കോണിൽ, കച്ചേരിയിൽനിന്നും ഏതാണ്ടു പതിനൊന്നു മൈൽ അകലെ സുംഠിയാദിയോരായിലാണു് വീടു്; കൃഷിയാണു് ജോലി, അല്പം ബാങ്കിംഗും ഉണ്ടു്. ഞാൻ വന്നതു്, അടുത്ത

പൗൎണ്ണമിദിവസം വീട്ടിൽ ഒരു സദ്യയുണ്ടു്; അതിനു് അങ്ങ യെ ക്ഷണിക്കാനാണു്. എന്റെ ക്ഷണം സ്വീകരിച്ചു് എന്റെ വീട്ടിൽ വരാൻ കാരുണ്യമുണ്ടായാൽ അതു് ഒരു വലിയ സൗഭാഗ്യമായിരിക്കും എനിക്കു്.''

പതിനൊന്നുമൈൽ അകലെ ഈ വേനൽക്കാലത്തു് സദ്യയുണ്ണാൻ പോകാനുള്ള മോഹം എനിക്കുണ്ടായിരുന്നില്ല. എന്നാൽ നന്ദലാൽഓഝായുടെ നിൎബ്ബന്ധംകൊണ്ടു് ഗത്യന്തരമില്ലാതെ സമ്മതിക്കേണ്ടിവന്നു. അതുകൂടാതെ, ഈ നാട്ടിലെ ഗൃഹസ്ഥകുടുംബത്തെപ്പററിയുള്ള അറിവു് സമ്പാദിക്കാനുള്ള മോഹവും എനിക്കു് അടക്കാൻ കഴിഞ്ഞില്ല.

പൗൎണ്ണമിദിവസം ഉച്ചതിരിഞ്ഞു്, നീണ്ടുപരന്ന വനത്തിൽക്കൂടെ ആരുടെയോ ഒരു ആന വരുന്നു, കച്ചേരിയിലേക്കു്. ആനക്കാരൻ പറഞ്ഞു,—ആന നന്ദലാൽഓഝായുടെ സ്വന്തമാണെന്നു്—എന്നെ കൊണ്ടുപോകാൻ അയച്ചതാണെന്നു്; ആനയെ അയയ്ക്കേണ്ട ആവശ്യമില്ലായിരുന്നു; കാരണം, എന്റെ സ്വന്തം കുതിരയുടെ പുറത്തുകേറി അതിനേക്കാൾ വേഗത്തിൽ അവിടെ എത്താമായിരുന്നു.

എന്തെങ്കിലുമാകട്ടെ, ആനപ്പുറത്തു കയറി യാത്രയായി. പച്ചക്കാടിന്റെ തല എന്റെ പാദത്തിനടിയിൽ; ആകാശം എന്റെ തലയിൽ മുട്ടുന്നതായും എനിക്കു തോന്നി. ദൂരെദൂരെ ക്കാണായ ദിഗന്തത്തിലെ നീലനിറംപൂണ്ട ശൈലമാലാരേഖ വനഭൂമിയെ വലയംചെയ്തു് ഒരു മായാലോകം സൃഷ്ടിച്ചിരിക്കുന്നതുപോലെ തോന്നി. ഞാൻ ആ മായാലോകത്തിലെ ഒരു വ്യക്തി. ബഹുദൂരസ്ഥിതമായ സ്വൎഗ്ഗത്തിലെ ദേവത! മുകളിൽ മേഘപരമ്പര; താഴെ പച്ചക്കാടുകൾ. ഇടയ്ക്കുള്ള ശ്യാമളാന്തരീക്ഷത്തിലൂടെയാണു് എന്റെ അദൃശ്യമായ യാത്ര.

ആ വഴിക്കായിരുന്നു 'ചാമ്ടാ' എന്ന ചതുപ്പുനിലം. ശീതകാലത്തിന്റെ അവസാനത്തിലും അതു് സില്ലിപക്ഷികളെക്കൊണ്ടും അരുണഹംസങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കും. ഗ്രീഷ്മാരംഭത്തിൽ, ചൂടു് അല്പം കൂടുമ്പോൾ അവ പറന്നുപൊയ്ക്കളയും. അവിടവിടെ വളരെ പാവപ്പെട്ടവരുടെ ഗ്രാമങ്ങളും ഉണ്ടു്. ഫണിമനസാമുൾച്ചെടികളാൽ ചുററപ്പെട്ട പുകയിലത്തോട്ടങ്ങൾ; തുറന്ന ചെററക്കുടിലുകൾ.

സ്ലാഠിയാഗ്രാമത്തിൽ ആന എത്തിയപ്പോൾ വഴിയുടെ രണ്ടുവശത്തും പരിചാരകന്മാർ എന്നെ സ്വീകരിക്കാൻ കാത്തുനില്പുണ്ടായിരുന്നു. അല്പദൂരം ചെന്നപ്പോൾ നന്ദലാലിന്റെ വസതിയായി.

എട്ടുപത്തു് മൺപുരകൾ അതിവിസ്തൃതമായ മുറ്റത്തു് അവിടവിടെ ഒററയൊററയായി കാണാം. ഞാൻ വീട്ടിലേയ്ക്കു കയറിയ ഉടൻ രണ്ടു വെടികേട്ടു ഞെട്ടിപ്പോയി. അപ്പോഴേയ്ക്കും സന്തുഷ്ടനായി ചിരിച്ചുംകൊണ്ടു് നന്ദലാൽഓഝാ വന്നു് എന്നെ വീട്ടിലേയ്ക്കു കൊണ്ടുപോയി, ഒരു വലിയ മുറിയുടെ വരാന്തയിൽ കസേരയിൽ ഇരുത്തി. കസേര ഈ നാട്ടിലെ ശിംശുകമരത്തിൻെറ തടികൊണ്ടു് ഇവിടുത്തെ നാട്ടാശാരി പണിചെയ്തതാണു്. പത്തുപതിനൊന്നു വയസ്സു പ്രായംവരുന്ന ഒരു കൊച്ചു പെൺകുട്ടി വന്നു് എൻെറ മുമ്പിൽ ഒരു താലം പിടിച്ചുംകൊണ്ടു നിന്നു. താലത്തിൽ കുറച്ചു വെററില, കുറച്ചു പാക്കു്, ഒരു ചെറിയ തട്ടത്തിൽ അല്പം അത്തർ, കുറച്ചു് ഉണങ്ങിയ ഈന്തപ്പഴം ഇതെല്ലാം. ഇതു വാങ്ങിച്ചിട്ടു് എന്തുചെയ്യണമെന്നു് എനിക്കു് അറിഞ്ഞുകൂടായിരുന്നു. ഞാൻ വിവരമില്ലാത്തവനേപ്പോലെ ഒന്നു ചിരിച്ചിട്ടു് ആ തട്ടത്തിൽനിന്നും കുറച്ചു് അത്തർ വിരൽകൊണ്ടു് ഒന്നു തോണ്ടിയെടുക്കുകമാത്രം ചെയ്തു. ആ ബാലികയോടു് ഒന്നുരണ്ടു നല്ലവാക്കുകളും പറഞ്ഞു. അവൾ ആ താലം എൻെറ മുമ്പിൽ വച്ചിട്ടു പോകയുംചെയ്തു.

പിന്നീടു് ഭക്ഷണത്തിൻെറ ഒരുക്കം. നന്ദലാൽ പൊടിപൂരമായി സദ്യയ്ക്കു വട്ടം ഒരുക്കീട്ടുണ്ടായിരുന്നു എന്നു് ഞാൻ അറിഞ്ഞിരുന്നില്ല. ഒരു വലിയ കുരണ്ടിപ്പലക എനിക്കിരിക്കാൻ കൊണ്ടുവന്നിട്ടു. ഞങ്ങളുടെ നാട്ടിൽ ദുർഗ്ഗാപൂജയ്ക്കു് വലിയ നൈവേദ്യം ഒരുക്കുന്നതിനു് ഉപയോഗിക്കുന്നമാതിരിയിലുള്ള ഒരു വലിയ പിത്തളത്താലം എൻെറ മുമ്പിൽ വന്നു. താലത്തിൽ ആനച്ചെവിപോലുള്ള പൂരി, ബാഥുയാച്ചീര പൊരിച്ചതു്, മുയലിറച്ചി പാകംചെയ്തതു്, പച്ചപ്പുളി സൂപ്പു്, കന്നിൻതൈരു്, പാൽപലഹാരം; ഭക്ഷണസാമഗ്രികളുടെ ഇങ്ങനെയുള്ള സംയോജനം ഇതുപോലെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല; എന്നെ കാണുന്നതിനു് എത്ര ആളുകളാണു് തിക്കി

ക്കുടിയിരുന്നതു്! മുമ്പു കണ്ടിട്ടില്ലാത്ത ഒരു ജീവിയെ എന്നോണം എന്നെ അവർ നോക്കിക്കൊണ്ടുനിന്നു. ഇവരെല്ലാം നന്ദലാലിൻെറ കുടിയാനവന്മാരാണെന്നു മനസ്സിലായി.

സന്ധ്യയ്ക്കുമുമ്പു് തിരിച്ചുപോരാൻ എഴുന്നേററപ്പോൾ നന്ദലാൽ ഒരു ചെറിയ സഞ്ചി എൻെറ കൈയിൽ തന്നിട്ടു പറഞ്ഞു: "അങ്ങത്തെയ്ക്കുള്ള കാഴ്ച." ഞാൻ അത്ഭുതപ്പെട്ടുപോയി. സഞ്ചിയിൽ കുറച്ചധികം രൂപാ ഉണ്ടായിരുന്നു; അമ്പതിൽ കുറയുകയില്ല. ഇത്രയും രൂപാ ആർക്കും കാഴ്ചകൊടുക്കാറില്ല; മാത്രമല്ല നന്ദലാൽ എൻെറ കുടിയാനവനും അല്ല. കാഴ്ച തിരിച്ചുകൊടുക്കുന്നതു് ഗൃഹസ്ഥനെ സംബന്ധിച്ചിടത്തോളം അപമാനവും ആണല്ലൊ. അതുകൊണ്ടു് ഞാൻ സഞ്ചിതുറന്നു് ഒരു രൂപാ എടുത്തിട്ടു സഞ്ചി തിരിയെ അയാളുടെ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ കുഞ്ഞുങ്ങൾക്കു് പലഹാരം വാങ്ങിക്കൊടുത്തുകൊള്ളണം."

നന്ദലാൽ ഒട്ടധികം നിർബ്ബന്ധിച്ചു. ഞാൻ അയാളുടെ വാക്കുകൾ ചെവിക്കൊള്ളാതെ ഇറങ്ങിനടന്നു് ആനപ്പുറത്തു കയറി.

അടുത്തദിവസംതന്നെ നന്ദലാൽ എൻെറ കച്ചേരിയിൽ വന്നു; കൂടെ തൻെറ മൂത്തമകനും ഉണ്ടായിരുന്നു. ഞാൻ അവരെ ആദരപൂർവ്വം സ്വീകരിച്ചു. പക്ഷേ, ഭക്ഷണക്കാര്യം പറഞ്ഞപ്പോൾ അയാൾ പറഞ്ഞൊഴിഞ്ഞുകളഞ്ഞു; കാരണം, മൈഥിലബ്രാഹ്മണൻ അന്യബ്രാഹ്മണൻെറ കൈകൊണ്ടു പാകംചെയ്യുന്ന ഭക്ഷണം കഴിക്കുകയില്ലെന്നു നിഷ്ഠയുള്ളവനാണു്. പല കാര്യങ്ങളെപ്പററിയും സംസാരിച്ചശേഷം അയാൾ പറഞ്ഞു: "എൻെറ മൂത്തമകൻ ഫുൽകിയാബയിഹാരിലെ തഹശീൽദാർഉദ്യോഗത്തിനു് അപേക്ഷകനാണു്. അവനെ അങ്ങുന്നു നിയമിക്കണം." ഞാൻ ആശ്ചര്യത്തോടെ പറഞ്ഞു: "പക്ഷേ, ഫുൽകിയായിൽ തഹശീൽദാർ ഉണ്ടല്ലൊ. ആ പോസ്റ്റു് ഒഴിവില്ല." അതിൻെറ ഉത്തരമായി നന്ദലാൽ കണ്ണുകൊണ്ടു് ഇംഗിതം സൂചിപ്പിച്ചിട്ടു പറഞ്ഞു: "അങ്ങുന്നേ, അവിടുന്നുതന്നെയാണല്ലൊ മാനേജർ. അങ്ങുന്നു വിചാരിച്ചാൽ എന്താ വയ്യാത്തതു്?"

ഞാൻ പിന്നെയും അത്ഭുതപ്പെട്ടുപോയി. ഇതെന്തൊരു വത്തമാനമാണു്! ഹുൽകിയാതഹശീൽദാർ നല്ല ഉദ്യോഗ സ്ഥനാണു്. എന്തു തെററിനാണു്, അയാളെ ഞാൻ മാറേറണ്ടതു്?

നന്ദലാൽ പറഞ്ഞു: "അങ്ങുന്നിനു് വെററതിന്നാൻവാങ്ങിക്കാൻ എത്ര ഉറുപ്പാവേണം; പറഞ്ഞാട്ടെ. ഞാൻ ഇന്നു സന്ധ്യയ്ക്കുമുമ്പുതന്നെ അങ്ങത്തേയ്ക്കു് ഇവിടെ കൊണ്ടുവന്നുതരാം. പക്ഷേ, എൻെറ മകനു് തഹശീൽദാർഉദ്യോഗം കൊടുക്കുക തന്നെവേണം; അങ്ങുന്നു്, പറഞ്ഞാട്ടെ എത്രവേണമെന്നു്, അങ്ങുന്നേ, അഞ്ഞൂറോ?"

നന്ദലാൽ ഇന്നലെ ക്ഷണിച്ചതിൻെറ സാക്ഷാൽ ഉദ്ദേശ്യം ഇതിനകം ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. ഇവിട്ടത്തെ ആളുകൾ ഇത്ര വഞ്ചകന്മാരാണെന്നു് അറിഞ്ഞിരുന്നെങ്കിൽ ഒരിക്കലും ഞാൻ അവിടെ പോകുമായിരുന്നില്ല. ശരി, ആപത്തിൽ കുടുങ്ങിപ്പോയല്ലൊ.

കാര്യം സ്പഷ്ടമായി പറഞ്ഞു് നന്ദലാലിനെ യാത്രയാക്കി. എങ്കിലും അയാൾ ആശ വിട്ടിരുന്നില്ലെന്നു് എനിക്കു മനസ്സിലായി.

പിന്നൊരുദിവസം കണ്ടു, നന്ദലാൽ ഘോരമായ വനത്തിനരികിൽ എന്നെ കാത്തുനില്ക്കുന്നതു്.

എന്തൊരു അശുഭസമയത്താണു് ഞാൻ അയാളുടെ വീട്ടിൽ സദ്യയുണ്ണാൻ പോയതു്! രണ്ടു പൂരിതീററിയിട്ടു്, എന്നെ ഇങ്ങനെ ധമ്മസങ്കടത്തിലാക്കുമെന്നു് മുമ്പിൽക്കൂട്ടി മനസ്സിലാക്കിയിരുന്നെങ്കിൽ അയാളുടെ നിഴൽപോലും ഞാൻ തീണ്ടുമായിരുന്നോ?

നന്ദലാൽ എന്നെക്കണ്ടിട്ടു് മധുരകോമളമായി ഒന്നു ചിരിച്ചിട്ടു പറഞ്ഞു: "നമസ്കാരം അങ്ങുന്നേ!"

"ഉം! എന്നിട്ടു്? എന്താ ഇവിടെ നില്ക്കുന്നതു്?"

"അങ്ങത്തേയ്ക്കു് എല്ലാം അറിയാമല്ലൊ. അങ്ങത്തേയ്ക്കു് ഞാൻ ആയിരത്തിഇരുനൂറുറുപ്പാ രൊക്കംതരാം. എൻെറ മകനു് ഉദ്യോഗംകൊടുക്കണം."

"നിങ്ങൾക്കു ഭ്രാന്താണോ നന്ദലാൽ? നിയമംനടത്തുന്നഅധികാരി ഞാനല്ല. ജമിന്ദാരുടെ അടുക്കൽ അപേക്ഷകൊടുക്കാ

മല്ലോ. മാത്രമല്ല, ഇന്നത്തെ തഹശീൽദാരെ എന്തു തെറ്റുചെയ്തതിനാണു മാറേറണ്ടതു്?''

ഇത്രയുംപറഞ്ഞിട്ടു്സംഭാഷണംദീർഘിപ്പിക്കാതെ ഞാൻ കുതിരയെ ഓടിച്ചുവിട്ടു.

കാലക്രമത്തിൽ, എൻെറ കശ്ശനമായ പെരുമാററം നന്ദലാലിനെ എൻെറയും എസ്റ്റേററിൻെറയും പരമശത്രുവാക്കിത്തീത്തു. അപ്പോഴും എനിക്കു് മനസ്സിലായില്ല, നന്ദലാലിന്റെ സ്വഭാവം എത്ര ഭയങ്കരമാണെന്നു്! ഇതിൻെറ ഫലം എനിക്കു് നല്ലവണ്ണം അനുഭവിക്കേണ്ടതായിവന്നു.

## രണ്ടു്

പത്തൊമ്പതുമൈൽ ദൂരെയുള്ള പോസ്റ്റാഫീസിൽനിന്നും പോസ്ററുകൊണ്ടുവരുന്നതു് ഇവിട്ടത്തെ ഒരു അത്യാവശ്യകാര്യമാണു്. അത്രയുംദൂരം ദിവസവും ഒരാളെ അയയ്ക്കുന്നതു നടപ്പില്ലാത്ത കായ്യമായതുകൊണ്ടു് ആഴ്ചയിൽ രണ്ടുപ്രാവശ്യം പോസ്റ്റാഫീസിൽ ആളയച്ചുവന്നു. മദ്ധ്യഏഷ്യയിലെ വിജനവും ദുസ്തരവും ഭീഷണവുമായ 'ടാക്ലാമാകാൻ' മരുഭൂമിയിലെ കൂടാരത്തിൽ ഇരുന്നുംകൊണ്ടു് വിഖ്യാതസഞ്ചാരിയായ സേവൻഹെഡിനും ഈവിധം ഉൽക്കണ്ഠയോടെ പോസ്റ്റിനുവേണ്ടി കാത്തിരുന്നിരിക്കണം എന്നു തോന്നിപ്പോകുന്നു. എട്ടൊമ്പതുമാസം ഇവിടെ താമസിച്ചതിൻെറ ഫലമായിട്ടു് ദിനരാത്രങ്ങൾ ഈ വിജനമായ വനപ്രാന്തരത്തിലെ സൂര്യാസ്തമയം, നക്ഷത്രരാശി, ചന്ദ്രോദയം, ചന്ദ്രിക,' വനമദ്ധ്യത്തിലെ കലമാൻകൂട്ടങ്ങളുടെ ഓട്ടം, ഇവയെല്ലാം കണ്ടുകണ്ടു് ബാഹ്യലോകവുമായിട്ടുള്ള സകല സമ്പക്കവും നഷ്ടപ്പെട്ടിരിക്കുകയാണു്. പോസ്റ്റാഫീസിൽനിന്നുംകിട്ടിയ ചില കത്തുകൾവഴിയാണു് പിന്നെയും അതുമായി ഏതാണ്ടൊരു സമ്പക്കം സ്ഥാപിച്ചുകിട്ടിയതു്.

നിർദ്ദിഷ്ടദിവസം ജവാഹിർലാൽസിംഹൻ പോസ്ററുകൊണ്ടുവരാൻ പോയിരിക്കുകയാണു്. ഇന്നുച്ചയ്ക്കു് അയാൾ തിരിച്ചുവരും. ഞാനും ബംഗാളിക്ലാക്ക ബാബുവും ഇടതൂന്ന

കാട്ടിലേയ്ക്കു നോക്കിക്കൊണ്ടിരിക്കുകയാണു്. കച്ചേരിയിൽ ഒന്നരമൈൽ അകലെയായി ഒരു ഉയൎന്ന കുന്നിൻെറ മുകളിൽക്കൂടിയാണു് വഴി. അവിടെ വരുമ്പോൾ ജവാഹിർലാൽസിംഹനെ വളരെ സ്പഷ്ടമായിട്ടു കാണാവുന്നതാണു്.

നേരം ഉച്ചയായി. ജവാഹിർലാലിനെ കാണാനില്ല. ഞാൻ കുടെക്കൂടെ പുറത്തുവന്നു നോക്കിക്കൊണ്ടിരിക്കുകയാണു്. ഇവിടെ ആഫീസുജോലിയും തീരെ കുറവായിരുന്നില്ല. പല സൂപ്രണ്ടന്മാരുടെയും റിപ്പോർട്ടു നോക്കുക, പാൎവ്വത്യകാരന്മാരുടെയും തഹശീൽദാരന്മാരുടെയും വരവുകണക്കു് പരിശോധിക്കുക, നാൾവഴി കാഷ്ബുക്ക് ഒപ്പിടുക, ഹെഡ്ഡാഫീസിൽനിന്നും വന്നിട്ടുള്ള എഴുത്തുകൾക്കു മറുപടി അയയ്ക്കുക, പലവിധത്തിലുള്ള ഹർജികൾനോക്കി തീരുമാനിക്കുക, പൂൎണ്ണിയാ, മുങ്ങേർ, ഭഗൽപുരം തുടങ്ങിയ സ്ഥലങ്ങളിലെ പല കോടതികളിലേയും പലതരത്തിലുള്ള കേസുകൾസംബന്ധിച്ചു് വക്കീലന്മാർ, കേസുനടത്തിപ്പുകാർ മുതലായവരുടെ റിപ്പോർട്ടുകൾ പഠിച്ചു് അതിനു് ഉത്തരംകൊടുക്കുക, പിന്നെയും പലതരത്തിലുള്ള വലുതും ചെറുതുമായ കാൎയ്യങ്ങൾ—ഇവയെല്ലാം എന്നും കൃത്യമായി ചെയ്തുതീൎക്കണം. രണ്ടുമൂന്നു ദിവസത്തേയ്ക്കെങ്കിലും കുടിശ്ശികയായി കൂടിക്കിടക്കാൻ ഇടവരുത്തിയാൽ അതെല്ലാം ശരിപ്പെടുത്താൻ പ്രാണൻകളഞ്ഞു് ബദ്ധപ്പെടേണ്ടിവരും. പോസ്ററു വന്നുകഴിയുന്നതോടുകൂടി പിന്നെയും ഒരുപാടുകാര്യങ്ങൾ ചെയ്തുതീൎക്കാൻ ഉണ്ടാവും. നഗരത്തിൽനിന്നും വരുന്ന പലതരത്തിലുള്ള കത്തുകൾ, പലതരത്തിലുള്ള ഉത്തരവുകൾ, ഇന്ന സ്ഥലത്തേയ്ക്കുപോകുക, ഇന്നാൾക്കു് ഇന്ന സ്ഥലം പാട്ടത്തിനുകൊടുക്കാൻ വ്യവസ്ഥചെയ്യുക, എന്നിങ്ങനെയുള്ള കാര്യങ്ങൾ.

മണി മൂന്നായപ്പോൾ ജവാഹിർലാലിൻെറ വെള്ളത്തലപ്പാവു് വെയിലിൽ തെളിഞ്ഞുകാണായി. ബംഗാളിക്ലാൎക്കു ബാബു ആവേശത്തോടെ പറഞ്ഞു: "മാനേജർബാബു! വന്നാട്ടെ പോസ്ററുകാരൻ വരുന്നുണ്ടു്,—ഇതാ നോക്കിയാട്ടെ."

ഞാൻ ആഫീസിനു പുറത്തുവന്നു. ഇതിനിടയ്ക്കു് ജവാഹിർലാൽ കുന്നിൽനിന്നിറങ്ങി കാട്ടിനകത്തേയ്ക്കു കടന്നുകഴിഞ്ഞിരുന്നു. ഞാൻ ഓപ്പറാഗ്ലാസ്സുകൊണ്ടുവന്നു നോക്കി. ദൂരെ

നീണ്ട പുല്ലിൻെറയും ഝാബുകമരങ്ങളുടെയും ഇടയ്ക്കുകൂടി അയാൾ വരുന്നുണ്ടു്; ശരി പിന്നെ ആഫീസ്ജോലിയിൽ ഞാൻ ശ്രദ്ധിച്ചില്ല. എന്തൊരു ഉൽക്കണ്ഠയോടുകൂടിയ പ്രതീക്ഷ! ഒരു വസ്തു എത്രകണ്ടു ദുഷ്പ്രാപമാണൊ അത്രകണ്ടു് അതു് ഒരുവൻെറ മനസ്സിനു് വിലയേറിയതായിരിക്കും. ഈ മൂല്യം മനുഷ്യൻെറ മനസ്സുസൃഷ്ടിക്കുന്ന ഒരു കൃത്രിമഗുണമാണു്; ആഗ്രഹിക്കുന്ന വസ്തുവിൻെറ യഥാൎത്ഥമായ ഉൽക്കർഷമോ അപകർഷമോ ആയി അതിനു് ഒരു ബന്ധവുമില്ല. ഇക്കാര്യം വളരെ പരമാൎത്ഥമാണു്. എന്നാൽ ലോകത്തിലെ പല വസ്തുക്കളുടെമേലും ഒരു കൃത്രിമമൂല്യം ആരോപിച്ചു് നാം അവയെ വലുതോ ചെറുതോ ആക്കിത്തീക്കുന്നുമുണ്ടു്.

ജവാഹിർലാലിനെ കച്ചേരിയുടെ മുൻഭാഗത്തെ, അത്ര വിസ്തൃതമല്ലാത്തതും താണതും ആയ മണൽപ്രദേശത്തിൻെറ അപ്പുറത്തു കാണായി—ഞാൻ കസേരയിൽനിന്നു് എഴുന്നേററു. ക്ലാക്കു ബാബു ഇറങ്ങിച്ചെന്നു. ജവാഹിർലാൽ വന്നു് സലാംചെയ്തു നിന്നിട്ടു് പോക്കററിൽനിന്നും എഴുത്തുകെട്ടെടുത്തു് ക്ലാക്കു ബാബുവിൻെറ കൈയിൽ കൊടുത്തു.

എനിക്കും രണ്ടുകത്തുണ്ടു്—നല്ല പരിചയമുള്ള കൈയക്ഷരം. എഴുത്തു വായിച്ചുകൊണ്ടിരിക്കെ, നാലുപാടുമുള്ള കാട്ടിലേക്കു നോക്കിയിട്ടു വിസ്മയിച്ചുപോയി. ഞാൻ ഇപ്പോൾ എവിടെയാണു്! ഞാൻ എന്നെങ്കിലും ഇവിടെ താമസിക്കേണ്ടതായും, കൽക്കത്തയിലെ സുഹൃൽസങ്കേതം വിട്ടു് ഇങ്ങനെയുള്ള ഒരു സ്ഥലത്തു് ദിവസങ്ങൾ കഴിച്ചുകൂട്ടേണ്ടതായും വരുമെന്നു് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. ഞാൻ ഒരു ഇംഗ്ലീഷുമാസികയുടെ വരിക്കാരനാണു്, ഇന്നു് അതു് വന്നിരിക്കുകയാണു്. കവറിൻെറ പുറത്തു് എഴുതിയിരിക്കുന്നു, 'എയർമെയിൽവഴി' എന്നു്. ജനസങ്കുലമായ കൽക്കത്താനഗരത്തിൻെറ കേന്ദ്രത്തിലിരുന്നാൽ ഇരുപതാംനൂററാണ്ടിലെ ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളുടെ സുഖം മനസ്സിലാക്കാൻ കഴിയുമോ? ഇവിടെ—ഈ വിജനമായ വനപ്രദേശത്തു്—സകലവിഷയത്തേയുംപററി ചിന്തിക്കാനും വിസ്മയിക്കാനും അവസരം ഉണ്ടു്. ഇവിടുത്തെ പരിതഃസ്ഥിതി ആ അനുഭൂതിയാണു് ഉളവാക്കുന്നതു്.

സത്യം പറഞ്ഞാൽ, ജീവിതത്തെപ്പററി ചിന്തിച്ചുനോക്കാനുള്ള ശിക്ഷണം എനിക്കു് ഇവിടെവന്നിട്ടാണു് സിദ്ധിച്ചതു്. എന്തെല്ലാം സംഗതികളാണു് എൻെറ മനസ്സിൽ ഉണന്നുവരുന്നതു്!—ഏതെല്ലാം പഴയ കാൎയ്യങ്ങളാണു്, ഞാൻ ഓൎമ്മിക്കുന്നതു്! സ്വന്തം മനോഭാവത്തെ ഒരിക്കലും ഞാൻ ഈ വിധം ആസ്വദിച്ചിട്ടില്ല. ആയിരക്കണക്കിനുള്ള അസൗകൎയ്യങ്ങൾക്കിടയിലും ആ ആനന്ദംതന്നെ ഒരു മാദകലഹരിപോലെ എന്നും എനിക്കനുഭവപ്പെട്ടിരുന്നു.

എന്നാലും പരമാൎത്ഥത്തിൽ ഞാൻ പ്രശാന്തമായ മഹാസമുദ്രത്തിലെ ഏതെങ്കിലും വിജനമായ ഒരു ദ്വീപിൽ പരിത്യക്തനായിത്തീൎന്നിട്ടില്ല. മുപ്പത്തിരണ്ടുമൈലിനിടയ്ക്കു ഒരു റെയിൽവേസ്റ്റേഷനുണ്ടു്. അവിടെനിന്നും ട്രയിൻകയറിയാൽ ഒരു മണിക്കൂറിനുള്ളിൽ പൂൎണ്ണിയായിൽ എത്താം—മൂന്നുമണിക്കൂറിനുള്ളിൽ മുങ്ങേരിയിലെത്താം. എന്നാൽ ഒന്നാമതായി റെയിൽവേസ്റ്റേഷനിൽ എത്താൻതന്നെ വളരെ വിഷമമാണു്—ആ ബദ്ധപ്പാടു് സഹിക്കാം; പൂൎണ്ണിയാനഗരത്തിലോ മുങ്ങേർനഗരത്തിലോപോയാൽ വല്ല പ്രയോജനവും ഉണ്ടാകുന്നുണ്ടെങ്കിൽ. അങ്ങനെ ഒരു പ്രയോജനവും ഞാൻ കാണുന്നില്ല. എന്നെ അവിടെയാരും അറിയുകയില്ല; ഞാൻ ആരേയും അറിയുകയുമില്ല; പിന്നെന്തിനാ പോകുന്നതു്?

കൽക്കത്തയിൽനിന്നും വന്നിട്ടു് വായിക്കുന്നതിനു് പുസ്തകങ്ങളോ, സംസാരിക്കുന്നതിനും ചർച്ചകൾ നടത്തുന്നതിനും സുഹൃത്തുക്കളോ സ്വന്തക്കാരോ ഇല്ലാത്തതുകൊണ്ടു് എനിക്കു വളരെ അസ്വാസ്ഥ്യം ഉണ്ടായി. അതുകൊണ്ടു് എത്രപ്രാവശ്യം എനിക്കു് തോന്നിപ്പോയതാണു്, ഈ ജീവിതം ദുസ്സഹമാണെന്നു്. കൽക്കത്തയിൽത്തന്നെയാണു് എൻെറ സൎവ്വസ്വവും; പൂർണ്ണിയായിലോ, മുങ്ങേരിയിലോ എനിക്കാരുണ്ടു് അവിടെ പോകത്തക്കവണ്ണം? എന്നാൽ ഹെഡ്ഡാഫീസിലെ അനുവാദംകൂടാതെ എനിക്കു് കൽക്കത്തയിൽ പോകാൻ സാദ്ധ്യവുമല്ല. അതുകൂടാതെ ചെലവും കുറവല്ല. നാലഞ്ചുദിവസത്തേയ്ക്കുവേണ്ടി ഇത്രയധികം പൈസ ചെലവാക്കുന്നതിനുതക്ക പ്രയോജനവും ഇല്ല.

## മൂന്നു്

കുറെമാസങ്ങൾ സുഖദുഃഖസമ്മിശ്രമായി കഴിഞ്ഞശേഷം മീനമാസത്തിൻെറ അവസാനംമുതൽ എന്റെ അറിവിൽ ഒരിക്കലുംപെടാതിരുന്ന ഒരു സംഭവത്തിനു് ആരംഭമിട്ടു. ധനുമാസത്തിൽ മഴ കുറച്ചൊന്നു പെയ്തു. പിന്നെ മഴയേ ഇല്ല—മകരത്തിൽ പെയ്തില്ല, കുംഭത്തിൽ പെയ്തില്ല, മീനത്തിലും മേടത്തിലും അങ്ങനെതന്നെ. അസഹ്യമായ വേനൽ, ദാരുണമായ ജലക്ഷാമം.

ലളിതമായ ഭാഷയിൽ വേനലെന്നോ വെള്ളത്തിൻെറ കുറവെന്നോ പറഞ്ഞാൽ ഈ അതിഭീഷണമായ പ്രകൃതിവിപ്ലവത്തിൻെറ രൂപം തീരെ മനസ്സിലാവുകയില്ല. വടക്കു് ആസംബാദിൽനിന്നും, തെക്കു് കൃഷ്ണപുരംവരെയും, കിഴക്കു് ഫുൽകിയാബയിഹാരവും ലബ്ടുലിയായും മുതൽ പടിഞ്ഞാറു് മുങ്കേർജില്ലയുടെ അതിർത്തിവരെയും ഉള്ള സകല കാട്ടുപ്രദേശത്തിലും എവിടെയെല്ലാം തോട്ടം കുളവും തടാകവും ഉണ്ടായിരുന്നോ, അതെല്ലാം വരണ്ടുപോയി. കിണറുകുഴിച്ചാൽ വെള്ളം കിട്ടുകയില്ല; ചരൽപ്രദേശത്തെ ഊററിൽനിന്നും അല്പാല്പം ഊറിവന്നിരുന്നാൽത്തന്നെയും ചെറിയ ഒരു ബക്കററുനിറയെ വെള്ളം കോരിയെടുക്കാൻ ഒരു മണിക്കൂറിനുമേൽ സമയം വേണം. നാലുദിക്കിലുംനിന്നു് ആർത്തനാദം കേൾക്കുന്നുണ്ടു്. കിഴക്കു് കുശീനദി മാത്രമേ ആശ്വാസകയുള്ളു. അതു് ഞങ്ങളുടെ എസ്റ്റേററിൻെറ ഏററവും കിഴക്കേ അതിരിൽനിന്നും ഏഴെട്ടുമൈൽ ദൂരെ വിഖ്യാതമായ മോഹനപുര റിസേർവ്ഫോറസ്റ്റിനു് അപ്പുറത്താണു്. ഞങ്ങളുടെ ജമിന്ദാരിഭൂമിക്കും മോഹനപുരവനത്തിനും ഇടയ്ക്കായി ഒരു ചെറിയ കാട്ടാറു് നീപ്പാളത്തെ തരായിത്താലൂക്കിൽനിന്നും ഒഴുകിവരുന്നുണ്ടു്. എന്നാൽ ഇപ്പോൾ ഉണക്കമണൽനിറഞ്ഞ അതിൻെറ തടത്തിൽ പാറക്കെട്ടുകളുടെ അടിവരെ കാണാം. മണൽകുഴിച്ചാൽ കിട്ടുന്ന വെള്ളത്തിനുകൊതിച്ചു് എത്രയോ ദൂരത്തുള്ള ഗ്രാമങ്ങളിൽ നിന്നുമാണു് സ്ത്രീകൾ കുടവും കൊണ്ടുവന്നു് ഉച്ചസമയം മുഴവൻ ബുദ്ധിമുട്ടി മണ്ണുമാന്തിക്കുഴിച്ചു് അരക്കുടം മണ്ണും ചെളിയുംകലങ്ങിയവെള്ളം കോരിയെടുത്തുംകൊണ്ടുപോകുന്നതു്.

എന്നാൽ ആ നദി—സ്ഥലത്തെ പേരു് മിഛരിനദി—ഞങ്ങൾക്കു് ഒരുകാര്യത്തിനും ഉപകരിക്കുകയില്ല; കാരണം, ഞങ്ങളുടെ ജില്ലയിൽനിന്നും അതു് വളരെ ദൂരെയാണു്. കച്ചേരിയിലും വലിയ കിണറൊന്നുമില്ല. മണലിൽ കുഴിച്ചിട്ടുള്ള ഒരു കൊച്ചു് ഓലിയുണ്ടു്. അതിൽനിന്നും കുടിക്കാൻകൊള്ളാവുന്ന വെള്ളം കോരിയെടുക്കുന്നതു് ഒരു വിഷമപ്രശ്നമായിത്തീന്നു. മൂന്നുതൊട്ടിവെള്ളം എടുക്കുമ്പോഴേയ്ക്കും ഉച്ചതിരിയും.

ഉച്ചയ്ക്കു് പുറത്തിറങ്ങിനിന്നു്, താമ്രാഭപൂണ്ടു് അഗ്നിവഷിക്കുന്ന, ആകാശവും ഉണങ്ങിത്തുടങ്ങിയ ഝാബുകമരങ്ങളും നീണ്ടപുല്ലുംനിറഞ്ഞ വനംകണ്ടാൽ ഭയപ്പെട്ടുപോകും. നാലുഭാഗവും 'ആവൂ! ആവൂ!' എന്നു് ആളിക്കത്തുകയാണു്. അതോടുകൂടെ അഗ്നിതരംഗംപോലെ ചൂടുപിടിച്ച കാററു് സവ്വാംഗം പൊള്ളിച്ചുംകൊണ്ടു് അടിക്കുന്നുണ്ടു്. സൂര്യന്റെ ഈ രൂപം, മദ്ധ്യാഹ്നത്തിലെ വെയിലിന്റെ ഭയാനകമായ ഈ രുദ്രരൂപം, ഒരിക്കലും ഞാൻ കണ്ടിട്ടില്ല; വിഭാവന ചെയ്തിട്ടുപോലുമില്ല. ചില ദിവസങ്ങളിൽ പടിഞ്ഞാറുനിന്നും മണൽക്കാററടിക്കും. ഈ പ്രദേശത്തെല്ലാം മീനംമേടം മാസങ്ങളിൽ പടിഞ്ഞാറൻകാറ്റിന്റെ കാലമാണു്. കച്ചേരിയിൽനിന്നും ഒരു നൂറുഗജം അകലെയുള്ള സകലവസ്തുക്കളും കട്ടിയായ മണലും പൊടിയുംകൊണ്ടു് മൂടിയിരിക്കും.

ഒരുദിവസം ഉച്ചതിരിഞ്ഞു് രാമധനിയാടഹൽദാർ വന്നു് പറഞ്ഞു: "കിണററിൽ വെള്ളമില്ലങ്ങുന്നേ!" ഓരോ ദിവസവും കുറെ മണിക്കൂർനേരം കുഴിച്ചുകുഴിച്ചു മണലിൽനിന്നും അരത്തൊട്ടി ചെളിവെള്ളം കോരിയെടുത്തു് കുളിക്കാനായി എന്റെ മുമ്പിൽ കൊണ്ടുവന്നുവയ്ക്കും. ആ ഭയങ്കരമായ വേനൽക്കാലത്തു് അതുതന്നെ അപ്പോൾ അമൂല്യമാണു്.

ഒരുദിവസം ഉച്ചതിരിഞ്ഞു് കച്ചേരിയുടെ പുറകിലുള്ള ഒരു കടുക്കാമരത്തിന്റെ കീഴിൽ ഒരു ചെറിയ തണലിൽ നില്ക്കുകയാണു്. പെട്ടെന്നു് നാലുപാടും കണ്ണോടിച്ചപ്പോൾ എനിക്കുതോന്നി മദ്ധ്യാഹ്നത്തിന്റെ ഈ രൂപം ഞാൻ ഒരിക്കലും കണ്ടിട്ടില്ലെന്നു്; ഈ സ്ഥലത്തുനിന്നും മാറിയാൽ മറ്റൊരിടത്തും കാണുകയില്ലെന്നു്. ജനിച്ചതുമുതൽ ബംഗാളത്തെ മദ്ധ്യാഹ്നം ഞാൻ കണ്ടിട്ടുണ്ടു്—ഇടവമാസത്തെ എരിയുന്ന

വെയിലുള്ള മദ്ധ്യാഹ്നം ഞാൻ കണ്ടിട്ടുണ്ടു്—എന്നാൽ ഈ രുദ്രരൂപം അതിനില്ല. ഈ ഭൈരവരൂപം എന്നെ അത്ഭുത പരതന്ത്രനാക്കി. സൂര്യൻെറനേരേ ഞാൻ നോക്കിക്കണ്ടു, ഒരു ഭീമാകാരമായ അഗ്നികുണ്ഡം—ക്യാൽസിയം എരിഞ്ഞുകൊണ്ടിരിക്കുന്നു, ഹൈഡ്രജൻ എരിഞ്ഞുകൊണ്ടിരിക്കുന്നു, ഇരുമ്പു് എരിഞ്ഞുകൊണ്ടിരിക്കുന്നു, നിക്കൽ എരിഞ്ഞുകൊണ്ടിരിക്കുന്നു, കൊബാൾട്ടു് എരിഞ്ഞുകൊണ്ടിരിക്കുന്നു—ജ്ഞാതവും അജ്ഞാതവും ആയ നൂറുനൂറുതരത്തിലുള്ള ഗ്യാസ്സും ധാതുക്കളും ഒരുകോടിയോജന വ്യാസമുള്ള ചുട്ടുപഴുത്ത ഫർണസിൽ ഒരുമിച്ചു് എരിഞ്ഞുകൊണ്ടിരിക്കുന്നു—അതിലെ കത്തിയെരിയുന്ന അനലവീചികൾ അനന്തശൂന്യമായ ഈതർസ്കരം ഭേദിച്ചു്, ഫുൽകിയാബയിഹാരം, ലോധായിടോലാ എന്നീ തൃണഭൂമിയിലെ വിസ്തൃതമായ വനത്തിൽ വന്നുപററി ഓരോ പുൽക്കൊടിയുടെയും സിരോപസിരകളിലെ രസംമുഴുവൻ വററിച്ചു് ചുട്ടുകട്ടയാക്കി ദിഗന്തംചുട്ടുകരിക്കാൻ തുടങ്ങിയിരിക്കുന്ന ധ്വംസനകാരിയായ ഒരു താണ്ഡവലീല. നോക്കിയപ്പോൾ കാണായി, ദൂരെദ്ദൂരെയായി പുൽത്തകിടിയിൽ സർവ്വത്ര വിറയൽകൊള്ളുന്ന താപതരംഗങ്ങൾ, അതിനപ്പുറത്തായി താപജനിതമായ ഒരു അസ്പഷ്ടകുഹേളിക! ഗ്രീഷ്മകാലത്തെ മദ്ധ്യാഹ്നത്തിൽ ഒരിക്കലും ഇവിടെ ആകാശം നീലനിറമായി കണ്ടിട്ടില്ല—താമ്രാഭ, പിംഗളവർണ്ണം—ശൂന്യം, കുരുവിമുതൽ കഴുകൻവരെയുള്ള ഒരുപക്ഷിപോലും ഇല്ല—പറവകൾ നാട്ടുവിട്ടു പറന്നുപോയിക്കഴിഞ്ഞു. എന്തൊരു അത്ഭുതസൗന്ദര്യമാണു് ഈ മദ്ധ്യാഹ്നത്തിൽ വികസിച്ചു നില്ക്കുന്നതു്! ആ കൊടിയതാപം അവഗണിച്ചുംകൊണ്ടു് ഞാൻ ആ കട്ടക്കാമരത്തിൻെറ ചുവട്ടിൽത്തന്നെ വളരെനേരം നിലകൊണ്ടു. സഹാറാ കണ്ടിട്ടില്ല, സേവൻഹെഡിൻെറ വിഖ്യാതമായ 'ടാക്ലാമാകാൻ' മരുഭൂമി കണ്ടിട്ടില്ല, ഗോബി കണ്ടിട്ടില്ല; എന്നാൽ ഇവിടുത്തെ ഈ മദ്ധ്യാഹ്നത്തിൽ ദൃശ്യമാകുന്ന രുദ്രഭൈരവരൂപത്തിൽ ഈ എല്ലാ സ്ഥലങ്ങളുടെയും അസ്പഷ്ടമായ ആഭാസം നിഴലിച്ചിട്ടുണ്ടു്.

കച്ചേരിയിൽനിന്നും മൂന്നുമൈൽ അകലെയായി വനത്താൽ ചുററപ്പെട്ട ഒരു തടാകത്തിൽ സാമാന്യം വെള്ളവും

അതിൽ കഴിഞ്ഞമഴക്കാലത്തു് വളരെമത്സ്യവും ഉണ്ടായിരുന്നതായി കേട്ടിരുന്നു. വളരെ ആഴമുള്ളതുകൊണ്ടു് ഈ അനാവൃഷ്ടികാലത്തും അതിലെവെള്ളം നിശ്ശേഷം വററിപ്പോയിട്ടില്ല. എന്നാൽ ആ ജലം ആരും ഒന്നിനും ഉപയോഗിക്കാറില്ല—ഒന്നാമതു് അതിനടുത്തെങ്ങും വളരെ ദൂരംവരെ വസതികളൊന്നുംതന്നെ ഇല്ല. രണ്ടാമതു്, വെള്ളത്തിലും തീരഭൂമിയിലും അരയററം ചേറു് കെട്ടിക്കിടപ്പുണ്ടു്. കുടത്തിൽ വെള്ളം നിറച്ചിട്ടു് പിന്നെ കരയ്ക്കുകയറാമെന്നു് വളരെയൊന്നും ആശിക്കണ്ടാ. മറ്റൊരു കാരണംകൂടിയുണ്ടു്, വെള്ളം അത്ര നല്ലതല്ല—കുളിക്കാനും കുടിക്കാനും തീരെ കൊള്ളുകയില്ല. വെള്ളത്തിൽ എന്തൊ കലർന്നിട്ടുണ്ടെന്നറിഞ്ഞുകൂടാ—പക്ഷേ, എന്തോ ഒരു ലോഹജനിതമായ ദുർഗ്ഗന്ധമുണ്ടു്.

ഒരുദിവസം സന്ധ്യയ്ക്കു് പടിഞ്ഞാറൻകാററും ചൂടും കുറഞ്ഞുവന്നപ്പോൾ കുതിരപ്പുറത്തുകയറി ഈ തടാകത്തിൻെറ പാർശ്വത്തിലുള്ള ഉയരമുള്ള മണൽക്കുന്നിലും ഝാബുകക്കാട്ടിലുംകൂടിയുള്ള വഴിയിൽ എത്തിച്ചേൻ്നു. പിമ്പിൽ ആ ഗ്രാന്റ് സാഹിബ്വടവൃക്ഷത്തിന്റെ മറവിൽ സൂര്യൻ അസ്തമിക്കാൻ പോവുകയായിരുന്നു. കച്ചേരിയിലാവശ്യമുള്ള വെള്ളം കുറച്ചു് ലാഭിക്കാൻവേണ്ടി കുതിരയ്ക്കു് വെള്ളം കൊടുക്കാമെന്നുവച്ചാണു് അതിനെ ഇങ്ങോട്ടു കൊണ്ടുവന്നതു്. ചേറു് എത്രയുണ്ടെങ്കിലും കുതിര ശരിക്കു കരയ്ക്കു കയറുമെന്നു് വിചാരിച്ചുപോയി. കാടുകടന്നു് തടാകത്തിൻെറ കരയിലെത്തിയപ്പോൾ അത്ഭുതകരമായ ഒരു കാഴ്ചയാണു് കാണാനിടയായതു്. തടാകത്തിനു് നാലുവശത്തുമുള്ള ചേറിനുമുകളിൽ ചെറുതും വലുതുമായ,എട്ടുപത്തു പാമ്പുകൾ; വേറൊരു ഭാഗത്തു് ഭീമാകാരങ്ങളായ മൂന്നു കാട്ടുപോത്തുകൾ ഒരു കൂട്ടമായി വെള്ളംകുടിച്ചുകൊണ്ടു നിൽക്കുന്നു. ആ പാമ്പെല്ലാം വിഷമുള്ളവയാണു്; കരിമൂർക്കൻ, വെള്ളിക്കെട്ടൻ എന്നീ ജാതികളിൽപ്പെട്ടവ; ഈ നാട്ടിൽ സാധാരണ കാണാറുള്ളവതന്നെ.

പോത്തിനെ കണ്ടിട്ടുതോന്നി, ഈ ജാതിയിലുള്ള പോത്തിനെ മുമ്പൊരിക്കലും കണ്ടിട്ടില്ലെന്നു്. ഭീമാകാരമായ കൊമ്പു്, ശരീരമാസകലം നീണ്ട രോമം, തടിച്ചുകൊഴുത്ത ശരീരം; അടുത്തെങ്ങും ഒരു വസതിയോ കന്നിൻതൊഴുത്തോ ഇല്ല.

പിന്നെ ഈ പോത്തു് എവിടെനിന്നും വന്നു എന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഒരുപക്ഷേ, മേച്ചിൽകരം കൊടുക്കാതെ കഴിക്കാൻവേണ്ടി കാട്ടിനുള്ളിലെങ്ങാനും ആരെങ്കിലും രഹസ്യമായി കന്നിൻതൊഴുത്തുകെട്ടി താമസിക്കുന്നുണ്ടാവാം. കച്ചേരിക്കടുത്തുവന്നപ്പോൾ മുനേശ്വരസിംഹനെ കണ്ടു. സംഭവം പറഞ്ഞപ്പോൾ അയാൾ അത്ഭുതപ്പെട്ടുപോയി. അയാൾ പറഞ്ഞു: "എടാ നാശമെ! ഇപ്പറഞ്ഞതു് എന്തോന്നാ അങ്ങുന്നെ! ഭഗവാൻ ഹനുമാനാണു് ഇന്നങ്ങുന്നിനെ രക്ഷിച്ചതു്. അതു് വളത്തുന്ന പോത്തല്ല; കാട്ടുപോത്താണു്, അങ്ങുന്നെ! മോഹനപുരവനത്തിൽനിന്നും വന്നതാണു് വെള്ളംകുടിക്കാൻ. ആ പ്രദേശത്തെങ്ങും വെള്ളമില്ലത്രെ, ജലക്ഷാമം ബാധിച്ചിരിക്കുകയാണു്."

കച്ചേരിയിൽ അപ്പോൾത്തന്നെ ഈ വത്തമാനം പരന്നു കഴിഞ്ഞു. അവരെല്ലാവരും ഒരേ അഭിപ്രായം പറഞ്ഞു. "ഹൊ! ഈശ്വരകാരുണ്യത്താൽ അങ്ങത്തേയ്ക്കു രക്ഷകിട്ടി. കടുവായുടെ കൈയിലകപ്പെട്ടാൽ പിന്നേം രക്ഷകിട്ടും, കാട്ടുപോത്തിൻെറ മുൻപിൽപ്പെട്ടുപോയാൽ പിന്നെ നോക്കണ്ടാ; രക്ഷയില്ല. മാത്രമല്ല, ഈ സന്ധ്യാസമയത്തു് ആ നിജ്ജനസ്ഥാനത്തുവച്ചു് അവ അങ്ങുന്നിനെ ഒന്നു് ഓടിച്ചുപോയാൽപ്പിന്നെ കുതിരയെ ഓടിച്ചു രക്ഷനേടാൻ സാദ്ധ്യമല്ല അങ്ങുന്നേ!"

വനത്താൽ വലയംചെയ്യപ്പെട്ട ആ ചെറിയ തടാകം വന്യമൃഗങ്ങൾ വെള്ളംകുടിക്കുന്ന ഒരു സങ്കേതമായിത്തീന്നു. അനാവൃഷ്ടി നീണ്ടുനില്ക്കാൻതുടങ്ങി; ക്രമേണ വളന്നുവന്ന ചൂടിൻെറ കാഠിന്യംകൊണ്ടു് കാട്ടുതീ പ്രചണ്ഡമായിത്തുടങ്ങി. കാട്ടിനുള്ളിലെ ആ തടാകത്തിൽനിന്നു് കടുവാ, കാട്ടുപോത്തു്, മാൻകൂട്ടം എന്നിങ്ങനെയുള്ള വന്യമൃഗങ്ങൾ വെള്ളംകുടിച്ചുകൊണ്ടിരിക്കുന്നതായി പലരും കണ്ടതായ വാത്ത അടിക്കടി വന്നുകൊണ്ടിരുന്നു. കലമാൻകൂട്ടവും കാട്ടുപന്നിയും ഉണ്ടെന്നുള്ളതു പ്രത്യേകിച്ചു പറയണ്ടല്ലൊ. കാരണം, ഈ രണ്ടുവക വന്യമൃഗങ്ങൾ ഈ കാട്ടിൽ വളരെക്കൂടുതലായിട്ടുണ്ടു്. ഞാൻ തന്നെ പിന്നൊരുദിവസം നിലാവുള്ള രാത്രിയിൽ ശിക്കാറിനായി തടാകതീരത്തേയ്ക്കുപോയി. കൂടെ മൂന്നാലു ശിപായിമാർ ഉണ്ടായിരുന്നു—രണ്ടുമൂന്നു തോക്കുമുണ്ടായിരുന്നു. ആ

രാത്രിയിൽ കണ്ട കാഴ്ച ജീവിതത്തിൽ മറക്കാവുന്നതല്ല. അതു മനസ്സിലാക്കണമെങ്കിൽ കല്പനാശക്തി ഉപയോഗിച്ച്, നിലാവുള്ള ഒരു രാത്രിയുടെയും വിജനവും വിശാലവും ആയ മൈതാനപ്രദേശത്തിൻെറയും ചിത്രംവരച്ചേട്ടക്കണം. മാത്രം പോരാ, കുറച്ചുകൂടി വിഭാവനചെയ്തുനോക്കണം. വനഭൂമിയിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്ന ഒരു നിസ്തബ്ധതയെ; എന്നാലും അനുഭവജ്ഞാനമില്ലെങ്കിൽ ആ നിസ്തബ്ധതയെ വിഭാവനചെയ്യാൻ മിക്കവാറും അസാദ്ധ്യമാണ്.

പാതിയുമുണങ്ങിയ കാശത്തണ്ടുകളുടെ ഗന്ധംകൊണ്ടു ചൂട്ടുകാററു് നിർഭരമായിത്തീന്നിട്ടുണ്ട്. മനുഷ്യവസതികളിൽ നിന്നും വളരെദൂരം പോന്നതുകൊണ്ട് എനിക്കു ദിഗ്ഭ്രമം ഉണ്ടായിപ്പോയി.

തടാകത്തിൽ ഒരു ഭാഗത്തു് രണ്ടു കലമാനും മറെറാരു ഭാഗത്തു് രണ്ടു ഹൈനായും മിക്കവാറും നിശ്ശബ്ദമായിത്തന്നെ വെള്ളംകുടിച്ചുകൊണ്ടു നില്ക്കുന്നു. കലമാൻ ഹൈനായുടെനേരെ ഒന്നുരണ്ടുപ്രാവശ്യം നോക്കി, ഹൈനായും തിരിച്ചൊന്നു നോക്കി—രണ്ടുകൂട്ടരുടെയും ഇടയ്ക്കായി, രണ്ടുമൂന്നുമാസം പ്രായംവരുന്ന ഒരു മാൻകിടാവു്! ഇത്ര ദയനീയമായ ഒരു കാഴ്ച ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഇതു കണ്ടിട്ട്, ദാഹംകൊണ്ട് ആർത്തിപിടിച്ച വന്യജന്തുക്കളുടെ നിരുപദ്രവമായ ശരീരത്തിൽ നിഷ്ഠുരണമായി വെടിയുണ്ട ഏൽപ്പിക്കാൻ ഞാൻ തുനിഞ്ഞില്ല.

മേടമാസവും കടന്നുപോയി. ഒരുതുള്ളി വെള്ളമില്ല ഒരിടത്തും. ഒരു വിപത്തു് എനിക്കു് അഭിമുഖീകരിക്കേണ്ടതായി വന്നു. ഈ അതിവിശാലമായ വനപ്രാന്തരത്തിൽ ചിലപ്പോഴെല്ലാം ചിലക്കു ദിഗ്ഭ്രമമുണ്ടായി ഇതിനുമുമ്പും വഴിതെററിപ്പോയിട്ടുണ്ട്—ഇപ്പോഴാകട്ടേ ഇങ്ങനെ വഴിതെററിപ്പോകാവുന്ന യാത്രക്കാക്കു്, വെള്ളമില്ലാത്തതുകൊണ്ട്, പ്രാണഹാനിയുണ്ടാകുമെന്ന ആശങ്കയുണ്ടാകാതെ തരമില്ല. കാരണം, ഫുൽകിയാബയിഹാരം മുതൽ ഗ്രാൻറ്സാഹിബ്വടവൃക്ഷം വരെയുള്ള അതിവിസ്തൃതമായ പുൽത്തകിടിയിൽ ഒരിടത്തും തുള്ളിവെള്ളംപോലും ഇല്ല. എവിടെയെങ്കിലും മിക്കവാറും

വററിവരണ്ട വല്ല തടാകവും ഉണ്ടെങ്കിൽത്തന്നെ അതിനെപ്പറ്റി അറിവില്ലാത്ത പഥികക്കു് ദിഗ്ഭ്രമത്തിനിടസ്സു് അതെല്ലാം കണ്ടുപിടിക്കാൻ എളുപ്പവുമല്ല. ഒരുദിവസത്തെ സംഭവം പറയാം.

## നാലു്

അന്നു വൈകുന്നേരം നാലുമണിക്കു് കടുത്ത ചൂടുകാരണം ജോലിയിൽ ശ്രദ്ധപതിപ്പിക്കാൻ കഴിയാതെ ഒരു പുസ്തകം എടുത്തു വായിച്ചുകൊണ്ടിരുന്നു. അപ്പോൾ രാമബിരിശസിംഹൻ വന്നു് അറിയിച്ചു, കച്ചേരിക്കു പടിഞ്ഞാറുഭാഗത്തെ കുന്നിൻെറമുകളിൽ ഏതോ ഒരു അത്ഭുതജാതിയിലുള്ള ഭ്രാന്തനെ കണ്ടിരിക്കുന്നു എന്നും അയാൾ കൈകാലുകളിളക്കി എന്തൊക്കയോ പുലമ്പിക്കൊണ്ടിരിക്കുന്നു എന്നും; ഞാൻ പുറത്തേയ്ക്കിറങ്ങിനോക്കി. പരമാത്ഥത്തിൽ ദൂരെയുള്ള ആ കുന്നിൻെറമുകളിൽ ആരോ ഒരാൾ നില്ക്കുന്നതായി കാണായി—കുടിയനെപ്പോലെ വേച്ചുവേച്ചു് അയാൾ ഇങ്ങോട്ടുവരുന്നതായി എനിക്കുതോന്നി. കച്ചേരിയിലുള്ളവരെല്ലാം സ്തബ്ധരായി അങ്ങോട്ടു നോക്കിനില്ക്കുന്നതായി കണ്ടിട്ടു് അയാളെ കൂട്ടിക്കൊണ്ടുവരാൻ രണ്ടു ശിപായിമാരെ ഞാൻ അയച്ചു.

അയാളെ കൊണ്ടുവന്നു. ഉടുപ്പിട്ടിട്ടില്ല, വെളുത്ത ഒരു ദോത്തി ഉടുത്തിട്ടുണ്ടു്, നല്ല ശരീരം, വെളുത്തനിറം, എന്നാൽ മുഖത്തിൻെറ ആകൃതി അതിഭീഷണമാണു്. അധരകോണങ്ങളിൽക്കൂടി പത ഒഴുകിക്കൊണ്ടിരിക്കുന്നു; കണ്ണു രണ്ടും ജവാകുസുമംപോലെ ചുവന്നിരിക്കുന്നു; ഭ്രാന്തൻെറ നോട്ടം. എന്റെ മുറിയുടെ വരാന്തയിൽ ഒരു തൊട്ടിയിൽ വെള്ളം ഇരിപ്പുണ്ടായിരുന്നു—അതു കണ്ടിട്ടു് അയാൾ ഭ്രാന്തനെപ്പോലെ തൊട്ടിയുടെ അടുക്കലേയ്ക്കു് ഓടി. മുനേശ്വരസിംഹൻ കണ്ടു് കാര്യം മനസ്സിലാക്കീട്ടു് പെട്ടെന്നു് തൊട്ടിയെടുത്തു മാറ്റിക്കളഞ്ഞു. അനന്തരം അയാളെ ഇരുത്തിയിട്ടു് വായ് പൊളിച്ചുനോക്കി, അയാളുടെ നാക്കു് നീരുവന്നുവീത്തു ബീഭത്സമായിത്തീന്നിരിക്കുന്നതായി കണ്ടു. വളരെ പ്രയാസപ്പെട്ടു് നാക്കു് ഒരുവശത്തേയ്ക്കു

മാററിയിട്ട് വെള്ളം കുറേശ്ശക്കുറേശ്ശയായി ഒഴിച്ചുകൊടുത്തു. അരമണിക്കൂർകൊണ്ടു് അയാൾക്കു് ഏതാണ്ടൊരു് ആശ്വാസം കിട്ടി. കച്ചേരിയിൽ നാരങ്ങയുണ്ടായിരുന്നു. നാരങ്ങാനീരു് ചൂടുവെള്ളവും ചേർത്തു് ഒരുഗ്ലാസ് അയാളെ കുടിപ്പിച്ചു; ക്രമേണ കുറച്ചുമണിക്കൂർകൊണ്ടു് അയാൾ സമ്പൂർണ്ണമായി സുഖം പ്രാപിച്ചു.

അയാളുടെ വീട്ടു് പാറ്റ്നായിലാണു്. ലാക്ഷാകൃഷി ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അയാൾ ഈ പ്രദേശത്തു് ബദരിക്കാട്ടു് അന്വേഷിക്കുന്നതിനായി പൂർണ്ണിയായിൽനിന്നും പുറപ്പെട്ടിട്ടു് ഇന്നു രണ്ടു ദിവസമായി. ഇന്നു് ഉച്ചയോടുകൂടി ഞങ്ങളുടെ എസ്റ്റേററിൽ പ്രവേശിച്ചു; അല്പം കഴിഞ്ഞു് ദിഗ്ഭ്രമം നേരിട്ടു; കാരണം, ഈ വിധത്തിൽ നാനാത്വമില്ലാതെ ഒരേജാതി വൃക്ഷഗുല്മലതാദികൾകൊണ്ടു നിറഞ്ഞ കാട്ടിൽ വഴിതെററിപ്പോകാൻ വളരെ എളുപ്പമാണു്; വിശേഷിച്ചു് വിദേശികളാണെങ്കിൽ. ഇന്നലത്തെ ഭീഷണമായ വെയിലും ചൂടുപിടിച്ച പടിഞ്ഞാറൻകാററും ഏററുകൊണ്ടു് വൈകുന്നേരംമുഴവൻ ചുററിക്കറങ്ങി. ഒരിടത്തും ഒരുതുള്ളി വെള്ളം കിട്ടിയില്ല. ഒരു മനുഷ്യനെപ്പോലും കണ്ടില്ല—രാത്രിയിൽ ക്ഷീണിച്ചുപരവശനായി ഒരു മരച്ചുവട്ടിൽ കിടന്നു. ഇന്നു രാവിലെമുതൽ പിന്നെയും ചുററിത്തിരിയാൻതുടങ്ങി. തല തണുത്തിരുന്നെങ്കിൽ സൂര്യനെ നോക്കി ദിക്കു നിർണ്ണയിക്കാൻ അയാൾക്കു് വലിയ വിഷമം ഉണ്ടാകുകയില്ലായിരുന്നിരിക്കാം. ഒന്നുമില്ലെങ്കിൽ പൂർണ്ണിയായിലേയ്ക്കു തിരിച്ചുപോകുകയെങ്കിലും ചെയ്യാമായിരുന്നു. എന്നാൽ ഭയംകൊണ്ടു് ദിക്കുതെററി അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കൊണ്ടിരുന്നു. ഇന്നു് ഉച്ചമുഴവൻ വളരെയുച്ചത്തിൽ വിളിച്ചുകൂവി ആരെയെങ്കിലും വിളിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, ആളെവിടെ? ഫുൽകിയാബയിഹാരത്തെ ബദരിക്കാട്ടുമുതൽ ലബ്ടുലിയാവരെ പത്തുപന്ത്രണ്ടു ചതുരശ്രമൈൽ വ്യാപിച്ചുകിടക്കുന്ന വനപ്രാന്തരം ഒട്ടാകെ വിജനമായതുകൊണ്ടു് അയാളുടെ അലച്ച് ആരും കേൾക്കാഞ്ഞതു് അത്ഭുതമല്ല. അയാൾക്കു് ഭയം ഉണ്ടാകാൻ മറ്റൊരുകാരണംകൂടി ഉണ്ടായി. കാട്ടിനുള്ളിൽവെച്ചു് അയാളെ ഭൂതപ്രേതങ്ങൾ ബാധിച്ചിട്ടുണ്ടെന്നും — അവർ അയാളെ

കൊല്ലാതെവിടുകയില്ലെന്നും അയാൾ ഭയപ്പെട്ടുപോയി. അയാൾ ഒരു ഉട്ടപ്പിട്ടിട്ടുണ്ടായിരുന്നു; എന്നാൽ ഇന്നു് അസഹ്യമായ ദാഹംപെരുത്തു് ഉച്ചതിരിഞ്ഞപ്പോൾ ദേഹം നീറാൻതുടങ്ങി. ഉടൻ ഉട്ടപ്പൂരി അയാൾ എവിടെയോ എറിഞ്ഞുകളഞ്ഞു. ഈ നിലയിലായപ്പോൾ ദൈവഗത്യാ ഞങ്ങളുടെ കച്ചേരിയിലെ ഹനുമദ്ധ്വജത്തിന്മേലുള്ള ചുവന്നകൊടി ദൂരെനിന്നും അയാളുടെ കണ്ണിൽപ്പെട്ടു. ഇല്ലായിരുന്നെങ്കിൽ അയാൾ ഇന്നു് ഭയങ്കരമായി മരണമടയുമായിരുന്നു.

അതികഠിനമായ ചൂടും ജലക്ഷാമവും ബാധിച്ച ഇക്കാലത്തു് ഒരുദിവസം നട്ടുച്ചക്കു് അറിവുകിട്ടി, നിരൃതികോണിൽ ഒരുമൈൽ അപ്പുറത്തുള്ള വനത്തിൽ ഭയങ്കരമായ അഗ്നിബാധയുണ്ടായിരിക്കുന്നതായും തീയു് കച്ചേരിയുടെനേക്കു് പാഞ്ഞുവന്നുകൊണ്ടിരിക്കുന്നതായും. പെട്ടെന്നു് എല്ലാവരുംകൂടി പുറത്തേയ്ക്കു് ഇറങ്ങിനോക്കിയപ്പോൾ കാണായി വമ്പിച്ച ധൂമപടലത്തോടൊത്തു് അരുണവർണ്ണംകലന്ന അഗ്നിശിഖ ആന്ദോളനംചെയ്തുകൊണ്ടു് മാനംമുട്ടെ ഉയരുന്നതു്! അന്നു വീണ്ടും ദാരുണമായ പടിഞ്ഞാറൻകാററു് വീശിക്കൊണ്ടിരുന്നു. അതിദീർഘങ്ങളായ തൃണരാശിയും ഝാബുകതരുക്കളും ചേൎന്നു് തിങ്ങിവളൎന്നുനിന്നിരുന്ന വനം വാടിക്കരിഞ്ഞു് വെടിമരുന്നുപോലെ ആയിത്തീൎന്നിരിക്കയാണു്. ഓരോ തീപ്പൊരിയും വീഴുന്നമാത്രയിൽ ഇടതൂൎന്നുനിന്ന കാട്ടു് കത്തിക്കാളി ഉയരുകയാണു്. ആ ദിക്കിൽ നോട്ടമെത്തുന്നിടത്തെല്ലാം ഘനനീലവൎണ്ണം കലന്ന ധൂമരാശിയും അഗ്നിശിഖയും—'ചടചടാ' ശബ്ദവും; കാററിൻെറ മുഖത്തു് പടിഞ്ഞാറുനിന്നും കിഴക്കോട്ടു് വളഞ്ഞുനിൽക്കുന്ന അഗ്നിശിഖ പോസ്ററുവണ്ടിയുടെ വേഗത്തിൽ ഞങ്ങളുടെ വയ്ക്കോൽപ്പുരകളുടെനേക്കു് ഓടിവരികയാണു്. സകലരുടേയും മുഖം വാടിക്കരിഞ്ഞുപോയി. ഇവിടെ ഇരുന്നാൽ ഉടനടി സമ്പൂൎണ്ണമായി അഗ്നിവലയത്തിൽ കുടുങ്ങി കണ്ണുകാണാതെ മരിക്കേണ്ടിവരും. കാട്ടുതീ വന്നുകഴിഞ്ഞല്ലൊ!

ആലോചിക്കാനുള്ള സമയമില്ല. കച്ചേരിറിക്കാൎഡുകൾ, നീക്കിയിരിപ്പു രൂപാ, എസ്റ്റേററുപ്ലാൻ ഇതെല്ലാം ഉണ്ടായിരുന്നു. ഇതുകൂടാതെ ഞങ്ങളുടെ ഓരോരുത്തരുടെയും സാധനങ്ങൾ. ഇതെല്ലാം നശിക്കണമെന്നോ! ശിപായിമാർ വാടിയ

മുഖത്തോടെ ഭീതസ്വരത്തിൽ പറഞ്ഞു: "തീ ഇങ്ങു വന്നുക ഴിഞ്ഞതങ്ങുന്നേ!" ഞാൻ പറഞ്ഞു: "എല്ലാം പുറത്തേക്കെടുക്കുക, സക്കാർവക രൂപായും റിക്കാർഡുകളും ആദ്യമാദ്യം."

കുറേ ആളുകൾ ഒരുമിച്ചുചേർന്നു, കച്ചേരിക്കും കാട്ടുതീയ്ക്കും ഇടയ്ക്കുള്ള കാട്ട് കഴിയുന്നിടത്തോളം വെട്ടിത്തെളിക്കാനായി. കാട്ടിനുള്ളിലെ ഗോശാലകൾക്കു തീപിടിക്കുന്നതു കണ്ടു് കന്നാലിക്കാരായ പത്തിരുപതു കുടിയാനവന്മാർ കച്ചേരി രക്ഷിക്കാൻ ഓടിയണഞ്ഞു; കാരണം, പടിഞ്ഞാറൻകാററിൻെറ വേഗം കണ്ടിട്ടു് അവക്കു മനസ്സിലാക്കാൻ കഴിഞ്ഞു, കച്ചേരി ഭയങ്കരമായ അപകടത്തിലാകാൻ പോകുകയാണെന്നു്.

എന്തൊരത്ഭുതകരമായ കാഴ്ച! കാട്ടുതകത്തുകൊണ്ടു് പടിഞ്ഞാറുനിന്നും കിഴക്കോട്ടു കലമാൻകൂട്ടം പ്രാണഭയംകൊണ്ടു് ഓടിക്കൊണ്ടിരിക്കുന്നു; കുറുക്കൻ ഓടുന്നു; ചെവിയും ഉയർത്തിപ്പിടിച്ചുംകൊണ്ടു് മുയൽ ഓടുന്നു; ഒരുകൂട്ടം കാട്ടുപന്നികൾ കുഞ്ഞുകുട്ടികളേയുംകൊണ്ടു് കച്ചേരിമുററത്തുകൂടെ ദിക്കറിയാതെ ഓടിപ്പോയി. ഈ പ്രദേശത്തെ തോട്ടത്തിൽനിന്നു് വളത്തുകന്നുകൾ കൂട്ടംപിരിഞ്ഞു് പ്രാണൻകളഞ്ഞു് ഓടിക്കൊണ്ടിരിക്കുന്നു. ഒരുകൂട്ടം കാട്ടുതത്തകൾ 'ശ്ശൂ!' എന്നു തലയ്ക്കുമീതെ പറന്നുപോയി, ഒന്നിനുപുറകെ ഒന്നായി ഒരുകൂട്ടം അരുണഹംസങ്ങളും. രാമബ്രിരിശസിംഹടാകലാദാർ അത്ഭുതപരവശനായിപ്പറഞ്ഞു: "വെള്ളം ഒരിടത്തും ഇല്ലല്ലോ...പിന്നെ ഈ അരുണഹംസക്കൂട്ടം എവിടെനിന്നും വന്നെടൊ രാമലഗ്നാ?" ഗോഷ്ഠക്ലാക്കു് അസഹിഷ്ണുവായിപ്പറഞ്ഞു: "എടോ മിണ്ടാതിരിക്കെടൊ, പ്രാണൻകളഞ്ഞു ജോലിചെയ്യുമ്പോൾ അരുണഹംസം എവിടെനിന്നുവന്നു എന്നുള്ളതിനു് സമാധാനം കാണണം അല്ലേ? അതിൻെറ ആവശ്യം?"

കാട്ടുതീ ഇരുപത്തുമിന്നിട്ടിനകം വന്നുകഴിഞ്ഞു. അതിനുശേഷം പത്തുപതിനഞ്ചാളുകൾ ഒരുമിച്ചുചേർന്നു് ഏതാണ്ടു് ഒരുമണിക്കൂർനേരം അഗ്നിയുമായി സമരംചെയ്തു, ഭയങ്കരമായ യുദ്ധം. വെള്ളം ഒരിടത്തുമില്ല—ഉണങ്ങിത്തുടങ്ങിയ മരക്കൊമ്പുകളും മണലും മാത്രമാണു് ആയുധം. സകലരുടേയും മുഖവും കണ്ണും അഗ്നിയുടെയും വെയിലിൻെറയും ചൂടുകൊണ്ടു് രാക്ഷസൻെറ മുഖംപോലെ അതിഭീഷണമായിച്ചമഞ്ഞു. സവ്വാംഗം

ചാമ്പലും കരിയും, കൈകളിലെ സിരകൾ പൊള്ളലേററു യന്ത്രങ്ങളും—സകലരുടെയും ഉടലും കൈയും പൊള്ളിക്കരിഞ്ഞു—കച്ചേരിയിലെ സകല സാധനങ്ങളും ബോക്സു്, കട്ടിൽ, ഡ്രായർ, അലമാരി ഇതെല്ലാം അപ്പഴേയ്ക്കു് മുററത്തേയ്ക്കു വലിച്ചെറിഞ്ഞപടി അവിടവിടെ കിടക്കുന്നതേയുള്ളു. എവിടെ ഇരുന്നസാധനം എവിടെപ്പോയി? അതിൻെറ കണക്കു് ആരുടെകൈവശമാണു്? എന്നൊന്നും ഒരു നിശ്ചയവുമില്ല. ക്ലാക്കു ബാബുവിനോടു ഞാൻ പറഞ്ഞു: "ക്യാഷ് അങ്ങയുടെപക്കൽ ഇരിക്കട്ടെ, റിക്കാർഡുബോക്സും."

കച്ചേരിമുററത്തും വെട്ടിത്തെളിച്ച സ്ഥലത്തും പ്രതിരോധിക്കപ്പെട്ടിട്ടു് അഗ്നിപ്രവാഹം നിമിഷത്തിനുള്ളിൽ വടക്കും തെക്കും ഉള്ള അരികിൽക്കൂടി കിഴക്കോട്ടൊഴുകിപ്പോയി. ഈ യാത്രകൊണ്ടു് കച്ചേരിക്കു് ഒരുതരത്തിൽ രക്ഷകിട്ടി. സാമാനങ്ങൾ പിന്നെയും അകത്തെടുത്തിട്ടു. എന്നാലും ബഹുദൂരത്തിൽ പൂർവ്വാകാശം ചുവപ്പിച്ചുകൊണ്ടു് രാത്രിമുഴവൻ ജ്വലിച്ചുജ്വലിച്ചു് പ്രഭാതമായപ്പോഴേയ്ക്കും മോഹനപുരാറിസേർവ് ഫോറസ്റ്റിൻെറ അതിർത്തിയിൽച്ചെന്നെത്തി.

രണ്ടുമൂന്നുദിവസം കഴിഞ്ഞു് അറിവുകിട്ടി, കാരോ, കുശീ എന്നീ നദികളുടെ തീരത്തെ ചേറിൽ എട്ടുപത്തു കാട്ടുപോത്തും, രണ്ടു പുള്ളിപ്പുലിയും, കുറെ കലമാനും വീണുപുതഞ്ഞു കിടക്കുന്നുവെന്നു്. ഇവ തീകണ്ടു പേടിച്ചു് മോഹനപുരാവനത്തിൽനിന്നും പ്രാണരക്ഷാർത്ഥം നദീതീരങ്ങളിൽക്കൂടി ഓടിയോടി ചെളിയിൽ വീണുപോയതാണു്—റിസേർവ്ഫോറസ്റ്റിൽനിന്നും കുശീ-കാരോനദീതീരത്തേയ്ക്കു്, ഏതാണ്ടു് എട്ടൊമ്പതുമൈൽ ദൂരമുണ്ടായിരുന്നെങ്കിലും.

# പരിച്ഛേദം നാല്

**ഒന്നു്**

മേടവും ഇടവവും കഴിഞ്ഞു് മിഥുനമായി. മിഥുനമാസം ആരംഭത്തിൽത്തന്നെയാണു് കച്ചേരിയിൽ പുണ്യാഹോത്സവം. ഈ ദേശത്തുള്ള ആളുകളെ വേണ്ടവണ്ണം കണ്ടു പരിചയപ്പെട്ടിട്ടില്ലാത്തതുകൊണ്ടു് പുണ്യാഹദിവസം വളരെപ്പേരെ കച്ചേരിയിൽ ക്ഷണിച്ചുവരുത്തി ഒരു സദ്യ കൊടുക്കണമെന്നു് എനിക്കൊരാഗ്രഹമുണ്ടായി. അടുത്തു് ഗ്രാമങ്ങളൊന്നും ഇല്ലാതിരുന്നതുകൊണ്ടു് ഗനോരീതേവാരിയെ അയച്ചു്, ദൂരെ ദൂരെയുള്ള ഗ്രാമങ്ങളിലെ ആളുകളെ ക്ഷണിച്ചു. പുണ്യാഹത്തിൻെറ തലേദിവസംമുതൽ ആകാശം മേഘച്ഛന്നമായി, മഴ ചാറാൻതുടങ്ങി; പുണ്യാഹദിവസം ആകാശം പൊട്ടിവീണപോലെ മഴപെയ്തു. മദ്ധ്യാഹ്നം ആയി ആയില്ല എന്നായപ്പോൾമുതൽ ആളുകൾ കൂട്ടംകൂട്ടമായി സദ്യയുണ്ണാനുള്ള ആർത്തിപെരുത്തു്, തകർത്തുവച്ചു പെയ്യുന്ന മഴ കൂട്ടാക്കാതെ, കച്ചേരിയിൽ വന്നു കൂടിത്തുടങ്ങി. അവരെ ഇരുത്തുന്നകാര്യത്തിൽ വൈഷമ്യം നേരിട്ടു. ആളുകളുടെ കൂട്ടത്തിൽ സ്ത്രീകളും കുട്ടികളും വളരെപ്പേരുണ്ടായിരുന്നു. അവരെ കച്ചേരിയാഫീസുമുറിയിൽ ഇരുത്താൻ ഏർപ്പാടുചെയ്തു. പുരുഷന്മാരെ വേറെയിടം ഉണ്ടായിരുന്നിടത്തെല്ലാം ഇരുത്തി.

ഈ നാട്ടിലെ ആളുകൾക്കു് ഭക്ഷണംകൊടുക്കാൻ ഒരു വൈഷമ്യവും ഇല്ല. ഇത്ര ദരിദ്രമായ ഒരു ദേശം ഉണ്ടാകാമെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ബംഗാളം എത്രതന്നെ ദരിദ്രമായാലും ഇവിടുത്തെ സാധാരണക്കാരെ അപേക്ഷിച്ചു് അവരിൽ പലരും വളരെ സമ്പന്നരാണു്. ഇവർ തുമ്പിക്കൈകണക്കെപെയ്യുന്ന മഴ നനഞ്ഞുംകൊണ്ടു് ഇവിടെ വന്നതു് ചീനപ്പുല്ലരിയും പുളിച്ച തൈരും പാനിയും ലഡ്ഡുവും കഴിക്കാനാ

യിട്ടാണ്; കാരണം, ഇതൊക്കെയാണ് ഇവിടത്തെ സാധാരണ ആഹാരം.

പത്തുപന്ത്രണ്ടുവയസ്സു പ്രായംവരുന്ന അപരിചിതനായ ഒരു ബാലൻ രാവിലെമുതൽ പിടിപ്പതു ജോലിചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പാവപ്പെട്ട പയ്യൻ,—പേരു് ബിശ്രുയാ, ദൂരെ ഏതോ ദരിദ്രഗ്രാമത്തിൽനിന്നും വന്നതായിരിക്കണം. പത്തുമണിക്കു് അവനു കുറച്ചുവല്ലതും ആഹാരം വേണമെന്നു് ആവശ്യപ്പെട്ടു. കലവറക്കാരൻ ലബ്ടുലിയായിലെ പാർശ്വത്യകാരൻ ആയിരുന്നു. അയാൾ അവനു് ഒരുപിടി ചീനപ്പുല്ലരിയും അല്പം ഉപ്പും കൊണ്ടുവന്നുകൊടുത്തു.

ഞാൻ അടുത്തുതന്നെ നിൽക്കുകയായിരുന്നു. സുമുഖനായ പയ്യൻ—ശ്രീകൃഷ്ണഭഗവാൻെറ ശിലാവിഗ്രഹംപോലെ കറുകറാ കറുത്ത നിറം—കൊടുത്ത തുച്ഛമായ ആഹാരം അവൻ 'ചടുപിടാ'ന്നു മുഷിഞ്ഞതും പഴക്കംനും കട്ടിയുള്ളതും എട്ടുമുഴം നീളമുള്ളതും ആയ ഒരു അമേരിക്കൻതുണിയുടെ തുമ്പിൽ വാങ്ങിച്ചു. അപ്പോൾ അവന്റെ മുഖത്തുവിടന്ന ആനന്ദസമ്പൂർണ്ണമായ ആ പുഞ്ചിരി! എത്ര പാവപ്പെട്ടവനായിരുന്നാലും ഒരു ബംഗാളിബാലൻ ചീനപ്പുല്ലരി ഒരിക്കലും കഴിക്കുകയില്ല; ഇതിൽ ആനന്ദിക്കുന്ന കാര്യം പിന്നെ പറയുകേ വേണ്ടാ. കാരണം, ഒന്നു പരീക്ഷിച്ചുനോക്കാൻവേണ്ടി ഒരിക്കൽ ഞാൻ അതു് ഒന്നു രുചിച്ചുനോക്കി. അതു് സ്വാദുള്ള ഒരു ആഹാരസാധനമായി ഗണിക്കാൻ ഒരിക്കലും എനിക്കു സാദ്ധ്യമല്ലാ.

ആ വലിയ മഴയ്ക്കിടയിൽ എങ്ങനെയോ ബ്രാഹ്മണഭോജനം ഒരുതരത്തിൽ കലാശിപ്പിച്ചു. വൈകുന്നേരമായപ്പോൾ മൂന്നു സ്ത്രീകൾ കച്ചേരിമുററത്തു് വളരെ മുമ്പുമുതൽ തുള്ളിമുറിയാതെ പെയ്യുന്ന മഴമുഴവൻ ഏററു നനഞ്ഞൊലിച്ചു് ഇലയിട്ടുംകൊണ്ടു് ഇരിക്കുന്നതു കാണായി. കൂടെ രണ്ടു കൊച്ചുകുട്ടികളും ഉണ്ടായിരുന്നു. അവരുടെ ഇലയിൽ ചീനപ്പുല്ലരിയല്ലാതെ തൈരോ പാലോ ലഡ്ഡുവോ ഒന്നും ആരും വിളമ്പിയിരുന്നില്ല. അവർ വായുംപൊളിച്ചുംകൊണ്ടു് ആഫീസുമുറിയിലേയ്ക്കുതന്നെ നോക്കിയിരിക്കുകയാണു്. പാർശ്വത്യകാരനെ വിളിച്ചു ഞാൻ ചോദിച്ചു: "ഇവർക്കാരാ വിളമ്പിക്കൊടുത്തതു്?

ഇവരെന്തിനാ ഇരിക്കുന്നത്? ഇവരെ ഈ മഴയത്തു മുറ്റത്തിരുത്തിയതുതന്നെ ആരാണ്?"

പാർവ്വത്യകാർ പറഞ്ഞു: "അങ്ങുന്നേ, അവർ ജാതിയിൽ ദോഷാദരാണ്. അവരെ മുറിയുടെ വരാന്തയിൽ ഇരുത്തിയാൽ മുറിക്കകത്തുള്ള സാധനങ്ങളെല്ലാം ദൂരെക്കളയേണ്ടതായി വരും. ബ്രാഹ്മണരാരും, ക്ഷത്രിയായാലും ഗാങ്ങോതായായാലും, ആ സാധനം പിന്നെ കഴിക്കുകയില്ല. പിന്നെ വേറെ എവിടെ ഇരുത്താനാ ഇവരെ? അങ്ങുന്നൊന്നു പറഞ്ഞാട്ടെ."

ഈ പാവപ്പെട്ട ദോഷാദപ്പെണ്ണുങ്ങളുടെ മുമ്പിൽ ഞാൻ ചെന്ന് മഴനനഞ്ഞു നിൽക്കുന്നതു കണ്ടപ്പോൾ മററുള്ളവരും ബദ്ധപ്പെട്ട് ഓടിവന്ന് അവക്കു വിളമ്പാൻതുടങ്ങി. ചീനപ്പുല്ലരി, ഗുളം, പുളിച്ച മോര് ഇതെല്ലാം; ഓരോരുത്തരും എത്രത്തോളം കഴിച്ചു് എന്നു കണ്ടാലേ വിശ്വസിക്കാൻ കഴിയുകയുള്ളു. ഈ ഭക്ഷണം കഴിക്കുന്നതിലുള്ള ഇവരുടെ ആർത്തികണ്ടിട്ട് ഞാൻ നിശ്ചയിച്ചു, ഈ ദോഷാദപ്പെണ്ണുങ്ങളെ വിളിച്ചു വരുത്തി ഒരുദിവസം നല്ല ആഹാരം നല്ലവണ്ണം പാകംചെയ്തു കൊടുക്കണമെന്ന്. ഏതാനും ആഴ്ച കഴിഞ്ഞു പാർവ്വത്യകാരനെ അയച്ചു് ദോഷാദഗ്രാമങ്ങളിലെ സ്ത്രീകളേയും കുട്ടികളേയും ക്ഷണിച്ചുവരുത്തി ലൂചി, മത്സ്യം, മാംസം, പാൽ, തൈര്, പായസം, ചട്ട്ണി ഇതെല്ലാം അവക്കു കൊടുത്തു. ഈ വിധത്തിലുള്ള ഭക്ഷണം ജീവിതത്തിൽ ഒരുദിവസമെങ്കിലും അവക്കു കഴിക്കാൻ കഴിയുമെന്ന് അവർ സങ്കല്പിക്കുകപോലും ചെയ്യുകാണുകയില്ല. വിസ്മയവും ആനന്ദവുംനിറഞ്ഞ അവരുടെ മുഖത്തുകണ്ട ആ പുഞ്ചിരി എത്രദിവസമാണ് എന്റെ മനസ്സിൽ തങ്ങിനിന്നതു്! ആ കൂട്ടത്തിൽ ലോകസഞ്ചാരിയായ ഗാങ്ങോതാബാലൻ ബിശ്ശുയായും ഉണ്ടായിരുന്നു.

## രണ്ടു്

സർവ്വേക്യാമ്പിൽനിന്നും ഒരുദിവസം കുതിരപ്പുറത്തു കയറി തിരിച്ചുപോരുന്നവഴി, വനത്തിനുള്ളിൽ ഒരു മനുഷ്യൻ കാശപ്പുൽപ്പടർപ്പിനടുത്തിരുന്നു പയറു വറുത്തുപൊടിച്ചതു്

ഉരുട്ടി തിന്നുകൊണ്ടിരിക്കുന്നതു കണ്ടു. പാത്രം ഇല്ലാത്തതുകൊണ്ട് മുഷിഞ്ഞ ഒരു വസ്ത്രത്തിൻെറ കോണിൽത്തന്നെയിട്ടാണ് അതു കുഴച്ചുരുട്ടിക്കൊണ്ടിരുന്നതു്. ഇത്രവലിയ ഒരു ഉരുള ഒരുവനു്—ഹിന്ദുസ്ഥാനിയായാലെന്തു്, മനുഷ്യൻതന്നെയാണല്ലൊ—തിന്നാൻകഴിയുന്നതു് എങ്ങനെയാണെന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നെ കണ്ടിട്ടു് ആ മനുഷ്യൻ ബഹുമാനത്തോടുകൂടി തീററിനിറുത്തി എഴുന്നേററുനിന്നു് സലാംചെയ്തിട്ടു പറഞ്ഞു: "മാനേജർ സാഹിബ്! കുതിരക്കു വെള്ളം കൊടുത്താലും! എനിക്കു മാപ്പുതരണേ." ഒരുവൻ വിജനസ്ഥലത്തിരുന്നു് ലഘുഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു. ഇതിനു മാപ്പുചോദിക്കുവാൻ കാര്യം എന്തുള്ളു എന്നു് ആലോചിച്ചിട്ടു മനസ്സിലായില്ല. ഞാൻ പറഞ്ഞു: "കഴിച്ചോളു, കഴിച്ചോളു, എഴുന്നേൽക്കണ്ട; നിങ്ങടെ പേരെന്താ?"

അയാൾ അപ്പോഴും ഇരുന്നില്ല. നിന്നുകൊണ്ടു് ആദരവോടുകൂടി പറഞ്ഞു: "ഈ പാവപ്പെട്ടവൻെറ പേരു് ധാവതാൽസാഹു, അങ്ങുന്നേ."

കാഴ്ചയിൽ അയാൾക്കു് ഒരു അറുപതിനുമേൽ വയസ്സു വരുമെന്നു തോന്നി. ചടച്ചു നീണ്ട ശരീരം, നിറം കറുപ്പു്; വളരെ മുഷിഞ്ഞ ഒരു മുണ്ടും ഒരു ചെറിയ ഉടുപ്പും ധരിച്ചിട്ടുണ്ടു്; കാലിൽ ചെരിപ്പില്ല.

ധാവതാൽസാഹുവുമായിട്ടു് ഇതാദ്യമായിട്ടാണു ഞാൻ പരിചയപ്പെടുന്നതു്.

കച്ചേരിയിൽ വന്നിട്ടു് രാമജോതപാട്ടോയാരിയോടു് ചോദിച്ചു: "ധാവതാൽസാഹുവിനെ അറിയുമോ?"

രാമജോതൻ പറഞ്ഞു: "അറിയും അങ്ങുന്നെ! ധാവതാൽസാഹുവിനെ അറിയാത്തതാരാണു് ഈ പ്രദേശത്തു്? അയാൾ വളരെ വലിയ ബാങ്കരാണു്, ലക്ഷപ്രഭു; ഈ ദിക്കിലുള്ളവരെല്ലാം അയാളുടെ കടക്കാരാണു്. നൗഗാഛിയായിലാണു് അയാളുടെ വീടു്." പാട്ടോയാരിയുടെ വാക്കു കേട്ടു് ഞാൻ വളരെ ആശ്ചര്യപ്പെട്ടുപോയി. ലക്ഷപ്രഭുവായ ഒരുവൻ വനത്തിനകത്തിരുന്നു് മുഷിഞ്ഞ ഉത്തരീയത്തിലിട്ടു് ഒരു പയറുണ്ട മറ്റൊന്നും കൂടാതെ തിന്നുകൊണ്ടിരിക്കുന്നു: ഈ കാഴ്ച ഒരു ബംഗാളി

ലക്ഷപ്രഭുവിനെ സംബന്ധിച്ചിടത്തോളം സങ്കല്പിക്കാൻപോലും വിഷമമാണ്. പാട്ടോയാരി വെറും അതിശയോക്തി പറയുകയായിരുന്നു, എന്നു ഞാൻ വിചാരിച്ചു. എന്നാൽ കച്ചേരിയിലുള്ള സകലരും ഇതുതന്നെ പറഞ്ഞു: "ധാവതാൽസാഹുവോ? അയാളുടെ മുതലിനു കൈയും കണക്കും ഇല്ലാ."

ഇതിനുശേഷം സ്വന്തം കാര്യം പ്രമാണിച്ച് ധാവതാൽ സാഹു പലപ്രാവശ്യം കച്ചേരിയിൽ വന്ന് എന്നെ കണ്ടിട്ടുണ്ട്. ഓരോ പ്രാവശ്യവും അയാളുമായി കൂടുതൽക്കൂടുതൽ പരിചയമായിവന്നപ്പോൾ എനിക്കു മനസ്സിലായി, അത്ഭുതകരമാംവണ്ണം അമാനുഷനായ ഒരുവനുമായിട്ടാണ് എനിക്കു പരിചയപ്പെടാൻ ഇടയായതെന്ന്. ഇരുപതാംനൂററാണ്ടിൽ ഇത്തരം ഒരു മനുഷ്യനുണ്ടെന്ന്, കണ്ടില്ലെങ്കിൽ വിശ്വസിക്കാൻ നിവൃത്തിയില്ല.

ധാവതാലിനു ഞാൻ ഊഹിച്ചതുപോലെ അറുപത്തിമൂന്ന് അറുപത്തിനാല് വയസ്സു പ്രായംവരും. കച്ചേരിയുടെ തെക്കുകിഴക്കേ വനത്തിൻെറ സമീപത്തുനിന്നും പത്തുപതിമൂന്നു മൈൽ അകലെയുള്ള നൗഗാഛരിയാഗ്രാമത്തിലാണ് അയാളുടെ വീട്. ഈ പ്രദേശത്തെ കുടിയാനവന്മാർ കൃഷകർ, ഭൂസ്വത്തുകാർ, തൊഴിൽക്കാർ ഇവരെല്ലാവരുംതന്നെ ധാവതാലിൻെറ കടക്കാരാണ്. പക്ഷേ, രസാവഹമായ ഒരു പ്രത്യേകത അയാൾക്കുണ്ട്. പണം കടംകൊടുത്തുകഴിഞ്ഞാൽ അതു് നിർബ്ബന്ധമായി പിരിച്ചെടുക്കാൻ അയാൾക്ക് ഒരിക്കലും കഴിഞ്ഞിട്ടില്ല. എത്ര പേരു് എത്ര രൂപായാണ് അയാളെ കളിപ്പിച്ചിട്ടുള്ളതു്! അയാളെപ്പോലെ നിരുപദ്രവിയും നല്ലവനും ആയ ഒരുവൻ ബാങ്കറായതു് ഉചിതമായിരുന്നില്ല, എങ്കിലും മററുള്ളവരുടെ അപേക്ഷ നിരസിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. വിശേഷിച്ചും അയാൾ പറയാറുണ്ട്, സകലരും മുതലിനും പലിശയ്ക്കുംകൂടി പ്രമാണം എഴുതിത്തരുമ്പോൾ തൊഴിൽപരമായി നോക്കിയാൽ കടം കൊടുക്കേണ്ടതാണല്ലോ എന്ന്. ഒരുദിവസം ധാവതാൽ എന്നെ കാണാൻ വന്നു; തുണിയിൽ പൊതിഞ്ഞുകെട്ടിയ ഒരുകെട്ട് പഴയ പ്രമാണങ്ങളും കൈയിലുണ്ടായിരുന്നു. അയാൾ പറഞ്ഞു: "അങ്ങുന്നേ, ദയവു ചെയ്തു് ഈ പ്രമാണങ്ങളെല്ലാം ഒന്നു നോക്കിത്തരാമോ?"

ഞാൻ പ്രമാണങ്ങൾ പരിശോധിച്ചുനോക്കി. എണ്ണായിരം, പതിനായിരം ൠപാ കാലാവധിക്കു് കേസുകൊട്ടക്കാഞ്ഞതുകൊണ്ടു കാലഹരണം വന്നുപോയതായി കണ്ടു.

മററൊരു കെട്ടഴിച്ചു് വേറെ കുറെ ഇറുന്നുപൊടിഞ്ഞ കടലാസ് എടുത്തിട്ടു പറഞ്ഞു: "ഇതെല്ലാം ഒന്നു നോക്കണേ, അങ്ങുന്നേ. ഇതൊന്നു് ജില്ലയിൽ കൊണ്ടുപോയി വക്കീലന്മാരെ കാണിക്കാനോ കേസുകൊട്ടക്കാനോ ഇതുവരെ സാധിച്ചില്ല, തുക ഈടായുമില്ല. നോട്ടീസ് കൊട്ടത്തിട്ടുണ്ടു്; എന്നാൽ 'തന്നു, തരാം' എന്നൊക്കെ പറയുന്നതല്ലാതെ ആരും ൠപാ തരുന്നില്ല."

അതിനെല്ലാം കാലഹരണം വന്നതായി കണ്ടു. എല്ലാം കൂടി അതും ഒരു നാലയ്യായിരം ൠപായ്ക്കു വരും. നല്ല മനുഷ്യനെ എല്ലാവരും കളിപ്പിക്കുകയാണു്. ഞാൻ പറഞ്ഞു: "സാഹുജി! പലിശയ്ക്കു കൊട്ടക്കുന്ന ജോലി അങ്ങേയ്ക്കു പററിയതല്ല. രാഷബിഹാരിസിംഹനെപ്പോലെയുള്ള ദുഷ്ടന്മാക്കേ ഈ തൊഴിലിനു് കഴിവുണ്ടാകുകയുള്ളു. അയാൾക്കു് എഴെട്ടു ലാഠിധാരികളായ കിങ്കരന്മാരുണ്ടു്; അവർ കുതിരപ്പുറത്തു് കയറിച്ചെന്നു് കടക്കാരുടെ വയലുകളിലെ വിളവു കൊയ്യെടുത്തു് മുതലും പലിശയും ഈടാക്കും. നിങ്ങളെപ്പോലെയുള്ള നല്ലവരുടെ കടം ആരും വീട്ടുകയില്ല. ഇനിയും ആക്കും കൊട്ടക്കരുതു്."

ധാവതാലിനെ ബോദ്ധ്യപ്പെട്ടുത്താൻ എനിക്കു കഴിഞ്ഞില്ല. അയാൾ പറഞ്ഞു: "എല്ലാവരുംകളിപ്പിക്കയില്ല അങ്ങുന്നെ. ഇപ്പോഴും സൂര്യചന്ദ്രന്മാർ ഉദിക്കുന്നുണ്ടു്. തലയ്ക്കുമീതെ ദീനലോകത്തിൻെറ യജമാനൻ ഇപ്പോഴും ഉണ്ടു്.

"ൠപാ കൂട്ടിവച്ചോണ്ടിരുന്നാലോ? പലിശയ്ക്കിടാതിരുന്നാൽ നമ്മുടെ കാര്യം നടക്കുമോ അങ്ങുന്നേ? ഇതാണു് ഞങ്ങടെ തൊഴില്."

അയാളുടെ യുക്തി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. പലിശയ്ക്കുവേണ്ടി മുതൽ നഷ്ടപ്പെട്ടുത്തുന്നതു് എന്തൊരു തൊഴിലാണെന്നു് എനിക്കറിഞ്ഞുകൂടാ. എൻെറ മുമ്പിൽവച്ചുതന്നെ ഒരുസങ്കടവു നയ്യായിരം പതിനാറായിരത്തോളം ൠപാ വന്ന പ്രമാണങ്ങൾ വെറും കള്ളപ്രമാണ

MUL
216160
UNIVERSITY LIBRARY
9 MAR 1984
216160
0157:3M96:11
32 J8

കീറിക്കളഞ്ഞു. പരമാത്ഥത്തിൽ അതെല്ലാം വിലയില്ലാത്തതായിത്തീന്നിരിക്കുകയാണല്ലോ. അയാളുടെ കൈ വിറച്ചില്ലാ, ശബ്ദം ഇടറിയില്ലാ.

അയാൾ പറഞ്ഞു: "കടുകും ആവണക്കരിയും വിററുണ്ടാക്കിയ രൂപായാണിതു്. അങ്ങുന്നേ, എനിക്കു പൈതൃകമായി ഒരു പൈസപോലും ഉണ്ടായിരുന്നില്ല. ഞാൻതന്നെ ഉണ്ടാക്കുന്നു, ഞാൻതന്നെ കളയുന്നു, അങ്ങുന്നേ."

ഇതു് ഞാൻ സമ്മതിക്കുന്നു; എന്നാൽ ആർക്കെങ്കിലും ഇത്ര വലിയ ഒരു നഷ്ടം ശാന്തനായി ഉദാസീനഭാവത്തിൽ സഹിക്കാൻ കഴിയുമോ? അതാണു് ഞാൻ വിചാരിക്കുന്നതു്. അയാൾ വലിയ ധനികനാണെന്നുള്ള ഒരു അഹങ്കാരം ഒരു കാര്യത്തിൽമാത്രം ഞാൻ കണ്ടു. ഇടയ്ക്കിടയ്ക്കു് ഒരു ചുവന്ന തുണിക്കെട്ടിൽനിന്നും ഒരു പാക്കുവെട്ടിയും ഒരു പാക്കും എടുത്തു വെട്ടിനുറുക്കി വായിലിട്ടുകൊണ്ടിരുന്നു. എൻെറനേരെ നോക്കി ഒരിക്കൽ ചിരിച്ചുംകൊണ്ടു് അയാൾ എന്നോടു പറഞ്ഞു: "ദിവസവും ഒരുകുട്ട പാക്കു് ഞാൻ തിന്നുതീക്കുന്നുണ്ടു്. പാക്കിനു് എനിക്കു വലിയചെലവാണു്." ധനത്തിൽ നിസ്പൃഹത, വലിയ നഷ്ടത്തെ തുച്ഛീകരിക്കാനുള്ള ശക്തി ഇവയാണു് ഒരു തത്വജ്ഞാനിയുടെ ലക്ഷണമെങ്കിൽ ധാവതാൽസാഹുവിനെപ്പോലെയുള്ള തത്വജ്ഞാനിയെ ഞാൻ കണ്ടിട്ടേ ഇല്ലാ.

## മൂന്നു്

ഫുൽകിയായുടെ അന്തർഭാഗത്തുകൂടി പോയപ്പോഴെല്ലാം ജയപാലകുമാരൻെറ, ചോളത്തിൻെറ ഇല മേഞ്ഞിട്ടുള്ള, ചെറിയ വീടിൻെറ മുമ്പിൽക്കൂടിയായിരുന്നു പോകുകപതിവു്. കുമാരൻ എന്നു വച്ചാൽ കുംഭകാരൻ എന്നല്ല അർത്ഥം. ഭൂവുടമസ്ഥനായ ബ്രാഹ്മണൻ എന്നാണു്.

വളരെ പ്രായംചെന്ന ഒരു പക്കടിവൃക്ഷത്തിൻെറ കീഴിലായിരുന്നു ജയപാലൻെറ വീടു്. കുടുംബത്തിൽ ഏകനാണു്, പ്രായം വളരെ; നീണ്ടു് കൃശമായ ശരീരം, നീണ്ടു് നരച്ച തല

മുടി. ഞാൻ ആ വഴിക്കു പോകുമ്പോഴെല്ലാം അയാൾ തൻെറ വീട്ടുവാതില്ക്കൽ അനങ്ങാതിരിക്കുന്നതു കാണാം. ജയപാലൻ പുകയില തിന്നുകയില്ല. ഒരിക്കലെങ്കിലും അയാൾ എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്നതു കണ്ടിട്ടുള്ളതായി ഓർമ്മിക്കുന്നില്ല, പാട്ടുപാടുന്നതും കേട്ടിട്ടില്ല. ഒരൊററ ജോലിചെയ്യാതെ ഒരു മനുഷ്യന്‌ ഇങ്ങനെ തുടർച്ചയായി ഇരിക്കാൻ കഴിയുന്നതു്‌ എങ്ങനെയാണെന്നു്‌ എനിക്കറിഞ്ഞുകൂടാ. ജയപാലനെ കണ്ടിട്ട്‌ എനിക്കു വലിയ വിസ്മയവും ജിജ്ഞാസയും ഉണ്ടായി. ഓരോ പ്രാവശ്യവും അയാളുടെ വീടിൻെറ മുൻഭാഗത്തുകൂടി കടന്നുപോകുമ്പോൾ കുതിരയെ അവിടെ തെല്ലിട നിറുത്തിയിട്ട്‌ ഒന്നുരണ്ടുവാക്കു പറയാതെ കടന്നുപോകുവാൻ കഴിഞ്ഞിട്ടില്ലാ. ഞാൻ ചോദിച്ചു: “ജയപാൽ, എന്തു ചെയ്തുകൊണ്ടിരിക്കയാ?”

“ഇങ്ങനെ ചുമ്മാ ഇരിക്കയാ, അങ്ങുന്നേ.”

“വയസ്സെത്രയായി?”

“അതിനെനിക്കു കണക്കൊന്നുമില്ലങ്ങുന്നേ; എന്നാൽ കുശീനദിക്കു്‌ പാലം ഉണ്ടായിരുന്ന കാലത്തു്‌ എനിക്കു കന്നിനെ തീററാൻ കഴിയുമായിരുന്നു.”

“വിവാഹം കഴിച്ചോ? കുട്ടികളുണ്ടോ?”

“ഭാര്യ മരിച്ചിട്ട്‌ ഇപ്പോൾ ഇരുപത്തിഅഞ്ച്‌ വർഷമായി. രണ്ടു പെൺമക്കളുണ്ടായിരുന്നു; അവരും മരിച്ചുപോയി. അതും പതിമ്മൂന്നു്‌ പതിന്നാലുവർഷങ്ങൾക്കുമുമ്പു്‌. ഇപ്പോൾ ഏകനാണു്‌.”

“ആട്ടെ, നിങ്ങൾ ഇവിടെ തനിച്ചു താമസിക്കുന്നു. ആരുമായി വർത്തമാനം പറയുന്നില്ല, ഒന്നും ചെയ്യുന്നുമില്ല. ഇതിൽ സുഖം തോന്നുന്നുണ്ടോ? ഒരു വൈവിദ്ധ്യമില്ലാത്തതുകൊണ്ടു്‌ ഒരു മുഷിച്ചിലും തോന്നുന്നില്ലേ?”

ജയപാലൻ വിസ്മയിച്ച്‌ എൻെറനേരേ നോക്കി പറഞ്ഞു: “എന്തൊ അസുഖം തോന്നാനാ അങ്ങുന്നേ? നല്ല സുഖമാ; ഒട്ടും അസുഖം തോന്നുന്നില്ല.”

ജയപാലൻ പറഞ്ഞതു്‌ എനിക്കു്‌ ഒട്ടും മനസ്സിലാക്കാൻ

കഴിഞ്ഞില്ല. ഞാൻ കൽക്കത്തയിലെ കോളജിൽ പഠിച്ചു വളൎന്നു; ഒന്നുകിൽ എന്തെങ്കിലും ജോലി, അല്ലെങ്കിൽ സ്നേഹിതന്മാരുമായുള്ള സമാഗമം, അല്ലെങ്കിൽ പുസ്തകം, അല്ലെങ്കിൽ സിനിമാ, അല്ലെങ്കിൽ ഉല്ലാസയാത്ര. ഇതൊന്നും കൂടാതെ മനുഷ്യൻ എങ്ങനെ ജീവിച്ചുപോകുമെന്നു് എനിക്കു മനസ്സിലാകുന്നില്ലാ. ഞാൻ ആലോചിച്ചുനോക്കി, ലോകത്തിൽ എന്തെല്ലാം പരിവൎത്തനങ്ങൾ ഉണ്ടായിട്ടുണ്ടു്; കഴിഞ്ഞ ഇരുപതു വർഷക്കാലമായി ജയപാലകുമാരൻ തന്റെ വീട്ടുവാതില്ക്കൽ ഇരുന്നിരുന്നു് അതിൽ എന്തെല്ലാം കാൎയ്യങ്ങൾ ഗ്രഹിച്ചിട്ടുണ്ടു്?

കുട്ടിക്കാലത്തു് ഞാൻ സ്കൂളിൽ താഴത്തെ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴും ജയപാലൻ ഈ വിധത്തിൽ ഇരുന്നിരിക്കണം, ബി. എ. പാസ്സായപ്പോഴും ഇങ്ങനെ ഇരുന്നിരിക്കണം. എൻെറ ജീവിതത്തിൽത്തന്നെ പലതരത്തിലുമുള്ള ചെറുതും വലുതും ആയ ഏററവും വിസ്മയകരമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയുമായി ജയപാലൻെറ ഈ വൈവിദ്ധ്യഹീനവും ഏകാന്തവും ആയ ജീവിതത്തിലെ കഴിഞ്ഞകാലത്തെ കാൎയ്യം ഞാൻ തുലനംചെയ്തുനോക്കി.

ജയപാലൻെറ വീട്ടു് ഗ്രാമത്തിൻെറ ഒത്തമദ്ധ്യത്തിലാണെങ്കിലും, അടുത്തു് അനേകം താണഭൂമിയും ചോളത്തോട്ടങ്ങളും ഉള്ളതുകൊണ്ടു് അടുത്തെങ്ങും വസതികളൊന്നുമില്ല. ഫുൽകിയാ ഏററവും ചെറിയ ഗ്രാമമായിരുന്നു. പത്തുപതിനഞ്ചു് വസതികളിൽ ആൾപ്പാർപ്പുണ്ടു്. അവരെല്ലാം നാലുപാടും വ്യാപിച്ചുകിടക്കുന്ന വനപ്രദേശത്തിൽ കന്നിനെ തീററിക്കൊണ്ടു് പകൽ സമയംപോക്കിവന്നു. പകൽ മുഴവൻ ഭൂതംപോലെ ജോലിചെയ്യുക, സന്ധ്യയ്ക്കു് പയററിൻതൊലി കത്തിച്ചു് തീയുണ്ടാക്കി അതിനുചുററും അയലത്തുള്ളവരെല്ലാവരും കൂടിയിരുന്നു് വൎത്തമാനംപറയുക, മലരുതിന്നുക, അല്ലെങ്കിൽ ശാലപത്രത്തിൽ പികാകത്തിച്ചു പിടിക്കുക—ഹുക്കായിൽ പുകയിലപിടിക്കുന്ന നടപ്പു് ഇവിടെ വളരെ കുറവായിരുന്നു—എന്നീവിധത്തിൽ അവർ ജീവിതം നയിക്കുകയാണു്. എന്നാൽ ഒരിക്കലും ഇവരിൽ ആരെയും ജയപാലൻെറ കൂട്ടായി കാണാറില്ല.

പ്രായമേറിയ ആ വൃക്ഷക്കൊമ്പിൽ ബകങ്ങൾ സംഘം ചേൎന്നിരിക്കുന്നു; ദൂരത്തുനിന്നും നോക്കിയാൽ തരുശീൎഷത്തിൽ വെള്ളപ്പൂങ്കുലകൾ വിടൎന്നുനിൽക്കുന്നതായിട്ടേ തോന്നുകയുള്ളു. സ്ഥലം ഇരുണ്ടതും വിജനവുമാണ്. അവിടെനിന്ന് എങ്ങോട്ട് നോക്കിയാലും നീലനീലപൎവ്വതങ്ങൾ വിദൂരദിഗന്തങ്ങളിൽ കൈകോൎത്തുപിടിച്ച് വട്ടത്തിൽനിൽക്കുന്ന കുട്ടികളാണെന്ന് തോന്നും. ആ വൃക്ഷത്തിന്റെ ഘനച്ഛായയിൽ ജയപാലനുമായി സംസാരിച്ചുംകൊണ്ട് നിൽക്കുമ്പോഴെല്ലാം എനിക്ക് തോന്നീട്ടുണ്ട്, ഈ വമ്പിച്ച വൃക്ഷത്തിന്റെ നിബിഡമായ ശാന്തിയും, ഗൃഹനാഥന്റെ അനുദ്വിഗ്നവും നിഷ്കാമവും ശാന്തവും ആയ ജീവിതഗതിയും എന്തോ ഒരു പ്രചോദനം പതുക്കെപ്പതുക്കെ എനിക്ക് നൽകുന്നതായിട്ട്. ഓടിയോടിപ്പോയിട്ടെന്തു പ്രയോജനം! എത്ര സുന്ദരമാണ് ഈ ശ്യാമളമായ വംശീവടച്ഛായ! അലസഗമനയായ യമുനാനദി ഭൂതകാലത്തെ ശതശതാബ്ദങ്ങൾ പദംപ്രതി കടന്നുകടന്ന് കാലപ്രവാഹത്തിന്ന് എതിരായി സഞ്ചരിക്കുന്നതു് എത്ര സുഖകരമാണ്.

ജയപാലന്റെ ജീവിതയാത്രയുടെ അല്പമായ പ്രേരണയും ചുററിലുമുള്ള തികച്ചും സ്വതന്ത്രമായ പ്രകൃതിയും അടിക്കടി ജയപാലകുമാരനെപ്പോലെ എന്നേയും ഏതാണ്ടൊക്കെ നിൎവ്വികാരനും ഉദാസീനനും നിസ്പൃഹനും ആക്കിത്തീൎക്കുന്നുണ്ട്. അതുമാത്രമല്ല, ഇതിനുമുമ്പ് ഒരിക്കലും വികസിച്ചിട്ടില്ലാത്ത ആ കണ്ണുകൾ വികസിക്കുകയും, ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത അക്കാൎയ്യങ്ങൾതന്നെ ചിന്തിക്കയും ചെയ്യുന്നുണ്ട്. അതിന്റെ ഫലമായി ഈ വിശാലമായ മൈതാനപ്രദേശത്തേയും കടുംപച്ചനിറത്തിലുള്ള അരണ്യപ്രകൃതിയേയും സ്നേഹിച്ചുപോയി; ഒരുദിവസം പൂൎണ്ണിയാ അഥവാ മുങ്ങേൎനഗരത്തിൽ ഒരു കാൎയ്യമായി പോയപ്പോൾ എന്റെ മനസ്സ് അത്യന്തം അസ്വസ്ഥമായിച്ചമഞ്ഞു. മനസ്സിനെ ആശ്വസിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. എത്രവേഗം വനാന്തരത്തിലേക്ക് മടങ്ങാൻ സാധിക്കും; എത്രവേഗം വീണ്ടും ആ സമ്പൂൎണ്ണമായ ഏകാന്തതയ്ക്കുള്ളിൽ അസുലഭമായ ചന്ദ്രികയിൽ, ആ സൂൎയ്യാസ്തമയത്തിൽ, ഇരുണ്ട വൈശാഖത്തിലെ ദിഗന്തവ്യാപി

യായ കാർമേഘപടലത്തിനുള്ളിൽ മുങ്ങാൻ കഴിയുമെന്നായിരുന്നു എന്റെ വിചാരമെല്ലാം. തിരിച്ചുപോരുന്ന സമയം പരിഷ്കൃതജനസമൂഹത്തെ ബഹുദൂരം പിന്നിൽ തള്ളിയിട്ട് ചാകലാദാതുടെ കൈയിലുണ്ടായിരുന്ന ബർബ്ബുലക്കുഴയുടെ വശം ചെത്തിക്കൊണ്ട് സ്വന്തം വനസീമയിൽ എത്തിയപ്പോൾ വിദൂരവ്യാപിയും നിബിഡവും ആയ ശ്യാമളമഹാവനം, മൈതാനം, ശിലാസ്തൂപം, വന്യശുകസമൂഹം, നീലക്കലമാൻകൂട്ടം, സൂര്യപ്രകാശം, ഇവയെല്ലാം ഭൂതലത്തിൽനിന്നും എന്നെ ഉയർത്തി, ഒരു നിമിഷനേരത്തേയ്ക്കു് തികച്ചും ആവേശം കൊള്ളിച്ചുകളഞ്ഞു.

# പരിച്ഛേദം അഞ്ച്

**ഒന്നു്**

നല്ല ചന്ദ്രിക, അതുപോലെതന്നെ എല്ലുകൾ കിട്ടകിടാവിറപ്പിക്കുന്ന തണുപ്പ്. ധനുമാസത്തിന്റെ അന്ത്യഘട്ടം. ഹെഡ്ഡാഫീസിൽനിന്നും താലൂക്കുകച്ചേരി പരിശോധിക്കുവാൻ പോയി. ലബ്ടലിയാകച്ചേരിയിൽ രാത്രി സകലരുടെയും ആഹാരാദികാര്യങ്ങൾ കഴിയുമ്പോൾ സാധാരണ പതിനൊന്നുമണി അടിച്ചിരിക്കും. ഒരുദിവസം ഊണുകഴിഞ്ഞു് അട്ടക്കളയിൽനിന്നും പുറത്തേയ്ക്കുവന്നസമയം, അത്ര രാത്രിയായപ്പോൾ മഞ്ഞുപെയ്തുകൊണ്ടിരുന്നു; ആകാശത്തിൻകീഴിൽ ഒരു സ്ത്രീ നല്ല നിലാവത്തു്, കച്ചേരിക്കോമ്പൗണ്ടിന്റെ അരികിലായി നിൽക്കുന്നതു കാണായി. പാർവ്വത്യകാരനോട്ട് ഞാൻ ചോദിച്ചു: "അവിടെ ആരാണു് നില്ക്കുന്നതു്?"

പാർവ്വത്യകാരൻ പറഞ്ഞു: "അതു് കുന്താ. അങ്ങുന്നു് വരുന്നുണ്ടെന്നുകേട്ടിട്ട് ഇന്നലെ അവൾ എന്നോട്ട പറഞ്ഞു: 'മാനേജർ ബാബു വരുമ്പോൾ ഞാൻചെന്നു് ബാബുവിന്റെ ഇലയിലെ ചോറു കൊണ്ടുപോരട്ടോ? എന്റെ കുഞ്ഞുങ്ങൾ പട്ടിണികിടന്നു് നന്നാ കഷ്ടപ്പെട്ടുകയാണു്.' ഞാൻ അവളോട്ട് പറഞ്ഞിരുന്നു—'വന്നോളൂ.'"

ഞാൻ ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണു്. ഈ സമയത്തു് കച്ചേരിയിലെ ടഹൽദാർബലോയാ വന്നു് എന്റെ ഇലയിലെ കൂട്ടാൻപുരണ്ട ചോറു്, മീൻനുറുക്കു്, ഇലയ്ക്കുപുറത്തു വീണ ചോറും കൂട്ടാനും, പാൽകോപ്പയിൽ അവശേഷിച്ച പാൽച്ചോറു്, ഇതെല്ലാം എടുത്തുകൊണ്ടുപോയി, ആ സ്ത്രീ കൊണ്ടുവന്നിരുന്ന ഒരു പിത്തളനിലകാതിൽ ഒഴിച്ചുകൊട്ടുത്തു. ആ സ്ത്രീ അതുംകൊണ്ടുപോയി.

അത്തവണ ഞാൻ എട്ടുപത്തുദിവസം ലബ്ടലിയാകച്ചേരിയിൽ താമസിച്ചു. രാത്രിതോറും ആ സ്ത്രീ എന്റെ ഇല

ച്ചോറിനുവേണ്ടി കിണററിനടുത്തു് ആ പാതിരാസ്സു് ആ ഭയാനകമായ തണുപ്പിൽ മാറത്തു് വെറും ഒരു തുണിമാത്രം ഇട്ടുംകൊണ്ടു് വന്നുനിൽക്കുന്നതു കാണാം. ദിവസവും ഇങ്ങനെ കണ്ടിട്ടു് ഒരുദിവസം ജിജ്ഞാസകൊണ്ടു് പാൎവ്വത്യകാരനോടു ഞാൻ ചോദിച്ചു: "ദിവസവും ചോറുകൊണ്ടുപോകുന്ന ആ കുന്താ ഉണ്ടല്ലോ, അവൾ ആരാണു്? ഈ കാട്ടിൽ അവൾ എവിടെയാണു് പാൎക്കുന്നതു്? പകലാകട്ടെ അവളെ ഒരിക്കലും കാണാനില്ലതാനും."

പാൎവ്വത്യകാരൻ പറഞ്ഞു: "പറയാം അങ്ങുന്നേ."

മുറിക്കകത്തു് ചുള്ളിവിറകു് കത്തിച്ചു് നല്ല തീയുണ്ടാക്കിയിട്ടുണ്ടു്. അതിനടുത്തു് ചെയാറിട്ടു് വളരെസമയം നാൾവഴിബുക്കിലെ കണക്കു നോക്കിക്കൊണ്ടിരുന്നു. ആഹാരാദികാൎയ്യങ്ങൾ കഴിഞ്ഞു് വന്നിരുന്നപ്പോൾ ഒരുദിവസത്തെ കാൎയ്യമെല്ലാം ഭദ്രമായി എന്നെനിക്കു തോന്നി. കടലാസെല്ലാം മടക്കിവെച്ചിട്ടു് പാൎവ്വത്യകാരുടെ കഥ കേൾക്കാൻ തയ്യാറായി.

"കേട്ടാലും! അങ്ങുന്നേ, ഒരു അഞ്ചു വർഷങ്ങൾക്കുമുൻപു് ദേവീസിംഹൻ എന്ന രജപുത്രൻ ഈ പ്രദേശത്തു് വലിയ ഒച്ചപ്പാടുണ്ടാക്കിവന്നു. എത്രയെത്ര ഗാങ്ങോതാകളും കൎഷകരും കന്നുകാലിത്തീററുകാരും ആയ കുടിയാനവന്മാരാണു് അയാളെ ഒരു പിശാചിനെപ്പോലെ പേടിച്ചു പാൎത്തുവന്നിരുന്നതു്! ഇവൎക്കെല്ലാം വലിയ പലിശയ്ക്കു രൂപാ കടംകൊടുക്കുകയായിരുന്നു അയാളുടെ തൊഴിൽ. എന്നിട്ടു് പലിശയും മുതലും അടിച്ചും ഇടിച്ചും ഈടാക്കിവന്നു. അയാളുടെക്കൂടാരത്തിൽ എട്ടൊമ്പതു് ലാഠിധാരികളായ കിങ്കരന്മാർ ഉണ്ടായിരുന്നു. ഇന്നു രാഷബിഹാരിസിംഹരജപുത്രൻ ഈ പ്രദേശത്തെ ബാങ്കർ ആയിരിക്കുന്നതു് എങ്ങനെയോഅതുപോലെയായിരുന്നു അന്നു ദേവീസിംഹൻ.

"ദേവീസിംഹൻ ജൗൺപുരംജില്ലയിൽനിന്നുംവന്നു് പൂൎണ്ണിയായിൽ വാസമുറപ്പിച്ചു. എന്നിട്ടു് രൂപാ പലിശയ്ക്കുകൊടുത്തു് കൈയൂക്കുകൊണ്ടു് ഈ ദേശത്തെ എത്രയോ ഭീതരായ ജനങ്ങളുടെ കൈയ്ക്കുള്ളിൽ ഇരുന്നതാണു് പിടിച്ചുപറിച്ചുകൊണ്ടുപോയതു്. ഇവിടെവന്നു് കുറേവൎഷങ്ങൾ കഴിഞ്ഞു്

അയാൾ കാശിക്കു പോകുന്നു; അവിടെ ഒരു ബായിജിയുടെ വീട്ടിൽ പാട്ടുകേൾക്കാൻ പോകുന്നു; അവളുടെ പതിനാലുപതിനഞ്ചു വയസ്സ് പ്രായമുണ്ടായിരുന്ന മകളിൽ അയാൾക്കു മോഹം ജനിക്കുന്നു. എന്നിട്ട് അയാൾ അവളെയും തട്ടിക്കൊണ്ടാണ് ഇവിടെ വന്നുചേരുന്നതു്. ദേവീസിംഹനു് അപ്പോൾ ഇരുപത്തേഴ് ഇരുപത്തെട്ടു വയസ്സുണ്ടു്. ഇവിടെ വന്നിട്ട് ദേവീസിംഹൻ അവളെ വിവാഹംചെയ്യുന്നു. എന്നാൽ അവൾ ബായിജീജാതിയിൽപ്പെട്ടവളാണെന്നു് മററെല്ലാവരും അറിഞ്ഞപ്പോൾ ദേവീസിംഹൻെറ സ്വജാതികളായ രജപുത്രന്മാർ അയാളെ പന്തിഭോജനം തുടങ്ങിയ സാമൂഹ്യകാര്യങ്ങളിൽനിന്നു് ഒററപ്പെടുത്തുന്നു. പൈസയുടെ ഹുങ്കുകൊണ്ടു് അയാൾ ഇതെല്ലാം പുച്ഛിച്ചു തള്ളിക്കളയുന്നു. അനന്തരം അയാൾ അശ്ലീലമായി ജീവിച്ചും മററുവിധത്തിലും പൈസാ ധൂർത്തടിക്കുന്നു. ഒടുവിൽ രാഷബിഹാരിസിംഹനുമായി ഒരു കേസിലുൾപ്പെട്ടു നിശ്ശേഷം മുടിഞ്ഞുപോകുന്നു. അയാൾ മരിച്ചിട്ട് ഇപ്പോൾ വത്സരം നാലായി.

“ഈ കുന്താതന്നെയാണു് ദേവീസിംഹരജപുത്രന്റെ ആവിധവയായ സ്ത്രീ. ഒരുകാലത്തു് ഇവൾ ലബ്ടുലിയായിൽനിന്നും, കിന്നരികൾ തുന്നിപ്പിടിപ്പിച്ച ജാലറുകൾതൂക്കിയിട്ട പല്ലക്കിൽക്കയറി കുശി, കൽബലിയാ എന്നീനദികളുടെ സംഗമസ്ഥാനത്തുപോയി കുളിച്ചിട്ടുവന്നിട്ടുണ്ടു്; വിശിഷ്ടങ്ങളായ പലഹാരങ്ങളാണു് ലഘുഭക്ഷണമായി അന്നു് ഇവൾ കഴിച്ചിരുന്നതു്—അവളുടെ ഇന്നത്തെ സ്ഥിതിയോ, ഭയങ്കരമായ ഗ്രഹപ്പിഴ; മാത്രമോ, വേശ്യയുടെ മകളാണെന്നു് ഇവിടെ എല്ലാവക്കും അറിയാവുന്നതുകൊണ്ടു് ഇവളുടെ ഭത്താവിൻെറ വർഗ്ഗത്തിൽപ്പെട്ട രജപുത്രന്മാരുടെ ഇടയിലും ഗാങ്ങോതാക്കാരുടെ ഇടയിലും ഇവൾക്കു് സ്ഥാനമില്ലെന്നൊരു വിഷമംകൂടിയുണ്ടു്. ഗോതമ്പു കൊയ്ത്തുകഴിയുമ്പോൾ കതിരിന്റെ അററത്തുനിന്നും പൊഴിഞ്ഞുവീഴുന്ന ഗോതമ്പുമണികൾ വയലുകൾതോറും നടന്നു് പെറുക്കിപ്പെറുക്കിയെടുത്താണു് അവൾ ആണ്ടിൽ രണ്ടു മാസം തൻെറ കുഞ്ഞുങ്ങളുടെ അരവയർ നിറയ്ക്കുന്നതു്. എന്നാൽ അവൾ പിച്ചയെടുത്തു നടക്കുന്നതായി ഒരിക്കലും കണ്ടിട്ടില്ലതന്നെ. ഇവിടത്തെ മാനേജരായി വന്നിരിക്കുന്ന അങ്ങു

ന്നിനെ അവൾ രാജാവായി വിചാരിച്ചിരിക്കുകയാണ്. ഇവിടെവന്ന് അങ്ങുന്നിന്റെ ഇലയിലെ ഉച്ഛിഷ്ടം പ്രസാദമായി കഴിക്കുന്നതിൽ അവൾക്ക് അവമാനം തോന്നുന്നതേയില്ല.''

ഞാൻ ചോദിച്ചു: ''അവളുടെ അമ്മയായ ബായിജി അതിനുശേഷം ഒരിക്കലും അവളെ അന്വേഷിച്ചിട്ടില്ലേ?''

പാർവ്വത്യകാരൻ പറഞ്ഞു: ''ഞാനൊരിക്കലും കണ്ടിട്ടില്ലങ്ങുന്നേ. കുന്തായും ഒരിക്കലും അമ്മയെ അന്വേഷിച്ചിട്ടില്ല. ഇങ്ങനെയുള്ള ദുഃഖചിന്തകളോടുംകൂടിയാണ് അവൾ കുഞ്ഞുങ്ങളെ തീററിപ്പോററുന്നത്. ഇപ്പോൾ ഇവളെ കാണുന്നുണ്ടല്ലോ; ഒരുകാലത്ത് ഇവൾക്കുണ്ടായിരുന്നതുപോലെയുള്ള രൂപലാവണ്യം ഈ ദേശത്തുള്ളവരാരും ഒരിക്കലും കണ്ടുകാണുകയില്ല. ഇപ്പോൾ പ്രായവുമായി; മാത്രമല്ല വിധവയായതിൽപ്പിന്നീടുള്ള ദുഃഖംകൊണ്ടും കഷ്ടപ്പാടുകൊണ്ടും അന്നത്തേ സൌന്ദര്യത്തിന്റെ ലവലേശം ശേഷിച്ചിട്ടുമില്ല—വളരെ നല്ലവളും ശാന്തപ്രകൃതിയുമായ സ്ത്രീയാണിവൾ. എന്നാൽ ഈ നാട്ടിലുള്ളവർക്കാർക്കും ഇവളെ കണ്ടുകൂടാ. എല്ലാവരുംതന്നെ വേശ്യപ്പെണ്ണെന്നുംപറഞ്ഞ് മൂക്കുചീററുകയും കീഴ്പോട്ടുനോക്കിക്കളയുകയും ചെയ്യും.''

ഞാൻ പറഞ്ഞു: ''അതു് മനസ്സിലായി. പക്ഷേ, രാത്രി പന്ത്രണ്ടുമണിസമയത്ത് ഈ ഇടതൂർന്ന കാട്ടിൽക്കൂടി ഇവൾ ഒററയ്ക്ക് ലബ്ടുലിയാഗ്രാമത്തിലേയ്ക്കു പോകുന്നതൊ? ഇവിടെനിന്നും ഏതാണ്ടൊരു മുക്കാൽമൈൽ ദൂരം വരികയില്ലെ?''

''ഭയന്നാൽ അവളുടെകാര്യം നടക്കുമോ അങ്ങുന്നെ? ഈ കാട്ടിൽ എപ്പോഴും തനിച്ചുനടക്കാതെ തരമില്ലല്ലോ. ഇല്ലെങ്കിൽ ആരിരിക്കുന്നു അവളുടെ കാര്യംനോക്കാൻ?''

അപ്പോൾ ധനുമാസമായിരുന്നു. ഞാൻ ധനുവിലെ തവണയടച്ചശേഷം തിരിച്ചുപോന്നു. മകരമാസത്തിനിടയ്ക്കു പിന്നെയും ഒരിക്കൽ ഒരു ചെറിയ മേച്ചിൽസ്ഥലം പാട്ടത്തിനു കൊടുക്കാനായി എനിക്ക് ലബ്ടുലിയായിൽ പോകേണ്ട ആവശ്യംനേരിട്ടു.

അപ്പോഴും തണുപ്പ് ഒട്ടും കുറഞ്ഞിരുന്നില്ല. അതിനുംപുറമെ പകൽമുഴുവൻ പടിഞ്ഞാറൻകാററടിച്ചിരുന്നതുകൊണ്ട്, ദിവസവും സന്ധ്യകഴിഞ്ഞ് തണുപ്പ് ഇരട്ടിക്കുകയും ചെയ്യുമാ

യിരുന്നു. ഒരുദിവസം എസ്റേററ്റിൻെറ വടക്കേഅതിൎത്തിയിൽസഞ്ചരിച്ചു് കച്ചേരിയിൽനിന്നും വളരെ ദൂരെയായിപ്പോകാനിടയായി. ആ ദിക്കിൽ വളരെ ദൂരംവരെ വെറും ബദരീവനംമാത്രം. ഈ കാട്ട് ഒന്നടങ്കം ലാക്ഷാകൃഷിചെയ്യ് ഛരാപരാ, മസഫൽപുരം എന്നീ ജില്ലകളിലെ കാലോയാജാതിക്കാരായ ആളുകൾ ധാരാളം പൈസാ സമ്പാദിച്ചുപോരുന്നു. ബദരിക്കാട്ടിനുള്ളിൽവച്ചു് എനിക്കു മിക്കവാറും വഴിതെറ്റിപ്പോയേക്കുമെന്നു തോന്നിത്തുടങ്ങി. പെട്ടെന്നു സ്ത്രീശബ്ദത്തിലുള്ള ഒരു നിലവിളിയും, കൊച്ചുകുട്ടികളുടെ കൂട്ടക്കരച്ചിലും പുരുഷന്മാരുടെ കഠിനമായ ചീത്തപറച്ചിലും കേൾക്കായി. കുറച്ചുദൂരം മുന്നോട്ടുനീങ്ങിയപ്പോൾ, കോലരക്കുപാടക്കാരുടെ വേലക്കാർ ഒരു സ്ത്രീയെ തലമുടിക്കു കുത്തിപ്പിടിച്ചു വലിച്ചിഴച്ചുകൊണ്ടുവരുന്നതാണു കണ്ടതു്. ആ സ്ത്രീ കീറിപ്പറിഞ്ഞു് മുഷിഞ്ഞ വസ്ത്രമാണു ധരിച്ചിരുന്നതു്. കൂടെ കരഞ്ഞുംകൊണ്ടു മൂന്നു കൊച്ചുകുട്ടികളും ഉണ്ടായിരുന്നു. ഛത്രിജാതിക്കാരായ വേലക്കാരിൽ ഒരുവൻെറ കൈയിൽ ഒരു ചെറിയകുട്ടയിൽ അരക്കുട്ട വിളഞ്ഞ ബദരീഫലം ഉണ്ടായിരുന്നു. എന്നെ കണ്ടിട്ടു് വേലക്കാർ ഇരുവരും ഉത്സാഹമായി എന്തോ പറഞ്ഞു; അതിൻെറ അൎത്ഥം ഏതാണ്ടു് ഇങ്ങനെയാണു്: "ഞങ്ങളുടെ പാടസ്ഥലത്തുനിന്നും ഈ ഗാഞ്ജോതി കട്ടുപറിച്ച കായാണിതെല്ലാം, ഇവളെ കച്ചേരിയിൽ പാൎവ്വത്യകാരുടെ അടുക്കൽ വിചാരണയ്ക്കായി കൊണ്ടുവരാൻ ഭാവിക്കുകയായിരുന്നു. ഏതായാലും ഏമാനൻതന്നെ വന്നതു് നന്നായിപ്പോയി."

ആദ്യം അവരെ ശകാരിച്ചു് ഭയപ്പെടുത്തിയിട്ടു് ആ സ്ത്രീയെ അവരുടെ കൈയിൽനിന്നും വിടുൎത്തി. അവൾ അപ്പോൾ നാണംകൊണ്ടു് വിഷമിച്ചു് ഒരു ബദരിക്കാട്ടിൽ മറഞ്ഞുനിന്നു. അവളുടെ ദുരവസ്ഥകണ്ടു് എനിക്കു് സഹതാപം തോന്നിപ്പോയി.

പാട്ടക്കാർ അത്ര എളുപ്പം ഒഴിഞ്ഞുമാറുന്നവരാണോ? അവരോടു ഞാൻ പറഞ്ഞു: "എടോ ഈ പാവപ്പെട്ട സ്ത്രീ അവളുടെ കൊച്ചുകുഞ്ഞുങ്ങൾക്കു കൊടുക്കാനായി അരക്കുട്ട കായ് പറിച്ചെടുത്തു. അതുകൊണ്ടു നിങ്ങളുടെ ലാക്ഷാകൃഷിക്കു്

പ്രത്യേകിച്ച് എന്തു കുറവാണ് വരാൻപോകുന്നത്? ഇവരെ അവളുടെ വീട്ടിലേയ്ക്കു പറഞ്ഞയച്ചേക്കുക.''

ഒരാൾ പറഞ്ഞു: ''ഏമാന്നറിഞ്ഞുകൂടാഞ്ഞിട്ടാ—ഇവളുടെപേർ കുന്താന്നാ. ഈ ലബ്ടൂലിയായിലാണ് ഇവളുടെവീട്. കുട്ടു കായ് പറിക്കയാണിവളുടെ തൊഴിലും—മുമ്പൊരിക്കൽ ഇവളെ ഞങ്ങളു പിടികൂടിയതാണ്—ഇവളെ ഇത്തവണ ശിക്ഷിക്കാതെവിട്ടാൽ—''

ഞാൻ അമ്പരന്നുപോയി. അവളെ ഞാൻ അറിഞ്ഞില്ലല്ലൊ. അതിന്നു് കാരണമുണ്ടു്; അവളെ ഞാൻ പകൽസമയം കണ്ടിട്ടില്ല; രാത്രിയിലെ കണ്ടിട്ടുള്ളു. പാട്ടക്കാരെ ശാസിച്ചിട്ടു് അവളെ വിട്ടയച്ചു. അവൾ നാണംകൊണ്ടു മണ്ണിനോടൊട്ടിച്ചേർന്നെന്നവണ്ണം കുട്ടികളേയുംകൊണ്ടു് വീട്ടിലേയ്ക്കു പോയി. കുട്ടയും തോട്ടിയുമെല്ലാം അവിടെ ഇട്ടുകളഞ്ഞിട്ടാണു് പോയതു്; ഭയംകൊണ്ടോ സങ്കോചംകൊണ്ടോ, ആണെന്നു തോന്നുന്നു. അവിടെ നിന്നവരിൽ ഒരാളോടു് അതെല്ലാം കച്ചേരിയിൽ കൊണ്ടുവരാൻ പറഞ്ഞതുകേട്ടു് അവർ സന്തോഷിച്ചു; നിശ്ചയമായും അവയെല്ലാം സർക്കാരിലേയ്ക്കു് കണ്ടുകെട്ടുമെന്നു വിചാരിച്ചാണു് അവർ സന്തോഷിച്ചതു്. കച്ചേരിയിൽ വന്നിട്ടു് പാറ്റ്വാരിയോടു പറഞ്ഞു: ''നിങ്ങളുടെ നാട്ടുകാർ ഇങ്ങനെ നിഷ്ഠുരന്മാരായിരിക്കുന്നതെന്താണു ബനോയാരിലാൽ?'' ബനോയാരിപാറ്റ്വാരി വളരെ നല്ലവനാണു്; ഈ നാട്ടുകാരെ അപേക്ഷിച്ചു് അയാൾ ദയാലുവാണു്. കുന്തായുടെ തോട്ടിയും കുട്ടയും അപ്പോൾത്തന്നെ ശിപായിവശം അവളുടെ വീട്ടിലേയ്ക്കു കൊടുത്തയച്ചു.

അന്നു രാത്രിമുതൽ കുന്താ, നാണിച്ചാണെന്നു് തോന്നുന്നു, ചോറുകൊണ്ടുപോകാനായി കച്ചേരിയിൽ വന്നിട്ടേയില്ല.

## രണ്ടു്

ശീതകാലം കഴിഞ്ഞു് വസന്തം ആരംഭിച്ചു.

ഞങ്ങളുടെ ഈ വനപ്രദേശത്തിന്റെ തെക്കുകിഴക്കേ അതിർത്തിയിൽനിന്നും പത്തുപതിനഞ്ചുനാഴികയകലെ, അതായതു്

പെസ്റ്റാഫീസിൽനിന്നും ഏതാണ്ട് പത്തുമുപ്പതുനാഴിക ദൂരെ, കുംഭമാസത്തിൽ ഹോളിസമയം ഒരു പ്രസിദ്ധ ഗ്രാമീണോത്സവം ആഘോഷിക്കാറുണ്ട്; ഇത്തവണ അവിടെ പോകണമെന്ന് ഞാൻ നിശ്ചയിച്ചിരുന്നു. അനവധി ആളുകൾകൂടുന്ന മേള കണ്ടിട്ട് വളരെനാളായി; ഈ ദേശത്തെ മേള എങ്ങനെയിരിക്കുമെന്നറിയാൻ എനിക്ക് ഒരു കൗതുകം തോന്നി. എന്നാൽ കച്ചേരിയിലുള്ളവർ വീണ്ടും വീണ്ടും വിലക്കി; വഴി സഞ്ചാരയോഗ്യമല്ല, മലകളും കാടുകളുംകൊണ്ടു നിറഞ്ഞതാണ്, ഇതിനെല്ലാം പുറമേ വഴിയിൽ അങ്ങോളമിങ്ങോളം, മിക്കവാറും എല്ലായിടത്തുംതന്നെ, കടുവായുടേയും കാട്ടുപോത്തിന്റേയും ഉപദ്രവമുണ്ട്; ഇടയ്ക്കിടയ്ക്ക് ഗ്രാമങ്ങൾ ഉണ്ട്, ശരിതന്നെ. പക്ഷേ, അവ ദൂരെദ്ദൂരെയായിട്ടാണ്; ആപത്തിൽ കുടുങ്ങിയാൽ ഗ്രാമീണരെക്കൊണ്ട് വിശേഷിച്ച് ഉപകാരമൊന്നും ഉണ്ടാകയില്ല; എന്നെല്ലാം പറഞ്ഞു് എന്നെ ഭയപ്പെടുത്താൻ അവർ നോക്കി.

ജീവിതത്തിൽ ഒരിക്കലും ഇതുപോലെയുള്ള ഒരു സാഹസത്തിലേർപ്പെടാൻ സന്ദർഭം കൈവന്നിട്ടില്ല. ഈ സമയത്ത് ഈ സ്ഥലത്തെല്ലാം താമസിക്കുന്നിടത്തോളംകാലം സാധിക്കാവുന്നതു് ബംഗാളദേശത്തും കൽക്കത്തയിലും മടങ്ങിയെത്തിയാൽ സാദ്ധ്യമാകുകയില്ല. എവിടെ കിട്ടും കാട്ടുപ്രദേശം? എവിടെകിട്ടും കടുവായും കാട്ടുപോത്തും? ഭാവികാലത്ത് ഞാൻ പറയുന്ന കഥകൾകേൾക്കാൻ ആർത്തിപെരുക്കുന്ന പൗത്രീപൗത്രന്മാരുടെ മുഖവും, ഉത്സാഹം തുളുമ്പുന്ന കൊച്ചുകണ്ണുകളും വിഭാവന ചെയ്തുംകൊണ്ട്, മുനേശ്വരമാഹാതോ, പാർവ്വത്യകാർ, നബീന ബാബുക്ലാക്ക്, എന്നിവരുടെ സകല നിഷേധവാക്കുകളും പറത്തിക്കളഞ്ഞിട്ട് ഉത്സവദിവസം വളരെ നേരത്തെ കുതിരപ്പുറത്തുകയറി യാത്രയായി. ഞങ്ങളുടെ എസ്റ്റേറ്റിന്റെ അതിർത്തികടക്കാൻതന്നെ രണ്ടുമണിക്കൂർ വേണ്ടിവന്നു; കാരണം, അതിന്റെ തെക്കുകിഴക്കേ അതിർത്തിതന്നെ വളരെ വലിയ വനമാണ്; വഴിയില്ലെന്നുതന്നെ പറയാം; കുതിരയല്ലാതെ മറ്റൊരു വാഹനവും ആ വഴിക്കു പോകുകയില്ല—അവിടവിടെ പാറക്കെട്ടുകൾ ചിതറിയിട്ടതുപോലെ ചിന്നിക്കിടപ്പുണ്ട്. ശാലവനം, കുതിരവാൽപ്പുല്ലുകൾ ഞാവൽക്കാട്ടു

കൾ,—വഴിയാസകലം കേററവും ഇറക്കവും, ഇടക്കിടക്ക് ഉയരംകൂടിയ മണൽക്കുന്നുകൾ, ചെമ്മൺകുന്നു്, ചെറിയ മല, മലക്കുമുകളിൽ ഇടതൂന്ന മുൾച്ചെടിക്കാട്ട്. ഞാൻ സന്ദർഭമനുസരിച്ചു് ചിലപ്പോൾ വേഗത്തിൽ, ചിലപ്പോൾ പതുക്കെ കുതിരയെ വിട്ടു. കുതിരയെ ചെളിയുള്ളസ്ഥലത്തു് നേരാംവണ്ണം വിടാൻ സാദ്ധ്യമായിരുന്നില്ല—വഴിയുടെ ദുർഗ്ഗമതയും അവിടവിടെ കിടന്നിരുന്ന പാറകളും നിമിത്തം ചെറിയചെറിയ ഇടകളിൽ കുതിരയുടെ സഞ്ചാരത്തിനു് ഭംഗംനേരിട്ടു; ചിലപ്പോൾ ഗാലപ്പു്, ചിലപ്പോൾ ട്രൊട്ടിംഗു്, ചിലപ്പോൾ കാൽ പെറുക്കിപ്പെറുക്കി ഓരോന്നായി വയ്ക്കുന്നതുപോലെ മന്ദഗമനം, ഇങ്ങനെ സാധാരണക്രമംവിട്ടു് കുതിരയെ വിടേണ്ടിവന്നു.

എന്നാൽ കച്ചേരിയിൽനിന്നും പുറപ്പെട്ടതുമുതൽ, ഞാൻ ആനന്ദമഗ്നനായിരുന്നു. ഉദ്യോഗംസ്വീകരിച്ചു് ഇവിടെ വന്ന ദിവസംമുതൽ, ഇവിടുത്തെ അതിവിശാലമായ പുൽത്തകിടികളും വനഭൂമിയും എന്നെക്കൊണ്ടു ക്രമത്തിൽ സ്വദേശം വിസ്മരിപ്പിച്ചുകളഞ്ഞു; പരിഷ്കൃതമനുഷ്യന്റെ നൂറുപ്രകാരത്തിലുള്ള വിശ്രമോപകരണങ്ങളും ശീലങ്ങളും ഞാൻ മറന്നുപോയി. ബന്ധുമിത്രങ്ങളെപ്പോലും വിസ്മരിക്കത്തക്ക സാഹചര്യങ്ങൾ സംജാതമായി. കുതിര മന്ദഗതിയിലോ, ദ്രുതഗതിയിലോ എങ്ങനെയും പൊയ്ക്കൊള്ളട്ടെ, ആരറിയുന്നു അതു്? ശൈലസാനുക്കളിൽ രക്തപലാശപുഷ്പങ്ങൾ വിരിഞ്ഞമുഖത്തോടെ വസന്തോത്സവം ആഘോഷിക്കുകയാണു്. പർവ്വതത്തിന്റെ താഴെയും മുകളിലുംഉള്ള സമതലങ്ങളിൽ സർവ്വത്ര ധംഷ്ട്രിച്ചെടികളുടെ ചെറുശാഖകൾ പൂങ്കുലകളുടെ ഭാരംകൊണ്ടു ചാഞ്ഞുനിലകൊള്ളുന്നു. ഇലയില്ലാതെ പാൽപോലെ വെളുത്ത തണ്ടുകളിൽ മഞ്ഞനിറംപൂണ്ട വലിയവലിയ ഗോളഗോളിപ്പൂക്കൾ സൂര്യകാന്തിപ്പൂവെന്നപോലെ മൃദുലപരിമളം പരത്തിക്കൊണ്ടു് മദ്ധ്യാഹ്നാതപത്തെ അലസമാക്കിച്ചമച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ എത്രദൂരം വഴി സഞ്ചരിച്ചുഎന്നു് ആരാണു് കണക്കു കുറിച്ചിടാൻപോകുന്നതു്?

എന്നാലും കണക്കു് കുറഞ്ഞൊന്നു് കുറിച്ചിടണമല്ലോ. ഇല്ലെങ്കിൽ ദിഗ്ഭ്രമമുണ്ടാകാനും വഴിതെററിപ്പോകാനും

സാദ്ധ്യതയുണ്ട്. ഞങ്ങളുടെ വനത്തിൻെറ അതിരുകൾ കടക്കുന്ന തിന്നു മുമ്പുതന്നെ ഈ പരമാൎത്ഥം എനിക്ക് നല്ലവണ്ണം ബോദ്ധ്യമായി. അപ്പോൾ ഞാൻ കുറച്ചുദൂരം അന്യചിന്തകളോടെയായിരുന്നു യാത്രചെയ്തതു്. പെട്ടെന്നു് എൻെറ മുൻഭാഗത്തു് വളരെയധികം ദൂരെ, ഒരു വളരെ വലിയ മഹാവനത്തിൻെറ ധൂമനീലമായ ശീൎഷദേശം രേഖാകാരമായി ദിഗ്വലയത്തിൻെറ ആ അംശത്തിൽ ഒരററംമുതൽ മറേറയററംവരെ നീണ്ടുകിടക്കുന്നതായി കാണായി. എവിടെനിന്നുമാണു് ഇത്രവലിയ ഒരു വനം അവിടെ വന്നതു്? കച്ചേരിയിൽ ആരും ഇക്കാര്യം പറഞ്ഞില്ലല്ലോ, മൈഷന്ധിമേളയ്ക്കു് അടുത്തു് എവിടെയെങ്കിലും ഇങ്ങനെ വിശാലമായ ഒരു വനമുണ്ടെന്നു്. അടുത്തനിമിഷത്തിൽ, വഴി തെററിപ്പോയെന്നു് എനിക്കു മനസ്സിലായി. മുമ്പിൽ കാണുന്ന വനരേഖ മോഹനപുരാറിസേർവ്ഫോറസ്റ്റാകാതിരിക്കാൻ തരമില്ല—അതു് ഞങ്ങളുടെ കച്ചേരിയിൽ നിന്നും നേരെ വടക്കുകിഴക്കേ കോണിലാണു് സ്ഥിതിചെയ്യുന്നതു്. ഈ ദിക്കിലെല്ലാം സഞ്ചരിക്കുന്നതിന്നു് വെട്ടിയുണ്ടാക്കിയിട്ടുള്ള വഴിയെന്നുപറയാൻ ഒന്നുംതന്നെ ഇല്ല. ആരുംതന്നെ ആ വഴിക്കു് നടന്നുപോകാറുമില്ല. അതിന്നുംപുറമേ, നാലുപാട്ടും കാഴ്ചയിൽ ഒരേരൂപംതന്നെയാണു്. ഒരേതരത്തിലുള്ള കുന്നുകൾ, ഒരേമാതിരിയിലുള്ള ഗോളാഗോളിയുടെയും ധാതുപ്പിൻെറയും പൂക്കളുടെ വനം; അതോട്ടുകൂടി, വൎദ്ധിച്ചുവരുന്ന വെയിലിൻെറ വിറയൽകൊള്ളുന്ന താപതരംഗവും. അനുഭവജ്ഞാനമില്ലാത്തവൎക്കു വഴിതേറ്റിപ്പോകാൻ അധികം താമസം വേണ്ടല്ലോ.

കുതിരയെ പിന്നെയും തിരിച്ചുവിട്ടു. വളരെ കരുതലോടെ ലക്ഷ്യസ്ഥാനം നിൎണ്ണയിച്ചിട്ടു് ദൂരെനിന്നും ഊഹിച്ചു് ഒരു ലക്ഷ്യചിഹ്നം കണ്ടുപിടിച്ചു. കരകാണാൻവയ്യാത്ത സമുദ്രത്തിൽ കപ്പൽ ശരിയായ വഴിക്കു വിടുന്നതും, അനന്തമായ ആകാശത്തിൽ ഏറോപ്ലെയിൻ പൈലററുചെയ്യുന്നതും, അജ്ഞാതവും സുവിശാലവും മാൎഗ്ഗഹീനവും ആയ വനപ്രാന്തരത്തിൽ കുതിരയെ വിട്ടു് പ്രാപ്യസ്ഥാനത്തേയ്ക്കു സഞ്ചരിക്കുന്നതും ഏതാണ്ടു് ഒരേജാതിയിലുള്ള പ്രവൃത്തിയാണു്. അനുഭവ

ജ്ഞാനമുള്ളവക്ക് ഇതിൻെറ പരമാത്ഥം ബോദ്ധ്യമാകാൻ താമസമുണ്ടാകുകയില്ല.

പിന്നെയും വെയിലേററു കരിഞ്ഞു് ഇലയില്ലാതായ ഗുല്മ രാശി, പിന്നെയും വനകുസുമങ്ങളുടെ മൃദുലമധുരമായ സൗരഭ്യം, പിന്നെയും അനാവൃതമായ കൽത്തുണപോലെ കാണപ്പെട്ടുന്ന ഗണ്ഡശൈലമാല, പിന്നെയും രക്തപലാശിപ്പൂക്കളുടെ ശോഭ.

നേരം വളരെയായി. കുടിക്കാൻ വെള്ളം കിട്ടിയിരുന്നെങ്കിൽ എന്നു് ഇതിനിടയ്ക്കു തോന്നി. കാരോനദിയിലല്ലാതെ മറെറാരിടത്തും വെള്ളംകിട്ടുകയില്ലെന്നു ഞാൻ അറിഞ്ഞിരുന്നു. ഞങ്ങളുടെ വനത്തിൻെറതന്നെ അതിത്തിയിൽനിന്നും എപ്പോഴാണു് പുറത്തുവരുന്നതു് എന്നു് ഇപ്പോഴും എനിക്കു നിശ്ചയമില്ല; കാരോനദി വളരെ ദൂരെയാണുതാനും—എന്നിങ്ങനെവിചാരിച്ചതോടെ പെട്ടെന്നു ദാഹം പെരുകിത്തുടങ്ങി.

മുകുന്ദിചാക്‌ലാദാരോടു് ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു ഞങ്ങളുടെ എസ്റ്റേററിൻെറ അതിത്തികാണിക്കത്തക്കവണ്ണം ബാബ്‌ലാത്തടിയിൽ ഒരു തൂണോ അല്ലെങ്കിൽ മഹാവീരദ്ധ്വജംപോലെ ഒരു കൊടിമരമോ വല്ലതും നാട്ടിയേക്കണമെന്നു്. ഈ അതിത്തിയിൽ ഞാൻ വന്നിട്ടേയില്ല; ഇപ്പോൾ നോക്കിയപ്പോൾ എനിക്കു മനസ്സിലായി ചാക്‌ലാദാർ എൻെറ നിർദ്ദേശമനുസരിച്ചു് പ്രവത്തിച്ചിട്ടില്ലെന്നു്. അയാൾ വിചാരിച്ചിരിക്കും, 'ഈ ഘോരമായ വനം കടന്നു് കൽക്കത്താക്കാരനായ മാനേജർ ബാബു പരിശോധനയ്ക്കുവരുകയില്ല. ആരാണു് ഇത്ര ബുദ്ധിമുട്ടി മരിക്കാൻപോകുന്നതു്. മുമ്പിലത്തെപ്പോലെതന്നെ ഇരിക്കട്ടെ' എന്നിങ്ങനെ.

ഞങ്ങളുടെ അതിത്തിവിട്ടു് വഴിയിൽനിന്നും കുറച്ചകലെയായി ഒരു പുക പരക്കുന്നതു കണ്ടു് അങ്ങോട്ടു ചെന്നു. കാട്ടിനകത്തു് കുറേ ആളുകൾ വിറകുകത്തിച്ചു് കരിയുണ്ടാക്കിക്കൊണ്ടിരിക്കുകയാണു്. ഈ കരി ഇവർ ശീതകാലത്തു് ഗ്രാമംതോറും കൊണ്ടുചെന്നു വിൽക്കും. ഈ ദേശത്തെ പാവപ്പെട്ടവർ മൺകുടത്തിൽ കരി കത്തിച്ചാണു് തണുപ്പുനീക്കുന്നതു്. ഇവർ വിറകുകരി വിൽക്കുന്നതു് പൈസയ്ക്കു നാലു സേർവെച്ചാണു്. അതുപോലും വാങ്ങിക്കാനുള്ള പൈസാ പലക്കും കിട്ടുന്നില്ല;

മാത്രമല്ല, ഇത്രബുദ്ധിമുട്ടി വിറകുകരിച്ചുണ്ടാക്കുന്ന കരി പൈസാക്കു നാലുസേർവച്ചു വിറ്റാൽത്തന്നെ കരിയുണ്ടാക്കുന്നവരുടെ തൊഴിൽ എങ്ങനെ അഭിവൃദ്ധിപ്പെട്ടും എന്ന് എനിക്കു മനസ്സിലാകുന്നില്ല. ഈ ദേശത്തെ പൈസാനാണയം വംഗദേശത്തേതുപോലെ വിലകുറഞ്ഞതല്ലെന്ന് ഇവിടെ വന്നതുമുതൽ ഞാൻ മനസ്സിലാക്കിയിരുന്നു. കേന്ദ്, നെല്ലി എന്നീ മരങ്ങൾ വളരുന്ന വനത്തിനകത്ത്, കരിഞ്ഞ കാശപ്പുല്ലും, സാബായിപ്പുല്ലുംകൊണ്ടു മേഞ്ഞ ഒരു കുടിലിൽ ഇരുന്ന് ഒരുമാതിരി വലിയ കലത്തിൽ വേവിച്ച ചോളം ശാലത്തിൻെറ പച്ചയിലയിൽ വിളമ്പി എല്ലാവരും ഒരുമിച്ചിരുന്ന് ആഹാരംകഴിച്ചുകൊണ്ടിരുന്നപ്പോഴാണ് ഞാൻ അവിടെച്ചെന്നതു്. ഉപ്പല്ലാതെ മറെറാന്നും കൂട്ടാനില്ല. അടുത്ത് വലിയവലിയ കുഴികളിൽ തീ കത്തുന്നുണ്ടു്. ഒരു പയ്യൻ അവിടെയിരുന്ന് ഇളം ശാലത്തിൻെറ നീളമുള്ള കമ്പുകൊണ്ട് ചുള്ളികൾ ഇളക്കിയിട്ടുകൊണ്ടിരുന്നു.

ഞാൻ ചോദിച്ചു: "ആ കുഴിയിലെന്തോന്നാ ചുടുന്നതു്?"

അവർ തീററിനിറുത്തി എല്ലാവരും ഒരുമിച്ച് എഴുന്നേററുനിന്ന് ഭീതനേത്രരായി എന്നെ നോക്കി വായിലുള്ളതു വേഗം ഇറക്കിയിട്ടു പറഞ്ഞു: "ലക്ഡിക്കരിയാ എജമാനെ!"

കുതിരപ്പുറത്തിരിക്കുന്ന എൻെറ രൂപംകണ്ടിട്ട് അവർ ഭയപ്പെട്ടിരുന്നു. വനവിഭാഗത്തിൻെറ ഒരു ഉദ്യോഗസ്ഥനാണ് ഞാൻ എന്ന് അവർ ധരിച്ചതായി എനിക്കു തോന്നി. ഈ പ്രദേശത്തെ വനം, ഗവമെൻറ് എസ്റ്റേററിൽ ഉൾപ്പെട്ടതാണ്. അനുവാദംകൂടാതെ വനംവെട്ടുന്നതോ വിറകുകരിക്കുന്നതോ നിയമവിരുദ്ധമാണ്.

അവരെ ഞാൻ ആശ്വസിപ്പിച്ചു. "ഞാൻ വനവിഭാഗത്തിലെ ഉദ്യോഗസ്ഥനൊന്നുമല്ല, ഒട്ടും ഭയപ്പെടണ്ടാ, ഇഷ്ടംപോലെ കരിയുണ്ടാക്കിക്കോളു" എന്നു പറഞ്ഞു.

"കുറച്ചുവെള്ളം കുടിക്കാൻ കിട്ടുമോ ഇവിടെ?"

ഭക്ഷണം അവിടെ ഇട്ടിട്ട് ഒരുവൻ ഓടിച്ചെന്നു തേച്ചുമിനുക്കിയ ഒരു വലിയ പിത്തളപ്പാത്രത്തിൽ നല്ല വെള്ളം കൊണ്ടുവന്നു തന്നു. അടുത്തുതന്നെ കാട്ടിനുള്ളിൽ ഒരു അരുവിയുണ്ടെന്നും അതിലെ വെള്ളമാണതെന്നും ചോദിച്ചു മനസ്സി

ലാക്കി. അരുവിയോ? എനിക്കു ജിജ്ഞാസയുണ്ടായി. അരുവി എവിടെയാ? ഞാൻകേട്ടിട്ടില്ലല്ലോ ഇവിടെ അരുവിയുണ്ടെന്നു്. അവർ പറഞ്ഞു: "അരുവിയല്ല ഏമാന്നെ, ഊററാ. പാറക്കുഴിയിൽ കുറേശ്ശെക്കുറേശ്ശെയായി ഊറിയൂറി വെള്ളം വന്നു കെട്ടിക്കിടക്കും. ഒരു മണിക്കൂറിൽ അര സേർ വെള്ളംകിട്ടും, തെളിഞ്ഞ വെള്ളം, നല്ല തണുപ്പമാണു്."

ആ സ്ഥലം കാണാൻപോയി. എത്ര സൗന്ദര്യവും കുളുർമ്മയും ഉള്ള വനവീഥി. ഈ നിർജ്ജനമായ അരണ്യത്തിൽ ശരല്ക്കാലത്തും വസന്തകാലത്തും അർദ്ധരാത്രിക്കു് പക്ഷികൾ ജലകേളിക്കു് ഇവിടെ വന്നിറങ്ങാറുണ്ടത്രേ. ഇടതൂന്ന ഒരു വനാന്തർഭാഗത്തു് പിയാലം, കേന്ദു് എന്നീ മരങ്ങളുടെ ഇലപ്പടർപ്പുകളാൽ വലയംചെയ്യപ്പെട്ട നഗ്നമായ ഒരു താണ സ്ഥലമുണ്ടു്; കരിങ്കൽത്തളമാണതു്. വളരെ വലിയ ഒരു ശിലാവേദി കാലപ്പഴക്കംകൊണ്ടു കുഴിഞ്ഞുകുഴിഞ്ഞു് ഒരു ഉരൽപോലെ ആയിത്തീന്നിട്ടുണ്ടു്. പ്രകൃതി സൃഷ്ടിച്ചുവച്ച ഒരു വളരെ വലിയ കുഴി. അതിന്റെ മുകളിൽ പൂത്തുനില്ക്കുന്ന ഇലഞ്ഞിക്കൊമ്പു പടന്നുകിടന്നു് നല്ല തണൽസൃഷ്ടിച്ചിട്ടുണ്ടു്. ഇലഞ്ഞിപ്പൂക്കളുടെ പരിമളം വനച്ഛായയിൽ പരന്നിട്ടുണ്ടു്. പാറയുടെ വിടവിൽക്കൂടി വെള്ളം തുള്ളിതുള്ളിയായി വീണുകൊണ്ടിരിക്കുന്നു. എന്നിട്ടും ഇപ്പോൾ അതിൽ ആറു 'ഛടാക്'[1] വെള്ളംതന്നെ ആയിട്ടില്ല. അവർ പറഞ്ഞു: "ഈ ഊററിൻെറ കാര്യം ആക്കും അറിഞ്ഞുകൂടാ ഏമാന്നെ. ഞങ്ങളീക്കാട്ടിലും വനത്തിലും എപ്പോഴും നടക്കുന്നവരാണല്ലോ; ഞങ്ങൾക്കറിയാം."

പിന്നെയും ഒരു അഞ്ചുമൈൽ പോയപ്പോൾ കാരോനദിയായി. ഇരുവശങ്ങളിലും വളരെ ഉയന്ന മണൽത്തിട്ടകൾ, അതിനു കിഴക്കാംതൂക്കായി വളരെ കീഴോട്ടിറങ്ങിയാൽ നദീതടമായി. ഇപ്പോൾ കുറച്ചെല്ലാം വെള്ളമുണ്ടു്. രണ്ടു തീരങ്ങളിലും വളരെദൂരംവരെ മണൽത്തിട്ടകൾ നീണ്ടുകിടക്കുന്നതു കാണാം. മലകളിൽനിന്നും ഒഴുകിവന്നുകിടക്കുന്നതാണെന്നു തോന്നുന്നു. കുതിരയെ വെള്ളത്തിലേയ്ക്കു് ഇറക്കിവിട്ടു, നദികടക്കാൻ. കുറെ മുന്നോട്ടു ചെന്നപ്പോൾ വെള്ളം ജീനിവരെ

---

1 ഛടാക് = $\frac{1}{6}$ സേർ.

യായി. സ്റ്റിറപ്പുകൊണ്ടു മൂടിയ പാദം വളരെ കരുതലോടെ പിടിച്ചു നദി കടന്നുകൂടി. അക്കരെ പൂത്തുനിന്നിരുന്ന രക്തപലാശവനം, ഉച്ചനീചങ്ങളായ ചെങ്കല്ലുകൾ, പിന്നെയും പലാശം തന്നെ, പിന്നെയും പലാശം, സൎവ്വത്ര പലാശപ്പൂക്കളുടെ ഒരു ഉത്സവംതന്നെ; ഒരിക്കൽ ദൂരെ ധാതുപ്പ്പൂക്കൾനിറഞ്ഞ വനത്തിൽനിന്നും ഒരു കാട്ടുപോത്ത് ഇറങ്ങിവരുന്നതു കാണാനിടയായി—അതു വഴിയിൽനിന്നും അതിൻെറ കുളമ്പുകൊണ്ടു ചുരമാന്താൻ തുടങ്ങി. പെട്ടെന്ന് ലഗാൻപിടിച്ച് കുതിരയെ നിറുത്തി അവിടെത്തന്നെ ഞാൻ നിലകൊണ്ടു. അടുത്തെങ്ങും ഒരു മനുഷ്യനുമില്ല; കൊമ്പുകളും ഉയൎത്തിപ്പിടിച്ചുകൊണ്ട് ഓടിവന്നാലോ? എന്നാൽ ഭാഗ്യവശാൽ ആ പോത്ത് വഴിക്കരികിലുള്ള വനത്തിൽക്കയറി മറഞ്ഞു.

നദീതടംവിട്ട് പിന്നെയും മുന്നോട്ടു സഞ്ചരിച്ചപ്പോൾ അതിസുന്ദരമായ കാഴ്ചയാണ് വഴിക്കിരുവശങ്ങളിലും കാണായതു്. എങ്കിലും നട്ടുച്ചക്കു വെയിൽ എരിയുന്നുണ്ടു്. അപരാഹ്നത്തിലെ നിഴലോ രാത്രികാലത്തെ നിലാവോ ഇല്ല. എന്നാൽ ആ നിശ്ചലമായ എരിയുന്ന മദ്ധ്യാഹ്നത്തിൽ, വാമഭാഗത്തായി വനാവൃതമായ നീണ്ട ശൈലമാലയും, ദക്ഷിണഭാഗത്തായി ഇരുമ്പുപാറയും പയോറൈറ്റും വിതറിക്കിടക്കുന്ന അസമതലമായ ഭൂമിയിൽ വെള്ളത്തണ്ടുള്ള ഗോളഗോളിപ്പൂക്കളുടെയും ധാതുപ്പ്പൂക്കളുടെയും വനമാണ്. പരമാൎത്ഥത്തിൽ ആ സ്ഥലം അത്യാശ്ചൎയ്യകരമാണ്. ഇത്ര പരുഷവും എന്നാൽ സുന്ദരവും, പുഷ്പസങ്കീൎണ്ണവും ഉച്ഛൃംഖലവും, അപരിമിതവും ആയ ഒരു വന്യഭൂവിഭാഗം ജീവിതത്തിൽ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അതിനെല്ലാം ഉപരിയായി, നട്ടുച്ചക്കുള്ള എരിയുന്നവെയിൽ. തലക്കുമീതെ ആകാശത്തിൻെറ കടും നീലനിറം; ആകാശത്തിൽ ഒരു പക്ഷിപോലും ഇല്ല, ശൂന്യം!—താഴെ മണ്ണിൽ വന്യപ്രകൃതിയുടെ മാറിടത്തിൽ ഒരിടത്തും ഒരു മനുഷ്യനോ ജീവജന്തുവോ ഇല്ല—നിശ്ശബ്ദം! ഭയാനകമായ ഏകാന്തത; നാലുദിക്കിലും നോക്കിയിട്ടു പ്രകൃതിയുടെ ഈ വിജനമായ രൂപസൗന്ദൎയ്യലീലയിൽ ഞാൻ മുങ്ങിപ്പോയി. ഭാരതവൎഷത്തിൽ ഇത്തരം സ്ഥലമുണ്ടെന്നു് ഞാൻ അറിഞ്ഞിരുന്നില്ലല്ലൊ. ഫിൽമിൽ കണ്ടിട്ടുള്ള തെക്കേ അമേ

രിക്കയിലെ ആരിസോണാമരുഭൂമിയോ നാവോസാമരുഭൂമിയോ അഥവാ ഹഡ്സൻെറ ഗ്രന്ഥത്തിൽ വർണ്ണിച്ചിട്ടുള്ള ഗിലാനദിയിൽ മുങ്ങിക്കിടക്കുന്ന പ്രദേശമോ ആണെന്ന് എനിക്കു തോന്നിപ്പോകുന്നു.

ഉത്സവസ്ഥലത്തെത്തിയപ്പോൾ മണിയൊന്നടിച്ചു. മഹോത്സവം! ദീർഘമായ ശൈലശ്രേണി വഴിയുടെ ഇടത്തു ഭാഗത്തായി എൻെറ കൂടെത്തന്നെ ആറുനാഴിക ദൂരം വന്നു. അതിൻെറതന്നെ ഏററവും തെക്കുഭാഗത്തായി ചെറിയ ഒരു ഗ്രാമമൈതാനത്തിൽ, മലഞ്ചരുവിൽ നാലുപാടുമുള്ള ശാല-പലാശവനത്തിൻെറ ഉള്ളിലായിട്ടാണ് ഈ മേള നടക്കുന്നതു്.

മഹിഷാരഡി, കരാരി, തിൻടാങ്ങാ, ലഛമനിയാടോലാ, ഭീമദാസടോലാ, മഹാലിഖാരൂപം തുടങ്ങി അകലെയും അടുത്തുമുള്ള സ്ഥലങ്ങളിൽനിന്നുമാണ് ജനങ്ങൾ, വിശേഷിച്ചും സ്ത്രീജനങ്ങൾ വന്നു തടിച്ചുകൂടിയതു്. തരുണികളായ വന്യവനിതകൾ പിയാലപ്പൂവും ചുവന്ന ധാതുപ്പ്പൂവും തലയിൽ ചൂടിയിട്ടുണ്ടു്. ചിലരെല്ലാം മരംകൊണ്ടുള്ള വളഞ്ഞ ചീപ്പ് തലമുടിക്കെട്ടിൽ തിരുകിയിട്ടുണ്ടു്. മിക്ക സ്ത്രീകൾക്കും നല്ല ആകൃതിയും സുലളിതവും ലാവണ്യസമ്പൂർണ്ണവുമായ ശരീരഘടനയുമാണുള്ളതു്. അവർ ആഹ്ലാദത്തോടെ, പളുങ്കുമാല, താണതരം ജപ്പാൻമേഡ്ഡോ ജർമ്മൻമേഡ്ഡോ ആയ സോപ്പുപെട്ടി, ഓടക്കുഴൽ, കണ്ണാടി, വളരെ ഉച്ഛമായ എസൻസ് എന്നീ സാധനങ്ങൾ വാങ്ങിക്കുന്നുണ്ടു്. പുരുഷന്മാർ പൈസാക്കു പത്തെണ്ണം കിട്ടുന്ന കറുത്ത സിഗററും വാങ്ങിക്കുന്നു. കുട്ടികൾ തില്ലുയാ, റെയുഡി, രാമദാനാലഡ്ഡു, എണ്ണയിൽ വറുത്ത ഖാജാ എന്നിങ്ങനെയുള്ള മധുരഫലഹാരങ്ങളും വാങ്ങിച്ചുതിന്നുന്നു.

പെട്ടെന്നു സ്ത്രീകളുടെ ആർത്തനാദങ്ങളും കരച്ചിലും കേട്ടു ഞാൻ അമ്പരന്നുപോയി. ഒരു ഉയന്ന കുന്നിൻെറ ഉന്നതതലത്തിൽ യുവതീയുവാക്കൾ കൂടിനിന്നു് പ്രസന്നവദനരായി സല്ലപിച്ചു് ഉന്മത്തരായിനിന്ന സ്ഥലത്താണു കരച്ചിൽകേട്ടതു്. എന്താകാര്യം? ആരെങ്കിലും പെട്ടെന്നു മരിച്ചുപോയിരിക്കുമോ? ഒരാളോടു ചോദിച്ചു കാര്യം മനസ്സിലാക്കി. ഏതോ ഒരു വധു, തൻെറ അച്ഛൻെറവീട്ടിലെ ഒരു സ്ത്രീയുമായി കണ്ടുമുട്ടി

യതായിരുന്നു. ഈ ദേശത്തെ ഒരു ആചാരമാണിതു്. ഒരു ഗ്രാമത്തിലെ ഒരു സ്ത്രീയോ അല്ലെങ്കിൽ അന്യദേശത്തു താമസിക്കുന്ന അവളുടെ ഒരു സഖിയോ, അവളുടെ കുടുംബത്തിലോ അല്ലെങ്കിൽ സ്വന്തത്തിലുള്ളവളോ ആയ മറെറാരു സ്ത്രീയെ വളരെ അധികനാൾ കഴിഞ്ഞു് കണ്ടാൽ ഇരുവരും പരസ്പരം കെട്ടിപ്പിടിച്ചു കരയണം. ഇക്കാര്യം അറിഞ്ഞുകൂടാത്ത ആളുകൾ വിചാരിച്ചുപോകും അവരുടെ ആരെങ്കിലും മരിച്ചുപോയെന്നു്. പരമാൎത്ഥത്തിൽ, ഇതു മര്യാദകാണിക്കുന്ന ഒരു ചടങ്ങാണു്. കരഞ്ഞില്ലെങ്കിൽ അതു നിന്ദയാകും. സ്ത്രീകൾ അച്ഛൻെറവീട്ടിലെ പുരുഷന്മാരെ കണ്ടാൽ കരയുകയില്ല. അതായതു് അതിൻെറ അൎത്ഥം ഭൎത്തൃഗൃഹത്തിൽ അവൾക്കു നല്ല സുഖമാണെന്നു്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇതു ലജ്ജാവഹമാണല്ലോ.

ഒരു സ്ഥലത്തു് പുസ്തകക്കടയിൽ ചാക്കിൻെറ പുറത്തു് പുസ്തകം അടുക്കിവച്ചിരിക്കുന്നതായി കാണായി. ഹിന്ദിഗുലേബക്കാവലി, ലയലാമസനു, വേതാളപഞ്ചിശീ, പ്രേമസാഗര എന്നിങ്ങനെയുള്ള പുസ്തകങ്ങൾ. പ്രായമായവരിൽ ചിലർ പുസ്തകങ്ങൾ മറിച്ചുമറിച്ചു നോക്കിക്കൊണ്ടു നില്ക്കുന്നു. ബുക്കു് സ്റ്റാളിൽ നിന്നുംകൊണ്ടു പുസ്തകം വായിക്കുന്ന സമ്പ്രദായം ആനാറേറാൾഫ്രാൻസിൻെറ പാരീസിൽ എപ്രകാരമാണോ അതുപോലെതന്നെയാണു് ഈ പ്രദേശത്തെ കരാരീതിൻടാങ്ങയിലെ ഹോളിഉത്സവത്തിലും എന്നു ഞാൻ മനസ്സിലാക്കി. വിലകൊടുക്കാതെ, നിന്നുംകൊണ്ടു പുസ്തകംവായിക്കാൻ കഴിയുമെങ്കിൽ ആരും അധികമായി പുസ്തകം വാങ്ങിക്കുകയില്ലല്ലോ. എന്നാലും കച്ചവടക്കാരൻെറ വ്യാപാരം കൊണ്ടുപിടിച്ചു നടക്കുന്നുണ്ടു്. അയാൾ പുസ്തകവായനയിൽ ലയിച്ചുനിന്ന ഒരുവനോടു പറയുകയാണു്: "പുസ്തകം വാങ്ങിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതവിടെ വച്ചിട്ടു വേറെ വല്ല കാര്യോം നോക്കു്." മേളസ്ഥലത്തുനിന്നും കുറച്ചകലെയായി ഒരു ശാലവനച്ഛായയിൽ കുറച്ചു് അധികംപേർ ആഹാരം പാകംചെയ്തു് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നുണ്ടു്—ഇവൎക്കുവേണ്ടി ഉത്സവസ്ഥലത്തു് ഒരുഭാഗത്തായി പച്ചക്കറിച്ചന്തയും മീൻചന്തയും നടക്കുന്നുണ്ടു്. അവിടെ ശാലപത്രംകൊണ്ടുള്ള വട്ടിയിൽ

ഉണക്ക ആരോൺമത്സ്യം, കൊഞ്ച്, നീറിൻമുട്ട ഇതെല്ലാം വില്പനയ്ക്കു വച്ചിരിക്കുന്നു. നീറിൻമുട്ട ഇവിട്ടത്തെ ഒരു പ്രിയപ്പെട്ട ആഹാരസാധനമാണ്. ഇതുകൂടാതെ പേരയ്ക്കാ, ഓമയ്ക്കാ, അമരയ്ക്കാ തുടങ്ങിയ പച്ചക്കറിസാമാനങ്ങളും അവിടെ വില്പനയ്ക്കുണ്ട്.

പെട്ടെന്നു്, "മാനേജർ ബാബു!" എന്നു് ആരുടേയോ ഒരു വിളി കേട്ടു. നോക്കിയപ്പോൾ ആൾക്കൂട്ടം തള്ളിമാററിക്കൊണ്ടു് ലബ്ടുലിയാപാൂർത്യകാരുടെ സഹോദരൻ ബ്രഹ്മാമാഹാതോ മുന്നോട്ടു വരുന്നതായി കണ്ടു—അയാൾ ചോദിച്ചു: "അങ്ങുന്നു് എപ്പോൾ വന്നു? കൂടെയാരുണ്ടു്?"

ഞാൻ ചോദിച്ചു: "ബ്രഹ്മാ! ഇവിടെ ഉത്സവംകാണാൻ വന്നതാണൊ?"

"അല്ലങ്ങുന്നെ! ഞാൻ ഉത്സവക്കരംപിരിവുകാരനാണു്. വരണേ! വരണേ! എന്റെ കൂടാരത്തിൽ പോകാം. അവിടെ വരാൻ ദയവുണ്ടാകണേ!"

മേളയുടെ ഒരുവശത്താണു് കരംപിരിവുകാരുടെ കൂടാരം. ബ്രഹ്മാ വളരെ ആദരവോടെ എന്നെ അവിടെ കൊണ്ടുപോയി ഒരു പഴയ ബെൻറുവുഡ്ഡ് ചെയാറിൽ ഇരുത്തി. അവിടെ ഒരു മനുഷ്യനെ ഞാൻ കണ്ടു. അതുപോലെയുള്ള ഒരുവനെ ലോകത്തിൽ ഒരിടത്തും ഇനിയും കാണുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്. ആൾ ആരാണെന്നു് എനിക്കറിഞ്ഞുകൂടാ. ബ്രഹ്മാമാഹാതോവിൻെറ ഒരു വേലക്കാരനായിരിക്കാം. വയസ്സു് അമ്പതു് അറുപതുവരും. നിറം കറുപ്പു്, ഉടുപ്പൊന്നും ഇട്ടിട്ടില്ല. തലമുടി മിക്കവാറും നരച്ചതാണു്. അയാളുടെ കൈയിൽ ഒരു സഞ്ചിനിറച്ച് പൈസായുണ്ടു്, കക്ഷത്തിൽ ഒരു ബുക്കും. ഉത്സവസ്ഥലത്തെ കരംപിരിച്ചുകൊണ്ടു നടക്കുകയായിരുന്നിരിക്കാം. ബ്രഹ്മാമാഹാതോവിനെ കണക്കു ബോദ്ധ്യപ്പെടുത്താനായിരിക്കാം വന്നതു്.

അയാളുടെ നോട്ടവും മുഖത്തെ ദീനവും വിനീതവുമായ ഭാവവും എന്നെ ആകർഷിച്ചു. അല്പം ഭയവും അയാളുടെ ദൃഷ്ടിയിൽ കലന്നിരുന്നതായി എനിക്കു തോന്നി. ബ്രഹ്മാമാഹാതോ.രാജാവല്ല, മജിസ്ട്രേട്ടല്ല, ആരുടേയും ശിക്ഷാധികാരിയല്ല; ഗവൺമെൻറ് എസ്റ്റേററിലെ ധനികനായ ഒരു പ്രജ മാത്ര

മാണ്. ഉത്സവക്കരം പിരിച്ചെടുക്കുകയാണെന്നു വരാം. ഇങ്ങനെയുള്ള ഒരുവൻെറ അടുക്കൽ ആ മനുഷ്യന് ഇത്ര എളിയ ഭാവം എന്താണാവൊ? ഇതു കഴിഞ്ഞ് ഞാൻ കൂടാരത്തിലെത്തിയപ്പോൾ ബ്രഹ്മാമാഹാതോ എന്നെ ബഹുമാനിക്കുന്നതു കണ്ടിട്ട്,ഈ മനുഷ്യൻ അതിരുകടന്ന ബഹുമാനത്തോടും ദീനഭാവത്തിലും ഭയന്നുഭയന്ന് ഒന്നുരണ്ടു പ്രാവശ്യത്തിൽക്കൂടുതൽ എൻെറ നേരെ നോക്കാൻ ധൈര്യപ്പെട്ടില്ല. ഇയാൾക്ക് എന്തുകൊണ്ട് ഈ ദീനഹീനഭാവം വന്നുകൂടി എന്നു ഞാൻ ആലോചിച്ചു. വളരെ പാവപ്പെട്ടവനായിരിക്കുമൊ? ഈ മനുഷ്യൻെറ മുഖത്തു വീണ്ടുംവീണ്ടും നോക്കിയപ്പോൾ എനിക്കു തോന്നി, അവിടെ, "Blessed are the meek, for theirs is the Kingdom of Heaven" എന്ന് എഴുതിയിരിക്കുന്നതായി. ഈ വിധത്തിൽ യഥാർത്ഥത്തിൽ ദീനവും വിനീതവും ആയ മുഖം ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

ഈയാളെപ്പററി ബ്രഹ്മാമാഹാതോവിനോടു ചോദിച്ചു മനസ്സിലാക്കി. ഇയാളുടെ വീട് കരാരീതിൻടാങ്ങായിലാണ്; ബ്രഹ്മാമാഹാതോവിൻെറ ഗ്രാമത്തിൽത്തന്നെ; പേര് ഗിരിധാരീലാൽ, ജാതി ഗാങ്ങോതാ. ഇയാൾക്ക് ഒരു കൊച്ചുമകനല്ലാതെ സ്വന്തമായി മററാരുമില്ല. സ്ഥിതി ഞാൻ അനുമാനിച്ചതുപോലെതന്നെ––വളരെ പാവപ്പെട്ടവൻ. ഇപ്പോൾ ഈയാളെ ഉത്സവക്കടകളിലെ കരംപിരിക്കാൻ നിയോഗിച്ചിരിക്കുകയാണ്. ദിവസം നാലണ ശമ്പളവും ആഹാരവും കൊടുക്കും.

ഗിരിധാരീലാലിനെ അതിൽപ്പിന്നീടും എനിക്ക് കാണാൻ ഇടയായിട്ടുണ്ട്. എന്നാൽ ഒടുവിൽ കണ്ടയവസരത്തിൽ അയാളുടെ സ്ഥിതി വളരെ ദയനീയമായിരുന്നു; ഇതെല്ലാം പിന്നീടു പറയാം. പലതരത്തിലുള്ള ആളുകളെ ഞാൻ കണ്ടിട്ടുണ്ട്; പക്ഷേ, ഗിരിധാരീലാലിനെപ്പോലെ ഇത്ര സത്യവാനായ ഒരു മനുഷ്യനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. എത്രയോ കാലം കഴിഞ്ഞുപോയി; എത്രയാളുകളെ മറന്നുപോയി; എന്നാൽ ആരുടെയെല്ലാം കാര്യം ചിരകാലം മനസ്സിൽ മായാത്ത മുദ്ര പതിഞ്ഞുകിടക്കുമോ അങ്ങനെയുള്ള ചുരുക്കം ചിലരുടെ കൂട്ടത്തിൽ ഒരുവനാണ് ഗിരിധാരീലാൽ.

## മൂന്നു്

"നേരംപോയി, ഇപ്പോൾത്തന്നെ പുറപ്പെടണം." എന്നിങ്ങനെ ബ്രഹ്മാമാഹാത്മോവിനോടു ഞാൻ യാത്രചോദിച്ചു. ബ്രഹ്മാമാഹാത്മോ അപ്പോടെ ആകാശത്തിൽനിന്നും വീണതുപോലെയായിപ്പോയി. കൂടാരത്തിലുള്ളവരെല്ലാം എന്റെ മുഖത്തേയ്ക്കുനോക്കി അമ്പരന്ന നിലയായി. "അസാദ്ധ്യം! അങ്ങു് കൽക്കത്താക്കാരനാണു്; ഈ പ്രദേശത്തെ വഴിയെപ്പററി ഒന്നും അറിഞ്ഞുകൂടാഞ്ഞിട്ടാണു് ഇങ്ങനെ പറയുന്നതു്. പത്തുമൈൽ പോകുന്നതിനുമുമ്പു് സൂര്യൻ അസ്തമിച്ചുകഴിയും. നിലാവുള്ളതുകൊണ്ടും പ്രയോജനമൊന്നുമുണ്ടാകയില്ല. കട്ടത്തമലയും കാടും കടന്നുവേണം പോകാൻ. വഴിക്കെങ്ങും ഒരു മനുഷ്യനെപ്പോലും കാണാൻ കിട്ടുകയില്ല. കടുവാ പുറത്തിറങ്ങിയേക്കും. കാട്ടുപോത്തുണ്ടു്; വിശേഷിച്ചു് ബദരീഫലം പഴക്കുന്ന കാലം, നിശ്ചയമായും കരടി പുറത്തിറങ്ങുകതന്നെ ചെയ്യും. കാരോനദിക്കപ്പുറത്തെ മഹാലിഖാത്രപവനത്തിൽവച്ചു്, അതും പകൽസമയത്തു്, ഒരു കാളവണ്ടിക്കാരനെ കടുവാ പിടിച്ചു; ആ വനത്തിൽക്കൂടി ആ പാവം തിരിച്ചുപോകുകയായിരുന്നു. അസാദ്ധ്യം! അങ്ങന്നെ, ഈരാത്രി ഇവിടെ താമസിച്ചാട്ടെ. ഏതായാലും ദയവുചെയ്തു് പാവപ്പെട്ടവരുടെ പാർപ്പിടത്തിൽ വന്നല്ലൊ അങ്ങുന്നു്; ഭക്ഷണവും ഒക്കെക്കഴിച്ചു് നേരംവെളുക്കുമ്പോൾ പതുക്കെ സുഖമായിട്ടു പോകാം."

ഈ വാസന്തീപൗർണ്ണമിയിലെ പൂർണ്ണചന്ദ്രൻ സന്ധ്യമുതൽ പ്രഭാതംവരെ പ്രശോഭിക്കുന്ന ഈ രാത്രിയിൽ കുന്നും മലയും കാടും കടന്നു് ഒററയ്ക്കു കുതിരപ്പുറത്തു സഞ്ചരിക്കാനുള്ള പ്രലോഭനം എനിക്കടക്കാൻ കഴിയാതെവന്നു. ജീവിതത്തിൽ ഇനിയുമൊരിക്കലും ഇങ്ങനെ ഒരു സന്ദർഭം കിട്ടിയെന്നു വരികയില്ല; ഇതു് ഒടുവിലത്തേതായിയെന്നുവരാം; മാത്രമല്ല, ഈ വനപർവ്വതങ്ങളുടെ അദൃഷ്ടപൂർവ്വമായ കാഴ്ച കണ്ടുകണ്ടു് ഇവിടെ വന്നവഴിയെതന്നെ നിലാവുള്ള ഈ രാത്രിയിൽ, വിശേഷിച്ചു് പൗർണ്ണമിച്ചന്ദ്രന്റെ വെണ്ണിലാവിൽ, അവയുടെ സൗന്ദര്യം ഒരിക്കൽ കാണുന്നില്ലെങ്കിൽപ്പിന്നെ ഇത്ര കഷ്ടപ്പെട്ടു് എന്തിനാണിവിടെ വന്നതു്?

സകലരുടേയും നിർബന്ധപൂർവ്വമായ അപേക്ഷ നിരസിച്ചിട്ട ഞാൻ യാത്രയായി. ബ്രഹ്മാമാഹാതോ പറഞ്ഞതു് ശരിയായിരുന്നു. കാരോനദിയിലെത്തുന്നതിന്നു് അല്പംമുമ്പായി ചെങ്കതിരോൻ വിപുലശരീരനായി പശ്ചിമചക്രവാളത്തിലെ ഒരുയരംകുറഞ്ഞ ശൈലനിരയ്ക്കുപിമ്പിൽ അസ്തംഗതനായി. കുതിരപ്പുറത്തു് കാരോനദീതീരത്തെ മണൽക്കുന്നിൻെറ മുകളിലേയ്ക്കു കയറിയിട്ടു് അതിൻെറ ചരിവിൽക്കൂടി നദീഗർഭത്തിലേയ്ക്കിറങ്ങാൻ ഭാവിക്കയായിരുന്നു. പെട്ടെന്നു്, സൂര്യാസ്തമയവും, നേരേകിഴക്കു് വളരെ ദൂരെയായി കൃഷ്ണരേഖപോലെ കാണപ്പെട്ട മോഹനപുരാറിസേർവ്വ്ഫോറസ്റ്റിൻെറ ശീർഷഭാഗത്തായി പൂർണ്ണചന്ദ്രോദയവും—ഈ അസ്തമയത്തിൻെറയും ആ ഉദയത്തിൻെറയും ഒരുമിച്ചുള്ള കാഴ്ചകണ്ടു് ഞാൻ ലഗാനിട്ട കുതിരയെ നിറുത്തി അവിടെത്തന്നെ നിലകൊണ്ടു. ആ നിർജ്ജനവും അപരിചിതവുമായ നദീതീരത്തുള്ള സകലതും അയഥാർത്ഥമെന്നവണ്ണം കാണപ്പെട്ടു.

വഴിയിൽ എല്ലായിടത്തും, മലഞ്ചെരുവുകളിലും മുകളിലും വ്യാപിച്ചുകിടക്കുന്ന വനം ഇടയ്ക്കിടയ്ക്കു് ചൊവ്വൊത്തവഴിയെ ഇരുവശത്തുനിന്നും ഞെരുക്കുന്നതായും പിന്നെയും കുറച്ചു ദൂരെ എങ്ങോട്ടോ മാറിപ്പോകുന്നതായും കാണപ്പെട്ടു. എത്ര ഭയങ്കരമായ ഏകാന്തതയാണു് നാലുദിക്കിലും! പകൽസമയത്തു് ഒരുരൂപത്തിലിരുന്നതു് നിലാവുദിച്ചതിൽപ്പിന്നെ എനിക്കു തോന്നിപ്പോയി അജ്ഞാതവും അത്ഭുതകരമാംവണ്ണം സൗന്ദര്യമയവുമായ വനദേവതാരാജ്യമാണെന്നും അതിൽക്കൂടിയാണു് ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്നും. അതോടുകൂടിത്തന്നെ വ്യാഘ്രഭയവും ഉണ്ടായി. മേളസ്ഥലത്തു് ബ്രഹ്മാമാഹാതോയും കച്ചേരിയിലെ മിക്കയാളുകളും രാത്രിയിൽ ഈവഴിയെ ഒററയ്ക്കു പോകരുതെന്നു് വീണ്ടുംവീണ്ടും വിലക്കിയകാര്യം ഓർമ്മയിൽവന്നു. നന്ദകിശോരഗോസായി എന്നു പേരുള്ള കന്നുകാലിമേച്ചിൽക്കാരനായ ഞങ്ങളുടെ ഒരു പ്രജ രണ്ടുമാസം മുമ്പു് കച്ചേരിയിലിരുന്നുപറഞ്ഞ കഥയും ഞാൻ ഓർമ്മിച്ചു; ഈ മഹാലിഖാരൂപവനത്തിൽവച്ചു് ആയിടയ്ക്കു് ആരെയോ കടുവാപിടിച്ചു തിന്ന സംഭവം. കാട്ടിൽ അവിടവിടെയായി വലിയവലിയ ബദരീവൃക്ഷങ്ങളിൽ വിളഞ്ഞ ഫലങ്ങളുടെ

ഭാരംകൊണ്ടു് മരക്കൊമ്പുകൾ ചാഞ്ഞുനിൽക്കുന്നുണ്ടു്. മരച്ചുവട്ടുകളിൽ ഉണങ്ങിയതും പഴുത്തതുമായ ഫലങ്ങൾ ചിതറിക്കിടപ്പുണ്ടു്. അതുകൊണ്ടു് കരടികൾ പുറത്തിറങ്ങാനുള്ള സാദ്ധ്യതയും വളരെയുണ്ടു്. കാട്ടുപോത്തു് ഈ വനത്തിലില്ലെങ്കിലും, മോഹനപുരാവനത്തിൽനിന്നും അന്നത്തെപ്പോലെ ഒററയ്ക്കിറങ്ങിവരാൻ എത്രനേരംവേണം! ഇനിയും പതിനഞ്ചുമൈലോളം നിർജ്ജനമായ വനപ്രാന്തരത്തിൽ സഞ്ചരിക്കുകയും വേണം.

ഭയത്തിൻെറ അനുഭൂതി നാലുപാട്ടുമുള്ള സൗന്ദര്യത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചതായിത്തോന്നി. ചിലസ്ഥാനത്തു് വഴി തെക്കുനിന്നും നേരെ വടക്കോട്ടും, വടക്കുനിന്നും തിരിഞ്ഞു് കിഴക്കോട്ടും പോകുന്നതായിക്കണ്ടു. വഴിക്കു് വളരെ അടുത്തായി ഇടത്തുഭാഗത്തുള്ള എവിടെയും ഉയരംകുറഞ്ഞ ശൈലനിര, അതിൻെറ ചരിവിൽ ഗോളഗോളിയുടെയും പലാശിയുടെയും കാട്ടു്, മുകളിൽ ശാലവും നീണ്ടപുല്ലും. ഈ സമയത്തു് നിലാവു നല്ലവണ്ണം തെളിഞ്ഞു. മരത്തണലുകൾ ഏററവും ചെറുതായി. വെണ്ണിലാവിൽ വെളുത്തുചമഞ്ഞ ആ പ്രദേശത്തു് ഏതോ ഒരു കാട്ടുപൂവിൻെറ മണം പരന്നു. വളരെദൂരെ പർവ്വതവർഗ്ഗക്കാരായ സാന്താളർ ജൂർമകൃഷിക്കുവേണ്ടി കാടിനു തീ വച്ചിരിക്കുന്നു; ഇതെത്ര അഭിനവമായ ദൃശ്യം! ഓരോ മലയേയും ആരോ പ്രകാശമാല അണിയിച്ചിരിക്കുന്നതായി തോന്നിപ്പോകുന്നു.

ഈ ദിക്കിൽ ഒരിക്കലും വന്നിട്ടില്ലായിരുന്നെങ്കിൽ, ആരു പറഞ്ഞുകേട്ടാലും ഞാൻ വിശ്വസിക്കയില്ലായിരുന്നു, ബങ്കാളത്തിനു് ഇത്രയടുത്തായി, സൗന്ദര്യത്തിൽ ആരിസോണായിലെ പാഥുരെമരുഭൂമിയേയോ റൊഡേഷ്യയിലെ ബുഷവെൻഡയേയോ അപേക്ഷിച്ചു് ഒരംശത്തിലും ഒട്ടും കുറവല്ലാതെ ഈ വിധം തികച്ചും വിജനമായ അരണ്യപ്രാന്തരവും ശൈലനിരയും ഉണ്ടെന്നു്. സന്ധ്യകഴിഞ്ഞു് വ്യാഘ്രഭല്ലൂകങ്ങളെ ഭയന്നു് ആരും നടക്കാത്ത ഈ പ്രദേശത്തുകൂടി, കാഴ്ചകാണാനായിട്ടാണെങ്കിലും, വളരെ സൂക്ഷിച്ചുവേണം സഞ്ചരിക്കാൻ എന്നു പറഞ്ഞാൽ അതു നടപ്പില്ലാത്ത കാര്യമാണു്.

വെണ്ണിലാവൊളിതൂകുന്ന വനപ്രാന്തരത്തിൽക്കൂടി സഞ്ചരിക്കവേ ഞാൻ വിചാരിച്ചു, ഇതൊരു പ്രത്യേകതരം ജീവിതമാണെന്ന്. ഇരുണ്ട ഭിത്തികൾക്കുള്ളിൽ കുടുങ്ങി ജീവിക്കാൻ ഇഷ്ടമില്ലാത്തവൎക്ക്, ഈ ജീവിതംതന്നെയാണ് അഭികാമ്യം. കൽക്കത്തയിൽനിന്നും വന്നപ്പോൾ ആദ്യമാദ്യം ഈ ഭീഷണമായ ഏകാന്തതയും തികച്ചുംവന്യമായ ജീവിതയാത്രയും എത്രയോ അസഹ്യമായിട്ടാണ് എനിക്കു തോന്നിയത്. എന്നാൽ ഇപ്പോൾ എനിക്കു സുഖം തോന്നുന്നു; ഈ അപരിഷ്കൃതവും പരുഷവുമായ വന്യപ്രകൃതി എനിക്ക് സ്വാശ്രയത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും മന്ത്രം ഉപദേശിച്ചുതന്നിരിക്കുന്നതായി എനിക്കു തോന്നുന്നു. ഇനിയും എനിക്ക് ആ നഗരപഞ്ജരത്തിനുള്ളിൽ കഴിഞ്ഞുകൂടാൻ സാധിക്കുമോ? ഈ വഴിയില്ലാത്ത പ്രദേശത്തെ പാറക്കെട്ടുകളുടെയും ശാല—പലാശിവനങ്ങളുടെയും ഇടയ്ക്കുകൂടി ഈവിധം തുറന്ന ആകാശത്തിനിടയിൽ പൗൎണ്ണമിച്ചന്ദ്രികയിൽ കുതിരയെ ഓടിച്ചുകൊണ്ടുപോകുന്നതിലുള്ള ആനന്ദവുമായി ഈ ഭൂമിയിലുള്ള ഒരു സമ്പത്തും വച്ചുമാറാൻ ഞാൻ തയാറില്ല.

നിലാവ് ഒന്നുകൂടി തെളിഞ്ഞു. നക്ഷത്രരാശി നിലാവെളിച്ചത്തിൽ മിക്കവാറും അദൃശ്യമായി. നാലുപാടും നോക്കിയപ്പോൾ എനിക്കുതോന്നി ഇതു ഞാൻ ഇത്രനാളും കണ്ടുവന്നിരുന്ന ആ ഭൂമിയല്ലെന്ന്; ഇത് സ്വപ്നഭൂമി, ഈ ദിഗന്തവ്യാപിയായ ചന്ദ്രികയിൽ അഭൗമജീവികൾ അൎദ്ധരാത്രിക്ക് ഇറങ്ങിവരുന്നുണ്ട്; അവർ തപസ്സിനു വിഷയമാണ്, കല്പനയ്ക്കും സ്വപ്നത്തിനും വിഷയമാണ്. വനകുസുമങ്ങളെ സ്നേഹമില്ലാത്തവൎക്ക്, സൗന്ദൎയ്യബോധമില്ലാത്തവൎക്ക്, ആരേയാണോ ദിഗ്വലയരേഖ ഒരിക്കലും മാടിവിളിച്ചിട്ടില്ലാത്തത്, അവൎക്കു ധരാദേവി ഒരുകാലത്തും പിടികൊടുക്കുകയില്ല.

മഹാലിഖാരൂപവനം കഴിഞ്ഞ് നാലുമൈൽകൂടി പോയപ്പോൾ ഞങ്ങളുടെ അതിൎത്തിയായി. രാത്രി ഒമ്പതുമണിയായതോടുകൂടി കച്ചേരിയിലെത്തി.

## നാല്

കച്ചേരിയിൽ ഡോലക്കിന്റെ ശബ്ദംകേട്ട പുറത്തേയ്ക്കു നോക്കിയപ്പോൾ ഒരുസംഘം ആളുകൾ എവിടെനിന്നോ വന്ന് കച്ചേരി കോമ്പൗണ്ടിൽ ഡോലക്കു വായിച്ചുംകൊണ്ടു നില്ക്കുന്നതായി കാണായി. ഡോലക്കുവായനകേട്ട് കച്ചേരിയിലെ ശിപായിമാരും ഉദ്യോഗസ്ഥന്മാരും ഇറങ്ങിച്ചെന്ന് അവരുടെ ചുററും കൂടിനിന്നു. ആരേയെങ്കിലും വിളിച്ച് എന്താകാര്യം എന്നു ചോദിക്കാൻ ഭാവിച്ചപ്പോൾ ജമ്മാദാർ മുക്തിനാഥസിംഹൻ വാതില്ക്കൽവന്നു സലാംചെയ്തിട്ടു പറഞ്ഞു: "ദയവുചെയ്തൊന്നു പുറത്തേയ്ക്കിറങ്ങി വരണെ."

"എന്താ ജമാദാർ, എന്താ കാര്യം?"

"അങ്ങുന്നേ, ദക്ഷിണദേശത്ത് ഇത്തവണത്തെ വിളവു നശിച്ചുപോയകാരണത്താൽ അവിടെക്ഷാമം ബാധിച്ചിരിക്കുന്നതുകൊണ്ട് അവിടത്തെ ആളുകൾ ജീവിക്കാൻ നിവൃത്തിയില്ലാഞ്ഞ്, നർത്തകസംഘത്തോട്ടുകൂടി ദേശംതോറും ചുററിക്കറങ്ങി വരികയാണ്. അവർ കച്ചേരിയിൽ അങ്ങുന്നിന്റെ മുമ്പിൽ നൃത്തം കാണിക്കണമെന്നുംപറഞ്ഞാണു വന്നിരിക്കുന്നതു്; ഉത്തരവായാൽ അവർ നൃത്തം കാണിക്കും."

നർത്തകസംഘം എന്റെ മുറിക്കുമുമ്പിൽ വന്നുനിന്നു.

മുക്തിനാഥൻ ചോദിച്ചു: "എന്തെല്ലാം നൃത്തങ്ങൾ നിങ്ങൾക്കു കാണിക്കാൻ കഴിയും?" കൂട്ടത്തിൽ അറുപതു് അറുപത്തിരണ്ടുവയസ്സായ ഒരു വൃദ്ധൻ വിനയപൂർവ്വം പറഞ്ഞു: "ഏമാന്നെ, 'ഹോ—ഹോ'നൃത്തവും 'ചരക്കർബാജി'നൃത്തവും."

സംഘത്തെ കണ്ടിട്ടു മനസ്സിലായി, നൃത്തം അറിഞ്ഞാലും ഇല്ലെങ്കിലും വയററുപിഴപ്പിനായി എല്ലാത്തരത്തിലും എല്ലാപ്രായത്തിലും ഉള്ള ആളുകൾ ഇക്കൂട്ടത്തിൽ കൂടിയിട്ടുണ്ടെന്ന്.

വളരെനേരം ഇവർ ആട്ടകയും പാട്ടകയുംചെയ്തു. സന്ധ്യയാകാറായപ്പോഴാണ് ഇവർ വന്നതു്. നിലാവുദിച്ചപ്പോഴും അവർ കൈകോർത്തുപിടിച്ചുംകൊണ്ട് ആട്ടകയും പാട്ടകയും ചെയ്തുകൊണ്ടിരിക്കയാണ്. അത്ഭുതകരമായ മട്ടിലുള്ള പാട്ട്! ഈ സ്വച്ഛന്ദപ്രകൃതിയുടെ വിശാലതയ്ക്കും പരിഷ്കൃതജഗത്തിൽനിന്നും വളരെ ദൂരെയായി സ്ഥിതിചെയ്യുന്ന ഏകാന്തമായ

വന്യവലയത്തിനും ഉള്ളിലായി ഈ ദിഗന്തവ്യാപിയും ഛായാവിഹീനവും ആയ ചന്ദ്രികയിൽ ഇവരുടെ ആട്ടവും പാട്ടും നല്ലവണ്ണം യോജിച്ചതാണ്.

ഒരു പാട്ടിൻെറ അർത്ഥം ഇതാണ്:

"ശൈശവകാലത്ത് എനിക്കു സുഖമായിരുന്നു.

ഞങ്ങളുടെ ഗ്രാമത്തിൻെറ പിമ്പിലെ പർവ്വതം, അതിൻെറ മുകളിൽ കേന്ദുവനം, ആ വനത്തിൽ ഞാൻ പകഫലം പെറുക്കിനടന്നു; ഇലഞ്ഞിപ്പൂക്കൾകൊണ്ടു മാലകെട്ടി.

ദിവസങ്ങൾ വളരെ സുഖമായി കഴിച്ചുകൂട്ടി; പ്രേമം എന്നുപറയുന്നത് എന്താണെന്ന് അന്നാ ഞാൻ അറിഞ്ഞിരുന്നില്ല.

പാഞ്ചനഹരീനദീതീരത്തിൽ അന്ന് കരരാപക്ഷിയെ കൊല്ലാൻ പോയി.

കൈയിൽ എന്റെ മുളംകുഴലും മുളവടിയും ഉണ്ടായിരുന്നു. പൂക്കളുള്ള സാരിയുടുത്തുംകൊണ്ട് നീ വെള്ളംകോരാൻവന്നു.

കണ്ടിട്ടു നീ പറഞ്ഞു: 'ഛീ! പുരുഷന്മാരു മുളംകുഴലുകൊണ്ടാണോ കാട്ടുപക്ഷിയെ കൊല്ലുന്നത്?'

ഞാൻ ലജ്ജിച്ചു മുളംകുഴൽ എറിഞ്ഞുകളഞ്ഞു; മുളവടിയും എറിഞ്ഞുകളഞ്ഞു, പെട്ടെന്ന്.

കാട്ടുപക്ഷി പറന്നുപോയി, എൻെറ മനോവിഹഗം നിൻെറ പ്രേമത്തിൽ കുടുങ്ങിപ്പോയി.

മുളംകുഴൽകൊണ്ടു പക്ഷിയെ കൊല്ലരുതെന്നു നീ വിലക്കി, നീ എനിക്ക് എന്തൊരു ദ്രോഹമാണു ചെയ്തത്, ഇതു നന്നായോ സഖീ?"

അവരുടെ ഭാഷ കുറച്ചൊക്കെ മനസ്സിലായി, കുറച്ചെല്ലാം മനസ്സിലായില്ല. അതുകൊണ്ട് പാട്ട് എനിക്കു കുറച്ചുകൂടി അത്ഭുതകരമായിത്തോന്നി. ഈ പർവ്വതത്തിൻെറയും പിയാൻ വനത്തിൻെറയും സ്വരത്തിൽ ഉണ്ടാക്കിയ ഈ പാട്ട്, ഇവിടെ ഇരിക്കുമ്പോൾ ഇഷ്ടപ്പെടുന്നതാണ്.

ഇവരുടെ പ്രതിഫലം നാലണ മാത്രമാണ്. കച്ചേരിയിലെ ഉദ്യോഗസ്ഥന്മാരെല്ലാം ഒന്നുപോലെ പറഞ്ഞു: "അങ്ങുന്നെ, അതുതന്നെ എല്ലാടത്തുനിന്നും കിട്ടുകയില്ല; കൂടുതൽ കൊടുത്ത് ഇവരുടെ ആഗ്രഹം വർദ്ധിപ്പിക്കരുത്; കൂടാതെ പലരും

ഇവരുടെ പ്രകടനം നടത്താതെയും വരും; ഇവരുടെ റേറ്റ് വർദ്ധിപ്പിച്ചാൽ പാവപ്പെട്ട വീട്ടുകാർക്ക് ഇതിനു കഴിവില്ലാതെവരും, അങ്ങുന്നെ!''

ഞാൻ അത്ഭുതപ്പെട്ടു. രണ്ടുമൂന്നു മണിക്കൂർനേരം കുറഞ്ഞതു പതിനേഴ പതിനെട്ടാളുകൾ പ്രാണൻകളഞ്ഞു ബദ്ധപ്പെട്ടാൽ കിട്ടുന്ന നാലണ സമമായി വീതിച്ചാൽ ആളൊന്നിന് ഒരു പൈസപോലും കിട്ടുകയില്ല. ഞങ്ങളുടെ കച്ചേരിയിൽ നൃത്തം കാണിക്കാൻ ആൾപാർപ്പില്ലാത്ത തകിടിപ്പുറങ്ങളും കാടും കടന്നു വന്നിരിക്കുകയാണ്. ഈ ദിവസത്തെ കിട്ടുന്ന ആദായം ഇതുമാത്രമാണ്. അടുത്തെങ്ങും വേറെ ഗ്രാമമൊന്നുമില്ല, ഇന്നു രാത്രിയിൽ ഇനിയും നൃത്തം നടത്താൻ.

രാത്രിയിൽ അവർക്കു ഭക്ഷണത്തിനും കിടക്കാനും വേണ്ട ഏർപ്പാടു ചെയ്തുകൊടുത്തു. രാവിലെ അവരുടെ സർദാറിനെ വിളിച്ച് രണ്ടു രൂപാ കൊടുത്തു. അയാൾ അത്ഭുതപ്പെട്ട് എന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടുനിന്നു. നൃത്തം കണ്ടിട്ട് ആരും ആഹാരം കൊടുക്കാറില്ല, അതിനുംപുറമെ പിന്നെയും രണ്ടു രൂപാ സംഭാവന!

അവരുടെ കൂട്ടത്തിൽ പന്ത്രണ്ടു പതിമൂന്നു വയസ്സായ ഒരു പയ്യനും ഉണ്ടായിരുന്നു. അവനെ കണ്ടാൽ അവരുടെ കൂട്ടത്തിലെ കൃഷ്ണഭഗവാനെപ്പോലെയിരിക്കും. തലമുഴവൻ ചുരുണ്ടു ചുരുണ്ട മുടി. വളരെ ശാന്തവും സുന്ദരവുമായ കണ്ണും ചുണ്ടും; കറുകറാ കറുത്ത നിറം. നൃത്തസംഘത്തിൻെറ മുമ്പിൽനിന്നുംകൊണ്ട് അവൻതന്നെ ആദ്യം പാടി, ചിലമ്പിട്ട പാദങ്ങൾ ചവുട്ടി നൃത്തം തുടങ്ങിയപ്പോൾ അവൻെറ അധരപുടത്തിൽ പുഞ്ചിരി കളിയാടിക്കൊണ്ടിരുന്നു. സുന്ദരമായ ഹസ്തചലനങ്ങളോടുകൂടി മധുരമായി ഇങ്ങനെ പാടി:

"രാജാ ലിജിയേ സെലാം മ്യായ് പരദേശിം യാ.''

വെറും വയററുപിഴപ്പിനുഭവണ്ടി ഈ ബാലനും നൃത്തസംഘത്തിൽ ചേർന്നു നടക്കുകയാണ്. കിട്ടുന്ന പൈസയുടെ പങ്കായി ഇവനു വലുതായിട്ടൊന്നും കിട്ടുകയില്ല. തിന്നാൻ കിട്ടുന്നതുതന്നെ എന്തോന്നാ! ചീനപ്പുല്ലരിയും ഉപ്പും, കൂടിപ്പോയാൽ അതിൻെറകൂടെ വല്ലതും കുറച്ചു കായോ കിഴങ്ങോ; ഉരുളക്കിഴങ്ങും മററുമൊന്നുമില്ല; കാട്ടിലെ ഗുഢ്മിയരി വറു

ത്തതു്, ഇല്ലെങ്കിൽ ബാഹ്യയാച്ചീര വേവിച്ചതു്, അല്ലെങ്കിൽ ധുന്ദുലം വറുത്തതു്. ഇതു തിന്നിട്ടതന്നെ അവൻെറ മുഖത്തു് എപ്പോഴും പുഞ്ചിരി കളിയാടിക്കൊണ്ടിരിക്കും. നല്ല ആരോഗ്യം; അംഗപ്രത്യംഗം അപൂർവ്വമായ ലാവണ്യമാണു്.

സംഘലത്തലവനോടു ഞാൻ പറഞ്ഞു: ''ധാതുരിയായെ ഇവിടെ നിറുത്തിയിട്ടു പോകുക, കച്ചേരിയിൽ ജോലിചെയ്യട്ടെ, ഇവിടെ താമസിക്കാം, ആഹാരം കഴിക്കാം.''

ആ തടിയനായ വൃദ്ധൻ, അയാളും ഒരു അത്ഭുത മനുഷ്യനാണു്. ഈ അറുപത്തിരണ്ടാംവയസ്സിലും അയാൾ വെറും ഒരു ബാലനെപ്പോലെയാണു്.

അയാൾ പറഞ്ഞു: ''അവനു് ഇവിടെ താമസിക്കാൻ ഒക്കുകേല ഏമാന്നെ, ഗ്രാമത്തിലെ സകലരും ഒരുമിച്ചു നടക്കുകയാണു്; അതുകൊണ്ടു് അവനു സുഖമാണു്, തനിച്ചു താമസിച്ചാൽ അവനു വിഷമംതോന്നും; കുഞ്ഞല്ലേ അവൻ, അങ്ങനെ താമസിക്കാൻ കഴിയുമോ? ഇനിയും ഒരിക്കൽ അവനെ അവിട്ടത്തെ അടുക്കൽ കൊണ്ടുവരാം, ഏമാന്നെ!''

# പരിച്ഛേദം ആറ്

**ഒന്നു്**

വനത്തിൻെറ പല ഭാഗങ്ങളും സർവ്വേചെയ്തുകൊണ്ടിരിക്കുകയായിരുന്നു. കച്ചേരിയിൽനിന്നു് അഞ്ചാറുനാഴികദൂരെ ബോമായിബ്യുരുവനത്തിൽ ഞങ്ങളുടെ ഒരു ആമീൻ രാമചന്ദ്ര സിംഹൻ ഇതുസംബന്ധിച്ചു് കുറച്ചുദിവസമായി താമസിക്കുകയാണു്. രാവിലെ കേട്ടു, രാമചന്ദ്രനു് പെട്ടെന്നു് ഭ്രാന്തുപിടിച്ചു എന്നും രണ്ടുമൂന്നു ദിവസമായി അയാളുടെ സ്ഥിതി ആ നിലയിൽത്തന്നെ ഇരിക്കുന്നു എന്നും.

അപ്പോൾത്തന്നെ കുറച്ചു് ആളുകളേയുംകൊണ്ടു് ഞാൻ അവിടെ എത്തി. ബോമായിബ്യുരുവനം അത്ര നിബിഡമല്ല. വളരെ തുറന്നു് കുന്നും കുഴിയുമായ ഭൂമിയിൽ അവിടവിടെയായി വലിയവലിയ മരങ്ങൾ നില്പുണ്ടു്; മരക്കൊമ്പുകളിൽനിന്നും ചരടുപോലെയുള്ള വള്ളികൾ കപ്പലിൻെറ ഉയന്ന പാമരത്തോടുചേർത്തുകെട്ടിയിട്ടുള്ള കയറുകൾപോലെ തൂങ്ങിക്കിടപ്പുണ്ടു്. ബോമായിബ്യുരുവനത്തിൽ പാർപ്പിടങ്ങളൊന്നും തന്നെ ഇല്ല.

തരുപല്ലവാദികളുടെ നിബിഡതയിൽനിന്നു് അകന്നു് തുറന്ന മൈതാനത്തിൽ കാശപത്രംകൊണ്ടു് മേഞ്ഞ രണ്ടു കുടിലുകൾ ഉണ്ടു്. ഒന്നു് കുറച്ചു വലുതു്, അതിലാണു് രാമചന്ദ്രൻ താമസിക്കുന്നതു്; അടുത്തുള്ള ചെറിയ കുടിലിൽ അയാളുടെ സഹപ്രവത്തകൻ ആസരഫിടിണ്ഡൽ താമസിക്കുന്നു. രാമചന്ദ്രൻ തൻെറ മരക്കട്ടിലിൽ കണ്ണുമടച്ചു് കിടക്കുമായിരുന്നു. ഞങ്ങളെ കണ്ടയുടനെ അയാൾ പെട്ടെന്നു് എഴുന്നേററിരുന്നു. ഞാൻ ചോദിച്ചു: "എന്തെല്ലാം, രാമചന്ദ്രാ? എങ്ങനെയിരിക്കുന്നു?"

രാമചന്ദ്രൻ കൈകൂപ്പി തൊഴുതിട്ടു് മിണ്ടാതെ അവിടെ ഇരുന്നു. ആസരഫിടിണ്ഡലാണു് അതിനു് ഉത്തരം പറ

ഞ്ഞതു്. അയാൾ പറഞ്ഞു: "ബാബു! വളരെ ആശ്ചര്യകരമായ ഒരു സംഭവം. അങ്ങു് അതുകേട്ടാൽ വിശ്വസിക്കുകയില്ല. ഞാൻതന്നെ കച്ചേരിയിൽ വന്നു് വിവരം അറിയിക്കുമായിരുന്നു. പക്ഷേ, ആമീൻബാബുവിനെ തനിച്ചുവിടിട്ടിട്ടു് എങ്ങനെ വരുമെന്നു് വിചാരിച്ചു. ഉണ്ടായതെന്താണെന്നു പറയാം. കുറച്ചുദിവസമായി ആമീൻബാബു പറഞ്ഞുതുടങ്ങീട്ടു്, രാത്രിയിൽ ഒരു പട്ടിവന്നു് തന്നെ വളരെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നെന്നു്; ഞാൻ ഈ കൊച്ചുപുരയ്ക്കകത്താണു് കിടക്കുന്നതു്; രണ്ടുദിവസം ഇങ്ങനെ കഴിഞ്ഞു. ദിവസവും അദ്ദേഹം പറയുന്നുണ്ടു്: 'എവിടുന്നോ ഒരു വെളുത്തപട്ടി രാത്രിയിൽ വരുന്നുണ്ടു്. കട്ടിലിൽ വിരിപ്പുവിരിച്ചു് ഞാൻ കിടക്കും; പട്ടിവന്നു് കട്ടിലിനടിയിൽ കയറി 'കേം ഉ, കേം ഉ' എന്നു കരയും, എന്റെ ദേഹത്തു് തൊടാനാണു് അതു് വരുന്നതു്.' ഞാൻ അതത്ര കാര്യമാക്കിയില്ല. നാലുദിവസം മുമ്പു് രാത്രി വളരെ ഇരുട്ടിയപ്പോൾ അദ്ദേഹം വിളിച്ചുപറയുകയാണു്, 'ആസരഫീ! വേഗം ഒന്നിങ്ങോട്ടു് ഓടിവായോ. പട്ടിവന്നേ! ഞാനതിന്റെ വാലിൽ പിടിച്ചിരിക്കയാ, വടിയുംകൊണ്ടു് പോരേ.'

"ഞാൻ ഉറക്കംഉണർന്നു് എഴുന്നേറ്റു് വടിയും വിളക്കും കൊണ്ടു് ഓടിച്ചെന്നു നോക്കി. പറഞ്ഞാൽ അങ്ങു വിശ്വസിക്കുകയില്ല. പക്ഷേ, അങ്ങുന്നിന്റടുക്കൽ കള്ളംപറയാനുള്ള ധൈര്യം എനിക്കില്ല. ഒരു സ്ത്രീ മുറിക്കകത്തുനിന്നും പുറത്തിറങ്ങി കാട്ടിലേയ്ക്കു പോകുന്നതാണു് ഞാൻ കണ്ടതു്. ഞാൻ ആദ്യം അമ്പരന്നുപോയി. ഞാൻ പിന്നെ മുറിക്കകത്തു കയറി നോക്കി; ആമീൻബാബു വിരിപ്പിനടിയിൽ തീപ്പെട്ടി തപ്പുന്നതാണു കണ്ടതു്. അദ്ദേഹം ചോദിച്ചു: 'പട്ടിയെ കണ്ടോടോ?' ഞാൻ പറഞ്ഞു: 'പട്ടിയെവിടെ ബാബു? ഏതോ ഒരു സ്ത്രീ ഇറങ്ങിപ്പോയി.' അദ്ദേഹം പറഞ്ഞു: 'മനുഷ്യക്കുരങ്ങാ! നീ എന്നോടു് അസംബന്ധം പറയുന്നോടാ തെമ്മാടീ? ഏതു സ്ത്രീ വരുമെടാ; ഈ അർദ്ധരാത്രിക്കു് ഈ കാട്ടിൽ? ഞാനല്ലേ പട്ടിയുടെ വാലിൽ പിടിച്ചിരുന്നതു്! മാത്രമോ അതിന്റെ വലിയ ചെവി എന്റെമേത്തു് മുട്ടുകയും ചെയ്തതാണല്ലൊ. കട്ടിലിനുകീഴിൽ കയറിയിരുന്നുംകൊണ്ടു് 'കേം ഉ, കേം ഉ' എന്നു്

കുരയ്ക്കുകയുംചെയ്തു. നീ കള്ളുകുടിക്കാൻ തുടങ്ങിയെന്നു തോന്നു ന്നല്ലോടാ. ആ്ഹാ! ആഫീസിലേയ്ക്കു റിപ്പോർട്ടുചെയ്തേക്കാം."

"അടുത്ത രാത്രിയിൽ വളരെ ഇരുട്ടുന്നതുവരെ ഞാൻ ഉറ ങ്ങാതെകിടന്നു. ഒന്നു മയങ്ങിത്തുടങ്ങിയപ്പോൾ ആമീൻബാബു വിളിച്ചു. ഞാൻ പെട്ടെന്നു് ഓടി എന്റെ മുറിവാതില്ക്കൽവ രെ ചെന്നു, അപ്പോൾ കാണാം ഒരു സ്ത്രീ അദ്ദേഹത്തിന്റെ മു റിയുടെ വടക്കെ ചെറ്റയുടെ പുറത്തുകൂടി കാട്ടിലേയ്ക്കു പോകു ന്നതു്. അപ്പത്തന്നെ, അങ്ങുന്നെ, ഞാൻ കാട്ടിനകത്തേയ്ക്കു കയ റി. അത്രയും സമയത്തിനുള്ളിൽ എവിടെ ഒളിക്കാനാ? എത്ര ദൂരെ പോകാനാ? വിശേഷിച്ചു് ഞങ്ങൾ ഈ കാടെല്ലാം അള ന്നതാണല്ലോ. ഉള്ള മൂലയും മുക്കുമെല്ലാം ഞങ്ങൾക്കറിയാം. ഞാൻ അവിടെയെല്ലാം നോക്കി. ഒരിടത്തും ഒരു അടയാളവും കാണാനില്ല. ഒടുവിൽ സംശയംതീക്കാനായി വിളക്കുതെളി ച്ചു് അവിടെ മണ്ണിലെല്ലാം നോക്കി. ഒരിടത്തും ഒരു കാല്പാടു പോലും കാണാനില്ല, എന്റെ നാഗരാച്ചെരിപ്പിന്റെ പാട ല്ലാതെ.

"ആമീൻബാബുവിനോടു് ഞാൻ അന്നുപിന്നെ അക്കാ ര്യമൊന്നും പറയാൻപോയില്ല. ഈ ഭയങ്കരമായ കാട്ടിനുള്ളിൽ ഞങ്ങൾ രണ്ടുപ്രാണികൾ മാത്രമേ ഉള്ളല്ലോ അങ്ങുന്നെ! ഭയം കൊണ്ടു് എന്റെ ശരീരം മരവിച്ചു; രോമം മുള്ളുപോലെ എ ഴുന്നുനിന്നു. പിന്നെ ബോമായിബുരുവനത്തിനു് ഒരു ചീത്ത പ്പേരുകൂടി ഉണ്ടായതായി കേട്ടിട്ടുണ്ടു്. അപ്പൂപ്പൻ പറഞ്ഞുകേട്ട കഥയാണു്. ബോമായിബുരുപവ്വതത്തിന്റെ മുകളിൽനില്ക്കുന്ന ആ വടവൃക്ഷം കണ്ടിട്ടുണ്ടല്ലോ, അങ്ങുദൂരെ; ഒരിക്കൽ അദ്ദേ ഹം പൂണ്ണിയായിൽനിന്നും ചോളംവിറ്റുകിട്ടിയ രൂപായുംകൊ ണ്ടു് ഒരു നിലാവുള്ള രാത്രിയിൽ കുതിരപ്പുറത്തുകയറി വന ത്തിൽക്കൂടി തിരിച്ചുപോവുകയായിരുന്നു. ആ പേരാലിൻചുവ ട്ടിൽ വന്നപ്പോൾ കാണായി, ഒരുസംഘം ചെറുപ്പക്കാരികളാ യ സുന്ദരികൾ കൈകോർത്തുപിടിച്ചുംകൊണ്ടു് പൂനിലാവിൽ നൃത്തംചെയ്യുന്നതു്. ഈ ദേശത്തു് അവക്കു് 'ഡാമാബാണു' എ ന്നാണു പേരു്. ഒരുജാതി യക്ഷികൾ നിജ്ജനവനത്തിൽ താമ സിക്കുന്നുണ്ടു്. പുരുഷന്മാരെ ഒറ്റയ്ക്കുകിട്ടിയാൽ അവർ കൊന്നു കളയും.

"അങ്ങുന്നേ, അട്ടത്തദിവസം രാത്രിയിൽ ഞാൻ ആമീൻ ബാബുവിൻെറ കൂടാരത്തിൽത്തന്നെ ഉറങ്ങാതെ കിടന്നിരുന്നു. രാത്രിമുഴവൻ ഉണൎന്നിരുന്നു് സവ്വേയുടെ കണക്കുകൂട്ടാൻ തുടങ്ങി. വെളുപ്പാൻകാലമായപ്പോൾ ഒരു മയക്കം വരുന്നതായി തോന്നി. പെട്ടെന്നു് അട്ടത്തുതന്നെ എന്തിൻെറയോ ശബ്ദംകേട്ടു് മുഖം ഉയൎത്തിനോക്കി. ആമീൻസാഹിബ് കിടന്നുറങ്ങിക്കൊണ്ടിരുന്ന ആ കട്ടിലിൻെറ അടിയിലേയ്ക്കു് എന്തോ കയറിയിട്ടുള്ളതായി കണ്ടു. തലകുനിച്ചു് കട്ടിലിനുകീഴിൽ നോക്കിയയുടൻ ഞെട്ടിപ്പോയി. മങ്ങിയ വെളിച്ചത്തിൽ ആദ്യം എനിക്കുതോന്നി ഒരു സ്ത്രീ കല്ലു് കൂട്ടിയടിച്ചുംകൊണ്ടു് കട്ടിലിനുകീഴിൽ ഇരുന്നു് എൻെറനേരെ നോക്കി ചിരിക്കുന്നതായി; ഞാൻ സ്പഷ്ടമായിട്ടു കണ്ടതാ അങ്ങുന്നേ! അവിട്ടത്തെ കാൽ തൊട്ടു് സത്യംചെയ്യാം അങ്ങുന്നേ. മാത്രമല്ല, അവളുടെ തലയിലെ വളരെ കറുത്ത തലമുടിക്കെട്ടുവരെ സ്പഷ്ടമായിട്ടു കണ്ടതാണങ്ങുന്നേ. റാന്തൽവിളക്കു്, കണക്കുകൂട്ടിക്കൊണ്ടിരുന്നിടത്തു്, ഇരിക്കുകയായിരുന്നു; ആറേഴ കൈനീളം ദൂരെയായി. കുറച്ചുകൂടി നല്ലവണ്ണം കാണാനായി റാന്തൽവിളക്കു് എട്ടുക്കാൻ പോയി. അപ്പോൾ എന്തോ ഒരു ജീവി കട്ടിലിൻെറ കീഴിൽ നിന്നും ഇറങ്ങി ഓടിപ്പോകുന്നതാണു കണ്ടതു്. വാതിലിനടുത്തു് റാന്തൽവിളക്കിൻെറ വെളിച്ചം ഒന്നു വളഞ്ഞാണു വീണതു്. ആ വെളിച്ചത്തിൽ ഒരു പട്ടിയെയാണു് ഞാൻ കണ്ടതു്. എന്നാൽ അതു് അടിമുടി വെളുത്തിരുന്നു, കറുപ്പിൻെറ ഒരു ചിഹ്നവും അതിൻെറ ശരീരത്തിൽ ഒരിടത്തും കണ്ടില്ല.

"ആമീൻസാഹിബ് ഉണൎന്നിട്ടു ചോദിച്ചു: 'എന്തു്—എന്താ അതു്?' ഞാൻ പറഞ്ഞു: 'ഓ! ഒന്നുമില്ല. ഒരു കുറുക്കനോ, പട്ടിയോ അകത്തു കയറിയതായിരുന്നു.' ആമീൻസാഹിബ് ചോദിച്ചു: 'പട്ടിയൊ? എങ്ങനെയുള്ള പട്ടി?' ഞാൻ പറഞ്ഞു: 'വെളുത്തപട്ടി.' ആമീൻസാഹിബ് ഏതാണ്ടൊരു നിരാശാസ്വരത്തിൽ ചോദിച്ചു: 'വെളുപ്പു് ശരിയായിട്ടു കണ്ടോ? കറുത്തതല്ലേ?' ഞാൻ പറഞ്ഞു: 'അല്ല, വെളുത്തതാ അങ്ങുന്നേ.'

'ഞാൻ അല്പം വിസ്മയിക്കാതിരുന്നില്ല. വെളുത്തതല്ലാതെ കറുത്തതായാൽ ആമീൻബാബുവിനു് എന്തു ഗുണമാണു് ഉണ്ടാകാൻപോകുന്നതെന്നു് എനിക്കു് മനസ്സിലായില്ല. അദ്ദേഹം

ഉറങ്ങിപ്പോയി. എന്നാൽ എനിക്ക് എന്തൊ ഒരു ഭയവും അസ്വാസ്ഥ്യവും തോന്നി; അതുകൊണ്ട് എനിക്ക് ഒരുപോള കണ്ണടയ്ക്കാൻ ഒത്തില്ല. വളരെനേരത്തെ ഉണൎന്നെഴുന്നേററു് കട്ടിലിനടിയിൽ ഒന്നു നല്ലവണ്ണം പരിശോധിച്ചുനോക്കിയപ്പോൾ ഒരു കറുത്ത നീണ്ട തലമുടികിട്ടി. ഇതാ! ഇതു് ഞാൻ സൂക്ഷിച്ചുവച്ചിരുന്ന തലമുടിയാണെന്നുന്നെ. സ്ത്രീയുടെ തലയിലെ തലമുടി; എവിടെനിന്നും വന്നു ഈ തലമുടി? 'കറുത്തിരുണ്ട മിനുങ്ങുന്ന മയമുള്ള തലമുടി. പട്ടി—വിശേഷിച്ചു് വെളുത്ത പട്ടിയുടെ ദേഹത്തു് ഇത്രവലിയ മൃദുവായ കറുത്ത രോമം കാണുകയില്ല. കഴിഞ്ഞ ഞായറാഴ്ച അതായതു് മൂന്നുദിവസം മുമ്പുണ്ടായ സംഭവമാണിതു്. അന്നുമുതൽ ആമീൻസാഹിബിനു് ഒരുതരം ഭ്രാന്തുപിടിച്ചിരിക്കുകയാണു്. എനിക്കും ഭയംതോന്നുന്നുന്നേ, ഇനിയും എൻെറ മുറയല്ലേ എന്നു്.''

ഈ കഥ അസംഭാവ്യകഥകളുടെ കൂട്ടത്തിൽപ്പെട്ടതുതന്നെ. ആ തലമുടി കൈയിലെടുത്തുനോക്കിയിട്ടും ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല; സ്ത്രീയുടെ തലമുടിയാണു്; അതിനു് എനിക്കും ഒരു സംശയവുമില്ല. ആസരഫിടിണ്ടെൽ ഒരു ചെറുപ്പക്കാരനാണു്; അയാൾ കള്ളുകുടിക്കുകയില്ലെന്നുതന്നെയാണു് എല്ലാവരുടെയും ഏകകണ്ഠമായ അഭിപ്രായം.

ആൾപാർപ്പില്ലാത്ത മൈതാനത്തിൻെറയും കാടിൻെറയും ഇടയ്ക്കുള്ള ഒററ കൂടാരമാണു് ആമീൻെറതു്. ഏററവും അടുത്ത പാർപ്പിടം ലബ്ടുലിയായിലാണു്—ആറുമൈൽ ദൂരെ. ഒരു സ്ത്രീ തനിച്ചു് അർദ്ധരാത്രിക്കു് എവിടെനിന്നുവരാനാ? വിശേഷിച്ചു് കടുവായേയും കാട്ടുപന്നിയേയും പേടിച്ചു് അന്തിമയങ്ങിയാൽപ്പിന്നെ ആരും നടക്കാത്ത നിർജ്ജനപ്രദേശത്തുകൂടി.

ആസരഫിടിണ്ടെലിന്റെ കഥ സത്യമെന്നുവന്നാൽ ഈ സംഭവം അത്യന്തം നിഗൂഢമാണു്. അഥവാ പാണ്ഡവന്മാരാൽ വർജ്ജിക്കപ്പെട്ട ഈ ദേശത്തെ വിജനമായ വനം, കാടു്, ചുട്ടുപഴുത്ത മൈതാനം, എന്നിവിടങ്ങളിലേയ്ക്കുള്ള പ്രവേശനപഥം ഈ ഇരുപതാംനൂററാണ്ടിൽത്തന്നെ എത്ര അന്വേഷിച്ചാലും കണ്ടുകിട്ടുകയില്ല—പത്തൊമ്പതാംനൂററാണ്ടിലും കിട്ടിയിരുന്നു എന്നുവിചാരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞയുഗ

ത്തിലെ നിഗൂഢമായ തമസ്സിൽ ഇന്നും ഈ പ്രദേശമെല്ലാം മറഞ്ഞിരിക്കുകയാണു്—ഇവിടെ എന്തും സംഭവിക്കാവുന്ന താണു്.

അവിട്ടത്തെ കൂടാരം ഇളക്കി ആമീൻരാമചന്ദ്രനേയും ആസരഫിടിണ്ഡെലിനേയും കച്ചേരിയിലേയ്ക്കു കൊണ്ടുവന്നു. രാമചന്ദ്രൻെറ സ്ഥിതി നാൾതോറും ഒന്നിനൊന്നു് വഷളായിവന്നു. ക്രമേണ അതു മുഴുഭ്രാന്തായിത്തീൎന്നു. രാത്രിമുഴുവൻ നിലവിളിയും പുലമ്പലും പാട്ടുമായി. ഡോക്ടറെ കൊണ്ടുവന്നു കാണിച്ചു. ഒന്നുംതന്നെ ചെയ്യാൻകഴിഞ്ഞില്ല. ഒടുവിൽ അയാളുടെ ഒരു ജ്യേഷ്ഠൻവന്നു് അയാളെ വീട്ടിൽ കൊണ്ടുപോയി.

ഈ സംഭവത്തിനു് ഒരു ഉപസംഹാരമുണ്ടു്; ഏതെട്ടുമാസം കഴിഞ്ഞു് സംഭവിച്ചതാണെങ്കിലും ഇവിടെത്തന്നെ പറയുകയാണു്.

ഈ സംഭവം കഴിഞ്ഞു് ആറുമാസത്തിനുശേഷം മീനമാസത്തോടുകൂടി രണ്ടുപേർ കച്ചേരിയിൽ എന്നെ കാണാൻ വന്നു. ഒരാൾ വൃദ്ധൻ, അറുപതറുപത്തഞ്ചു വയസ്സിൽ കുറയുകയില്ല. മറെറയാൾ വൃദ്ധൻെറ മകൻ ഇരുപതിരുപത്തഞ്ചു വയസ്സുവരും. ബാലിയാജില്ലയിലാണു് അവരുടെ വീടു്. അവർ ഞങ്ങളുടെ ഇവിടെ വന്നതു് മേച്ചിൽസ്ഥലം പാട്ടത്തിനു വാങ്ങിക്കാനാണു്; അതായതു് കരംതന്നു് ഞങ്ങളുടെ കാട്ടിൽ അവരുടെ കന്നുകാലികളെ തീററാൻ.

മറെറല്ലാ മേച്ചിൽസ്ഥലങ്ങളും പാട്ടത്തിനു കൊടുത്തുകഴിഞ്ഞിരുന്നു; ബോമായിബുരുക്കാടുമാത്രം അപ്പോഴും ഒഴിഞ്ഞു കിടന്നു. അതു് അവൎക്കു് പാട്ടത്തിനു കൊടുത്തു. വൃദ്ധൻ മകനേയും കൂട്ടിക്കൊണ്ടു് ഒരുദിവസം സ്ഥലം കാണാൻ പോയിട്ടു വന്നു. അയാൾ വളരെ സന്തോഷത്തോടെ പറഞ്ഞു: "വളരെ വലിയ വലിയ പുല്ലു്, ഏമാന്നെ, വളരെ നല്ല കാടു്. ഏമാന്റെ കൃപയില്ലായിരുന്നെങ്കിൽ ഇത്തരം കാടു് ഞങ്ങൾക്കു കിട്ടുകയില്ലായിരുന്നു.

രാമചന്ദ്രൻെറയും ആസരഫിടിണ്ഡെലിൻെറയും കാൎയ്യം ഞാൻ അപ്പോൾ ഓൎമ്മിച്ചില്ല; ഓൎമ്മിച്ചിരുന്നെങ്കിലും വൃദ്ധൻെറ അടുക്കൽ ഞാനതു് പറയുകയില്ലായിരുന്നു. കാരണം,

ഭയപ്പെട്ട് അയാൾ ഓടിപ്പോയാൽ ജമീന്ദാർക്ക് നഷ്ടമാകുമല്ലോ എന്നു വിചാരിച്ച്. രാമചന്ദ്രൻആമീൻെറ ആ സംഭവത്തിനുശേഷം സ്ഥലത്തുള്ളവരാരും ആ സ്ഥലം പാട്ടത്തിനെടുക്കാൻ അടുക്കുകയില്ലായിരുന്നു.

ഒരു മാസം കഴിഞ്ഞപ്പോൾ, മേടമാസം ആദ്യം, വൃദ്ധൻ കച്ചേരിയിൽ ഹാജരായി; വളരെ കുപിതനായിട്ടാണ് വരവ്; അയാളുടെ പുറകിൽ ആ മകൻ പേടിച്ചും നാണിച്ചും നില്ക്കുന്നുണ്ട്. ഞാൻ ചോദിച്ചു: "എന്തെല്ലാം?" വൃദ്ധൻ കോപത്താൽ വിറയൽകൊണ്ടിട്ട് പറഞ്ഞു: "ഈ കുരങ്ങനെ കൂടെ കൊണ്ടുവന്നതു് ഏമാൻെറ അടുക്കൽ ഹാജരാക്കാനാണു്. ഇവനു് ഏമാൻെറ ചെരിപ്പുംരി ഇരുപത്തഞ്ചടികൊടുക്കണം, ഇവനൊന്നടങ്ങട്ടെ."

"എന്തു്? എന്തുണ്ടായി?"

"ഏമാൻെറടുത്തു പറയാൻതന്നെ ഇനിക്കു നാണമാകുന്നു. ഈ കുരങ്ങൻ ഇവിടെ വന്നതിൽപ്പിന്നെ വഷളനായിപ്പോയി. ഏഴെട്ടുദിവസമായി ഞാൻ കണ്ടുതുടങ്ങീട്ട്, പറയാൻ നാണമാകുന്നേമാന്നേ, ഏതോ ഒരു പെണ്ണു് മുറിക്കകത്തുനിന്നും ഇറങ്ങിപ്പോകുന്നതു്. ഒരു ഒററക്കൂടിൽമാത്രം, എട്ടു കൈനീളം, പുല്ലു മേഞ്ഞതു്, അവനും ഞാനും രണ്ടുപേരാണതിൽ കിടപ്പ്. എൻെറ കണ്ണിൽ മണ്ണിടാൻ അത്ര എളുപ്പമുള്ള കാര്യമൊന്നുമല്ല. രണ്ടുദിവസം കണ്ടപ്പോൾ അവനോടു ഞാൻ ഇക്കാര്യം ചോദിച്ചു; അവൻ പെട്ടെന്നു് മരത്തിൽനിന്നും വീണപോലെ ആയിപ്പോയി. അവൻ പറഞ്ഞു: 'എന്തു്! ഇനിക്കിതൊന്നും അറിഞ്ഞുകൂടാ.' പിന്നെയും രണ്ടുദിവസം കഴിഞ്ഞു. ഒരുദിവസംകൂടി കഴിഞ്ഞു. ഞാൻ ഇവനെ നല്ലവണ്ണം തല്ലി. കൺമുമ്പിൽവച്ചു് വഷളത്തം കാണിക്കാമോ ചെറുക്കൻ? എന്നാൽ പിന്നെയും ഞാൻ കണ്ടു, ഈ മിനിയാന്നു രാത്രിയിൽത്തന്നെ ഏമാന്നെ. ഇത്രയും ആയപ്പോഴാണ് ഏമാന്നെ കാണിക്കാനായി ഇവനെ ഇവിടെകൊണ്ടുവന്നതു്. ഒന്നു് അടക്കി നിറുത്തണെ ഏമാന്നെ."

പെട്ടെന്നു് രാമചന്ദ്രൻആമീൻെറ കാര്യം എനിക്കോർമ്മ വന്നു. ഞാൻ ചോദിച്ചു: "രാത്രിയിൽ എപ്പഴാണു കാണുന്നതു്?"

"മിക്കവാറും വെളുപ്പാൻകാലമാകും, ഏമാന്നെ. നേരം വെളുക്കുന്നതിന്ന് ഒന്നരണ്ടു മണിക്കൂർ മുമ്പായിട്ട്."

"ശരിയായിട്ടു കണ്ടോ, പെണ്ണാണോ?"

"എൻെറ കണ്ണിൻെറ കാഴ്ചയ്ക്ക് ഇപ്പഴം ഒരു കുറവുമില്ലേമാന്നെ, തീർച്ചയായിട്ടും ഒരു പെണ്ണുതന്നെ, വയസ്സും കുറവാണ്. ചില ദിവസം നല്ല അലക്കിവെളുത്ത സാരിയുടുത്തിരിക്കും. ചിലദിവസം ചുവന്നത്, ചിലദിവസം കറുത്തത്. ഒരുദിവസം അവൾ ഇറങ്ങിപ്പോയപ്പോൾ ഞാൻ പുറകെ പുറകെ ചെന്നു. കാശാക്കാട്ടിനകത്ത് എങ്ങോട്ടോ ഓടിപ്പോയി; എങ്ങോട്ടെന്ന് ശരിക്കറിഞ്ഞുകൂടാ. തിരിച്ചുവന്നപ്പോൾ എൻെറ ചെറുക്കൻ നല്ല ഉറക്കംനടിച്ചു കിടക്കുന്നു. വിളിച്ചപ്പോൾ 'ധടപടാ'ന്ന് ഉരുണ്ടു പെരണ്ടെഴുന്നേററു, അപ്പോൾ ഉറക്കം ഉണർന്നവനെപ്പോലെ. ഈ രോഗത്തിനുള്ള ഔഷധം കച്ചേരിയിലല്ലാതെ മററാരിടത്തും കിട്ടുകയില്ലെന്ന് എനിക്കു മനസ്സിലായി. അതുകൊണ്ടാണ് ഏമാൻെറ അടുക്കൽ—"

പയ്യനെ രഹസ്യമായി വിളിച്ച് ഞാൻ ചോദിച്ചു: "ഇതെന്താ നിന്നെപ്പററി ഈ ചീത്തപ്പേരെല്ലാം കേൾക്കുന്നത്?"

അവൻ എൻെറ കാലിൽ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ പറേണതു വിശ്വസിക്കണേ ഏമാന്നേ, എനിക്ക് ഇതിനെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാ. പകൽമുഴുവൻ കാട്ടിൽ കന്നിനെ തീററിക്കൊണ്ടു നടക്കുകയാണ്. രാത്രിയിൽ ശവംപോലെ കിടന്നുറങ്ങും. പിന്നെ നേരംവെളുക്കുമ്പോഴാണ് ഉണരുന്നത്. പെരയ്ക്ക് തീ പിടിച്ചാൽപോലും ഞാനൊന്നുമറികേല."

ഞാൻ ചോദിച്ചു: "ഏതെങ്കിലും ദിവസം എന്തെങ്കിലും പുരയ്ക്കകത്തു കയറുന്നത് നീ കണ്ടിട്ടില്ലേ?"

"ഇല്ല ഏമാന്നേ! ഉറക്കത്തിൽ എനിക്ക് ഒരു വെളിവുമില്ല."

ഈ വിഷയത്തെപ്പററി പിന്നെ ഞാനൊന്നും പറഞ്ഞില്ല. വൃദ്ധനു വളരെ സന്തോഷമായി. അയാൾ വിചാരിച്ചുകാണും ഞാൻ അവനെ രഹസ്യമായി വിളിച്ചു ശാസിച്ചുകാണുമെന്ന്. ഒരു പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ ഒരുദിവസം പയ്യൻ എൻെറ അടുക്കൽവന്നു. അവൻ പറഞ്ഞു: "ഏ

മാന്നെ ഒരു കാര്യം പറയാനുണ്ട്. അന്ന് ഞാൻ അച്ഛന്റെ കൂടെ കച്ചേരിയിൽ വന്നപ്പോൾ ഏമാൻ അന്ന് എന്നോട്ട ചോദിച്ചില്ലേ എന്തെങ്കിലും പുരസ്സുകത്തോട്ട കയറുന്നതു് ഞാൻ കണ്ടില്ലേ എന്നു്."

"ആ: എന്തോന്നാ പറ."

"ഏമാന്നെ! ഈയിടെയായി എനിക്കും നല്ല ഉറക്കമില്ല. അച്ഛൻ അന്നങ്ങനെ പറഞ്ഞില്ലേ? അതുകൊണ്ടുണ്ടായ ഭയം കൊണ്ടോ എന്തോ ഇന്നു കുറച്ചുദിവസമായിട്ട് കണ്ടുകൊണ്ടിരിക്കുകയാണു്, രാത്രിയിൽ ഒരു വെളുത്ത പട്ടി എവിടുന്നോ വരുന്നതു്—രാത്രി വളരെ ഇരുട്ടിക്കഴിഞ്ഞ ശേഷമാണു വരുന്നതു്; ഉറക്കം ഉണരുമ്പോൾ ചിലദിവസം കാണുന്നുണ്ടു്, അതു് എന്റെ വിരിപ്പിനടുത്തു് എവിടെയോ ഇരിക്കുന്നതായി. ഞാൻ ഉണന്നു് ഒച്ചയുണ്ടാക്കുമ്പോൾ അതു് ഓടിപ്പൊയ്ക്കളയും. ചിലദിവസം ഞാൻ ഉണരുമ്പഴേ ഓടിക്കളയും. ഞാൻ ഉണരുന്നതു് അതിനു് എങ്ങനെയോ അറിയാൻ കഴിയുന്നുണ്ടു്.

"ഇങ്ങനെ കുറച്ചുദിവസം കണ്ടു. എന്നാൽ ഇന്നലെ രാത്രി, ഏമാന്നേ, ഒരു സംഭവം ഉണ്ടായി. അച്ഛൻ അറിഞ്ഞില്ല. ഏമാന്നോട്ട രഹസ്യമായി പറയാൻ വന്നതാണു്. ഇന്നലെ വളരെ ഇരുട്ടിയ സമയം ഉറക്കത്തിൽനിന്നും ഉണന്നപ്പോൾ പട്ടി എപ്പോൾ പുരസ്സുകത്തു കയറിയെന്നെനിക്കറിഞ്ഞുകൂടാ. പതുക്കെപ്പതുക്കെ പുരസ്സുകത്തുനിന്നും ഇറങ്ങിപ്പോകുന്നതാണു് ഞാൻ കണ്ടതു്. ആ വശത്തെ വേലിയിൽ ജനലിന്റെ വലിപ്പത്തിൽ ഒരു വിടവു് വെട്ടിയുണ്ടാക്കിയിട്ടുണ്ടായിരുന്നു. പട്ടി ഇറങ്ങിപ്പോയിക്കഴിഞ്ഞു്, കണ്ണടച്ചു തുറക്കുന്ന സമയത്തിനകം ആണെന്നു തോന്നുന്നു, എന്റെ മുൻഭാഗത്തെ ജനലിൽക്കൂടി കാണായി ഒരു സ്ത്രീ ജനൽകടന്നു് പുരസ്സു പുറകിലെ കാട്ടിലേയ്ക്കു പോകുന്നതു്. ഞാൻ ഉടൻതന്നെ പുറത്തേയ്ക്കോടി; ഒരിടത്തും ഒന്നും കാണാനില്ല. അച്ഛനെ അറിയിച്ചതേയില്ല. വയസ്സൻ ഉറങ്ങിക്കിടക്കുകയായിരുന്നു. ഇതെന്തോന്നാണെന്നു് ഇനിക്കൊന്നും അറിഞ്ഞുകൂടാ ഏമാന്നേ."

ഞാൻ അവനെ സമാധാനപ്പെടുത്തി. "ഒന്നുമില്ല, വെറും

കണ്ണിൻെറ ഭ്രമമാണു്. നിങ്ങൾക്കു് നിങ്ങടെ അവിടെ കിടക്കാൻ ഭയമാണെങ്കിൽ കച്ചേരിയിൽ വന്നു കിടക്കാമല്ലോ.''

പയ്യൻ തൻെറ ധൈര്യക്കുറവിൽ കുറഞ്ഞൊന്നു നാണിച്ചു് ഇറങ്ങിപ്പോയി. എന്നാൽ എൻെറ അസാസ്ഥ്യം ഒട്ടും കുറഞ്ഞില്ല. ഇനിയും ഇങ്ങനെ വല്ലതും കേട്ടാൽ കച്ചേരിയിൽ നിന്നും രണ്ടു ശിപായിമാരെ അവരുടെ അടുത്തു കിടക്കാൻ അയയ്ക്കണമെന്നു വിചാരിച്ചിരിക്കുകയായിരുന്നു.

അപ്പോഴും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല, സംഗതി ഇത്ര ഗുരുതരമാണെന്നു്. മഹാവിപത്തു സംഭവിച്ചുപോയി, അത്ര പെട്ടെന്നും തികച്ചും അപ്രതീക്ഷിതമായും.

മൂന്നു ദിവസത്തിനുശേഷം.

രാവിലെ എല്ലാവരും കിടക്കയിൽനിന്നും എഴുനേററയുടനെ വാർത്തലഭിച്ചു. കഴിഞ്ഞ രാത്രിയിൽ ബോമായിബുരുവനത്തിലെ വൃദ്ധനായ പാട്ടക്കാരൻെറ മകൻ മരിച്ചുപോയി എന്നു്. കുതിരപ്പുറത്തുകയറി ഞങ്ങൾ അപ്പോൾത്തന്നെ യാത്രയായി. അവിടെ ചെന്നപ്പോൾ കാണായി അവർ താമസിച്ചിരുന്ന പുരയുടെ പിൻഭാഗത്തെ ഝാബുക കാശക്കാട്ടിൽ പയ്യൻെറ ശവം അപ്പഴും കിടക്കുന്നതായി. അവൻെറ മുഖത്തു് ഭീതിയുടെയും പരിഭ്രമത്തിൻെറയും ചിഹ്നം അപ്പോഴും കാണാനുണ്ടായിരുന്നു; എന്തോ അതിഭീഷണമായ ഒന്നിനെ കണ്ടു മറിഞ്ഞുവീണു് ചത്തുപോയ ഭാവത്തിൽ. വൃദ്ധൻ പറഞ്ഞു: ''വെളുപ്പാൻകാലത്തു് എഴുന്നേററപ്പോൾ ചെറുക്കനെ കിടക്കയിൽ കണ്ടില്ല. അപ്പോൾത്തന്നെ ഞാൻ റാന്തൽവിളക്കു് കത്തിച്ചുംകൊണ്ടു് നോക്കാൻ തുടങ്ങി. പക്ഷേ, നേരം വെളുക്കുന്നതിനു് മുമ്പു് ശവംകാണാൻ കഴിഞ്ഞില്ല.'' എനിക്കു തോന്നി, അവൻ പെട്ടെന്നു് കിടക്കയിൽനിന്നും എഴുനേററു് എന്തോ ഒന്നിൻെറ പുറകേപോയി കാട്ടിനുള്ളിൽ കടന്നതാണെന്നു്. കാരണം, ശവത്തിനടുത്തായി ഒരു വലിയ വടിയും റാന്തലും വീണുകിടന്നിരുന്നു. എന്തോ ഒന്നിനെ പിന്തുടന്നു് അവൻ കാട്ടിലേയ്ക്കു കടന്നതു് ഒററയ്ക്കായിരുന്നു എന്നു് നിശ്ചയമായും പറയാൻ കഴിയും. കാരണം മൃദുവായ മണൽപ്പുറത്തു് പയ്യൻെറ കാൽപ്പാടല്ലാതെ മറെറാരു കാൽപ്പാടും കാണാനില്ലായിരുന്നു,—മനുഷ്യൻെറയോ മൃഗത്തിൻെറയോ,—മൃതദേഹ

ത്തിലും, ഒരു തരത്തിലുമുള്ള ഹേമദണ്ഡത്തിൻെറ പാടൊന്നുമില്ല. ബോമായിബുരുവനത്തിൽ ഇങ്ങനെ അജ്ഞേയമായ ഒരു സംഭവം ഉണ്ടായിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല.

പോലീസ് വന്നു; ഒന്നുംചെയ്യാൻ കഴിയാതെ തിരിച്ചുപോയി. ഏററവും സങ്കടകരമായ ഈ സംഭവം ജനങ്ങളുടെ മനസ്സിൽ ഒരു ഭീതിയുളവാക്കി; അതിൽ പിന്നീട് സന്ധ്യയ്ക്കു വളരെ മുമ്പുമുതൽ ആരും അപ്രദേശത്തുകൂടി സഞ്ചരിക്കാതായി. ഇതുകഴിഞ്ഞ് കുറച്ചുദിവസത്തേയ്ക്ക് എന്നെ ഏതാണ്ടൊരു ഭയവും ദുഃഖവും നിരാശയും ബാധിച്ചിരുന്നു. എൻെറ മുറിയിൽ തനിച്ച് കിടന്നുംകൊണ്ട് പുറത്തെ വെളുവെളാ വെളുത്ത, ഛായാഹീനമായ അലസവും വിജനവുമായ ജ്യോത്സ്നാരാത്രിയിലേയ്ക്ക് നോക്കുമ്പോൾ എന്തോ നിഗൂഢമായ ഒരു ഭീതികൊണ്ട് എൻെറ ഉള്ളം കിടുകിടുക്കും. അപ്പോഴൊക്കെ എനിക്ക് തോന്നീട്ടുണ്ട്, കൽക്കത്തയിലേയ്ക്ക് ഓടിക്കളയാമെന്ന്, ഈ സ്ഥലമെല്ലാം വളരെ ചീത്തയാണ്; ഈ വെണ്ണിലാവുപരന്ന നൈശപ്രകൃതി യക്ഷികഥയിലെ രാക്ഷസീറാണിയെപ്പോലെ നിന്നെ വഞ്ചിച്ച് ഒററയ്ക്ക് കൊണ്ടുപോയി കൊന്നുകളയുമെന്ന്. ഈ സ്ഥലമെല്ലാം മനുഷ്യൻെറ വാസഭൂമിയല്ലെന്നുവരാം; വേറെ ഏതോ ലോകത്തിലെ അജ്ഞാതങ്ങളായ അശരീരികളുടെ രാജ്യമാണ്; വളരെക്കാലമായി അവർ ഇവിടെ അധിവസിച്ചു വരികയാണ്; ഇന്ന് പെട്ടെന്ന് അവരുടെ ഈ നിഗൂഢരാജ്യത്ത് മനുഷ്യൻ അനധികൃതമായി പ്രവേശിച്ചതു് അവക്ക് ഇഷ്ടമായിരിക്കുകയില്ല; സൗകര്യം കിട്ടിയാൽ അവർ അതിന് പ്രതികാരം ചെയ്യാതെ വിടുമോ?

## രണ്ടു്

രാജുപാണ്ഡേയുമായി ആദ്യം പരിചയപ്പെട്ട ആ ദിവസം, ഇന്നും ഞാൻ ഓർമ്മിക്കുന്നു. ഞാൻ കച്ചേരിയിലിരുന്ന് ജോലിചെയ്യുകയായിരുന്നു. വെളുത്തു സുമുഖനായ ഒരു ബ്രാഹ്മണൻ എനിക്ക് നമസ്കാരം പറഞ്ഞിട്ട് അവിടെനിന്നു,

അയാൾക്കു് അമ്പത്തഞ്ചമ്പത്താറു് വയസ്സുവരും; പക്ഷേ, അയാൾ വൃദ്ധനാണെന്നു് പറയുന്നതു് തെററായിരിക്കും. കാരണം, ഇത്ര സുദൃഢമായ ശരീരം ബങ്കാളദേശത്തെ ചെറുപ്പക്കാക്കുപോലും അധികം കാണുകയില്ല. നെററിയിൽ പൊട്ടു്, ദേഹത്തു് ഒരു വെള്ള ഉത്തരീയം, കൈയിൽ ഒരു ചെറിയ പൊതി. എൻെറ ചോദ്യത്തിനു് ഉത്തരമായി അയാൾ പറഞ്ഞു: "ഞാൻ വളരെ ദൂരെനിന്നും വരികയാണു്. ഇവിടെ കുറച്ചു ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്യാൽ കൊള്ളാമെന്നുണ്ടു്. വളരെ പാവപ്പെട്ടവനാണു്. പാട്ടം തരാനുള്ള കഴിവു് എനിക്കില്ല. കുറച്ചുഭൂമി സ്റ്റേററിൻെറ അനുവാദത്തോടുകൂടി പകുതിപ്പാട്ടത്തിനു തരാമോ അങ്ങുന്നെ?"

ഒരുതരക്കാരായ ആളുകളുണ്ടു്, അവക്കു് തങ്ങളെസംബന്ധിച്ചു് വളരെ അധികമൊന്നും പറയാൻ അറിഞ്ഞുകൂടാ; എന്നാൽ അവരുടെ മുഖഭാവം കണ്ടാൽത്തന്നെ അറിയാം അവർ പരമാർത്ഥത്തിൽ കഷ്ടപ്പെട്ടുന്നവരാണെന്നു്; രാജുപാണ്ഡെയെ കണ്ടപ്പോൾത്തന്നെ എനിക്കു തോന്നി, ഭൂമികിട്ടുമെന്നുള്ള ആശയോടുകൂടിയാണു് അയാൾ ധമ്മപുരപരാഗണിൽനിന്നും ഇത്രദൂരം നടന്നുവന്നതു് എന്നു്. ഭൂമി കിട്ടിയില്ലെങ്കിൽ ഒന്നും മിണ്ടാതെ തിരിച്ചുപോകും എന്നു്; പക്ഷേ, വളരെ ഭഗ്നാശനായിട്ടായിരിക്കും തിരിച്ചുപോകുന്നതു് എന്നു്.

രാജുവിനു് രണ്ടുബിഘാ ഭൂമി ലബ്ടുലിയാബയിഹാരിൻെറ വടക്കുഭാഗത്തെ വൻകാട്ടിലായി പതിച്ചുകൊടുത്തു, മിക്കവാറും വിലകൂടാതെതന്നെ. ഞാൻ പറഞ്ഞു: "കാടുവെട്ടിത്തെളിച്ചു് കൃഷിചെയ്യുക; ആദ്യത്തെ രണ്ടുവർഷത്തേയ്ക്കു് ഒന്നും തരണ്ടാ. മൂന്നാമത്തെ വർഷംമുതൽ ബിഘാ ഒന്നിനു് നാലണവെച്ചു കരംകൊടുക്കണം." അപ്പോഴും എനിക്കു് മനസ്സിലായില്ലാ എന്തൊരു അത്ഭുതമനുഷ്യനാണു് ഞാൻ ഭൂമി പതിച്ചുകൊടുത്തതെന്നു്.

രാജുവന്നു് ചിങ്ങമാസത്തിലൊ കന്നിമാസത്തിലൊ ഭൂമിവാങ്ങിച്ചിട്ടുപോയി. അയാളുടെകാര്യം ജോലിത്തിരക്കിനിടയിൽ ഞാനങ്ങു മറന്നുപോയി. അടുത്തവർഷം ശീതകാലാവസാനത്തിൽ ഒരുദിവസം ലബ്ടുലിയാകച്ചേരിയിൽനിന്നും തിരിച്ചുപോരുന്നവഴി പെട്ടെന്നു് ഒരു മരത്തണലിൽ ആരോ

ഒരാൾ എന്തൊ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നതായി കണ്ടു. എന്നെ കണ്ടിട്ട് അയാൾ പുസ്തകംമടക്കി പെട്ടെന്ന് എഴുന്നേററുനിന്നു. അതു് രാജുപാണ്ഡേയാണെന്ന് എനിക്കു മനസ്സിലായി. എന്നാൽ കഴിഞ്ഞവർഷം ഭൂമി പതിച്ചുകൊടുത്തതിൽപ്പിന്നീട്ട് അയാളെ ഒരിക്കലെങ്കിലും കച്ചേരിയിൽ കണ്ടിട്ടേയില്ല; ഇതിൻെറ അത്ഥം എന്തോന്നാ? ഞാൻ ചോദിച്ചു: "എന്താ രാജുപാണ്ഡേ! താനെന്താ ഇവിടെ ഇരിക്കുന്നതു്? ഇയാള് ഭൂമിയെല്ലാം കളഞ്ഞിട്ട് നടക്കുകയാണെന്നു തോന്നുന്നല്ലോ. കൃഷിയൊന്നുമില്ലേ?" ഭയംകൊണ്ട് രാജുവിൻെറ മുഖം വരണ്ടുപോയതായി കണ്ടു. അയാൾ തപ്പിത്തടഞ്ഞു പറഞ്ഞു: "ഉണ്ട്, എമാന്നെ,—കൃഷി കുറച്ചു്—ഇത്തവണ—എമാന്നേ—"

എനിക്കു് നന്നാ ദേഷ്യംവന്നു. ഇത്തരക്കാരുടെയെല്ലാം നാക്കു് പഞ്ചസാരയാണ്, മററുള്ളവരുടെ കാല്പതിരുമ്മി കാര്യംനേടാൻ നല്ല മിടുക്കരാണു്. ഞാൻ പറഞ്ഞു: "ഒന്നരവഷമായല്ലോടോ തൻെറ കുടുമ്മയൊന്ന് അങ്ങോട്ടു കണ്ടിട്ട്. സക്കാരിനെ കളിപ്പിച്ചു് വിളവു വീട്ടിലേക്കു കടത്തുകയാണ്, അല്ലേ? കച്ചേരിയിൽ പാട്ടംഅടയ്ക്കേണ്ട കാര്യം പറഞ്ഞിരുന്നതു് തനിക്കു് ഓമ്മയില്ലെന്നു തോന്നുന്നല്ലോടോ."

രാജു ഇത്തവണ വിസ്മയപൂണ്ണമായ വലിയവലിയ കണ്ണുകൾ തുറന്ന് എൻെറ നേരേ നോക്കിട്ടു പറഞ്ഞു: "വിളവോ അങ്ങുന്നേ? പക്ഷേ, അതിൻെറ പാട്ടം കൊടുക്കേണ്ട കാര്യം എൻെറ മനസ്സിൽ ഉദിച്ചതേ ഇല്ലല്ലോ. ആ ചീനപ്പുല്ലിൻെറ അരി—"

പറഞ്ഞതു് എനിക്കു വിശ്വാസമായില്ല. ഞാൻ ചോദിച്ചു: "ഈ ആറു മാസം താൻ ചീനപ്പുല്ലരി തിന്നുകയായിരുന്നോ? വേറെ കൃഷിയൊന്നുമില്ലേ? എന്താ ചോളം കൃഷിചെയ്യാത്തതു്?"

"ഇല്ലേമാന്നേ, വലിയ ഗജാരിക്കാടാ; ഒററ മനുഷ്യൻ, കാടു വെട്ടിത്തെളിക്കാൻ എനിക്കു കഴിഞ്ഞില്ല. പതിനഞ്ചു കാഠാ[1] ഭൂമി വളരെ പ്രയാസപ്പെട്ടു വെട്ടിത്തെളിച്ചിട്ടുത്തിട്ടുണ്ട്; വന്നാട്ടേമാന്നെ! ദയവുചെയ്തൊന്നുവന്നു നോക്കണേ."

---

1 ഒരു കാഠാ = 16 ചതുരശ്ര ഹസ്തം

ഞാൻ രാജുവിൻെറ പുറകെപോയി. ഇടതൂന്ന കാട്ടിൽ ക്കൂടി കുതിരയെ കയറ്റിക്കൊണ്ടു പോകാൻ വളരെ പ്രയാസം വന്നു. കുറച്ചുദൂരം പോയപ്പോൾ കാട്ടിനു നടുക്കു് വൃത്താകൃതിയിൽ ഏതാണ്ടു് ഒരുബിഘാ സ്ഥലം വെട്ടിത്തെളിച്ചെടുത്തിരിക്കുന്നതായി കണ്ടു. അതിനു നടുക്കു് കാട്ടുപുല്ലുകൊണ്ടു് തയാറാക്കിയ രണ്ടു കുടിലുകൾ, വളരെ ചെറിയ കുടിലുകൾ. ഒന്നിൽ രാജു താമസിക്കുന്നു. മററതിൽ രാജുവിൻെറ വയലിലെ വിളവു് കൂട്ടിയിരിക്കുന്നു. സഞ്ചിയോ ചാക്കോ ഒന്നുമില്ല. താണ തറയിൽ ചീനപ്പുല്ലരി കൂനയായി കൂട്ടിയിട്ടിട്ടുണ്ടു്. ഞാൻ പറഞ്ഞു: "നിങ്ങൾ ഇത്ര അലസനാണെന്നു് ഞാൻ അറിഞ്ഞിരുന്നില്ലല്ലോ. ഒന്നരവർഷത്തിനിടയിൽ നിങ്ങൾക്കു് രണ്ടുബിഘാ ഭൂമി വെട്ടിത്തെളിച്ചെടുക്കാൻ കഴിഞ്ഞില്ലല്ലോടോ."

രാജു ഭയന്നുഭയന്നു് പറഞ്ഞു: "സമയം വളരെ കുറവാണു് ഏമാന്നെ."

"എന്തു്? പകൽ മുഴവൻ നിങ്ങൾ എന്തുചെയ്യുകയാണു്?"

രാജു ലജ്ജിച്ചു് മിണ്ടാതെനിന്നു. രാജു താമസിക്കുന്ന കുടിലിൽ സാമാനങ്ങൾ വളരെ ഒന്നും ഉണ്ടായിരുന്നില്ല. ഒരു ലോട്ടാ അല്ലാതെ മററു ലോഹപാത്രങ്ങൾ ഒന്നുംതന്നെ കണ്ടില്ല. ലോട്ടാ വലിയതായതുകൊണ്ടു് അതിൽ അരിവയ്ക്കാം. അരിയല്ല ചീനപ്പുല്ലരി. പച്ചപ്പയിനിലയിലിട്ടു വേവിച്ച ചീനപ്പുല്ലരി തിന്നുമ്പോൾ ലോഹപാത്രത്തിൻെറ ആവശ്യമേ ഇല്ല. വെള്ളത്തിൻെറ ആവശ്യത്തിനു് അടുത്തുതന്നെ ചെറിയ ജലാശയമുണ്ടു്. പിന്നെന്തു വേണം?

എന്നാൽ കുടിലിൻെറ ഒരു അരികിലായി സിന്ദൂരം പൂശിയ കൃഷ്ണശിലകൊണ്ടുള്ള ഒരു രാധാകൃഷ്ണവിഗ്രഹം കണ്ടപ്പോൾ എനിക്കു മനസ്സിലായി രാജു ഈശ്വരഭക്തനാണെന്നു്. കല്ലുകൊണ്ടുള്ള ഒരു ചെറിയ വേദി പൂചാത്തി വച്ചിട്ടുണ്ടു്; വേദിയുടെ ഒരുവശത്തായി ഒന്നുരണ്ടു താളിയോല ഗ്രന്ഥങ്ങളും പുസ്തകവും, അതായതു് അയാൾക്കു സമയമില്ലെന്നു പറയുന്നതിൻെറ അത്ഥം അയാൾ പകൽ മുഴവൻ പൂജാച്ചനക

ളിൽ ബദ്ധശ്രദ്ധനായിരിക്കുകയാണെന്നാണു്. പിന്നെ കൃഷിചെയ്യുന്നതു് എപ്പോഴാണു്?

ഇതാദ്യമായിട്ടാണു് ഞാൻ രാജുവിനെ മനസ്സിലാക്കുന്നതു്.

രാജുവിനു് ഹിന്ദി എഴുതാനും വായിക്കാനും നല്ലവണ്ണം അറിയാം. സംസ്കൃതവും സാമാന്യമായിട്ടറിയാം. എപ്പൊഴും വായിക്കുകയില്ല. സൗകര്യം കിട്ടുമ്പോൾ എന്തെങ്കിലും ഹിന്ദി പുസ്തകം തുറന്നുവച്ചുംകൊണ്ടു് മരത്തണലിൽ ഇരിക്കും. ഒരു ദിവസം ഒരു ബുക്കിൽ തുവൽപ്പേനാകൊണ്ടു് എന്തോ എഴുതിക്കൊണ്ടിരിക്കുന്നതായി കണ്ടു. എന്തോന്നാണോ എന്തൊ? പാണ്ഡേ കവിതയും എഴുതുമോ, എന്തൊ? എന്നാൽ അയാൾ ഒരു നാണംകുണുങ്ങിയാണു്; അതുകൊണ്ടു് അയാൾ എന്തെങ്കിലും പറഞ്ഞിട്ടു് നമുക്കു് വല്ലതുംമനസ്സിലാക്കാമെന്നു വച്ചാൽ അതു വളരെ പ്രയാസംതന്നെ. തന്നെസംബന്ധിച്ചു് ഒന്നും പറയാൻ അയാൾക്കിഷ്ടമില്ല.

ഒരുദിവസം ഞാൻ ചോദിച്ചു: "പാണ്ഡേജീ, നിങ്ങടെ വീട്ടിൽ വേറെ ആരുമില്ലെ?"

"എല്ലാവരുമുണ്ടു് ഏമാനേ. എനിക്കു മൂന്നു് ആൺമക്കളും രണ്ടു പെൺമക്കളും ഒരു വിധവയായ സഹോദരിയും ഉണ്ടു്." "അവരുടെ കാര്യം ആരാ നോക്കുന്നതു്?" രാജു ആകാശത്തേയ്ക്കു നോക്കി കൈയുയർത്തിക്കൊണ്ടു പറഞ്ഞു: "ഭഗവാൻ നടത്തുന്നു. അവൎക്കു വല്ലതും രണ്ടുപിടി വാരിക്കഴിക്കാനുള്ള വകയുണ്ടാക്കിക്കൊടുക്കാനാണു് ഞാൻ ഏമാനെ ആശ്രയിച്ചു വന്നു് ഭൂമി വാങ്ങിയതു്. ഭൂമി വെട്ടിത്തെളിച്ചെടുക്കാൻ കഴിഞ്ഞെങ്കിൽ."

"എന്നാൽ രണ്ടുബിഘാ ഭൂമിയിലെ ആദായംകൊണ്ടു് ഇത്ര വലിയ കുടുംബം പുലർത്താൻ കഴിയുമോ? അതിനുവേണ്ടി നിങ്ങൾ ഊർജ്ജിതമായി വേലചെയ്യുന്നുണ്ടോ?"

രാജു ഇതിനു് ഉത്തരം ഉടനെ പറഞ്ഞില്ല. കുറച്ചുകഴിഞ്ഞു പറഞ്ഞു: "ജീവിതകാലംതന്നെ വളരെ കുറവാണു് ഏമാന്നെ. കാടു വെട്ടിത്തെളിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ എന്തെല്ലാം കാര്യങ്ങളാണു് എൻെറ മനസ്സിൽ വരുന്നതു്. അവിടെ ഇരുന്നിരുന്നു് ചിന്തിക്കും. ഈ കാട്ടുപ്രദേശംതന്നെ

നോക്കിയാട്ടെ, വളരെ നല്ലസ്ഥലം. എത്രയോകാലംമുതൽ പൂക്കൾ വികസിക്കുന്നു; പക്ഷികൾ പാടുന്നു; ഇളംകാററോടൊത്തു് ദേവദേവിമാർ ആവിർഭവിച്ചു് ഭൂമിയിലെ മണ്ണിൽ കാൽകുത്തുന്നതു് ഇവിടെയാണു്. പണത്തിനുള്ള മോഹം, കൊട്ടക്കൽവാങ്ങൽ ഇതെല്ലാം നടക്കുന്നടത്തെ കാററു് ദുഷിച്ചുപോകും. അവർ അവിടെ വസിക്കുകയില്ല. അതുകൊണ്ടു തന്നെ ഇവിടെ വെട്ടുകത്തിയും കുന്താലിയും എടുത്താൽ അവർ വന്നു കൈയിൽനിന്നും തട്ടിപ്പറിച്ചെടുത്തോണ്ടു് പൊയ്ക്കളയും. ഭൗതികവിഷയങ്ങളിൽനിന്നും മനസ്സിനെ അകററിനിറുത്തത്തക്കവണ്ണമുള്ള കാര്യങ്ങൾ അവർ കാതിൽ ഓതും.''

രാജു കവിയും തത്വജ്ഞാനിയും ആണെന്നു് ഞാൻ മനസ്സിലാക്കി. ഞാൻ പറഞ്ഞു: ''എന്നാൽ രാജു, വീട്ടിലേയ്ക്കു് ചെലവിനൊന്നും അയയ്ക്കുണ്ടാ, കുട്ടികൾ പട്ടിണികിടന്നോട്ടെ എന്നൊന്നും ദേവന്മാർ പറയുന്നില്ലല്ലൊ. ഇതൊന്നും പറഞ്ഞതുകൊണ്ടു് കാര്യമായില്ല. രാജു പണിയെടുക്കുക; ഇല്ലെങ്കിൽ ഭൂമി തിരിച്ചെടുത്തുകളയും, പറഞ്ഞേക്കാം.''

പിന്നെയും കുറെമാസങ്ങൾകൂടി കഴിഞ്ഞു. രാജുവിൻെറ അവിടെ ഞാൻ ഇടയ്ക്കിടയ്ക്കു് പൊയ്ക്കൊണ്ടിരുന്നു. അയാളോടു് എന്തോ എനിക്കു് വളരെ സ്നേഹംതോന്നി. തികച്ചും വിജനമായ ലബ്ടുലിയാബയിഹാരിലെ ആ കാട്ടിനുള്ളിൽ ഒററയ്ക്കു പുൽക്കുടിൽകെട്ടി എങ്ങനെയാണു് അയാൾ ദിവസങ്ങൾ ഓരോന്നായി കഴിച്ചുപോകുന്നതെന്നു് എനിക്കു് ചിന്തിച്ചു് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

യഥാർത്ഥത്തിൽ സാത്വികനാണു് രാജു. ചീനപ്പുല്ലരിയല്ലാതെ മറെറാന്നും കൃഷിചെയ്യാൻ അയാൾക്കു് കഴിഞ്ഞില്ല. ഏഴെട്ടുമാസം അതുതന്നെ കഴിച്ചുംകൊണ്ടു് പ്രസന്നമുഖനായി കഴിച്ചുകൂട്ടുകയാണു്. ആരുടെയും സഹവാസമില്ല, വർത്തമാനം പറയാൻ ഒരു മനുഷ്യനുമില്ല; എന്നാൽ അതുകൊണ്ടൊന്നും അയാൾക്കു് ഒട്ടുംതന്നെ അസുഖമില്ല; വളരെ സുഖമായി കഴിയുന്നു. രാജുവിൻെറ സ്ഥലത്തുകൂടി നട്ടുച്ചയ്ക്കു് കടന്നുപോകുമ്പോൾ, അപ്പോഴും ആ എരിവെയിലിൽ അയാൾ തൻെറ ഭൂമിയിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. സന്ധ്യയോടുകൂടി മിക്കപ്പോഴും അയാൾ കട്ടക്കാ

മരച്ചുവട്ടിൽ വെറുതെ ഇരിക്കുന്നതുകാണാം; ചിലദിവസം കൈയിൽ ഒരു പുസ്തകം കാണും, ചിലപ്പോൾ അതു കാണുകയുമില്ലാ.

ഒരുദിവസം ഞാൻ പറഞ്ഞു: "രാജു, നിങ്ങൾക്കു് കുറച്ചുകൂടി ഭൂമിതരാം. നല്ലവണ്ണം കൃഷിചെയ്യുക; ഇല്ലെങ്കിൽ നിങ്ങളുടെ വീട്ടുകാർ ഒന്നും കഴിക്കാതെ മരിച്ചുപോകുമേ!" രാജു അതിശാന്തനാണു്, അയാളെ എന്തെങ്കിലും പറഞ്ഞുമനസ്സിലാക്കാൻ വളരെ വിഷമമില്ല. ഏതായാലും അയാൾ ഭൂമിവാങ്ങിച്ചു. പക്ഷെ, അടുത്ത അഞ്ചാറുമാസത്തിനകം അതു് വെട്ടിത്തെളിച്ചെടുക്കാൻ അയാൾക്കു് കഴിഞ്ഞില്ല. രാവിലെ ഏഴുന്നേററു് പൂജയും ഗീതാപാരായണവും കഴിയുമ്പോൾ മണി പത്താകും. പിന്നെയാണു് വേലയ്ക്കിറങ്ങുന്നതു്. രണ്ടുമണിക്കൂർ വേലചെയ്തശേഷം ഭക്ഷണക്കാര്യമായി. ഉച്ചകഴിഞ്ഞു് വൈകുന്നേരം അഞ്ചുമണിവരെ ജോലിചെയ്യും. അതുകഴിഞ്ഞു് മരച്ചുവട്ടിലിരുന്നു് എന്തോ ചിന്തിച്ചുകൊണ്ടിരിക്കും. സന്ധ്യ കഴിഞ്ഞു് പിന്നെയും പൂജാപാരായണങ്ങളായി.

ആ വഷം രാജു കുറച്ചു് ചോളം കൃഷിചെയ്തു. അതു് സ്വന്തമായി ഉപയോഗിക്കാതെ വീട്ടിലേയ്ക്കു് കൊടുത്തയച്ചു. മൂത്തമകൻ വന്നു് അതു് കൊണ്ടുപോയി. എന്നെ കാണാൻ അവൻ കച്ചേരിയിൽ വന്നു. അവനോടു് ഞാൻ ദേഷ്യപ്പെട്ടു പറഞ്ഞു: "വയസ്സനായ അച്ഛനെ തനിച്ചു് കാട്ടിനകത്തു തള്ളിയിട്ടു് നീയൊക്കെ വീട്ടിലിരുന്നു് സുഖിക്കുക, അല്ലെ? നാണമില്ലേ? തന്നത്താൻ വേലചെയ്തു കാലക്ഷേപം കഴിച്ചാലെന്താ?"

## മൂന്നു്

ആയിടയ്ക്കു് ശ്രുയോർമാരിഗ്രാമത്തിൽ ഭയങ്കരമായ കോളറാ പിടിപെട്ടിരിക്കുന്നതായി കച്ചേരിയിൽ അറിവുകിട്ടി. ശ്രുയോർമാരി ഞങ്ങളുടെ എല്ലകയിൽ ഉൾപ്പെട്ടതല്ല, ഇവിടെ നിന്നും പത്തുപതിനെട്ടുനാഴിക ദൂരെ കുശി, കൽബലിയാ എന്നീ നദികളുടെ തീരത്താണു്. ദിവസംതോറും വളരെ ആളു

കൾ മരിച്ചുതുടങ്ങി. ശവദാഹത്തിനു വേണ്ട ഏർപ്പാടുകളൊന്നും ചെയ്യിരുന്നില്ലാത്തതുകൊണ്ടു് കുശീനദിയിൽക്കൂടി എപ്പൊഴും ശവം ഒഴുകിക്കൊണ്ടിരിക്കുകയാണു്. ഒരു ദിവസം കേട്ടു രാജുപാണ്ഡേ അവിടെ ചികിത്സയ്ക്കിറങ്ങിയിരിക്കുന്നെന്നു്. രാജുപാണ്ഡേ ചികിത്സക്കാരനാണെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. എന്നാൽ കുറച്ചുദിവസം ഞാൻ ഹോമിയോപ്പതി മരുന്നു കൊടുത്തുനോക്കി, ഡോക്ടറന്മാരും വൈദ്യന്മാരും ഇല്ലാതിരുന്ന ഈ സ്ഥലത്തു് വല്ല ഉപകാരവും ചെയ്യാൻ കഴിയുമോ എന്നു് പരീക്ഷിക്കാൻ. കച്ചേരിയിൽനിന്നും എന്റെ കൂടെ വേറെ പലരും വന്നിരുന്നു. ഗ്രാമത്തിലെത്തിയപ്പോൾ രാജുവിനെ കണ്ടുമുട്ടി. അയാൾ പച്ചമരുന്നുകളും പറിച്ചു് കയറിൽക്കെട്ടി എടുത്തുംകൊണ്ടു് അങ്ങനെ ആ വീട്ടിലും ഈ വീട്ടിലും രോഗികളെ നോക്കിക്കൊണ്ടു് നടക്കുകയായിരുന്നു. എന്നെ നമസ്കരിച്ചിട്ടു പറഞ്ഞു: "ഏമാന്നെ, അവിടുത്തെ കാരുണ്യംകൊണ്ടു് അവിടുന്നു് ഇവിടെ വന്നു. ഇനിയും ആളുകൾക്കു് രക്ഷകിട്ടിയിരുന്നെങ്കിൽ!" ഞാനാണു് ജില്ലയിലെ സിവിൽ സർജ്ജൻ അഥവാ ഗ്രഡിവ് ചക്രവർത്തി എന്നാണു് അയാളുടെ ഭാവം. അയാൾ എന്നെയുംകൊണ്ടു് ഗ്രാമത്തിലെ രോഗികളുടെ വീടുതോറും നടന്നു.

രാജു മരുന്നുകൊടുത്തു, എല്ലാം കടമായിട്ടു്. ദീനം ഭേദമാകുമ്പോൾ വില കൊടുത്തുകൊള്ളാം എന്നായിരിക്കാം കരാറു്. കുടിൽതോറും എത്ര ഭയാനകമായ ദാരിദ്ര്യമൂർത്തിയാണു് കുടികൊള്ളുന്നതു്! എല്ലാം വെറും വയ്ക്കോൽപ്പുര, കൊച്ചുകൊച്ചു മുറികൾ; ജനാലയില്ല. കാററും വെളിച്ചവും കടക്കുകയില്ല ഒരു മുറിയിലും; മിക്കവാറും എല്ലാ പുരയ്ക്കകത്തും ഒന്നും രണ്ടും രോഗികളുണ്ടു്. തറയിൽ അഴുക്കുപിടിച്ച വിരിപ്പിലാണു് കിടപ്പു്. ഡോക്ടറില്ല, മരുന്നില്ല, പഥ്യാഹാരമില്ല. രാജു കഴിവതു് പ്രയത്നിച്ചുനോക്കി. ആരും വിളിച്ചില്ലെങ്കിലും സകല രോഗികളുടെയും അടുത്തുപോകും; പച്ചമരുന്നുകൊടുക്കും; ഒരു കൊച്ചു പയ്യന്റെ അടുത്തിരുന്നു് ഇന്നലെ രാപ്പകൽ ശുശ്രൂഷിച്ചുപോലും. എന്നാലും ഈ സാംക്രമികരോഗത്തിനു് ഒരു ശമനവും കിട്ടിയില്ല; നേരെമറിച്ചു് അതു വർദ്ധിച്ചുവരികയാണു് ചെയ്തതു്.

രാജു എന്നെ വിളിച്ചുംകൊണ്ടു് ഒരു വീട്ടിൽപോയി. ഒരു വയസ്സോൽപ്പുര മാത്രം, രോഗി നിലത്തു് ഓലപ്പായിൽ കിടപ്പുണ്ടു്. വയസ്സു് അമ്പതിൽ കുറയുകയില്ല. പതിനേഴപതിനെട്ടു വയസ്സു് പ്രായംവരുന്ന ഒരു സ്ത്രീ വാതില്ക്കൽ കണ്ണീർ വാർത്തും കരഞ്ഞുംകൊണ്ടിരിക്കുന്നു. രാജു അവളെആശ്വസിപ്പിക്കാനായി പറഞ്ഞു: "കരയാതെ പെണ്ണേ! യജമാനൻ വന്നിട്ടുണ്ടു്. ഇനിയും പേടിക്കണ്ടാ, രോഗം ഭേദമാകും."

എന്റെ കഴിവുകേടോർത്തു് ഞാൻ ലജ്ജിച്ചുപോയി. ഞാൻ ചോദിച്ചു: "രോഗിയുടെ മകളാണോ ഇവൾ?"

രാജു പറഞ്ഞു: "അല്ലങ്ങുന്നേ. അയാളുടെ ഭാര്യയാണു്. അവൾക്കാരുമില്ല. വിധവയായ അമ്മയുണ്ടായിരുന്നു. ഇവളെ വിവാഹം കഴിച്ചുകൊടുത്തശേഷം അവർ മരിച്ചുപോയി. ഇയാളെ ഒന്നു ജീവിപ്പിക്കണേ എജമാന്നേ. ഇല്ലെങ്കിൽ ഇവൾ പിന്നെ വഴിയിലോട്ടിറങ്ങിയാൽ മതി!"

രാജുവിന്റെ വാക്കുകൾക്കു് എന്തോ ഉത്തരംപറയാൻ ഞാൻ ഭാവിച്ചു; അപ്പോൾ രോഗിയുടെ തലയ്ക്കുമുകളിലുള്ളഭിത്തിയിൽനിന്നും ഏതാണ്ടു് മൂന്നുകൈയോളം ഉയരത്തിലായി തടികൊണ്ടുള്ള ഒരു ഷെൽഫ് ഇരിക്കുന്നതു് കാണായി. അതിന്റെ മുകളിൽ ഒരു വലിയ കൽച്ചട്ടിയിൽ കുറച്ചു പഴങ്കഞ്ഞി വച്ചിരിക്കുന്നതായും കണ്ടു. പഴഞ്ചോറിന്റെ മുകളിലായി എട്ടുപത്തു് ഈച്ച: സർവ്വനാശം! ഏഷ്യയിലെ ഭയങ്കരമായ കോളറാ, രോഗിയുടെവീട്ടിൽ രോഗിയുടെ അടുത്തുനിന്നും മൂന്നു കൈ അകലത്തിലായി അടച്ചുവയ്ക്കാത്ത കൽച്ചട്ടിയിലെ ചോറു്!

പകലെല്ലാം രോഗിയെ ശുശ്രൂഷിച്ചശേഷം വിശപ്പുപെരുത്ത ആ പാവപ്പെട്ട പെണ്ണു് ആർത്തിയോടെ ആ കൽച്ചട്ടിയിലെ ചോറു് അല്പം ഉപ്പും പച്ചമുളകുംകൂട്ടി കഴിക്കും. വിഷമയമായ ചോറു് ഓരോ ഉരുളയിലും നിഷ്ഠുരമായ മൃത്യുബീജം! നിഷ്കളങ്കവും അശ്രുപൂർണ്ണവും ആയ അവളുടെ കണ്ണുകളിലേയ്ക്കു നോക്കിയിട്ടു് ഞാൻ ഞെട്ടിപ്പോയി. രാജുവിനോടു ഞാൻ പറഞ്ഞു: "ഈ ചോറെടുത്തു ദൂരെക്കളയാൻ പറയൂ അവളോടു്. ഈ മുറിയിലാണോ ചോറു സൂക്ഷിച്ചുവയ്ക്കുന്നതു്?"

ചോറെടുത്തുകളയാൻ പറയുന്നതു കേട്ടു് അവൾ അമ്പ

രന്നു് ഞങ്ങളുടെ മുഖത്തേയ്ക്കു നോക്കി. ചോറു് എന്തിനാണു് എടുത്തുകളയുന്നതു്? അവൾ പിന്നെന്തുകഴിക്കും? ഓഝാജിയുടെ വീട്ടിൽനിന്നും ഇന്നലെ കൊടുത്തതാണു്, അവൾക്കു കഴിക്കാനായി.

ഈ ദേശത്തു് ചോറു് എന്നു പറയുന്നതു് ഞങ്ങളുടെനാട്ടിലെ ആസ്വാദ്യങ്ങളായ ലൂചിയോ നെയ്ച്ചോറോപോലെ വച്ചിരിക്കുകയാണെന്നു് എനിക്കു് ഓർമ്മവന്നു. എന്നാലും കുറച്ചു ഗൗരവമായി ഞാൻ പറഞ്ഞു: "ഇപ്പോൾത്തന്നെ അവിടെക്കയറി ആ ചോറെടുത്തുകളയൂ ദൂരെ."

ഭയചകിതയായി ആ തരുണി ചോറെടുത്തു കളഞ്ഞു. അവളുടെ ഭർത്താവിനെരക്ഷിക്കാൻ ഒന്നുകൊണ്ടും കഴിഞ്ഞില്ലാ. സന്ധ്യയ്ക്കുശേഷം വൃദ്ധൻ അന്ത്യശ്വാസം വലിച്ചു; ആ പെണ്ണിന്റെകരച്ചിൽ! രാജുവും അവളുടെകൂടെത്തന്നെ കരഞ്ഞുപോയി.

വേറൊരുവീട്ടിൽ രാജു എന്നെ കൊണ്ടുപോയി. അതു് രാജുവിൻെറ ഒരു അകന്ന സ്യാലൻെറ വീടായിരുന്നു. ആദ്യം ഇവിടെ വന്നപ്പോൾ അയാൾ ഈ വീട്ടിലായിരുന്നു താമസിച്ചിരുന്നതു്. ഇവരുടെകൂടെത്തന്നെയായിരുന്നു ആഹാരം. ഇവിടെ അമ്മയും മകനും ഒരുമിച്ചു് കോളറാ പിടിപെട്ടു് അടുത്തടുത്ത മുറികളിൽ കിടക്കുകയാണു്. അമ്മയ്ക്കു് മകനെ കാണണം, മകനു് അമ്മയെ കാണണം എന്നുംപറഞ്ഞു് വെപ്രാളം കൂട്ടുകയാണു്; എണ്ണെട്ടുവയസ്സായ ഒരു കുട്ടി.

കുട്ടി ആദ്യം മരിച്ചു. വിവരം അമ്മയെ അറിയിച്ചില്ല. എൻെറ ഹോമിയോപ്പതിമരുന്നുകൊണ്ടു് അമ്മയ്ക്കു കുറേശ്ശെ ആശ്വാസം കിട്ടിത്തുടങ്ങി. അമ്മയ്ക്കു് മകൻെറകാര്യംമാത്രം അറിയണം. ആ മുറിയിൽ അനക്കം ഒന്നും കേൾക്കുന്നില്ലല്ലോ അതെന്താ? അവനെങ്ങനെ ഇരിക്കുന്നു? ഞാൻ പറഞ്ഞു: "അവനു് ഉറങ്ങാനുള്ള മരുന്നു കൊടുത്തിരിക്കുകയാണു്. ഉറങ്ങുന്നു."

അനങ്ങാതെ കുട്ടിയുടെ മൃതദേഹം പുറത്തെടുത്തു കൊണ്ടുവന്നു.

ഗ്രാമത്തിലുള്ള ആളുകൾക്കു് ആരോഗ്യരക്ഷാനിയമങ്ങളൊന്നും അറിഞ്ഞുകൂടാ. ഒരു കുളം മാത്രമേയുള്ളു. ആ കുളത്തിൽത്തന്നെ മുണ്ടടിച്ചുനനയ്ക്കുന്നതും കുളിക്കുന്നതുമെല്ലാം. കുടിക്കാനും, കുളിക്കാനും ഒരേ വെള്ളം ഉപയോഗിക്കാൻ പാടി

UNIVERSITY LIBRARY
9 MAR 1964

ല്ലെന്നുള്ളതു് ഇവിടുത്തെ ആളുകളെ പറഞ്ഞുമനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല.

രോഗികളെ ഉപേക്ഷിച്ചുംവച്ചു് പലരും ഓടിപ്പോയി. ഒരു മുറിക്കകത്തു് ഒരു രോഗിയെ കണ്ടു. ആ വീട്ടിൽ വേറെ ആരുമില്ല. രോഗി ഈ വീട്ടിലെ ജാമാതാവാണു്; ഭാര്യ കഴിഞ്ഞയാണ്ടിൽ മരിച്ചുപോയി. എന്നിട്ടും അയാളുടെ സ്ഥിതി മോശമായിട്ടോ എന്തോ അയാൾ ശ്വശുരാലയത്തിൽനിന്നും എങ്ങും പോയില്ല. ഇപ്പോൾ അയാൾക്കു് രോഗം പിടിപെട്ടതുകൊണ്ടു് അയാളെ ഇട്ടുംവച്ചു് മററുള്ളവരെല്ലാം പോയിക്കഴിഞ്ഞിരിക്കുകയാണു്. രാജു അയാളെ രാപ്പകൽ ശുശ്രൂഷിക്കാൻതുടങ്ങി. ഞാൻ മരുന്നും, പഥ്യാഹാരവും കൊടുക്കാൻ വേണ്ട വ്യവസ്ഥചെയ്തു. ഒടുവിൽ അയാൾക്കു രക്ഷകിട്ടി. നിർഭാഗ്യവശാൽ അയാൾക്കു് ഇനിയും ശ്വശുരാലയത്തിലെ അന്നദാസനായി കഷ്ടപ്പെടേണ്ടിവരുമെന്നു് ഞാൻ മനസ്സിലാക്കി.

ചികിത്സയിൽ മൊത്തം ആദായം എന്തുകിട്ടി എന്നറിയാൻ രാജു സഞ്ചിയഴിച്ചു് പൈസ എണ്ണിനോക്കുന്നതു കണ്ടു് ഞാൻ ചോദിച്ചു: "എത്രയുണ്ടു് രാജൂ?" രാജു എണ്ണിക്കെട്ടിട്ടു പറഞ്ഞു: "ഒരു രൂപാ മൂന്നണ."

ഇതുകൊണ്ടുതന്നെ അയാൾ വളരെ സന്തോഷിച്ചു. ഇവിടുത്തെ ആളുകൾക്കു് ഒരു പൈസ കാണാൻ എളുപ്പമല്ല; ഒരു രൂപ മൂന്നണ ഇവിടെ അത്ര ചെറിയ സമ്പാദ്യമൊന്നുമല്ല; രാജു ഇന്നു് പതിനാറു പതിനേഴ ദിവസമായി ഡോക്ടർ്ക്ക് ഡോക്ടർ, നഴ്സിനു നഴ്സായി വളരെയധികം ബദ്ധപ്പെടുകയാണു്. രാത്രി വളരെയായപ്പോൾ ഗ്രാമത്തിനു് നടുക്കു് ഒരു കരച്ചിൽ കേൾക്കായി. പിന്നെയും ഒരാൾ മരിച്ചുപോയി. രാത്രി ഉറക്കംവന്നില്ല. ഗ്രാമത്തിൽ അധികംപേക്കും അന്നു് ഉറക്കം ഉണ്ടായില്ല. വീട്ടിനു മുമ്പിൽ വലിയ വലിയ വിറകിട്ടു് തീ കത്തിച്ചു് ഗന്ധകം പുകച്ചുംകൊണ്ടു് തീയ്ക്കുചുററും ഓരോ വത്തമാനവുംപറഞ്ഞുകൊണ്ടിരിക്കുകയാണു്; രോഗം, മരണം, എന്നീ വത്തമാനമല്ലാതെ ആക്കും പറയാനുണ്ടായിരുന്നില്ല. രോഗത്തിൻെറ ലക്ഷണം കാണുന്നുണ്ടോ, ഇനിയും ആരുടെ മുറയായിരിക്കും എന്നിങ്ങനെയുള്ള ഭയം എല്ലാവരുടെയും മുഖത്തു തെളിഞ്ഞുകാണാം.

അർദ്ധരാത്രിക്ക് അറിവുകിട്ടി, വിധവയായിത്തീൎന്ന ആ പെണ്ണിനു് രോഗം പിടിപെട്ടെന്നു്. ഞാൻ പോയി നോക്കി. ഭർത്തൃഗൃഹത്തിൻെറ അടുത്തുള്ള ഒരു വീട്ടിലെ എരുത്തിലിലാണു് അവൾ കിടക്കുന്നതു്. തൻെറ വീട്ടിൽ കിടക്കാൻ അവൾക്കു് ഭയമായിരുന്നു. മാത്രമല്ല, അവൾക്കു് മററാരും അഭയം കൊടുത്തുമില്ല; അവൾ കോളറാരോഗിയെ തൊട്ടിട്ടുള്ളതുകൊണ്ടു്. എരുത്തിലിനടുത്തു് ഗോതമ്പുകച്ചിക്കുപുറത്തു് പഴമ്പായ് വിരിച്ചു് അതിൽ വിറച്ചുകൊണ്ടു കിടക്കുകയാണു് അവൾ. ഞാനും രാജുവും അവളെ രക്ഷിക്കാൻ വളരെ പണിപ്പെട്ടുനോക്കി. ഒരു റാന്തൽവിളക്കോ കുറച്ചു വെള്ളമോ ഒന്നും അവിടെയെങ്ങും കിട്ടുകയില്ല. ഒന്നെത്തിനോക്കുന്നതിനുപോലും ആരും വന്നതുമില്ല. കോളറാ ആർക്കെങ്കിലും പിടിപെട്ടാൽ അയാളുടെ അടുത്തുള്ളവരാരും അയാളെ സമീപിക്കുകയില്ല. കോളറാ ഇന്നു് അത്ര ഭയങ്കരമായ രോഗമായിത്തീൎന്നിരിക്കുകയാണു്.

രാത്രി അവസാനിക്കാറായി. പ്രഭാതത്തിൻെറ വെളിച്ചം കണ്ടുതുടങ്ങി. രാജുവിനു് നല്ല നാഡീജ്ഞാനം ഉണ്ടായിരുന്നു. അയാൾ കൈപിടിച്ചു നോക്കി. "നാഡീചലനം മോശമാണങ്ങുന്നെ!"

ഞാനിനിയും എന്താ ചെയ്യുക; ഞാൻ ഡോക്ടരല്ലല്ലോ. സലയിൻ(Saline)കൊടുത്തെങ്കിൽ കൊള്ളാമായിരുന്നു. ഈ പ്രദേശത്തു് അങ്ങനെയുള്ള ഡോക്ടർ ഇവിടെയൊരിടത്തും ഇല്ലല്ലോ.

കാലത്തു് ഒമ്പതുമണിക്കു് അവൾ മരിച്ചു. ഞങ്ങൾ അവിടെയുണ്ടായിരുന്നില്ലെങ്കിൽ ശവം പുറത്തെടുക്കാൻ ആരെങ്കിലും മുതിരുമായിരുന്നോ എന്നു സംശയമാണു്. ഞങ്ങളുടെ നിർബന്ധംകൊണ്ടും അപേക്ഷകൊണ്ടും രണ്ടു് കന്നാലിക്കാർ കൃഷിക്കുപയോഗിക്കുന്ന ഒരു മുളയെടുത്തുംകൊണ്ടുവന്നു്, അതുകൊണ്ടു് ശവം തള്ളിത്തള്ളി നീക്കി നദിയിലേയ്ക്കു കൊണ്ടുപോയി.

രാജു പറഞ്ഞു: "അവൾക്കു രക്ഷകിട്ടിപ്പോയി ഏട്ടമാനെ. ആരും ആശ്രയമില്ലാത്ത വിധവ! മക്കളിരിക്കുന്നോ അവൾക്കു വല്ലതുമന്വേഷിച്ചുകൊടുക്കാൻ? ആരുനോക്കാനാ അവളെ?"

ഞാൻ പറഞ്ഞു: ‘‘നിങ്ങടെ നാട്ട് വളരെ നിഷ്ഠുരമാണു രാജ്ജ!’’

എനിക്കു വളരെ സങ്കടം തോന്നി, അവൾ വളരെ കൊതിച്ച ആ ചോറുണ്ണാൻ അവളെ അനുവദിച്ചില്ലല്ലോ എന്നോർത്ത്.

## നാല്

നിസ്തബ്ധമായ മദ്ധ്യാഹ്നം; വിദൂരസ്ഥമായ മഹാലിഖാരൂപത്തിലെ മലയും കാട്ടം. അവയുടെമേൽ രഹസ്യമയമായ ഒരാവരണം ഉള്ളതുപോലെ. എത്രയോതവണ ഞാൻ ആലോചിച്ചതാണു് ഒരിക്കൽ ഒന്നുപോയി പർവ്വതം ചുററിനടന്നു കണ്ടിട്ട വരണമെന്നു്. പക്ഷേ, സമയം കിട്ടിയില്ലാ. മഹാലിഖാരൂപത്തിലെ പർവ്വതം ദുർഗ്ഗമവും വനസങ്കീർണ്ണവുമാണു്. ശംഖചൂഡസർപ്പങ്ങളുടെ സങ്കേതം, കാട്ടുകോഴി, ദുഷ്പ്രാപമായ ചന്ദ്രമല്ലികാ,വലിയവലിയ കരടിക്കാട്ട് ഇവയാൽ സമ്പൂർണ്ണം എന്നിങ്ങനെയെല്ലാം ഞാൻ കേട്ടിരുന്നു. പർവ്വതത്തിൻെറ മുകളിൽ വെള്ളമില്ലാത്തതുകൊണ്ടു്, വിശേഷിച്ചു് ഭീഷണങ്ങളായ ശംഖചൂഡസർപ്പങ്ങളെ ഭയന്നു്, ഈ പ്രദേശത്തുള്ള മരംവെട്ടുകാർപോലും അവിടെ ഒരിക്കലും പോകാറില്ലത്രെ.

ചക്രവാളത്തിലെ നീണ്ട നീലരേഖപോലെ കാണപ്പെടുന്ന ഈ പർവ്വതവനങ്ങൾ ഉച്ചയ്ക്കും വൈകുന്നേരവും സന്ധ്യക്കും എത്രയെത്ര സ്വപ്നമാണു് എൻെറ മനസ്സിൽ ഉയർത്തുന്നതു്. ഒന്നാമതു്, ഈ പ്രദേശമെല്ലാംതന്നെ ഇക്കാലത്തു് ഒരു വനദേവതാരാജ്യത്തിൻെറ പ്രതീതിയാണു് എൻെറ മനസ്സിൽ ഉളവാക്കുന്നതു്; ഇവിടുത്തെ വെണ്ണിലാവു്, ഇവിടുത്തെ മഹാവനങ്ങൾ, ഇവിടുത്തെ നിർജ്ജനത, ഇവിടുത്തെ മൂകമായ നിശ്ശബ്ദത, ഇവിടുത്തെ സൗന്ദര്യം, ഇവിടുത്തെ മനുഷ്യലോകം, പക്ഷികളുടെ കൂജനം, വനകുസുമങ്ങളുടെ ശോഭ, ഇതെല്ലാംതന്നെ അത്ഭുതകരമായി എനിക്കു തോന്നുന്നു. എനിക്കു ജീവിതത്തിൽ ഒരിക്കലും ഒരിടത്തും ലഭിച്ചിട്ടില്ലാത്ത ഒരഗാധമായ ശാന്തിയും ആനന്ദവുമാണു് ഇതു പ്രദാനംചെയ്യു

ന്നതു്. അതിനെല്ലാം ഉപരിയായി വളരെ അത്ഭുതകരമായി എനിക്കു തോന്നിയതു് ആ മഹാലിഖാത്രപത്തിലെ ശൈലനിരയും മോഹനപുരാറിസേവ്വ്ഫോറസ്റ്റിൻെറ സീമാരേഖയുമാണു്. എന്തൊരു സൗന്ദര്യമയമായ മണ്ഡലമാണു് ഉച്ചക്കും, വൈകുന്നേരത്തും, സന്ധ്യക്കും ഇവ വികസിപ്പിക്കുന്നതു്; എന്തൊരു നിസ്സംഗചിന്തയാണു് എൻെറ മനസ്സിൽ സൃഷ്ടിക്കുന്നതു്!

ഒരുദിവസം പർവ്വതം കാണാനായി പുറപ്പെട്ടു. കുതിരപ്പുറത്തു് ഒമ്പതുമൈൽ ദൂരത്തിൽ രണ്ടു വശത്തുമുള്ള ശൈലനിരകൾക്കിടയിൽക്കൂടി യാത്ര തുടന്നു. രണ്ടു വശത്തേയും ശൈലസാനുപ്രദേശങ്ങൾ വനസമ്പൂർണ്ണമാണു്. ഇരുവശങ്ങളിലുമുള്ള വിചിത്രങ്ങളായ ഇടതൂന്ന കാടുകളുടെ ഇടയ്ക്കുകൂടി വളഞ്ഞുപുളഞ്ഞ വഴിയെ സഞ്ചരിക്കുകയാണു്. ചിലെടത്തു കുന്നും കുഴിയും; ഇടയ്ക്കിടയ്ക്കു് കാട്ടരുവികൾ പാറക്കെട്ടുകളുടെ മുകളിൽക്കൂടി ഒഴുകിക്കൊണ്ടിരിക്കുന്നു. വന്യചന്ദ്രമല്ലിക പുഷ്പിച്ചിട്ടില്ല, ശരൽക്കാലമായതുകൊണ്ടു്—ചന്ദ്രമല്ലിക പൂക്കുന്ന സമയമല്ലിതു്. എന്നാൽ നിബിഡമായ ശേഫാലികാവനത്തിൽ സർവ്വത്ര വാടിയപൂക്കൾ മരച്ചുവട്ടുകളിലും ശിലാഖണ്ഡങ്ങളിലും അരുവിയുടെ തീരങ്ങളിലെ പാറക്കെട്ടുകളിലും ചിതറിക്കിടക്കുന്നുണ്ടു്. വേറെയും എത്ര വിചിത്ര വന്യപുഷ്പങ്ങളാണു് വർഷകാലംകഴിഞ്ഞ ഈ സമയത്തു് വിടുന്നുനില്ക്കുന്നതു്; പൂത്തുനില്ക്കുന്ന ഏഴിലംപാലവനം നീർമരുതും അശോകവും പലജാതി ലതകളുടെയും അർക്കിഡേയുടേയും പൂക്കൾ—പലതരത്തിലുള്ള പൂക്കളുടെ പരിമളം സമ്മിളനംചെയ്തു് ചിത്രശലഭങ്ങളെപ്പോലെ മനുഷ്യനേയും മദോന്മത്തനാക്കിത്തീർത്തുകൊണ്ടിരിക്കുന്നു. ഇത്രയുംദിവസം ഞാൻ ഇവിടെ താമസിച്ചിട്ടും ഈ സുന്ദരഭൂമി എനിക്കു് അജ്ഞാതമായിരുന്നു. മഹാലിഖാത്രപത്തിലെ വനവും പർവ്വതവും ദൂരെനിന്നു കണ്ടു ഭയന്നാണു് ഞാനിവിടെ വന്നതു്; കടുവായുണ്ടു്, പാമ്പുണ്ടു്, കരടികളുടെ കൂടാണു്. എന്നാൽ ഇതുവരെ ഒററ കരടിക്കാട്ടുപോലും ഞാൻ കണ്ടിട്ടില്ല. മനുഷ്യരുടെ അതിശയോക്തി! പരമാത്ഥം അത്രത്തോളം ഒന്നുമില്ല.

ക്രമേണ നിബിഡമായിത്തീന്ന വനം ഇരുവശങ്ങളിൽ

നിന്നും വഴിയെ ഞെരുക്കിത്തുടങ്ങി. വലിയ വലിയ വൃക്ഷങ്ങളുടെ ശാഖോപശാഖകൾ വഴിയുടെ മുകളിൽ മേൽക്കട്ടി വിരിച്ചു. അട്ടത്തട്ടുത്തുനിന്ന വൃക്ഷങ്ങളുടെ കറുത്ത കറുത്ത തടികൾ; അവയുടെ ചുവട്ടിൽ പല ജാതിയിലുള്ള മുൾച്ചെടികൾമാത്രം, ചിലടത്തെല്ലാം വലിയ മരങ്ങളുടെതന്നെ ചെറിയ തൈകൾ. മുൻഭാഗത്തേയ്ക്കു നോക്കിയപ്പോൾ കാണായി വഴി പിന്നെപ്പിന്നെ മുകളിലേയ്ക്കുമുകളിലേയ്ക്കു തള്ളിക്കയറിപ്പോകുന്നതു്; വനം കൂടുതലായി കറുത്തുവന്നു; മുമ്പിൽ ഒരു ഉത്തുംഗമായ കൊടുമുടി അതിൻെറ അനാവൃതമായ ഉപരിഭാഗത്തിനു് അല്പം താഴെയായിനില്ക്കുന്ന ആ കാട്ടുമരങ്ങളെല്ലാം ഇത്ര താഴെ നിന്നു നോക്കീട്ടു് ചെറിയ ചെറിയ 'ശേവ്വര'ക്കാടാണെന്നേ തോന്നിയുള്ളു. ഈ സ്ഥലത്തിനു് അസുലഭവും അഗാധവുമായ ശോഭയാണുള്ളതു്. വഴിയിൽക്കൂടി മലയുടെ മുകളിലേയ്ക്കു വളരെദ്ദൂരം കയറി; പിന്നെയും വഴി ചരിഞ്ഞു കീഴോട്ടിറങ്ങിപ്പോയിട്ടുണ്ടു്. കുറച്ചുദ്ദൂരം ഇറങ്ങിവന്നു് ഒരു പിയാലവൃക്ഷത്തിൽ കുതിരയെ കെട്ടിയിട്ടു് ഒരു കല്ലിൻെറ മുകളിൽക്കയറി ഇരുന്നു; ക്ഷീണിച്ച കുതിരയ്ക്കു തെല്ലൊരാശ്വാസം കൊടുക്കാൻവേണ്ടി.

ആ ഉത്തുംഗശൈലശീർഷം പെട്ടെന്നു് എങ്ങനെയോ ഇടത്തുഭാഗത്തേയ്ക്കു പോയിനിന്നിരിക്കുന്നു. പർവ്വതപ്രദേശത്തിൻെറ ഈ വഞ്ചിക്കുന്ന പ്രകൃതം ഞാൻ പല പ്രാവശ്യം കണ്ടിട്ടുണ്ടു്. എവിടെക്കൂടെയോ ഒന്നു തിരിഞ്ഞു് ഒരുകയറു[1]നീളം വഴിക്കു് മാററംവന്നാൽ തികച്ചും ഭിന്നമായ കാഴ്ചയാണുണ്ടാകുന്നതു്. നേരെ വടക്കു നില്ക്കുന്നതായി എനിക്കു തോന്നിയതു്, പെട്ടെന്നു രണ്ടടി പോകുന്നതിനു മുമ്പായി പടിഞ്ഞാട്ടുതിരിഞ്ഞു നിന്നതായിത്തോന്നി.

അനങ്ങാതെ എത്രനേരം ഞാൻ അവിടെ ഇരുന്നു; അടുത്തുതന്നെ വനത്തിനകത്തെവിടെയോ കേൾക്കായി ഒരു അരുവിയുടെ കളമർമ്മരം. അതു് ആ ശൈലനിരയാൽ വലയംചെയ്യപ്പെട്ട മഹാവനത്തിൻെറ അഗാധമായ നിസ്തബ്ധതയെ ഒന്നുകൂടി വളർത്തി. എൻെറ നാലുപാടും ഉയർന്നുയർന്നുനിൽക്കുന്ന ശൈലശീർഷങ്ങൾ, അവയുടെ ശിരസ്സിൽ ശരൽക്കാലത്തെ

---

1 ഒരു കയറു് =55 ഇഞ്ചു് നീളം.

നീലാകാശം. എത്രയോ കാലംമുതല്ലേ ഈ വനപർവ്വതങ്ങൾ ഈ ഒരേവിധത്തിൽ നിലകൊള്ളുന്നു. അതിപുരാതനകാലത്തു് ആര്യന്മാർ ഭക്ഷണം അന്വേഷിച്ചു് പർവ്വതപഥം കടന്നു് ആദ്യമായി സിന്ധുനദീതടത്തിൽ പ്രവേശിച്ചപ്പോഴും ഈ വനം ഈ സ്ഥിതിയിൽത്തന്നെ കിടന്നിരുന്നു. ശ്രീ. ബുദ്ധദേവൻ നവോഢയായ പത്നിയെ പരിത്യജിച്ചു് ആരുമറിയാതെ ഗൃഹത്യാഗംചെയ്ത ആ അതീതരാത്രിയിലും ഈ ഗിരിശൃംഗം അർദ്ധരാത്രിയിലെ ചന്ദ്രികയിൽ ഇന്നത്തെപ്പോലെതന്നെ പുഞ്ചിരിതൂകിയിരുന്നു. തമസാനദീതീരത്തെ പർണ്ണകുടീരത്തിൽ മഹാകവിവാല്മീകി രാമായണം രചിച്ചുകൊണ്ടിരിക്കവേ പെട്ടെന്നു് ബഹിർമുഖനായി സൂര്യൻ അസ്താചലശീർഷം പ്രാപിച്ചിരിക്കുന്നതായും, തമസാനദിയിലെ കറുത്ത ജലത്തിൽ രക്തമേഘസ്തൂപത്തിൻെറ ഛായ വീണിരിക്കുന്നതായും, ആശ്രമമൃഗം ആശ്രമത്തിൽ തിരിച്ചുവന്നിരിക്കുന്നതായും കണ്ടു. ആ ദിവസവും പശ്ചിമദിഗന്തത്തിലെ അന്തിമാരുണപ്രഭയിൽ മഹാലിഖാരൂപത്തിലെ ശൈലശീർഷം ഇന്നും എൻെറ കൺമുമ്പിൽ കാണുന്നതുപോലെതന്നെ മന്ദംമന്ദം അനുരഞ്ജിതമായി ഭവിച്ചുകൊണ്ടിരുന്നു. ഗ്രീക്കുരാജാവായ ഹെലിയെഡാരസ് ഗരുഡധ്വജസ്തംഭം നിർമ്മിച്ചപ്പോഴും രാജകുമാരി സംയുക്ത സ്വയംവരസഭയിൽ പൃഥ്വിരാജാവിൻെറ പ്രതിമയുടെ കഴുത്തിൽ വരണമാല അണിയിച്ചപ്പോഴും സാമൂഗഢയുദ്ധത്തിൽ പരാജിതനും ഹതഭാഗ്യനുമായ ദാരാ ആഗ്രായിൽനിന്നും ദില്ലിയിലേയ്ക്കു് ഒളിച്ചോടിപ്പോയ ആ രാത്രിയിലും ശ്രീചൈതന്യദേവൻ ശ്രീവാസഗൃഹത്തിൽ സങ്കീർത്തനം പാടിയപ്പോഴും, പലാശിയുദ്ധം നടന്ന ആ ദിവസവും മഹാലിഖാരൂപത്തിലെ ഈ ശൈലശീർഷവും ഈ മഹാവനവും ഇതുപോലെ ഇരുന്നു. അന്നു് ആരൊക്കെ ആയിരുന്നിരിക്കാം, ഈ കാട്ടിൽ പാർത്തിരുന്നതു്? ഈ കാട്ടിൽ അത്ര അധികം ദൂരെയല്ലാതെയുള്ള ഒരു ഗ്രാമം ഞാൻ പോയി കണ്ടിട്ടുണ്ടു്. അവിടെ കുറെ വയ്ക്കോൽപ്പുരമാത്രം ഉണ്ടു്. മഹുയാക്കുരു ഇടിച്ചുപൊടിച്ചു് എണ്ണയെടുക്കാൻവേണ്ടി രണ്ടു തടിക്കഷണം കൊണ്ടുണ്ടാക്കിയ ഉലക്കപോലെയുള്ള എന്തോ ഒന്നുണ്ടു്; ഒരു കിഴവിയേയും അവിടെ കണ്ടു; വയസ്സു് ഏതാണ്ടു് എൺപതു

തൊണ്ണൂറോളംവരും; ചണനാരുപോലുള്ള തലമുടി; ദേഹത്ത് അവിടവിടെ വെള്ളപ്പാണ്ടുണ്ട്; വെയിലത്തിരുന്നു തലയിലെപേൻ കൊന്നുകൊണ്ടിരിക്കുന്നതായിത്തോന്നി. ഭാരതചന്ദ്രൻെറ വൃദ്ധയുടെ വേഷംധരിച്ച അന്നപൂൎണ്ണയെപ്പോലെ. ഇവിടെ ഇരുന്നുംകൊണ്ടു് ആ കിഴവിയുടെ കാൎയ്യം ഞാൻ ഓൎമ്മിച്ചുപോകുന്നു. ഈ പ്രദേശത്തെ വന്യസംസ്കാരത്തിൻെറ പ്രതീകമാണ് ആ വൃദ്ധ; അവരുടെ പൂൎവ്വികർ എല്ലാം ബഹുസഹസ്രം വർഷക്കാലം ഈ വനത്തിൽ പാൎത്തിരുന്നു. യേശുക്രിസ്തുവിനെ കുരിശിൽത്തറച്ച ആ ദിവസവും മഹുയാക്കുരു പൊടിച്ച് എണ്ണയെടുത്തതുപോലെതന്നെയാണ് ഇന്നും അവർ ചെയ്യുകൊണ്ടിരിക്കുന്നതു്. ആയിരമായിരം വത്സരങ്ങൾ ഭൂതകാലത്തെ കട്ടിയേറിയ മൂടൽമഞ്ഞിൽ ഒരടയാളവും വീഴ്ത്താതെ മറഞ്ഞുപോയി; എന്നിട്ടും അവർ ഇന്നും മുളംകുഴൽകൊണ്ടും വടികൊണ്ടുംതന്നെയാണ് പക്ഷികളെ വേട്ടയാടിക്കൊണ്ടിരിക്കുന്നതു്—ഈശ്വരനേയും ജഗത്തിനേയും സംബന്ധിച്ചുള്ള അവരുടെ ചിന്താഗതിയും അണുമാത്രമെങ്കിലും മുന്നോട്ടുനീങ്ങിയിട്ടില്ല. ഈ വൃദ്ധയുടെ ദൈനംദിനചിന്താഗതി എന്താണെന്നറിയാൻ എൻെറ ഒരു വർഷത്തെ ആദായം ചെലവാക്കാൻ ഞാൻ തയാറാണ്.

ചില വർഗ്ഗത്തിൻെറ സംസ്കാരബീജം ഒളിവിൽ കിടക്കുന്നതു് എന്തുകൊണ്ടാണെന്നു് എനിക്കറിഞ്ഞുകൂടാ. കാലം കടന്നുപോകുന്തോറും അവരുടെ സംസ്കാരം ഉന്നതിപ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ മററു ചില വർഗ്ഗത്തിൻെറ സംസ്കാരം ആയിരംവത്സരം കഴിഞ്ഞാലും അതേസ്ഥാനത്തുതന്നെ തൂണുപോലെ നിശ്ചലമായി നിലകൊള്ളുന്നതെന്തുകൊണ്ടാണ്? കാട്ടുജാതിക്കാരായിരുന്ന ആൎയ്യവർഗ്ഗം നാലഞ്ചുനൂററാണ്ടുകൾകൊണ്ടു് വേദം, ഉപനിഷത്തു്, പുരാണം, കാവ്യം, ജ്യോതിശ്ശാസ്ത്രം, ജ്യോമട്രി, ചരകശുശ്രുതങ്ങൾ ഇതെല്ലാം എഴുതി; രാജ്യങ്ങൾ ആക്രമിച്ച് പിടിച്ചടക്കി; സാമ്രാജ്യം സ്ഥാപിച്ചു; വീനസ്–ദി–മിലോവിഗ്രഹം, പാൎത്തനൽ, താജ്മഹാൾ, കോളൊൺ, കത്തിഡ്രൽ ഇവ നിൎമ്മിച്ചു. ദർബാറി, കാനഡാ, ഫിഫ്ത്ത്സിംഫണി ഇവ രചിച്ചു—എറോപ്ലേൻ, കപ്പൽ, റെയിൽവണ്ടി, വയാർലസ്സ്, വിദ്യുച്ഛക്തി ഇതെല്ലാം കണ്ടു

പിടിച്ചു. എന്നാൽ പാപുയാ ന്യൂഗിനി ആസ്ത്രേലിയാ ഇവിടങ്ങളിലെ ആദിമനിവാസികളും നമ്മുടെ ദേശത്തെ ആ മുണ്ഡാ, കോളാ, നാഗാ, കുക്കി എന്നിവരും എല്ലാം ഈ അയ്യായിരം വർഷങ്ങൾക്കുശേഷവും അവിടവിടെ അന്ന് എങ്ങനെയിരുന്നൊ അതുപോലെതന്നെ ഇന്നും കിടക്കുന്നതെന്തുകൊണ്ടാണ്?

ഞാൻ ഇരിക്കുന്ന ഈ സ്ഥലത്ത് അതിപുരാതനകാലത്ത് മഹാസമുദ്രമായിരുന്നു—പുരാതനമായ ആ മഹാസമുദ്രം അടിച്ചുകയററിയതാണ് ക്യാമ്പിയൻയുഗത്തിലെ ഈ മണൽത്തീരം—ഇപ്പോൾമഹാപർവ്വതമായിപരിണമിച്ചിരിക്കുന്നതു്. ഈ ഇടതൂർന്ന മഹാവനത്തിലിരുന്നുംകൊണ്ട് അതീതയുഗത്തിലെ ആ നീലസമുദ്രത്തെ ഞാൻ സ്വപ്നംകണ്ടു.

"പുരാ യത്ര സ്രോതഃ പുളിനമധുനാ, തത്ര സരിതാം."

മണലും കല്ലുംകൊണ്ടുള്ള ഈ ശൈലശീർഷത്തിൽ ആ വിസ്മൃതിയിലാണ്ടുപോയ ഭൂതകാലത്തെ മഹാസമുദ്രം, ഇളക്കിയ തിരമാലകളുടെ അടയാളം കുറിച്ചിട്ടുപോയി—വളരെ സ്പഷ്ടമാണ് ആ ചിഹ്നം—തത്വശാസ്ത്രജ്ഞന്മാരുടെ കണ്ണിന് അതു ലക്ഷ്യമാകുന്നുണ്ട്. മനുഷ്യൻ അന്നുണ്ടായിരുന്നില്ല. ഇത്തരം വൃക്ഷലതാദികളും അന്നുണ്ടായിരുന്നില്ല. പാറക്കെട്ടുകളുടെ ഇടയ്ക്ക് അവ തങ്ങളുടെ കരു പിടിച്ചിട്ടിട്ടുപോയി; ഏതെങ്കിലും മ്യൂസിയത്തിൽ പോയാൽ അതു കാണാവുന്നതാണ്.

സായംകാലത്തെ ചെങ്കതിരോൻ മഹാലിഖാത്രുപപർവ്വതത്തിൻെറ ശിരസ്സിൽ വന്നെത്തി. ശേഫാലികാസുമങ്ങളുടെ പരിമളംനിറഞ്ഞ ഇളംകാററിൽ ഹേമന്തഹിമം അല്പാല്പമായി ഉണ്ടായിത്തുടങ്ങി. ഇനിയും ഇവിടെ ഇരുന്നു താമസംവരുത്തുന്നതു് ഉചിതമായിരിക്കയില്ല; കൃഷ്ണപക്ഷത്തിലെ ഇരുണ്ട രാത്രി എന്നെ അഭിമുഖീകരിച്ചിരിക്കുന്നു; വനാന്തരത്തിൽ എവിടെയൊ ഒരു കുറുനരി ഓരിയിട്ടു. കരടിയോ കടുവായോ വഴി തടയാതിരിക്കണമല്ലൊ.

തിരിച്ചുപോരുന്നവഴിക്ക് വനാന്തർഭാഗത്തുള്ള ഒരു പാറപ്പുറത്ത് ഒരു വന്യമയൂരത്തെ കണ്ടു; അന്നാണ് ഞാൻ ആദ്യമായി കാട്ടുമയിലിനെ കാണുന്നതു്. ഒരുജോഡി മയിൽക്കോഴികൾ; എൻെറ കുതിരയെക്കണ്ടു ഭയന്ന് ആൺമയിൽ പറന്നു

പോയി, കൂട്ടുകാരി അനങ്ങിയില്ല. വ്യാഘ്രഭയംകൊണ്ടു് അപ്പോൾ അതിനെ കാണാനുള്ള മനസ്സമാധാനം കിട്ടിയില്ല. എങ്കിലും അതിൻെറ മുമ്പിൽ ഞാൻ ഒന്നു പകച്ചുനിന്നുപോയി. കാട്ടുമയിലിനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ലാ. ഈ സ്ഥലങ്ങളിൽ മയിൽ ഉണ്ടെന്നു് ആളുകൾ പറഞ്ഞിരുന്നു, പക്ഷേ, ഞാൻ അതു വിശ്വസിച്ചിരുന്നില്ലാ. ഇവിടെ വളരെനേരം എങ്ങനെ താമസിക്കും? ധൈര്യമുണ്ടായില്ല. മഹാലിഖാരുപത്തിൽ കടുവാ ഉണ്ടെന്നുള്ള വർത്തമാനവും ഇതുപോലെ സത്യമായി വരരുതോ?

# പരിച്ഛേദം ഏഴ്

**ഒന്നു്**

സ്വദേശത്തേപ്പററി എങ്ങനെയോ അതിമധുരമായ അനുഭൂതിയാണു് നമുക്കുള്ളതു്. വളരെക്കാലം ഒരു സ്ഥലത്തുതന്നെ താമസിക്കുന്നവരോ, സ്വഗ്രാമത്തിൽനിന്നോ അയൽപ്രദേശത്തുനിന്നോ ഒരിക്കലും ഇളകാത്തവരോ ഇതിൻെറ വൈചിത്ര്യം അറിയുന്നില്ല. സ്വജനങ്ങളുടെ സാഹചര്യംകൂടാതെ വിദേശത്തു് വളരെക്കാലം താമസിക്കുന്നവനുമാത്രമേ, ബംഗാളത്തേയോ ബംഗാളികളേയോ, സ്വഗ്രാമത്തേയോ, പ്രിയജനങ്ങളേയോ ഓർത്തു് മനസ്സു് എത്രത്തോളം ചഞ്ചലമായിത്തീരുമെന്നു് അറിയാൻ കഴികയുള്ളൂ. മുൻകാലത്തേ വളരെ നിസ്സാരമായ സംഭവംപോലും അപ്പോൾ വളരെ ദുർല്ലഭവും സരസവുമായി തോന്നും; സംഭവിച്ചുപോയതു് ജീവിതത്തിൽ ഇനിയും ഉണ്ടാവുകയില്ലെന്നു തോന്നും. ജീവിതംതന്നെ വിരസമാകും. ബംഗാളത്തെ ഓരോവസ്തുവും ഏററവും ഇഷ്ടമായിത്തീരും.

ഇവിടെ പല വത്സരമായിട്ടു താമസിച്ചുപോരുന്ന എൻെറയും അവസ്ഥ അതുതന്നെ ആയിരിക്കുകയാണു്. അവധിക്കുവേണ്ടി ഹെഡ്ഡാഫീസിലേക്കു് എഴുതണമെന്നു് എത്രയോ പ്രാവശ്യം എനിക്കു തോന്നി. പക്ഷേ, അപ്പോഴെല്ലാം ജോലിത്തിരക്കുകൊണ്ടു് അവധി ആവശ്യപ്പെടാൻ സങ്കോചം ഉണ്ടായി. എങ്കിലും ഈ വിജനമായ വനപർവ്വതങ്ങളിൽ, കടുവാ, കരടി, കലമാൻ എന്നിവയുടെ നാട്ടിൽ, മാസങ്ങളായി, വത്സരങ്ങളായി ഇങ്ങനെ ഒററയ്ക്കു് കഴിഞ്ഞുകൂട്ടുന്നതു് വിഷമമാണു്. ചിലപ്പോഴെല്ലാം മനസ്സു് വീർപ്പുമുട്ടും. ബംഗാളദേശം മറന്നുപോയി. എത്രകാലമായി ദുർഗ്ഗോത്സവം കണ്ടിട്ടു്, ചൈത്രശൈവോത്സവത്തിൻെറ ഢക്കാധ്വനി കേട്ടിട്ടു്, ദേവാലയത്തിലെ അഷ്ടഗന്ധസൗരഭ്യം ഏററിട്ടു്, വൈശാഖ പ്രഭാതത്തിലെ പക്ഷികളുടെ കളകൂജനം ആസ്വാദിച്ചിട്ടു്; ബംഗാളീ

ഗൃഹസ്ഥൻെറ ആ ശാന്തവും പരിപാവനവുമായ ഗൃഹകാര്യ ങ്ങൾ, പിത്തളയും ഓട്ടുംകൊണ്ടുള്ള ജലപാത്രങ്ങൾ, പീഠത്തി ലെ ആലേപനം, ഭിത്തിഗർത്തത്തിലെ ലക്ഷ്മീവിഗ്രഹം, ഇതെ ല്ലാം വിസ്തൃതമായിപ്പോയ ഒരു ഭൂതകാല സ്വപ്നംപോലെ എ നിക്കു തോന്നിത്തുടങ്ങി.

ശീതകാലം കഴിഞ്ഞു് വസന്തം വന്നപ്പോൾ എന്റെ ഈ ചിന്ത വർദ്ധിച്ചുവന്നു.

ഈ മനോഭാവത്തോടെ കുതിരപ്പുറത്തുകയറി സരസ്വതീ തീരത്തേയ്ക്കു് യാത്രയായി. ഒരു താണ താഴ്വരയിൽ കുതിരപ്പുറ ത്തുനിന്നും ഇറങ്ങി അനങ്ങാതെ നിന്നു. എൻെറ നാലുവശ ത്തും ഉയർന്ന തീരഭൂമി; അതിൽ നീണ്ടുനീണ്ട കാശ—ഝാബു കങ്ങളുടെ നിബിഡമായ വനം; എൻെറ തലയ്ക്കുമുകളിൽ തെ ല്ലിട നീലാകാശം, ഒരു മുൾച്ചെടിയിൽ കുലകുലകളായി വയ ലറ്റുനിറത്തിലുള്ള പൂക്കൾ വിരിഞ്ഞുനില്ക്കുന്നു, കാഴ്ചയിൽ ബി ലാത്തിയിലെ കോൺഫ്ളവർപോലെ. ഓരോ പൂവിനും വി ശേഷിച്ച് ഭംഗിയൊന്നും ഇല്ല. എന്നാൽ പൂക്കൾ ഒരുമിച്ചു ചേർന്നു് നിരന്തരമായി വളരെ വിസ്താരത്തിൽ വ്യാപിച്ചുനി ല്ക്കുന്നതു് ഒരു വയലറ്റുസാരിയുടെ പ്രതീതിയാണു് ഉളവാക്കുന്ന തു്. വർണ്ണവും വൈചിത്ര്യവും ഇല്ലാത്ത കാശക്കാട്ടിനടിയിൽ ഇവ ചില സ്ഥാനങ്ങളിൽ വസന്തോത്സവം ആടി മദിച്ചു ര സിച്ചു നിൽക്കുകയാണു്. ഇവയുടെ മുകളിലായി പ്രായംചെ ന്ന വിശാലമായ ഝാബുകതരുക്കളുടെ സ്തബ്ധവും കർക്കശവുമാ യ വനം ഇവയുടെ ബാലചാപല്യത്തെ അത്യന്തം അവജ്ഞ യോടും, ഉദാസീനതയോടും നോക്കി മറുവശത്തേയ്ക്കു് മുഖംതി രിച്ചിട്ട് അതിൻെറ ഔന്നത്യഗൗരവത്താൽ സഹിഷ്ണുതയോ ടെ നിലകൊള്ളുന്നു. ആ വയലറ്റു കാട്ടുപൂക്കൾ എന്റെ കാതുക ളിൽ വസന്താഗമനവാർത്ത മന്ത്രിക്കുന്നു. അതു് ബാതാബി നാരകപ്പൂവല്ല, ഘേംട്ടുപുഷ്പം അല്ല, ആമ്രമുകുളം അല്ല, കാമിനീ പുഷ്പം അല്ല, രക്തപലാശിപ്പൂവല്ല, ശാല്മലീപുഷ്പം അല്ല, നാമ ഗോത്രങ്ങളില്ലാത്തതും സൗന്ദര്യമില്ലാത്തതും നിസ്സാരവുമായ ഏ തോ ഒരുജാതി കാട്ടുമുൾച്ചെടിപ്പൂവു് മാത്രമാണു്. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം അതു് വനം നിറഞ്ഞുനിൽക്കു ന്ന വസന്തകുസുമരാശിയുടെ പ്രതീകമായിത്തോന്നി. വളരെ

നേരം ഞാൻ അവിടെ അങ്ങനെ നോക്കിനിന്നുപോയി. ബംഗാളത്തെ ഒരു യുവാവാണ് ഞാൻ. കുറച്ചു കാട്ടുമുൾച്ചെടിപ്പൂക്കൾ അവയുടെ ഇളം ചില്ലുകളെ അലങ്കരിച്ചു് വസന്തത്തെ ബഹുമാനപൂർവ്വം സ്വീകരിക്കുന്ന കാഴ്ച എനിക്കു് തികച്ചും അഭിനവമാണു്. എന്നാൽ ആ ഉന്നതഭൂവിലെ വനശോഭ ഗംഭീരമാണു്; ധ്യാനനിരതനും, വിരക്തനും, ഭോഗസുഖനിവൃത്തനുമായ സന്യാസിയേപ്പോലെ പരുഷവും എന്നാൽ ഭീമവുമാണു്. ആ അർദ്ധശുഷ്കവും പുഷ്പപത്രവിഹീനവുമായ വനത്തിന്റെ നിഷ്കാമമായ ആത്മാവോടും, ഈ കാട്ടുജാതിക്കാരായ യുവാക്കളുടെ വസന്തോത്സവത്തിനുള്ള നിരാഡംബരമായ സകല ഉദ്യമങ്ങളിൽനിന്നും ഉച്ഛ്വസിക്കുന്ന ആനന്ദത്തോടും എന്റെ മനസ്സ് ഐക്യം പ്രാപിച്ചുപോയി.

അതു് എന്റെ ജീവിതത്തിലെ പരമവും വിചിത്രവും ആയ ഒരു സുമുഹൂർത്തമായിരുന്നു. വളരെനേരം ഞാൻ അവിടെ നിന്നു. എന്റെ തലയ്ക്കുമുകളിലെ നീലാകാശത്തുണ്ടിൽ ഒന്നുരണ്ടു നക്ഷത്രങ്ങൾ ഉയർന്നുവന്നു. ഈ സമയത്തു് കുതിരക്കുളമ്പിന്റെ ഒച്ചകേട്ടു് വിസ്മയാന്വിതനായി നോക്കിയപ്പോൾ ആമീൻപൂർണ്ണചന്ദ്രനെ കാണായി. നാഢാബയിഹാരിന്റെ പടിഞ്ഞാറെ അതിർത്തിയിലെ അളവുകഴിഞ്ഞു് അയാൾ കച്ചേരിക്കു് മടങ്ങുകയായിരുന്നു. എന്നെ കണ്ടയുടനെ കുതിരപ്പുറത്തുനിന്നും ഇറങ്ങിട്ടു് അയാൾ ചോദിച്ചു: "അങ്ങുന്നിവിടെ?" ഞാൻ പറഞ്ഞു: "ഒന്നു നടക്കാനിറങ്ങി." അയാൾ പറഞ്ഞു: "സന്ധ്യയ്ക്കു് തനിച്ചിവിടെ ഇങ്ങനെ നിൽക്കരുതു്, അങ്ങുന്നേ. പോകാം കച്ചേരിക്കു്. ഈ സ്ഥലം അത്ര നല്ലതൊന്നുമല്ല. എന്റെ ടിണ്ഡൽ സ്വന്തം കണ്ണുകൊണ്ടു കണ്ടതാണു് അങ്ങുന്നേ; വളരെ വലിയ ഒരു കടുവാ, അക്കരെ ആ കാശക്കാട്ടിൽ. വന്നാട്ടെ അങ്ങുന്നേ!"

പൂർണ്ണചന്ദ്രന്റെ വളരെ പുറകിലായി ടിണ്ഡൽ പാടുന്നുണ്ടായിരുന്നു:

"ദയാ ഹോള ജീ—"

അന്നുമുതൽ ഈ മുൾച്ചെടിപ്പൂ കാണുമ്പോൾ ബംഗാളത്തെ ഓർത്തു് എന്റെ മനസ്സ് ആവേശഭരിതമായി തീരാറുണ്ടു്. പിന്നീടു് ഇതുപോലെതന്നെ പൂർണ്ണചന്ദ്രന്റെ ടിണ്ഡൽ

ഛരട്ടലാൽ എന്നുംസന്ധ്യെയ്ക്കു് തൻെറ മുറിക്കകെത്തു് റൊട്ടി ഉണ്ടാക്കിക്കൊണ്ടു് ഇരിക്കവേ ഈ പാട്ടു പാടാറുണ്ടു്:

"ദയാ ഫോള ജീ—"

അപ്പോൾ ഞാൻ വിചാരിക്കാറുണ്ടു്—അടുത്തുവരുന്ന കുംഭമാസത്തിൽ മാമ്പൂവിൻെറ മണംപരക്കുന്ന തണലിൽ ശിമുലിപ്പൂവിരിയുന്ന ആററിൻമണൽത്തിട്ടയ്ക്കു് ഇപ്പുറത്തുനിന്നുംകൊണ്ടു് കോകിലഗാനം കേൾക്കാനുള്ള സൗകര്യം ഇനിയും ഒരിക്കലും കിട്ടുകയില്ലെന്നു തോന്നുന്നു; ഈ വനത്തിൽവച്ചു തന്നെ ഒററയ്ക്കു സഞ്ചരിക്കുന്ന ഒരു ദിവസം വല്ല പുലിയോ കാട്ടുപോത്തോ എൻെറ കഥകഴിച്ചേക്കാം.

ഝാബൃകവനം അങ്ങനെതന്നെ സ്ഥിരമായി നിലകൊണ്ടു, വിദൂരതയിൽ വനം ലയിച്ചുചേരുന്ന ദിഗ്വലയം അപ്രകാരംതന്നെ ധൂസരവും നിരുന്മേഷവും ആയി കാണപ്പെട്ടു.

ഇങ്ങനെ നാട്ടിലെത്താൻ ആവേശംകൊണ്ടിരുന്ന ഒരു ദിവസം രാഷബിഹാരിസിംഹൻെറ വീട്ടിൽനിന്നും ഹോളി ഉത്സവത്തിനു പങ്കുകൊള്ളാൻ ക്ഷണംകിട്ടി. രാഷബിഹാരിസിംഹൻ ഈ പ്രദേശത്തെ ദുഷ്ടനായ ഒരു ബാങ്കറാണു്; ജാതിയിൽ രജപുത്രൻ; കാരോനദീതീരത്തിലുള്ള ഗവമ്മെൻറു് എസ്റ്റേററിലെ ഒരു പ്രജ. അയാളുടെ ഗ്രാമം കച്ചേരിയിൽനിന്നും പത്തുപതിനാലുമൈൽ അകലെ വടക്കുകിഴക്കേ കോണിൽ മോഹനപുരാറിസേർവ്വ്ഫോറസ്റ്റിനു് അകത്തുതന്നെ.

ക്ഷണം സ്വീകരിച്ചില്ലെങ്കിൽ അതു് മര്യാദയല്ല; എന്നാൽ രാഷബിഹാരിസിംഹൻെറ വസതിയിൽ പോകാൻ എനിക്കു് ഒട്ടും ഇഷ്ടമല്ല. ഈ പ്രദേശത്തേ പാവപ്പെട്ട ഗാങ്ങോതാജാതി പ്രജകളുടെയെല്ലാം ബാങ്കറാണു് അയാൾ. പാവപ്പെട്ടവരെ അടിച്ചുകൊന്നു് അവരുടെ രക്തം ഊററിക്കുടിച്ചാണു് അയാൾ തടിച്ചതു്. അയാളുടെ കഠിനമായ ശാസനത്തിനും ദുഷ്ടതയ്ക്കും എതിരായി നാവനക്കാൻ ആക്കും ശക്തിയില്ല. ശമ്പളക്കാരോ വസ്തുവനുഭവക്കാരോ ആയ ഒരുസംഘം ലാഠിധാരികളായ കിങ്കരന്മാർ എപ്പോഴും റോന്തുചുററിക്കൊണ്ടിരിക്കും. ആരെയെങ്കിലും കൊണ്ടുവരാൻ പറഞ്ഞാൽ അവർ അവനെ പിടിച്ചുകെട്ടി തിരുമുമ്പിൽ നിറുത്തിക്കൊടുക്കും. ഇന്നവിഷയത്തിൽ ഇന്നാരു് തന്നോടു് മര്യാദകാണിക്കുന്നി

ല്ലെന്നോ താൻ അർഹിക്കുന്ന ബഹുമതിക്ക് കുറവുവരുത്തി യെന്നോ ഏതെങ്കിലുംതരത്തിൽ രാഷബിഹാരിക്ക് തോന്നി യാൽമതി ആ ഭാഗ്യദോഷിക്ക് പിന്നെ ഒരു രക്ഷയും ഇല്ല. രാഷബിഹാരിസിംഹൻ അവനെ ചതിച്ചോ ബലംപ്രയോ ഗിച്ചോ കൗശലംകൊണ്ടോ അയാളുടെ രീതിക്കു് ശിക്ഷിച്ചേ വിടു.

ഞാൻ വന്നപ്പോൾ മനസ്സിലാക്കിയതാണു് രാഷബി ഹാരിസിംഹൻ ഇവിടുത്തെ രാജാവാണെന്നു്. അയാളുടെ വാക്കുകേട്ടാൽതന്നെ പാവപ്പെട്ട വീട്ടുകാരായ കുടിയാനവ ന്മാർ കിടുകിടാ വിറക്കും. കുറച്ചെല്ലാം സ്ഥിതിയുള്ളവൻ ആ യാലും ഒരുവൻ ഒന്നും പറയാൻ ധൈര്യപ്പെടുകയില്ല, എന്തു കൊണ്ടെന്നാൽ അയാളുടെ ലാഠിധാരികൾ മഹാദുഷ്ടന്മാരാ ണു്. അടിക്കാനും പിടിക്കാനും കയക്കാനും ബഹളംകൂട്ടാനും വളരെ സമർത്ഥന്മാരാണു്. പോലീസുകാരും രാഷബിഹാരി സിംഹൻെറ കൈയിൽത്തന്നെ. എസ്റ്റേററിൻെറ സക്കിൾ ആ ഫീസറോ മാനേജരോ വന്നാൽ രാഷബിഹാരിസിംഹൻെറ ആതിഥ്യം സ്വീകരിക്കും. ഈ സ്ഥിതിക്കു് ആരെ വകവയ്ക്കണം!

എൻെറ പ്രജകളുടെമേൽ ആധിപത്യം സ്ഥാപിക്കാൻ അയാൾ ഉദ്യമിച്ചതാണു്. അതിൽനിന്നും ഞാൻ അയാളെ തടഞ്ഞു. ഞാൻ അയാളെ സ്പഷ്ടമായി അറിയിച്ചു: "നിങ്ങളു ടെ സ്വന്തം എല്ലുകയിൽ നിങ്ങൾ എന്തുവേണമെങ്കിലും ചെ യ്തുകൊള്ളണം. എന്നാൽ എൻെറ സ്റ്റേററിലെ പ്രജകളിൽ ഒരു വൻെറ എങ്കിലും തലമുടിയുടെ അററംപോലും തൊടാൻ ഞാൻ അനുവദിക്കുകയില്ല." കഴിഞ്ഞവർഷം ഇതുസംബന്ധി ച്ചുതന്നെ രാഷബിഹാരിസിംഹൻെറ ലാഠിധാരികളുമായി, എൻെറ കച്ചേരിയിലെ മുകുന്ദിചാക്‌ലാദാരുടേയും ഗണപത് തഹശീൽദാരുടേയും ശിപായിമാർ ഒരു ചെറിയതോതിലുള്ള അടിപിടിലഹളതന്നെ നടത്തുകയുണ്ടായി. കഴിഞ്ഞ കക്കട കമാസത്തിലും പിന്നെയും ഒരു ലഹളനടന്നു. ആ സംഭവ ത്തിൽ പോലീസ്‌വരെ ഇടപെട്ടു. പോലീസ് സബ്‌ഇൻ സ്പെക്ടർ ആ ലഹള ഒതുക്കിത്തീർത്തു. അതിൻെറശേഷം രാഷ ബിഹാരിസിംഹൻ എൻെറ സ്റ്റേററിലെ പ്രജകളോടു് ഒന്നും തന്നെ പറഞ്ഞിട്ടില്ല.

ആ രാഷബിഹാരിസിംഹൻെറ അട്ടത്തുനിന്നും ഹോളി സംബന്ധിച്ചുള്ള ക്ഷണം കിട്ടിയതിൽ ഞാൻ വിസ്മയിച്ചു പോയി.

ഗണപത് തഹശീൽദാരെ വിളിച്ച് ഞാൻ ആലോചിച്ചു. അയാൾ പറഞ്ഞു: "എനിക്കറിയാം, അങ്ങുന്നേ, അയാളെ വിശ്വസിക്കരുതെന്ന്. അയാൾക്ക് എന്തും ആകും, എന്ത് ഉദ്ദേശത്തോടുകൂടിയാണ് അങ്ങുന്നിനെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നതെന്ന് ആക്കറിയാം? എൻെറ അഭിപ്രായം, പോകാതിരിക്കുന്നതാണ് നല്ലതെന്നാണ്."

എന്നാൽ ഈ അഭിപ്രായം എനിക്ക് ഇഷ്ടമായില്ല. ക്ഷണം അനുസരിച്ച് പോയില്ലെങ്കിൽ രാഷബിഹാരിസിംഹൻ അതു വളരെ അവമാനമായി കരുതും; കാരണം, ഹോളി രജപുത്രരുടെ ഒരു പ്രധാന ഉത്സവമാണ്. ഞാൻ ഭയപ്പെട്ടാണു ചെല്ലാത്തതെന്ന് അയാൾ വിചാരിക്കാവുന്നതും ആണ്. അങ്ങനെ വിചാരിച്ചാൽ അതു് എനിക്കു വലിയ അവമാനമായിത്തീരും. പാടില്ല; പോകുകതന്നെ വേണം, എന്തുവന്നാലും.

ആഫീസിലുള്ള മിക്കവാറും ആളുകളും പല കാരണങ്ങളും പറഞ്ഞു് എന്നെ വിലക്കി. വൃദ്ധനായ മുനേശ്വരസിംഹൻ പറഞ്ഞു: "പോകുന്നതു കൊള്ളാം. പക്ഷേ, ഇവിടെല്ലാമുള്ളവരുടെ പോക്ക് അങ്ങുന്നിനു് അറിഞ്ഞുകൂടാ. ഇവിടെ 'കമാ'ന്നു മിണ്ടിയാൽ കൊന്നുകളയും. തെമ്മാടികളുടെ നാടാണിതു്. എഴുത്തു പഠിച്ചിട്ടുള്ളവർ ഇല്ലെന്നുതന്നെ പറയാം. കൂടാതെ രാഷബിഹാരിസിംഹൻ അതിഭയങ്കരനും ആണ്. അയാൾക്ക് ചെയ്യാൻപാടില്ലാത്തതു് ഒന്നുമില്ല—കൊല, വീട്ടു തീവയ്പു്, കള്ളക്കേസുകൊടുക്കൽ ഇതിനെല്ലാററിനും കരുത്തുള്ളവനാണ്.

ഇതൊന്നും ചെവിക്കൊള്ളാതെ ഞാൻ സർക്കാർ എസ്റ്റേറ്റിലെ രാഷബിഹാരിസിംഹൻെറ വസതിയിലെത്തി. ഇഷ്ടിക കെട്ടിയുയർത്തിയ ഭിത്തികളോടുകൂടിയ ഓടിട്ട കെട്ടിടം, ഈ ദേശത്തെ സമ്പന്നന്മാരുടെ വീടുകളുടെ മാതിരി; മുൻവശത്തു് വരാന്ത, അതിൽ ടാറടിച്ചിട്ടുള്ള തൂണുകൾ; അവിടെ രണ്ടു കയററുകട്ടിൽ; അതിൽ രണ്ടുപേർ ഹുക്കാ പിടിച്ചുംകൊണ്ടിരിക്കുന്നു.

എൻെറ കുതിര മുററത്തുചെന്നു നിന്നയുടനെതന്നെ എ വിട്ടന്നോ 'ഗുഢും ഗുഢും' എന്നു് രണ്ടു തോക്കുവെടി കേട്ടു. രാഷബിഹാരിസിംഹൻെറ ആളുകൾക്കു് എന്നെ അറിയാം. അവർ നാട്ടുനടപ്പനുസരിച്ചു്, ഗുണ്ടിട്ടു് ബഹുമാനപൂർവ്വം എന്നെ സ്വീകരിക്കുക ആയിരുന്നു എന്നു് എനിക്കു മനസ്സിലായി. എന്നാൽ ഗൃഹനാഥൻ എവിടെ? ഗൃഹനാഥൻ ഇറങ്ങിവന്നു നിൽക്കാതെ കുതിരപ്പുറത്തുനിന്നിറങ്ങുന്ന പതിവില്ല.

കുറച്ചുകഴിഞ്ഞു് രാഷബിഹാരിസിംഹൻെറ മൂത്ത സഹോദരൻ രാഷ്ഉല്ലാസസിംഹൻ വന്നു് തൊഴുതുപിടിച്ചുംകൊണ്ടു വിനീതസ്വരത്തിൽ പറഞ്ഞു: "പ്രഭോ! വന്നാലും! ഈ പാവപ്പെട്ടവരുടെ അഭിവാദ്യങ്ങൾ സ്വീകരിക്കാൻ വന്നാലും!" എൻെറ മനസ്സിലെ അസ്വാസ്ഥ്യം പോയി. രജപുത്രവർഗ്ഗം ഒരുവനെ അതിഥിയായി സ്വീകരിച്ചുകഴിഞ്ഞാൽ അയാൾക്കു് അനിഷ്ടം ഒന്നും ചെയ്യുകയില്ല. ആരും വന്നു സ്വീകരിക്കാതിരുന്നെങ്കിൽ കുതിരപ്പുറത്തുനിന്നും ഇറങ്ങാതെ കുതിരയെ തിരിച്ചു കച്ചേരിക്കു വിടുമായിരുന്നു.

മുററത്തു് വളരെ ആളുകൾ കൂടിയിരുന്നു. അവരിൽ അധികംപേരും ഗാങ്ങോതാ പ്രജകളായിരുന്നു. ചെഞ്ചായം പുരണ്ട, കീറിപ്പറിഞ്ഞു് മുഷിഞ്ഞ വസ്ത്രം ധരിച്ചിരുന്നവർ ക്ഷണിച്ചോ ക്ഷണിക്കാതെയോ ബാങ്കറുടെവീട്ടിൽ ഹോളികളിക്കാൻ വന്നവരാണു്.

അരമണിക്കൂറു കഴിഞ്ഞു് രാഷബിഹാരിസിംഹൻ വന്നു. എന്നെ കണ്ടിട്ടു് അയാൾ ആശ്ചര്യപ്പെട്ടുപോയി. കാരണം, തൻെറ ക്ഷണം അനുസരിച്ചു് ഞാൻ അവിടെ ചെല്ലുമെന്നു് അയാൾ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. എന്തായാലും അയാൾ എന്നെ വേണ്ടപോലെ സ്വീകരിച്ചു ബഹുമാനിച്ചു.

അടുത്ത മുറിയിലേയ്ക്കു് എന്നെ കൂട്ടിക്കൊണ്ടുപോയി. അവിടെ സിസംതടികൊണ്ടു് നാട്ടാശാരിതീർത്ത രണ്ടുമൂന്നു വലിയ മേശയും ആറേഴു കസേരയും ഒരു ബഞ്ചും ഉണ്ടു്. ഭിത്തിയിൽ ചന്ദനവും സിന്ദൂരവും ലേപനംചെയ്തിട്ടുള്ള ഒരു ഗണേശവിഗ്രഹം.

കുറച്ചു കഴിഞ്ഞു് ഒരു ബാലൻ ഒരു വലിയ താലം

എന്റെ മുമ്പിൽ പിടിച്ചു. അതിൽ കുറച്ചു് ആബീരം,[1] കുറച്ചു് പൂവു്, കുറെ രൂപാ, പഞ്ചസാരയിൽ പാവുകാച്ചിയ കുറച്ചു് ഏലക്കാ, കൽക്കണ്ടം, ഒരു പൂമാല ഇതെല്ലാം ഉണ്ടായിരുന്നു. രാഷബിഹാരിസിംഹൻ എന്റെ നെററിയിൽ ആബീരം പുരട്ടി; ഞാനും അയാളുടെ നെററിയിൽ ആബീരം തേച്ചു; എന്നിട്ടു് ആ പൂമാല എടുത്തു. ഇനിയും എന്തുചെയ്യണമെന്നറിയാതെ വിവരമില്ലാത്തവനെപ്പോലെ താലത്തിലേയ്ക്കു നോക്കിക്കൊണ്ടു നിന്നുപോയി. രാഷബിഹാരിസിംഹൻ പറഞ്ഞു: "ഇതെല്ലാം അങ്ങേയ്ക്കുള്ള കാഴ്ചയാണു്, അങ്ങു് സ്വീകരിച്ചാലും!" ഞാൻ എന്റെ പോക്കററിൽനിന്നും കുറച്ചു രൂപാ എടുത്തു താലത്തിലെ രൂപായുമായി കൂട്ടിക്കലർത്തിയിട്ടു പറഞ്ഞു: "ഇതുകൊണ്ടു് എല്ലാവർക്കും മധുരപലഹാരം കൊടുത്താലും!"

രാഷബിഹാരിസിംഹൻ അതുകഴിഞ്ഞു് തന്റെ ഐശ്വര്യം കാണിക്കാനായി എന്നെ കൂട്ടിക്കൊണ്ടുപോയി. ഗോശാലയിൽ ഏതാണ്ടു് അറുപതറുപത്തഞ്ചു കന്നുകാലികൾ കാണും. ഏഴെട്ടു കുതിര ലായത്തിൽ ഉണ്ടു്. രണ്ടു കുതിരയ്ക്കു് അതിസുന്ദരമായി നൃത്തംചെയ്യാൻ അറിയാം. ഒരുദിവസം എന്നെ നൃത്തം കാണിക്കാമെന്നു പറഞ്ഞു. ആന ഇല്ല, പക്ഷേ, താമസിയാതെ വാങ്ങിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. ഈ നാട്ടിൽ ആനയില്ലാത്തവൻ ബഹുമാന്യനാവുകയില്ല. എണ്ണൂറു മന്നു ഗോതമ്പു് കൃഷിയിൽ കിട്ടുന്നുണ്ടു്. രണ്ടുനേരവും എൺപതു് എൺപത്തഞ്ചു് ആളുകളെ തീററിപ്പോററുന്നുണ്ടു്— താൻതന്നെ ഒന്നരസേർ പാലും ഒരുസേർ ബിക്കാരിപ്പലഹാരവും രാവിലെ കുളികഴിഞ്ഞു് ലഘുഭക്ഷണമായി കഴിക്കുംപോലും. ബസാറിൽനിന്നും വാങ്ങിക്കുന്ന പലഹാരം അയാൾ ഒരിക്കലും കഴിക്കുകയില്ല, ബിക്കാരി കൽക്കണ്ടമല്ലാതെ. കൽക്കണ്ടം ചേർത്തു് രാവിലെ ലഘുഭക്ഷണം കഴിക്കുന്നവരെ ഈ നാട്ടിൽ സമ്പന്നന്മാരായിട്ടാണു ഗണിച്ചുപോരുന്നതു്; സമ്പന്നന്മാരുടെ മറെറാരു ലക്ഷണം ഇതാണു്.

പിന്നീടു് രാഷബിഹാരി എന്നെ മറ്റൊരു മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ആ മുറിയുടെ തുലാങ്ങളിൽനിന്നും

---

1 ആബീരം = ചുമന്ന ഒരുതരം പൊടി.

രണ്ടായിരം മൂവായിരം ചോളക്കുലകൾ തൂങ്ങിക്കിടപ്പുണ്ട്. അടുത്തവർഷത്തെ കൃഷിക്കായി സൂക്ഷിച്ചുവച്ചിരിക്കുകയാണു്. ഒരു ഇരുമ്പുപാത്രം എന്നെ കാണിച്ചു. ഇരുമ്പുതകിടിട്ട് റിവറ്റു ചെയ്ത് ആണിവച്ചു മുറുക്കി ഉണ്ടാക്കിയതാണ് ഈ പാത്രം. അതിൽ ഒന്നരമന്നു പാൽ ദിവസവും കാച്ചിയെടുക്കുന്നുണ്ട്. തന്റെ കുടുംബാവശ്യത്തിനു് ഇത്രയുംപാൽ ദിവസവും ചെലവുണ്ട്. ഒരു ചെറിയ മുറിയിൽ ലാഠി, പരിശ, കുന്തം, മഴു, വാളു് എന്നിങ്ങനെയുള്ള അനവധി ആയുധങ്ങൾ ഉണ്ടു്. നടപ്പനുസരിച്ചു് ഇതിനെ ആയുധശാല എന്നു വിളിക്കാവുന്നതാണു്.

രാഷബിഹാരിസിംഹനു് ആറു പുത്രന്മാരുണ്ടു്. മൂത്ത പുത്രനു് മുപ്പതു വയസ്സിൽ കുറവല്ല. ആദ്യത്തെ നാലു പുത്രന്മാർ അച്ഛനേപ്പോലെതന്നെ ഉയരം കൂടിയവരും ശക്തന്മാരും ആണു്. ഇവർക്കു് വലിയ മേൽമീശയും കൃതാവും ഉണ്ടു്. അയാളുടെ മക്കളേയും ആയുധശാലയേയും കണ്ടിട്ട് എനിക്കു തോന്നി, ഈ പട്ടിണിപ്പാവങ്ങളായ ഗാങ്ങോതാപ്രജകൾ ഇവരെ ഭയന്നു് അടങ്ങിയൊതുങ്ങിപ്പാർക്കുകല്ലാതെ ഗത്യന്തരമില്ലെന്നു്.

രാഷബിഹാരി മഹാ അഹങ്കാരിയും ഗംഭീരനും ആണു്. അയാളുടെ അഭിമാനബോധവും അന്യാദൃശമാണു്. വെററിലയിൽനിന്നും ചുണ്ണാമ്പു് വീണുപോയാൽമതി അയാളുടെ അഭിമാനത്തിനു ക്ഷതംപററാൻ. അതുകൊണ്ടു് അയാളുമായി ഇടപെടുന്നതും എപ്പോഴും സൂക്ഷിച്ചുവേണം, ഭയപ്പെട്ടും വേണം. ഗാങ്ങോതാപ്രജകൾ സവ്വദാ ഉല്കണ്ഠാകുലരാണു്. യജമാനന്റെ അഭിമാനത്തിനു് ക്ഷതംപററുന്നതു് എപ്പോഴാണെന്നു് എങ്ങനെ അറിയാം.

സംസ്കാരശൂന്യതയുടെ പാരമ്യം! അതിന്റെ ഉജ്ജ്വലത്തായ ചിത്രം രാഷബിഹാരിയുടെ കുടുംബജീവിതത്തിൽ ഞാൻ കണ്ടു. ഇഷ്ടംപോലെ പാൽ, ധാരാളം ഗോതമ്പു്, വേണ്ടുവോളം ചോളം; ബിക്കാരി കൽക്കണ്ടം എത്രവേണം! അഹങ്കാരവും ആയുധവും കണ്ടമാനം! പക്ഷേ, ഇതെല്ലാം എന്തിനാണു്? മുറിക്കകത്തു് ഒരു നല്ല പുസ്തകം ഇല്ല, ഒരു നല്ല പടം ഇല്ല; നല്ല സോഫാ, കസേര, മെത്ത, തലയണ ഇതിന്റെ

ഒന്നും കാര്യം പറയുകയേ വേണ്ട. ഭിത്തിആസകലം ചുണ്ണാമ്പ്, വെററത്തുപ്പല്ല്; പിൻഭാഗത്തുള്ള ഓട ചെളിനിറഞ്ഞ് അഴക്കു വെള്ളം കെട്ടിക്കിടക്കുന്നു. വെള്ളം വെട്ടിവിട്ടിട്ടില്ല. വീടിൻെറ പണിയോ വളരെ വിരൂപം! കുട്ടികളെ എഴുത്തു പഠിപ്പിക്കുകയില്ല; അവരുടെ വസ്ത്രവും ചെരിപ്പും അഴക്കു പററിയതാണ്. കഴിഞ്ഞവർഷം വസന്തരോഗം പിടിപെട്ട് മൂന്നാല്ല കുട്ടികൾ ഒരു മാസത്തിനുള്ളിൽ മരിച്ചുപോയി. ഈ സംസ്കാരശൂന്യതയുടെ പാരമ്യം പിന്നെ എവിടെച്ചെന്നാണ് കലാശിക്കേണ്ടതു്? നിഷ്കളങ്കരായ ഗാങ്ങോതാപ്രജകളെ അടിച്ച് സമ്പാദിച്ചുകൂട്ടുന്ന ഈ ധനത്തിൻെറ ഫലമായി ആക്ക് എന്തു പ്രയോജനമാണുണ്ടാകുന്നതു്? തീർച്ചയായിട്ടും രാഷബിഹാരിസിംഹൻെറ അന്തസ്സു വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു ശരിതന്നെ.

ഭക്ഷണത്തിനുള്ള വിഭവങ്ങളുടെ ആധിക്യം കണ്ടാൽ അമ്പരന്നുപോകും. ഒരാൾക്കു് ഇത്രയും ആഹാരം കഴിക്കാൻ സാദ്ധ്യമാണോ? ആനച്ചെവിപോലെ ഭീമാകാരമായ പൂരി പതിനഞ്ചെണ്ണം, പിഞ്ഞാണത്തിൽ പലതരത്തിലുള്ള മലക്കറിക്കൂട്ടാൻ, തൈരുലഡ്ഡു, മാവുണ്ട, ചട്ണി, പപ്പടം! എനിക്കാണെങ്കിൽ നാലുനേരത്തെ ആഹാരത്തിനുള്ള വകയുണ്ട് അതു്. രാഷബിഹാരിസിംഹനാകട്ടെ ഇതിൻെറ രണ്ടിരട്ടി ആഹാരം ഒരു ഇരിപ്പിനു് അകത്താക്കും.

ആഹാരംകഴിഞ്ഞ് പുറത്തേയ്ക്കുവന്നപ്പോൾ നേരം വൈകിപ്പോയി. ഗാങ്ങോതാപ്രജകൾ മുററത്ത് ഇലയിട്ട് തൈരും ചീനപ്പുല്ലരിവറുത്തതും വളരെ ആനന്ദമായി കഴിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരുടേയും വസ്ത്രം ചെഞ്ചായംപുരണ്ടതാണ്. മുഖം പ്രസന്നം! രാഷബിഹാരിയുടെ സഹോദരൻ അവരുടെ ശാപ്പാട്ട് പരിശോധിച്ചുംകൊണ്ടു നടക്കുന്നു. ആഹാരത്തിൻെറ വിഭവങ്ങൾ എന്തായാലും അവക്കതിൽ അളവററ ആനന്ദംതന്നെയാണ്.

വളരെദിവസങ്ങൾക്കുശേഷം ഇവിടെവച്ചാണ് ആ നൃത്തകബാലകൻ ധാതുരിയായുടെ നൃത്തം ആദ്യമായി കാണുന്നതു്. ധാതുരിയാ കുറച്ചുകൂടി വളന്നിട്ടുണ്ട്. നൃത്തവും മുമ്പത്തേക്കാളെല്ലാം വളരെ മെച്ചമായിട്ടുണ്ട്. ഹോളിഉത്സവംസംബ

ന്ധിച്ച് നൃത്തപ്രകടനത്തിനായി ഇവനെ അഡ്വാൻസുകൊടുത്തുവരുത്തിയതാണ്.

ധാതുരിയായെ അടുത്തുവിളിച്ച് ഞാൻ ചോദിച്ചു: "എന്താ അറിയുമോ ധാതുരിയാ?"

ധാതുരിയാ ചിരിച്ചുംകൊണ്ടു് സലാംചെയ്തിട്ട പറഞ്ഞു: "അറിയും ഏമാന്നേ! അവിട്ടന്ന് മാനേജർബാബു! ഏമാന്ന് സുഖംതന്നെയാണോ?"

അവൻെറ മുഖത്തെപുഞ്ചിരി അതിസുന്ദരമാണ്. അവനെ കണ്ടാൽത്തന്നെ എന്തൊരു അനുകമ്പയും സഹതാപവും ആണുണ്ടാകുന്നതു്! അവനു് സ്വന്തമായിട്ട് ആരുമില്ല. ഈ ഇളംപ്രായത്തിൽ ആടിയും പാടിയും അന്യരുടെ മനസ്സിനെ ആനന്ദിപ്പിച്ച് നിത്യാവശ്യത്തിനുള്ള പൈസാ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതും രാഷബിഹാരിസിംഹനേപ്പോലെ ധനപ്രമത്തരായ അരസികന്മാരുടെ വീട്ടുമുററത്തുനിന്നും.

ഞാൻ ചോദിച്ചു: "ഇവിടെ അർദ്ധരാത്രിവരെ ആടുകയും പാടുകയും ചെയ്യണമല്ലൊ; പ്രതിഫലം എന്തോ കിട്ടും?"

ധാതുരിയാ പറഞ്ഞു: "നാലണ കിട്ടും ഏമാന്നേ! പിന്നെ വയറുനിറച്ച് ആഹാരവും കിട്ടും."

"ആഹാരം എന്തോന്നാ തരുന്നതു്?"

"മാഢാ, തൈരു്, പഞ്ചസാര, ലഡ്ഡു ഇതെല്ലാം തരുമെന്നു തോന്നുന്നു. കഴിഞ്ഞ ആണ്ടിൽ തന്നതാ."

കഴിക്കാൻപോകുന്ന ആഹാരത്തിനുള്ള കൊതികൊണ്ടു് ധാതുരിയായുടെ മുഖം പ്രഫുല്ലമായിട്ടുണ്ടു്.

ഞാൻ ചോദിച്ചു: "എല്ലാടത്തും ഇതുതന്നെയാണോ കൂലി?"

ധാതുരിയാ പറഞ്ഞു: "രാഷബിഹാരിസിംഹൻ ധനവാനാണ്. അദ്ദേഹം നാലണയും ഭക്ഷണവും തരും. ഗങ്ങോതാക്കാരുടെ വീട്ടിൽ ആടിയാൽ രണ്ടണതരും, ആഹാരം ഇല്ല; പക്ഷേ, അരസേർ ചോളംവറുത്തതു കിട്ടും."

"ഇതുകൊണ്ടു നിൻെറ കാര്യം നടന്നുപോകുമോ?"

"ഇല്ലേമാന്നേ! ആടിയതുകൊണ്ടു് ഒന്നുമാകുകയില്ല; ആദ്യമൊക്കെ തരക്കേടില്ലായിരുന്നു. ഇപ്പോൾ എല്ലാക്കും ബുദ്ധിമുട്ടാണ്. ആർക്കുകാണണം ആട്ടം? ആട്ടം എങ്ങുമില്ലാത്തപ്പോൾ

വയലിലെ കളത്തിൽപ്പോയി പണിയെടുക്കും. കഴിഞ്ഞവഷം ഗോതമ്പുകൊയ്തു. എന്തോ ചെയ്യും എമാന്നേ! വല്ലോം കഴിക്കണ്ടേ? എത്ര മോഹിച്ചാണ് ഞാൻ ഛക്കർബാജിയാട്ടം പഠിച്ചതു് ഗയയിൽവച്ച്. ആക്കുകാണണം? ഛക്കർബാജിയാട്ടത്തിനു വലിയ കൂലിയാ."

ധാതുരിയായെ നൃത്തപ്രകടനത്തിന് കച്ചേരിയിലേക്കു ക്ഷണിച്ചു. ധാതുരിയാ കലാകാരനാണ്. യഥാത്ഥകലാകാരനുള്ള നിഷ്കാമപ്രകൃതി ധാതുരിയാക്കുണ്ട്.

പൗണ്ണമിച്ചന്ദ്രൻ വളരെ ഉയന്നപ്പോൾ രാഷബിഹാരി സിംഹനോട്ട് ഞാൻ യാത്രപറഞ്ഞു. രാഷബിഹാരി പിന്നെയും രണ്ടു വെടിമുഴക്കി, എൻെറ കുതിര മുററത്തുനിന്നും ഇറങ്ങിയതോടെ ബഹുമാനസൂചകമായി.

പൗണ്ണമി. തുറന്നതും വിശാലവുമായ മൈതാനത്തിൽക്കൂടി പോകുന്ന, വെള്ളമണൽനിറഞ്ഞ വഴി വെണ്ണിലാവുവീണ് തെളുതെളെ പ്രകാശിക്കുന്നു. ദൂരെ എവിടെയോ ഒരു പക്ഷി കരയുന്നു, വിശാലവും വിജനവുമായ മൈതാനത്തിൽ വഴിതെററിപ്പോയ ഒരു രാത്രിചാരിയുടെ ദീനസ്വരത്തിൽ.

പുറകിൽനിന്നു് ആരോ വിളിച്ചു: "എമാന്നേ! മാനേജർബാബൂ!" നോക്കിയപ്പോൾ കാണായി, ധാതുരിയാ എൻെറ പുറകിപ്പുറകിലായി ഓടിവരുന്നതു്.

കുതിരയെ നിറുത്തിയിട്ടു ഞാൻ ചോദിച്ചു: "എന്താ ധാതുരിയാ?"

ധാതുരിയാ അണക്കുന്നുണ്ടായിരുന്നു; അല്പം നിന്നു് അണപ്പ് അടക്കിയിട്ട് ഒന്നു തപ്പിത്തടഞ്ഞു, ഒടുവിൽ ലജ്ജിതമുഖനായി പറഞ്ഞു: "ഞാനൊരുകായ്യം പറഞ്ഞിട്ടുണ്ടായിരുന്നല്ലൊ, എമാന്നേ!"

അവനുധൈയ്യംകൊടുക്കാൻവേണ്ടി ഞാൻപറഞ്ഞു: "എന്താ പറയരുതോ?"

"എമാൻെറ നാട്ടിൽ, കൽക്കത്തയിൽ, എന്നെക്കൂടി ഒന്നു കൊണ്ടുപോകണമെന്നു്."

"നീ അവിടെച്ചെന്നാൽ എന്തുചെയ്യും?"

"കൽക്കത്തയിൽ ഞാൻ പോയിട്ടേയില്ല. അവിടെ ഉള്ളവക്ക് പാട്ടും കൊട്ടും ആട്ടോം ഒക്കെ വലിയ കായ്യമാണെന്നു്

ഞാൻ കേട്ടിട്ടുണ്ട്. നല്ല നല്ല നൃത്തം ഞാൻ പഠിച്ചിട്ടുണ്ട്. പക്ഷേ, ഇവിടെ അതു കാണാനുള്ള ആളില്ല. അതിൽ എനിക്ക് വളരെസങ്കടമുണ്ട്. ചരക്കർബാജീനൃത്തംപഠിച്ച് ആടാതിരുന്ന് മറന്നുപോയിരിക്കുകയാണ്. അമ്പോ! എങ്ങനെയാണെന്നോ ഞാനാ നൃത്തംപഠിച്ചതു്! അതൊന്നു കേൾക്കാനുള്ള കാര്യമാണ് ഏമാന്നേ!''

ഗ്രാമം വിട്ടുകഴിഞ്ഞിരുന്നു. മൈതാനം വെണ്ണിലാവിൽ തിളങ്ങുന്നുണ്ട്. രാഷബിഹാരി അറിഞ്ഞുപോയാൽ കോപിക്കുമെന്നു ഭയപ്പെട്ട് ഒളിച്ചാണ് എന്നെ കാണാൻവന്നതെന്ന് അവൻെറ ഭാവംകണ്ടിട്ട് എനിക്കുതോന്നി. അടുത്തായി മൈതാനത്തിനകത്ത് പൂക്കൾനിറഞ്ഞ ഒരു ചെറിയ ശിമൂലവൃക്ഷം നില്പുണ്ട്. ധാതുരിയായുടെ വത്തമാനംകേട്ട് ആ മരച്ചുവട്ടിൽ കുതിരയിൽനിന്നും ഇറങ്ങി ഒരു ശിലാഖണ്ഡത്തിൽ ഇരുന്നു. ഞാൻ പറഞ്ഞു: ''കേൾക്കട്ടെ നിൻെറ കഥ.''

''പലരും പറഞ്ഞു, ഗിയാജില്ലയിലെ ഒരു ഗ്രാമത്തിൽ വിടലദാസൻ എന്നു പേരായ ഒരു ഗുണവാൻ ഉണ്ടെന്നും അദ്ദേഹം ചരക്കർബാജീനൃത്തംപഠിപ്പിക്കാൻ നല്ല അദ്ധ്യാപകനാണെന്നും. ചരക്കർബാജിയാട്ടം എങ്ങനെയെങ്കിലും പഠിക്കണമെന്ന് എനിക്കു വലിയ മോഹം ഉണ്ടായിരുന്നു. ഗയാജില്ലയിൽ നടന്നെത്തി. ഗ്രാമംതോറും തിരക്കിത്തിരക്കി നടന്നു. ആക്കും പറഞ്ഞുതരാൻ കഴിഞ്ഞില്ല. ഒടുവിൽ ഒരു സന്ധ്യയ്ക്കു് ഒരു കന്നുതീററുകാരൻെറ കുടിലിൽ ചെന്നുകയറി. അവിടെ ചരക്കർബാജീനൃത്തത്തെപ്പററി അവർ തമ്മിൽസംസാരിക്കുകയായിരുന്നു. രാത്രി ഇരുട്ടി; വലിയ തണുപ്പും. ഞാൻ വസ്ത്രാൽ വിരിച്ച് ഒരു കോണിൽ കിടക്കുകയായിരുന്നു. ചരക്കർബാജി എന്ന പേരു് കാതിലെത്തിയപ്പോൾ ഞാൻ ചാടിയെഴുന്നേററു് അവരുടെ അടുത്തുപോയിരുന്നു. എനിക്ക് എത്ര ആനന്ദമായിപ്പോയി എന്നു പറയാനുണ്ടോ? ബാബുജീ! എനിക്ക് ഒരു താല്പക്കുകിട്ടിയതുപോലെയായിപ്പോയി. അവരുടെ അടുക്കൽനിന്നും എനിക്കു വിടൽദാസിനേപ്പററിയുള്ള വിവരം കിട്ടി. അവിടെനിന്ന് നൂററിനാല്പതുനാഴികദൂരെ തിൻടാങ്ങാ എന്ന ഗ്രാമത്തിലാണ് അദ്ദേഹത്തിൻെറ വീട്.''

കലാശിക്ഷണം ലഭിക്കുന്നതിനുവേണ്ടി ഒരു കലാകാര

നായ ചെറുപ്പക്കാരനുണ്ടാകുന്ന അതിരില്ലാത്ത ആർത്തിയുടെ കഥ എനിക്ക് വളരെ ഇഷ്ടപ്പെട്ടു.

ഞാൻ ചോദിച്ചു: "എന്നിട്ട്?"

"നടന്ന് അവിടെഎത്തി. വിടലദാസൻ കാഴ്ചയിൽ വൃദ്ധനാണ്. മുഖംനിറയെ വെളുത്തമീശ. എന്നെ കണ്ടിട്ട ചോദിച്ചു: 'എന്തുവേണം?' ഞാൻ പറഞ്ഞു: 'ഛക്കർബാജീനൃത്തം പഠിക്കാനാണ് ഞാൻ വന്നത്.' അദ്ദേഹം ആശ്ചര്യപ്പെട്ടുപോയി. അദ്ദേഹം ചോദിച്ചു: 'ഇന്നത്തേ പിള്ളേർക്ക് ഇതിഷ്ടമാണോ? എത്രപേരു മറന്നേപോയി!' ഞാൻ അദ്ദേഹത്തിന്റെ പാദത്തിൽ തൊട്ടുപറഞ്ഞു: 'എന്നെ പഠിപ്പിക്കണേ! അവിട്ടത്തേ പേരുകേട്ട് ഞാൻ വളരെ ദൂരത്തുനിന്നും വന്നതാണ്.' അദ്ദേഹത്തിൻെറ കണ്ണുനിറഞ്ഞു: പറഞ്ഞു: 'എൻെറ വംശത്തിൽ ഏഴുതലമുറ പരമ്പരയായി ഇതു് അഭ്യസിച്ചുവരികയാണ്. പക്ഷേ, എനിക്ക പുത്രന്മാരായി ആരുമില്ല. എനിക്ക് ഇത്രയും പ്രായമായതിനിടയ്ക്ക് വെളിക്കുനിന്ന് ആരുംവന്ന് ഇതുവരെ പഠിച്ചിട്ടില്ല. ഇന്ന് നീയാണ് ആദ്യം വന്നതു്. ആട്ടെ നിന്നെ ഞാൻ പഠിപ്പിക്കാം.' ഇപ്പോൾ അവിട്ടത്തേയ്ക്കു മനസ്സിലായല്ലൊ, എത്ര കഷ്ടപ്പെട്ടാണ് ഞാൻ ഇതു പഠിച്ചതെന്ന്. ഇവിടെ ഗാങ്ങോതാകളെ കാണിച്ചാൽ എന്തു ഫലമാണുള്ളതു്. കൽക്കത്തയിലുള്ളവർക്ക് നല്ലതിനോട്ട ബഹുമാനം ഉണ്ടല്ലൊ. എന്നെ അവിടെ ഒന്നു കൊണ്ടുപോകണേ, ഏമാനേ!"

ഞാൻ പറഞ്ഞു: "എൻെറ കച്ചേരിയിൽ നീ ഒരുദിവസം വരിക, ധാതുരിയാ!" ധാതുരിയാ സമാധാനമായി പോയി.

ഇത്ര കഷ്ടപ്പെട്ടു പഠിച്ച ഇവൻെറ ഗ്രാമ്യനൃത്തം കൽക്കത്തയിൽ ആര് കാണണം? മാത്രമല്ല, ഈ പാവപ്പെട്ടവൻ അവിടെ തനിച്ച് എന്തുചെയ്യും?

# പരിച്ഛേദം എട്ട്

**ഒന്നു്**

പ്രകൃതി തൻെറ ഭക്തന്മാക്കു കൊടുക്കുന്നതു് അത്യന്തം അമൂല്യമായ ദാനമാണു്. എന്നാൽ വളരെക്കാലം പ്രകൃതിയെ ആരാധിക്കാതെ ആ ദാനം ലഭിക്കുകയില്ല. മാത്രമല്ല, പ്രകൃതിറാണി അസൂയക്കാരിയും ആണു്. പ്രകൃതിയെ മോഹിക്കുന്നെങ്കിൽ പ്രകൃതിയെത്തന്നെ സ്വീകരിച്ചുകൊള്ളണം. മററൊരു ദിക്കിൽ മനസ്സുകൊടുത്താൽ ആ അഭിമാനിനി അവളുടെ മൂട്ടപടം മാററുകയില്ല.

എന്നാൽ അനന്യമനസ്കനായി പ്രകൃതിയെ സ്വീകരിച്ചു് അവളിൽ മഗ്നനായി ഭവിച്ചാൽ, അവൾ സകലവിധമായ അനുഗ്രഹങ്ങളും—ആനന്ദം, സൗന്ദര്യം, അസുലഭമായ ശാന്തി—ധാരധാരയായി ചൊരിയും. അതുകണ്ടു് നീ ഉന്മത്തനായി ഭവിക്കും. മോഹിനിയായ പ്രകൃതിറാണി ഒരു നൂറുരൂപത്തിൽ രാപ്പകൽ നിന്നെ വശീകരിക്കും; നൂതനമായ ഒരു ദിവ്യദൃഷ്ടി നിന്നിൽ ഉണത്തും; മനസ്സിൻെറ ആയുസ്സു് വർദ്ധിപ്പിക്കും. അമരലോകത്തിൻെറ ഛായയുടെ സൂചന നൽകി നിന്നെ അമരത്വത്തിന്റെ സമീപത്തുകൊണ്ടുചെന്നെത്തിക്കും.

ചില സംഭവം പറയാം. ആ അമൂല്യമായ അനുഭൂതികളുടെ കഥ എഴുതിത്തുടങ്ങിയാൽ ഒടുങ്ങുകയില്ല; പുറങ്ങൾ മറിഞ്ഞുമറിഞ്ഞുപോകും; പറയാൻ ആഗ്രഹിക്കുന്നതു വളരെ അധികം ശേഷിച്ചുകിടക്കുകയുംചെയ്യും. ഇതെല്ലാം കേൾക്കാൻ കൊതിയുള്ളവരും വളരെ കുറഞ്ഞിരിക്കും. പ്രകൃതിയെ ആത്മാത്ഥമായി സ്നേഹിക്കാൻ ആരുണ്ടു്?

അരണ്യപ്രദേശത്തു് ലബ്ടുലിയായിലെ പുൽത്തകിടികൾതോറും ദുധലിപ്പൂക്കൾ വിരിഞ്ഞുനിന്നു് വസന്താഗമനവാത്ത അറിയിക്കും. ആ പൂക്കളും അതിസുന്ദരമാണു്. കാഴ്ചയിൽ നക്ഷത്രംപോലെയുള്ള ആകൃതി, നിറം മഞ്ഞ,

ചെംവ്വൊത്ത നീണ്ടുനീണ്ട ലതപോലെ പുൽത്തണ്ടുകൾ മണ്ണിനെആശ്ലേഷിച്ചു കിടക്കും. തണ്ടിൻെറ മുട്ടുതോറും നക്ഷത്രാകൃതിയിലുള്ള പൂക്കൾഉണ്ടാകും. പ്രഭാതത്തിൽ വഴിയുടെ ഇരുവശങ്ങളേയും മുഴുക്കെ പ്രകാശിപ്പിച്ചുകൊണ്ടു് പൂക്കൾ വിരിഞ്ഞുനില്ക്കും. എന്നാൽ സൂര്യപ്രകാശം കൂടിവരുന്തോറും പൂക്കൾ കൂമ്പി മൊട്ടുകളുടെ രൂപംപ്രാപിക്കും. അടുത്തദിവസം പ്രഭാതമാകുമ്പോൾ വീണ്ടും ആ പൂക്കൾ വികസിച്ചുനില്ക്കുന്നതായി കാണാം.

മോഹനപുരാറിസേർവ്ഫോറസ്റ്റിലും ഞങ്ങളുടെ അതിർത്തിക്കപ്പുറത്തുള്ള കാട്ടുകളിലും മഹാലിഖാരൂപശൈലസാനുക്കളിലും ഉള്ള രക്തപലാശകുസുമങ്ങൾക്കു് അഴകുണ്ടു്. ഈ സ്ഥലങ്ങളെല്ലാം ഞങ്ങളുടെ എസ്റ്റേററിൽനിന്നും വളരെ ദൂരെയാണു്. കുതിരപ്പുറത്തു് മൂന്നാലുമണിക്കൂർ സഞ്ചരിക്കണം. ആ സ്ഥലങ്ങളിലെല്ലാം മീനമാസത്തിൽ ശാലമഞ്ജരീസുഗന്ധത്തിൽ മന്ദാനിലൻ ഉന്മത്തനായിരിക്കും. ശിമുലവനത്തിലെ ദിഗന്തരേഖ അരുണവർണ്ണം പൂണ്ടിരിക്കും. എന്നാൽ കുയിൽ ദോയൽ 'ബൗ–കഥ–കഒ' എന്നിങ്ങനെയുള്ള ഗായകപക്ഷികൾ പാട്ടുകയില്ല. ഈ വിജനമായ അരണ്യഭാഗങ്ങളുടെഎല്ലാം അനാവൃതമായരൂപം അവയ്ക്കു് ഇഷ്ടമാകുന്നില്ലായിരിക്കാം.

ചിലദിവസം ബങ്കാളദേശത്തേയ്ക്കു തിരിച്ചുപോകാൻ എൻെറ മനസ്സു് ആവേശംകൊള്ളാറുണ്ടു്. വംഗദേശത്തെ ഗ്രാമങ്ങളിലെ സുമധുരമായ വസന്തം വിഭാവനയിൽ കാണും. കല്പടകെട്ടിഉയർത്തീട്ടുള്ള കുളക്കടവിൽ കുളികഴിഞ്ഞു് ആർദ്രവസ്ത്രധാരിണിയായി തിരിച്ചുപോകാൻ ഭാവിക്കുന്ന ഏതോ ഒരു യുവതിയായ വധുവിൻെറ ചിത്രം, വയലിൻെറ വക്കിൽ പൂക്കൾ വിരിഞ്ഞുനില്ക്കുന്ന ഘേലണ്ടുവനം, ബാതാബീനാരകപ്പൂക്കളുടെസൗരഭ്യത്തിൽ മയങ്ങിയ ഇരുണ്ടനിഴൽവീശിയ അപരാഹ്നം—ഇതെല്ലാം. വിദേശത്തുപോയിരുന്നുകൊണ്ടു് സ്വദേശത്തെ എത്ര നല്ലവണ്ണം ഞാൻ അറിഞ്ഞു; സ്വദേശത്തോട്ടു തോന്നുന്ന ഈ ആവേശം അവിടെത്തന്നെ ഇരുന്നുംകൊണ്ടു് ഒരിക്കലും ഞാൻ അനുഭവിച്ചിട്ടില്ല. ജീവിതത്തിൽ ഇതു് ഒരു മഹാനുഭൂതിയാണു്. ഈ അനുഭൂതി ആസ്വദിച്ചിട്ടില്ലാത്ത

ഭാഗ്യഹീനനു് ഒരു ശ്രേഷ്ഠമായ അനുഭവം എങ്ങനെ ഉണ്ടാവാനാണു്.

എന്നാൽ ഞാൻ പലവിധത്തിൽ വീണ്ടും വീണ്ടും പറയാൻ ശ്രമിച്ചിട്ടുള്ളതും എന്നാൽ ഒരിക്കൽപ്പോലും നേരാംവണ്ണം സാധിച്ചിട്ടില്ലാത്തതും ആയ ആ വസ്തു ഇരിക്കുന്നതു് ഈ പ്രകൃതിയുടെ രഹസ്യമയമായ അനന്തതയുടേയും ദുരധിഗമതയുടേയും വിശാലതയുടേയും, ഭയഭക്തിജനകമായ സൗന്ദര്യത്തിന്റെയും സമീപത്താണു്. കണ്ടില്ലെങ്കിൽ അതു് എന്തൊരു വസ്തുവാണെന്നു് എങ്ങനെ മനസ്സിലാകും?

വിജനവും വിശാലവും ആയ ലബ്ടുലിയാബയിഹാരിലെ ദിഗന്തവ്യാപിയായ ദീർഘലഝാബുകതരുക്കളാകാശവും ചേന്ന വനത്തിൽക്കൂടി ഒച്ചയുമനക്കവുമില്ലാത്ത അപരാഹ്നത്തിൽ ഒററയ്ക്കു കുതിരപ്പുറത്തിരുന്നു് ഇവിടുത്തെ പ്രകൃതിയെ നിരീക്ഷിക്കുമ്പോൾ പ്രകൃതിയുടെ ഈ സൗന്ദര്യം എന്റെ മനസ്സിനെമുഴുവൻ അസീമമായ ശ്രദ്ധാനുഭൂതിയാൽ ആച്ഛന്നമാക്കിത്തീത്തിട്ടുണ്ടു്; ചിലപ്പോൾ അതു ഭയത്തിന്റെ രൂപം കൈക്കൊള്ളും; ചിലപ്പോൾ നിസ്പൃഹവും അലസഗംഭീരവും ആയ രൂപം. ചിലപ്പോൾ മധുമയമായ സ്വപ്നമായിട്ടും സ്വദേശവിദേശങ്ങളിലെ നരനാരികളുടെ വികാരരൂപംപൂണ്ടും എന്റെ മുമ്പിൽ ആവിർഭവിച്ചിട്ടുണ്ടു്. അതു് ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദസംഗീതമെന്നവണ്ണം ഞാൻ ആസ്വദിച്ചിട്ടുണ്ടു്—നക്ഷത്രത്തിന്റെ ക്ഷീണപ്രഭയുടെ താളത്തിൽ, ജ്യോത്സ്നിയിലെ മായാലോകത്തിൽ ചീവീടിന്റെ താനത്തിൽ, ദ്രുതഗമനംചെയ്യുന്ന ഉല്ക്കയുടെ ജ്യോതിസ്സിലെ ലയ–സംഗതിയിൽ.

വീട്ടുംകെട്ടി കുടുംബജീവിതം നയിക്കേണ്ടവർ ആ രൂപം കാണാതിരിക്കയാണു നല്ലതു്. പ്രകൃതിയുടെ ആ മോഹിനീരൂപത്തിന്റെ വശ്യത മനുഷ്യനെ ഗൃഹത്യാഗിയാക്കും; വിരസമായി അനാവൃതമായിരിക്കുന്ന മരുഭൂമിയിലെ ലോകസഞ്ചാരികളായ ജോൺസ്റ്റൺ, മാർക്കോപോളൊ, ഹഡ്സൻ, ഷാക്കിൾടൻ എന്നിവരെപ്പോലെ ആക്കിത്തീക്കും. ഗൃഹസ്ഥനായി വീട്ടുകെട്ടി സംസാരിയായി ജീവിക്കാൻ അവനെ അനുവ

ദിക്കുകയില്ല—ഒരിക്കൽ ആ ആഹ്വാനംകേട്ടാൽ ഗൃഹസ്ഥനാകുന്നതു് അസംഭാവ്യമാണു്.

അർദ്ധരാത്രിക്കു് മുറിക്കുവെളിയിൽ തനിച്ചിറങ്ങിനിന്നുംകൊണ്ടു് ഇരുളടഞ്ഞ മൈതാനപ്രദേശത്തിൻെറ, അഥവാ വെണ്ണിലാവു് പാലൊളിപരത്തുന്ന ഛായാഹീനമായ രാത്രിയുടെ, സൗന്ദര്യം ഞാൻ കണ്ടിട്ടുണ്ടു്. അതിൻെറ സൗന്ദര്യം ഒരുവനെ ഭ്രാന്തനാക്കാവുന്നതാണു്—അണുവും അതിശയോക്തി പറയുകയല്ല—ദുർബ്ബലചിത്തരായ മനുഷ്യർ ഈ സൗന്ദര്യം കാണാതിരിക്കുകയാണു് നല്ലതു്. സർവ്വനാശം ചെയ്യുന്ന ആ സൗന്ദര്യം വരുത്തിവയ്ക്കാവുന്ന വിപത്തിനെ തടഞ്ഞുനിറുത്താൻ എല്ലാവക്കും സാദ്ധ്യമാകാതെ വരും.

എന്നാൽ പ്രകൃതിയെ ഈ രൂപത്തിൽ കാണുകയെന്നതു് ഭാഗ്യംതന്നെയാണു്. ഈവിധം വിജനവും വിശാലവും ആയ മൈതാനം, ശൈലനിര, ഝാബുക–കാശവനം, എവിടെയും കാണുന്നതല്ല. അതോടൊത്തു് അർദ്ധരാത്രിയുടെ നിസ്തബ്ധതയും അന്ധകാരവും അല്ലെങ്കിൽ ചന്ദ്രികയുംകൂടി ഒത്തൊരുമിക്കണം. ഈ സമ്മിളനം ഭൂമിയിൽ സുലഭമായിത്തീന്നിരുന്നെങ്കിൽ ദേശം കവികളാലും ഭ്രാന്തന്മാരാലും നിറഞ്ഞുപോകുമായിരുന്നില്ലേ?

ഒരുദിവസം പ്രകൃതിയുടെ ആ രൂപം ഏതുഭാവത്തിൽ എനിക്കു് പ്രത്യക്ഷമായി എന്നു കാണിക്കുന്ന ഒരു സംഭവം പറയാം. പൂണ്ണിയായിൽനിന്നും വക്കീലിൻെറ ഒരു കമ്പികിട്ടി, അടുത്തദിവസം കാലത്തു് പത്തുമണിക്കു് ഞാൻതന്നെ അവിടെ എത്തിക്കൊള്ളണം എന്നും ഇല്ലെങ്കിൽ സ്റ്റേററുവക ഒരു വലിയ കേസിൽ ഞങ്ങൾക്കു് തോൽവി നിശ്ചയമാണെന്നും കാണിച്ചു്.

ഞങ്ങളുടെ പ്രദേശത്തുനിന്നും പൂണ്ണിയായിലേയ്ക്കു് അമ്പത്തഞ്ചുമൈൽ ദൂരം ഉണ്ടു്. രാത്രിയിൽ ഒരു ട്രെയിൻ മാത്രമേ ഉള്ളു. കമ്പികിട്ടിയ ഉടൻ തിരിച്ചാൽത്തന്നെ പതിനേഴു മൈൽ അകലെയുള്ള കാടാരിയാസ്റ്റേഷനിലെത്തി ട്രെയിൻ കയറുന്നതു് അസാദ്ധ്യമാണു്. അതുകൊണ്ടു് കുതിരപ്പുറത്തു് യാത്രചെയ്യാമെന്നു് തീർച്ചയാക്കി.

പക്ഷേ, വഴി സുദീർഘവും അപകടംനിറഞ്ഞതും തന്നെ

യാണ്, വിശേഷിച്ച് ഈ രാത്രിയിൽ ഈ അരണ്യപ്രദേശത്തുകൂടി. അതുകൊണ്ട് തഹശീൽദാർ സുജനസിംഹനേക്കൂടെ എൻെറകൂടെ കൊണ്ടുപോകാമെന്ന് നിശ്ചയിച്ചു.

സന്ധ്യയ്ക്കു രണ്ടുപേരും കുതിരപ്പുറത്ത് യാത്രതിരിച്ചു. കച്ചേരിയിൽനിന്നിറങ്ങി കാട്ടിൽപ്രവേശിച്ച് കുറച്ചുകഴിഞ്ഞപ്പോൾ കൃഷ്ണപക്ഷത്തിലെ തൃതീയചന്ദ്രൻ ഉദിച്ചു. നല്ലവണ്ണം തെളിഞ്ഞിട്ടില്ലാത്ത ചന്ദ്രികയിൽ വനാന്തരം കൂടുതൽ അത്ഭുതകരമായി കാണപ്പെട്ടുന്നു. ചേർന്നുചേർന്ന് ഇരുവരും സഞ്ചരിക്കുകയാണ്—ഞാനും സുജനസിംഹനും—വഴി ചിലേടത്ത് ഉയർന്നും ചിലേടത്ത് താണും; വെൺമണലിൽ വെണ്ണിലാവ് വീണടിഞ്ഞു് തിളങ്ങിക്കൊണ്ടിരിക്കുന്നു. ഇടയ്ക്കിടയ്ക്ക് കുററിക്കാട്ടുകളിലും കാശ—ഝാബുകവനത്തിലുംകൂടിമാത്രം സഞ്ചരിക്കുകയാണ്; സുജനസിംഹൻ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നു. ചന്ദ്രൻ ക്രമേണ ഉയർന്നുയർന്നുവരുന്നു. വനവും കാട്ടം മണൽപ്പുറവും തെളിഞ്ഞുതെളിഞ്ഞുവരുന്നു. വളരെ ദൂരംവരെ താണകാടിൻെറ അഗ്രഭാഗം ഒരു നേരിയ വരയിൽ ചലിച്ചുപോകുന്നുണ്ട്. നോക്കെത്തുന്നിടത്തോളം അതിവിശാലമായ മൈതാനം ഒരുവശത്ത്, മറുവശത്തു കാട്ടം; ഇടതുവശത്ത് വിദൂരതയിൽ ഉയരംകുറഞ്ഞ ശൈലനിര; നിർജ്ജനവും നിസ്തബ്ധവും ആയ സ്ഥലം; മനുഷ്യൻെറ പാർപ്പിടം ഒരിടത്തും ഇല്ല; അനക്കമില്ല, ഒച്ചയില്ല; വേറെ ഏതോ അജ്ഞാതമായ ഒരു ഗ്രഹത്തിലെ വെറും രണ്ടുജീവികൾ മാത്രമായ ഞങ്ങൾ അവിടുത്തെ കാട്ടുവഴിയിൽ സഞ്ചരിക്കുകയാണെന്ന് തോന്നിപ്പോയി.

ഒരു സ്ഥലത്ത് സുജനസിംഹൻ കുതിരയെ പെട്ടെന്ന് നിറുത്തി. എന്താ കാര്യം? അടുത്തുള്ള കാട്ടിൽനിന്നും ഒരു തള്ളപ്പന്നി ഒരുപററം കുഞ്ഞുങ്ങളോട്ടുകൂടി ഞങ്ങളുടെ വഴി മറികടന്ന് ഇടത്തുവശത്തെ കാട്ടിലേയ്ക്ക് കയറിപ്പോകുകയാണ്. സുജനസിംഹൻ പറഞ്ഞു: "എന്നാലും ഭാഗ്യമായിപ്പോയി അങ്ങുന്നേ! ഞാൻ വിചാരിച്ചുപോയി കാട്ടുപോത്താണെന്ന്. മോഹനപുരാവനത്തിനു് അടുത്തെത്തിക്കഴിഞ്ഞു; കാട്ടുപോത്തിനെ ഭയപ്പെടേണ്ടതു് ഇവിടെയാണ്. അന്നൊരുദിവസം ഒരുത്തനെ കാട്ടുപോത്ത് വകവരുത്തിയതാണ്."

കുറച്ചുകൂടി മുന്നോട്ടുപോയപ്പോൾ ദൂരെനിന്നും നിലാവിൽ കാണായി, കറുത്ത ഏതാണ്ടൊന്നിനെ.

സുജനൻ പറഞ്ഞു: "കുതിര പേടിക്കും അങ്ങുന്നേ, കുതിരയെ നിറുത്തിയാട്ടെ."

ഒടുവിൽ അതു് അനങ്ങുന്നും ഇല്ല നീങ്ങുന്നും ഇല്ലെന്നു കണ്ടു. പതുക്കെപ്പതുക്കെ അടുത്തടുത്തു ചെന്നപ്പോൾ അതു് ഒരു കാശക്കുടിലാണെന്നു് മനസ്സിലായി. പിന്നെയും കുതിരയെ ഓടിച്ചുവിട്ടു; വയൽ, വനം, ജ്യോത്സ്നാനിർഭരമായ വിശപം—ഇണയേ പിരിഞ്ഞ ഏതോ ഒരു പക്ഷി ആകാശത്തിലോ വനത്തിലോ എവിടെയോ 'ടി–ടി–ടി–ടി' ശബ്ദിച്ചുകൊണ്ടിരിക്കുന്നു. കുതിരക്കുളമ്പേററു് വളരെ അധികം മണൽ പറന്നുകൊണ്ടിരിക്കുന്നു. ഒരു നിമിഷത്തേയ്ക്കുപോലും കുതിരയെ ഒന്നു നിറുത്താൻ ഒരു ഉപായവും കണ്ടില്ല—പറക്കുക, പറക്കുക—

വളരെ സമയമായി കുതിരപ്പുറത്തു് ഇരുന്നിരുന്നു് പുറം വേദനിക്കുകയാണു്. ജീനിയിലെ ഇരിപ്പിടം ചൂടുപിടിച്ചിട്ടുണ്ടു്. കുതിര നിയന്ത്രണംവിട്ടു് കുലുങ്ങിക്കുലുങ്ങി ഓടുകയാണു്. പോരാത്തതിനു് എൻെറ കുതിര വളരെ ഭയപ്പെട്ടിരുന്നതിനാൽ നല്ല കരുതലോടെ മുമ്പോട്ടു വളരെദൂരംവരെ ദൃഷ്ടിപതിപ്പിച്ചുകൊണ്ടാണു് കുതിരയെ വിട്ടതു്. പെട്ടെന്നു് കുതിര നിന്നുപോയാൽ കുതിരപ്പുറത്തുനിന്നും വീഴാതെ തരമില്ല.

കാശത്തിൻെറ തല പിടിച്ചുകെട്ടി കാട്ടിലെ വഴി ശരിപ്പെടുത്തി വച്ചിട്ടുണ്ടു്. വഴിയെന്നു പറയത്തക്കവണ്ണം ഒന്നും തന്നെ ഇല്ല. കാശത്തലയുടെ കുട്ടിക്കെട്ടുനോക്കി ഈ ഇടതൂർന്ന വനത്തിലേ വഴി നിർണ്ണയിച്ചുകൊള്ളുകയേ വേണ്ടു. ഒരിക്കൽ സുജനസിംഹൻ പറഞ്ഞു: "അങ്ങുന്നേ, ഇതല്ല വഴി എന്നു് തോന്നുന്നല്ലോ; നമുക്കു് വഴി തെററിപ്പോയല്ലോ."

ഞാൻ സപ്തർഷിമണ്ഡലം നോക്കി ധ്രുവനക്ഷത്രം കണ്ടുപിടിച്ചു. പൂർണ്ണിയാ ഞങ്ങളുടെ ദേശത്തുനിന്നും നേരേ വടക്കാണു്. അതുകൊണ്ടു് വഴി ശരിതന്നെയാണെന്നു് സുജനസിംഹനെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ശ്രമിച്ചു.

സുജനൻ പറഞ്ഞു: "അല്ലങ്ങുന്നേ! കുശീനദിയുടെ കടത്തു

കടക്കണം. കടത്തുകടന്നു് നേരേ വടക്കോട്ടു പോകണം. ഇപ്പോൾ വടക്കുകിഴക്കേ കോണു് മുറിച്ചിറങ്ങണം.''

ഒടുവിൽ ശരിയായ വഴി കണ്ടുകിട്ടി.

ചന്ദ്രിക കുറച്ചുകൂടി തെളിഞ്ഞു—അതു് എന്തൊരു നിലാവു്! എത്ര സുന്ദരമായ രാത്രി! നിർജ്ജനമായ മണൽപ്പുറത്തുകൂടി, ഉയരംകൂടിയ ഝാബുകവനത്തിൻെറ അരികിൽക്കൂടി പോകുന്ന വഴിയിലെ നിലാവു് ഒരിക്കലും കണ്ടിട്ടില്ലാത്തവക്കു് ഈ നിലാവിൻെറ രൂപം എങ്ങനെയുള്ളതാണെന്നു് മനസ്സിലാവുകയില്ല. ഈവിധം ഉന്മീലിതമായ ആകാശത്തിൻ കിഴിൽ—ഛായാഹീനവും അലസഗംഭീരവുമായ ജ്യോത്സ്നിയിൽ വനപവ്വതമൈതാനങ്ങളിൽക്കൂടിയുള്ള വഴിയിലെ നിലാവു്, മണൽപ്പുറത്തെ നിലാവു്—എത്രപേരു് കണ്ടിട്ടുണ്ടു്? അമ്പോ! ഇതെന്തൊരു ഓട്ടം! തോളോടുതോളുചേൻ്റു് ചലിച്ചുകൊണ്ടിരിക്കുന്ന രണ്ടു കുതിരയും അണയ്ക്കുന്നുണ്ടു്. ഈ തണുപ്പിലും ഞങ്ങളുടെ ശരീരം വിയത്തൊലിച്ചുപോയി.

ഒരു സ്ഥലത്തു് വനത്തിനകത്തു് ഒരു ശാല്മലീവൃക്ഷച്ഛായയിൽ, കുതിരയെ നിറുത്തി ഞങ്ങൾ അല്പം വിശ്രമിച്ചു, ഏതാണ്ടു പത്തു മിന്നിട്ടുനേരം. ഒരു ചെറിയ നദി ഒഴുകി അത്ര അകലെയല്ലാതെ കുശീനദിയിൽചെന്നു ചേരുന്നുണ്ടു്. ശാല്മലീവൃക്ഷത്തിൽ പൂക്കൾ വിരിഞ്ഞുനില്പുണ്ടു്.വനം അവിടെ നാലുവശത്തുനിന്നും ഞങ്ങളെ വളഞ്ഞുനിറുത്തി. വഴിയുടെ ഒരു അടയാളവും കാണാനില്ല; എങ്കിലും ചെറിയ ചെറിയ വള്ളിപ്പടർപ്പുകളും കുറ്റിക്കാടുകളും മാത്രമുള്ള വനമാണു്; അതിൽ വളരെ വലിയ ശാല്മലീതരുക്കൾ ശിരസ്സുയത്തി നില്പുണ്ടു്. രണ്ടുപേക്കും ദാഹം പെരുകി.

നിലാവു് മങ്ങിത്തുടങ്ങി. ഇരുളടഞ്ഞ കാട്ടുവഴി. പശ്ചിമദിഗന്തത്തിലെ വിദൂരസ്ഥമായ ശൈലനിരയുടെ പിന്നിൽ രാത്രിയുടെ അന്ത്യഘട്ടത്തിലെ ചന്ദ്രൻ മറയുകയാണു്. നിഴലിനു് നീളം കൂടിക്കൂടി വന്നു. പക്ഷികൾ ഒരുദിക്കിലും ചിലയ്ക്കുന്നില്ല. വെറും നിഴൽ! നിഴൽ! നിഴൽ! ഇരുണ്ട വയൽ, ഇരുണ്ട വനം. വെളുപ്പാൻകാലത്തേ കാററു് കൂടുതൽ തണുത്തു വീശി. മണി നാലാകാറായി. വെളുപ്പിനുള്ള ഇരുട്ടിൽ കാട്ടാന

ക്കൂട്ടം മുമ്പിൽവന്നു ചാടുകയില്ലേ എന്നൊരു ഭയം. മധുവനി ക്കാട്ടിൽ ഒരുസംഘം കാട്ടാനയും ഉണ്ട്.

പിന്നെയും അടുത്തടുത്തായി ചെറിയചെറിയ മലകൾ, അവയുടെ ഇടയിൽക്കൂടിയാണ് വഴി. മലമുകളിൽ ഇലയില്ലാതെവെളുത്ത ഗോളഗോളി പൂച്ചെടികൾ, ചിലടത്തെല്ലാം രക്തപലാശിന്റെ വനം; വെളുപ്പിന് ചന്ദ്രൻ അസ്തമിച്ചുകഴിഞ്ഞപ്പോഴുണ്ടായ ഇരുട്ടിൽ വനപർവ്വതങ്ങളുടെ അത്ഭുതദൃശ്യം. പൂർവ്വാകാശത്തിൽ വെള്ളവീശി—പ്രഭാതക്കാറ്റ് അടിച്ചു; പക്ഷികൾ ചിലച്ചു; കുതിരയുടെ ദേഹംമുഴവൻ വിയർത്തൊലിച്ചു. ഓട്ടം! ഓട്ടം! വളരെനല്ല കുതിരകൾ, അതുകൊണ്ടാണ് ഇവക്ക് ഈ വഴിയിൽക്കൂടി ഒരേനിലയിൽ ഓടാൻ കഴിയുന്നത്. കച്ചേരിയിൽനിന്നും സന്ധ്യക്കു പുറപ്പെട്ടതാണ്. ഇപ്പോൾ നേരം വെളുത്തു. എന്നിട്ടും വഴിക്ക് ഒരറുതിയും ഇല്ല. ഒരേഒരു തരത്തിലുള്ള വനവും മലയും.

മുൻഭാഗത്തുള്ള മലയുടെ പിമ്പിൽനിന്നും ചുവന്ന സിന്ദൂരഗോളമെന്നവണ്ണം സൂര്യൻ ഉയൎന്നുവരുന്നു. വഴിക്കരികിലുള്ള ഒരു ഗ്രാമത്തിൽ കുതിരയെ നിറുത്തി കുറച്ച് പാൽ വാങ്ങിച്ച് രണ്ടുപേരും കുടിച്ചു. പിന്നെയും രണ്ടുമണിക്കൂർ സഞ്ചരിച്ചപ്പോൾ പൂർണ്ണിയാനഗരമായി.

സ്റ്റേററിൻെറ കേസ്കാര്യം നിർവ്വഹിച്ചു; മനസ്സ് ആ വിഷയത്തിലായിരുന്നില്ല. മനസ്സ് മുഴവൻ സഞ്ചാരപഥത്തിലായിരുന്നു. കേസ്കഴിഞ്ഞാലുടൻ തിരിച്ചു യാത്രയാകണമെന്നായിരുന്നു എൻെറ കൂട്ടുകാരൻെറ ആഗ്രഹം. ഞാൻ സമ്മതിച്ചില്ല. നിലാവുള്ള രാത്രിയിൽ അതേവഴിയിൽക്കൂടി കുതിരസ്സവാരി ചെയ്തു് ആ വൈവിദ്ധ്യം കലൎന്ന പ്രകൃതിസൗന്ദര്യം ഒന്നുകൂടി ആസ്വാദിക്കണമെന്നുള്ള മോഹം എനിക്കുണ്ടായി.

അങ്ങനെതന്നെ സഞ്ചരിക്കുകയുംചെയ്തു. അടുത്തദിവസം ചന്ദ്രൻ കുറച്ചു താമസിച്ചാണ് ഉദിച്ചതെങ്കിലും നേരം വെളുക്കുന്നതുവരെ നിലാവുണ്ടായിരുന്നു. എന്തൊരു ചന്ദ്രിക! കൃഷ്ണപക്ഷത്തിലെ നിശ്ചലമായ ആ ചന്ദ്രിക, വനപർവ്വതങ്ങളിൽ ശാന്തവും സ്നിഗ്ദ്ധവും എന്നാൽ ആശ്ചര്യകരവും ആയ രൂപത്തിൽ അഭൂതദൃഷ്ടമായ ഒരു സ്വപ്നജഗത്തിനെ സൃഷ്ടിച്ചിരി

ക്കുന്നതായി കാണായി—ആ ചെറിയ ചെറിയ കാശവനം, ആ പവ്വതത്തിൻെറ സാനുപ്രദേശത്തേ പീതവണ്ണം കലന്ന ഗോളഗോളിപ്പൂക്കൾ, ആ ഉച്ചനീചപഥം—ഇതെല്ലാംകൂടി സമ്മേളിച്ച് ഏതോ ഒരു ബഹുദൂരസ്ഥമായ നക്ഷത്രലോകം—മരണാനന്തരം അജ്ഞാതമായ ഏതോ ഒരു അദൃശ്യലോകത്തിൽ അശരീരിയായി പറന്നുയന്നുവന്നിരിക്കുന്നതായി എനിക്കു തോന്നിപ്പോയി—ഭഗവാൻ ബുദ്ധൻെറ ആ നിവ്വാണലോകത്തിൽ, ചന്ദ്രോദയം ഉണ്ടാകുന്നില്ലാത്ത, എങ്കിലും ഇരുട്ടില്ലാത്ത ആ ലോകത്തിൽ.

വളരെദിവസം കഴിഞ്ഞു് ഈ സ്വതന്ത്രജീവിതം ത്യജിച്ചിട്ട് കുടുംബജീവിതത്തിൽ പ്രവേശിച്ചപ്പോൾ കൽക്കത്താനഗരത്തിലെ ഒരു ചെറിയ ഇടവഴിയുടെ വക്കിലുള്ള എൻെറ വസതിയിൽ എന്റെ ഭാൎയ്യയുടെ തയ്യൽയന്ത്രം കറങ്ങുന്ന ശബ്ദം കേട്ടുകൊണ്ടിരിക്കവേ, വിശ്രമദിനങ്ങളിലെ എത്രയോ അപരാഹ്നവേളകളിൽ ഈ രാത്രിയുടെ കാൎയ്യം ഞാൻ ഓൎമ്മിച്ചിട്ടുണ്ടു്; അഭൂതപൂൎവ്വമായ ഈ ആനന്ദത്തിൻെറ കാൎയ്യം, വെണ്ണിലാവു പുരണ്ട നിശ്ശബ്ദമായ വനസൗന്ദൎയ്യത്തിൻെറ കാര്യം, വെളുപ്പാൻകാലത്തേ ചന്ദ്രാസ്തമയസമയത്തേ ഇരുട്ടിൽ മലമുകളിൽ നിൽക്കുന്ന ഗോളഗോളിപ്പൂച്ചെടികളുടെകാൎയ്യം, കരിഞ്ഞ കാശക്കാട്ടിലെ ചുട്ടപഴത്ത പുതുമണ്ണിൻെറ കാൎയ്യം; എത്രയോ പ്രാവശ്യം സങ്കല്പത്തിൽ പിന്നെയും ഞാൻ കുതിരപ്പുറത്തു കയറി നിലാവുള്ള രാത്രിയിൽ പൂൎണ്ണിയായിലേക്കു പോയിട്ടുണ്ടു്.

### രണ്ടു്

മീനമാസത്തിൻെറ മദ്ധ്യത്തോടെ ഒരുദിവസം എനിക്കു് ഒരു വാൎത്ത ലഭിച്ചു, സീതാപുരഗ്രാമത്തിൽ രാഖാൽബാബു എന്നപേരിൽ ഒരു ബംഗാളിഡോക്ടർ ഉണ്ടായിരുന്നു എന്നും അദ്ദേഹം കഴിഞ്ഞരാത്രിയിൽ പെട്ടെന്നു മരിച്ചുപോയി എന്നും.

അദ്ദേഹത്തിൻെറ പേരു് ഇതിനുമുമ്പു് ഒരിക്കലും കേട്ടിരുന്നില്ല. അദ്ദേഹം അവിടെ ഉണ്ടായിരുന്നു എന്നും അറിഞ്ഞി

രുന്നില്ല. ഇരുപത്തിരണ്ടുവർഷമായി അദ്ദേഹം അവിടെ താമസിക്കയായിരുന്നത്രെ. ആ പ്രദേശത്തായിരുന്നു അദ്ദേഹം പ്രാക്ടീസുചെയ്തിരുന്നതു്. വീടും ആ ഗ്രാമത്തിൽത്തന്നെ ആയിരുന്നിരിക്കാം. അദ്ദേഹത്തിൻെറ ഭാര്യയും കുട്ടികളും അവിടെത്തന്നെ താമസിക്കുന്നു.

ബംഗാളത്തിനുപുറത്തു് ഒരു ബംഗാളിമാന്യൻ പെട്ടെന്നു മരിച്ചുപോയി. അദ്ദേഹത്തിൻെറ ഭാര്യയുടെയും കുട്ടികളുടെയും ഇപ്പോഴത്തെ സ്ഥിതി എന്തായിരിക്കാം, ആരുണ്ടു് അവരെ നോക്കാൻ, അദ്ദേഹത്തിൻെറ സംസ്കാരാദികർമ്മങ്ങൾക്കു് വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എനിക്കു് ഉൽക്കണ്ഠയായി. അവിടെച്ചെന്നു് ശോകസന്തപ്തമായ കുടുംബത്തിൻെറസ്ഥിതി അന്വേഷിക്കേണ്ടകർത്തവ്യം എനിക്കുണ്ടെന്നു തോന്നി.

ആ ഗ്രാമം ഇവിടെനിന്നും ഇരുപതുമൈൽ ദൂരെ, കരാരീ എസ്റ്റേററിൻെറ അതിർത്തിയിലാണെന്നു് അറിവുകിട്ടി. വൈകുന്നേരത്തോടുകൂടി അവിടെ എത്തിച്ചേർന്നു; മററാളുകളോടു ചോദിച്ചു് രാഖാൽബാബുവിന്റെ വീടു് കണ്ടുപിടിച്ചു. രണ്ടു വലിയ മുറി, രണ്ടുമൂന്നു കൊച്ചുകൊച്ചു മുറി, ഈ നാട്ടിലേ രീതിയിൽ പുറത്തു് ഒരിരുപ്പുമുറി, മൂന്നുവശത്തും ഭിത്തിയില്ലാത്തതു്. ഒരു ബംഗാളിയുടെ വീടാണെന്നറിയാൻ ഒരു നിവൃത്തിയുമില്ല. ഇരിപ്പുമുറിയിലെ കയററുകട്ടിൽമുതൽ മുററത്തേ ഹനുമദ്ധ്വജംവരെയുള്ളതെല്ലാം ഈ നാട്ടിലേതുതന്നെ.

എൻെറ വിളികേട്ടു് പതിമ്മൂന്നുപതിന്നാലുവയസ്സു പ്രായംവരുന്ന ഒരു പയ്യൻ ഇറങ്ങിവന്നു. എന്നെക്കണ്ടിട്ടു് മുറിഹിന്ദിയിൽ ചോദിച്ചു: "ആരെയാ അന്വേഷിക്കുന്നതു്?"

അവൻെറ മുഖം കണ്ടിട്ടു് ബംഗാളിപ്പയ്യനാണെന്നു തോന്നിയില്ല. തലയിൽ നീണ്ട കുടുമ, കഴുത്തിൽ ഇപ്പോൾ ആവശ്യമായിത്തീർന്ന തുണിക്കഷണം—എല്ലാംതന്നെ മനസ്സിലാക്കാം. പക്ഷേ, മുഖഭാവം വരെ അവൻ ഹിന്ദുസ്ഥാനിബാലനാണെന്നു തന്നെ തോന്നുന്നതെന്താണു്?

ഞാൻ സ്വയം പരിചയപ്പെടുത്തി. പിന്നീടു ചോദിച്ചു: "നിൻെറ വീട്ടിൽ ഇപ്പോൾ പ്രായമായവരാരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ ഇങ്ങോട്ടൊന്നു വിളിക്കൂ."

പയ്യൻ പറഞ്ഞു: "ഞാൻതന്നെയാണു് മൂത്തമകൻ, എനിക്കു് വേറെ രണ്ടു കൊച്ചനിയന്മാരുണ്ടു്. വീട്ടിൽ വേറെ ആരും രക്ഷകർത്താവായിട്ടില്ല."

ഞാൻ പറഞ്ഞു: "നിൻെറ അമ്മയോടു് എനിക്കല്പം സംസാരിക്കാനുണ്ടു്. ഇങ്ങോട്ടൊന്നുവരാൻ പറ."

കുറച്ചുകഴിഞ്ഞു് പയ്യൻവന്നു് എന്നെ മുറിക്കകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. രാഖാൽബാബുവിൻെറ ഭാര്യയെക്കണ്ടിട്ടു് അവൾ വളരെച്ചെറുപ്പമാണെന്നെനിക്കു തോന്നി. വയസ്സു് മുപ്പതിനകംവരും. ഉടനെ വിധവയായിത്തീർന്നവളുടെ വേഷം; കരഞ്ഞുകരഞ്ഞു് കണ്ണുവീർത്തിട്ടുണ്ടു്. വീട്ടുസാമാനങ്ങളെല്ലാം ഏററവും പാവപ്പെട്ട വീട്ടുകാരൻേറതുപോലെതന്നെ. ഒരിടത്തു് ഒരു ചെറിയ പത്തായം, മുറിയുടെ വരാന്തയിൽ രണ്ടു കയററുകട്ടിൽ, കീറിയ ഒരു കമ്പിളിപ്പുതപ്പു്, ഈ നാട്ടിലെ പിത്തളപ്പോണി, ഒരു ഹുക്കാ, ഒരു പഴയ ടിൻട്രങ്കു്. ഞാൻ പറഞ്ഞു: "ഞാൻ ബംഗാളിയാണു്, നിങ്ങളുടെ അയൽക്കാരൻ. രാഖാൽബാബുവിൻെറ കാര്യം കേട്ടിട്ടുവന്നതാണു്. എനിക്കിവിടെ ഒരു കർത്തവ്യം ഉണ്ടെന്നു കരുതുന്നു. എന്നെക്കൊണ്ടു് നിങ്ങൾക്കെന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ പറയാം, മടിക്കണ്ടാ." രാഖാൽബാബുവിൻെറ ഭാര്യ കതകിൻെറ പുറകിൽ നിന്നുംകൊണ്ടു് നിശ്ശബ്ദമായി കരഞ്ഞുതുടങ്ങി. ഞാൻ വന്നതിൻെറ ഉദ്ദേശം ശാന്തമായി പിന്നെയും വ്യക്തമാക്കി. രാഖാൽബാബുവിൻെറ ഭാര്യ ഇത്രയുമായപ്പോൾ പുറത്തേയ്ക്കിറങ്ങി എൻെറമുമ്പിൽ വന്നുനിന്നു് കരഞ്ഞുംകൊണ്ടു പറഞ്ഞു: "അവിടുന്നു് എൻെറ ചേട്ടനെപ്പോലെയാണു്. ഞങ്ങളുടെ ഈ ആപത്തുസമയത്തു് ഭഗവാൻ അങ്ങയെ ഇങ്ങോട്ടയച്ചുതന്നതുതന്നെയാണു്."

ഓരോന്നു പറഞ്ഞുപറഞ്ഞു് എനിക്കു മനസ്സിലായി ഈ ബംഗാളി കുടുംബം ഒന്നുമില്ലാതെ നിസ്സഹായരായി ഈ വിദേശവനത്തിൽ വന്നുചേർന്നതാണെന്നു്. രാഖാൽബാബു ഒരു വത്സരത്തിനുമേലായി കിടപ്പായിട്ടു്. അദ്ദേഹത്തിൻെറ ചികിത്സയ്ക്കും വീട്ടുചെലവിനുമായി സമ്പാദിച്ചുവച്ചിരുന്നതെല്ലാം ചെലവായിപ്പോയി. അദ്ദേഹത്തിൻെറ ശ്രാദ്ധാദികർമ്മങ്ങൾ നടത്താൻ ഇപ്പോൾ ഒരു മാർഗ്ഗവുമില്ല.

ഞാൻ ചോദിച്ചു: "രാഖാൽബാബു വളരെക്കാലമായല്ലോ ഇവിടെ വന്നിട്ട്; എന്നിട്ട് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെ?"

രാഖാൽബാബുവിൻെറ ഭാര്യയുടെ സങ്കോചവും ലജ്ജയും മിക്കവാറും മാറിയിരുന്നു. അവൾ മറുനാട്ടിലാണ്. ഈ ആപൽസന്ധിയിൽ ഒരു ബംഗാളിയെക്കണ്ടപ്പോൾ, മറുകര കാണാൻവയ്യാത്ത സമുദ്രത്തിൽ ഉഴലുന്ന ഒരുവൻ പെട്ടെന്ന് കരകണ്ടതുപോലെയുള്ള ആശ്വാസം അവൾക്കുണ്ടായതായി ആ മുഖഭാവം കണ്ടപ്പോൾ എനിക്കു തോന്നി.

അവൾ പറഞ്ഞു: "ആദ്യം എന്തുസമ്പാദ്യം ഉണ്ടായിരുന്നു എന്നെനിക്കറിഞ്ഞുകൂടാ. എൻെറ വിവാഹം കഴിഞ്ഞിട്ട് പതിനഞ്ചുവർഷമായി—ആദ്യപത്നിയുടെ മരണശേഷമാണ് എന്നെ വിവാഹം ചെയ്തതു്. ഞാൻ വന്നതുമുതൽ ഒരുതരത്തിൽ ജീവിതം കഴിച്ചുപോന്നു എന്നെനിക്കറിയാം. ഇവിടെ വിസിറേറഴ്സ്ഫീസ് പൈസയായിട്ട് വലുതായിട്ടൊന്നും കിട്ടുകയില്ല. വല്ല ഗോതമ്പോ ചോളമോ വല്ലതും തരും. കഴിഞ്ഞവർഷം മകരമാസത്തിൽ അദ്ദേഹം കിടപ്പിലായി. അന്നുമുതൽ ഒരു പൈസപോലും കിട്ടീട്ടില്ല. പിന്നെ ഈ നാട്ടിലുള്ളവർ അത്ര ചീത്തയാളുകളൊന്നുമല്ല. ആരുടെ അടുക്കലെങ്കിലും ചെന്നാൽ വല്ലതും തരും. കിട്ടിയ ഗോതമ്പോ ചോളമോ പയറോകൊണ്ടു് വീട്ടുകാര്യം നടത്തിപ്പോന്നു. അങ്ങനെയാണ് കാര്യം നടന്നുപോന്നതു്. ഇല്ലായിരുന്നെങ്കിൽ എല്ലാരുംതന്നെ പട്ടിണികിടന്നു് മരിച്ചുപോകുമായിരുന്നു."

"നിങ്ങളുടെ അച്ഛൻെറ വീട്ട് എവിടെയാണ്? അവിടെ വിവരം അറിയിച്ചോ?"

രാഖാൽബാബുവിൻെറ ഭാര്യ തെല്ലുനേരം മിണ്ടാതെ നിന്നിട്ട് പറഞ്ഞു: "വിവരം അറിയിക്കാനൊന്നുമില്ല. എന്റെ അച്ഛൻെറ വീട്ട് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. മുർഷിദബാദ്ജില്ലയിൽ ആയിരുന്നെന്നു കേട്ടിട്ടുണ്ടു്. കുട്ടിക്കാലംമുതല്ക്കേ ഞാൻ സാഹേബ്ഗഞ്ജിൽ സഹോദരീഭർത്താവിന്റെ വീട്ടിലായിരുന്നു വളന്നതു്. അച്ഛനമ്മമാർ ആരും ഉണ്ടായിരുന്നില്ല. സഹോദരീഭർത്താവാണ് എന്നെ കല്യാണംകഴിപ്പി

ച്ചയച്ചതു്. അദ്ദേഹവുമായി ഇനിയും എനിക്കെന്തുബന്ധമാണുള്ളതു്?''

''രാഖാൽബാബുവിനു് സ്വജനങ്ങളാരും ഒരിടത്തും ഇല്ലേ?''

''നാട്ടിൽ സ്വന്തത്തിലുള്ളവരെല്ലാം ഉണ്ടെന്നു കേട്ടിട്ടുണ്ടു്. എന്നാൽ അവർ വർത്തമാനങ്ങളൊന്നും ഒരിക്കലും അറിയിച്ചിട്ടില്ല. അദ്ദേഹവും നാട്ടിൽ പോകയോ ഒന്നും ചെയ്തിട്ടില്ല. അവരുമായി സ്വരച്ചേർച്ചയൊന്നും ഇല്ല. അവരെ വിവരം അറിയിക്കുന്നതും അറിയിക്കാത്തതും ഒരുപോലെയാണു്. ഒരു ശ്വശുരസഹോദരൻ കാശിയിലുണ്ടെന്നു കേട്ടിട്ടുണ്ടു്. അദ്ദേഹത്തിൻെറ മേൽവിലാസം ഒന്നും അറിഞ്ഞുകൂടാ.''

ഭയങ്കരമായ നിസ്സഹായാവസ്ഥ! സ്വന്തമായിട്ടാരുമില്ല. ഈ ആരോരുമില്ലാത്ത വിദേശത്തു് രണ്ടുമൂന്നു ചെറിയ കുട്ടികളേയുംകൊണ്ടു് ആരുടേയും സഹായമില്ലാതെ കഴിക്കാൻ വകയൊന്നുമില്ലാത്ത ഈ വിധവയുടെ കാര്യമോർത്തു് മനസ്സു നന്നാ ഇടിഞ്ഞുപോയി. അപ്പോഴത്തെ ആവശ്യത്തിനു് എന്തെങ്കിലും ചെയ്യേണ്ടതു് ഉചിതമാണെന്നുകരുതി. കച്ചേരിയിൽ വന്നു് ഹെഡ്ഡാഫീസിലേക്കു കത്തെഴുതി,കുറഞ്ഞതു് ഒരു നൂറു രൂപായെങ്കിലും സഹായധനമായി കൊടുക്കണമെന്നു്. അങ്ങനെ അനുവദിച്ചുകിട്ടിയ നൂറുരൂപാകൊണ്ടു് രാഖാൽബാബുവിൻെറ ശ്രാദ്ധവും ഒരുവിധം ഭംഗിയായി നടത്തിക്കൊടുത്തു.

ഇതിനുശേഷം കുറേപ്രാവശ്യംകൂടി രാഖാൽബാബുവിൻെറ വീട്ടിൽപ്പോയി. സ്റ്റേററിൽനിന്നും മാസം പത്തുരൂപാ വേതനം അനുവദിപ്പിച്ചു. ആദ്യത്തേത്തവണ രൂപാകൊടുക്കാൻ ഞാൻതന്നെയാണു പോയതു്. ചേട്ടത്തി വേണ്ടവണ്ണം ഉപചരിച്ചു; വളരെക്കാര്യങ്ങൾ സ്നേഹപൂർവ്വം പറയുകയും ചെയ്തു. ഈ വിദേശത്തു് അവരുടെ സ്നേഹോപചാരങ്ങൾ എനിക്കു വളരെ സുഖകരമായിത്തോന്നി. അതിൻെറ ആകർഷണത്താൽ സമയം കിട്ടിയപ്പോഴെല്ലാം ഞാൻ അവിടെ പൊയ്ക്കൊണ്ടിരുന്നു.

ലബ്ടുലിയായുടെ വടക്കേ അരികിലായി വളരെ വലിയ ഒരു ജലാശയം ഉണ്ടു്. ഈവിധത്തിലുള്ള ജലാശയത്തിനു് ഈ നാട്ടിൽ കുണ്ഡി എന്നു് പറയും. ഈ ജലാശയത്തിൻെറ പേരു് സരസ്വതീകുണ്ഡി എന്നാണു്.

സരസ്വതീകുണ്ഡിയുടെ അപ്പുറത്തു് മൂന്നുവശത്തും നിബിഡമായ വനമാണു്. ഇത്തരം വനം ഞങ്ങളുടെ കച്ചേരി ഭാഗത്തോ ലബ്ടുലിയായിലോ ഇല്ല. ഈ വനത്തിൽ വളരെ വലിയ വൃക്ഷങ്ങൾ ഒരുമിച്ചു് ചേർന്നുനില്ക്കുകയാണു്.—ജലത്തിൻെറ സാന്നിദ്ധ്യംകൊണ്ടോ മററേതെങ്കിലും കാരണത്താലോ വനത്തിൻെറ അടിഭാഗത്തു് പലവിധത്തിലുള്ള ലതാപല്ലവങ്ങളുടേയും വനകുസുമങ്ങളുടേയും തിക്കുംതിരക്കും ആണു്. ഈ വനം വിശാലമായ സരസ്വതീതടാകത്തിലെ നീലജലത്തെ മൂന്നുവശത്തുനിന്നും അർദ്ധചന്ദ്രാകാരത്തിൽ വലയംചെയ്തിരിക്കുകയാണു്, ഒരു വശം തുറന്നും—അവിടെനിന്നും പൂർവ്വദിക്കിലേയ്ക്കു് ബഹുദൂരം വ്യാപിച്ചിരിക്കുന്ന നീലാകാശവും വിദൂരതയിലെ ശൈലനിരയും കാണാം. അതുകൊണ്ടു് കിഴക്കു പടിഞ്ഞാറൻകോണിലെ തീരത്തിൻെറ ഏതെങ്കിലും ഒരു സ്ഥാനത്തിരുന്നുകൊണ്ടു് ദക്ഷിണഭാഗത്തേയ്ക്കും വാമഭാഗത്തേയ്ക്കും നോക്കിയാൽ സരസ്വതീതടാകത്തിൻെറ അസുലഭമായ സൗന്ദര്യം ശരിക്കു് കാണാവുന്നതാണു്. വാമഭാഗത്തേയ്ക്കു് നോക്കിയാൽ ദൃഷ്ടി ഇടതൂർന്നവനാന്തരത്തിലേയ്ക്കു് തുളച്ചുതുളച്ചു കയറിയിട്ടു് ഘനനിബിഡമായ സസ്യശ്യാമളതയിൽ സ്വയം പരാജിതമായി പിൻവാങ്ങിപ്പോരും; ദക്ഷിണഭാഗത്തേയ്ക്കു നോക്കിയാൽ സ്വച്ഛമായ നീലജലത്തിൻെറ അപ്പുറത്തായി ബഹുദൂരം പരന്നുകിടക്കുന്ന ആകാശത്തിൻെറയും ശൈലനിരയുടെയും ചിത്രം മനസ്സിനെ ബലൂണിനെപ്പോലെ ഊതിവീർപ്പിച്ചു് ഭൂമിയുടെ മണ്ണിൽനിന്നും പറത്തിക്കളയും.

ഇവിടെ ഒരു ശിലാഖണ്ഡത്തിൻെറ മുകളിൽ എത്രയോ ദിവസം ഞാൻ തനിച്ചുപോയിരുന്നിട്ടുണ്ടു്. ചിലപ്പോഴെല്ലാം വനാന്തരത്തിൽ തന്മയചിത്തനായി നടക്കാറുണ്ടു്. എത്രയോ മാമരങ്ങളുടെ തണലിലിരുന്നു് പക്ഷികളുടെ പാട്ടുകേട്ടിട്ടുണ്ടു്.

ചിലപ്പോൾ കുററിച്ചെടികളിൽനിന്നും കാട്ടുവള്ളികളിൽനിന്നും പൂക്കൾ പറിച്ച് സംഗ്രഹിച്ചിട്ടുണ്ട്. ഇവിടെ ഞങ്ങളുടെ ഭാഗത്തില്ലാത്ത എത്രയോജാതി പക്ഷികളുടെ പാട്ടുകേൾക്കാം. പലതരത്തിലുള്ള പഴങ്ങൾ തിന്നാൻകിട്ടുന്നതുകൊണ്ടും ഉയരംകൂടിയ മരങ്ങളിൽ കൂടുകെട്ടാൻ സൗകര്യമുള്ളതുകൊണ്ടും ആയിരിക്കാം സരസ്വതീതടാകതീരത്തിൽ പക്ഷികൾ വളരെ അധികം ഉള്ളത്. വനത്തിൽ പലജാതിപ്പൂക്കളും വിടിരുന്നുണ്ട്.

സരസ്വതീതീരത്തിലെ നിബിഡമായ വനത്തിന് ഏതാണ്ട് മൂന്നുമൈലിൽപ്പരം നീളവും ഒന്നൊന്നരമൈൽ വീതിയും വരും. തടാകതീരത്തുകൂടി വനാന്തരത്തിലെ വൃക്ഷലതാദികളുടെ തണലുകൾ കടന്നുകടന്ന് ഒരു താണവഴി ഒരറ്റം മുതൽ മറേറ അററംവരെ പോകുന്നുണ്ട്—ഈ വഴിയേ ഞാൻ സഞ്ചരിച്ചിട്ടുണ്ട്. തരുലതാദികളുടെ ഇടയിൽക്കൂടി സരസ്വതീതടാകത്തിലെ നീലജലവും അതിൻെറ മുകളിൽ കമഴ്ന്നുകിടക്കുന്ന വിദൂരനീലാകാശവും ദിഗന്തലീനമായ ശൈലശ്രേണിയും ഞാൻ കണ്ടിട്ടുണ്ട്. 'ശ്ശു ശ്ശു' എന്നു് കുളിർകാററടിക്കും, പക്ഷികൾ പാടും, കാട്ടുപൂക്കളുടെ പരിമളം പരക്കും.

ഒരുദിവസം ഒരു മരക്കൊമ്പിൽ കയറിയിരുന്നു. എനിക്കുണ്ടായ ആനന്ദത്തിന് ഒരു സാദൃശ്യവും ഇല്ല. എൻെറ തലയ്ക്കുമീതെ മാമരങ്ങളുടെ നിബിഡമായ പത്രരാശി, അതിൻെറ ഇടകളിൽക്കൂടി കാണാവുന്ന ആകാശത്തുണ്ടുകൾ, വമ്പിച്ച ഒരു വള്ളിയിൽ തൂങ്ങിത്തൂങ്ങി ആടിക്കൊണ്ടിരുന്ന പൂങ്കുലകൾ, പാദത്തിന് വളരെ താഴെയായി നനഞ്ഞമണ്ണിൽ കിളുത്തുനിന്നിരുന്ന കുമിളുകൾ—എത്ര മനോഹരമാണിതെല്ലാം! ഇവിടെ വന്നിരുന്നുകൊണ്ട് ചിന്തിക്കാൻമാത്രം ആഗ്രഹിച്ചിരുന്നു. ഏതെല്ലാം തരത്തിലുള്ള എത്ര പുതുമയേറിയ അനുഭൂതികളാണ് എൻെറ മനസ്സിൽ വന്നുകൂടിയത്! മനസ്സിൻെറ അഗാധതലത്തിൽ ഒരുതരം അവബോധചേതന അഗാധതയിൽനിന്നും മന്ദംമന്ദം ഉപരിതലത്തിലേയ്ക്കു് ഉയൎന്നുവന്നു് മനസ്സിനെ വികസിപ്പിച്ച് ഉയൎത്തുകയാണ്. അഗാധമായ ആനന്ദരൂപം കൈക്കൊണ്ടാണ് അതു വരുന്നത്. ഓരോ വൃക്ഷ

ത്തിൻെറയും ലതയുടെയും ഹൃദയസ്പന്ദനം സ്വയം ഹൃദയരക്ത സ്പന്ദനത്തിൽ അനുഭവിക്കാവുന്നതാണ്.

ഞങ്ങളുടെ കച്ചേരിയിരിക്കുന്ന പ്രദേശത്തെ പക്ഷികൾക്ക് ഇത്രയും വൈവിദ്ധ്യം ഇല്ല. അവിടം തികച്ചും ഭിന്നമായ ജഗത്താണെന്നും അവിടുത്തെ വൃക്ഷലതാദികളും ജീവജന്തുക്കളും ഭിന്നജാതിയിലുള്ളവയാണെന്നും എനിക്ക് തോന്നിപ്പോയി. സാധാരണ നമുക്ക് പരിചയമുള്ള സ്ഥലങ്ങളിൽ വസന്താഗമം ഉണ്ടാകുമ്പോൾ ലബ്ടുലിയായിൽ ഒരു കുയിൽ പോലും പാടുകയില്ല, വസന്തത്തിൽ കാണാറുള്ള ഒരു ഒററപ്പുവുപോലും പ്രത്യക്ഷമാകുകയില്ല. അതു് പരുഷവും കക്ശവും ആയ ഭൈരവീമൂർത്തിയാണ്. സൗമ്യവും സുന്ദരവുംതന്നെ, പക്ഷേ, മാധുര്യ്യഹീനമാണ്—അതിൻെറ വിശാലതയിലും രൂക്ഷതയിലും മനസ്സ് വിഹ്വലമായിത്തീരും. അതു് കോമളസ്വരം വർജ്ജിച്ചിട്ടുള്ള ഖാഡവജാതി മാലകൗശ രാഗമോ ചൗതാളത്തിലുള്ള ധ്രുപദരാഗമോ ആണ്, മധുരസ്വരങ്ങളിൽ ഏതെങ്കിലും ഒന്നിൻെറ അരികിൽപ്പോലും പദാർപ്പണം ചെയ്തു് സഞ്ചരിക്കുന്നില്ല—രാഗത്തിൻെറ ഗംഭീരവും ഉദാത്തവും ആയ രൂപത്തിൽ മനസ്സിനെ മറെറാരുതലത്തിൽ കൊണ്ടുചെന്നെത്തിക്കുന്നതാണ്.

സരസ്വതീതീരം 'ഠുംരീ'സംഗീതമാണ്. അതു് മധുരസ്വരത്തിൽ മധുരകോമളമായ വിലാസത്താൽ മനസ്സിനെ മൃദുലവും സ്വപ്നമയവും ആക്കി ഉയർത്തുന്നു. നീരവമായ മദ്ധ്യാഹ്നത്തിൽ കുംഭംമീനമാസത്തിൽ ഇവിടുത്തെ തീരതരുക്കളുടെ തണലിൽ ഇരുന്നുംകൊണ്ടു് പക്ഷികളുടെ കളകൂജനം കേട്ടുകേട്ടു് മനസ്സ് എത്രയോദൂരെ എവിടെയോ ചലിച്ചുപോയിട്ടുണ്ടു്. കാട്ടുവേപ്പിൻെറ സുരഭിലസുമങ്ങളുടെ പരിമളംപുരണ്ട കുളിർകാററിൽ മനം കുളിർത്തിട്ടുണ്ടു്; ലിലിപ്പൂക്കൾ ജലത്തിൽ വിരിഞ്ഞുപൊന്തി നിൽക്കുന്നതു് കണ്ടിട്ടുണ്ടു്. എത്രയോനേരം അവിടെ ഇരുന്നിട്ടു സന്ധ്യയ്ക്കുശേഷം തിരിച്ചുപോന്നിട്ടുണ്ടു്.

നാഢാബയിഹാരം കുടിയാനവന്മാക്ക് പാട്ടത്തിനു കൊടുക്കാൻവേണ്ടി സർവ്വേചെയ്തുകൊണ്ടിരിക്കുകയാണ്. സർവ്വയറന്മാക്ക് നിർദ്ദേശംകൊടുക്കാൻ മിക്കദിവസവും എനിക്ക് അവിടെ പോകേണ്ടിവന്നു. മടങ്ങുമ്പോൾ ഒരു രണ്ടുമൈൽ ദൂരം

തെക്കുകിഴക്കായി ഒന്നു ചുററിക്കറങ്ങുക പതിവാക്കി: സരസ്വതീതീരത്തിലെ ഈ വനഭൂമിയിൽ കയറി വനച്ഛായയിൽക്കൂടി ഒന്നു നടക്കാനുള്ള മോഹംകൊണ്ടുമാത്രം.

അന്നു് തിരിച്ചുപോരുമ്പോൾ മണി മൂന്നായി. എരിവെയിലിൽ ചുട്ടുപഴുത്ത വിസ്തൃതമായ മൈതാനം കടന്നു് വിയത്തൊലിച്ചുകൊണ്ടു് വനാന്തരത്തിൽ പ്രവേശിച്ചു് നല്ല തണലിൽക്കൂടി ജലാശയത്തിൻെറ അരികുവരെ എത്തി. മൈതാനത്തിൻെറ അതിർത്തിയിൽനിന്നും സരസ്വതീതീരത്തെത്താൻ ഏതാണ്ടു് ഒന്നരമൈലിൽ കുറയുകയില്ല. ചില സ്ഥലങ്ങളിൽ അതിൽ കൂട്ടുതലും ഉണ്ടു്. ഒരു മരക്കൊമ്പിൽ കുതിരയെ കെട്ടിയിട്ടു് തിങ്ങിവളർന്നുനിന്ന ഇലപ്പടർപ്പിനടിയിൽ ഓയിൽ ക്ലോത്തു് വിരിച്ചു് നീണ്ടുനിവർന്നു കിടന്നു. ചുററിലും നിന്നിരുന്ന ഗുല്മലതാദികളാൽ വലയംചെയ്യപ്പെട്ടിരുന്നതിനാൽ പുറത്തുനിന്നുകൊണ്ടു് എന്നെ ആർക്കും കാണാൻകഴിയുകയില്ല. രണ്ടുകൈ ഉയരത്തിലായി ചില്ലപ്പടർപ്പുകൾ, മരത്തടിപോലെ വളരെ തടിച്ചു് ബലിഷ്ഠമായതണ്ടുള്ള ഏതോ ഒരുതരം വള്ളി കയറി ചുററിപ്പിണഞ്ഞിട്ടു് ഒരു മേൽക്കൂര തീർത്തിട്ടുണ്ടു്—ഏതോ ഒരു ചെടിയിൽനിന്നും ഏതാണ്ടു് ഒരുകൈ നീളമുള്ള, വനസീമംപോലെ കടുംപച്ചയായ, ഒരു കായു് മിക്കവാറും എൻെറ നെഞ്ചിനുമുകളിലായി തൂങ്ങിയാടുന്നു. വേറേ ഒരു ചെടിയുടെ ഇലച്ചിൽകൊണ്ടു് പടർപ്പിൻെറ മിക്കവാറും പകുതിഭാഗം മൂടിയിരിക്കുകയാണു്. അതിൽ കൊച്ചുകൊച്ചു പൂക്കൾ ഉണ്ടായിട്ടുണ്ടു്. അടുത്തു ചെന്നില്ലെങ്കിൽ കാണാൻപാടില്ലാത്തവണ്ണം അത്ര ചെറിയ പൂക്കളാണു് അവ. എന്നാൽ ആ പൂക്കൾക്കു് വളരെ രൂക്ഷമായ സുഗന്ധമാണു്. ഇലപ്പടർപ്പിനടിയിലെ ഈ രഹസ്യസങ്കേതം ആ അജ്ഞാതമായ കാട്ടുപൂവിൻെറ മണംകൊണ്ടു് നിറഞ്ഞിരിക്കുന്നു.

മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണല്ലോ, സരസ്വതീതീരത്തേ വനം പക്ഷികളുടെ സങ്കേതമാണെന്നു്. ഇവിടുത്തെ വനത്തിൽ എത്ര പക്ഷികളാണുള്ളതു്! ഏതെല്ലാംതരത്തിൽ, ഏതെല്ലാം നിറത്തിൽ ഉള്ള പക്ഷികൾ!—ശ്യാമ, ശാലിം, വനശുകം, വനടിട്, ഫെസൻ്റക്രോ, ചടകം, ഹാരാതാര, വന്യകപോതം, ഹരിതം, ഉയർന്ന മരങ്ങളുടെ മണ്ടയിൽ ബാജബൗരി,

പറന്നു്, കുല്ലൊ—സരസ്വതീനീലജലത്തിൽ, ബകം, സില്ലി, അരുണഹംസം, മാണികപ്പക്ഷി, കാക്ക തുടങ്ങിയ ജലചരപക്ഷികൾ. ഇലപ്പടർപ്പിൻെറ ഉപരിഭാഗം പക്ഷികളുടെ കാകളീനിനദംകൊണ്ടു് മുഖരിതമായിത്തീൎന്നു. അവയുടെ ഉല്ലാസഭരിതമായ, അൎത്ഥശൂന്യമായ കൂജനം വിരക്തികരമാണു്. വളരെസമയത്തേയ്ക്കു് മനുഷ്യനെ അവർ വകവയ്ക്കുന്നതേയില്ല. ഞാൻ കിടക്കുന്നതു് അവർ കാണുന്നുണ്ടു്. എൻെറ നാലുവശത്തും രണ്ടു രണ്ടരകൈ ദൂരെ തൂങ്ങിക്കിടക്കുന്ന മരക്കൊമ്പുകളിലും വള്ളികളിലും ഇരുന്നു് അവർ 'കീച്ച കീച്ച' എന്നു ചിലച്ചുകൊണ്ടിരിക്കുകയാണു്. എൻെറനേരെ ഒന്നു കടാക്ഷിക്കുകപോലും ചെയ്യുന്നില്ല.

പക്ഷികൾ ഇങ്ങനെ സങ്കോചമില്ലാതെ സഞ്ചരിക്കുന്നതിൽ എനിക്കു് വളരെ രസം തോന്നി. ഞാൻ എഴുന്നേററിരുന്നു നോക്കി; അവർ ഭയപ്പെടുന്നില്ല. ഒരെണ്ണം പറന്നുപോയിരിക്കാം; എന്നാൽ എല്ലാവരുംകൂടി നാടുവിട്ടോടിയില്ല. കുറച്ചു കഴിഞ്ഞു് ആടിയാടി ചിലച്ചുംകൊണ്ടു് എൻെറ ഏററവും അടുത്തു വന്നുകൂടി.

ഇന്നു് ഇവിടെ ആദ്യമായിട്ടു് ഞാൻ ഒരു മാനിനെ കണ്ടു. ഞങ്ങളുടെ എസ്റ്റേററിലെ കാട്ടിൽ മാൻ ഉണ്ടെന്നു കേട്ടിരുന്നു. എന്നാൽ ഇതിനുമുൻപു് ഒരിക്കലും കാണാൻ ഇടയായിട്ടില്ല.

ഞാൻ കിടക്കുകയാണു്—പെട്ടെന്നു് എന്തിൻെറയോ കാലടിയുടെ ഒച്ചകേട്ടു് എഴുന്നേററിരുന്നു്, തലയ്ക്കുമുകൾഭാഗത്തേയ്ക്കു നോക്കിയപ്പോൾ കുററിക്കാടുകളുടെ മറവിൽ, കടക്കാൻ വഴിയില്ലാത്ത ഒരു സ്ഥലത്തായി, ഞെങ്ങിഞെരുങ്ങി കെട്ടിപ്പിണഞ്ഞു കിടന്നിരുന്ന വള്ളിയിലകളുടെയിടയിൽ ഒരു മാൻ വന്നുനിൽക്കുന്നതായി കാണായി. ഞാൻ സൂക്ഷിച്ചുനോക്കി; വലിയ മാനല്ല, മാൻകിടാവു്. അതു് എന്നെ കണ്ടിട്ടു് അനന്തരം വലിയ വലിയ കണ്ണുകൾ തുറിച്ചു് എൻെറനേരേ നോക്കിനിൽക്കുകയാണു്; ഇതെന്തൊരത്ഭുതജീവിയാണെന്നു് വിചാരിക്കുകയായിരിക്കാം.

കുറേനിമിഷങ്ങൾ ഇരുവരും സ്തബ്ധരായി നിശ്ചലരായി കഴിച്ചുകൂട്ടി.

ഒരു അരമിനിട്ടുകഴിഞ്ഞു് എന്നെ നല്ലവണ്ണം കാണാൻ

വേണ്ടി എന്നവണ്ണം കുറച്ചുകൂടി മുന്നോട്ടുവന്നു. അതിൻെറ കണ്ണിൽ മനുഷ്യശിശുവിൻെറ കണ്ണിലെന്നപോലെതന്നെ ഔത്സുക്യവും ജിജ്ഞാസയും കാണാനുണ്ട്. കുറച്ചുകൂടി അടുത്തു വരാനാണോ ഭാവം എന്നറിഞ്ഞുകൂടാ; ആ സമയത്ത് എന്റെ കുതിര കാലൊന്നിളക്കി കുടഞ്ഞു; ഇതുകണ്ട് മാൻകിടാവ് ഭയചകിതമായി കാട്ടിനിടയിൽക്കൂടി അതിൻെറ തള്ളയെ വിവരമറിയിക്കാനെന്നവണ്ണം വെരാണ്ടോടിപ്പോയി.

പിന്നെ വളരെനേരം ആ കാട്ടിനടിയിൽ ഇരുന്നു. തരുഗുല്മലതാദികളുടെ ഇടയിൽക്കൂടി സരസ്വതീതടാകത്തിലെ നീലജലം അർദ്ധചന്ദ്രാകാരത്തിൽ ശൈലനിരയുടെ പാദതലംവരെ വ്യാപിച്ചുകിടക്കുന്നതുപോലെ കാണപ്പെട്ടു. നീലാകാശം; മേഘലേശംപോലും ഇല്ല ഒരു ദിക്കിലും—തടാകത്തിലെ ജലചരപക്ഷികൾ കളരവവും ലഹളയും യുദ്ധവും തുടങ്ങീട്ടുണ്ട്. പ്രായംചെന്ന ഗംഭീരനായ ഒരു മാണികപ്പക്ഷി തീരവർത്തിയായ ഒരുയൎന്നമരത്തിന്റെ തുഞ്ചത്തിൽ ഇരുന്നുംകൊണ്ട് തന്റെ വിരക്തി വിളിച്ചുപാടിക്കൊണ്ടിരിക്കുന്നു. വെള്ളത്തിനടുത്തുനില്ക്കുന്ന ഒരു വലിയ മരത്തിൻെറ മണ്ടയ്ക്ക് കൊക്കുകൾ സംഘം ചേൎന്നിരിപ്പുണ്ട്. ദൂരെനിന്നും നോക്കിയാൽ വെള്ളപ്പൂങ്കുലകൾ വിടൎന്നുനിൽക്കുന്നതായി തോന്നും.

വെയിൽ ക്രമത്തിൽ ചുവന്നുവന്നു.

അക്കരെ ശൈലശൃംഗം താമ്രാഭമായിത്തീൎന്നു. ബകസംഘം ചിറകടിച്ചു പറന്നുതുടങ്ങി. വൃക്ഷങ്ങളുടെ ഉയൎന്ന ശിഖരങ്ങളിലേയ്ക്ക് വെയിൽ ഉയൎന്നുപോയി. പക്ഷികളുടെ കൂജനം കൂടിക്കൂടിവന്നു; അജ്ഞാതമായ ആ കാട്ടുപൂക്കളുടെ സൗരഭ്യം വർദ്ധിച്ചുവന്നു. സായംകാലത്തെ ഛായയിൽ ഗന്ധം കൂടുതൽ ഉഗ്രമായും കൂടുതൽ മധുരമായും തീൎന്നിരിക്കുന്നു. ഒരു കീരി കുറച്ചുദൂരെ തല ഉയൎത്തി എൻെറനേരേ തുറിച്ചുനോക്കിക്കൊണ്ടുനില്ക്കുന്നു.

എന്തൊരു ഏകാന്തമായ ശാന്തി! എത്ര അത്ഭുതകരമായ ഏകാന്തത! ഇവിടെ ഞാൻ ഏതാണ്ട് മൂന്നരമണിക്കൂറിൽ കുറയാതെ കഴിച്ചുകൂട്ടി—പക്ഷികളുടെ കളകൂജനവും അവയുടെ കാലുകൾകൊണ്ടു ചുള്ളിക്കമ്പുകളിൽ ഉണ്ടാക്കിയ ഒച്ചയും ഉണങ്ങിയ ഇലകളും വള്ളിനുറുക്കുകളും വീഴുന്ന ശബ്ദവും മാത്രമ

ല്ലാതെ മറെറാന്നും കേൾക്കാനില്ല. ഒരിടത്തും മനുഷ്യന്റെ ഒരു ചിഹ്നവും ഇല്ല.

മാമരങ്ങളുടെ ശീഷ്ഭാഗങ്ങൾ വിവിധവും വിഭിന്നവും ആയ രൂപം കൈക്കൊണ്ടിരിക്കുന്നു. ഈ സന്ധ്യാസമയത്ത് സൂര്യൻെറ ചെങ്കതിരുകൾവീണു് അവ അത്ഭുതകരമാംവണ്ണം ശോഭിക്കുന്നുണ്ടു്. അവയിൽ പല വൃക്ഷങ്ങളുടെയും ഉയന്ന ശിഖരങ്ങളിൽ വള്ളികൾ ചുററിച്ചുററി കയറിക്കിടപ്പുണ്ടു്. ഒരുജാതി ലതയെ ഈ നാട്ടിൽ ഭിംയോരാലത എന്നു വിളിക്കുന്നു—ഞാൻ അതിനു് ഭോംരാലത എന്നു പേരുകൊടുത്തു. ഈ വള്ളി കയറുന്ന മരത്തിൻെറ മണ്ടയിൽ അതു സവ്വാംഗവും ചുററിക്കിടക്കും. ഈ സമയത്താണു് ഭോംരാലതക്കു് പൂവു് ഉണ്ടാകുന്നതു്. ചെറിയ ചെറിയ വനജ്യോംയി എന്നവണ്ണം അതു നല്ല വെള്ളപ്പൂക്കൾകൊണ്ടു് എത്രയോ മരങ്ങളുടെ തലയാണു പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. വളരെ ആനന്ദകരമായ സൗരഭ്യം, ഏതാണ്ടു വിടർന്നുനില്ക്കുന്ന കടുകിൻപൂക്കളുടേതു പോലെ—എന്നാൽ അത്ര ഉഗ്രമല്ലതാനും.

സരസ്വതീവനത്തിൽ എത്രയെത്ര വന്യശേഫാലികയാണുള്ളതു്! ശേഫാലികയുടെ പ്രാചുര്യംകൊണ്ടു് ചില സ്ഥലങ്ങളെ ശേഫാലികാവനം എന്നു വിളിക്കാമെന്നു് എനിക്കു തോന്നുന്നു. വലിയ പാറപ്പുറത്തു് ശരല്ക്കാലാഗമനവേളയിലെ പ്രഭാതത്തിൽ ശേഫാലികാസുമങ്ങൾ കൂട്ടംകൂട്ടമായി പൊഴിഞ്ഞുകിടന്നിരുന്നു—ഒരുതരം പരുപരുത്ത നീണ്ട പുല്ലു് പാറയുടെ പാർശ്വങ്ങളിലെല്ലാം—വലിയ മയനാമുൾച്ചെടി, പുല്ലിനോടുചേന്നു് ആശ്ലേഷംചെയ്തുകിടന്നിരുന്നു—മുൾച്ചെടി, പാറ, പുല്ലു് ഇവയിലെല്ലാംതന്നെ കുനകുനയായി ശേഫാലികാപ്പൂക്കൾ—നനവും നല്ല തണലും ഉള്ള സ്ഥാനം—അതുകൊണ്ടു് രാവിലെ വീണ പൂക്കൾ ഇപ്പോഴും ഉണങ്ങിപ്പോയിട്ടില്ല.

സരസ്വതീതടാകത്തെ എത്ര രൂപത്തിലാണു് ഞാൻ കണ്ടതു്! സരസ്വതീതീരത്തിലെ വനത്തിൽ കടുവാ ഉണ്ടെന്നാണു് പരക്കെ ഉള്ള സംസാരം. ചന്ദ്രികയുള്ള രാത്രിയിൽ സരസ്വതിയുടെ വിസ്തൃതമായ ജലരാശിയുടെ, വെണ്ണിലാവിൽ കുളിച്ച സൗന്ദര്യംകാണാനുള്ള മോഹംകൊണ്ടു് രാസപൗർണ്ണമിദിവസം, തഹശീൽദാർ ബനോയാരിലാലിന്റെ കണ്ണിൽ

മണ്ണിട്ടിട്ട് ആസംബാദ് ജില്ലാകച്ചേരിയിൽ പോകുന്നു എന്നുള്ള വ്യാജേന ലബ്ട്ടലിയാ താലൂക്കുകച്ചേരിയിൽനിന്നു് രഹസ്യമായി ഒററയ്ക്കു കുതിരപ്പുറത്തുകയറി ഇവിടെ വന്നിട്ടുണ്ടു്.

കട്ടവായയെ കണ്ടതേയില്ല. എന്നാൽ ഇവിടെ മായാവികളായ വനദേവതമാർ, അർദ്ധരാത്രിക്കു്, നിലാവിൽക്കുളിച്ച ജലാശയത്തിൽ ജലകേളിക്കായി വന്നിറങ്ങുമെന്നു് സത്യമായിട്ടും ഞാൻ വിചാരിച്ചിരുന്നു. നാലുപാട്ടും നിശ്ശബ്ദവും നിശ്ചലവും ആണു്. കിഴക്കേത്തീരത്തെ നിബിഡമായ വനത്തിൽ കുറുനരിയുടെ വിളിമാത്രം കേൾക്കാമായിരുന്നു—വിദൂരസ്ഥമായ ശൈലനിരയും വനശീർഷവും മങ്ങിക്കാണാം. ചന്ദ്രികയുടെ തണുപ്പുപററിയ കാററിൽ തരുഗുല്മങ്ങളുടേയും ഭോംരാലതയുടേയും നൈശപുഷ്പങ്ങളുടെ മൃദുലസൗരഭ്യം. എന്റെ കൺമുമ്പിൽ വനപവൃതങ്ങളാൽ വലയംചെയ്യപ്പെട്ട നിസ്തരംഗമായ വിശാലജലാശയത്തിന്റെ മാറിടത്തിൽ ഹൈമന്തീപൗർണ്ണമിയിലെ വെട്ടിത്തിളങ്ങുന്ന ചന്ദ്രിക...പരിപൂർണ്ണം, ഛായാഹീനമായ ജലത്തിന്റെ ഉപരിഭാഗത്തു വീഴുന്ന ചെറിയ ചെറിയ വീചീമാലയിൽ പ്രതിഫലിക്കുന്ന അഭൗമമായ ദേവലോകചന്ദ്രിക! ഭോംരാലതയുടെ വെള്ളപ്പൂക്കളാൽ ആച്ഛാദിതമായ വലിയ തരുശീർഷങ്ങളിൽ വെണ്ണിലാവു പരന്നതു് വനദേവതമാരുടെ വെള്ളവസ്ത്രങ്ങൾ പറന്നുകൊണ്ടിരിക്കുന്നതാണെന്നു് എനിക്കു തോന്നിപ്പോയി.

വേറെ ഒരുജാതി പതംഗം നാനാത്വമില്ലാതെ ചീവീടുകളെന്നവണ്ണം 'ഢിം, ഢിം' എന്നിങ്ങനെ ആവർത്തിച്ചുകൊണ്ടിരുന്നു. ഒന്നുരണ്ടു് ഇലകൾ വീഴുന്ന ശബ്ദമോ 'ഖസ്, ഖസ്'' എന്നു് കരിയിലകളുടെ മുകളിൽക്കൂടി വന്യജന്തു ഓടുന്ന ശബ്ദമോ....

വനദേവതമാർ ഞങ്ങൾ ഇരിക്കുമ്പോൾ ഇനിയും വരികയില്ലെന്നോ! രാത്രി എത്ര ഇരുട്ടിക്കഴിഞ്ഞിട്ടാണു് അവർ വരുന്നതെന്നു് ആർക്കറിയാം. എനിക്കു് വളരെ രാത്രിയാകുന്നതുവരെ തണുപ്പുസഹിക്കാൻ നിവൃത്തിയില്ല. കുറെ മണിക്കൂർ സമയം അവിടെ ഇരുന്നിട്ടു തിരിച്ചു യാത്രയായി.

സരസ്വതീതടാകത്തിലെ ഈ യക്ഷികളുടെ കഥ ഇവിടെവച്ചുതന്നെയാണു് ഞാൻ കേട്ടതു്.

കർക്കടകമാസത്തിൽ ഒരുദിവസം ഞങ്ങളുടെ വടക്കേ അതിർത്തിയിലെ സർവ്വേക്യാമ്പിൽ എനിക്കു് ഒരു രാത്രി കഴിച്ചുകൂട്ടേണ്ടതായിവന്നു. എൻെറകൂടെ ആമീൻരഘുവരപ്രസാദനും ഉണ്ടായിരുന്നു. അയാൾക്കു് മുമ്പു് സർക്കാർജോലിയായിരുന്നു. മോഹനപുരാ റിസേർവ്ഫോറസ്ററുമായും ഈ പ്രദേശത്തെ വനവുമായും അയാൾക്കു് ഇരുപത്തഞ്ചുമുപ്പതുവർഷത്തെ പരിചയമുണ്ടു്.

അയാളുടെ അടുത്തു് ഞാൻ സരസ്വതീതടാകത്തിൻെറ കാര്യം പറഞ്ഞപ്പോൾ അയാൾ പറഞ്ഞു: "അങ്ങുന്നേ! അതു് മായാസരസ്സാണു്. രാത്രിയിൽ അവിടെ സുരലോകസുന്ദരികൾ ഇറങ്ങാറുണ്ടു്. നിലാവുള്ള രാത്രിയിൽ അവർ കുന്നിൻമുകളിലുള്ള ഈ പാറപ്പുറത്തെല്ലാം വസ്ത്രങ്ങൾ അഴിച്ചുവെച്ചിട്ടു വെള്ളത്തിൽ ഇറങ്ങും. അപ്പോൾ അവരെ ആരെങ്കിലും കണ്ടാൽ അയാളെ വഞ്ചിച്ചു് വെള്ളത്തിലിറക്കി കൊന്നുകളയും. ചന്ദ്രികയിൽ ഈ ദേവതകളുടെ മുഖം വെള്ളത്തിൻെറ മുകളിൽ അവിടവിടെയായി സരസീരുഹങ്ങളെപ്പോലെ വികസിച്ചുനില്ക്കുന്നതായി കാണാം. ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഹെഡ്സർവ്വയർ ഒരുദിവസം കണ്ടത്രെ. അതിൽപ്പിന്നീടു് ഒരുദിവസം സരസ്വതീതീരത്തിലെ വനത്തിൽക്കൂടി സർവ്വേക്യാമ്പിലേയ്ക്കു് പോകുകയായിരുന്നു. അടുത്തദിവസം കാലത്തു് അദ്ദേഹത്തിൻെറ ശവം തടാകത്തിൽ പൊങ്ങിക്കിടക്കുന്നതായി കാണപ്പെട്ടു. വലിയ മത്സ്യങ്ങൾ അദ്ദേഹത്തിന്റെ ഒരു ചെവി കൊത്തിപ്പറിച്ചുകൊണ്ടുപോയിരുന്നു. അങ്ങുന്നു് അവിടെ തനിച്ചിങ്ങനെ പോകരുതേ!"

ഈ സരസ്വതീതീരത്തുവച്ചു് ഒരുദിവസം ഉച്ചയ്ക്കു് ഒരു അത്ഭുതമനുഷ്യനെ കാണാനിടയായി.

സർവ്വേക്യാമ്പിൽനിന്നും ഒരുദിവസം സരസ്വതീതീരത്തേ കാട്ടുവഴിയിൽക്കൂടെ പതുക്കെപ്പതുക്കെ തിരിച്ചുപോരികയായിരുന്നു. വനത്തിനകത്തു് ഒരു മനുഷ്യൻ മണ്ണുമാന്തിക്കൊണ്ടു് എന്തോ ചെയ്തുകൊണ്ടിരിക്കുന്നതായി കണ്ടു. ആദ്യം ഞാൻ വിചാരിച്ചു അയാൾ 'ഭൂമികുമ്ഡാ' മാന്തിയെടുക്കുകയാണെന്നു്. ഭൂമികുമ്ഡാ ലതാജാതിയിലുള്ള ഒരു സസ്യമാണു്. വള്ളിക്കടിയിൽ മണ്ണിൽ കുമ്പളങ്ങായുടെ ആകൃതിയിൽ

അതിന് വലിയ കിഴങ്ങുണ്ടാകുന്നുണ്ട്; മുകളിൽനിന്നും നോക്കിയാൽ ഒന്നും കാണുകയില്ല. ആയുർവ്വേദപ്രകാരമുള്ള ഒരു നല്ല മരുന്നായതുകൊണ്ട് അതു നല്ല വിലയ്ക്കു വില്ക്കാറുണ്ട്. ജിജ്ഞാസകൊണ്ട് കുതിരപ്പുറത്തുനിന്നും ഇറങ്ങി അയാളുടെ അടുത്തു ചെന്നു നോക്കിയപ്പോൾ ഭൂമികുമ്ഡാ അല്ലെന്നു മനസ്സിലായി. സാരമായിട്ടൊന്നും അല്ല,—അയാൾ എന്തിന്റെയോ വിത്തു കുഴിച്ചിടുകയായിരുന്നു.

എന്നെ കണ്ടിട്ട് അമ്പരന്നിട്ടെന്നവണ്ണം എന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. വയസ്സായി; തലയെല്ലാം നരച്ചു. ചണംകൊണ്ടുള്ള ഒരു ചാക്കിനകത്തുനിന്നും ഒരു കൊച്ചുതുമ്പയുടെ അററം പുറത്തേയ്ക്കു തള്ളിനില്ക്കുന്നതായി കണ്ടു; അടുത്ത് ഒരു കമ്പിപ്പാര കിടപ്പുണ്ട്; അവിടവിടെയായി കുറച്ചു കടലാസുപൊതികളും.

ഞാൻ ചോദിച്ചു: "നിങ്ങളാരാണ്; എന്തോന്നാ ഇവിടെ ചെയ്യുന്നതു്?"

അയാൾ പറഞ്ഞു: "അങ്ങുന്നു് മാനേജർബാബു,അല്ലേ?"

"അതെ, നിങ്ങളാരാണു്?"

"നമസ്കാരം! എന്റെ പേരു് യുഗളപ്രസാദൻ. ഞാൻ അങ്ങത്തേയുടെ ലബ്ടുലിയാ പാർവ്വത്യകാരൻ ബനോയാരിലാലിന്റെ ചിററപ്പന്റെ മകനാണു്."

അപ്പോൾ എനിക്കു് ഓർമ്മവന്നു, ബനോയാരിലാൽ ഒരിക്കൽ ഓരോ കാര്യംപറഞ്ഞകൂട്ടത്തിൽ തന്റെ ഈ സഹോദരന്റെ കാര്യംപറഞ്ഞതു്. പറയാനുള്ള കാരണം, ആസംബാദ് ഹെഡ്ഡാഫീസിൽ—അതായതു് ഞാൻ ഇരിക്കുന്നിടത്തു്—ഒരു ക്ലാർക്കിന്റെ സ്ഥാനം ഒഴിവുവന്നു. കൊള്ളാവുന്ന ഒരാളെ വേണമെന്നു് ഞാൻ അയാളോടു പറഞ്ഞിട്ടുണ്ടായിരുന്നു. അയാൾ സങ്കടമായി പറഞ്ഞു: "ആളുണ്ട് എന്റെ സ്വന്തം ചിററപ്പന്റെ മകൻ. പക്ഷേ, അയാൾ ഒരു അത്ഭുതജാതിമനുഷ്യൻ, സാധാരണയുള്ള ജോലിചെയ്യുന്ന കാര്യത്തിൽ വലിയ മടിയൻ; അല്ലായിരുന്നെങ്കിൽ നമുക്കു പററിയ ആളായിരുന്നു. ഇത്രയും വിദ്യാഭ്യാസവും കയേഥീഹിന്ദിയിൽ ഇത്ര നല്ല കൈയക്ഷരവും ഉള്ളവർ ഈ പ്രദേശത്തു് അധികം കാണുകയില്ല."

ഞാൻ ചോദിച്ചു: "എന്തു്? അയാൾ എന്തുചെയ്യുന്നു?"

ബനോയാരി പറഞ്ഞു: "അയാൾ ഒരു കിറുക്കനാണങ്ങുന്നേ, അവിടെയും ഇവിടെയും അങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരുജാതി കിറുക്കൻ. ഒന്നും ചെയ്യുകയില്ല; വിവാഹം കഴിച്ചിട്ടുണ്ടു്. പക്ഷേ, വീട്ടുകാര്യം നോക്കുന്നേയില്ല. വനത്തിലും കാട്ടിലും അങ്ങനെ ചുററിക്കറങ്ങും. പക്ഷേ, സന്യാസിയും മററും അല്ല. ഇങ്ങനെ ഒരുജാതി മനുഷ്യൻ."

അങ്ങനെയാണെങ്കിൽ ബനോയാരിലാലിൻെറ ആ ചിററപ്പൻെറ മകനാണു് ഈയാൾ.

ജിജ്ഞാസ വർദ്ധിച്ചു. ഞാൻ ചോദിച്ചു: "ഇതെന്തോന്നാ അവിടെ കുഴിക്കുന്നതു്?"

അയാൾ അതു് ആരുംകാണാതെ ചെയ്യുകയാണെന്നു് എനിക്കുതോന്നി. ഞാൻ കണ്ടതിൽ പരിഭ്രമിച്ചതുപോലെ ലജ്ജിതനായി പറഞ്ഞു: "ഒന്നുമില്ല, ഇതു്—ഒരു ചെടിയുടെ വിത്താണു്."

ഞാൻ ആശ്ചര്യപ്പെട്ടുപോയി. എന്തൊരു ചെടിയുടെ വിത്തു്? അയാളുടെ സ്വന്തം ഭൂമിയല്ല, ഭയങ്കരമായ കാടു്; ഈ മണ്ണിൽ വിത്തുകൾ സ്വയം വിതരണംചെയ്യപ്പെടുന്നില്ലേ? പിന്നെ ഇതിൻെറ അർത്ഥമെന്താണു്? ഈ കാര്യം ഞാൻ അയാളോടു ചോദിച്ചു.

അയാൾ പറഞ്ഞു: "പല ജാതി വിത്തുകളൊണ്ടു് അങ്ങുന്നേ! പൂർണ്ണിയായിൽ ഒരുദിവസം ഒരു സായ്പിന്റെ തോട്ടത്തിൽ വളരെ സൗന്ദര്യമുള്ള ഒരു ബിലാത്തിലത ഞാൻ കണ്ടു. നല്ല ചുവന്ന പൂവു്; അതിൻെറ വിത്തും, മററു പലതരത്തിലുള്ള കാട്ടുപൂച്ചെടികളുടെ വിത്തും ഉണ്ടു്. ഇതെല്ലാം വളരെ ദൂരെയുള്ള സ്ഥലങ്ങളിൽനിന്നും ശേഖരിച്ചുകൊണ്ടുവന്നിട്ടുള്ളതാണു്. ഇവിടുത്തെ കാട്ടിൽ ഇങ്ങനെയുള്ള പൂച്ചെടികൾ ഒന്നുമില്ല. അതെല്ലാം ഇവിടെ കുഴിച്ചിടുകയാണു്. രണ്ടുവർഷത്തിനകം ഇതെല്ലാം തഴച്ചുവളരും. കാഴ്ചയ്ക്കു വളരെ ഭംഗിയായിരിക്കും."

അയാളുടെ ഉദ്ദേശ്യം മനസ്സിലായപ്പോൾ അയാളിൽ എൻെറ ശ്രദ്ധപതിഞ്ഞു. അണുപോലും സ്വാർത്ഥബുദ്ധിയില്ലാതെ ഒരു വിസ്തൃതമായ വനഭൂവിൻെറ സൗന്ദര്യം വർദ്ധിപ്പി

ക്കാൻവേണ്ടി സ്വന്തം പൈസയും സമയവും ചെലവാക്കുക, സ്വന്തമായി മണ്ണില്ലാത്ത ആ വനത്തിൽ! അത്ഭുതമനുഷ്യൻ!

യുഗളപ്രസാദനെ വിളിച്ച് ഒരു മരച്ചുവട്ടിൽ ഞങ്ങൾ ഇരുവരും ഇരുന്നു. അയാൾ പറഞ്ഞു: "ഞാൻ ഇതിനുമുമ്പും ഇങ്ങനെ ചെയ്തിട്ടുണ്ടങ്ങുന്നേ. ഇന്നു് ലബ്ടുലിയായിലെ വനത്തിൽ കാണുന്ന പൂച്ചെടികളും ലതാപുഷ്പങ്ങളും എല്ലാം പത്തുപന്ത്രണ്ടു വർഷംമുമ്പ് ഞാൻ, ചിലതെല്ലാം പൂർണ്ണിയാ വനത്തിൽനിന്നും ചിലതെല്ലാം ദക്ഷിണഭഗൽപുരത്തെ ലക്ഷ്മീപുരസ്റ്റേററിലെ മലകളിൽനിന്നും കാടുകളിൽനിന്നും കൊണ്ടുവന്നതാണ്. അതെല്ലാംകൂടി ഒന്നിച്ചുചേർന്നതാണ് ഇന്നാക്കാണുന്ന പൂങ്കാവനമെല്ലാം."

"നിങ്ങൾക്കീ ജോലി സുഖമായിട്ടു തോന്നുന്നുണ്ടോ?"

"ലബ്ടുലിയാ ബയിഹാരിലെ കാട് വളരെ സുന്ദരമായ സ്ഥലമാണല്ലോ—ആ ചെറിയ മലഞ്ചരിവുകളിലും മാത്രമല്ല, ഇവിടുത്തെ ഈ വനത്തിലും കുററിക്കാട്ടിലും പുതിയ പുതിയ പൂക്കൾ വികസിപ്പിക്കണമെന്നു് എനിക്കു് വളരെക്കാലം മുമ്പുമുതൽ ഉണ്ടായ ആഗ്രഹമാണ്."

"ഏതു പൂക്കൾ കൊണ്ടുവരാനാണ്?

"അങ്ങുന്നേ, എങ്ങനെയാണ് എന്റെ മനസ്സ് ഈ വഴിക്കു് തിരിഞ്ഞതെന്നു് ആദ്യംതന്നെ കുറച്ചു പറയാം. എന്റെ വീട്ട് ധർമ്മപുരത്താണ്. ഞങ്ങളുടെ നാട്ടിൽ കാട്ടുഭാണ്ഡീരപ്പൂക്കൾ തീരെ ഇല്ലായിരുന്നു. ചെറുപ്പത്തിൽ ഞാൻ കുശീനദിയുടെ തീരംതോറും കന്നിനെ തീററിക്കൊണ്ടു നടന്നു, എന്റെ ഗ്രാമത്തിൽനിന്നും പത്തുപതിനഞ്ചു മൈൽ ദൂരെയായിട്ട്. അവിടെ വനത്തിലും കാട്ടിലും വയലിലും വളർന്നുനിന്നിരുന്ന കാട്ടുഭാണ്ഡീരപ്പൂക്കളുടെ സൗന്ദര്യം എനിക്കു കാണാനിടയായി. അവിടെനിന്നും അതിന്റെ വിത്തു് എടുത്തുകൊണ്ടുപോയി ഞങ്ങളുടെ നാട്ടിൽ നട്ടുപിടിപ്പിച്ചു. ഇപ്പോൾ ഞങ്ങളുടെ പ്രദേശത്തെ വഴിക്കരികിലെ കുററിക്കാട്ടിലും വസതികളുടെ പിന്നിലുള്ള വെന്തമണ്ണിലും സർവ്വത്ര ഭാണ്ഡീരപ്പൂക്കളുടെ വനമാണ്. അന്നുമുതലാണ് ഈ വഴിക്കു് എന്റെ തല തിരിഞ്ഞതു്. ഏതെങ്കിലും തരത്തിലുള്ള പൂക്കളില്ലാത്തിടത്തെല്ലാം ആ പൂച്ചെടികളും മരങ്ങളും ലതകളുംകൊണ്ടു നിറയ്ക്കുക, ഇതാണ്

എൻെറ വിനോദപ്രവത്തനം. ജീവിതംമുഴവൻ ഞാൻ ഇക്കാര്യത്തിൽ ഏർപ്പെട്ടുകൊണ്ടു നടക്കുകയാണ്. ഇപ്പോൾ എനിക്ക് ഇതു് ഒരുതരം ഭ്രാന്തായിപ്പോയി.''

യുഗളപ്രസാദന് ഈ ദേശത്തെ വനങ്ങളിലെ പൂച്ചെടികളേയും സുന്ദരങ്ങളായ തരുലതകളേയുംപററി നല്ല അറിവുണ്ടെന്നു് ഞാൻ മനസ്സിലാക്കി. ഈ വിഷയത്തിൽ ഈയാൾ വിശിഷ്ടജ്ഞാനമുള്ളവനാണെന്നുള്ളതിനു് സംശയമില്ല.

ഞാൻ ചോദിച്ചു: ''എരിസ്റ്റലോകിയാ ലതയേപ്പറ്റി നിങ്ങൾക്കു് വല്ലതും അറിയാമോ?''

അതിൻെറ ആകൃതിയും പ്രകൃതിയും പറഞ്ഞു മനസ്സിലാക്കിക്കൊടുത്തപ്പോൾ അയാൾ പറഞ്ഞു: ''ഹംസലത അല്ലേ? ഹംസംപോലെ ആകൃതിയുള്ള പൂക്കൾതന്നെയല്ലേ? അതു് ഈ നാട്ടിലെ ചെടിയല്ല. പാറ്റ്നായിലെ ബാബുക്കളുടെ പൂന്തോട്ടങ്ങളിൽ ഞാൻ അതു് കണ്ടിട്ടുണ്ടു്.''

അയാളുടെ ജ്ഞാനത്തേപ്പററി ഞാൻ ആശ്ചര്യപ്പെട്ടു. ഈവിധം സൗന്ദര്യാരാധകനായ ഒരുവനെ ഞാൻ അധികമായി കണ്ടിട്ടില്ല. വനംതോറും നല്ല പൂച്ചെടികളുടേയും ലതകളുടേയും വിത്തുകൾ വിതരണംചെയ്യുന്നതുകൊണ്ടു് അയാൾക്കു് സ്വന്തമായി ഒന്നും നേടാനില്ല, ഒരു പൈസപോലും ആദായം ഇല്ല. അയാൾതന്നെ വളരെ പാവപ്പെട്ടവൻ; എന്നിട്ടും വനത്തിൻെറ സൗന്ദര്യസമ്പത്തു് വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമത്തിൽ അയാൾക്കുള്ള അക്ഷീണപരിശ്രമവും ഉദ്വേഗവും വിസ്മയകരംതന്നെ.

എന്നോടു പറഞ്ഞു: ''സരസ്വതീതീരത്തേ വനംപോലെ സുന്ദരമായ വനം ഞാൻ ഈ പ്രദേശത്തു് ഒരിടത്തും കണ്ടിട്ടില്ല, ബാബുജീ. ഏതെല്ലാം ജാതി തരുലതകളാണു് ഇവിടെ ഉള്ളതു്. പിന്നെ ജലത്തിൻെറ ശോഭയോ! അവിടുന്നു് കണ്ടല്ലോ. ആട്ടെ, ഇതിൽ താമര നട്ടാൽ ഉണ്ടാകുമോ, അവിടുത്തേ അഭിപ്രായം എന്തോന്നാ? ധമ്മപുരത്തെ ഗ്രാമങ്ങളിൽ താമരയുള്ള അനേകം കുളങ്ങൾ ഉണ്ടു്. കിഴങ്ങു കൊണ്ടുവന്നു് നടാമെന്നു് വിചാരിക്കുകയാണു്.''

ഇക്കാര്യത്തിൽ അയാൾക്കു് വേണ്ട സഹായം ചെയ്യണമെന്നു് ഞാൻ നിശ്ചയിച്ചു. ഈ വനം പുതിയ പൂച്ചെടികളും

ലതകളും മരങ്ങളുംകൊണ്ടു് അലങ്കരിക്കണമെന്നു് അന്നുമുതൽ എനിക്കു് ഏതാണ്ടൊരു ലഹരി പിടിച്ചതാണു്. യുഗളപ്രസാദനു് ഭക്ഷണത്തിനു് വകയില്ല; കുടുംബത്തിലുള്ളവർ കഷ്ടപ്പെടുകയാണു്, ഇതു് എനിക്കറിയാം. ഹെഡ്ഡാഫീസിലേക്കു് എഴുതി അയാളെ പത്തുരൂപാ ശമ്പളത്തിൽ ആസംബാദ് കച്ചേരിയിലെ ഒരു ക്ലാർക്കായി നിയമിച്ചു.

ആ വർഷം കൽക്കത്തയിൽനിന്നും, ഒട്ടിച്ചേട്ടത്തുണ്ടാക്കിയ വിദേശി കാട്ടുപൂച്ചെടികളുടെ വിത്തുകളും ഡുയാഴ്സ് പർവ്വതത്തിൽനിന്നും ലതകളുടെ കട്ടിംഗും കൊണ്ടുവന്നു് സരസ്വതീതീരവനഭൂമിയിൽ നട്ടു. യുഗളപ്രസാദനു് എന്തൊരു ആഹ്ലാദവും ഉത്സാഹവും ആയിരുന്നെന്നോ? ഈ ഉത്സാഹവും ആഹ്ലാദവും കച്ചേരിയിലുള്ളവരുടെ അടുക്കൽ കാണിക്കരുതെന്നു് ഞാൻ പ്രത്യേകം അയാളോടു പറഞ്ഞിരുന്നു. അയാളെ അവർ ഭ്രാന്തനെന്നു വിളിക്കും, അക്കൂട്ടത്തിൽ എന്നെയും അവർ വിടുകയില്ല. അടുത്ത വർഷത്തെ മഴയേററു് ഞങ്ങൾ നട്ട ചെടികൾ അത്ഭുതകരമായി വളരാൻതുടങ്ങി. സരസ്വതീതീരത്തെ മണ്ണു് വളരെ ഫലഭൂയിഷ്ഠമാണു്. ഞങ്ങൾ നട്ട സസ്യങ്ങളും ഈ നാട്ടിലെ ശീതോഷ്ണസ്ഥിതിക്കു് പററിയതായിരുന്നു. ഒട്ടു ചെടികളുടെ വിത്തിന്റെ പാക്കററിനെസംബന്ധിച്ചു് കുറച്ചു് കുഴപ്പം വന്നുകൂടിയിരുന്നു. ഓരോ പാക്കററിന്റേയും പുറത്തു് അവർ പൂച്ചെടിയുടെ പേരും ഏതെല്ലാം സ്ഥലത്താണു നടേണ്ടതെന്നും ഒററലയിനിൽ പൂച്ചെടിയുടെ ചുരുങ്ങിയ വിവരണവും കൊടുത്തിരുന്നു. നല്ല നിറവും ആകൃതിയും ഉള്ള പൂക്കളുടെ വിത്തുകൾ തിരഞ്ഞെടുത്തു നട്ടു. അവയിൽ വൈററു് ബീം, റെഡ് ക്യാമ്പിയൻ, സ്ടിച്ച് വാർട്ട് എന്നിവ അസാധാരണമായ ഉയരത്തിൽ വളൻ്റു. ഫോക്സ് ഗ്ലവ്, വുഡ് ആനിമോൺ ഇതു രണ്ടും മോശമായില്ല. എന്നാൽ വളരെ പരിശ്രമിച്ചിട്ടും ഡോഗ് റോസിന്റേയും ഹണീസക്കിളിന്റേയും മുളകളെ രക്ഷിക്കാൻ കഴിഞ്ഞില്ല.

മഞ്ഞപ്പൂവുള്ള ഒരുതരം ധുതുരാജാതി ചെടി തടാകത്തിന്റെ തീരംതോറും നട്ടിരുന്നു. വളരെവേഗം അതിനു പൂ വന്നു. യുഗളപ്രസാദൻ പൂർണ്ണിയായിലെ കാട്ടിൽനിന്നും വന്യബയഡാലതയുടെ വിത്തു കൊണ്ടുവന്നു് നട്ടിരുന്നു. അതിനു്

മുളവന്നുകഴിഞ്ഞു് ഏഴു മാസത്തിനകം അടുത്തു നിന്നിരുന്ന കുററിക്കാടിൻെറ തല മുഴുവൻ ബയഡാവള്ളി ചുററിപ്പൊതിഞ്ഞിരിക്കുന്നതു കാണായി. ബയഡാലതയുടെ പൂക്കൾ സുന്ദരമായിരിക്കുന്നതുപോലെ അതിന്റെ പരിമളം മൃദുലവും ആണു്.

ഹേമന്തത്തിൻെറ ആരംഭത്തിൽ ഒരുദിവസം കാണായി, ബയഡാ ലതയിൽ ഒരു പഴുതില്ലാതെ മൊട്ടിട്ടിരിക്കുന്നതു്.

യുഗളപ്രസാദനെ വിവരം അറിയിച്ചപ്പോൾത്തന്നെ അയാൾ പേനാ വലിച്ചെറിഞ്ഞിട്ടു് ആസ്സംബാദ് കച്ചേരിയിൽ നിന്നും ഓടിത്തന്നെ വന്നണഞ്ഞു.

എന്നോടു പറഞ്ഞു: "പലരും പറഞ്ഞതാണു്, അങ്ങുന്നേ, ബയഡാലത മുളയ്ക്കുകയും വളരുകയും ചെയ്യും, പക്ഷേ, അതിനു് പൂവു് ഉണ്ടാവുകയില്ലെന്നു്. എല്ലാ ലതകളും പൂക്കുകയില്ലപോലും. നോക്കിയാട്ടെ, എങ്ങനെ മൊട്ടിട്ടിരിക്കുന്നു!"

തടാകത്തിൽ വാട്ടർക്രോഫ്ററു് എന്നു പേരുള്ള ഒരു ജാതി ജലജത്തിൻെറ കിഴങ്ങു് കുഴിച്ചിട്ടിരുന്നു. അതങ്ങു് 'ഹു ഹു'ന്നു് വളരാൻ തുടങ്ങി. യുഗളപ്രസാദൻ ഭയപ്പെട്ടുപോയി, വെള്ളത്തിൽ താമരയുടെ സ്ഥാനം അതു് അപഹരിച്ചുകളഞ്ഞേക്കുമോ എന്നു്.

ബോഗൻവില്ലിയാലത നട്ടുപിടിപ്പിക്കാൻ ആഗ്രഹം ഉണ്ടായിരുന്നു. പക്ഷേ, നഗരത്തിലെ ആഡംബരപൂർണ്ണമായ പാർക്കിന്റെയോ ഉദ്യാനത്തിൻെറയോ സമ്പർക്കംകൊണ്ടു് ഇതു് സരസ്വതീതീരത്തെ വനത്തിൻെറ വന്യപ്രകൃതിയും ആകൃതിയും നഷ്ടപ്പെട്ടുത്തിക്കളയുമൊ എന്നു് എനിക്കു ഭയം ഉണ്ടായി. യുഗളപ്രസാദനും ഈ കാര്യങ്ങളിലെല്ലാം എൻെറ അഭിപ്രായത്തോടു യോജിച്ചു. അയാളും അതിൽനിന്നു് എന്നെ വിലക്കി.

പണച്ചെലവും ഒട്ടും കുറവായിരുന്നില്ല. ഒരുദിവസം ഗനോരീതേവാരി എന്നോടു പറഞ്ഞു, കാരോനദിയുടെ അക്കരെയുള്ള ജയന്തിമലയിലെ കാട്ടിൽ ഒരുതരം അത്ഭുതകരമായ പൂവു് ഉണ്ടെന്നു്. ആ നാട്ടിൽ അതിൻെറ പേരു് ദുധിയാപ്പൂ എന്നാണു്. മഞ്ഞളിൻേറതുപോലെ ഇലയുള്ള ഒരുജാതി ചെടി. വളരെ നീളമുള്ള തണ്ടു് മൂന്നാല്ല കൈ നീളത്തിൽ വളരുന്നു. ഒരു ചെടിയിൽ ഇങ്ങനെ മൂന്നാല്ല തണ്ടുകൾ ഉണ്ടാകു

ന്നുണ്ട്. ഓരോ തണ്ടിലും നാലു മഞ്ഞപ്പൂക്കൾ ഉണ്ടാകുന്നു. കാഴ്ചയ്ക്ക് വളരെ ഭംഗിയുള്ള പൂക്കൾ; നല്ല സൗന്ദര്യവും സൗരഭ്യവും ഉണ്ട്. രാത്രിയിൽ അതിൻെറ മണം വളരെദ്ദൂരംവരെ വ്യാപിക്കും. ഇതിൻെറ ഒരു തൈ കൊണ്ടുവന്നു വച്ചുപിടിപ്പിച്ചാൽ പെട്ടെന്നാണു് വംശവൃദ്ധി; രണ്ടുമൂന്നു വർഷംകൊണ്ടു് അതു് ഒരു കാടായിത്തീരും.

ഈ വിവരം കേട്ടതുമുതൽ എൻെറ മനസ്സിനു് ശാന്തി നഷ്ടപ്പെട്ടു. ഈ പൂച്ചെടി കൊണ്ടുവരികതന്നെ വേണം. ഗനോരി പറഞ്ഞു: "വർഷകാലത്തേ കൊണ്ടുവരാവൂ. ചെടിയുടെ കമ്പു കൊണ്ടുവന്നു നടണം—വെള്ളംകോരിയില്ലെങ്കിൽ ഉണങ്ങിപ്പോകും."

പൈസയും കൊടുത്തു് യുഗളപ്രസാദനെ അയച്ചു. അയാൾ വളരെ അന്വേഷണം നടത്തി, ജയന്തിമലയിലെ ദുർഗ്ഗമമായ കാട്ടിൽനിന്നും നന്നാലെണ്ണം കൂട്ടിക്കെട്ടിയ പത്തുപന്ത്രണ്ടു കെട്ടുകൾ കൊണ്ടുവന്നു.

# പരിച്ഛേദം ഒമ്പതു്

**ഒന്നു്**

ഏതാണ്ടു് മൂന്നുസംവത്സരം കഴിഞ്ഞു.

ഈ മൂന്നു സംവത്സരത്തിനിടയ്ക്കു് എനിക്കു പല പരിവർത്തനവും വന്നുകൂടി. ലബ്ടുലിയായുടേയും ആസംബാദിൻെറയും പ്രകൃതിയുടെ മായാകജ്ജളം എൻെറ കണ്ണിൽ പററി. നഗരത്തേപ്പററിയുള്ള എൻെറ സ്മരണ ഏതാണ്ടു് നഷ്ടപ്രായമായി. വിജനപ്രദേശത്തു് ജീവിക്കാനുള്ള മോഹം, നക്ഷത്രസമ്പൂർണ്ണമായ വിശാലവിഹായസ്സിനെ കാണാനുള്ള മോഹം, എന്നെ വശീകരിച്ചുകളഞ്ഞു. ഇതിനിടയ്ക്കു് ഒരിക്കൽ കുറച്ചു ദിവസം പാറ്റ്നായിൽപോയി താമസിക്കേണ്ടതായിവന്നു. അന്നു് എൻ്റെ മനസ്സു് വിഹ്വലമായിച്ചമഞ്ഞു; നഗരത്തിലെ കോൺക്രീററിട്ടു് കെട്ടിയുണ്ടാക്കിയ റോഡുവിട്ടു് അവിടെനിന്നും എപ്പോൾ ലബ്ടുലിയാബയിഹാരിലേയ്ക്കു പോരാൻസാധിക്കുമെന്നുവിചാരിച്ചു്—കപ്പുപോലെ കമഴ്ത്തപ്പെട്ട നീലാകാശത്തിനടിയിൽക്കൂടി വയലുകളും വനങ്ങളും ഒന്നൊന്നായി കടന്നുപോകാൻ കഴിയുമെന്നുവിചാരിച്ചു്—വെട്ടിയുണ്ടാക്കപ്പെട്ട രാജപാതകളില്ലാത്ത, ഇഷ്ടികകൊണ്ടു് കെട്ടിപ്പടുത്തുണ്ടാക്കിയ വസതികളില്ലാത്ത, മോട്ടാർഹോണിൻെറ ശബ്ദം കേൾക്കാത്ത, നല്ല ഉറക്കത്തിനിടയിൽ വിദൂരസ്ഥമായ ഇരുണ്ട വനത്തിനുള്ളിൽ സൃഗാലസംഘം യാമംകുറിക്കുന്ന വിളിയോ, അല്ലെങ്കിൽ കലമാൻകൂട്ടത്തിൻെറ ഒരുമിച്ചുള്ള വെരണ്ടോട്ടമോ, അല്ലെങ്കിൽ കാട്ടുപോത്തിൻെറ ഭയങ്കരമായ ശബ്ദമോമാത്രം കേൾക്കുന്ന സ്ഥലത്തേയ്ക്കു് എന്നു പോകാൻസാധിക്കും എന്നുവിചാരിച്ചു്—

എന്തുകൊണ്ടു് ഇവിടത്തേ ഭൂമി മുറയ്ക്കു പാട്ടത്തിനു കൊണ്ടിരിക്കുന്നില്ല എന്നു ചോദിച്ചുകൊണ്ടു് എൻെറ മേലുദ്യോഗസ്ഥന്മാർ മുറയ്ക്കുമുറയ്ക്കു നോട്ടീസ് അയയ്ക്കാൻതുടങ്ങി. ഇതു

തന്നെയാണു് എൻെറ ഇവിടുത്തെ പ്രധാന കത്തവ്യം എന്നു് എനിക്കറിയാം. എന്നാൽ പ്രജകളെ പാർപ്പിച്ചു് ഇവിടത്തെ ഈ ഗഹനമായ കുഞ്ജവനം നശിപ്പിക്കാൻ എനിക്കു മനസ്സുവന്നില്ല. ഇവിടത്തേ ഭൂമിയിലെ വൃക്ഷലതാഗുല്മങ്ങളെ ഭംഗിയായി സംരക്ഷിക്കാൻവേണ്ടി ആരും ഭൂമി വാങ്ങിക്കുകയില്ല. വാങ്ങിച്ചുകഴിഞ്ഞാലുടൻ അവർ വനം വെട്ടിത്തെളിക്കും, കൃഷി ഇറക്കും, വീടുകെട്ടി പാക്കാൻതുടങ്ങും. ഇവിടത്തെ വിജനവും സുന്ദരവുമായ പുൽത്തകിടി, വനം, തടാകം, മലകൾ ഇതെല്ലാം ജനപദങ്ങളായി രൂപാന്തരംപ്രാപിക്കും. ഈ ആൾക്കൂട്ടത്തെ ഭയന്നു് വനലക്ഷ്മികൾ ശാപംപിടിച്ചുകൊണ്ടു് പലായനംചെയ്യും—മനുഷ്യൻ പ്രവേശിച്ചു് ഈ മായാകാനനത്തിൻെറ വശ്യത തുടച്ചുനീക്കും, സൗന്ദര്യം നശിപ്പിച്ചുകളയും.

ആ ജനപദം ഞാൻ ഉൾക്കണ്ണുകൊണ്ടു് തെളിഞ്ഞുകാണുന്നു.

പൂണ്ണിയാ പാററ്നാ അല്ലെങ്കിൽ മുങ്ഗേരി എന്നിവിടങ്ങളിൽപ്പോയാൽ കാണാവുന്നതുപോലെയുള്ള നഗരങ്ങൾ ഇവിടെ സവ്വത്ര കാണാറാകും. തൊട്ടുതൊട്ടു് ഭംഗിയില്ലാതെ ഒററനിലയോ ഇരുനിലയോ ആയ ഓടിട്ട കെട്ടിടങ്ങൾ, വന്മ്യോൽമേഞ്ഞ വസതികൾ, ഫണിമനസാമുൾച്ചെടിക്കാട്ടുകൾ, ചാണകക്കുനകളുടെ ഇടയ്ക്കുള്ള കന്നുകാലിത്തൊഴുത്തുകൾ, കിണററിൽനിന്നും 'രഹട്ടു്'വഴി വെള്ളം ഉയന്നുവന്നുകൊണ്ടിരിക്കുന്നതു്, മലിനവസ്ത്രം ധരിച്ച സ്ത്രീപുരുഷന്മാരുടെ തിക്കും തിരക്കും, ശ്രീഹനുമാൻെറ ക്ഷേത്രത്തിൽ പറക്കുന്ന ധ്വജപതാക, വെള്ളിമാല കഴുത്തിലണിഞ്ഞ നഗരരായ ബാലികാബാലന്മാർ പൊടിയണിഞ്ഞുംകൊണ്ടു് റോഡിൽ കളിക്കുന്ന രംഗം—

എന്തിനുപകരമാണു് ഇതു കിട്ടാൻ പോകുന്നതു്?

ഇപ്രകാരം വിശാലവും നിരന്തരവും സ്വതന്ത്രവും ശക്തവും സൗന്ദര്യസമ്പൂണ്ണവുംആയ അരണ്യഭൂമി ദേശത്തിന്റെ ഒരു വമ്പിച്ച സമ്പത്താണു്. മറെറാരുദേശത്തായിരുന്നെങ്കിൽ നിയമം ഉണ്ടാക്കി ഇവിടെ നാഷനൽപാക്കു് സ്ഥാപിക്കുമായിരുന്നു. പ്രവൃത്തികൊണ്ടു ക്ഷീണിച്ച നഗരവാസികൾ വല്ലപ്പോഴുമെല്ലാം ഇവിടെവന്നു് പ്രകൃതിയുടെ സാഹചയ്യത്താൽ

നവോന്മേഷംനേടി തിരിച്ചുപോകുമായിരുന്നു. ഇതുണ്ടാകുന്ന തല്ല. ഭൂമിയുള്ളവർ കുടിയാനവന്മാരെ ഏല്പിക്കാതെ എന്തി നാണതു വെറുതെ കളയുന്നതു്?

പ്രജകളെ കുടിപാർപ്പിക്കാനുള്ള ചുമതല ഏറ്റുംകൊണ്ടാണു് ഞാൻ ഇവിടെ വന്നതു്. ഈ അരണ്യപ്രകൃതിയെ ധ്വംസനംചെയ്യാൻ വന്നെത്തിയ ഞാൻ ഈ അസുലഭലാവണ്യവതിയായ വന്യലക്ഷ്മിയുടെ പ്രേമവലയത്തിൽ കുടുങ്ങിപ്പോയി. ഈയിടയായി അക്കാലത്തെ ഞാൻ പിന്നിലാക്കി വരികയാണു്. നിഴലുകൾ നീണ്ട സായംകാലത്തോ വെണ്ണിലാവുപരന്ന രാത്രിയിലോ കുതിരമുകളേറി ഒററയ്ക്കു പുറത്തേക്കിറങ്ങി നാലുപാടും കണ്ണോടിക്കുമ്പോൾ ഞാൻ ഇങ്ങനെ വിചാരിക്കാറുണ്ടു്: എൻെറ കൈയാൽത്തന്നെ ഇതെല്ലാം നശിച്ചുപോകണോ എന്നു്. ചന്ദ്രികയിൽ അലസയായി ആത്മവിസ്മൃതിയായിത്തീർന്ന, ശിലാസ്തൃതമായ ഈ ശൂന്യവന്യപ്രാന്തരം! എന്തുചെയ്തിട്ടാണു് എൻെറ മനസ്സിനെ വശീകരിച്ചുകളഞ്ഞതു്, ഈ സമർത്ഥയായ സുന്ദരി.

എന്നാൽ ഇക്കാര്യത്തിനുവേണ്ടി ഇവിടെ വന്നുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു്, അതു ചെയ്യുകതന്നെ വേണം. മകരമാസം ഒടുവിൽ പാററ്നായിൽനിന്നും ഛത്രസിംഹൻ എന്നു പേരായ ഒരു രജപുത്രൻ വന്നു് ആയിരം ബിഘാഭൂമിക്കുവേണ്ടി അപേക്ഷ തന്നപ്പോൾ ഞാൻ ധർമ്മസങ്കടത്തിലായി. ആയിരം ബിഘാഭൂമി കൊടുത്താൽ വളരെയധികം സ്ഥലം നഷ്ടപ്പെട്ടുപോകും. എത്ര സുന്ദരമായ കാടും ലതാവിതാനവും ആണു് വെട്ടിക്കളയുന്നതു്.

ഛത്രസിംഹൻ നിർബന്ധംതുടങ്ങി. ഞാൻ അയാളുടെ അപേക്ഷ ഹെഡ്ഡാഫീസിലയച്ചു് താമസിപ്പിക്കാൻ ശ്രമിച്ചു.

## രണ്ടു്

ഞാൻ ഒരുദിവസം ഉച്ചതിരിഞ്ഞു് ലബ്ടുലിയാ വനത്തിൻെറ വടക്കുഭാഗത്തെ നാഢാബയിഹാരിലെ തുറന്ന മൈതാനത്തിൽക്കൂടി തിരിച്ചുപോരികയായിരുന്നു—വഴിക്കരികി

ലായി ഒരു കല്ലിൻെറ മുകളിൽ ആരോ ഒരാൾ ഇരിക്കുന്ന തായിക്കണ്ടു.

അയാളുടെ അടുത്തുവന്നു് കുതിരയെ നിറുത്തി. അയാൾക്കു വയസ്സു് അറുപതിൽക്കുറയുകയില്ല. ഒരു മുഷിഞ്ഞ വസ്ത്രം ധരിച്ചിരുന്നു. കീറിയ ഒരു ഷാൾ മേത്തിട്ടിട്ടുണ്ടു്.

ഈ വിജനപ്രദേശത്തു് ഈയാൾ തനിച്ചിരുന്നു് എന്തു ചെയ്യുകയാണു്?

അയാൾ ചോദിച്ചു:"അവിടുന്നാരാണു് ബാബു?"

ഞാൻ പറഞ്ഞു: "ഞാൻ ഇവിടുത്തെ കച്ചേരിയിലെ ഒരു ജോലിക്കാരൻ."

"അവിടുന്നു് മാനേജർ ബാബു ആയിരിക്കുമോ?"

"എന്തിനാ അറിയുന്നതു്? നിങ്ങൾക്കു വല്ല ആവശ്യവുമുണ്ടോ? അതെ, ഞാൻതന്നെയാണു മാനേജർ."

അയാൾ എഴുന്നേററു് എന്നെ ആശീർവദിക്കുന്ന ഭാവത്തിൽ കൈയുയർത്തി. അയാൾ പറഞ്ഞു: "അങ്ങുന്നേ! എന്റെ പേരു് മട്ടകനാഥപാണ്ഡെ, ബ്രാഹ്മണൻ, അവിടുത്തെ അടുക്കലേയ്ക്കുതന്നെ വന്നതാണു്."

"എന്തിനാണു്?"

"അങ്ങുന്നേ! ഞാൻ വളരെ പാവപ്പെട്ടവനാണു്. അങ്ങുന്നിൻെറ പേരുകേട്ടിട്ടു് വളരെ ദൂരെനിന്നും നടന്നുവരികയാണു്. നടന്നുതുടങ്ങീട്ടു് ഇന്നു മൂന്നുദിവസമായി. അങ്ങത്തേ അടുക്കൽ വരാൻ വല്ലവഴിയും ഉണ്ടായിരുന്നെങ്കിൽ—"

ജിജ്ഞാസമൂലം ഞാൻ ചോദിച്ചു: "ഇത്രയും ദിവസം ഈ കാട്ടുവഴിയിൽവച്ചു് നിങ്ങൾ എന്തോ കഴിച്ചു?"

മട്ടകനാഥൻ തൻെറ മുഷിഞ്ഞ വസ്ത്രത്തിൻെറ ഒരു കോണിൽ കെട്ടിയിരുന്ന വറുത്തപയറു് കാണിച്ചിട്ടു പറഞ്ഞു: "കുറച്ചു സേർപയറു് ഇതിൽ കെട്ടിയിരുന്നു. ഇതുംകൊണ്ടു് വീട്ടിൽനിന്നും തിരിച്ചതാണു്. ഈ ദിവസങ്ങളിൽ ഇതാണു കഴിച്ചതു്. കാലക്ഷേപമാർഗ്ഗം അന്വേഷിച്ചിറങ്ങിയതാണങ്ങുന്നേ!—പയറു തീരാറായി. ഇനി ഭഗവാൻ തരണം."

ആസംബാദ്, നാഢാബയിഹാർ എന്നീ ആളില്ലാക്കാട്ടിനും തകിടിപ്പുറത്തുംകൂടി മുണ്ടിൽപ്പൊതിഞ്ഞ വറുത്തപയറും

കൊണ്ടു് ഈ മനുഷ്യൻ എന്തുകിട്ടാൻ ആശിച്ചാണു് വന്നിരിക്കുന്നതെന്നു് മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ പറഞ്ഞു: "വലിയവലിയ പട്ടണങ്ങൾ ഉണ്ടല്ലൊ, ഭഗൽപൂരം, പൂർണ്ണിയാ, പാററ്നാ, മുങ്ങേർ, ഇതെല്ലാം വിട്ടിട്ടു് ഈ കാട്ടിലേയ്ക്കു വന്നതെന്തിനാ പാണ്ഡേജി? ഇവിടുന്നു് എന്തോ കിട്ടാനാ? ഇവിടെ എവിടെയാ ആളുകൾ? നിങ്ങൾക്കാരു തരാനാ?"

മട്ടുകനാഥൻ നൈരാശ്യപൂർണ്ണമായ നോട്ടത്തോടുകൂടി എന്നോടു പറഞ്ഞു: "ഇവിടെ വയററുപിഴപ്പിനു് വല്ലതും കിട്ടാൻ മാർഗ്ഗമൊന്നും ഇല്ലേ അങ്ങുന്നേ? പിന്നെ ഞാൻ എവിടെപ്പോകും? ആ വലിയ പട്ടണങ്ങളിലൊന്നും ഞാൻ ആരെയും അറിയുകയില്ല. വഴിയും കിഴിയും ഒന്നും അറിഞ്ഞുകൂടാ. എനിക്കു ഭയമാണു്. അതുകൊണ്ടാണു് ഞാൻ ഇങ്ങോട്ടു പോന്നതു്."

ഈയാൾ നിസ്സഹായനായി കഷ്ടപ്പെടുന്ന ഒരു നല്ല മനുഷ്യനാണെന്നെനിക്കു തോന്നി. കച്ചേരിയിൽ കൂട്ടിക്കൊണ്ടു പോയി.

കുറച്ചുദിവസം കഴിഞ്ഞു. മട്ടുകനാഥനു് ഒരു ജോലിയും കൊടുക്കാൻ എനിക്കു കഴിഞ്ഞില്ല—അയാൾക്കു് ഒരുജോലിയും അറിഞ്ഞുകൂടെന്നു് എനിക്കു മനസ്സിലായി—കുറച്ചു സംസ്കൃതം പഠിച്ചിട്ടുണ്ടു്. ബ്രാഹ്മണപുരോഹിതൻെറ കർമ്മങ്ങൾ ചെയ്യാൻ അറിയാം. പള്ളിക്കൂടത്തിൽ കുട്ടികളെ പഠിപ്പിക്കുക, എൻെറയടുത്തു് വന്നിരുന്നു് അവസരത്തിലും അനവസരത്തിലും അജ്ഞാതങ്ങളായ ശ്ലോകങ്ങൾ ചൊല്ലി വിശ്രമസമയങ്ങളിൽ എന്നെ വിനോദിപ്പിക്കാൻ നോക്കുക, ഇതിനൊക്കെക്കൊള്ളാം.

ഒരുദിവസം അയാൾ എന്നോടു പറഞ്ഞു: "എനിക്കു് കച്ചേരിക്കടുത്തു് കുറച്ചുസ്ഥലം തന്നു് ഒരു പള്ളിക്കൂടം തുറന്നു തരണേ അങ്ങുന്നേ!"

ഞാൻ ചോദിച്ചു: "ആരുപഠിക്കാനാ പള്ളിക്കൂടത്തിൽ? കാട്ടുപോത്തും കലമാൻകുട്ടവും, 'ഭട്ടി'യും 'രഘുവംശ'വും പഠിക്കുമോ?"

മട്ടുകനാഥൻ വളരെ നല്ലമനുഷ്യനാണു്. ഒന്നും ആലോ

ചിക്കാതെയാണു് അയാൾ പള്ളിക്കൂടം തുറക്കുന്ന കാര്യം പറഞ്ഞതു്. ഇപ്പോൾ കാര്യം മനസ്സിലായതുകൊണ്ടു് അതിൽനിന്നും പിൻവലിയുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ, കുറച്ചു ദിവസത്തേയ്ക്കു് അതിനെപ്പററി ഒന്നും മിണ്ടാതെ ഇരുന്നിട്ടു് പിന്നെയും ആ കാര്യം ആവർത്തിച്ചു.

അയാൾ പറഞ്ഞു: "ദയവുചെയ്തു് എനിക്കു് ഒരു പള്ളിക്കൂടം തുറന്നുതരണേ. ഒന്നു ശ്രമിച്ചുനോക്കാമെന്നു വിചാരിക്കയാണു്. ഇല്ലെങ്കിൽ ഞാൻ വേറെ എവിടെപ്പോകും, അങ്ങുന്നേ?"

ഞാൻ നന്നാ വിഷമിച്ചു; അയാൾക്കു് ഭ്രാന്താണോ? അയാളുടെ മുഖത്തു നോക്കുമ്പോൾ സഹതാപം തോന്നും. ലോകത്തിൻെറ അപകടവശം ഒന്നും അറിഞ്ഞുകൂടാ; നിഷ്കളങ്കനാണു്; എന്നാൽ ആലോചനയില്ലാത്തവരുടെ കൂട്ടത്തിൽ പെട്ടവനാണു്. എങ്കിലും ഒരുപാടു് വിശ്വാസവും ആശയുംകൊണ്ടാണു് വന്നിരിക്കുന്നതു്. ആരിലാണെന്നു് ആക്കറിയാം?

അയാളെ പലകാര്യങ്ങളും പറഞ്ഞുമനസ്സിലാക്കി, ഞാൻ ഭൂമികൊടുക്കാമെന്നു സമ്മതിച്ചു, രാജുപാണ്ഡേ ചെയ്തതുപോലെ കൃഷിചെയ്യട്ടെ. മട്ടുകനാഥൻ താഴ്മയായി പറഞ്ഞു: "പാരമ്പര്യമായി ഞങ്ങൾ ശാസ്ത്രവ്യവസായികളായ ബ്രാഹ്മണപണ്ഡിതരാണു്. എനിക്കു് കൃഷിയൊട്ടും അറിഞ്ഞുകൂടാ. ഭൂമി കൊണ്ടു ഞാൻ എന്തുചെയ്യും?"

എനിക്കു് അയാളോടു് ചോദിക്കാൻ കഴിയുമായിരുന്നു, ശാസ്ത്രവ്യവസായിയായ പണ്ഡിതൻ ഇവിടെ മരിക്കാൻവന്നതു് എന്തിനാണെന്നു്. പക്ഷേ, ഗൗരവമായി ഒരുവാക്കുപോലും പറയാൻ എനിക്കു തോന്നിയില്ല. ആ മനുഷ്യനോടു് എനിക്കു് വളരെ ഇഷ്ടംതോന്നി. ഒടുവിൽ അയാളുടെ നിർബ്ബന്ധത്തിൻെറ കൂടുതൽകൊണ്ടു് ഒരു പുരകെട്ടിക്കൊടുത്തിട്ടു് പറഞ്ഞു: "ഇതു് നിങ്ങളുടെ പള്ളിക്കൂടമാണു്. കുട്ടികളെ കിട്ടുമോന്നു നോക്കണം."

മട്ടുകനാഥൻ പൂജാർച്ചനകൾ നടത്തി രണ്ടുമൂന്നു ബ്രാഹ്മണക്കു് ഭോജനം കൊടുത്തിട്ടു് വിദ്യാലയം ഉൽഘാടനംചെയ്തു. ഈ കാട്ടിൽ ഒന്നും കിട്ടുകയില്ല. അയാളുടെ കൈയിലുണ്ടായിരുന്ന ചോളമാവുകൊണ്ടു് വലിയ പൂരിയുണ്ടാക്കി; കാട്ടിൽ

നിന്നും ധുന്ദുലം പറിച്ചെടുത്തു് കൂട്ടാനും ഉണ്ടാക്കി; കന്നിൻ തൊഴുത്തിൽനിന്നും പാൽവാങ്ങിച്ചുകൊണ്ടുവന്നു് തൈരു് ഉണ്ടാക്കി. ക്ഷണിക്കപ്പെട്ടവരുടെ കൂട്ടത്തിൻ ഞാനും ഉണ്ടായിരുന്നല്ലൊ.

പള്ളിക്കൂടം തുറന്നുകഴിഞ്ഞു് കുറച്ചുദിവസത്തേയ്ക്കു് മട്ടുകനാഥന്നു് വളരെ സന്തോഷമായിരുന്നു. ഭൂമിയിൽ ഇങ്ങനെയുള്ളവരും ഉണ്ടല്ലൊ!

രാവിലെ സ്നാനാദിനിത്യകർമ്മങ്ങൾ കഴിഞ്ഞു് അയാൾ പള്ളിക്കൂടത്തിൽ, ഈന്തപ്പനയോല മടഞ്ഞുണ്ടാക്കിയ ഒരു തട്ടുക്കിൽ ഇരുന്നു് മുമ്പിൽ 'മുഗ്ദ്ധബോധം' തുറന്നുവച്ചു് ആരെയോ പഠിപ്പിക്കുന്ന മട്ടിൽ സൂത്രങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കും. ആഫീസുമുറിക്കകത്തു് ജോലിചെയ്യുന്നതിനിടയിൽ എനിക്കു് കേൾക്കാൻ കഴിയുംവണ്ണം അത്ര ഉച്ചത്തിലായിരുന്നു അയാൾ അതു് ചൊല്ലിയതു്.

തഹശീൽദാർ സജ്ജനസിംഹൻ പറഞ്ഞു: "പണ്ഡിതജി വലിയ ഭ്രാന്തനാണല്ലൊ. അയാൾ എന്താ ചെയ്യുന്നതെന്നു് നോക്കിയാട്ടെ, അങ്ങുന്നേ!"

ഇങ്ങനെ രണ്ടുമാസം കഴിഞ്ഞുകൂടി. ആരുമില്ലാത്ത പുരസ്സുകത്തു് മട്ടുകനാഥൻ ഒരേവിധത്തിൽ ഉത്സാഹമായി പള്ളിക്കൂടം നടത്തിക്കൊണ്ടിരുന്നു; ചിലപ്പോൾ കാലത്തു്, ചിലപ്പോൾ വൈകുന്നേരം.

ഇതിനിടയ്ക്കു് സരസ്വതീപൂജാദിവസം വന്നു. കച്ചേരിയിൽ വിഗ്രഹത്തിനുപകരം മഷിക്കുപ്പി വച്ചായിരുന്നു സരസ്വതീപൂജ നടത്തിക്കൊണ്ടു പോന്നതു്, ആണ്ടുതോറും. ഈ കാട്ടിൽ പ്രതിമ എവിടെ കിട്ടാനാ! മട്ടുകനാഥൻ തന്റെ വിദ്യാലയത്തിൽ പൂജനടത്താൻ പോകുന്നതായി കേട്ടു, സ്വന്തം കൈകൊണ്ടു് കൊച്ചു പ്രതിമയുണ്ടാക്കി.

അറുപതു വയസ്സായ വൃദ്ധന്നു് എന്തൊരു ആശ! എന്തൊരു ഉത്സാഹം!

മട്ടുകനാഥൻ സ്വന്തം കൈകൊണ്ടു് വിഗ്രഹം ഉണ്ടാക്കി. വിദ്യാലയത്തിൽ പ്രത്യേകമായി പൂജനടത്തി.

വൃദ്ധൻ പുഞ്ചിരിക്കൊണ്ടുകൊണ്ടു പറഞ്ഞു: "ബാബുജി, ഇതു് ഞങ്ങളുടെ പൈതൃകപൂജയാണു്. എന്റെ അച്ഛൻ

അദ്ദേഹത്തിൻെറ വിദ്യാലയത്തിൽ പ്രതിമയുണ്ടാക്കി പൂജിച്ചുവന്നു, എന്റെ കുട്ടിക്കാലത്തു് ഞാൻ കണ്ടിട്ടുണ്ടു്. ഇപ്പോൾ എൻെറ വിദ്യാലയത്തിൽ—''

പക്ഷേ, വിദ്യാലയം എവിടെ?

മട്ടകനാഥനോടു് ഇതു ഞാൻ പറഞ്ഞില്ലെന്നു് പറയണ്ടല്ലോ.

## മൂന്നു്

സരസ്വതീപൂജകഴിഞ്ഞു് പത്തുപന്ത്രണ്ടു ദിവസത്തിനു ശേഷം മട്ടകനാഥൻ എന്നെ അറിയിച്ചു, തൻെറ വിദ്യാലയത്തിൽ ഒരു വിദ്യാൎത്ഥി വന്നുചേൎന്നെന്നു്. ഇന്നുതന്നെ അയാൾ എവിടെനിന്നോ വന്നുചേൎന്നതാണു്.

മട്ടകനാഥൻ വിദ്യാൎത്ഥിയെ എൻെറമുമ്പിൽ കൊണ്ടുവന്നു. പതിന്നാലുപതിനഞ്ചു വയസ്സുവരുന്ന കറുത്തുചടച്ച ഒരു പയ്യൻ, മൈഥിലീബ്രാഹ്മണൻ, വളരെ പാവപ്പെട്ടവൻ, ഒരു കീറിയമുണ്ടു് ഉടുത്തിട്ടുള്ളതല്ലാതെ രണ്ടാംമുണ്ടും മററും ഒന്നുമില്ല.

മട്ടകനാഥൻെറ ഉത്സാഹം കാണാൻ ആരാ! തനിക്കുതന്നെ ആഹാരത്തിനു വകയില്ല; അങ്ങനെയിരിക്കെയാണു് ആ വിദ്യാൎത്ഥിയെക്കൂടി തീററിപ്പോറേണ്ട ഭാരംകൂടി അയാൾ ഏറെറടുത്തതു്. ഇതാണു് അവരുടെ കുലപാരമ്പൎയ്യം. വിദ്യാലയത്തിലെ കുട്ടികളുടെ സകല ആവശ്യങ്ങളും നിറവേററി അവൎക്കു് വിദ്യാഭ്യാസം നൽകണം. വിദ്യ അഭ്യസിക്കണമെന്നുള്ള ആശയോടുകൂടി വരുന്ന ആരേയും തിരിച്ചയയ്ക്കാൻ പാടില്ല. ഇതാണു് അയാളുടെ കുലമൎയ്യാദ.

രണ്ടുമാസത്തിനകം പിന്നെയും രണ്ടുമൂന്നു വിദ്യാൎത്ഥികൾ കൂടി പള്ളിക്കൂടത്തിൽ വന്നുചേൎന്നു. ഇവർ ഒരുനേരം ആഹാരം കഴിക്കും, ഒരുനേരം കഴിക്കയില്ല. ശിപായിമാർ വരിയിട്ടു് പിരിച്ചെടുത്തു് ചോളം, ആട്ടമാവു്, ചീനപ്പുല്ലരി ഇതെല്ലാം കൊടുത്തു. കച്ചേരിയിൽനിന്നു് ഞാനും കുറച്ചെല്ലാം സഹായംചെയ്തു. കുട്ടികൾ കാട്ടിൽനിന്നും ബാഥുയാച്ചീര പറിച്ചു

കൊണ്ടു വരും; അതു വേവിച്ചു തിന്നായിരിക്കാം ഒരുനേരം കഴിഞ്ഞുകൂട്ടുന്നതു്. മട്ടകനാഥൻെറയും സ്ഥിതി ഇതുതന്നെ.

രാത്രി പത്തുപതിനൊന്നുമണിവരെ മട്ടകനാഥൻ പള്ളിക്കൂടത്തിൻെറ മുൻഭാഗത്തുള്ള ഒരു കുട്ടക്കാമരത്തിൻെറ ചുവട്ടിൽ ഇരുന്നു് കുട്ടികളെ പഠിപ്പിച്ചുവന്നു; ഇരുട്ടിൽ തന്നെയോ അല്ലെങ്കിൽ നിലാവെളിച്ചത്തോ, കാരണം വിളക്കു കത്തിക്കാൻ എണ്ണ ഉണ്ടായിരുന്നില്ല.

ഒരുകാര്യം കണ്ടിട്ട് എനിക്കു വിസ്മയം ഉണ്ടായി. മട്ടകനാഥൻ വിദ്യാലയത്തിനു സ്ഥലം വേണമെന്നും അവിടെ പള്ളിക്കൂടം കെട്ടിക്കൊടുക്കണമെന്നും പറഞ്ഞതല്ലാതെ ധനസഹായം ചെയ്യണമെന്നു് എന്നോടു് ആവശ്യപ്പെട്ടിട്ടില്ല. 'എൻെറ കാര്യം ഒന്നും നടക്കുന്നില്ല, എന്തെങ്കിലും ചെയ്തുതരണേ' എന്നു് എന്നോടു് ഒരു ദിവസവും പറഞ്ഞിട്ടില്ല. ആരോടും ഒന്നും അയാൾ ആവശ്യപ്പെട്ടില്ല. ശിപായിമാർ സ്വേച്ഛയാ വല്ലതും കൊടുത്തെന്നേയുള്ളൂ.

മേടംമുതൽ ചിങ്ങംവരെയുള്ള മാസങ്ങളിൽ മട്ടകനാഥൻെറ പള്ളിക്കൂടത്തിലെ കുട്ടികളുടെ എണ്ണം വർദ്ധിച്ചു. അച്ഛനും അമ്മയും അടിച്ചിറക്കിയിട്ടുള്ള പാവപ്പെട്ടവരായ പത്തുപന്ത്രണ്ടു കുട്ടികൾ കൂടാതെ പൈസ ചെലവാക്കാതെ വെറുതെ ആഹാരം കഴിക്കാമെന്നുള്ള ആശയോടെ പല സ്ഥലത്തുനിന്നും പലരും വന്നുചേർന്നതാണു്; കാരണം, ഈ സ്ഥലത്തെല്ലാം ഈ വർത്തമാനം അങ്ങു പരന്നുകഴിഞ്ഞിരുന്നു. കുട്ടികളെ കണ്ടപ്പോഴെ എനിക്കു തോന്നി ഇവരെല്ലാം കന്നിനെ തീററി നടന്നിരുന്നവരാണെന്നു്. ഇവരാരും ബുദ്ധിയുള്ളവരല്ല, പിന്നെ എങ്ങനെ ഇവർ കാവ്യവ്യാകരണങ്ങൾ പഠിക്കും? മട്ടകനാഥൻ സാധുവാണെന്നു കണ്ടിട്ടു് അയാളുടെ തോളിൽ കയറിയിരുന്നുംകൊണ്ടു് ഭക്ഷണം കഴിക്കാൻവേണ്ടി വന്നിട്ടുള്ളവരാണു് ഇവരെല്ലാം. പക്ഷേ, മട്ടകനാഥൻ ഇക്കാര്യത്തിലൊന്നും ദൃഷ്ടിപതിപ്പിച്ചില്ല, കുട്ടികളെ കിട്ടിയതിൽ അയാൾ അത്യന്തം സന്തുഷ്ടനായി.

ഒരുദിവസം കേട്ടു, പള്ളിക്കൂടത്തിലെ കുട്ടികൾ ഒന്നും കഴിക്കാൻ കിട്ടാതെ പട്ടിണി കിടക്കുന്നെന്നു്.

മട്ടകനാഥനെ ഞാൻ വിളിച്ചുചോദിച്ചു, എന്താ സംഗതി എന്നു്?

കാര്യം ശരിയാണു്. ശിപായിമാർ പിരിച്ചെടുത്തുകൊടുത്ത ആട്ടയും ചോളവും തീൎന്നുപോയി. കുറച്ചുദിവസമായി ബാധുയാച്ചീരമാത്രം പുഴുങ്ങിത്തിന്നു കഴിച്ചുകൂട്ടുകയായിരുന്നു. അതല്ലാതെ മററൊന്നും കഴിക്കാഞ്ഞു് അധികംപേക്കും സുഖക്കേടു പിടിച്ചതുകൊണ്ടു് അതു് ആക്കും വേണ്ടാതായി.

"ഇപ്പോൾ പിന്നെ എന്തുചെയ്യാൻ പോകുന്നു, പണ്ഡിതജ്ജീ?"

"ആലോചിച്ചിട്ടു് ഒന്നും കിട്ടുന്നില്ല. കൊച്ചുകുഞ്ഞുങ്ങൾ ഒന്നും കഴിക്കാതെ കിടക്കേണ്ടിവരുന്നല്ലൊ—"

അവക്കെല്ലാവക്കും ഭക്ഷണത്തിനുവേണ്ട സാമാനങ്ങൾ കൊടുക്കാൻ ഞാൻ വേണ്ട ഏർപ്പാടു ചെയ്തു, രണ്ടുമൂന്നു ദിവസത്തേയ്ക്കു വേണ്ട അരി, തുവര, നെയ്യു് ആട്ട എന്നീ സാമാനങ്ങൾ. ഞാൻ പറഞ്ഞു: "പള്ളിക്കൂടം നിങ്ങൾ എങ്ങനെ നടത്തും? പള്ളിക്കൂടം നിറുത്തിയേക്കുക. നിങ്ങൾ എന്തൊന്നു കഴിക്കും, കഴിപ്പിക്കും?"

എൻെറ വാക്കുകൾ കേട്ടു് അയാൾക്കു് ഒരു അടികിട്ടിയ വേദനയുണ്ടായതായി കാണപ്പെട്ടു. അയാൾ പറഞ്ഞു: "അതും എങ്ങനെയാണു് അങ്ങുന്നേ? നടത്തിക്കൊണ്ടുപോന്ന പള്ളിക്കൂടം എങ്ങനെ ഉപേക്ഷിക്കാൻ കഴിയും? ഇതു് എന്റെ പൈതൃകമായ തൊഴിലാണല്ലൊ."

മട്ടകനാഥൻ സദാനന്ദനാണു്. അയാളെ ഇക്കാര്യങ്ങളെല്ലാം പറഞ്ഞു മനസ്സിലാക്കിയതുകൊണ്ടു് പ്രയോജനമൊന്നുമില്ല. കുറച്ചു കുട്ടികളെ കിട്ടിയാൽ അയാൾക്കു് വളരെ മനസ്സുഖം ഉണ്ടാകുമെന്നു് ഞാൻ മനസ്സിലാക്കി.

എൻെറ ഈ വനഭൂമിയുടെ ഒരു ഭാഗം മട്ടകനാഥൻെറ കൃപകൊണ്ടു പുരാതനകാലത്തെ ഋഷികളുടെ ആശ്രമംപോലെ ആയിത്തീൎന്നു. പള്ളിക്കൂടത്തിലെ കുട്ടികൾ കളരവമുഴക്കി പഠിക്കുന്നു; 'മുഗ്ദ്ധബോധ'സൂത്രം ഉരുവിടുന്നു; കച്ചേരിവക കുമ്പളത്തറയിൽനിന്നും കുമ്പളങ്ങാ മോഷ്ടിച്ചുകൊണ്ടുപോകുന്നു, പൂച്ചെടികളുടെ കമ്പുകൾ ഒടിച്ചു പൂക്കൾ പറിച്ചുകൊണ്ടുപോകുന്നു; മാത്രമോ, ചിലപ്പോഴെല്ലാം കച്ചേരി

ക്കാരുടെ സാമാനങ്ങളും മോഷണംപോകാൻതുടങ്ങി. ഇതു് പള്ളിക്കൂടം പിള്ളകളുടെ വേലയാണെന്നു ശിപായിമാർ തമ്മിൽത്തമ്മിൽ പറയാൻതുടങ്ങി.

ഒരുദിവസം ഹെഡ്ക്ലാർക്കിൻെറ ക്യാഷ്ബോക്സ് അയാളുടെ മുറിയിൽ തുറന്നു കിടന്നിരുന്നു. ആരോ അതിനകത്തുനിന്നും കുറെ രൂപായും അയാളുടെ ഒരു തങ്കമോതിരവും മോഷ്ടിച്ചുകൊണ്ടുപോയിരുന്നു. അതു സംബന്ധിച്ചു് ശിപായിമാർ വളരെ ഒച്ചപ്പാടുണ്ടാക്കി. മട്ടുകനാഥൻെറ ഒരു വിദ്യാർത്ഥിയുടെ അടുക്കൽനിന്നും കുറച്ചുദിവസംകഴിഞ്ഞു് ആ മോതിരം കണ്ടുകിട്ടി; അവൻെറ അരഞ്ഞാണച്ചരടിൽ കെട്ടിയിരുന്നതു് ആരോ കണ്ടിട്ടു വിവരം കച്ചേരിയിൽവന്നു് അറിവുകൊടുത്തു. വിദ്യാർത്ഥി തൊണ്ടിയോടെ പിടിക്കപ്പെട്ടു.

ഞാൻ മട്ടുകനാഥനെ ആളയച്ചു വിളിപ്പിച്ചു. അയാൾ യഥാർത്ഥത്തിൽ സാധുമനുഷ്യൻ. ദുഷ്ടന്മാരായ വിദ്യാർത്ഥികൾ അയാളുടെ നന്മയെ ചൂഷണംചെയ്യുകയായിരുന്നു. അതുകൊണ്ടു് പള്ളിക്കൂടം നിറുത്തേണ്ട ആവശ്യം ഇല്ല. ഏതായാലും കുറെ വിദ്യാർത്ഥികളെ എങ്കിലും പുറത്തയയ്ക്കാതെ തരമില്ല. ബാക്കിയുള്ളവക്കു കുറെ ഭൂമി കൊടുക്കാൻ ഞാൻ തീർച്ചയാക്കി. അവർ തങ്ങളുടെ വിയർപ്പുതുള്ളി കാലിൽ വീഴിച്ചിട്ടു് കുറച്ചു കുറച്ചു ചോളവും ചീനപ്പുല്ലും പച്ചക്കറിയും കൃഷിചെയ്യട്ടെ. അങ്ങനെ കിട്ടുന്ന സാധനങ്ങൾകൊണ്ടു് അവർ ആഹാരം കഴിച്ചുകൊള്ളട്ടെ.

മട്ടുകനാഥൻ ഇക്കാര്യം കുട്ടികളോടു പറഞ്ഞു. അതു കേട്ടമാത്രയിൽ പന്ത്രണ്ടിൽ എട്ടുപേർ ഓടിപ്പൊയ്ക്കളഞ്ഞു. നാലുപേർ താമസിച്ചു. അവരും വിദ്യാഭ്യാസത്തിനുവേണ്ടിയല്ലെന്നു് എനിക്കുതോന്നി, മററുപോംവഴി ഇല്ലാഞ്ഞിട്ടു്. മുമ്പു് കന്നിനെ തീററി, ഇപ്പോൾ അതിനുപകരം കൃഷിചെയ്യണം. അതിൽനിന്നും മട്ടുകനാഥൻെറ പള്ളിക്കൂടം കുഴപ്പംകൂടാതെ നടന്നുവന്നു.

# നാലു്

ഛരട്ടസിംഹനും മററു പല പ്രജകൾക്കും ഭൂമി പാട്ടത്തിനു കൊടുത്തുകഴിഞ്ഞു; എല്ലാംകൂടി ഏതാണ്ടു് ആയിരത്തിഅഞ്ഞൂറു ബിഘാ ഭൂമി. നാഢാബയിഹാരിലെ ഭൂമി വളരെ ഫലഭൂയിഷ്ഠമായതുകൊണ്ടു് ആ ഭാഗത്തുനിന്നുംതന്നെ ആയിരത്തിഅഞ്ഞൂറു ബിഘാഭൂമി ഒന്നായിട്ടു് അവക്കു കൊടുത്തു. അവിടത്തെ മൈതാനപ്രദേശത്തിനു തൊട്ടടുത്തുള്ള വനം അത്യന്തം സുന്ദരമാണു്. എത്രയോ സന്ധ്യാവേളകളിൽ കുതിരസ്സവാരി ചെയ്തു വരുന്ന സമയത്തു് ഈ വനം കണ്ടിട്ടുണ്ടു്. അപ്പോഴെല്ലാം എനിക്കു തോന്നീട്ടുണ്ടു്; നാഢാബയിഹാരിലെ ഈ വനം ലോകത്തിലെ ഒരു ബ്യൂട്ടിസ്പ്പോട്ടാണെന്നു്—പോയേ പോയി ആ ബ്യൂട്ടിസ്പ്പോട്ടു്!

ഈ വനത്തിനു തീ വച്ചിരിക്കുന്നതായി ദൂരെനിന്നും ഞാൻ കണ്ടു. കുറച്ചെങ്കിലും തീവച്ചു നശിപ്പിക്കാതെ ദുർഭേദ്യമായ ആ വനം വെട്ടിത്തെളിക്കാൻ സാദ്ധ്യമല്ല. എന്നാൽ എല്ലാ സ്ഥലത്തുംതന്നെ വനം ഇല്ല. ദിഗന്തവ്യാപിയായിക്കിടക്കുന്ന പുൽത്തകിടിയുടെ അരികുതോറും നിബിഡമായ വനമാണു്. പുൽത്തകിടിയിലും അവിടവിടെയായി കുററിക്കാടുകളും ധാരാളം ലതകളും കാട്ടുപൂച്ചെടികളും ഉണ്ടായിരിക്കാം....

തീപിടിച്ചു് വനം 'ചടചടാ'ന്നു പൊട്ടിത്തെറിക്കുന്ന ശബ്ദം ഞാൻ ദൂരെനിന്നും കേൾക്കുന്നുണ്ടു്. എത്രയോ സുന്ദരങ്ങളായ ലതാവിതാനങ്ങളാണു് ചാമ്പലായിപ്പോകുന്നതു് എന്നു് കുതിരപ്പുറത്തു് ഇരുന്നിരുന്നു വിചാരിക്കുകയാണു്. എത്ര കഷ്ടമാണെന്നു വിചാരിച്ചു് ഞാൻ ആ ഭാഗത്തേയ്ക്കു പോയതേയില്ല. ദേശത്തിൻെറ ഒരു വമ്പിച്ച സമ്പത്തു്, മനുഷ്യന്റെ മനസ്സിനു ചിരകാലം ശാന്തിയും ആനന്ദവും പ്രദാനംചെയ്യാൻ പര്യാപ്തമായ ദേശീയസമ്പത്തു് ഒരുപിടി ഗോതമ്പിനുവേണ്ടി ബലികഴിക്കുക!

തുലാമാസം ആദ്യം ഒരുദിവസം ഞാൻ ആ സ്ഥലം കാണാൻപോയി. വയലുകൾ മുഴവൻ കടുകു വിതച്ചിരിക്കുകയാണു്. ഇടയ്ക്കിടയ്ക്കു് ആളുകൾ വീടുകെട്ടി പാർപ്പു തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇതോടുകൂടെത്തന്നെ കന്നുകാലികളേയും ഭാര്യാ

പുത്രാദികളേയും കൊണ്ടുവന്നു് അവിടം ഗ്രാമമാക്കിത്തീർക്കുകയും ചെയ്തുകഴിഞ്ഞു.

മഞ്ഞുകാലം പകുതിയായതോടെ കട്ടുകൃഷിസ്ഥലം മഞ്ഞപ്പൂക്കൾകൊണ്ടു് പ്രകാശിച്ചു കാണപ്പെട്ടു. കൺമുമ്പിൽ തുറന്നു കാണായ ആ കാഴ്ചയ്ക്കു സാദൃശ്യമില്ല. ആയിരത്തിഅഞ്ഞൂറു ബിഘാ വിസ്തീർണ്ണത്തിൽ വ്യാപിച്ചുകിടക്കുന്ന അതിവിശാലമായ ഭൂതലം വിദൂരസ്ഥമായ ചക്രവാളരേഖവരെ വിരിച്ചിട്ടുള്ള ഒരു മഞ്ഞപ്പരവതാനി ആണെന്നുതോന്നും. ഇതിൽ ഒരു വിടവോ ഒരു വിരാമമോ ഇല്ല—മുകളിൽ നീലാകാശം, ഇന്ദ്രനീലമണിപോലെ നീലം—അതിനടിയിൽ മഞ്ഞ—മഞ്ഞനിറംപൂണ്ട ധരണി, നോക്കെത്തുന്നിടംവരെ. എനിക്കു തോന്നി, ഇതും ഒരുതരത്തിൽ നോക്കിയാൽ മോശമല്ല.

ഒരുദിവസം ഞാൻ പുത്തൻഗ്രാമം പരിശോധിക്കാൻ പോയി. ഛട്ടുസിംഹനെ ഒഴിച്ചാൽ മററുള്ളവരെല്ലാംതന്നെ പാവപ്പെട്ട പ്രജകളാണു്. അവക്കുവേണ്ടി ഒരു നിശാവിദ്യാലയം തുറന്നുകളയാമെന്നു് ഞാൻ വിചാരിച്ചു. അനേകം ചെറുബാലികാബാലന്മാർ കട്ടുതോട്ടത്തിൽ കളിച്ചുകൊണ്ടിരിക്കുന്നതു കണ്ടിട്ടാണു് എനിക്കു് ഈ നിശാവിദ്യാലയത്തെപ്പററി ആദ്യമായി ആലോചന അങ്കുരിച്ചതു്.

എന്നാൽ വേഗം പുതിയ പ്രജകൾ ഭയങ്കരമായ കുഴപ്പം ഉണ്ടാക്കി. ഇവർ ആകെപ്പാടെ സമാധാനം ഇഷ്ടപ്പെടുന്നവരല്ലെന്നു് ഞാൻ മനസ്സിലാക്കി. ഒരുദിവസം ഞാൻ കച്ചേരിയിൽ ഇരിക്കുമ്പോൾ വാത്ത ലഭിച്ചു, നാഢാബയിഹാരിലെ പ്രജകളുടെയിടയിൽ ഭയങ്കരമായ ലഹള തുടങ്ങിയിരിക്കുന്നു എന്നു്. ഭൂമിയുടെ അതിരുകൾ പ്രത്യേകംപ്രത്യേകമായി തിരിച്ചറിയാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടാണു് ഈ ലഹള ഉണ്ടായതു്. അഞ്ചു ബിഘാഭൂമി ഉണ്ടായിരുന്നവൻ പത്തു ബിഘാഭൂമിയിലെ വിളവെട്ടുക്കാൻ മുതിന്നു. മാത്രമല്ല, കട്ടുവിളയുന്നതിനു് കുറച്ചുദിവസം മുമ്പായി ഛട്ടുസിംഹൻ തന്റെ നാട്ടിൽനിന്നും ലാഠിധാരികളും കുന്തക്കാരും ആയ രജപുത്രരെ കൊണ്ടുവന്നു് ഗോപ്യമായി താമസിപ്പിച്ചിരുന്നതായും കേട്ടു. അതിന്റെ ഉദ്ദേശ്യം ഇപ്പോഴാണു് വെളിപ്പെട്ടതു്. തൻെറവക മുന്നൂറു നാന്നൂറു ബിഘാ ഭൂമിയിലെ വിളവെട്ടുത്തശേഷം ലാഠി

യുടെ ശക്തികൊണ്ടു് നാഢാബയിഹാരിലെ ആയിരത്തിയഞ്ഞൂറു ബിഘാഭൂമിയിലെ മുഴവൻ അല്ലെങ്കിൽ കഴിയുന്നിടത്തോളം വിളവെട്ടക്കാൻ അയാൾ ആഗ്രഹിച്ചു.

കച്ചേരിയിലെ ക്ലാക്കന്മാർ പറഞ്ഞു: "ഈനാട്ടിലെ നിയമം ഇതാണു് അങ്ങുന്നെ! ലാഠി ആർക്കുണ്ടോ അവക്കാണു് വിളവു്."

ലാഠിയുടെ ശക്തിയില്ലാതിരുന്നവർ കച്ചേരിയിൽ വന്നു കരഞ്ഞുകൊണ്ടു് എൻെറ അട്ടക്കൽ സങ്കടം പറഞ്ഞു. ദുരാഗ്രഹികളല്ലാത്ത ഗാങ്ങോതാപ്രജകളായിരുന്നു അവർ. ഏതാണ്ടു പത്തിരുപതു ബിഘാഭൂമി വെട്ടിത്തെളിച്ചു് അവർ കൃഷിചെയ്തിരുന്നു. അവർ ഭാൎയ്യാപുത്രാദികളേയും കൊണ്ടുവന്നു ഭൂമിക്കടുത്തു് വീട്ടകെട്ടി താമസിച്ചുവന്നു. ഇപ്പോൾ ഒരാണ്ടുമുഴവൻ അദ്ധ്വാനിച്ചതിൻെറ ഫലം പ്രബലൻെറ ദുഷ്ടതകൊണ്ടു് നഷ്ടപ്പെട്ടുന്നദിക്കായി.

കച്ചേരിയിലെ രണ്ടു ശിപായിമാരെ സംഭവസ്ഥലത്തേക്കു് അയച്ചു, സ്ഥിതിഗതികൾ എങ്ങനെയിരിക്കുന്നു എന്നറിയാൻ. അവർ ഓടി അണച്ചുവന്നു് വിവരം അറിയിച്ചു, ഭീമദാസഗ്രാമത്തിൻെറ വടക്കേയററത്തു് ഭയങ്കരമായ ലഹള നടക്കുന്നു എന്നു്.

ഞാൻ അപ്പോൾത്തന്നെ സജ്ജനസിംഹനേയും സകല ശിപായിമാരേയും കൂട്ടിക്കൊണ്ടു് കുതിരപ്പുറത്തു കയറി സംഭവസ്ഥലത്തേക്കു യാത്രയായി. ദൂരെവെച്ചുതന്നെ അടിപിടിയുടെ ബഹളം കേൾക്കായി. നാഢാബയിഹാരിൻെറ നടുക്കൂടി ഒരു കാട്ടാറു് ഒഴുകിപ്പോകുന്നുണ്ടു്—ലഹള ആ ഭാഗത്താണത്രെ നടക്കുന്നതു്.

നദീതീരത്തു് എത്തിയപ്പോൾ കാണായി ഇരുകരകളിലും ആളുകൾ കൂടിനിൽക്കുന്നതു്—ഏതാണ്ടു് അറുപതെഴുപതാളുകൾ ഇക്കരെ, അക്കരെ ഛരട്ടസിംഹൻെറ മുപ്പതു നാല്പതു രജപുത്രലാഠിക്കാർ. അക്കരെ നിൽക്കുന്നവർ ഇക്കരെ വരാൻ ഉദ്യമിക്കുന്നു, ഇക്കരെയുള്ളവർ പ്രതിരോധിക്കാൻ തയ്യാറായിനിൽക്കുന്നു. ഇതിനിടക്കു് ഇക്കരെ നിൽക്കുന്നവരുടെ കൂട്ടത്തിൽനിന്നും രണ്ടുപേക്കു് പരുക്കേൽക്കാൻ ഇടയായി. പരുക്കേററു നദിയിൽ വീണപ്പോൾ ഛരട്ടസിംഹൻെറ ആളുകൾ

മഴകൊണ്ടു് ഒരാളുടെ കഴുത്തു് വെട്ടാൻ ശ്രമിച്ചു—ഈ പക്ഷക്കാർ പിടിച്ചുവലിച്ചു് അയാളെ കരയ്ക്കു കയററി. നദിയിൽ പാദംമുഴകാൻപോലും വെള്ളം ഉണ്ടായിരുന്നില്ല—കാട്ടാറു്, അതിനുംപുറമേ മഞ്ഞുകാലത്തിന്റെ അന്ത്യഘട്ടവും.

കച്ചേരിയിലെ ആളുകളെ കണ്ടിട്ടു് ഇരുപക്ഷക്കാരും ലഹള നിറുത്തി എന്റെ അടുക്കൽ വന്നുകൂടി. ഓരോ പക്ഷക്കാരും തങ്ങളുടേതു് യുധിഷ്ഠിരപക്ഷവും മററവരുടേതു് ദുര്യോധനപക്ഷവും ആയിട്ടാണു് നിലകൊണ്ടതു്. ആ കോലാഹലത്തിനിടയിൽ ന്യായാന്യായവിവേചനം സാധ്യമായിരുന്നില്ല. അതുകൊണ്ടു് ഇരുപക്ഷക്കാരും കച്ചേരിയിൽ ഹാജരാകാൻ ഞാൻ നിർദ്ദേശം കൊടുത്തു. ഗുരുതരമായ പരുക്കൊന്നുമായിരുന്നില്ല ആ രണ്ടുപേർക്കും ഏററതു്. ലാഠികൊണ്ടുള്ള സാമാന്യമായ അടിയേററു് വീണെന്നേയുള്ളു. അവരേയും കച്ചേരിയിൽ കൊണ്ടുവന്നു.

ഛട്ടുസിംഹന്റെ ആളുകൾ ഉച്ചതിരിഞ്ഞു് കച്ചേരിയിൽ വന്നു കണ്ടുകൊള്ളാമെന്നു പറഞ്ഞു. വഴക്കെല്ലാം തീർന്നെന്നു് ഞാൻ വിചാരിച്ചു. എന്നാൽ അപ്പോഴും ഞാൻ ഈ നാട്ടുകാരെ മനസ്സിലാക്കിയിരുന്നില്ല. ഉച്ചകഴിഞ്ഞയുടൻ അറിവുകിട്ടി, നാഢാബായിഹാരിൽ പിന്നെയും ഭയങ്കരമായ ലഹള ഉണ്ടായിരിക്കുന്നതായി. ഞാൻ പിന്നെയും അങ്ങോട്ടു് ഓടി. പതിനഞ്ചു മൈൽ അകലെയുള്ള പോലീസ്സ്റ്റേഷനിലേയ്ക്കു് ഒരാളെ ഞാൻ കുതിരപ്പുറത്തയച്ചിരുന്നു. ലഹള മുന്നേപ്പോലെതന്നെ നടക്കുന്നതായി ഞാൻ കണ്ടു. രാഷബിഹാരിസിംഹരജപുത്രനും നന്ദലാൽഓഝായും ലഹളക്കാരനായ ഛട്ടുസിംഹനെ സഹായിച്ചുകൊണ്ടിരിക്കുന്നതായി കേട്ടു. ഛട്ടുസിംഹൻ ലഹളസ്ഥലത്തു് ഉണ്ടായിരുന്നില്ല. അയാളുടെ സഹോദരൻ ഗജാധരസിംഹൻ കുതിരപ്പുറത്തു് കുറച്ചുദൂരെയായി നിൽക്കുന്നുണ്ടായിരുന്നു. ഞാൻ വരുന്നതു കണ്ടു് അയാൾ മാറിക്കളഞ്ഞു. ഇത്തവണ രജപുത്രരിൽ രണ്ടുപേരുടെ കൈയിൽ തോക്കു് ഉണ്ടായിരുന്നതായി ഞാൻ കണ്ടു.

അക്കരെനിന്നു് രജപുത്രർ വിളിച്ചുപറഞ്ഞു: "അങ്ങുന്നേ! അവിടുന്നു് ഒന്നു മാറിനില്ക്കണേ. ഈ കുരങ്ങിൻമോൻ

മാരെ, ഈ ഗാങ്ങോതാക്കളെ ഞങ്ങളൊന്നു കാണിച്ചുകൊടു ത്തോട്ടെ!''

എൻെറ ആജ്ഞയനുസരിച്ചു് എൻെറ ആളുകൾ ഇരു പക്ഷക്കാരുടേയും നടുക്കായി ചെന്നുനിന്നു. ഞാൻ അവരെ അറിയിച്ചു: ''നൗഗാഛരിയാ പോലീസ്സ്റ്റേഷനിൽ അറിവു കൊടുത്തിട്ടുണ്ടു്. അവർ ഇപ്പോൾ പകുതിവഴിയായിക്കാണും. ആ തോക്കെല്ലാം ആരുടെപേരിലുള്ളതാണു്? തോക്കിൻെറ ഒച്ച കേൾപ്പിച്ചാൽ അവൻ ജയിലിൽ, നിശ്ചയം! നിയമം ഭ യങ്കരമാംവണ്ണം കഠിനമാണു്.''

തോക്കുധാരികളായ ഇരുവരും കുറഞ്ഞൊന്നു പിൻവാ ങ്ങിനിന്നു.

ഞാൻ ഇക്കരെയുള്ള ഗാങ്ങോതാക്കളെ വിളിച്ചുപറ ഞ്ഞു: ''നിങ്ങളുടെ സ്ഥലത്തേയ്ക്കു പൊയ്ക്കൊള്ളിൻ! നിങ്ങൾ ക്കു് ഇവിടെ ലഹളയുണ്ടാക്കേണ്ട ഒരാവശ്യവും ഇല്ല. ഞാൻ ഇവിടെ ഉണ്ടു്. എൻെറ എല്ലാ ഉദ്യോഗസ്ഥന്മാരും ശിപാ യിമാരും ഇവിടെയുണ്ടു്. വിളവു് കവച്ചുനടത്തിയാൽ ഞാൻ ഉത്തരവാദിയായിരിക്കും.''

ഗാങ്ങോതാസംഘത്തിൻെറ സർദാർ എൻെറ വാക്കുക ളിൽ വിശ്വാസം അർപ്പിച്ചുംകൊണ്ടു് തൻെറ അനുചരന്മാരെ യുംകൊണ്ടു് കുറച്ചു ദൂരെ ഒരു ബകായിൻ മരച്ചുവട്ടിൽ പോ യി നിന്നു. ഞാൻ പറഞ്ഞു: ''അവിടെയും നില്ക്കണ്ട. നേരെ വീട്ടിലേയ്ക്കു പൊയ്ക്കൊള്ളിൻ; പോലീസ് വരുന്നുണ്ടു്.''

രജപുത്രന്മാർ അത്ര എളുപ്പമൊന്നും അടങ്ങുന്നവരല്ല. അ വർ അക്കരെനിന്നു് തമ്മിൽത്തമ്മിൽ എന്തോ ആലോചി ക്കാൻ തുടങ്ങി. തഹശീൽദാരോടു് ഞാൻ ചോദിച്ചു: ''എ ന്തോന്നാ അവിടെ നടക്കുന്നതു്? നമ്മുടെമേൽ കുതിരകയറാ നല്ലേ?''

തഹശീൽദാർ പറഞ്ഞു: ''അങ്ങുന്നേ, നന്ദലാൽ ഈ ല ഹളയിൽ ഉൾപ്പെട്ടിട്ടുണ്ടല്ലൊ. അയാളെ ആണു ഭയപ്പെടേ ണ്ടതു്. അയാൾ വലിയ ദുഷ്ടനും അക്രമിയും ആണു്.''

അങ്ങനെയാണെങ്കിൽ തയാറായി നിന്നുകൊള്ളണം. നദി കടക്കാൻ ആരെയും അനുവദിക്കരുതു്. രണ്ടു മണിക്കൂർ

നേരം സമാധാനമായിരിക്കുക, അതു കഴിഞ്ഞാൽ പോലീസ് വന്നുചേരും.

രജപുത്രന്മാർ ആലോചിച്ച് എന്തു തീരുമാനിച്ചു എന്നറിഞ്ഞുകൂടാ. ഒരുകൂട്ടർ മുന്നോട്ടുവന്നു പറഞ്ഞു: "അങ്ങുന്നേ ഞങ്ങൾക്ക് അക്കരെ വരണം."

ഞാൻ ചോദിച്ചു: "എന്തിനു്?"

"ഞങ്ങൾക്ക് അക്കരെ ഭൂമിയില്ലേ?"

"ഇക്കാര്യം പോലീസിൻെറ അടുക്കൽ പറഞ്ഞുകൊള്ളണം. പോലീസ് വന്നുകഴിഞ്ഞല്ലൊ. ഇക്കരെ വരാൻ നിങ്ങളെ അനുവദിക്കാൻ എനിക്കു നിവൃത്തിയില്ല."

"കച്ചേരിയിൽ ഒരു കുമ്പാരം രൂപാ കരമായി തന്നിട്ട് ഭൂമി വാങ്ങിച്ചതു് വിളവു നഷ്ടപ്പെടാൻവേണ്ടിയാണോ? ഇതു് അന്യായം! അസംബന്ധം!"

"അക്കാര്യവും പോലീസിൻെറ അടുക്കൽ പറഞ്ഞുകൊള്ളണം."

"ഞങ്ങളെ അക്കരെ കടക്കാൻ അനുവദിക്കയില്ലേ?"

"ഇല്ല, പോലീസ് വരുന്നതിനുമുമ്പ് സാദ്ധ്യമല്ല. എൻെറ എസ്റ്റേററിൽ ലഹളയുണ്ടാക്കാൻ ഞാൻ അനുവദിക്കുകയില്ല."

ഇതിനിടയ്ക്കു് കച്ചേരിയിൽനിന്നും കൂടുതൽ ആളുകൾ വന്നുകഴിഞ്ഞു. ഇവർ വന്നു വിളിച്ചുപറഞ്ഞു: "പോലീസ് വരുന്നു" എന്നു്. ഛരട്ടസിംഹൻെറ സംഘക്കാർ ഓരോന്നും ഈരണ്ടും ആയി പിരിഞ്ഞുപോകാൻ തുടങ്ങി. മുന്നേപ്പോലെ ലഹള പിന്നെയും അടങ്ങി. എന്നാൽ, അടിലഹള, പോലീസിനെ ആക്രമിക്കുക, കുത്തു്, കൊല എന്നിങ്ങനെ ഘോരകൃത്യങ്ങൾ ചെയ്യാനുള്ള ഗൂഢാലോചന നടക്കുന്നുണ്ടായിരുന്നു. ഓരോ ദിവസവും അതു് കൂടിക്കൂടിവന്നു, കുറഞ്ഞില്ല. ഛരട്ടസിംഹനേപ്പോലെ അഹങ്കാരിയായ രജപുത്രനു് ഭൂമി ഒന്നായി പതിച്ചുകൊടുത്തതിൻെറ ഫലമായിട്ടാണു് ഈ ലഹളയെല്ലാം ഉണ്ടായതെന്നു് ഞാൻ മനസ്സിലാക്കി.

ഛരട്ടസിംഹനെ ഒരുദിവസം ഞാൻ വിളിച്ചുവരുത്തി. അയാൾ പറഞ്ഞു: "ഇതിനെപ്പററിയൊന്നും ലവലേശംപോലും എനിക്കറിഞ്ഞുകൂടാ. എൻെറ താമസം അധികവും

ഛരാപ്റായിലാണു്. എൻെറ ആളുകൾ ചെയ്യുന്നതിനും ചെയ്യാത്തതിനും ഞാനെങ്ങനെയാണു് ഉത്തരവാദിയായിത്തീരുന്നതു്?''

അയാൾ വിളഞ്ഞ കള്ളനാണെന്നു് ഞാൻ മനസ്സിലാക്കി. നേരുപറഞ്ഞാൽ ഇവിടെ കാര്യംനേടാനുള്ള സാദ്ധ്യതയില്ലല്ലൊ; ഇതൊന്നു തടഞ്ഞാൽ മററു വഴി നോക്കാവുന്നതാണു്. ഇതായിരുന്നു അയാളുടെ ഉദ്ദേശ്യം.

അന്നുമുതൽ ഗാങ്ങോതാപ്രജകൾക്കു് അല്ലാതെ മററുള്ളവക്കു് ഭൂമി പതിച്ചുകൊടുക്കുന്ന പതിവു് ഞാൻ തീരെ നിർത്തിവച്ചു. എന്നാൽ ആദ്യംതന്നെ ചെയ്തുപോയ തെററു തിരുത്താൻ ഒരു മാർഗ്ഗവും കണ്ടില്ല. നാഢാബയിഹാരിലെ ശാന്തി വളരെക്കാലത്തേയ്ക്കു നശിച്ചുപോയി.

## അഞ്ചു്

ഞങ്ങളുടെ പന്ത്രണ്ടു മൈൽ നീളംവരുന്ന വനംഎസ്റ്റേററിൻെറ വടക്കുഭാഗത്തായി ഏതാണ്ടു് അഞ്ഞൂററുനൂറു് ഏക്കർ ഭൂമിയിൽ കുടിയാനവന്മാരെ പാർപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. ധനുമാസം ഒടുവിൽ ഒരുദിവസം അങ്ങോട്ടു പോകേണ്ട ആവശ്യം വന്നുകൂടി. അവിടെ എത്തിയപ്പോൾ, ഇവർ ഈ പ്രദേശത്തിൻെറ രൂപംതന്നെ പാടെ മാററിയിരിക്കുന്നതായി കണ്ടു.

ഫുൽകിയാവനത്തിൽനിന്നു പുറത്തേയ്ക്കു് ഇറങ്ങിയപ്പോൾത്തന്നെ കൺമുമ്പിൽ കാണായതു് പൂക്കൾവിരിഞ്ഞു് ദിഗന്തപര്യന്തം വ്യാപിച്ചുകിടക്കുന്ന കടുകിൻതോട്ടമാണു്. നോക്കെത്തുന്നിടത്തോളം വലത്തും ഇടത്തും മുമ്പിലും, മഞ്ഞപ്പൂക്കൾ നെയ്തുപിടിപ്പിച്ചിട്ടുള്ള ഒരു പരവതാനി ആരോ അവിടെ വിരിച്ചിരിക്കുന്നതുപോലെയുള്ള ഒരു കാഴ്ചയാണു് അവിടെ കണ്ടതു്.—അതിനു് ഒരു തടവില്ല, വിടവില്ല; വനത്തിൻെറ അതിരിൽനിന്നും വളരെ വളരെദൂരെ ചക്രവാളത്തിൽ ലീനമായ ശൈലമാലയുടെ മടിയിൽചെന്നു് ലയിച്ചിരിക്കുക

യാണ്. തലയ്ക്കുമീതെ മഞ്ഞുകാലത്തേനീരദമില്ലാത്ത നീലാകാശം. ഈ അതിസുന്ദരമായ സസ്യക്ഷേത്രത്തിൽ ഇടയ്ക്കിടയ്ക്ക് പ്രജകളുടെ കാശക്കുടിൽ. ഈ കട്ടത്ത തണുപ്പിൽ കാശത്തണ്ടുകൊണ്ട് കെട്ടിമറച്ചുണ്ടാക്കീട്ടുള്ള കുടിലിൽ ഈ തുറന്ന പ്രദേശത്ത് ഭാര്യാപുത്രാദികളോട്ടുകൂടി ഇവർ താമസിക്കുന്നല്ലോ!

വിളവെട്ടുക്കുന്നതിന് ഇനിയും അധികം താമസമില്ല. ഇതിനിടയ്ക്കുതന്നെ വിളവെട്ടപ്പുതൊഴിലാളികൾപല ദിക്കിൽ നിന്നും വരാൻതുടങ്ങീട്ടുണ്ട്. ഇവരുടെ ജീവിതം വളരെ അത്ഭുതകരമാണ്—പൂർണ്ണിയാ, താരായി, ജയന്തി എന്നീ മലനാട്ടുകളിൽനിന്നും ഉത്തരഭഗൽപുരത്തിൽനിന്നും ഭാര്യാപുത്രാദികളോട്ടുകൂടി കട്ടകുവിളയുന്ന സമയത്ത് ഇവർവന്ന് ചെറിയ ചെറിയ കുടിലുകൾകെട്ടി താമസിച്ച് വിളവ് അറുത്തെടുക്കും, വിളവിന്റെ ഒരു അംശം കൂലിയായിക്കിട്ടും. പിന്നെ അറുപ്പുകഴിയുമ്പോൾ കുടിലുകൾ ഇട്ടുംവച്ച് ഭാര്യാപുത്രാദികളോട്ടുകൂടി തിരിച്ചുപോകും. വീണ്ടും അടുത്തവർഷം വന്നുകൂടും. ഇവരുടെയിടയിൽ പല ജാതിക്കാരും ഉണ്ട്. ഇവരിൽ അധികം പേരും ഗാങ്ങോതാജാതിക്കാരാണ്. എന്നാൽ ഛത്രികൾ, ഭൂമിഹാരബ്രാഹ്മണർ, മൈഥിലബ്രാഹ്മണർവരെയുള്ളവർ ഇക്കൂട്ടത്തിൽ ഉണ്ട്.

വിളവെട്ടപ്പുകാലത്ത് കൃഷിസ്ഥലത്തുചെന്ന് താമസിച്ച് കരം പിരിച്ചെടുക്കണം എന്നുള്ളതാണ് ഈ പ്രദേശത്തേ നിയമം. ഇല്ലെങ്കിൽ ഇത്ര പാവപ്പെട്ട പ്രജകൾക്ക് വിളവെട്ടപ്പുകഴിഞ്ഞാൽപ്പിന്നെ കരംതരാൻ കഴിയാതെവരും. കരംപിരിക്കുന്നതു് പരിശോധിക്കാനായി കുറച്ചുദിവസം ഫുൽകിയാബയിഹാരിലെ ദിഗന്തവ്യാപിയായ ഈ തോട്ടത്തിനുനടുക്ക് താമസിക്കേണ്ട ആവശ്യം വന്നുകൂടി.

തഹശീൽദാർ പറഞ്ഞു: "അങ്ങനെയാണെങ്കിൽ അവിടെ ഒരു കൊച്ചുകൂടാരം തീർത്തുതരട്ടോ?"

"ഒരു ദിവസംകൊണ്ടു് ഒരു കൊച്ചു കാശ–ഖുപരി തീർത്തുതരാൻ വയ്യായോ?"

"ഈ തണുപ്പിൽ അതിൽ താമസിക്കാൻ സാധിക്കുമോ, അങ്ങുന്നേ?"

"ഓഹോ! ധാരാളമായിട്ടും; നിങ്ങൾ അതങ്ങു ചെയ്യേക്കുക."

അതുതന്നെ നടന്നു. അടുത്തടുത്തതായി മൂന്നാലു കൊച്ചു കൊച്ചു കാശക്കുടിലുകൾ—ഒന്നു് എന്റെ ശയനമുറി, ഒന്നു് അടുക്കള, ഒന്നിൽ എന്റെ രണ്ടു ശിപായിമാരും പിന്നെ പാർവ്വത്യകാരനും താമസിച്ചുകൊള്ളും. ഇങ്ങനെയുള്ള വീടിനു് 'ഖുപരി' എന്നു പറയും. വാതിലിനും ജന്നലിനും പകരം ചുററിനുമുള്ള കാശച്ചെററയുടെ മദ്ധ്യത്തിൽ കുറച്ചുഭാഗം മുറിച്ചുകളഞ്ഞിരിക്കും—അടയ്ക്കാൻ ഒന്നും ഇല്ല—രാത്രിയിൽ മഞ്ഞു 'ഹ്വഹ്വ' എന്നു് അകത്തേയ്ക്കു് അടിച്ചുകൊണ്ടിരിക്കും. ഇതിൽക്കൂടി മുട്ടേലിഴഞ്ഞുവേണം അകത്തു കടക്കാൻ. തറയിൽ നന്നാ ഉണങ്ങിയ കാശപ്പുല്ലും ഝാബുകമരത്തിൻെറ ചവറും നിരത്തി, അതിൻെറ മുകളിൽ വിരിപ്പുവിരിച്ചു് അതിൻെറ മീതെ കുഷ്യനിട്ടു് ഇരിപ്പിടം തയാറാക്കി. എൻെറ ഖുപരിക്കു് ഏഴു കൈ നീളം മൂന്നുകൈ വീതി; മുറിക്കകത്തു് നീണ്ടുനിവന്നു നില്ക്കാൻ സാദ്ധ്യമല്ല; മൂന്നുകൈ ഉയരമേ ഉള്ളൂ. എന്നാൽ എനിക്കു് വളരെ സുഖമായി തോന്നി ഈ ഖുപരി. ഇത്രയും വിശ്രമവും ആനന്ദവും കൽക്കത്തയിലെ മൂന്നുനിലക്കെട്ടിടത്തിൽ താമസിച്ചാലും കിട്ടുകയില്ല. എന്നാൽ വളരെക്കാലം ഇവിടെ താമസിച്ചതിൻെറ ഫലമായി ഞാനും ഒരു കാട്ടുജാതിക്കാരനായിത്തീർന്നിരിക്കുകയാണു്. എൻെറ അഭിരുചി, വീക്ഷണകോണം, ഗുണദോഷചിന്ത ഇവയ്ക്കെല്ലാംതന്നെ ഈ അരണ്യപ്രകൃതിയുടെ ഏതാണ്ടൊരു പ്രേരണ ലഭിച്ചുകഴിഞ്ഞിരിക്കുന്നു എന്നു് എനിക്കു തോന്നിപ്പോകുന്നു. അതുകൊണ്ടല്ലേ ഇങ്ങനെ തോന്നിയതു്, എന്നാക്കറിയാം?

ഖുപരിയിൽ പ്രവേശിച്ചിട്ടു് ആദ്യമായിത്തന്നെ, ചെററകെട്ടിയുണ്ടാക്കുന്നതിനു് ഉടനെ മുറിച്ചെടുത്ത കാശത്തണ്ടിന്റെ പുതുമണം എനിക്കു് നന്നാപിടിച്ചു. എൻെറ തലയ്ക്കുടുത്തായി ഒരു ചതുരഹസ്തം വിസ്തീർണ്ണമുള്ള കിളിവാതിലിൽക്കൂടി, ചാരിക്കിടക്കവേ, എന്റെ കണ്ണിനു ലക്ഷ്യമായ, മിക്കവാറും സമതലവും അതിവിസ്തൃതവും ആയ, കടുകിൻതോട്ടത്തിലെ പീതസുമരാശിയും എനിക്കു് ഇഷ്ടമായി. ഒരു ഭൂതലത്തിൽ സമ്പൂർണ്ണമായി ചേർന്നു കിടക്കത്തക്കവണ്ണം വിരിച്ചിട്ടുള്ള ഒരു മഞ്ഞ

പ്പരവതാനിയിൽ കിടക്കുന്നതായ, തികച്ചും അഭിനവമായ, അനുഭൂതിയാണ് എന്നിൽ അതു് ഉളവാക്കിയതു്. 'ഹ്ല ഹ്ല' എന്നടിക്കുന്ന കാററിൽ തീവ്രവും ഉഗ്രവുമായ കട്ടകിൻപൂമണം!

മഞ്ഞും വീഴാനുള്ളതു് വീണുകഴിഞ്ഞു. പടിഞ്ഞാറൻ കാററിനു് ഒരു ദിവസവും കുറവുണ്ടായില്ല. പടിഞ്ഞാറൻ കാററിൻെറ പ്രാബല്യംകൊണ്ടു് ഇത്ര കട്ടത്ത് വെയിലും പച്ച വെള്ളംപോലെ ആയിത്തീന്നു.

ബയിഹാരിലെ വിസ്തൃതമായ ബദരീവനത്തിനട്ടുത്തുകൂടി കുതിരപ്പുറത്തു് തിരിച്ചുപോരുന്ന സമയം എനിക്കു കാണായി ദൂരെ തിരാശീചൗകായിലെ ഉയരംകുറഞ്ഞ നീലപവ്വതപംക്തിയുടെ അപ്പുറത്തായി ശീതകാലത്തെ സൂയ്യാസ്തമയം. പശ്ചിമാകാശം മുഴുവൻ, അഗ്നികോണംമുതൽ നിരൃതികോണംവരെ അരുണവണ്ണംകലന്നു ഒരു അനലമഹാസമുദ്രം; അതിൽ 'ഹ്ല ഹ്ല' എന്നു് ഉജ്ജ്വലിക്കുന്ന അഗ്നിഗോളംപോലെ ഭീമാകാരനായ സൂയ്യൻ മുങ്ങിത്താഴുന്നു—ഭൂമിയുടെ ആഹ്നികഗതി പ്രത്യക്ഷത്തിൽ ഞാൻ കാണുന്നുണ്ടു്. അതിന്റെ വിസ്തൃതമായ ഉപരിതലം പടിഞ്ഞാറുനിന്നും കിഴക്കോട്ടു് കറങ്ങിക്കൊണ്ടിരിക്കുന്നു. കുറച്ചധികംനേരം അവിടെ നോക്കിക്കൊണ്ടു നിന്നിരുന്നെങ്കിൽ എൻെറ കണ്ണു കറങ്ങുമായിരുന്നു. പശ്ചിമചക്രവാളത്തിലെ ഭൂതലം ഞാൻ നിൽക്കുന്ന ബിന്ദുവിലേയ്ക്കു് കറങ്ങി വന്നുകൊണ്ടിരിക്കുന്നതായി എനിക്കു് തോന്നിപ്പോയി.

വെയിൽ മറയുന്നതോട്ടുകൂടിത്തന്നെ കട്ടത്ത മഞ്ഞു വീഴുകയായി; ഞങ്ങളും പകൽമുഴുവൻ അദ്ധ്വാനിക്കുകയും കുതിരപ്പുറത്തുകയറി അവിടവിടെ ഓടിച്ചുപോകുകയും ചെയ്തശേഷം സന്ധ്യാവേളയിൽ തിരിച്ചെത്തി ദിവസംതോറും എന്റെ കുപരിക്കു് മുമ്പിൽ തീകൂട്ടി ഇരിക്കുക പതിവാക്കി.

അതോട്ടുകൂടി അന്ധകാരാവൃതമായ വനപ്രാന്തരത്തിനു് നേരേമുകളിലുള്ള ആകാശത്തിൽ എണ്ണമററ നക്ഷത്രങ്ങൾ, വിദൂരതയിൽ വിഹരിക്കുന്ന വിശ്വരാശിയുടെ ജ്യോതിസ്സിൻെറ ദൂതരായി, ഭൂമിയിലെ മനുഷ്യൻെറ കൺമുമ്പിൽ ദർശനം തരാറുണ്ടു്. ആകാശത്തിൽ നക്ഷത്രരാശി തിളങ്ങാറുണ്ടു്, ഉജ്ജ്വലിക്കുന്ന ഇലക്ട്രിക്കു് ബൾബുകൾ പോലെ—ബങ്കാ

ളത്തു് ഈ രൂപത്തിൽ കാൎത്തികനക്ഷത്രവും സപ്തൎഷിമണ്ഡലവും ഒരിക്കലും ഞാൻ കണ്ടിട്ടില്ല. കണ്ടുകണ്ടു് അവയുമായി എനിക്കു് ഗാഢമായ പരിചയം സിദ്ധിക്കുകയുണ്ടായി. താഴെ ഘനാന്ധകാരം, മഹാവനം, നിൎജ്ജനത, രഹസ്യമയമായ രാത്രി; മുകളിൽ നിത്യസംഗിയായ, സംഖ്യാതീതമായ ജ്യോതിർലോകം. ചില ദിവസം അയഥാൎത്ഥമായ ഒരു അമ്പിളിക്കീറു് അന്ധകാരംനിറഞ്ഞ സമുദ്രത്തിൽ ദൂരെക്കാണായ ദീപഗൃഹം പോലെ കണ്ടിട്ടുണ്ടു്. മാത്രമല്ല, ആ കട്ടംകറുപ്പായ കൂരിരുട്ടിനെ മൂൎച്ചയേറിയ ആഗ്നേയാസ്ത്രംകൊണ്ടു് നിഷ്പ്രയാസം കീറി ഉല്ക്കകൾ അവിടെയും ഇവിടെയും അടൎന്നുവീണുകൊണ്ടിരിക്കുന്നു. തെക്കും, വടക്കും, ഈശാനകോണിലും, നിരൃതികോണിലും, കിഴക്കും, പടിഞ്ഞാറും, സകലദിക്കിലും. ഇതാ ഒന്നു്, അതാ ഒന്നു്, അതാ രണ്ടു്, ഇതാ വീണ്ടും ഒന്നു്—മിനിറ്റുതോറും സെക്കണ്ടുതോറും.

ചില ദിവസം ഗനോരീതേവാരിയും വേറേ പലരുംകൂടി കൂടാരത്തിൽ വന്നുകൂട്ടം, പലകാൎയ്യങ്ങളെപ്പററിയും സംസാരിക്കും. ഇവിടെവച്ചാണു് ഒരുദിവസം ഒരു അത്ഭുതകഥ കേട്ടതു്: അന്നു് പറഞ്ഞുപറഞ്ഞു് നായാട്ടിൻെറ കാൎയ്യമായി. മോഹനപുരാവനത്തിലെ കാട്ടുപോത്തിൻെറ കഥയായി. ദശരഥസിംഹത്ധാണ്ഡാവാലാ എന്നു പേരായ ഒരു രജപുത്രൻ അന്നു് ലബ്ട്ടലിയാ കച്ചേരിയിൽ മേച്ചിൽസ്ഥലം ലേലംവിളിക്കാൻ വന്നിട്ടുണ്ടായിരുന്നു. അയാൾ ഒരുകാലത്തു് ധാരാളം കാട്ടിലും വനത്തിലും സഞ്ചരിച്ചിട്ടുണ്ടു്, ദുൎദ്ദാന്തശിക്കാരി എന്നു് അതിനു പേരുണ്ടു്. ദശരഥത്ധാണ്ഡാവാലാ പറഞ്ഞു: "അങ്ങുന്നെ! ആ മോഹനപുരത്തിൽ കാട്ടുപോത്തിനെ വേട്ടയാടിപ്പോയപ്പോൾ ഞാൻ ഒരിക്കൽ 'ടാണ്ഡബാരാ'യെ കണ്ടു."

ഗനുമാഹാതോ ഈ ടാണ്ഡബാരോയുടെ കഥ മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടായിരുന്നല്ലോ—ഞാൻ ചോദിച്ചു: "എന്തോന്നാ ആ സംഭവം?"

"വളരെക്കാലം മുമ്പുനടന്ന സംഭവമാണു് അതു്, അങ്ങുന്നെ! കുശീനദിയിൽ അന്നും പാലം തീൎന്നിരുന്നില്ല. ചങ്ങാടം ഉണ്ടായിരുന്നു; വണ്ടിയും യാത്രക്കാരും സാമാനങ്ങളും എല്ലാം ചങ്ങാടംവഴിയായിരുന്നു അന്നു് അക്കരഇക്കര കടത്തിക്കൊ

ണ്ടിരുന്നതു്. അന്നു് ഞങ്ങൾ കുതിരനൃത്തത്തിൽ ഉന്മത്തരായി രുന്നു; ഞാനും ഛാപരായിലെ ഛട്ടസിംഹനും. ഛട്ടസിംഹൻ ഹരിഹരഛത്രമേളയിൽനിന്നും കുതിരയെ കൊണ്ടുവരും; ഞങ്ങൾ രണ്ടുപേരുംകൂടി ആ കുതിരയെ നൃത്തം പഠിപ്പിക്കും; എന്നിട്ടു കൂടുതൽവിലയ്ക്കു വിൽക്കും. കുതിരനൃത്തം രണ്ടു ജാതിയുണ്ടു്, ജമൈതിയും ഫനൈതിയും. ജമൈതിയിൽ ശിക്ഷണം ചെയ്യപ്പെട്ട കുതിരകളെയെല്ലാം വലിയവിലയ്ക്കു വിറ്റുവന്നു. ഛട്ടസിംഹൻ ജമൈതീനൃത്തം പഠിപ്പിക്കുന്ന അദ്ധ്യാപകനായിരുന്നു. രണ്ടുപേരുംകൂടി മൂന്നാലുവർഷംകൊണ്ടു് വളരെ രൂപാ ഉണ്ടാക്കി.

“ഒരിക്കൽ ഛട്ടസിംഹൻ ഒരു നിർദ്ദേശം കൊണ്ടുവന്നു, ലൈസൻസ് എടുത്തു് ഢോളബാജ്യാവനത്തിൽനിന്നും കാട്ടുപോത്തിനെ പിടിക്കുന്ന തൊഴിൽ തുടങ്ങിക്കളയാമെന്നു്. അതനുസരിച്ചു് ഞങ്ങൾ വേണ്ടഏർപ്പാടുകളെല്ലാം ചെയ്തു. ഢോളബാജ്യാ, ദ്വാരാഭാംഗാ മഹാരാജാവിന്റെ റിസേർവ് ഫോറസ്റ്റാണു്. ഞങ്ങൾ കുറച്ചുരൂപാ കൊടുത്തു് വനത്തിന്റെ മാനേജരുടെ അടുക്കൽനിന്നും പെർമിററു വാങ്ങിച്ചു. എന്നിട്ടു് കുറെദിവസം തുടർച്ചയായി ഞങ്ങൾ ഇടതിങ്ങിയ വനത്തിൽ കാട്ടുപോത്തുകൾ സഞ്ചരിക്കുന്ന വഴിയന്വേഷിച്ചു് നടപ്പായി. വളരെവലിയ വനമാണങ്ങുന്നേ അതു്. ഒരു കാട്ടുപോത്തിനെ എതെങ്കിലും ഒരുദിവസം കിട്ടിയെങ്കിലോ എന്നു് ഞങ്ങൾ എത്ര ആഗ്രഹിച്ചു! ഒടുവിൽ കാട്ടുജാതിക്കാരനായ ഒരു സാന്താളിനെ കണ്ടുമുട്ടി. അവൻ ഒരു മുളക്കാടിന്റെ അടിഭാഗം കാണിച്ചുതന്നിട്ടു് പറഞ്ഞു: ‘അർദ്ധരാത്രിക്കു് ഈ വഴിയിൽക്കൂടി കാട്ടുപോത്തിൻകൂട്ടം വെള്ളംകുടിക്കാൻ പോകും.’ ആ വഴിക്കു് നടുവിൽ ഞങ്ങൾ ഒരു ആഴമുള്ള കുഴികുഴിച്ചു്, അതിന്റെ മുകളിൽ മുളയും മണ്ണും ഇട്ടു നിരത്തി ഒരു കുരുക്കു് തയാറാക്കി; രാത്രിയിൽ കാട്ടുപോത്തിൻകൂട്ടം പോകുമ്പോൾ ഈ കുഴിയിൽ വീഴും.

“സാന്താൾ ഇതെല്ലാം അറിഞ്ഞിട്ടു പറഞ്ഞു: ‘നിങ്ങൾ ഇതെല്ലാം ചെയ്യുന്നു, ശരിതന്നെ, പക്ഷേ, ഢോളബാജ്യാ വനത്തിലെ കാട്ടുപോത്തിനെ കൊല്ലാൻ നിങ്ങൾക്കു് സാധിക്കുകയില്ല. ഇവിടെ ടാണ്ഡബാരോ ഉണ്ടു്.’

“ഞങ്ങൾ ആശ്ചൎയ്യപ്പെട്ടുപോയി. ‘ടാണ്ഡബാരോ എന്നുവച്ചാൽ എന്തൊന്നാ?’

“സാന്താൾ വൃദ്ധൻ പറഞ്ഞു: ‘ടാണ്ഡബാരോ എന്നുവച്ചാൽ കാട്ടുപോത്തിൻകൂട്ടത്തിൻെറ ദേവത. ആ ദേവത കാട്ടുപോത്തിൻകൂട്ടത്തിൽ ഒരെണ്ണത്തിനു് കുറവുവരാൻ അനുവദിക്കുകയില്ല.’

“ഛരട്ടസിംഹൻ പറഞ്ഞു: ‘അതെല്ലാം കെട്ടുകഥ. ഞങ്ങൾ അതു് കൂട്ടാക്കുന്നില്ല. ഞങ്ങൾ രജപുത്രരാണു്, സാന്താൾ അല്ല.’

“അതുകഴിഞ്ഞു് എന്തുനടന്നു എന്നുകേട്ടാൽ അങ്ങുന്നു് അമ്പരന്നുപോമേ! ഇപ്പോഴും അതു വിചാരിക്കുമ്പോൾ ഭയംകൊണ്ടു് എൻെറ ശരീരം കോരിത്തരിക്കുന്നു. കൂരിരുട്ടിൽ ഞങ്ങൾ ഒരു മുളക്കൂട്ടത്തിനു മറഞ്ഞുനില്ക്കുകയാണു്. അപ്പോൾ കേൾക്കാം കാട്ടുപോത്തിൻകൂട്ടം ഇങ്ങോട്ടു വരുന്ന ശബ്ദം. അവ വളരെ അടുത്തായി, കുഴിയിൽനിന്നും ഒരു അമ്പതുകൈ അകലെ. പെട്ടെന്നു് കുഴിക്കരികിലായി, ഒരു പത്തുകൈ അകലെ, ദീർഘകായനായ ഒരു കറുത്ത പുരുഷൻ നിശ്ശബ്ദമായി കൈയുയർത്തിക്കൊണ്ടു നില്ക്കുന്നതു കാണായി. എന്തൊരു പൊക്കം ആ പുരുഷനു്! ആ മുളക്കാടിൻെറ മണ്ടയ്ക്കു് അയാളുടെ തല മുട്ടുന്നതായിത്തോന്നി. കാട്ടുപോത്തിൻകൂട്ടം അയാളെക്കണ്ടു് പകച്ചുനിന്നുപോയി. എന്നിട്ടു് അവ കൂട്ടംപിരിഞ്ഞു് അങ്ങോട്ടും ഇങ്ങോട്ടും ഓടിപ്പോയി. അങ്ങുന്നു വിശ്വസിച്ചാലും ഇല്ലെങ്കിലും കൊള്ളാം, എൻെറ സ്വന്തം കണ്ണുകൊണ്ടു കണ്ടതാണു്.

“അതുകഴിഞ്ഞു് വേറെയും ഒന്നുരണ്ടു വേട്ടക്കാരോടു ഞാൻ ഇക്കാൎയ്യം ചോദിച്ചു. അവർ ഞങ്ങളോടു പറഞ്ഞു: ‘ഈ വനത്തിലേ കാട്ടുപോത്തിനെ പിടിക്കാനുള്ള ആശ അങ്ങു കളഞ്ഞേക്കുക. ടാണ്ഡബാരോ ഒരൊററ പോത്തിനെപ്പോലും പിടിക്കാൻ സമ്മതിക്കയില്ല.’ ഞങ്ങളുടെ രൂപാകൊടുത്തു വാങ്ങിച്ചുകൊണ്ടുവന്ന പെർമിററു് വെറുതെയായി. ഒരു പോത്തുപോലും ആ കുഴിയിൽ വീണില്ല.”

ദശരഥധ്രാണ്ഡാവാലാ കഥ പറഞ്ഞുതീൎന്നപ്പോൾ ലബ്ടുലിയാപാൎവ്വത്യകാരൻ പറഞ്ഞു: “ഞങ്ങളും കുട്ടിക്കാലം മുതൽ ടാണ്ഡബാരോയുടെ കഥ കേട്ടുവരികയാണു്. ടാണ്ഡ

ബാരോ വന്യമഹിഷദേവതയാണു്. കാട്ടുപോത്തിൻകൂട്ടം അപകടത്തിൽപ്പെട്ടു് മരിക്കുകയില്ല. അദ്ദേഹത്തിന്റെ ദൃഷ്ടി എപ്പോഴും അവരുടെമേൽ ഉണ്ടു്.''

കഥ സത്യമോ മിഥ്യയോ എന്നെല്ലാം അറിയേണ്ട ആവശ്യം എനിക്കുണ്ടായില്ല. ഞാൻ കഥ കേട്ടുകൊണ്ടിരിക്കവേ തന്നെ ഇരുണ്ട ആകാശത്തിലെ ജ്യോതിർമ്മയനായ ഖഡ്ഗധാരി കാലപുരുഷന്റെനേരേ നോക്കിക്കൊണ്ടും ഇരുന്നു. നിസ്തബ്ധമായ മഹാവനത്തിനുമീതെ ഇരുണ്ട ആകാശം കമഴ്ന്നുവീണിരിക്കുന്നതായി കാണായി. ദൂരെ വനത്തിനകത്തു് എവിടയോ കാട്ടുകോഴി കൂവി; അന്ധകാരവും നിശ്ശബ്ദവുമായ ആകാശം, അന്ധകാരവും നിശ്ശബ്ദവുമായ ഭൂമി, മഞ്ഞുവീഴുന്ന രാത്രിയിൽ പരസ്പരം അടുത്തടുത്തുവന്നു് കാതുകളിൽ പരസ്പരം എന്തോ മന്ത്രിക്കുന്നതുപോലെ കാണപ്പെട്ടു.— വളരെദൂരെ മോഹനപുരാവനത്തിന്റെ കറുത്ത സീമാരേഖയിലേയ്ക്കു നോക്കിയപ്പോൾ അശ്രുതപൂർവ്വമായ വനദേവതയുടെ കാര്യം ഓർമ്മിച്ചു ഭയംകൊണ്ടു ശരീരം കോരിത്തരിച്ചുപോയി. ഈ കഥയെല്ലാം കേൾക്കാൻ എനിക്കു വളരെ രസംതോന്നി, ഈവിധം വിജനമായ വനമദ്ധ്യത്തിൽ, കടുത്ത തണുപ്പുള്ള രാത്രിയിൽ, തീക്കരികിൽഇരുന്നുംകൊണ്ടു്.

# പരിച്ഛേദം പത്ത്

**ഒന്ന്**

പതിനഞ്ചുദിവസം ഇവിടെ തികച്ചും വന്യമായ ജീവിതം നയിച്ചു, ഗാങ്ങോതാക്കാരെയോ ദരിദ്രരായ ഭൂമിഹാരബ്രാഹ്മണരെയോപോലെ. ആഗ്രഹം ഉണ്ടായിട്ടല്ല, വളരെ ചുമതലയോടുകൂടിത്തന്നെ ഈവിധത്തിൽ ഇവിടെ താമസിക്കേണ്ടിവന്നതുകൊണ്ടു്. ഈ കാട്ടിൽ എവിടെനിന്നു് എന്തോന്നു കൊണ്ടുവരാനാണു്? ചോറുണ്ണും, പിന്നെ കാട്ടിൽനിന്നും ധുന്ദുലം, കാക്കോടിക, മധുരക്കിഴങ്ങു് എന്നിവ ശിപായിമാർ പറിച്ചുകൊണ്ടുവരുന്നതു് വറുത്തോ പുഴുങ്ങിയോ കഴിക്കും; മത്സ്യം, പാൽ, നെയ്യ് ഇതൊന്നും ഇല്ല.

കാട്ടിൽ സില്ലിപ്പക്ഷികളും മയിലുകളും ധാരാളമുണ്ടായിരുന്നെന്നു പറയേണ്ടല്ലോ. പക്ഷേ, പക്ഷിയെ കൊല്ലുന്നതിനു് മനസ്സുവരാഞ്ഞതുകൊണ്ടു്, തോക്കു് ഉണ്ടായിരുന്നെങ്കിലും, നിരാമിഷഭക്ഷണം മതിയെന്നുവച്ചു.

ഫുൽകിയാബയിഹാരിൽ വ്യാഘ്രഭയം ഉണ്ടു്. ഒരുദിവസത്തെ സംഭവം പറയാം.

എല്ലൊടിയുന്ന തണുപ്പായിരുന്നു അന്നു്. രാത്രി പത്തുമണിക്കുശേഷം ജോലി തീർത്തുകഴിഞ്ഞിട്ടു് നേരത്തേ കിടന്നുറങ്ങി. പെട്ടെന്നു്, രാത്രി എത്രത്തോളമായി എന്നറിഞ്ഞുകൂടാ, ആളുകളുടെ കൂക്കുവിളികേട്ടു് ഞാൻ ഉണർന്നു. കാട്ടിനരികിൽ ഒരിടത്തു് അനേകം ആളുകൾ ഒരുമിച്ചുചേർന്നു് കൂവിവിളിച്ചുകൊണ്ടിരിക്കയാണു്. പെട്ടെന്നു് എഴുന്നേററു വിളക്കുകത്തിച്ചു. എൻെറ ശിപായിമാർ അടുത്ത ചെറുകുടിലിൽനിന്നും ഇറങ്ങിവന്നു. എല്ലാവരുംകൂടി സംശയിച്ചുനിന്നു, ഇതെന്തായിരിക്കുമെന്നു്. ഈ സമയത്തു് ഒരാൾ ഓടിവന്നു പറഞ്ഞു: "മാനേജർബാബൂ! തോക്കും എടുത്തുംകൊണ്ടു് വേഗംവരണേ! ഒരു

പുലിവന്നു് ഒരു കൊച്ചുകുഞ്ഞിനെ കുടിലിൽനിന്നും എടുത്തോണ്ടുപോയി!''

വനത്തിനരികിൽനിന്നും ഇരുനൂറുകൈയകലെയായി വിളവിനകത്തു് ഡോമൻ എന്നു പേരായ ഒരു ഗാങ്ങോതാപ്രജയുടെ കുടിലിൽ അയാളുടെ ഭാര്യ ആറുമാസം പ്രായംവരുന്ന തൻെറ കുഞ്ഞിനേയുംകൊണ്ടു് കിടക്കുകയായിരുന്നു. അസാധാരണമായ തണുപ്പുകാരണം കുടിലിനകത്തു് തീ കത്തിച്ചിട്ടുണ്ടായിരുന്നു. പുക പുറത്തുകളയാൻവേണ്ടി ചെററയിൽ ഒരു വിടവുണ്ടായിരുന്നു. ആ വഴിയിൽക്കൂടി പുലി അകത്തുകടന്നു് കുഞ്ഞിനെ എടുത്തുംകൊണ്ടു് ഓടിക്കളഞ്ഞതാണു്.

പുലിയാണെന്നു് എങ്ങനെ അറിഞ്ഞു? കുറുക്കനും ആകാമല്ലൊ. എന്നാൽ സംഭവസ്ഥലത്തു് എത്തിക്കഴിഞ്ഞപ്പോൾപ്പിന്നെ എനിക്കു് ഒരു സംശയവും ഉണ്ടായില്ല. വിളവു് നിറഞ്ഞുകിടന്ന വയലിലെ മൃദുവായ മണ്ണിൽ പുലിയുടെ മുൻപാദങ്ങളുടെ പാടു് തെളിഞ്ഞുകാണാനുണ്ടായിരുന്നു.

എൻെറ പാർവ്വത്യകാരനും ശിപായിമാരും എസ്റ്റേററിനു് ചീത്തപ്പേരു വരുത്തിവയ്ക്കാൻ ആഗ്രഹിച്ചില്ല. അവർ ഉച്ചത്തിൽ പറയാൻതുടങ്ങി: ''ഇതു് നമ്മുടെ പുലിയല്ല അങ്ങുന്നേ! ഇതു് മോഹനപുരാറിസേർവ്ഫോറസ്റ്റിലെ പുലിയാണു്. നോക്കിയാട്ടെ എത്ര വലിയ ചുവടാണെന്നു്.''

ഞാൻ പറഞ്ഞു: ''പുലി ആരുടേതെങ്കിലും ആയിക്കൊള്ളട്ടെ. അതിൽ വല്യതായിട്ടൊന്നും നമുക്കു വരാനില്ല. എല്ലാവരും ഒരുമിച്ചുചേൎന്നു് ഒരു പന്തവും കൊളുത്തിപ്പിടിച്ചു് വനത്തിനകത്തു കയറിനോക്കിൻ!'' ആ രാത്രിയിൽ ഇത്രവലിയ ഒരു പുലിയുടെ പുത്തൻ ചുവടു് കണ്ടയുടൻതന്നെ സകലരും ഭയപ്പെട്ടു വിറച്ചുകഴിഞ്ഞിരുന്നു. കാട്ടിനുള്ളിൽ കയറാൻ ആൎക്കും സമ്മതമായില്ല. ഞാൻ അവരെ ഭയപ്പെടുത്തി, ചീത്തപറഞ്ഞു; അതിൻെറ ഫലമായി ഒരു പത്തുപേർ ഒരുമിച്ചുചേൎന്നു് പന്തവുംകൊളുത്തിപ്പിടിച്ചു് പാട്ടയുംകൊട്ടിക്കൊണ്ടു് കാട്ടിനകത്തു് പലസ്ഥലങ്ങളിലും നോക്കി; ഒന്നും കണ്ടില്ല.

അടുത്തദിവസം പകൽ പത്തുമണിയോടുകൂടി രണ്ടുമൈൽ ദൂരെയായി തെക്കുകിഴക്കേ കോണിൽ തിങ്ങിയ കാട്ടിനുള്ളിൽ

ഒരു വലിയ ആസാൻമരത്തിൻെറ തണലിൽ കുട്ടിയുടെ രക്തം പുരണ്ട ശരീരാവശിഷ്ടം കാണപ്പെട്ടു.

അതുകഴിഞ്ഞു് കൃഷ്ണപക്ഷത്തിലെ ഇരുളടഞ്ഞ രാത്രികാലമായി.

ഹെഡ്ഡാഫീസിൽനിന്നും ബാങ്കേസിംഹജമാദാരിനെ വരുത്തി. ബാങ്കേസിംഹൻ വേട്ടക്കാരനാണു്. പുലിയുടെ പോക്കുവരവുകളെല്ലാം അയാൾക്കു് നല്ലവണ്ണം അറിയാം. അയാൾ പറഞ്ഞു: "മനുഷ്യനെ തിന്നുന്ന കടുവായാണതു്. അവൻ വലിയ കൗശലക്കാരനാണു്. ഇനിയും ആരെയെങ്കിലും കൊല്ലും. വളരെ കരുതിയിരിക്കണേ."

സൂക്ഷ്മം മൂന്നുദിവസം കഴിഞ്ഞു് വനത്തിന്റെ അരികിൽ വച്ചു് സന്ധ്യാസമയത്തു് ഒരിടയച്ചെറുക്കനെ കടുവാ എടുത്തുകൊണ്ടുപോയി. ഇതുകഴിഞ്ഞു് ആളുകൾ രാത്രിയിൽ ഉറക്കം വേണ്ടെന്നുവച്ചു. രാത്രികാലത്തു് അത്ഭുതകരമായ നടപടികളെടുത്തു. വിസ്തൃതമായ ബയിഹാരിലെ ഓരോ കുടിലിൽനിന്നും രാത്രിമുഴുവൻ പാട്ടകൊട്ടുന്ന ശബ്ദം മാറെറാലിക്കൊണ്ടു; അതോടുകൂടി കാശത്തണ്ടിട്ടു തീയും കത്തിച്ചു. ഞാനും ബാങ്കേസിംഹനും യാമംതോറും തോക്കുനിറച്ചു് വെടിപൊട്ടിച്ചുകൊണ്ടുമിരുന്നു. പിന്നെ കടുവാ മാത്രമോ? ഇതിനിടയ്ക്കു് ഒരുദിവസം മോഹനപുരാറിസേർവ്വ്ഫോറസ്റ്റിൽനിന്നു് കാട്ടുപോത്തിൻകൂട്ടം ഇറങ്ങിവന്നു് കൃഷിത്തോട്ടത്തിലെ വളരെയധികം വിളവു് ചവുട്ടിമെതിച്ചു് താറുമാറാക്കിക്കളഞ്ഞു.

എൻെറ കാശക്കുടിലിൻെറ മുമ്പിൽത്തന്നെ ശിപായിമാർ വലിയ ആഴി കൂട്ടീട്ടുണ്ടു്. ഇടയ്ക്കിടയ്ക്കു് ഞാൻ എഴുന്നേററു് അതിൽ വിറകിട്ടുകൊടുക്കും. അടുത്തുള്ള കുടിലിൽ ശിപായിമാർ വത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നു. തറയിൽത്തന്നെ ഞാൻ കിടക്കുകയാണു്. തലയ്ക്കുടുത്തുള്ള കിളിവാതിലിൽക്കൂടി കാണാം കൂരിരുട്ടുപൊതിഞ്ഞ അതിവിസ്തൃതമായ തോട്ടം; വിദൂരതയിലെ നക്ഷത്രത്തിൻെറ ക്ഷീണപ്രഭയിൽ വനത്തിൻെറ അസ്സ്പഷ്ടമായ സീമാരേഖയും. ഇരുണ്ട ആകാശത്തേയ്ക്കു നോക്കിയപ്പോൾ എനിക്കു തോന്നി, ഏതോ മരവിച്ച നക്ഷത്രലോകത്തിൽനിന്നു മഞ്ഞുചൊരിയുന്ന ശിശിരവാതം അലയടിച്ചലയടിച്ചു് ഭൂമിയിലേയ്ക്കൊഴുകിവരുന്നെന്നു്—

മഞ്ഞുപുരണ്ട പുതപ്പ് നനഞ്ഞു വെള്ളമായിപ്പോയി. തീയ് അണഞ്ഞുവരുന്നു. എത്ര ആപൽക്കരമായ തണുപ്പ്! അതോട്ട കൂടിത്തന്നെ തുറന്നപ്രദേശത്തു് നിർബാധമായി 'ഹ്ള ഹ്ള' എന്നു് അടിച്ചുകൊണ്ടിരിക്കുന്ന തുഷാരശീതളമായ രാത്രികാലത്തെ കാററു്.

എന്നാൽ ഈ മഞ്ഞിൽ ഇവിട്ടത്തെ ആളുകൾ എങ്ങനെ കഴിഞ്ഞുകൂട്ടുന്നു? ഈ മാനത്തിനുകീഴിൽ വെറും കാശക്കുടിലിലെ തണുത്ത തറയിൽ ഇവർ എങ്ങനെ ഈ രാത്രികാലം കഴിച്ചുകൂട്ടും? അതിനുംപുറമേ വിളവു് കാത്തുരക്ഷിക്കാനുള്ള പ്രയാസം, കാട്ടുപോത്തിൻെറയും കാട്ടുപന്നിയുടെയും ഉപദ്രവം കുറവല്ല—കട്ടവായും ഉണ്ടു്. ഞങ്ങളുടെ ബംഗാളത്തെ കർഷകക്കു് ഇത്രയും ബുദ്ധിമുട്ടാൻ കഴിയുമോ? അത്ര ഫലഭൂയിഷ്ഠമായ ഭൂമിയിൽ അത്ര നിരുപദ്രവമായ ഗ്രാമപശ്ചാത്തലത്തിൽ കൃഷിചെയ്തിട്ടും അവരുടെ കഷ്ടപ്പാട്ട നീങ്ങുന്നില്ലല്ലോ?

എൻെറ കുടിലിൽനിന്നും ഇരുന്നൂറുമുന്നൂറു കൈയകലെയായി ദക്ഷിണഭഗൽപുരത്തിൽനിന്നും കുറച്ചു കൊയ്ത്തുകാർ ഭാര്യാപുത്രാദികളോട്ടുകൂടി വിളകൊയ്യാൻ വന്നുകൂടിയിട്ടുണ്ടു്. ഒരുദിവസം സന്ധ്യയ്ക്കു് അവരുടെ കുടിലിനട്ടത്തുകൂടി പോരുമ്പോൾ അവരെല്ലാവരുംകൂടി ആഴിക്കട്ടത്തു് തീകാഞ്ഞുകൊണ്ടിരിക്കുന്നതായിക്കണ്ടു. അവരുടെ ജീവിതസമ്പ്രദായം എനിക്കു തികച്ചും അപരിചിതമായിരുന്നു. അതെങ്ങനെയാണെന്നു് ഒന്നു കണ്ടുകളയാമെന്നുവച്ചു.

അട്ടത്തുചെന്നു് ഞാൻ ചോദിച്ചു: "ബാബാജീ! എന്തെട്ടത്തോണ്ടിരിക്കയാ?"

കൂട്ടത്തിൽ ഒരു വൃദ്ധൻ ഉണ്ടായിരുന്നു. അയാളോട്ടതന്നെയായിരുന്നു ഈ ചോദ്യം. അയാൾ എഴുന്നേററുനിന്നിട്ടു് എനിക്കുസലാം തന്നു; ഇരുന്നു തീകായാൻ എന്നോടപേക്ഷിച്ചു. ഇതാണു് ഇവിട്ടത്തെ നടപ്പു്. മഞ്ഞുകാലത്തു് തീകായാൻ ക്ഷണിക്കുന്നതു് അവരുടെസംസ്കാരത്തിന്റെ പ്രകടനമാണു്.

ഞാൻ പോയി ഇരുന്നു. കുടിലിനകത്തേയ്ക്കു് എത്തിനോക്കി. അവിടെ കിടക്കാനോ ഇരിക്കാനോ ഉള്ള സാമാനം എന്നുപറയാൻ ഒന്നുംതന്നെ ഇല്ല. മുറിക്കകത്തെ തറയിൽമാത്രം കുറച്ചു് ഉണക്കപ്പുല്ലു് വിരിച്ചിട്ടുണ്ടു് കിടക്കാൻ. പാത്രങ്ങളുടെ

കൂട്ടത്തിൽ ഒരു വളരെവലിയ ഓട്ടുപാത്രവും ഒരു ലോട്ടായും. വസ്ത്രമായിട്ടു് അവരവർ ഉടുത്തിട്ടുള്ളതല്ലാതെ ഒരുതുണ്ടു തുണി പോലും അവിടെയെങ്ങും കണ്ടില്ല. എന്നാൽ ഉണ്ടെങ്കിൽത്തന്നെ, ഈ ഭയങ്കരമായ മഞ്ഞത്തു് ഇവക്കു പുതസ്സാനെന്തോന്നാ? കമ്പിളി എവിടെ?

അക്കാര്യം ഞാൻ ചോദിച്ചു.

വൃദ്ധന്റെ പേരു് നക്ച്ഛേദീഭകത. ജാതി ഗാഞ്ഞോതാ.

അയാൾ പറഞ്ഞു: "എന്തിനാ? കുടിലിന്റെ കോണിൽ പയററിൻതൊലി കണ്ടില്ലേ കൂട്ടിയിട്ടിരിക്കുന്നതു്?"

എനിക്കു മനസ്സിലായില്ല. "പയറിന്റെ തൊലി തീകത്തിക്കാനാണോ രാത്രിയിൽ?"

നക്ച്ഛേദി എന്റെ വിവരക്കുറവുകണ്ടു ചിരിച്ചു.

"അതിനല്ല, ബാബുജീ! പയറുതൊലിക്കകത്തുകയറി കുട്ടികൾ കിടക്കും, ഞങ്ങളും അതു മേത്തുവാരിയിട്ടോണ്ടാ കിടക്കുന്നതു്. കണ്ടില്ലേ, കുറഞ്ഞതു് അഞ്ചുമന്നുതൊലി കൂട്ടിയിരിക്കുന്നതു്? വളരെ സുഖമാ പയററിൻതൊലിയിൽ. രണ്ടു കമ്പിളി പുതച്ചാലും ഇത്രയും സുഖം കിട്ടുകയില്ല. മാത്രമല്ല, ഞങ്ങൾക്കെവിടുന്നാ കമ്പിളി കിട്ടുന്നതു്? പറയൂ."

ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കെ, ഒരു കൊച്ചുകുട്ടിയെ അതിന്റെ തള്ള കാലുമുതൽ കഴുത്തുവരെയുള്ള ഭാഗം കുടിലിന്റെ കോണിൽ കൂട്ടിയിരുന്ന പയററിൻതൊലിയാൽ മൂടി മുഖംമാത്രം വെളിയിലാക്കിക്കിടത്തിയിട്ടു് വന്നു. ഞാൻ വിചാരിച്ചു, 'മനുഷ്യക്കു് മനുഷ്യനെപ്പററി എന്തോന്നറിയാം? ഇക്കാര്യമെല്ലാം എപ്പോഴെങ്കിലും ഞാൻ അറിഞ്ഞുവച്ചിട്ടുണ്ടായിരുന്നോ?'

യഥാർത്ഥമായ ഭാരതവർഷത്തെയാണു് ഇന്നു ഞാൻ മനസ്സിലാക്കിയതു്.

അഗ്നികുണ്ഡത്തിന്റെ മറെറാരുവശത്തായി ഒരു സ്ത്രീ എന്തോ പാകംചെയ്തുകൊണ്ടിരിക്കുകയാണു്.

ഞാൻ ചോദിച്ചു: "അവൾ അരിവയ്ക്കുകയാണോ?"

നക്ച്ഛേദി പറഞ്ഞു: "ഘാടോ."

"ഘാടോ എന്നുവച്ചാൽ എന്തോന്നാ?"

പാകംചെയ്തുകൊണ്ടിരുന്ന ആ സ്ത്രീ ഇപ്പോൾ വിചാരിച്ചുകാണും, 'ഈ ബംഗാളിബാബു ഈ സന്ധ്യയ്ക്കു് എവിടുന്നോ വന്നുകൂടിയിരിക്കുകയാണു്. ഈയാളൊരു വലിയ ഭ്രാന്തനാണെന്നു തോന്നുന്നല്ലോ. ഈയാൾക്കു് ലോകത്തിൽ ഒന്നുമറിഞ്ഞുകൂടാ.' അവൾ 'ഖിൽ ഖിൽ' എന്നു ചിരിച്ചുംകൊണ്ടു് പറഞ്ഞു: "ഘാടോ എന്നുവച്ചാൽ എന്താണെന്നറിഞ്ഞുകൂടെ, ബാബുജീ? ചോളം വേവിച്ചതു്. അരി വേവിച്ചതിനെ ചോറെന്നു പറയുന്നതുപോലെ ചോളം വേവിക്കുന്നതിനെ ഘാടോ എന്നു് പറയുന്നു." ആ സ്ത്രീ എന്റെ അജ്ഞതയിൽ സഹതപിച്ചിട്ടെന്നവണ്ണം ഒരു മരത്തവിയിൽ മുമ്പുപറഞ്ഞ സാധനം ഒരു കലത്തിൽനിന്നും കോരിയെടുത്തു കാണിച്ചു.

"എന്തോന്നുകൂട്ടിയാ ഇതു തിന്നുന്നതു്?"

ഇപ്പോൾമുതൽ ആ സ്ത്രീതന്നെയാണു സംസാരിച്ചതു്. പുഞ്ചിരിതൂകിക്കൊണ്ടു് അവൾ പറഞ്ഞു: "ഉപ്പുകൂട്ടും ചീരകൂട്ടും—പിന്നെ എന്തുകൂട്ടിയാ നിങ്ങളൊക്കെ കഴിക്കുന്നതെന്നു പറയാമോ?"

"ചീര കൂട്ടാൻവച്ചോ?"

"ഘാടോ ഇറക്കീട്ടു് ചീരകേററും. പയററില പറിച്ചോണ്ടു വന്നിട്ടുണ്ടു്."

ആ സ്ത്രീ അസാമാന്യബുദ്ധിയുള്ളവളാണു്. അവൾ ചോദിച്ചു: "കല്ക്കത്തയിലാണോ വീടു് ബാബുജീ?"

"അതെ."

"അതു് എങ്ങനെയുള്ള സ്ഥലമാണു്? ആട്ടെ, കല്ക്കത്തയിൽ ഈ സസ്യങ്ങളൊന്നും ഇല്ലെന്നു വരുമോ? അവിടുത്തെ സസ്യങ്ങളൊക്കെ അങ്ങു വെട്ടിക്കളഞ്ഞോ?"

"നിന്നോടാരു പറഞ്ഞു?"

"ഞങ്ങടെ നാട്ടിലുള്ള ഒരാൾക്കു് അവിടെ ജോലിയുണ്ടു്. അയാൾ എന്നോടു് ഒരിക്കൽ പറഞ്ഞതാണു്. കണ്ടാൽ എങ്ങനെയുള്ള സ്ഥലമാണതു് ബാബുജീ?"

ആധുനികകാലത്തെ ഒരു വലിയ നഗരത്തിലെ പ്രവൎത്തനങ്ങളേപ്പററി കഴിയുന്നടത്തോളം ആ സരളഹൃദയയായ സ്ത്രീയെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. എത്രത്തോളം മന

സ്സിലായി എന്നു് എനിക്കറിഞ്ഞുകൂടാ— കൽക്കത്താനഗരം കാണാൻ ആഗ്രഹം ഉണ്ടു്. ആരു കാണിക്കാനാ?

പിന്നീട്ട പല കാര്യങ്ങളെപ്പററിയും അവളുമായി ഞാൻ സംസാരിച്ചു. രാത്രി കടന്നുപോയി. ഇരുട്ടു കൂടിവന്നു. അവരുടെ ആഹാരം തയാറായി. കുടിലിനകത്തുനിന്നും ആ വലിയ പിത്തളപ്പാത്രം എടുത്തുകൊണ്ടുവന്നു് വെളുത്ത ചോറുപോലെയുള്ള ആ സാധനം അതിൽ പകൎന്നു. മുകളിലായി കുറച്ചു് ഉപ്പു വിതറി പാത്രം നടുക്കു വച്ചിട്ടു് കുട്ടികളെല്ലാവരുംകൂടി ഒരുമിച്ചു് വട്ടമിട്ടിരുന്നു് ആഹാരം കഴിക്കാൻ തുടങ്ങി.

ഞാൻ ചോദിച്ചു: "നിങ്ങൾ ഇവിടെനിന്നും നാട്ടിലേക്കല്ലേ തിരിച്ചുപോകുന്നതു്?"

നക്ച്ഛേദി പറഞ്ഞു: "നാട്ടിലേക്കു മടങ്ങാൻ വളരെ താമസിക്കും. ഇവിടെനിന്നും ധൎമ്മപുരത്തേക്കു നെല്ലു കൊയ്യാൻ പോകും—നെല്ലു് ഈ നാട്ടിൽ ഇല്ലല്ലൊ—അവിടെ ഉണ്ടു്. നെല്ലുകൊയ്ത്തുകഴിഞ്ഞാൽ പിന്നെയും ഗോതമ്പു് കൊയ്യാൻ മുങ്ങേർജില്ലയിലേക്കു പോകണം. ഗോതമ്പുകൊയ്ത്തു് കഴിയുമ്പോൾ പിന്നെയും എടവമാസം ആകും. അപ്പോൾ പിന്നെയും അങ്ങത്തമ്മാരുടെ ഇവിടത്തെ 'ഖേഡി' അറുപ്പുതുടങ്ങും. അതു കഴിഞ്ഞു് കുറച്ചുദിവസത്തേക്കു് ഇളവാണു്. കൎക്കടകം ചിങ്ങം മാസങ്ങളിൽ ചോളം അറുപ്പുസമയമാകും. ചോളം കഴിഞ്ഞാൽ പയറും, പിന്നെ ധൎമ്മപുര–പൂൎണ്ണിയാപ്രദേശങ്ങളിലെ കാൎത്തികശാൽ നെല്ലും. കൊയ്ത്തു് എവിടെ എപ്പോൾ ഉണ്ടാകുമോ അവിടെ അപ്പോൾ ഞങ്ങളും എത്തും. ഇല്ലെങ്കിൽ ഞങ്ങൾ എങ്ങനെ ആഹാരം കഴിക്കും?"

"വീടും കൂടും ഒന്നുമില്ലേ നിങ്ങൾക്കു്?"

ഇത്തവണ ആ സ്ത്രീയാണു് ഉത്തരം പറഞ്ഞതു്. അവൾക്കു് ഇരുപത്തിനാലു് ഇരുപത്തഞ്ചു വയസ്സു വരും; നല്ല ആരോഗ്യമുള്ളവൾ, വാർണീഷ് ഇട്ടതുപോലെയുള്ള കറുപ്പുനിറം, കൊഴുത്തുതടിച്ച ദേഹം; നല്ലവണ്ണം സംസാരിക്കാൻ കഴിവുണ്ടു്. ദക്ഷിണബീഹാറിലെ ദേഹാതീഹിന്ദിയിൽ വളരെ മധുരമായ ശബ്ദത്തിൽ സംസാരിക്കും.

അവൾ പറഞ്ഞു: "എന്തുകൊണ്ടാ ഇല്ലാത്തതു് ബാബു ജീ! എല്ലാംതന്നെ ഉണ്ടു്. പക്ഷേ, അവിടെ താമസിച്ചാൽ ഞങ്ങടെ കാര്യമൊന്നും നടക്കുകേലെന്നു മാത്രം. വേനൽക്കാലം കഴിഞ്ഞാൽ അവിടെ പോകും. കർക്കടകമാസം ഏതാണ്ടു് പകുതിവരെ അവിടെ താമസിക്കും. അതിനുശേഷം പിന്നെയും അന്യനാട്ടുകളിലേയ്ക്കു കടക്കണം, അവിടെയെല്ലാം ഞങ്ങൾക്കു വേലയുള്ളപ്പോൾ. അതുകൂടാതെ അവിടെയെല്ലാം എന്തെല്ലാം തമാശകൾ കാണാമെന്നോ. അങ്ങത്തമ്മാരുടെ ഇവിടെ ത്തന്നെ വിളവെട്ടപ്പാകുമ്പോൾ ഏതെല്ലാം ദേശങ്ങളിൽനിന്നും എത്രയാളുകളാ വരുന്നതെന്നു കാണാമല്ലൊ—എത്ര വാദ്യമേളക്കാരു്, എത്ര പാട്ടുകാരു്, എത്ര ആട്ടക്കാരു്, എത്ര ഹാസ്യവേഷക്കാരു്—അങ്ങുന്നു് ഇതൊന്നും കണ്ടിട്ടില്ലേ? എങ്ങനെ കാണാനാ? അങ്ങത്തമ്മാരുടെ ഈ നാടെല്ലാം കാട്ടു പിടിച്ചു കിടക്കുകയാരുന്നല്ലോ—ഇപ്പഴെല്ലാം കൃഷിയായിപ്പോയില്ലേ! ഇനിയും പതിനഞ്ചുദിവസത്തിനകം ആദ്യമായിട്ടു് അവിടത്തേയ്ക്കു് ഇതു കാണാമല്ലൊ. എല്ലാരുടെയും സമ്പാദ്യക്കാലമല്ലേ വന്നിരിക്കുന്നതു്!"

അടുത്തെങ്ങും ആരുമില്ല. ദൂരെയുള്ള ഗ്രാമത്തിൽ ആരൊക്കെയോ തകരം കൊട്ടിക്കൊണ്ടിരിക്കുന്നു. കതകില്ലാത്ത വാതിലിട്ടു് കാശക്കമ്പുകൊണ്ടു കുത്തിമുറുക്കിയുണ്ടാക്കീട്ടുള്ള ചെറ്റക്കുടിലിൽ, ഈ ക്രൂരമൃഗങ്ങൾ നിറഞ്ഞ വനത്തിനരികിൽ കുഞ്ഞുകുട്ടികളേയുംകൊണ്ടു് ഇവർ രാത്രി കഴിച്ചുകൂട്ടുമല്ലൊ. ധൈര്യവും ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇവരുടേതുപോലെയുള്ള വേറെ ഒരു കുടിലിൽനിന്നും തള്ളയുടെ മടിയിൽ കിടന്ന കുട്ടിയെ കടുവാ എടുത്തുകൊണ്ടുപോയിട്ടു് ഏതാനും ദിവസമേ ആയിട്ടുള്ളുതാനും. ഇവക്കെന്താണു് ഒരു ആശ്രയം? എന്നാലും ഒരു സംഗതി ഞാൻ കണ്ടു. ഇവർ ഇക്കാര്യം കാര്യമായി ഗണിക്കപ്പെടേണ്ട സംഗതികളുടെ കൂട്ടത്തിൽ ചേർത്തിട്ടുള്ളതായി തോന്നിയില്ല. അത്ര ഭയന്നിട്ടുള്ളതായ ഒരു ഭാവവും ഇവക്കില്ല. അതാണല്ലോ ഇത്ര രാത്രിയാകുന്നതുവരെ തുറന്ന ആകാശത്തിന്റെ കീഴിലിരുന്നു് ഇവർ വർത്തമാനം പറയുകയും വയ്ക്കുകയും തിന്നുകയും ചെയ്തുകൊണ്ടിരിക്കുന്നതു്. ഞാൻ പറഞ്ഞു: "നിങ്ങൾ കുറച്ചുകരുതലോടെ ഇരിക്കണം, മനുഷ്യ

മാംസം തിന്നുന്ന കടുവാ ഇറങ്ങീട്ടുണ്ടു്. അറിഞ്ഞോ? മനുഷ്യനെ തിന്നുന്ന കടുവാ ഭയങ്കരനായ വന്യമൃഗമാണു്; മാത്രമല്ല വലിയ കൗശലക്കാരനുമാണു്. കുടിലിനു മുമ്പിൽ ആഴി കൂട്ടണം. മുറിക്കകത്തു കയറി കിടക്കുകയും വേണം. വനം അടുത്തുതന്നെ ആണല്ലോ. രാത്രിയും പകലും ഒരുപോലെയാണു്.''

ആ സ്ത്രീ പറഞ്ഞു: ''ബാബുജീ! അതെല്ലാം ഞങ്ങൾ അനുഭവിച്ചിട്ടുണ്ടു്. പൂർണ്ണിയാജില്ലയിൽ ആണ്ടുതോറും ഞങ്ങൾ നെല്ലുകൊയ്യാൻ പോകും; അവിടത്തെ മലയിൽനിന്നും കാട്ടാന ഇറങ്ങിവരും. ആ വനം ഇതിനെക്കാൾ കൂടുതൽ ഭയങ്കരമാണു്. നെല്ലു കൊയ്യാറാകുമ്പോൾ പ്രത്യേകിച്ചു് കാട്ടാനക്കൂട്ടം വന്നു് ഉപദ്രവിക്കാറുണ്ടു്.''

ആ സ്ത്രീ തീയിലേയ്ക്കു് ഉണങ്ങിയ ഝാബുകച്ചുള്ളികൾ കുറച്ചുകൂടി ഇട്ടിട്ടു് മുന്നോട്ടു മാറി വന്നിരുന്നു.

അവൾ പറഞ്ഞു: ''അന്നു് ഞങ്ങൾ അഖിലകുചാമലയുടെ താഴെ ആയിരുന്നു. ഒരുദിവസം ഞാൻ രാത്രിയിൽ കുടിലിൻെറ മുമ്പിലിരുന്നു് അരിവയ്ക്കുകയായിരുന്നു; നോക്കിയപ്പോൾ കാണാം—വെറും അമ്പതു കൈപ്പാടകലെ നാലഞ്ചു കാട്ടാനകൾ—കറുത്തുകറുത്തു് മലപോലെ. ഇരുട്ടിൽ ഞങ്ങളുടെ കുടിലിനു നേരേ വരികയാ. ഞാൻ കൊച്ചു കുഞ്ഞിനെ എടുത്തു നെഞ്ചിൽ അടുക്കിപ്പിടിച്ചും മൂത്തപെണ്ണിനെ കൈക്കു പിടിച്ചുംകൊണ്ടു് ചോറു് അവിടെ ഇട്ടിട്ടു മുറിക്കകത്തു കയറി, കുഞ്ഞുങ്ങളെ അവിടെ കിടത്തീട്ടു തിരിച്ചുവന്നു. അടുത്താരും സഹായത്തിനില്ല. പുറത്തുവന്നപ്പോൾ ആന അവിടെത്തന്നെ നിലകൊള്ളുന്നതായിട്ടാണു കണ്ടതു്, ഒന്നു പകച്ചു നില്ക്കുന്നതുപോലെ. ഭയംകൊണ്ടു് എൻെറ തൊണ്ട മരവിച്ചുപോയിരുന്നു. ആനയ്ക്കു് വളരെ അധികമൊന്നും കാണാൻവയ്യാ, അതുതന്നെ രക്ഷ. അവർ കാററിൽക്കൂടി മണംപിടിച്ചാണു് അകലത്തിലുള്ള മനുഷ്യരെ തിരിച്ചറിയുന്നതു്. അപ്പോൾ കാററു വേറെ ഒരു ദിക്കിലേയ്ക്കാണു് അടിച്ചുകൊണ്ടിരുന്നതു്. എന്തായാലും അവ മറെറാരു ഭാഗത്തേയ്ക്കു നടന്നുപോയി. അമ്പൊ! അവിടയും ഇങ്ങനെതന്നെയായിരുന്നു, ബാബുജീ! തകരം കൊട്ടിയും ആഴികൂട്ടി തീയെരിച്ചുംകൊണ്ടായിരുന്നു രാത്രിമുഴുവൻ കഴിഞ്ഞുകൂടിയതു്. ഇവിടെ കാട്ടു

പോത്തു്, അവിടെ കാട്ടാന, അതെല്ലാം ഞങ്ങൾ അനുഭവിച്ചതാണു്.

രാത്രി അതിക്രമിച്ചിരുന്നതുകൊണ്ടു് എൻെറ വസതിയിലേയ്ക്കു് ഞാൻ തിരിച്ചുപോയി.

പതിനഞ്ചുദിവസത്തിനുള്ളിൽ ഫുൽകിയാ ബയിഹാരിൻെറ മട്ടു് പാടേ മാറിപ്പോയി. കടുകുചെടികൾ ഉണങ്ങി മണികൾ പൊട്ടിച്ചിതറാൻ തുടങ്ങിയതോടെ എവിടെനിന്നോ ആളുകൾ കൂട്ടംകൂട്ടമായി വന്നുചേൎന്നുതുടങ്ങി. പൂൎണ്ണിയാ, മുങ്ങേർ, ഛാപരാ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും മാർവാറിക്കച്ചവടക്കാർ ത്രാസ്സും ചാക്കും ആയി സാമാനം വാങ്ങിക്കാൻ വന്നുകൂടി. അവരുടെകൂടെ കൂലിക്കാരും വണ്ടിക്കാരും ആയി ഒരുകൂട്ടം ആളുകളും പണിയെടുക്കാനായി വന്നു. പലഹാരക്കച്ചവടക്കാർവന്നു് കാശപ്പുരകെട്ടി പലഹാരക്കട തുറന്നു്, പൂരി, കചൗരി, ലഡ്ഡു, കാളാകന്ദു് (കറുത്ത കിഴങ്ങു്) ഇതെല്ലാം വില്ക്കാൻ തുടങ്ങി. വച്ചുവാണിഭക്കാർ, താണതരം പകിട്ടുള്ള സാധനങ്ങൾ, സ്ഫടികപ്പാത്രം, കളിപ്പാട്ടം, സിഗററ്റു്, ചീട്ടിത്തുണികൾ, സോപ്പു് എന്നിങ്ങനെയുള്ളവ കൊണ്ടുവന്നു.

പിന്നീടു് വിനോദപ്രകടനങ്ങൾ കാട്ടി പൈസയുണ്ടാക്കാൻവേണ്ടി ഏതെല്ലാംതരത്തിലുള്ള ആളുകളാണു് വന്നുകൂടിയതു്—നൃത്തംകാണിക്കാൻ, സീതാരാമന്മാരുടെ വേഷം കെട്ടി ഭക്തജനങ്ങളുടെ വഴിപാടുവാങ്ങിക്കാൻ, സിന്ദൂരംതേച്ച ഹനുമാൻെറ വിഗ്രഹവുംകൊണ്ടു് പാണ്ഡാബ്രാഹ്മണർ കാഴ്ചവാങ്ങിക്കാൻ. ഈ പ്രദേശത്തുള്ളവൎക്കെല്ലാം രണ്ടു പൈസാ ഉണ്ടാക്കാനുള്ള സന്ദർഭമാണിതു്.

ഇക്കഴിഞ്ഞയാണ്ടിലും ഈ വിജനമായ ഫുൽകിയാ ബയിഹാരിലെ മൈതാനത്തിലും കാട്ടിലുംകൂടി കുതിരപ്പുറത്താണെങ്കിൽത്തന്നെയും സന്ധ്യാസമയത്തു് സഞ്ചരിക്കാൻ ഭയമായിരുന്നു.—ഈയാണ്ടിൽ അതിൻെറ ആനന്ദോൽഫുല്ലമായ രൂപം കണ്ടിട്ടു് വിസ്മയിച്ചുപോകുന്നു. നാലുപാടും ബാലികാബാലന്മാരുടെ പൊട്ടിച്ചിരി, മധുരമായ ശബ്ദം, തകരക്കുഴൽ വായന, മദ്ദളംകൊട്ടു്, നൎത്തകരുടെ കാൽച്ചിലമ്പിൻെറ

കിലുക്കം,—ഫുൽകിയായിലെ അതിവിശാലമായ മൈതാനം മുഴവൻ ഒരു മഹോത്സവത്തിൽ കോൾമയിർക്കൊണ്ടു.

ആളുകളുടെ എണ്ണം വർദ്ധിച്ചുവർദ്ധിച്ച് ഒരു വമ്പിച്ച ജനക്കൂട്ടമായിത്തീൻ. എത്രയെത്ര കുടിലുകളാണ് എത്രയെത്ര നീണ്ട പന്തലുകളാണ് രാത്രിതോറും ഉയന്നുവന്നതു്. വീടുണ്ടാക്കാൻ ഇവിടെ ചെലവൊന്നുമില്ല. കാട്ടിൽ കാശവും ഝാബുകവും ഉണ്ടു്, കേന്ദു് മരത്തടിയും ഉണ്ടു്. ഉണങ്ങിയ കാശത്തണ്ടിൻെറ തൊലി പാകപ്പെടുത്തിയെടുത്തു് ഇവിടെ ഒരുതരം നല്ല ബലമുള്ള കയറുണ്ടാക്കാറുണ്ടു്. പിന്നെ അവരവരുടെ ദേഹംകൊണ്ടുള്ള അദ്ധ്വാനവും.

ഫുൽകിയാ തഹശീൽദാർ വന്നു പറഞ്ഞു: "ഇവരെല്ലാം വിദേശികൾ, ഇവിടെ പൈസയുണ്ടാക്കാൻ വന്നിട്ടുള്ളവരാണ്. ഇവരുടെ അടുക്കൽനിന്നും ജമിന്ദാരി കരംപിരിച്ചെടുക്കണം. അങ്ങുന്നു് മുറസ്സു് കച്ചേരി നടത്തിക്കൊള്ളണം. ഇവരെ എല്ലാം ഞാൻ ഓരോരുത്തരായി അവിടത്തെ അടുക്കൽ അയക്കാം—ആളൊന്നിനു് എന്തെങ്കിലും ഒരു നിരക്കുവച്ചു് കരം പിരിച്ചുതന്നാട്ടെ."

ഈ നടപടികൊണ്ടു് ഏതെല്ലാം തരത്തിലുള്ള ആളുകളെ എനിക്കു് കാണാൻ സാധിച്ചു!

രാവിലെമുതൽ പത്തുമണിവരെയും ഉച്ചതിരിഞ്ഞു് മൂന്നുമണിമുതൽ സന്ധ്യവരെയും ഞാൻ കച്ചേരി നടത്തി.

തഹശീൽദാർ പറഞ്ഞു: "ഇവർ വളരെ അധികം ദിവസം ഇവിടെ താമസിക്കുകയില്ല. വിളവെടുപ്പും കച്ചവടവും കഴിഞ്ഞാൽ ഇവരെല്ലാം ഓടിക്കളയും. അതിനുമുമ്പായി ഇവക്കു കിട്ടുന്ന ആദായത്തിൽനിന്നും കരം പിരിച്ചെടുക്കണം."

ഒരുദിവസം ഒരു മാർവാറിക്കച്ചവടക്കാരൻ ഒരു കളത്തിൽനിന്നും സാമാനം തൂക്കിയെടുക്കുന്നതു് ഞാൻ കണ്ടു. ഇവർ പാവപ്പെട്ട കുടിയാനവന്മാരെ തൂക്കത്തിൽ കളിപ്പിക്കുകയാണെന്നു് എനിക്കുതോന്നി. എൻെറ പാർശ്വവൃത്യകാരനും തഹശീൽദാരും പറഞ്ഞു: "സകല വ്യാപാരികളുടേയും ത്രാസിൻെറ തണ്ടും സൂചിയും പരിശോധിക്കണം." മൂന്നും നാലും കച്ചവടക്കാരെ പിടിച്ചു് ഇടയ്ക്കിടയ്ക്കു് എൻെറ മുമ്പിൽ കൊണ്ടുവരാൻ തുടങ്ങി. അവരെല്ലാം തൂക്കത്തിൽ കളിപ്പിച്ചവരാണു്.

ചിലരെല്ലാം തണ്ടിൽ കൗശലപ്രയോഗം ചെയ്യവച്ചിരുന്നു. അവരെയെല്ലാം എസ്റ്റേററിൽനിന്നും പുറത്താക്കി. പ്രജകൾ കഷ്ടപ്പെട്ടുണ്ടാക്കിയ വിളവ് എൻെറ എസ്റ്റേററിൽനിന്നെങ്കിലും കളിപ്പിച്ചെടുത്തുംകൊണ്ടു പോകാൻ ആരേയും അനുവദിക്കാൻ പാടുള്ളതല്ലല്ലൊ. കച്ചവടക്കാർ മാത്രമല്ല, മററുപല കൂട്ടത്തിലുമുള്ളവരും ഈ പാവപ്പെട്ടവരുടെ മടിശ്ശീലയുടെ ഭാരം കുറയ്ക്കാനുള്ള ഉദ്യമത്തിൽ വഞ്ചനകാണിക്കാൻ തയാറായിരുന്നു.

ഇവിടെ വില രൊക്കം പൈസയായി കൊടുക്കുന്ന വ്യാപാരം വളരെ അധികമായിട്ടുണ്ടായിരുന്നില്ല. വച്ചുവാണിഭക്കാരുടെ അടുക്കൽനിന്നും സാമാനം വാങ്ങിയാൽ ഇവർ പൈസയ്ക്കുപകരം കടുകാണു് കൊടുത്തുവന്നതു്—സാമാനത്തിൻെറ വിലയെ അപേക്ഷിച്ചു് വളരെ കൂടുതൽവിലയ്ക്കുള്ള കടുകു് ഇവർ കൊടുക്കും—വിശേഷിച്ചും സ്ത്രീകൾ. ഇവർ സാധുക്കളും ശുദ്ധഗതിക്കാരുമാണു്. ഇവരെ എന്തുവേണമെങ്കിലും പറഞ്ഞു് ബോദ്ധ്യപ്പെടുത്തി ഇവരുടെ അടുക്കൽനിന്നും ന്യായമായ വിലയുടെ നാലിരട്ടി വിലയുള്ള കടുകു് തട്ടിയെടുക്കാൻ വളരെ എളുപ്പമാണു്.

പുരുഷന്മാരും ഇക്കാര്യത്തിൽ വളരെ മെച്ചമൊന്നുമല്ല.

അവർ ബിലാത്തിസിഗററു വാങ്ങിക്കും; ചെരിപ്പും ഉടുപ്പും വാങ്ങിക്കും. കടുകുവിററ രൂപാ വീട്ടിൽ വന്നുകഴിഞ്ഞാൽ പിന്നെ ഇവരുടെയും വീട്ടിലെ പെണ്ണുങ്ങളുടെയും തല തിരിഞ്ഞുകഴിയും. സ്ത്രീകൾ, നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ, സ്ഫടികപ്പാത്രം, ഇനാമൽചെയ്ത പാത്രം, പലഹാരക്കടകളിൽനിന്നും കൂട്ടകണക്കിനു് ലഡ്ഡു, ഇതെല്ലാം വാങ്ങിച്ചും ആട്ടംകണ്ടും പാട്ടുകേട്ടും എത്ര പൈസയാണു് പറത്തിക്കളയുന്നതു്. ഇതിനും പുറമേ, ശ്രീരാമൻ, ശ്രീഹനുമാൻ ഇവക്കുള്ളവഴിപാടും ദക്ഷിണയുംഉണ്ടല്ലൊ. അതിനുംപുറമേയാണു് ജമിന്ദാരന്മാരുടെയും കച്ചവടക്കാരുടെയും ശിപായിമാർ. കടുത്ത മഞ്ഞുവീഴുന്ന രാത്രിയിൽ ഉറക്കമൊഴിച്ചിരുന്നു് കാട്ടുപന്നിയുടേയും കാട്ടുപോത്തിന്റേയും ഉപദ്രവത്തിൽനിന്നും വിളവു രക്ഷിച്ചു്, കടുവായുടെയും പാമ്പിൻെറയും വായിൽവീണുപോകുമോ എന്നുള്ള ഭയംകൂടാതെ ഒരാണ്ടുമുഴവൻകൊണ്ടു് ഉണ്ടാക്കിയെടുക്കുന്ന

സമ്പാദ്യം—ഈ പതിനഞ്ചുദിവസംകൊണ്ടു് വളരെ സന്തോഷമായി പൊടിയടിക്കുന്നതിനു് ഇവക്കു് ഒരു വിഷമവും ഇല്ലെന്നു് ഞാൻ മനസ്സിലാക്കി.

ഇവരുടെ പ്രകൃതിയിൽ ഒരു നല്ലവശം മാത്രം എനിക്കു കാണാൻകഴിഞ്ഞു. ഇവരിലാരും ചാരായമോ കള്ളോ ഒന്നും കുടിക്കുകയില്ല. ഗാങ്ങോതാക്കാരുടേയോ ഭൂമിഹാരബ്രാഹ്മണരുടേയോ ഇടയിൽ ഇങ്ങനെയുള്ള ലഹരിസാധനങ്ങൾ ഉപയോഗിക്കുന്ന പതിവില്ല. കഞ്ചാവു് പലരും കഴിക്കും; അതു വാങ്ങിക്കേണ്ട ആവശ്യമില്ല. ലബ്ടുലിയാ ഫുൽകിയായിലെ തകിടിപ്പുറത്തു കഞ്ചാവു് കാടായിട്ടുണ്ടു്. ഇല പറിച്ചുകൊണ്ടുവന്നാൽമതി—ആരു കാണാനാ?

ഒരുദിവസം മുനേശ്വരസിംഹൻ വന്നു പറഞ്ഞു: ‘‘ഒരാൾ ജമിന്ദാരിക്കരം കൊടുക്കാതെ കളിപ്പിക്കാൻവേണ്ടി കടന്നുകളഞ്ഞു; പിടിച്ചോണ്ടുവരാൻ ഉത്തരവായെങ്കിൽ.’’

വിസ്മയത്തോടെ ഞാൻ ചോദിച്ചു: ‘‘എങ്ങനെ കടന്നു? ഓടിപ്പോയോ?’’

‘‘കുതിരയെപ്പോലെ ഓടിക്കളഞ്ഞു ഏമാന്നേ! ഇപ്പോൾ വലിയതടാകത്തിനു് അക്കരെക്കടന്നു കാട്ടിനരികിലായിട്ടുണ്ടു്.’’

ആ കള്ളനെ പിടിച്ചുകൊണ്ടുവരാൻ ഉത്തരവുകൊടുത്തു.

ഒരു മണിക്കൂറിനകം മൂന്നാലു ശിപായിമാർകൂടി ഓടിപ്പോയ ആസാമിയെ പിടിച്ചുകൊണ്ടുവന്നു് എൻെറമുമ്പിൽ നിറുത്തി.

അയാളെ കണ്ടിട്ടു് എനിക്കു് ഒന്നും പറയാൻതോന്നിയില്ല. അയാളുടെ വയസ്സു് ഒരുതരത്തിലും അറുപതിൽ കുറയുമെന്നു് എനിക്കു തോന്നിയില്ല. തല മുഴവൻ നരച്ചു; കവിൾത്തടത്തിലെ തൊലി ചുളിഞ്ഞുതൂങ്ങി. ദേഹം കണ്ടിട്ടു് അയാൾ ആഹാരം കഴിച്ചിട്ടു വളരെക്കാലമായെന്നു തോന്നും. ഇപ്പോൾ ഫുൽകിയാബയിഹാരിലെ കളത്തിൽ വന്നിട്ടു വയറുനിറയെ ആഹാരം കഴിച്ചുപോലും.

‘നനീചോരനാട്ടയാ’നൃത്തം നടത്തിയോ മറ്റോ ഈയാൾ കുറച്ചുദിവസമായി ധാരാളം പൈസ ഉണ്ടാക്കി; ഗ്രാൻറുസാഹിബ് വടവൃക്ഷച്ചുവട്ടിൽ ഒരു കുടിലിൽ താമസിക്കയാ

യിരുന്നു. ഇവിടത്തെ വിളവെട്ടപ്പു കഴിഞ്ഞതുകൊണ്ടു് കുറച്ചു ദിവസമായി ഈയാളോടു് ശിപായിമാർ കരം ചോദിച്ചുതുടങ്ങിട്ടു്. ഇന്നു കരം കൊടുക്കണമെന്നു് അയാളോടു പറഞ്ഞിരുന്നു. പെട്ടെന്നു് ഇന്നു് ഉച്ചയ്ക്കുശേഷം ശിപായിമാർക്കു് അറിവുകിട്ടി, ഈയാൾ കെട്ടുംകെട്ടി കടന്നുകളഞ്ഞെന്നു്. വിവരം അറിയാൻ മുനേശ്വരസിംഹൻ സ്ഥലത്തെത്തി. അപ്പോൾ ആസാമി ബയിഹാരിൽനിന്നും പൂർണ്ണിയായിലേയ്ക്കു യാത്ര തിരിച്ചതായി കണ്ടു. മുനേശ്വരൻെറ വിളികേട്ടിട്ടായിരിക്കാം അയാൾ ഓടാൻതുടങ്ങി. ഇത്രയും കഴിഞ്ഞിട്ടുള്ള സ്ഥിതിയിലാണു് ഈ മനുഷ്യൻ ഇപ്പോൾ.

എന്നാൽ ശിപായിമാരുടെ വാക്കുകളിൽ എനിക്കു സംശയം ജനിച്ചു. ഒന്നാമതായി 'നനീചോരനാടയാ' എന്നുവച്ചാൽ ബാലകൃഷ്ണൻ എന്നാണെങ്കിൽ, ആ വേഷംകെട്ടാനുള്ള വയസ്സാണോ ഈയാൾക്കിപ്പോൾ ഉള്ളതു്? രണ്ടാമതു് ഈയാൾ മൂച്ചുപിടിച്ചുംകൊണ്ടു് ഓടി എന്നു പറയുന്നതു് സംഭാവ്യമാണോ? എന്നാൽ അവിടെ കൂടിയിരുന്നവരെല്ലാം ആണയിട്ടു പറഞ്ഞു—രണ്ടും ശരിയാണെന്നു്.

അയാളോടു് ഞാൻ ഗൗരവസ്വരത്തിൽ ചോദിച്ചു: "താൻ ദുർബുദ്ധികാണിച്ചതെന്തിനാടോ? ജമിന്ദാരിക്കരം കൊടുക്കണമെന്നു് തനിക്കറിഞ്ഞുകൂടെ? തൻെറ പേരെന്തു്?"

അയാൾ കാററിലിളകുന്ന പനയോലപോലെ വിറയ്ക്കുന്നുണ്ടായിരുന്നു. എൻെറ ശിപായിമാർ 'ഇതിനെ വേണമെങ്കിൽ മററൊന്നിനെ കിട്ടണം' എന്നു പറഞ്ഞതുപോലെ പിടിച്ചുകൊണ്ടുവരാൻ പറഞ്ഞപ്പോൾ കെട്ടിക്കൊണ്ടുവന്നിരിക്കുകയാണു്. അവർ ഈ വൃദ്ധനോടു ദയവായിട്ടും മയമായിട്ടും പെരുമാറിയില്ലെന്നറിയാൻ താമസം വേണ്ടിവന്നില്ല.

അയാൾ വിറച്ചുംകൊണ്ടു പറഞ്ഞു: "എൻെറ പേരു് ദശരഥൻ."

"ജാതി എന്തു്? വീടെവിടെ?"

"ഞങ്ങൾ ജാതിയിൽ ഭുംയിഹാരബാഭൻ, ഏമാന്നേ! വീടു്, മുങ്ങേർ ജില്ല,—സാഹേബ്പുര കാമാൽ."

"ഓടിയതെന്തിനു്?"

"എവിടെ, ഇല്ല, എന്തിനാ ഞാനോടുന്നതു് ഏമാന്നേ?"

"കൊള്ളാം! കരംകൊട്ടക്കു."

"ഒന്നും കിട്ടീട്ടില്ല. കരം കൊട്ടക്കാനെവിട്ടന്നാ? ആട്ടം കാണിച്ചിട്ട കട്ടക് കിട്ടി, അതു് വിററിട്ടാണല്ലോ കുറച്ചുദിവസം വയററുപിഴപ്പു നടത്തിയതു്. ഭഗവാൻ ഹനുമാൻെറ കൃപ."

ശിപായിമാർ പറഞ്ഞു: "ഇതെല്ലാം കള്ളമാ. കേക്കരുതേ അങ്ങുന്നേ! അയാളു് വളരെ രൂപാ ഉണ്ടാക്കീട്ടുണ്ടു്. അയാളുടെ കൈയിലുണ്ടു്. ഉത്തരവായാൽ ഇപ്പത്തന്നെ പരിശോധിച്ചേക്കാം."

അയാൾ ഭയന്നു തൊഴുതുപിടിച്ചുകൊണ്ടു പറഞ്ഞു: "ഏമാന്നേ! എൻെറ കൈയിലെത്രയുണ്ടെന്നു് ഞാൻ പറയാമല്ലോ."

എന്നിട്ടു് അയാൾ തൻെറ അരയിൽനിന്നും ഒരു കൊച്ചു സഞ്ചി എടുത്തുകമഴ്ത്തി കുടഞ്ഞിട്ടിട്ടു പറഞ്ഞു: "ഇതു നോക്കിയാട്ടേ ഏമാന്നേ! പതിമ്മൂന്നു് അണയുണ്ടു്. ഇനിക്കാരുമില്ല. ഈ വയസ്സുകാലത്തു് ഇനിക്കാരു തരാനാ? ഈ വിളവെട്ടപ്പുകാലത്തു് കളംതോറും നടന്നു് ആട്ടംകാണിച്ചു വല്ലതും കിട്ടുന്നുണ്ടു്. ഇനിയും ആ ഗോതമ്പു വിളവെട്ടപ്പുകാലം വരുന്നതുവരെ ഇതുകൊണ്ടു കഴിയണം. അതിനു് ഇനിയും മൂന്നുമാസം കൂടിയുണ്ടു്. അതുവരെ വല്ലതും കിട്ടുന്നതുകൊണ്ടു വയറുപിഴക്കണം. ശിപായിമാരു പറഞ്ഞു, ഞാൻ എട്ടണ കരം കൊട്ടക്കണമെന്നു്. അങ്ങനെ വരുമ്പോൾ പിന്നെ ആകെ അഞ്ചണ ശേഷിക്കും. അഞ്ചണകൊണ്ടു മൂന്നുമാസം എങ്ങനെ കഴിച്ചുകൂട്ടും ഏമാന്നേ?"

ഞാൻ പറഞ്ഞു: "നിങ്ങടെ ആ ഭാണ്ഡത്തിലെന്തോന്നാ? അഴിക്കു."

അയാൾ ഭാണ്ഡം അഴിച്ചുകാണിച്ചു. അതിൽ തകരം മൂടിക്കെട്ടിയ ഒരു ചെറിയ കണ്ണാടി, മയിൽപ്പീലിവച്ചു പിടിപ്പിച്ച ഒരു തകരക്കിരീടം, മുഖത്തുതേക്കാനുള്ള ചായം, കഴത്തിലണിയുന്നതിനുള്ള മുത്തുമാല എന്നിങ്ങനെ—ശ്രീകൃഷ്ണൻെറ വേഷം കെട്ടാനുള്ള ഉപകരണങ്ങൾ.

അയാൾ പറഞ്ഞു: "എന്നാലും, നോക്കിയാട്ടേ, ഇനിക്കൊരു ഓടക്കുഴലില്ലേമാന്നേ. ടിൻകൊണ്ടുള്ള ഒരു കുഴലിനു്

എട്ടണയിൽ കുറയില്ല. ഇവിടെ ഈററൽകൊണ്ടുള്ള ഒരു കുഴൽകൊണ്ടാണു കാര്യം നടത്തുന്നതു്. ഇവർ ഗാങ്ങോതാജാതിക്കാരാണല്ലോ. ഇവരെ കളിപ്പിക്കാൻ എളുപ്പമാണു്. എന്നാൽ ഞങ്ങടെ മുങ്ങേർജില്ലയിലെ ആളുകളെല്ലാം വലിയ ശാസ്ത്രജ്ഞന്മാരാണു്. ഓടക്കുഴൽ ഇല്ലെങ്കിൽ അവർ പരിഹസിക്കും, പൈസാ തരികയില്ല.''

ഞാൻ പറഞ്ഞു: ''ആട്ടെ, തനിക്കു് കരംകൊട്ടക്കാൻ വയ്യെങ്കിൽ പകരം നൃത്തം കാണിക്കു.''

വയസ്സനു കൈയിൽ സ്വർഗ്ഗം കിട്ടിയതുപോലെയായി. എന്നിട്ടു് അയാൾ മുഖത്തു് ചായം തേച്ചുമിനുക്കി, തലയിൽ മയിൽപ്പീലി വച്ചുകെട്ടി, ഈ വയസ്സുകാലത്തു് പന്ത്രണ്ടു വയസ്സായ ബാലൻെറ ഭാവത്തിൽ ചാഞ്ഞും ചരിഞ്ഞും കുലുങ്ങിയും കൈകൾ ചലിപ്പിച്ചും ആടിയാടി പാടിയപ്പോൾ ചിരിക്കണോ കരയണോ എന്നു നിശ്ചയിക്കാൻ എനിക്കു കഴിഞ്ഞില്ല.

എൻെറ ശിപായിമാർ വായിൽ തുണികയററിയിട്ടു പരിഹാസച്ചിരിയടക്കാൻ പ്രാണൻ കളഞ്ഞു ബദ്ധപ്പെട്ടു. അവരെസ്സംബന്ധിച്ചിടത്തോളം 'നനീചോരനാട്ടയാ'നൃത്തം ഒരു മരണഗോഷ്ഠിയായി പരിണമിച്ചിരുന്നു. ആ പാവങ്ങൾക്കു് മാനേജർബാബുവിൻെറ മുൻപിൽ പ്രാണൻ തുറന്നു് ചിരിക്കാനും അടക്കാൻ സാധ്യമല്ലാത്ത ചിരി പിടിച്ചുനിറുത്താനും കഴിയാതെവന്നു.

അത്തരം അത്ഭുതകരമായ നൃത്തം ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അറുപതു വയസ്സായ വൃദ്ധൻ ചിലസമയത്തു് ബാലനെപ്പോലെ കലഹിച്ചു് ചുണ്ടു വിടത്തി സങ്കല്പജനനി യശോദയുടെ അട്ടക്കൽനിന്നും ഓടിപ്പോകുന്നു. ചിലപ്പോൾ ചങ്ങാതികളായ ഗോപബാലന്മാക്കു്, കൊച്ചു ചിരിയും ചിരിച്ചു് മോഷ്ടിച്ചു കൊണ്ടുവന്ന വെണ്ണ പങ്കുവെച്ചുകൊട്ടക്കുന്നു; ചിലപ്പോൾ യശോദ കുട്ടിക്കെട്ടിയ കൈകൾകൊണ്ടു് കണ്ണുനീർ തുടച്ചുകൊണ്ടു് ബാലസ്വരത്തിൽ 'ഖ്ംത് ഖ്ംത്'' എന്നു കരഞ്ഞുകൊണ്ടിരിക്കുന്നു. ഇതെല്ലാം കണ്ടാൽ ചിരിച്ചു ചിരിച്ചു് വയററിലെ ഞരമ്പു പൊട്ടിപ്പോകും.

നൃത്തം അവസാനിച്ചു. ഞാൻ ഹസ്തതാഡനംചെയ്ത് അയാളെ വേണ്ടുവോളം പ്രശംസിച്ചു.

ഞാൻ പറഞ്ഞു: "ഇത്തരം നൃത്തം ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ദശരഥാ! വളരെ സുന്ദരമായ നൃത്തം! ശരി, നിങ്ങളുടെ കരം ഇളച്ചുതന്നിരിക്കുന്നു. എൻെറ കൈയിൽനിന്നും വളരെ സന്തോഷമായി രണ്ടു രൂപാ സമ്മാനമായി തന്നിരിക്കുന്നു. വളരെ മധുരമായ നൃത്തം!"

അതു കഴിഞ്ഞു് പത്തുപന്ത്രണ്ടു ദിവസത്തിനകം ഉല്പന്നക്കച്ചവടം കഴിഞ്ഞു് അന്യദേശങ്ങളിൽനിന്നും വന്നുകൂടിയവരെല്ലാം അവരവരുടെ നാട്ടുകളിലേയ്ക്കു പോയി. ഇവിടെ ഭൂമി കൃഷിചെയ്തുംകൊണ്ടു പാർക്കുന്നവർമാത്രം ശേഷിച്ചു. പീടിക കെട്ടി കച്ചവടംചെയ്തവർ പീടിക പൊളിച്ചുംകൊണ്ടു പോയി. നൃത്തക്കാരും വച്ചുവാണിഭക്കാരും മററുസ്ഥലങ്ങളിലേയ്ക്കു പോയി, പൈസയുണ്ടാക്കാൻ ശ്രമിക്കാനായി. കൊയ്ത്തുകാർ ഇതുവരെ ഇവിടെ താമസിച്ചിരുന്നു, വിനോദപ്രകടനങ്ങൾ കാണാൻവേണ്ടിമാത്രം. ഇപ്പോൾ അവരും പാർപ്പിടങ്ങൾ പൊളിച്ച് സാമാനങ്ങളെല്ലാം പെറുക്കിക്കെട്ടാൻ തുടങ്ങി.

## രണ്ടു്

ഒരുദിവസം സായാഹ്നസവാരി കഴിഞ്ഞു് തിരിച്ചുപോരുന്ന സമയം എൻെറ പരിചയക്കാരനായ നക്ഛേദീഭകതൻെറ കുടിലിൽ അയാളെ കാണാൻ കയറി.

സന്ധ്യയാകാൻ പിന്നെ അധികംസമയം ഉണ്ടായിരുന്നില്ല. ഫുൽകിയാ ബയിഹാരിലെ ആ ദിഗന്തത്തോളം പരന്നു് തികച്ചും പച്ചയായി കാണുന്ന വനരേഖയുടെനടുവിൽ മുങ്ങി, രക്താഭയിൽ ഉജ്ജ്വലിക്കുന്ന വിപുലാകാരനായ സൂര്യൻ അസ്തമിക്കാൻപോകുന്നു. ഇവിടുത്തെ സൂര്യാസ്തമയങ്ങൾ—വിശേഷിച്ചും ഈ ശീതകാലത്തെ—അത്ഭുതസുന്ദരമാണു്. ഈ കാലത്തു് ചിലപ്പോഴെല്ലാം മഹാലിഖാരൂപപർവ്വതത്തിൽ,

സൂര്യാസ്തമയത്തിനു മുമ്പായി കയറിനിന്നിട്ടുണ്ട്; ഈ വിസ്മയകരമായ കാഴ്ചകാണാൻ.

നക്ഛേദി ഉരുണ്ടുപെരണ്ട് എഴുന്നേററു് നെററിയിൽ കൈവെച്ച് സലാംചെയ്തിട്ടു പറഞ്ഞു: "ഏ! മഞ്ചീ, ബാബുജിക്ക് ഇരിക്കാൻ വല്ലതും ഒന്ന് എടുത്തിട്ടുകൊടുക്കൂ."

നക്ഛേദിയുടെ കുടിലിൽ ഒരു പ്രൗഢയായ സ്ത്രീയുണ്ട്. അവൾ നക്ഛേദിയുടെ ഭാര്യയാണെന്ന് വിചാരിക്കാൻ ഒരു വിഷമവും ഇല്ല. എന്നാൽ അവളാണ് മിക്കവാറും പുറത്തേ ജോലികളെല്ലാം ചെയ്തുകൊണ്ടിരിക്കുന്നതു്; അതായതു് വിറകൊടിക്കുക, കീറുക, ദൂരെയുള്ള ഭീമദാസഗ്രാമത്തിലെ കൊച്ചു കിണററിൽനിന്നും വെള്ളം കോരിക്കൊണ്ടുവരിക ഇങ്ങനെയുള്ള ജോലികൾ. എന്നോട് കാട്ടാനയുടെ കഥ പറഞ്ഞ സ്ത്രീയാണ് മഞ്ചി. അവൾ വന്ന് ഉണങ്ങിയ കാശത്തണ്ടുകൊണ്ടുനെയ്ത ഒരു പായ് വിരിച്ചുതന്നു.

അവൾ ആ ദക്ഷിണബീഹാറിലെ ദേഹാതീ 'ഛരിക് ഛരികി' സംസാരഭാഷയുടെ സുന്ദരമായ ഈണക്കത്തോടുകൂടി തലയിളക്കി ചിരിച്ചുകൊണ്ടു ചോദിച്ചു: "ബയിഹാറിലെ മേള കണ്ടിട്ടെങ്ങനെയിരിക്കുന്നു ബാബുജീ? ഞാൻ പറഞ്ഞില്ലേ ധാരാളം നൃത്തവും മററു വിനോദങ്ങളും ഉണ്ടായിരിക്കും, എന്തെല്ലാം സാമാനങ്ങൾ വരും എന്നൊക്കെ? എന്താ അതൊക്കെ കണ്ടില്ലേ? അധികം ദിവസമായല്ലൊ ഇങ്ങോട്ടൊക്കെ വന്നിട്ട് ബാബുജീ! ഇരുന്നാട്ടെ. ഞങ്ങള് താമസിക്കാതെ പോകയാ."

അവരുടെ കുടിലിൻെറ വാതിലിന് അടുത്തായി ഉണങ്ങിത്തുടങ്ങിയ പുല്ലിനു മുകളിലായി ഇട്ടിരുന്ന പായിൽ ഇരുന്നുംകൊണ്ട് സൂര്യാസ്തമയം നേരേ അഭിമുഖമായി എനിക്കു കാണാൻ കഴിഞ്ഞു. ഒരു അവർണ്ണനീയമായ ശാന്തിയും നിശ്ശബ്ദതയും വിശാലബയിഹാരിൽ ഒന്നടങ്കം പരത്തിക്കൊണ്ട് നാലുപാടുമുള്ള കാട്ടിനുമുകളിൽ ഒരു ഇളംചുവപ്പായ പ്രകാശം വീണിട്ടുണ്ട്.

മഞ്ചിയുടെ ചോദ്യത്തിന് ഉത്തരംപറയാൻ അല്പം താമസം ഉണ്ടായി എന്നു തോന്നുന്നു. അവൾ വീണ്ടും എന്തോ ചോദിച്ചു: "പക്ഷേ, അവളുടെ 'ഛരിക് ഛരികി' എനിക്കു നല്ല

വണ്ണം മനസ്സിലാകയില്ല. അതുകൊണ്ടു് അവൾ എന്തു ചോദിച്ചു എന്നു് മനസ്സിലാക്കാൻ കഴിയാതെ അതു മറച്ചുവെയ്ക്കാൻ വേണ്ടി അങ്ങോട്ടു വേറേ ഒരു ചോദ്യം ചോദിച്ചു:

"നിങ്ങൾ നാളെത്തന്നെ പോകുമോ?"

"പോകും ബാബുജീ!"

"എങ്ങോട്ടാ പോകുന്നതു്?"

"പൂർണ്ണിയാകിഷൻഗഞ്ജതാലൂക്കിലേയ്ക്കു്."

പിന്നീടു് അവൾ പറഞ്ഞു: "നൃത്തോംമററും എങ്ങനെയിരുന്നു, ബാബുജീ? വളരെ നല്ല നല്ല ആളുകൾ ഇത്തവണ പാടിക്കൊണ്ടുവന്നിരുന്നു. ഒരുദിവസം ഝല്ലുഗ്രാമത്തിൽ വലിയമ്പകായിൻമരത്തിൻെറകീഴിൽ ഒരുത്തൻ വായ്കൊണ്ടു ഡോലക്കു വായിക്കുന്നതു കേട്ടോ, ബാബുജീ! എത്ര നന്നായിരുന്നു!"

വെറും ഒരു പെൺകുട്ടിയെപ്പോലെതന്നെ മഞ്ചി നൃത്തം പാട്ടു് തുടങ്ങിയ വിനോദങ്ങളിൽ ഭ്രമം ഉള്ളവളാണെന്നു് എനിക്കു മനസ്സിലായി. ഇത്തവണ ഏതെല്ലാംതരത്തിലുള്ള എന്തെല്ലാം അവൾ കണ്ടു രസിച്ചോ അതെല്ലാം ഉത്സാഹവും ആനന്ദവും കലന്ന സ്വരത്തിൽ അവൾ എന്നെ വർണ്ണിച്ചു കേൾപ്പിക്കുകയുണ്ടായി.

നക്ച്ഛേദി പറഞ്ഞു: "വേണ്ടാ, വേണ്ടാ, ബാബുജി കല്ക്കത്താക്കാരനാണു്. നിന്നെക്കാൾ കുറച്ചെല്ലാം കൂടുതൽ ബാബുജി കണ്ടിട്ടുണ്ടു്. അവൾക്കിതെല്ലാം വളരെ ഇഷ്ടമാണു ബാബുജി. അവൾക്കുവേണ്ടിയാണു് ഞങ്ങൾ ഇത്രയുംദിവസം ഇവിടെ താമസിച്ചതു്. അവൾ പറഞ്ഞു, 'വരട്ടെ, നിന്നാട്ടെ, കളത്തിലെ നൃത്തം തമാശകൾ ആളുകൾ ഇതെല്ലാം കണ്ടിട്ടു പോകാം' എന്നു്. ഇപ്പഴും കൊച്ചുകുഞ്ഞാ അവളു്."

മഞ്ചി, നക്ച്ഛേദിയുടെ ആരാണെന്നു് ഇതുവരെ ഞാൻ ചോദിച്ചിട്ടില്ല. വൃദ്ധൻെറ മകളാണെന്നു വിചാരിച്ചു. ഇന്നു് അയാളുടെ വാക്കു കേട്ടതിൽപ്പിന്നെ ഒരു സംശയവും ഉണ്ടായില്ല.

ഞാൻ ചോദിച്ചു: "നിങ്ങളുടെ മകളെ എവിടെയാ വിവാഹംചെയ്തു കൊടുത്തിരിക്കുന്നതു്?"

നക്ച്ഛേദി ആശ്ചര്യത്തോടെ പറഞ്ഞു: "എൻെറ മകളോ? എൻെറ മകൾ എവിടെ ബാബുജീ?"

"എന്ത്? ഈ മഞ്ചി നിങ്ങടെ മകളല്ലേ?"

എന്റെ വാക്കുകേട്ടിട്ട് എല്ലാവരെക്കാളും മുമ്പായി മഞ്ചിയാണ് 'ഖിൽ ഖിൽ' എന്നു പൊട്ടിച്ചിരിച്ചുപോയതു്.

നക്ച്ഛേദിയുടെ പ്രൗഢയായ ഭാര്യയും തുണിത്തുമ്പു വായിൽ കയററിക്കൊണ്ടു് കുടിലിൻെറ അകത്തേയ്ക്കു പോയി.

നക്ച്ഛേദി അപമാനിക്കപ്പെട്ടവനെന്നവണ്ണം പറഞ്ഞു: "എൻെറ മകളോ? ഏമാന്നേ, എൻെറ രണ്ടാംഭാര്യയാണ്."

ഞാൻ പറഞ്ഞു: "അവളോ!"

അനന്തരം എല്ലാവരും കുറച്ചുനേരം ഒന്നും മിണ്ടിയില്ല. ഞാനാകട്ടെ അമ്പരന്നുപോയി; അതുകൊണ്ടു വല്ലതുംപറയാൻ വാക്കു കിട്ടാതെയായി.

മഞ്ചി പറഞ്ഞു: "തീ കത്തിച്ചുതരാം, വല്യ തണുപ്പ്!"

കട്ടത്ത മഞ്ഞുതന്നെ. സൂര്യൻ അസ്തമിച്ചതോടെ ഹിമാലയപർവ്വതം താഴത്തേയ്ക്കിറങ്ങിവന്നതായി തോന്നി. പൂർവ്വദിക്കിലെ ആകാശത്തിൻെറ അടിഭാഗം അസ്തമിച്ചുകഴിഞ്ഞ സൂര്യൻെറ അന്തിമാഭയേററു ചുവന്നു; ഉപരിഭാഗം ഇരുണ്ടു നീലിച്ചു.

ഖുപരിയിൽനിന്നും കുറച്ചകലെയുള്ള ഒരുണങ്ങിയ കാശക്കാടിനു് മഞ്ചി തീവച്ചു. പത്തുപന്ത്രണ്ടടി നീളമുള്ള നീണ്ട പുല്ലു കത്തിക്കാളി. ഞങ്ങൾ അതിനടുത്തുപോയി ഇരുന്നു.

നക്ച്ഛേദി പറഞ്ഞു: "ബാബുജീ! ഇപ്പഴും അവൾ കൊച്ചുപെണ്ണാ. സാധനങ്ങൾ വാങ്ങിക്കുന്ന കാര്യത്തിൽ അവൾക്കു് വലിയ ഭ്രമമാണ്. ഇതു് കേട്ടാട്ടെ, ഇത്തവണ ഏതാണ്ടു് എട്ടുപത്തു മന്നു് കട്ടകു് കൂലി കിട്ടിയതാണ്. അതിൽ മൂന്നു മന്നു് അവൾ ചെലവാക്കിക്കളഞ്ഞു, അവൾക്കു മോഹമുള്ളതൊക്കെ വാങ്ങിക്കാൻ. ഞാൻ ചോദിച്ചു: 'വിയർപ്പിൻെറ വിലയായി കിട്ടുന്ന ഈ സാധനംകൊണ്ടു് നീ ഇതെല്ലാം എന്തിനാ വാങ്ങിക്കുന്നതു്?' കൊച്ചുപെണ്ണല്ലേ, കേട്ടില്ല; ഞാൻ പറഞ്ഞു, എന്നാൽ വാങ്ങിച്ചോ."

ഞാൻ വിചാരിച്ചു, വയസ്സനായ ഭർത്താവു്, ചെറുപ്പക്കാരിയായ ഭാര്യ! സമ്മതിക്കാതെ എന്തുചെയ്യും?

മഞ്ചി പറഞ്ഞു: "എന്തോന്നാ ഇതു്? നിങ്ങളോടു ഞാൻ പറഞ്ഞില്ലേ ഗോതമ്പു കൊയ്ത്തുകാലത്തേ മേളയ്ക്കു് ഇനിയും ഒന്നും വാങ്ങിക്കണ്ടാന്നു്. നല്ല സാമാനങ്ങൾ കുറഞ്ഞവിലയ്ക്കു കിട്ടുമ്പോൾ—"

നക്ച്ഛേദി കോപിച്ചുംകൊണ്ടു പറഞ്ഞു: "കുറഞ്ഞവിലയോ? എട്ടുംപൊട്ടും തിരിയാത്ത പെണ്ണുങ്ങളെ പീടികക്കച്ചവടക്കാരും ചില്ലറക്കച്ചവടക്കാരും കരുതിക്കൂട്ടി കളിപ്പിക്കുക— കുറഞ്ഞ വിലയോ? അഞ്ചുസേർ കടുകു് കൊടുത്തു് ഒരു ചീപ്പു വാങ്ങിച്ചിട്ടുണ്ടു് ബാബുജീ. കഴിഞ്ഞവർഷം, തിരാശീ രത്തഗഞ്ജിലെ ഗോതമ്പുകളത്തിൽ—"

മഞ്ചി പറഞ്ഞു: "ആട്ടെ, ബാബുജീ! വാങ്ങിച്ച സാധനങ്ങളെല്ലാം ഞാനെടുത്തോണ്ടുവരാമല്ലൊ. അവിടുന്നുതന്നെ പറഞ്ഞാട്ടെ വില കുറഞ്ഞതല്ലേന്നു്."

ഇത്രയും പറഞ്ഞിട്ടു് അവൾ ഝുപരിയിലേയ്ക്കു് ഓടി കാശത്തണ്ടുകൊണ്ടു് നെയ്തുണ്ടാക്കിയ അടപ്പുള്ള ഒരു പെട്ടി കൈയിലെടുത്തുംകൊണ്ടു വന്നു. എന്നിട്ടു് അടപ്പെടുത്തു് സാധനങ്ങൾ ഓരോന്നായി പെറുക്കിയെടുത്തു് എന്റെ മുമ്പിൽ വയ്ക്കാൻ തുടങ്ങി.

"ഇതു നോക്കിയാട്ടെ ബാബുജീ, എത്രവലിയ ചീപ്പാണെന്നു്. അഞ്ചുസേർ കടുകിൽ കുറച്ചു കൊടുത്താൽ ഇത്തരം ചീപ്പു കിട്ടുമോ? കണ്ടില്ലേ എത്ര നല്ല നിറം! നല്ല സാധനം അല്ലേ? പിന്നെ ഇതു നോക്കിയാട്ടെ, ഒരു സോപ്പു്, നോക്കിയാട്ടെ എന്തൊരു മണം! ഇതും അഞ്ചുസേർ കൊടുത്തു വാങ്ങിച്ചതാണു്. വിലക്കുറവല്ലേ ബാബുജീ? ഒന്നു പറഞ്ഞാട്ടെ."

വില കുറഞ്ഞതാണെന്നു വിചാരിക്കാൻ കഴിയുന്നതെങ്ങനെയാണു്? ഇത്തരം ഒരു താണതരം സോപ്പിനു് കല്കത്താ ബസ്സാറിൽ ഒരണയിൽ കൂടുതൽ വില കൊടുക്കണ്ടാ. അഞ്ചുസേർ കടുകിനു് കള്ളക്കച്ചവടക്കാർപോലും ഏഴര അണ വില കൊടുക്കും. സാധുക്കളായ ഈ വന്യവനിതകൾക്കു് സാധനങ്ങളുടെ വില അറിഞ്ഞുകൂടാ. ഇവരെ കളിപ്പിക്കാൻ വളരെ എളുപ്പമാണു്.

മഞ്ചി വേറെയും പല സാധനങ്ങൾ ആഹ്ലാദത്തോടുകൂടി കാണിച്ചു; ഓരോന്നായി എടുത്തു്. തലമുടിയിൽ കുത്തുന്ന

പിൻ, ഇമിറേറഷൻ കല്ലുമോതിരം, ചൈനാക്ലേ കൊണ്ടുള്ള കളിപ്പാട്ടം, ഇനാമൽ ചെയ്ത കൊച്ചു ഡിഷ്, കുറച്ചു വീതിയുള്ള റിബൺ ഇതെല്ലാം. സ്ത്രീകൾക്കു മോഹമുള്ള സാധനങ്ങളുടെ പട്ടിക എല്ലാദേശത്തും എല്ലാ വർഗ്ഗക്കാരിലും ഏതാണ്ട് ഒന്നുതന്നെയാണെന്നു ഞാൻ മനസ്സിലാക്കി. വന്യവനിതയായ മഞ്ചിക്കും സംസ്കാരസമ്പന്നയായ അവളുടെ സഹോദരിക്കും തമ്മിൽ ഇക്കാര്യത്തിൽ വലിയ അന്തരമൊന്നും ഇല്ല. സാധനങ്ങൾ സംഗ്രഹിക്കുന്നതിനും അവകാശപ്പെടുന്നതിനും ഉള്ള ആഗ്രഹം ഇരുവർക്കും പ്രകൃതിദത്തമാണ്. വയസ്സനായ നക്ച്ഛേദി കോപിച്ചാൽ എന്തു പ്രയോജനം!

എന്നാൽ എല്ലാററിനെക്കാളും നല്ലതായി ഒടുവിൽകാണിക്കാൻവേണ്ടി ഒരു സാധനം മഞ്ചി മറച്ചുവച്ചിരുന്നു. അതെന്താണെന്ന് അപ്പോഴാണു കണ്ടതു്.

ഇത്തവണ അവൾ അഭിമാനംകലൎന്ന ആനന്ദത്തോടും അഭിനിവേശത്തോടും അതു പുറത്തെടുത്തു് എൻെറ മുമ്പിൽ ചേർത്തുപിടിച്ചു.

നീലയും മഞ്ഞയും ഇടകലൎന്ന ഒരു ഹിംലാജ്മാല.

പരമാൎത്ഥത്തിൽ എന്തൊരു ആനന്ദവും അഭിമാനവും പ്രദർശിപ്പിക്കുന്ന ചിരിയാണ് അവളുടെ അധരങ്ങളിൽ ഞാൻ കണ്ടതു്! അവളുടെ സംസ്കാരസമ്പന്നരായ സഹോദരികളെപ്പോലെ തന്റെമനോഭാവം മറച്ചുവയ്ക്കാൻ അവൾ പഠിച്ചിട്ടില്ല. സ്വച്ഛവും നിഷ്കളങ്കവുമായ നാരീഹൃദയമാണ് ഈ വെറും സാധാരണമായ വസ്തുക്കളുടെ ഉടമയിൽനിന്നും ഉച്ഛ്വസിതമായ ആനന്ദത്തിനകത്തുകൂടി സ്വയം പ്രകാശിച്ചുകൊണ്ടിരിക്കുന്നതു്. സ്ത്രീഹൃദയത്തിൻെറ ഇപ്രകാരമുള്ള സ്വയംപ്രകാശം കാണാനുള്ള സൗകര്യം ഞങ്ങളുടെ പരിഷ്കൃതസമുദായത്തിൽ വളരെയധികമൊന്നും ഉണ്ടാകാറില്ല.

"പറഞ്ഞാട്ടെ, ഇതെങ്ങനെയിരിക്കുന്നെന്നു്."

"സുന്ദരം!"

"ഇതിനെന്തു വിലയാകാം ബാബുജീ? കല്ക്കത്തയിൽ നിങ്ങളിതു് ഇടാറുണ്ടോ?"

കല്ക്കത്തയിൽ ഞാൻ ഹിംലാജ്മാല ധരിച്ചിട്ടില്ല.

എന്നാലും, എനിക്കുതോന്നി എത്ര കൂടിപ്പോയാലും ഇതിന്റെ വില ആറണയിൽ കൂടുകയില്ലെന്ന്.

ഞാൻ ചോദിച്ചു: "ഇതിനെന്തു കൊടുത്തു?"

"പതിനേഴ സേർ കടുകു കൊടുത്തു. എന്താ ലാഭമല്ലേ?"

അവൾക്കു ഭയങ്കരമായ കളിപ്പു പററിപ്പോയി എന്നു പറഞ്ഞാൽ എന്തു പ്രയോജനമാണ്? ഈ സ്ഥലത്തെല്ലാം ഇങ്ങനെയൊക്കെ ഇരിക്കുകയേ ഉള്ളു. എന്തിനു വെറുതെ നക്ഛേദിയുടെ അടുത്തു വല്ലതും എല്ലാം പറഞ്ഞു് ഇവളുടെ മനസ്സിലെ അഭൂതപൂർവ്വമായ ആഹ്ലാദം നഷ്ടപ്പെടുത്തുന്നു!

എന്റെ പരിചയക്കുറവുകൊണ്ടുതന്നെ ഈ വർഷം ഇങ്ങനെയൊക്കെ ആകാനേ സാധിച്ചുള്ളു. വച്ചവാണിഭക്കാരുടെ സാധനങ്ങളുടെ വിലക്കാര്യത്തിൽ കർശനമായ ദൃഷ്ടി പതിയേണ്ടതായിരുന്നു. പക്ഷേ, ഞാൻ ഇവിടെ പുത്തനാണല്ലോ. ഈ നാട്ടിലെ നടപ്പ് ഞാൻ എങ്ങനെ അറിയും. വിളവെടുപ്പുകാലത്തു മേള ഉണ്ടായിരിക്കുമെന്നുതന്നെ ഞാൻ അറിഞ്ഞിരുന്നില്ല. അടുത്ത വത്സരത്തിൽ ഇങ്ങനെയൊന്നും നടക്കാതിരിക്കാൻ വേണ്ട വ്യവസ്ഥ ചെയ്യുന്നതായിരിക്കും.

അടുത്തദിവസം കാലത്തെ നക്ഛേദി തന്റെ രണ്ടു ഭാര്യമാരോടും കുട്ടികളോടുംകൂടി ഇവിടെനിന്നും പോയി.

പോകുന്നതിനുമുമ്പ് നക്ഛേദി കരംകൊടുക്കാൻ എന്റെ ഖുപരിയിൽ വന്നിരുന്നു. കൂടെ മഞ്ചിയും ഉണ്ടായിരുന്നു.

പുഞ്ചിരി തൂകിക്കൊണ്ടു് അവൾ പറഞ്ഞു: "ഇനിയും ഞങ്ങൾ ചിങ്ങമാസത്തിൽ ചോളം അറുക്കാൻ വരും. അപ്പോൾ ബാബുജി ഇവിടെ ഉണ്ടായിരിക്കുമോ? കർക്കടകമാസത്തിൽ ഞങ്ങൾ നെല്ലിക്കാ ഉപ്പിലിടും—ബാബുജിക്കുവേണ്ടി കൊണ്ടുവരാം."

മഞ്ചിയോട് എനിക്കു വളരെ ഇഷ്ടംതോന്നി. അവൾ പോയപ്പോൾ എനിക്കു വളരെ സങ്കടം ഉണ്ടായി.

UNIVERSITY LIBRARY
9 MAR 1964
MADRAS

# പരിച്ഛേദം പതിനൊന്ന്

ഒന്നു്

ഈ സമയത്തു് എനിക്കു വിസ്മയജനകമായ ഒരു അനുഭവജ്ഞാനം ഉണ്ടായി.

മോഹനപുരാറിസേർവ്ഫോറസ്റ്റിനു പതിനഞ്ചിരുപതു മൈൽ ദൂരെയായി ശാലമരങ്ങളും ബീഡിയിലക്കാട്ടും കൊണ്ടു നിറഞ്ഞ ഒരു വിസ്തൃതമായ വനം ഉണ്ടു്. ആ വനം അവിടുത്തെ കളക്ടർ ലേലത്തിൽ വിൽക്കാൻപോകുന്നതായി അറിവുകിട്ടി. ഹെഡ്ഡാഫീസിലേക്കു് അടിയന്തിരമായ ഒരു അറിവുകൊടുത്തു. ഉടനെ കമ്പിവഴി എനിക്കു് ഉത്തരവുകിട്ടി, ബീഡിയിലക്കാട്ടു് ഞാൻതന്നെ പോയി ലേലത്തിൽ പിടിക്കണമെന്നു്.

എന്നാൽ അതിനുമുമ്പു് ആ കാടൊന്നു നേരിട്ടുപോയി കാണേണ്ടതു് ആവശ്യമാണെന്നു് എനിക്കു തോന്നി. അവിടെ എന്തൊക്കെ ഉണ്ടു്, എന്തൊക്കെ ഇല്ല, എന്നറിയാതെ ലേലം വിളിക്കാൻ ഞാൻ തയാറായില്ല. ഇവിടെ ലേലദിവസവും അടുത്തു. കമ്പികിട്ടിയ അടുത്തദിവസംതന്നെ കാലത്തെ യാത്രയായി.

എന്റെ കൂടെയുള്ളവർ വെളുപ്പിനെതന്നെ പെട്ടിയും കിടക്കയും മററു സാമാനങ്ങളും തലയിൽ ചുമന്നുംകൊണ്ടു് യാത്ര തിരിച്ചിരുന്നു. മോഹനപുരാഫോറസ്റ്റിന്റെ അതിർത്തിയിലുള്ള കാരോനദി കടക്കുന്ന സമയം അവരെ കണ്ടുമുട്ടി. കൂടെ ഞങ്ങളുടെ പാർവ്വത്യകാരൻ ബനോയാരിലാലും ഉണ്ടായിരുന്നു.

കാരോ ഒരു ചടച്ച കാട്ടരുവിയാണു്. മുട്ടുവരെ വെള്ളം ഉണ്ടു്. പാറകൾക്കിടയിൽക്കൂടി 'ഝിർ ഝിർ' എന്നു വെള്ളം ഒഴുകിക്കൊണ്ടിരുന്നു. ഞങ്ങൾ രണ്ടുപേരും കുതിരപ്പുറത്തുനിന്നും ഇറങ്ങി, കുളമ്പു് പാറയിൽത്തെന്നി കുതിര വീണുപോയേക്കുമെന്നു പേടിച്ചു് രണ്ടരികിലും തവിട്ടുനിറത്തിലുള്ള

മണൽത്തിട്ടയാണു്. അവിടെയും കുതിരപ്പുറത്തു കയറിയില്ല; മുട്ടുവരെ മണലിൽ താണുപോകാവുന്നതാണു്. അക്കരെയുള്ള ഉറച്ച മണ്ണിലെത്തിയപ്പോൾ മണി പതിനൊന്നായി. ബനോയാരി പാർവ്വത്യകാരൻ പറഞ്ഞു: "ആഹാരം ഇവിടെത്തന്നെയാകട്ടെ അങ്ങുന്നേ, ഇവിടം കഴിഞ്ഞാൽ വെള്ളം കിട്ടുമോ എന്നു നിശ്ചയമില്ല."

നദിയുടെ ഇരുകരകളിലും ആളില്ലാത്ത വനമാണു്. പക്ഷേ, വലിയ കാടൊന്നുമില്ല. ചെറിയ പൊക്കംകുറഞ്ഞ കേന്ദു്, പലാശം, ശാലം ഇതെല്ലാം ഉള്ള കാട്ടു്—വളരെ കട്ടിയുള്ളതും ഇടയ്ക്കിടയ്ക്കു പാറക്കെട്ടുകൾ ഉള്ളതും ആയ കാട്ടു്—ഒരിടത്തും മനുഷ്യൻെറ ഒരു അടയാളവും ഇല്ല. ആഹാരാദി കാര്യങ്ങൾ വളരെ ചുരുക്കി കഴിച്ചുകൂട്ടിയെങ്കിലും അവിടെ നിന്നും പുറപ്പെട്ടപ്പോൾ മണി ഒന്നായി.

സമയം കടന്നുകടന്നു പോയിട്ടും വനത്തിനു് ഒരറുതിയും ഇല്ല. ഇനിയും വളരെദൂരം മുന്നോട്ടുപോകാതെ വല്ല വലിയ മരത്തിൻെറയും തണലിൽ അഭയം പ്രാപിക്കുകയാണു നല്ലതെന്നു് എനിക്കുതോന്നി. വനത്തിനകത്തുള്ള രണ്ടു ഗ്രാമങ്ങൾ ഇതിനുമുമ്പു് കടന്നാണു പോന്നതു്—ഒന്നിൻെറ പേരു് കുലപാൽ, മററതിൻെറ പേരു് ബുരുഡി; പക്ഷേ, അപ്പോൾ മണി മൂന്നേ ആയുള്ളു. സന്ധ്യയ്ക്കുമുമ്പു് വനം കടക്കാൻ സാധിക്കയില്ലെന്നു് അറിഞ്ഞിരുന്നെങ്കിൽ അവിടെത്തന്നെ രാത്രി കഴിച്ചുകൂട്ടാൻ വേണ്ട ഒരുക്കം ചെയ്യാമായിരുന്നു.

വിശേഷിച്ചു്, സന്ധ്യയാകുംമുമ്പു്, കാടിന്റെ നിബിഡത കൂടിക്കൂടിവന്നു. ആദ്യംകടന്ന വനപ്രദേശം ഇത്ര ഇടതൂർന്നതായിരുന്നില്ല. ഇടയ്ക്കിടയ്ക്കു പഴുതുണ്ടായിരുന്നു. ഇപ്പോൾ കുറേശ്ശെ നാലുദിക്കിലുംനിന്നു വലിയ വലിയ വൃക്ഷങ്ങൾ കൂട്ടംകൂട്ടമായി ഒരുമിച്ചുനിന്നു് ഇടുങ്ങിയ വഴിയെ ഞെരുക്കിക്കൊണ്ടു നില്ക്കുകയാണു്. ഇപ്പോൾ എന്റെ ചുറ്റും വലിയ മരങ്ങൾ; ആകാശം മറയ്ക്കുന്ന മരങ്ങൾ. ഇതിനിടയ്ക്കു രാത്രിയിലെ കൂരിരുട്ടുംകൂടിയായാലോ.

ചില സ്ഥലങ്ങളിൽ ഇടയുള്ളടത്തേ വനത്തിൻെറ അനുപമമായ സൗന്ദര്യം! എന്തോ ഒരുജാതി വെള്ളപ്പൂക്കൾ, ഛായാഗഹനമായ അപരാഹ്നത്തിലെ നീലാകാശത്തിനടിയിൽ,

കുലകുലയായി വനശീർഷം മുഴുവൻ പ്രകാശിപ്പിച്ചുകൊണ്ടു വികസിച്ചുനില്ക്കുന്നു. മനുഷ്യന്റെ കണ്ണിനു് അപ്പുറത്തു സംസ്കാരസമ്പന്നമായ മാനവജഗത്തിന്റെ സീമയിൽനിന്നും വളരെ അകലെയായി ഇത്രയും സൗന്ദര്യം ആർക്കുവേണ്ടിയാണു് ഒരുക്കിവെച്ചിരിക്കുന്നതു്! ബനോയാരി പറഞ്ഞു: "അതു കാട്ടു തേവുഡിപ്പൂവാണു് അങ്ങുന്നേ. ഈ സമയത്താണു് അതു വിടരുന്നതു്. ഒരുതരം..."

എങ്ങോട്ടു നോക്കിയാലും അവിടെയെല്ലാം മരത്തിന്റേയും കുററിക്കാടിന്റേയും മുകൾപ്പരപ്പു്. അല്പം നീലാഭകലന്ന വെള്ളക്കാട്ടു് തേവുഡിപ്പൂക്കളാൽ ശോഭിച്ചുകൊണ്ടിരിക്കുന്നതായിക്കാണാം—കാർഡ്ഡുചെയ്തു് കുരുവും കരടും കളഞ്ഞെടുത്ത, നീലച്ഛായയുള്ള കുരുപ്പരുത്തിപ്പഞ്ഞി വനശീർഷത്തിലാകെ ആരോ വാരിവിതറിയിരിക്കുന്നതുപോലെതന്നെ. ഇടയ്ക്കിടയ്ക്കു് കുതിരയെനിറുത്തി, കുറേനേരം നിന്നുനിന്നാണു് സഞ്ചരിച്ചതു്. ഈ അത്ഭുതസൗന്ദര്യം കാണാൻ ഇങ്ങനെയുള്ള ചില സ്ഥലങ്ങളിലേയ്ക്കു നോക്കിയിട്ടു് എന്തോ ഒരു ആശ്രയഹീനമായ മനോഭാവം ഉണ്ടായിപ്പോകുന്നതായി എനിക്കു തോന്നിപ്പോയി—ഞാൻ എത്രയോ ദൂരെ എവിടെയോ നിൽക്കുകയാണു്, പരിഷ്കൃതലോകത്തിൽനിന്നും വളരെ ദൂരെയായി ജനഹീനവും അജ്ഞാതവുമായ ഒരു ലോകത്തിലെ അലസവും അത്യാശ്ചര്യകരവും ആയ വന്യസൗന്ദര്യത്തിനുള്ളിൽ—ആ ലോകവുമായി മനുഷ്യനു് ഒരു സമ്പർക്കവും ഇല്ല; പ്രവേശിക്കാൻ അധികാരവും ഇല്ല; വെറും വന്യജന്തുക്കളുടെയും വന്യവൃക്ഷലതാദികളുടെയും ലോകം!

പിന്നെയും പിന്നെയും ഈ വനദൃശ്യം നോക്കിനോക്കി വായുംപൊളിച്ചു നിന്നുപോയതുകൊണ്ടു് കുട്ടതലായി താമസിച്ചുപോയി എന്നു് എനിക്കുതോന്നി. സാധുവായ ബനോയാരി പാർവ്വത്യകാരൻ എന്റെ കൂടാരത്തിലെ ജോലിക്കാരനായതുകൊണ്ടു് നിർബ്ബന്ധമായി എന്നോടൊന്നും പറയാൻ കഴിഞ്ഞില്ലെങ്കിലും നിശ്ചയമായും അയാൾ വിചാരിച്ചുകാണും, 'നിശ്ചയമായും ഈ ബംഗാളിബാബുവിന്റെ തലയ്ക്കു് ഓളമാണു്. ഇതുംകൊണ്ടു് ജമീന്ദാരിക്കാര്യം ഇനിയും എത്രനാൾ നടത്തും?' ഒരു വലിയ ആസാൻമരത്തിന്റെ ചുവട്ടിൽ ഞങ്ങ

ളെല്ലാവരും ഒരുമിച്ചു് അഭയംപ്രാപിച്ചു. ഞങ്ങളെല്ലാംകൂടി എട്ടുപത്തുപേരുണ്ടു്. ബനോയാരി പറഞ്ഞു: "വലിയ ഒരു ആഴികൂട്ടി അടുത്തടുത്തു് ചേൎന്നുചേൎന്നിരിക്കാം. ആരും മാറിക്കളയരുതു്. ഈ കാട്ടിൽ രാത്രിസമയത്തു് പലതരത്തിലുമുള്ള അപകടം ഉണ്ടാകാം."

മരച്ചുവട്ടിൽ ഞാൻ ക്യാംപ്ചെയാറിട്ടു് ഇരിക്കുകയാണു്. തലക്കുമീതെ വളരെദൂരംവരെ തുറന്ന ആകാശം. ഇപ്പോഴും ഇരുട്ടു വ്യാപിച്ചിട്ടില്ല. അകലെയും അടുത്തും കാടിൻെറമൂകളിൽ കാട്ടുതേവൃഡിപ്പൂക്കൾ കൂട്ടംകൂട്ടമായി വികസിച്ചുനില്പുണ്ടു്, പഴുതില്ലാതെ. എൻെറ ക്യാംപ്ചെയാറിൻെറ അടുത്തുതന്നെ അർദ്ധശുഷ്ക്കങ്ങളായി കനകവൎണ്ണംപൂണ്ട നീണ്ടനീണ്ട പുല്ലുകൾ, വെയിലിൽ ചുട്ടുപഴുത്ത മണ്ണിൻെറ വെന്തമണം, ഉണക്കപ്പുല്ലിൻെറ മണം, ഏതോ ഒരു കാട്ടുപൂവിൻെറ മണം, ദുർഗ്ഗാപ്രതിമയുടെ ചുവന്ന അലങ്കാരക്കോപ്പിൻെറ മണംപോലെ. ഈ തുറന്ന സ്ഥലത്തെ വന്യജീവിതം എൻെറ മനസ്സിൽ ഏതാണ്ടൊരു മുക്തിയുടെയും ആനന്ദത്തിൻെറയും അനുഭൂതി ഉളവാക്കി—ഈവിധം വിശാലമായ നിൎജ്ജനപ്രാന്തരത്തിലും വിജനമായ പ്രദേശത്തും അല്ലാതെ മററൊരിടത്തും ഉണ്ടാകാത്ത അനുഭൂതി. ഈ സ്വതന്ത്രജീവിതത്തിൻെറ ഉല്ലാസം അനുഭവജ്ഞാനം ഇല്ലെങ്കിൽ പറഞ്ഞാൽ മനസ്സിലാക്കാൻ വളരെ പ്രയാസമാണു്.

ഈ സമയത്തു് ഞങ്ങളുടെ ഒരു കൂലിക്കാരൻവന്നു് പാൎവ്വത്യകാരൻെറ അടുക്കൽ പറഞ്ഞു: "ഇന്നു ഞാൻ കുറച്ചുദൂരെ കാട്ടിൽ ഉണക്കച്ചുള്ളി ഒടിക്കാൻ പോയപ്പോൾ എന്തോ ഒന്നു് കണ്ടങ്ങുന്നെ; ഈ സ്ഥലം അത്ര നല്ലതല്ല. ഭൂതങ്ങളുടെയോ യക്ഷികളുടെയോ സങ്കേതമാണു്. ഇവിടെ താവളം അടിക്കേണ്ടായിരുന്നു." പാൎവ്വത്യകാരൻ എന്നോടു പറഞ്ഞു: "പോകാം അങ്ങുന്നേ! ഒന്നുനോക്കിട്ടുവരാം അതെന്തൊന്നാണെന്നു്."

കുറച്ചുദൂരെ കാട്ടിനുള്ളിൽ ഒരു സ്ഥലംകാണിച്ചിട്ടു് കൂലിക്കാരൻ പറഞ്ഞു: "അവിടെ അടുത്തുപോയി നോക്കിയാട്ടങ്ങുന്നെ! അത്ര അടുത്തുപോകരുതു്."

വനത്തിനുള്ളിൽ മുൾവള്ളിപ്പടർപ്പിൽനിന്നും തല ഉയൎത്തിനിൽക്കുന്ന ഒരു സ്തംഭത്തിൻെറ മുകളിൽ ഒരു വികൃതരൂപം

കൊത്തിവച്ചിരിക്കുന്നു. സന്ധ്യയ്ക്കു കണ്ടാൽ ഭയപ്പെട്ടുപോകുക തന്നെചെയ്യും.

മനുഷ്യൻെറ കൈകൊണ്ടു് നിർമ്മിച്ചിട്ടുള്ളതാണെന്നു പറയുന്നതിൽ തെററില്ല. പക്ഷേ, ഈ ആളില്ലാക്കാട്ടിനുള്ളിൽ ഈ സ്തംഭം എവിടെനിന്നും വന്നു എന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതിനു് എത്രത്തോളം പഴക്കം ഉണ്ടെന്നുള്ളതും അറിയാൻ വഴിയില്ല.

ആ രാത്രികഴിഞ്ഞു് രാവിലെ എഴുന്നേററു് ഒമ്പതുമണിക്കകം ഞങ്ങൾ ചെല്ലേണ്ടസ്ഥലത്തു് എത്തിച്ചേർന്നു.

അവിടെ എത്തിയിട്ടു് വനത്തിൻെറ ഇപ്പോഴത്തെ മാനേജരുടെ ഒരു ഉദ്യോഗസ്ഥനെ കണ്ടു. അയാൾ എനിക്കു കാട്ടുകാണിച്ചുതന്നുകൊണ്ടു് സഞ്ചരിക്കുകയായിരുന്നു. പെട്ടെന്നു് ആ കാട്ടിലെ ഒരു വരണ്ട തോടിൻെറ അപ്പുറത്തു് ഇടതിങ്ങിയ വനത്തിനുള്ളിലായി ഒരു ശിലാസ്തംഭത്തിൻെറ ശിരസ്സു് ജീവനുള്ളപോലെ നിൽക്കുന്നതു് കാണായി. ഇന്നലെ സന്ധ്യയ്ക്കുകണ്ട ആ സ്തംഭംപോലെതന്നെ. ആ രീതിയിലുള്ള ഒരു വികൃതരൂപവും കൊത്തിവച്ചിട്ടുണ്ടു്.

എൻെറകൂടെ ബനോയാരിയും ഉണ്ടായിരുന്നു; അയാളേയും അതു കാണിച്ചു. ആ ഉദ്യോഗസ്ഥൻ സ്ഥലത്തുകാരനാണു്. അയാൾ പറഞ്ഞു: ‘‘അതുപോലെ വേറെയും മൂന്നാലെണ്ണം ഉണ്ടു്, ഈ കാട്ടിനിടയ്ക്കായി. ഈ ദേശത്തു് മുമ്പു് അപരിഷ്കൃതരായ കാട്ടുജാതിക്കാരുടെ രാജാവുണ്ടായിരുന്നു. അതെല്ലാം അവരുടെ കൈകൊണ്ടുണ്ടാക്കിയതാണു്.’’

ഞാൻ ചോദിച്ചു: ‘‘സ്തംഭമാണെന്നു് എങ്ങനെ അറിഞ്ഞു?’’

അയാൾ പറഞ്ഞു: ‘‘വളരെക്കാലമായി കേട്ടുകേട്ടു് അറിഞ്ഞുവന്നിട്ടുള്ളതാണു് ബാബുജീ! അതുകൂടാതെ ആ രാജാവിൻെറ വംശത്തിലുള്ളവർ ഇപ്പോഴും ഉണ്ടു്.’’

എനിക്കു വളരെ ജിജ്ഞാസ ഉണ്ടായി.

‘‘എവിടെ?’’

അയാൾ വിരൽ ചൂണ്ടിക്കാണിച്ചുംകൊണ്ടു് പറഞ്ഞു: ‘‘ഈ വനത്തിന്റെ വടക്കേ അതിർത്തിയിൽ ഒരു ചെറിയഗ്രാമം ഉണ്ടു്—അവിടെയാണു് താമസം. ഈ പ്രദേശത്തു് അദ്ദേഹം

വളരെ ബഹുമാന്യനാണു്. വടക്കു് ഹിമാലയപർവ്വതം, തെക്കു് ഛേരാട്ടനാഗപുരത്തിൻെറ അതിരു്, കിഴക്കു് കുശീനദി, പടിഞ്ഞാറു് മുങ്ങേർ എന്നീ എല്ലകളുകളുള്ള സകല വനങ്ങളുടെയും മലകളുടെയും രാജാവായിരുന്ന അദ്ദേഹത്തിൻെറ പൂർവ്വികൻ എന്നു് ഞങ്ങൾ കേട്ടിട്ടുണ്ടു്.''

മുമ്പും ഒരിക്കൽ എൻെറ കച്ചേരിയിൽവച്ചു് ഗനോരീ തേവാരി സ്കൂൾമാസ്റ്റർ പറഞ്ഞ കാര്യം എൻെറ ഓർമ്മയിൽവന്നു; ഈ പ്രദേശത്തെ ആദിമജാതിക്കാരുടെ രാജാവിൻെറ വംശജൻ ഇപ്പോഴും ഉണ്ടെന്നും, ഈ ദിക്കിലെ പർവ്വതജാതിക്കാരെല്ലാം അയാളെ ഇപ്പോഴും രാജാവു് എന്നാണു് വിളിക്കുന്നതെന്നും പറഞ്ഞ കഥ. ഈ കാടിൻെറ ഉടമസ്ഥൻെറ ഉദ്യോഗസ്ഥൻെറ പേരു് ബുദ്ധുസിംഹൻ, നല്ല ബുദ്ധിമാൻ, ഇവിടെ വളരെക്കാലമായി ജോലി നോക്കിക്കൊണ്ടിരിക്കുകയാണു്. ഈ വനപർവ്വതപ്രദേശങ്ങളുടെ പല ചരിത്രവും അയാൾക്കു് അറിയാമെന്നു് ഞാൻ മനസ്സിലാക്കി.

ബുദ്ധുസിംഹൻ പറഞ്ഞു: ''മുഗൾപാദുഷായുടെ വാഴ്ചക്കാലത്തു് ഇവർ മുഗൾസൈന്യവുമായി യുദ്ധംചെയ്തിട്ടുണ്ടു്. ഈ വനത്തിൽക്കൂടി അവർ ബംഗാളത്തേയ്ക്കു് കടന്നുപോയപ്പോൾ ഇവർ വില്ലും അമ്പുംകൊണ്ടു് യുദ്ധംചെയ്തു. ഒടുവിൽ രാജാധികാരം മുഗൾസുബേദാരന്മാരുടെ കൈയിലായപ്പോൾ ഇവരുടെ രാജ്യം നഷ്ടപ്പെട്ടുപോയി. ഇപ്പോൾ ഇനിയും ഒന്നും ഇല്ല. കുറച്ചു ബാക്കിയുണ്ടായിരുന്നതും 1862–ലെ സാന്താൾ വിപ്ലവത്തിനുശേഷം നഷ്ടപ്പെട്ടു. സാന്താൾ വിപ്ലവത്തിൻെറ നേതാവു് ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. അദ്ദേഹമാണു് ഇപ്പോഴത്തെ രാജാവു് ദോബരു പാന്നാ വീരവർദ്ദി. വളരെ വൃദ്ധനും വളരെ ദരിദ്രനുമാണു്. എന്നാൽ ഈ സകല ആദിമജാതിക്കാരും ഇദ്ദേഹത്തെ രാജാവായി ഇന്നും ബഹുമാനിക്കുന്നുണ്ടു്; രാജാവല്ലെങ്കിലും രാജാവെന്നു പറഞ്ഞുതന്നെ ബഹുമാനിക്കുന്നു.

രാജാവിനെക്കാണാൻ എനിക്കു വലിയ ആഗ്രഹമുണ്ടായി.

രാജദർശനത്തിനുപോയാൽ വല്ലതും കാഴ്ച കൊടുക്കേണ്ട

താണ്. അർഹിക്കുന്ന ബഹുമതി ഒരുവനു് കൊടുത്തില്ലെങ്കിൽ അതു കർത്തവ്യവിലോപമായിത്തീരുമല്ലോ.

കുറച്ചു ഫലമൂലങ്ങൾ, ഒന്നുരണ്ടു വലിയകോഴി—ഒരു മണിക്കകം ഇതെല്ലാം അടുത്തുള്ള ഗ്രാമത്തിൽനിന്നും വാങ്ങിച്ചുകൊണ്ടുവന്നു. ഇവിടുത്തെ ജോലി തീർന്നിട്ടു് രണ്ടുമണി കഴിഞ്ഞു് ഞാൻ ബുദ്ധുസിംഹനോടു പറഞ്ഞു: "പോകാം, രാജാവിനെ ഒന്നു കണ്ടിട്ടുവരാം."

ബുദ്ധുസിംഹൻ അത്ര ഉത്സാഹം കാണിച്ചില്ല. അയാൾ പറഞ്ഞു: "അങ്ങു് എന്തിനാ അവിടെപ്പോകുന്നതു്? അയാൾ അങ്ങയെ കാണാൻ യോഗ്യനല്ല; മലയിൽ കിടക്കുന്ന അപരിഷ്കൃതനായ രാജാവു്. അതുകൊണ്ടു് പിന്നെ എങ്ങനെയാണു് അങ്ങയോടു് ഒററയ്ക്കൊറ്റെ സമമായി ഇരുന്നു സംസാരിക്കാൻ അയാൾ യോഗ്യനാകുന്നതു് ബാബുജീ? അയാൾക്കു് അതിനൊട്ടുംതന്നെ യോഗ്യതയില്ല."

അയാളുടെ വാക്കുകേൾക്കാതെതന്നെ ഞാനും ബനോയാരിലാലുംകൂടി രാജധാനിക്കുപോയി. അയാളെയുംകൂടെ കൊണ്ടുപോയി.

രാജധാനി വളരെ ചെറിയതാണു്. ഇരുപതിരുപത്തഞ്ചുവീട്ടുകാർ അവിടെ താമസമുണ്ടു്.

ചെറിയചെറിയ മൺപുര, മാടോടു മേഞ്ഞതു്. വളരെ വൃത്തിയായി കുമ്മായം തേച്ചിട്ടുണ്ടു്, ചുവരിൽ സർപ്പം, പത്മം, ലത തുടങ്ങിയ ചിത്രങ്ങൾ. കൊച്ചുകുട്ടികൾ കളിച്ചും കൊണ്ടു് ഓടിനടന്നുകൊണ്ടിരിക്കുന്നു. സ്ത്രീജനങ്ങൾ വീട്ടുജോലികളിൽ ഏർപ്പെട്ടിരിക്കുകയാണു്. കുമാരികളും യുവതികളും ആയ പെണ്ണുങ്ങളുടെ ശരീരം സുസംഘടിതവും കൊഴുത്തുരുണ്ടതും ആണു്. നല്ല ആരോഗ്യം; മുഖത്തു് വിശിഷ്ടമായ ഒരു ലാവണ്യം കാണാനുണ്ടു്. എല്ലാവരുംതന്നെ എൻെറനേരെ ആശ്ചര്യപ്പെട്ടു് നോക്കിക്കൊണ്ടുനിന്നു.

ബുദ്ധുസിംഹൻ ഒരു സ്ത്രീയോടു ചോദിച്ചു: "രാജാവു് ഉണ്ടോടീ ഇവിടെ?"

അവൾ പറഞ്ഞു: "കാണുന്നില്ല; പക്ഷേ, വേറെ എവിടെപ്പോകാനാ! വീട്ടിൽത്തന്നെ കാണും."

## രണ്ടു്

ബുദ്ധുസിംഹൻെറ ഭാവംകൊണ്ടു് എനിക്കു മനസ്സിലായി, ഇപ്പോഴത്തെ രാജപ്രാസാദത്തിന്റെമുമ്പിൽ ഞങ്ങൾ ആനയിക്കപ്പെട്ടിരിക്കയാണെന്നു്. മറ്റുവീടുകളും രാജകൊട്ടാരവും തമ്മിലുള്ള വ്യത്യാസം, ചുററിനും കല്ലുകൊണ്ടു് മതിൽകെട്ടി അതു്വേർതിരിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതുമാത്രമാണെന്നു് ഞാൻ കണ്ടു. ഗ്രാമത്തിൻെറ പിമ്പിലായി ഒരു ചെറിയ മലയുണ്ടു്. അവിടെനിന്നും കൊണ്ടുവരപ്പെട്ടതാണു് ഈ കല്ലുകൾ. രാജകൊട്ടാരത്തിൽ ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാർ വളരെയുണ്ടു്. ചിലരെല്ലാം വളരെ കൊച്ചുങ്ങളാണു്. അവരുടെ കഴുത്തിൽ മുത്തുമാലകളും ചുവന്നതും നീലയുമായ ബീജമാലകളും ഉണ്ടു്. ഒന്നുരണ്ടു യുവതികൾ കാഴ്ചയിൽ നല്ല സുന്ദരികളാണു്. പതിനാറുപതിനേഴവയസ്സു പ്രായംവരുന്ന ഒരു പെണ്ണു് ബുദ്ധുസിംഹന്റെ വിളികേട്ടു് ഓടിവന്നു. ഞങ്ങളെ കണ്ടിട്ടു് അവൾ ആശ്ചര്യപ്പെട്ടു നിന്നുപോയി. അവൾ അല്പം ഭയപ്പെട്ടിട്ടുണ്ടെന്നു് അവളുടെ നോട്ടം കണ്ടപ്പോൾ മനസ്സിലായി.

ബുദ്ധുസിംഹൻ ചോദിച്ചു: "രാജാവു് എവിടെയാ?"

"ഈ പെണ്ണു് ഏതാ?" എന്നു് ബുദ്ധുസിംഹനോടു് ഞാൻ ചോദിച്ചു.

ബുദ്ധുസിംഹൻ പറഞ്ഞു: "രാജാവിൻെറ പൗത്രൻെറ മകളാണു്."

വളരെക്കാലം ജീവിച്ചിരുന്നു് വളരെ യുവാക്കന്മാരെയും മദ്ധ്യവയസ്കരേയും സിംഹാസനത്തിൽ വാഴിക്കാനുള്ള സൗഭാഗ്യം രാജാവിനുണ്ടായില്ല എന്നുള്ളതു നിശ്ചയംതന്നെ.

പെണ്ണുപറഞ്ഞു: "എൻെറകൂടെ വരിക; വല്യപ്പൂപ്പൻ മലയുടെ താഴെ പാറപ്പുറത്തു് ഇരിപ്പുണ്ടു്."

ഞാൻ ബഹുമാനിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും കൊള്ളാം, ഞങ്ങളെ വഴികാണിച്ചുംകൊണ്ടു നടന്ന ആ പെണ്ണു് യഥാർത്ഥത്തിൽ രാജകന്യകയാണെന്നു് എനിക്കു തോന്നി—അവളുടെ പൂർവ്വികന്മാർ ഈ അരണ്യഭൂവിഭാഗം വളരെക്കാലം ഭരിച്ചിരുന്നു—ആ വംശത്തിൽത്തന്നെയുള്ളവളാണു് ആ സ്ത്രീ.

ഞാൻ പറഞ്ഞു: "ആ പെണ്ണിൻെറ പേരൊന്നു ചോദിക്കുക."

ബുദ്ധുസിംഹൻ പറഞ്ഞു: "അവളുടെ പേരു് ഭാനുമതി."

ഹാ! എത്ര സുന്ദരമായ പേരു്—ഭാനുമതി! രാജകുമാരി ഭാനുമതി!

ഭാനുമതി കൊഴുത്തുരുണ്ടു് ആരോഗ്യം തുളുമ്പുന്ന ഒരു സുന്ദരിപ്പെണ്ണു്. ലാവണ്യം പുരണ്ട മുഖകാന്തി. എന്നാൽ അവൾ ധരിച്ചിരുന്ന വസ്ത്രം പരിഷ്കൃതസമുദായത്തിൻെറ സദാചാരമര്യാദകൾ സംരക്ഷിക്കുന്നതിനു് മതിയാംവണ്ണം നീളവും വീതിയും ഉള്ളതല്ല. തലമുടി പരുപരുത്തതാണു്. കഴുത്തിൽ ശംഖുമാലയും ബീജമാലയും. ദൂരെനിന്നും ഒരു വലിയ ബകായിൻ മരം കാണിച്ചിട്ടു് അവൾ പറഞ്ഞു: "നിങ്ങൾ അങ്ങോട്ടു ചെല്ലുക; വല്യപ്പപ്പൻ ആ മരച്ചുവട്ടിൽ ഇരുന്നു് കന്നാലി തീററുന്നുണ്ടു്."

അദ്ദേഹം കന്നാലി തീറ്റുന്നെന്നോ! ഞാൻ മിക്കവാറും അത്ഭുതപ്പെട്ടുപോയെന്നു തോന്നുന്നു. ഈ പ്രദേശത്തിൻെറ എല്ലാം രാജാവു്, സാന്താൾ വിപ്ലവനേതാവായ ദോബരു പാന്നാ വീരവർദ്ദി കന്നുകാലിയെ തീറ്റിക്കൊണ്ടിരിക്കുന്നോ!

എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പുതന്നെ അവൾ പൊയ്ക്കഴിഞ്ഞു. ഞങ്ങൾ കുറച്ചുകൂടി മുന്നോട്ടുനടന്നപ്പോൾ ഒരു വൃദ്ധൻ പച്ചയിലയിൽ പുകയില ചുരുട്ടി പുകവലിച്ചുംകൊണ്ടിരിക്കുന്നതായി കണ്ടു.

ബുദ്ധുസിംഹൻ പറഞ്ഞു: "സലാം, രാജാസാഹേബ്!"

രാജാ ദോബരു പാന്നായ്ക്കു് ചെവി കേൾക്കാമെങ്കിലും കണ്ണിനു് നല്ല കാഴ്ചയുണ്ടെന്നു് തോന്നിയില്ല.

ചോദിച്ചു: "ആരാ അതു്? ബുദ്ധുസിംഹനോ? കൂടെ ആരാ?"

ബുദ്ധു പറഞ്ഞു: "ഒരു ബംഗാളിബാബു അങ്ങയെ കാണാൻ വന്നിരിക്കയാണു്. അദ്ദേഹം കുറച്ചു് കാഴ്ച കൊണ്ടുവന്നിട്ടുണ്ടു് അങ്ങേയ്ക്കു തരാൻ."

ഞാൻതന്നെ ചെന്നു് വൃദ്ധൻെറ മുമ്പിൽ കോഴിയും സാമാനങ്ങളും ഇറക്കിവച്ചു.

ഞാൻ പറഞ്ഞു: "അങ്ങു് ദേശത്തിൻെറ രാജാവു്, അങ്ങയെ കാണാൻവേണ്ടി ദൂരെനിന്നും വന്നിരിക്കുകയാണു്."

വൃദ്ധൻെറ നീണ്ടശരീരം കണ്ടിട്ടു് എനിക്കു തോന്നി, യൗവനത്തിൽ രാജാ ദോബ്രു വളരെ സുമുഖനായിരുന്നു എന്നുള്ളതിനു് സംശയമില്ലെന്നു്. മുഖത്തു് ബുദ്ധിയുടെ മുദ്ര സ്പഷ്ടമായി പതിഞ്ഞിട്ടുണ്ടു്. വൃദ്ധനു് വളരെ സന്തോഷമായി.

എന്നെ വളരെ സൂക്ഷിച്ചുനോക്കി കണ്ടിട്ടു് പറഞ്ഞു: "എവിടെയാ വീട്ടു്?"

ഞാൻ പറഞ്ഞു: "കൽക്കത്താ."

"ഓ! വളരെ ദൂരെ; വളരെ വല്ല്യ സ്ഥലമാണെന്നു് കേട്ടിട്ടുണ്ടു്, കൽക്കത്താ."

"അങ്ങു് അവിടെ ഒരിക്കലും പോയിട്ടില്ലേ?"

"ഇല്ല, ഞങ്ങൾക്കു് പട്ടണത്തിൽ പോകാനൊക്കുമോ? ഞങ്ങൾക്കീ കാട്ടിൽ താമസിക്കുന്നതുതന്നെയാണു് സുഖം. ഇരുന്നാലും. ഭാനുമതി എവിടെപ്പോയി? ഭാനുമതീ!"

അവൾ ഓടിഓടിവന്നു ചോദിച്ചു: "എന്താ വല്ല്യപ്പൂപ്പാ!"

"ഈ ബംഗാളിബാബുവും അദ്ദേഹത്തിൻെറ കൂടെയുള്ളവരും ഇന്നു് നമ്മുടെ ഇവിടെ താമസിക്കും. അവക്കു് ഭക്ഷണത്തിനും മററും വേണ്ട ഏർപ്പാടു ചെയ്തുകൊള്ളണം."

ഞാൻ അതിനു് വിസമ്മതം പറഞ്ഞു: "വേണ്ടാ! വേണ്ടാ! അതെന്തിനാ—ഞങ്ങൾ ഇപ്പോൾത്തന്നെ പോകുകയായി, അങ്ങയെ കണ്ടു സംസാരിച്ചു കഴിഞ്ഞാലുടനെതന്നെ—ഞങ്ങടെ താമസക്കാര്യത്തിൽ—"

പക്ഷേ, ദോബ്രു പാന്നാ പറഞ്ഞു: "അതുപാടില്ല. ഭാനുമതീ, ഈ സാധനങ്ങളെല്ലാം ഇവിടുന്നെടുത്തോണ്ടു പൊയ്ക്കോ."

ഞാൻ കണ്ണുകാണിച്ചതനുസരിച്ചു് ബനോയാരിലാൽ പാർവ്വത്യകാരൻ സാമാനങ്ങളും എടുത്തുംകൊണ്ടു രാജകൊട്ടാരത്തിലേയ്ക്കു് അവളുടെ പുറകെ പോയി. വൃദ്ധൻെറ വാക്കു മാനിക്കാതിരിക്കാൻ കഴിഞ്ഞില്ല. വൃദ്ധനെ കണ്ടപ്പോൾത്തന്നെ അയാളോടുള്ള ബഹുമാനംകൊണ്ടു് എൻെറ മനസ്സു നിറഞ്ഞുപോയി. സാന്താൾ വിപ്ലവനേതാവു്, പ്രാചീനമായ അഭിജാതവംശത്തിൽ പിറന്നവൻ, ആദിമജാതിയായിക്കൊള്ളട്ടെ,

എന്നോട്ട താമസിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ആ അപേക്ഷയിൽ ഉത്തരവ് ഉൾക്കൊണ്ടിട്ടുണ്ട്.

രാജാ ദോബരു പാന്നാ വളരെ ദരിദ്രനാണെന്ന് കണ്ടപ്പോൾത്തന്നെ മനസ്സിലായി. അദ്ദേഹം കന്നാലി തീററിക്കൊണ്ടിരിക്കുന്നതു് കണ്ടിട്ട് ആദ്യം ഞാൻ അത്ഭുതപ്പെട്ടുപോയി. പിന്നീട്ട് ചിന്തിച്ചു കാണാൻകഴിഞ്ഞു, ഭാരതവഷത്തിൻെറ ചരിത്രത്തിൽ രാജാ ദോബരുവിനെ അപേക്ഷിച്ച് വമ്പന്മാരായ എത്രയോ രാജാക്കന്മാർ ഭാഗ്യവിപര്യയത്താൽ കന്നാലി തീററിനേക്കാൾ എത്രയോ നീചമായ വൃത്തി അവലംബിച്ചിട്ടുണ്ടെന്ന്.

രാജാവ് തൻെറ കൈകൊണ്ടുതന്നെ ശാലപത്രത്തിൽ ഒരു ചുരുട്ട് ഉണ്ടാക്കി എൻെറകൈയിൽ തന്നു. തീപ്പെട്ടിയില്ല;മരച്ചുവട്ടിൽ തീകൂട്ടീട്ടുണ്ട്. അതിൽനിന്നും ഒരു ഇല കത്തിച്ച് എൻെറ മുമ്പിൽ പിടിച്ചുതന്നു.

ഞാൻ പറഞ്ഞു: ''അങ്ങു് ഈ ദേശത്തെ പ്രാചീന രാജവംശജനാണ്. അങ്ങയെ കാണുന്നതുതന്നെ ഒരു പുണ്യമാണ്.''

ദോബരു പാന്നാ പറഞ്ഞു: ''ഇപ്പഴിനീം എന്തോന്നിരിക്കുന്നു? ഞങ്ങടെവംശം സൂര്യവംശമാണ്. ഈ പവ്വതങ്ങളും വനങ്ങളും എല്ലാം, ഈ ഭൂമിയെല്ലാം ഞങ്ങളുടെ രാജ്യമായിരുന്നു. എൻെറ യൗവനത്തിൽ ഞാൻ കമ്പനിക്കാരുമായി യുദ്ധം ചെയ്തു. ഇപ്പോൾ എനിക്ക് വയസ്സ് ഒരുപാടായി. യുദ്ധത്തിൽ തോററുപോയി. അതിനുശേഷം പിന്നൊന്നുമില്ലാതായി.''

ഈ അരണ്യഭൂഭാഗത്തിനു പുറത്തുള്ള ഒരു രാജ്യത്തെപ്പററിയും ദോബരു പാന്നായ്ക്കു് ഒരറിവും ഉണ്ടെന്നു തോന്നിയില്ല. അദ്ദേഹത്തിൻെറ ചോദ്യത്തിനുത്തരമായി ഞാൻ എന്തോ പറയാൻ ഭാവിക്കുകയായിരുന്നു; ആ സമയത്തു് ഒരു ചെറുപ്പക്കാരൻ അവിടെ വന്നുനിന്നു.

രാജാദോബരു പറഞ്ഞു: ''എൻെറ കൊച്ചുപൗത്രൻ, ജഗരുപാന്നാ. അവൻെറ അച്ഛൻ ഇപ്പോൾ ഇവിടെ ഇല്ല. ലക്ഷ്മീപുരത്തെ റാണീസാഹീബിനെ കാണാൻ പോയിരിക്കുകയാണ്. എടാ ജഗരു! ബാബുജിക്ക് ഭക്ഷണത്തിനു വേണ്ട ഏർപ്പാടുചെയ്യു.''

യുവാവു് വളൎന്നുവരുന്ന പനപോലെ ബലിഷ്ഠങ്ങളായ മാംസപേശികൾ നിറഞ്ഞ നല്ല ഉറച്ച ദേഹമുള്ളവൻ. അയാൾ ചോദിച്ചു: "ബാബുജീ! മുള്ളൻപന്നിയുടെ ഇറച്ചി തിന്നുമോ?"

എന്നിട്ടു് തൻെറ അപ്പൂപ്പനെ നോക്കി പറഞ്ഞു: "മലയ്ക്കപ്പുറത്തെ വനത്തിൽ ഞാൻ കുരുക്ക വച്ചിട്ടുണ്ടായിരുന്നു. ഇന്നലെ രാത്രി രണ്ടു മുള്ളൻപന്നി വീണു."

രാജാവിനു് മൂന്നു പുത്രന്മാരുണ്ടെന്നു് അറിഞ്ഞു. അവൎക്കു് എട്ടുപത്തു കുട്ടികൾ ആണും പെണ്ണും ആയിട്ടുണ്ടു്. ഈ വലിയ പരിവാരം എല്ലാം ഈ ഗ്രാമത്തിൽ ഒരുമിച്ചു താമസിക്കുകയാണു്. വേട്ടയാട്ടുകയും കന്നാലിത്തീററുമാണു് ഇവരുടെ ഉപജീവനമാൎഗ്ഗം. ഇതുകൂടാതെ പൎവ്വതവൎഗ്ഗക്കാരുടെ ഇടയിൽ ഉണ്ടാകുന്ന തൎക്കവും വഴക്കും തീൎക്കാൻ അവർ രാജാവിനെ സമീപിക്കും. അവർ വല്ലതും സമ്മാനമായോ, കാഴ്ചയായോ കൊണ്ടുവന്നുകൊടുക്കും—വല്ല പാലോ, കോഴിയോ, ആടോ, പക്ഷിയിറച്ചിയോ, കാട്ടുകനികളോ മറേറാ.

ഞാൻ ചോദിച്ചു: "നിങ്ങൾക്കു കൃഷിയുണ്ടോ?"

ദോബരുപാന്നാ സാഭിമാനം പറഞ്ഞു: "അതൊന്നും ഞങ്ങളുടെ വംശത്തിനു പറഞ്ഞിട്ടുള്ളതല്ല. നായാട്ടാണു് മറെറല്ലാററിനേക്കാളും മാനം. അതുതന്നെയും, ഒരുകാലത്തു് കുന്തം കൊണ്ടു് നായാടുന്നതായിരുന്നു ഏററവും മാനം. അമ്പും വില്ലുംകൊണ്ടു് നായാടുന്നതു് ദേവകാൎയ്യത്തിനു ചേൎന്നതല്ല, അതു് വീരോചിതവും അല്ല. പക്ഷേ, അതെല്ലാം ഇപ്പോൾ നടപ്പാണു്. എൻെറ മൂത്തമകൻ മുങ്ങേരിൽനിന്നു് ഒരു തോക്കു കൊണ്ടുവന്നിട്ടുണ്ടു്. ഞാൻ അതു് ഒരിക്കലും തൊട്ടിട്ടില്ല. കുന്തം കൊണ്ടുള്ള നായാട്ടാണു് സാക്ഷാൽ നായാട്ടു്."

ഭാനുമതി വീണ്ടും വന്നു് ഒരു കൽച്ചട്ടി ഞങ്ങളുടെ അടുക്കൽ വച്ചിട്ടു പോയി.

രാജാവു പറഞ്ഞു: "എണ്ണയുതേച്ചാലും! അടുത്തുതന്നെ രസികൻ അരുവി ഉണ്ടു്. എല്ലാവരും കുളിച്ചിട്ടു വന്നാട്ടെ."

ഞങ്ങൾ കുളികഴിഞ്ഞു വന്നപ്പോൾ രാജാവു് ഞങ്ങളെ കൊട്ടാരത്തിലേയ്ക്കു കൊണ്ടുപോകാൻ പറഞ്ഞു.

ഭാനുമതി ഒരു ചൂരൽക്കുട്ടയിൽ അരിയും മൺകുടത്തിൽ

ഉരുളക്കിഴങ്ങും കൊണ്ടുവന്നു തന്നു. ജഗരു മുള്ളൻപന്നിയുടെ തൊലി കളഞ്ഞ മാംസം പച്ചപ്പനയോലപ്പാത്രത്തിൽ കൊണ്ടു വന്നു വച്ചു. ഭാനുമതി ഒന്നുകൂടി പോയി പാലും തേനും കൊണ്ടുവന്നു. എന്റെകൂടെ പാചകനായ ബ്രാഹ്മണൻ ഉണ്ടായിരുന്നില്ല. ബനോയാരി മൺകുടത്തിലെ ഉരുളക്കിഴങ്ങ് തൊലി കളയാൻ ഇരുന്നു. ഞാൻ പാചകംചെയ്യാൻവേണ്ടി തീ കത്തിക്കാൻ പോയി. എന്നാൽ വലിയ തടിവിറകിട്ട് തീ കത്തിക്കാൻ വളരെ പ്രയാസമാണ്. ഒന്നുരണ്ടുപ്രാവശ്യം ഞാൻ ശ്രമിച്ചുനോക്കി; പററിയില്ല. അപ്പോൾ ഭാനുമതി ഓടിവന്ന് ഒരു ഉണങ്ങിയ പക്ഷിക്കൂട് അടുപ്പിലിട്ടപ്പോൾ തീ നല്ലവണ്ണം ആളിക്കത്തിയുയന്നു. എന്നിട്ട് അവൾ ദൂരെ മാറിനിന്നു. ഭാനുമതി രാജകന്യകതന്നെയാണ്. എന്നാൽ നിഷ്കളങ്കമാനസയും സ്നേഹശീലയും ആയ രാജകന്യക; മാത്രമല്ല, നൈസർഗ്ഗികമായിത്തന്നെ സഹജവും സരളവും ആയി മര്യാദയായി പെരുമാറാൻ അറിയാവുന്നവളും ആണ്.

രാജാ ദോബരു പാന്നാ ആ സമയമെല്ലാം അടുക്കളവാതിൽക്കൽ ഇരുന്നിരുന്നു. ആതിഥ്യത്തിന്ന് ഒരു കുറവും ഉണ്ടായില്ല. ആഹാരാദികാര്യങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "എനിക്ക് അത്രനല്ല മുറികളൊന്നും ഇല്ല. നിങ്ങൾക്കു വളരെ ബുദ്ധിമുട്ടായിപ്പോയി. ഈ വനത്തിനകത്ത് മലമുകളിൽ എൻെറവംശത്തിലെ രാജാക്കന്മാരുടെ വമ്പിച്ച വീടിൻെറ അടയാളം ഇപ്പോഴും കാണാനുണ്ട്. അപ്പൂപ്പൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട് അവിടെയായിരുന്നു എൻെറ പൂർവ്വികന്മാർ താമസിച്ചിരുന്നതെന്ന്. അക്കാലം എല്ലാം പോയില്ലേ? ഞങ്ങളുടെ പൂർവ്വികന്മാർ പ്രതിഷ്ഠിച്ച ദേവീവിഗ്രഹം ഇപ്പോഴും അവിടെയുണ്ട്."

എനിക്കു വളരെ കൗതുകം ഉണ്ടായി. ഞാൻ ചോദിച്ചു: "ഞങ്ങൾ ഒന്നു പോയി കാണുന്നതിൽ വല്ല വിരോധവും ഉണ്ടോ രാജാസാഹേബേ?"

"അതിനു പിന്നെ എന്തോന്നാ വിരോധം? പക്ഷേ, കാണാൻ വിശേഷിച്ചൊന്നുമില്ല. ആട്ടെ, പോകാം, ഞാനും വരാം. ജഗരു! നീയുംകൂടെ വാ ഞങ്ങടെകൂടെ."

ഞാൻ വിസമ്മതം പറഞ്ഞു: "തൊണ്ണൂററിരണ്ടു വയ

സ്സായ കിഴവനെ മലകയററി കഷ്ടപ്പെടുത്താൻ എനിക്കു മനസ്സു വന്നില്ല. ഈ വിസമ്മതം അദ്ദേഹം വകവച്ചില്ല. രാജാസാഹീബ് ചിരിച്ചുകൊണ്ടു പറഞ്ഞു: "ആ മലമ്മുകളിൽ ഞാൻ മിക്കപ്പോഴും കയറുന്നതാണല്ലോ. അവിടെയാണു് എന്റെ വംശത്തിൻെറ സമാധിസ്ഥാനം. ഓരോ പൗർണ്ണമിദിവസവും എനിക്കു് അവിടെ പോകേണ്ട ആവശ്യം ഉണ്ടു്. പോകാം, ആ സ്ഥാനവും കാണിക്കാം."

വടക്കുകിഴക്കേ കോണിൽനിന്നും ഉയരംകുറഞ്ഞ ഒരു ശൈലനിര (സ്ഥലത്തെ പേരു് ധൻഝരി) ഒരു സ്ഥാനത്തു് വന്നിട്ടു് പെട്ടെന്നു തിരിഞ്ഞു കിഴക്കോട്ടു പോകുന്നതിനുവേണ്ടി ഒരു ഒടിവു് സൃഷ്ടിച്ചിട്ടുണ്ടു്. ഈ ഒടിവിനു താഴെ ഒരു താഴ്വരയുണ്ടു്. മലയുടെ മുകൾപ്പരപ്പിലുള്ള വനം ഹരിതതരംഗം എന്നവണ്ണം താഴെയോട്ടിറങ്ങിവന്നു് ആ താഴ്വരമുഴവൻ വ്യാപിച്ചിട്ടുണ്ടു്; മലമുകളിൽനിന്നും നദി ഒഴുകി കീഴ്പോട്ടു വരുന്നതുപോലെ. വനം ഇവിടെ നിബിഡമല്ല, പലടത്തും വിടവുകളുണ്ടു്—വനത്തിലെ മരങ്ങളുടെ മുകളിലായി വിദൂരസ്ഥമായ ചക്രവാളരേഖയിൽ നീലഗിരിനിര കാണാം, ഗയയിലേയോ രാമഗഡിലേയോ ആണെന്നു തോന്നുന്നു—എത്രദൂരം ദൃഷ്ടി ചെല്ലുമോ അവിടെയെല്ലാം വനശീർഷംമാത്രം, ചിലടത്തെല്ലാം ഉയരംകൂടിയ വമ്പിച്ച മരങ്ങൾ നിറഞ്ഞ വനം, ചിലടത്തു് ഉയരം കുറഞ്ഞ ശാലപലാശത്തൈകൾ നിറഞ്ഞ വനം. കാട്ടിൽക്കൂടി ഇടുങ്ങിയ വഴിയെ ഞങ്ങൾ മലമുകളിലേയ്ക്കു് കയറി.

ഒരുസ്ഥലത്തു് ഒരു വളരെ വലിയ കരിങ്കൽത്തുണ്ടു് പുതഞ്ഞുകിടപ്പുണ്ടു്, കൽത്തൂണിൻെറയോ ഉലക്കയുടേയോ ആകൃതിയിൽത്തന്നെ. അതിൻെറ കീഴിൽ കുശവൻ കലവും കുടവുംമററും ചുട്ടെടുക്കുന്നതിനു് ഉണ്ടാക്കുന്ന കുഴിപോലെയോ മണ്ണിൽ കുറുക്കൻ മാന്തിയുണ്ടാക്കുന്ന മാളംപോലെയോ ഉള്ള ഒരു വമ്പിച്ച ഗുഹാമുഖം കാണായി. ഗുഹാമുഖത്തു് ശാലത്തൈകൾ ഇടതുർന്നു വളർന്നുനില്പുണ്ടു്.

രാജാദോബരു പറഞ്ഞു: "ഈ ഗുഹയ്ക്കകത്തു് ഇറങ്ങാം, വന്നാട്ടെ എൻെറകൂടെ. ഒട്ടും ഭയപ്പെടണ്ടാ. ജഗരു! നീ ഇറങ്ങെടാ ആദ്യം."

ജീവൻ കൈയിലെടുത്തുംകൊണ്ടാണ് ഞാൻ ഗുഹയ്ക്കകത്തേയ്ക്ക് ഇറങ്ങിയതു്. കടുവായോ കരടിയോ ഉണ്ടെന്നുവരാം. ഇല്ലെങ്കിൽ പാമ്പെങ്കിലും കാണും. ഗുഹയ്ക്കകത്തേയ്ക്ക് മുട്ടേൽ ഇഴഞ്ഞാണു കുറച്ചുദൂരം പോയതു്. എങ്കിലും നീണ്ടുനിവന്നു നില്ക്കാൻ കഴിയുമായിരുന്നു. അകത്തു് ഭയങ്കരമായ ഇരുട്ടാണെന്നു് ആദ്യം തോന്നി. പക്ഷേ, കണ്ണു് ഇരുട്ടിൽ കുറച്ചുസമയം പരിചയിച്ചപ്പോൾ പിന്നെ അത്രയ്ക്ക് അസൗകര്യം ഒന്നും തോന്നിയില്ല. അതു് വമ്പിച്ച ഒരു ഗുഹയാണ്. ഇരുപതിരുപത്തഞ്ചുകൈ നീളം, പതിനഞ്ചുകൈ വീതി—വടക്കേഭിത്തിയിൽ വീണ്ടും കുറുക്കന്റെ മാളംപോലെയുള്ള ഒരു ദ്വാരംകണ്ടു. അതിൽക്കൂടി കുറച്ചുദൂരം പോയപ്പോൾ ഭിത്തിക്കപ്പുറത്തായി ഇതുപോലെതന്നെയുള്ള വേറെ ഒരു ഗുഹ കാണായി—എന്നാൽ അതിൽ കയറാൻ എനിക്കു് ആഗ്രഹം തോന്നിയില്ല—ഗുഹയുടെ മച്ചു് വളരെയധികം ഉയരത്തിലല്ല. ഒരാൾ നീണ്ടുനിവന്നു നിന്നു് കൈ എത്തിച്ചാൽ മച്ചിൽ തൊടാൻകഴിയും. ഉണങ്ങിയ തുകലിന്റേതുപോലെയുള്ള ഒരു ഗന്ധം ഗുഹയ്ക്കകത്തു്—നരിച്ചീലിന്റെ സങ്കേതം—ഇതുകൂടാതെ കാട്ടുപൂച്ച, കുറുക്കൻ, അണ്ണാൻ തുടങ്ങിയ ജന്തുക്കളും ഇതിൽ ഉണ്ടെന്നുകേട്ടു. ബനോയാരി പാർവ്വത്യകാരൻ പതുക്കെപ്പതുക്കെ പറഞ്ഞു: "അങ്ങുന്നേ! നമുക്കു പോകാം പുറത്തേയ്ക്ക്. ഇവിടെ ഇനിയും അധികംസമയം നില്ക്കണ്ടാ."

ഇതുതന്നെയായിരിക്കാം ദോബരു പാന്നായുടെ പൂർവ്വികന്മാരുടെ ദുർഗ്ഗപ്രാസാദം.

പരമാർത്ഥത്തിൽ ഇതു് ഒരു പ്രാകൃതികഗുഹയാണ്. പ്രാചീനകാലത്തു് മലയുടെ ഉപരിഭാഗത്തേയ്ക്കു മുഖമുള്ള ഗുഹയിൽ അഭയംപ്രാപിച്ചായിരിക്കണം ശത്രുക്കളുടെ ആക്രമണത്തിൽനിന്നും അവർ ആത്മരക്ഷ കൈവരുത്തിയതു്.

രാജാവു പറഞ്ഞു: "ഇതിനു് വേറെ ഒരു ഗൂഢമായ മുഖമുണ്ടു്. അതു പുറത്തുപറയുന്നതു് നിയമവിരുദ്ധമാണ്. അതു് എന്റെ വംശത്തിലുള്ളവരൊഴിച്ചു് ആരും അറിഞ്ഞിട്ടില്ല. ഇപ്പോൾ ഇവിടെ ആരും താമസിക്കുന്നില്ലെങ്കിലും എന്റെ വംശത്തിൽ ഈ നിയമം ഇപ്പോഴും നടന്നുവരുന്നുണ്ടു്."

ഗുഹയിൽനിന്നും പുറത്തുവന്നപ്പോൾ ശ്വാസം നേരെ വീണു.

അനന്തരം പിന്നെയും കുറച്ചുകൂടി മുകളിലോട്ടുകയറി. അവിടെ ഒരുസ്ഥലത്തു് ഏതാണ്ടു് ഒരു ബിഘാ ഭൂമി അടച്ചു് ചൂടിനില്ക്കുന്ന ഒരു വിശാലമായ വടവൃക്ഷം. അതിൻെറ തടിച്ച വലിയ വലിയ വേരുകൾ തൂങ്ങി കീഴ്പ്പോട്ടിറങ്ങി മലയുടെ മുകൾഭാഗത്തു് വളരെ വിസ്താരത്തിൽ വ്യാപിച്ചിട്ടുണ്ടു്.

രാജാദോബരുപാന്നാ പറഞ്ഞു: "ദയവുചെയ്തു് ചെരിപ്പൂരിയിട്ടു നടന്നാട്ടെ."

വടതരുതലത്തിൽ നാലുപാടും അരകല്ലിൻെറ ആകൃതിയിലുള്ള വലിയ വലിയ കല്ലുകൾ ചിതറിക്കിടക്കുന്നതുപോലെ കാണപ്പെട്ടു.

രാജാവു പറഞ്ഞു: "ഇതുതന്നെയാണു് ഞങ്ങളുടെ വംശത്തിൻെറ സമാധിസ്ഥാനം. ഓരോ കല്ലിൻേറയും അടിഭാഗം ഓരോ രാജവംശജൻെറയും സമാധിസ്ഥാനമാണു്. വിശാലമായ വടതലത്തിൽ സകലടത്തും ഈവിധത്തിലുള്ള ശിലാഖണ്ഡങ്ങൾ ഉണ്ടു്. ഓരോ സമാധിസ്ഥാനവും വളരെ പ്രാചീനമാണു്. ഇരുവശങ്ങളിൽനിന്നും വേരുകൾ ഇറങ്ങിച്ചെന്നു് ചവണകൾകൊണ്ടെന്നവണ്ണം കല്ലുകളെ ഇറുക്കിപ്പിടിച്ചിരിക്കുകയാണു്. ആ വേരുകളെല്ലാം പിന്നെയും മരത്തിന്റെ തടിപോലെ തടിച്ചുവന്നിട്ടുണ്ടു്. ഓരോ ശിലാഖണ്ഡവും വേരുകളുടെ അടിയിൽ തികച്ചും അദൃശ്യമായി കിടക്കുകയാണു്. ഇതിൽനിന്നും ഇവയുടെ പ്രാചീനത്വം അനുമാനിക്കാവുന്നതാണു്."

രാജാദോബരു പറഞ്ഞു: "ഈ വടവൃക്ഷം മുമ്പു് ഇവിടെ ഉണ്ടായിരുന്നില്ല. വേറെ പല വൃക്ഷങ്ങൾ കാട്ടുപിടിച്ചു നിന്നിരുന്നു ഇവിടെ, ഒരു ചെറിയ പേരാലിൻതൈ വളർന്നുവന്നു മററു മരങ്ങളെയെല്ലാം നശിപ്പിച്ചുകളഞ്ഞു. ഈ വടവൃക്ഷത്തിൻെറ സാക്ഷാൽ തടി ഇപ്പോൾ ഇല്ല. വേരിറങ്ങി തടിയായിത്തീർന്നതാണു് ഇപ്പോൾ ഈ കാണുന്ന മരം. ഈ പേരാൽ എത്ര പഴക്കമുള്ളതാണെന്നു് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണു്. ഈ തടി ഇവിടെനിന്നും വെട്ടിമാററിയാൽ ഇതിനടിയിൽ എത്ര കല്ലു് കിടപ്പുണ്ടെന്നു കാണാം. എത്രയോ

പ്രാചീനമായ സമാധിസ്ഥാനമാണ് ഇതെന്ന് ഇപ്പോൾ മനസ്സിലാക്കിയാലും.''

യഥാർത്ഥത്തിൽ ഈ വടതരുച്ഛായയിൽ നിന്നപ്പോൾ എനിക്ക് വേറെ ഒരിടത്തുംവച്ച് ഉണ്ടാകാത്ത ഒരു ചിന്ത എന്റെ മനസ്സിൽ ഉണ്ടായി, രാജാവിനെ കണ്ടപ്പോഴും ഉണ്ടാകാതിരുന്ന ചിന്ത (രാജാവിനെ കണ്ടപ്പോഴാകട്ടെ വൃദ്ധനായ ഒരു സാന്താൾക്കൂലിയെപ്പോലെയാണ് എനിക്കു തോന്നിയത്.) രാജകുമാരിയെ കണ്ടപ്പോഴും ഉണ്ടാകാഞ്ഞ ചിന്ത (ആരോഗ്യവതിയായ ഒരു 'ഹോ'യുമായോ ഒരു 'മുണ്ഡാ'യുവതിയുമായോ രാജകുമാരിക്ക് ഒരു വ്യത്യാസവും ഞാൻ കണ്ടില്ല.) രാജപ്രാസാദം കണ്ടപ്പോഴും തോന്നാതിരുന്ന ചിന്ത (അത് ഒരു സർപ്പസങ്കേതമോ ഭൂതസങ്കേതമോ ആയിട്ടാണ് ഞാൻ കണ്ടത്.) എന്നാൽ മലമുകളിലെ ഈ സുവിശാലവും പ്രാചീനവുമായ വടതരുതലത്തിലെ പ്രാചീനമായ സമാധിസ്ഥാനം എന്റെ മനസ്സിൽ അഭൂതപൂർവ്വമായ ഒരു അനുഭൂതി, അത്യാശ്ചര്യകരമായ ഒരു അനുഭൂതിയാണ് ഉണർത്തിയത്.

ഈ സ്ഥാനത്തിന്റെ ഗാംഭീര്യം, നിശ്ശബ്ദത, പ്രാചീനത്വം ഇതെല്ലാം അവർണ്ണനീയമാണ്. അപ്പോൾ സൂര്യകിരണങ്ങൾ ചരിഞ്ഞാണു വീണുകൊണ്ടിരുന്നത്, മഞ്ഞക്കതിരുകൾ പത്രരാശിയിലും, മരക്കൊമ്പുകളിലും, വേരുകളിലും ധൻഝരിയുടെ ഇതരശിഖരങ്ങളിലും വിദൂരസ്ഥങ്ങളായ വനശീർഷങ്ങളിലും വീണുകൊണ്ടിരുന്നു. അപരാഹ്നത്തിലെ ആ ഇരുണ്ട നിഴൽ ഈ സുപ്രാചീനമായ രാജസമാധിസ്ഥാനത്തിനു കൂടുതൽ ഗാംഭീര്യവും അജ്ഞാതമായ സൗന്ദര്യവും പ്രദാനംചെയ്തു.

ഈജിപ്റ്റിലെ പ്രാചീനചക്രവർത്തിമാരുടെ സമാധിസ്ഥാനമായ ഥിബ്സ്നഗരത്തിനടുത്തുള്ള 'വാലി ഓഫ് ദി കിങ്സ്'' (Valley of the Kings) ഇന്നു ഭൂതലത്തിലെ ടൂറിസ്റ്റുകളുടെ ലീലാഭൂതലം ആണ്. പബ്ളിസിറ്റിയുടേയും പെരുമ്പറയുടേയും അനുഗ്രഹംകൊണ്ട് വിശേഷദിവസങ്ങളിൽ അവിടം ആൾക്കൂട്ടംകൊണ്ട് നിറയും—'വാലി ഓഫ് ദി കിങ്സ്'' ഭൂതകാലത്തെ കുഹേളികയിൽ എത്രതന്നെ ഇരുണ്ടുപോയിട്ടില്ലാതിരുന്നാലും, അതിനെ അപേക്ഷിച്ച് വിലകുടിയ സിഗറ

റ്റിൻെറയും ചുരുട്ടിൻെറയും പുകയിൽ ഇരുണ്ടുപോകാവുന്നതാണു്—എന്നാൽ അതിനെക്കാൾ ഒരംശത്തിലും,—നിശ്ശബ്ദത യിലും സ്വപ്രതിഷ്ഠമായ മഹത്വത്തിലും—ഒട്ടും കുറവില്ലാത്ത, അതിപ്രാചീനകാലത്തെ അനാൎയ്യനൃപതികളുടെ സമാധിസ്ഥാനം നിബിഡമായ അരണ്യഛ്ഛായയിൽ ശൈലശ്രേണികളുടെ ഇടയ്ക്കു് ആത്മഗോപനംചെയ്തുകൊണ്ടു് ചിരകാലം കിടക്കുന്നു, കിടക്കുകയുംചെയ്യും. ഇവരുടെ സമാധിസ്ഥാനത്തിന്നു് ആഡംബരമില്ല, പോളീഷില്ല, ഐശ്വൎയ്യമില്ല, ഈജിപ്റ്ററിലെ ധനപതികളായ ഫറോരാജാക്കന്മാരുടെ കീൎത്തിയില്ല—കാരണം, ഇവർ ദരിദ്രരായിരുന്നു; ഇവരുടെ പരിഷ്കാരവും സംസ്കാരവും മനുഷ്യവൎഗ്ഗത്തിൻെറ ആദിമയുഗത്തിലെ അശിക്ഷിതപട്ടവിൻെറ പരിഷ്കാരവും സംസ്കാരവും ആയിരുന്നു; വെറും ശിശുമനസ്സുകൊണ്ടാണു് ഇവർ തങ്ങളുടെ ഗുഹാനിക്ഷിപ്തമായ രാജപ്രാസാദവും രാജസമാധിയും എല്ല കസ്തംഭങ്ങളും നിൎമ്മിച്ചതു്. ആ അപരാഹ്നഛ്ഛായയിൽ, മലമുകളിൽ ആ വിശാലമായ തരുതലത്തിൽ നിന്നുംകൊണ്ടു്, ശാശ്വതകാലത്തിൻെറ പിന്നിലായി വിദൂരതയിൽ തികച്ചും ഭിന്നമായ ഒരു അനുഭവജ്ഞാനം തരുന്ന ഒരു ജഗത്തിനെ കാണാൻകഴിഞ്ഞതായി എനിക്കുതോന്നി—ആ യുഗവുമായി തുലനംചെയ്താൽ പൗരാണികവും വൈദികവുമായ യുഗംപോലും ആധുനികയുഗമായിപ്പോകും.

നിത്യസഞ്ചാരികളായിരുന്ന ആൎയ്യഗണം ഉന്നതങ്ങളായ ഗിരിപഥങ്ങൾകടന്നു് സ്രോതസ്വിനി എന്നവണ്ണം, അനാൎയ്യന്മാരായ ആദിമനിവാസികൾ ഭരിച്ചിരുന്ന പ്രാചീനഭാരതത്തിൽ പ്രവേശിച്ചു.—ഭാരതത്തിൻെറ പിന്നീട്ടുള്ള ചരിത്രം ഏതാണ്ടെല്ലാം കിട്ടിയിട്ടുള്ളതു് ഈ ആൎയ്യസംസ്കാരത്തിന്റെ ചരിത്രമാണു്—പരാജിതരായ അനാൎയ്യവൎഗ്ഗത്തിൻെറ ചരിത്രം ഒരിടത്തും രേഖപ്പെട്ടുത്തീട്ടില്ല—അഥവാ ആ ചരിത്രം, ഈ ഒളിവിൽ കിടക്കുന്ന ഗിരിഗുഹകളിലും മഹാവനത്തിൻെറ അന്ധകാരത്തിൽ പൊടിഞ്ഞുകിടക്കുന്ന അസ്ഥിപഞ്ജരങ്ങളിലും രേഖപ്പെട്ടുത്തീട്ടുണ്ടു്. ഈ ലിപി പഠിച്ചു മനസ്സിലാക്കുന്നതിനു് വിജയികളായ ആൎയ്യവൎഗ്ഗം ഒരിക്കലും കൂട്ടാക്കിയിട്ടില്ല. ഇന്നും പരാജിതരായ, ഹതഭാഗ്യരായ, ആദിമവൎഗ്ഗ

സമൂഹം അതുപോലെതന്നെ അവഹേളിതരും, അവമാനിതരും, ഉപേക്ഷിതരുമായി കിടക്കുന്നതേയുള്ളു. സംസ്കാരഗർവ്വം പൂണ്ട ആര്യഗണം അവരുടെനേരെ ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യുന്നില്ല. അവരുടെസംസ്കാരം മനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല, ഇന്നും ശ്രമിക്കുന്നില്ല. ഞാനും ബനോയാരിയും ആ വിജയീവർഗ്ഗത്തിൻെറ പ്രതിനിധികൾ; വൃദ്ധനായ ദോബരു പാന്നായും യുവാവായ ജഗരുവും കുമാരിഭാനുമതിയും പരാജിതരും പദദലിതരും ആയ ആദിമജാതിയുടെ പ്രതിനിധികൾ. രണ്ടുവർഗ്ഗക്കാരായ ഞങ്ങൾ ഈ സന്ധ്യയുടെ അന്ധകാരത്തിൽ മുഖത്തോടു മുഖംനോക്കിക്കൊണ്ടു നില്ക്കുകയാണ്. സംസ്കാരത്തിൻെറ അഹങ്കാരത്തിൽ, ഉന്നതനാസികൻ എന്ന ആര്യസൗന്ദര്യത്തിൻെറ അഹങ്കാരത്തിൽ, ഞാൻ, പ്രാചീനകാലത്തെ ആഢ്യവർഗ്ഗക്കാരനായ ദോബരുപാന്നായെ കിഴവനായ സാന്താളായി ഗണിക്കുന്നു; രാജകന്യക ഭാനുമതിയെ കൂലിവേലക്കാരിയായ മുണ്ഡാപ്പെണ്ണെന്നു വിളിക്കുന്നു; അവർ എത്ര അഭിനിവേശത്തോടും അഭിമാനത്തോടുംകൂടി കാണിച്ചുതന്ന രാജകൊട്ടാരത്തെ കാററും വെളിച്ചവും കയറാത്ത അനാര്യസുലഭമായ ഗുഹാവസതിയെന്നോ സർപ്പങ്ങളുടേയും ഭൂതപ്രേതപിശാചുക്കളുടേയും സങ്കേതമെന്നോ വിചാരിക്കുന്നു. ചരിത്രത്തിൻെറ ഈ ഭീമമായ ട്രാജഡി ഈ സന്ധ്യാസമയത്ത് എൻെറ കൺമുമ്പിൽ അഭിനയിക്കപ്പെട്ടു—ആ നാടകത്തിലെ നടന്മാരായി ഒരുവശത്ത് പരാജിതനും ദരിദ്രനും ഉപേക്ഷിതനുമായ അനാര്യനൃപതി ദോബരുപാന്നായും, യുവതിയായ അനാര്യരാജകന്യക ഭാനുമതിയും യുവരാജകുമാരൻ ജഗരുപാന്നായും—മറുവശത്തായി ഞാനും എൻെറ പാർവ്വത്യകാരൻ ബനോയാരിലാലും വഴികാട്ടിയായ ബുദ്ധുസിംഹനും.

ഇരുണ്ടുവരുന്ന സന്ധ്യയുടെ അന്ധകാരത്തിൽ രാജസമാധിസ്ഥാനവും വടതരുതലവും മറയുന്നതിനുമുമ്പായി ഞങ്ങൾ അന്ന് മലമുകളിൽനിന്നും ഇറങ്ങിപ്പോന്നു.

ഇറങ്ങിപ്പോരുന്ന വഴിക്ക് ഒരിടത്തു കാട്ടിനുള്ളിൽ സിന്ദൂരംപൂശിയിട്ടുള്ള ഒരു കല്ല്, അതിനടുത്തെല്ലാം മനുഷ്യൻ നട്ടുവളർത്തിട്ടുള്ള മാരിഗോൾഡ് പൂച്ചെടികളും അന്തിമലരിച്ചെടികളും. മുമ്പിലായി വേറെ ഒരു കല്ല്, അതിലും സിന്ദൂരം

പൂശിയിട്ടുണ്ടു്. വളരെക്കാലമായിക്കാണും ഈ ദേവസ്ഥാനം ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടിട്ടു്; രാജവംശത്തിന്റെ കുലദൈവമായിരിക്കാം ഇതു്. മുൻകാലത്തു് ഇവിടെ നരബലി നടന്നിരിക്കാം. മുമ്പിൽക്കാണുന്ന കല്ലുതന്നെയായിരിക്കാം യൂപമായി ഇവർ ഉപയോഗിച്ചുവന്നതു്. ഇപ്പോൾ പ്രാവും കോഴിയും ആയിരിക്കാം പ്രദത്തമാകുന്നതു്.

ഞാൻ ചോദിച്ചു: "ഇതു് ഏതുദേവനാണു്?"

രാജാദോബരു പറഞ്ഞു: "ടാണ്ഡബാരോ—വന്യമഹിഷദേവനാണു്."

കഴിഞ്ഞ മഞ്ഞുകാലത്തു് ഗനുമാഹാതോ പറഞ്ഞുകേട്ട കഥ എന്റെ ഓർമ്മയിൽ വന്നു.

രാജാദോബരു പറഞ്ഞു: "ടാണ്ഡബാരോ വലിയ ഉഗ്രദേവതയാണു്. ഈ ദേവൻ ഇല്ലായിരുന്നെങ്കിൽ വേട്ടക്കാർ തോലിനും കൊമ്പിനുംവേണ്ടി കാട്ടുപോത്തിന്റെ വംശനാശം വരുത്തിയേനെ. അദ്ദേഹമാണു് അവരെ രക്ഷിക്കുന്നതു്. കുഴിയിൽ വീഴുന്നതിനുമുമ്പു് ആ ദേവൻ കാട്ടുപോത്തിൻകൂട്ടത്തെ അവയുടെ മുമ്പിൽനിന്നു് കൈയുയർത്തി തടയും. എത്രയോ പേരു് കണ്ടിരിക്കുന്നു അതു്."

ഈ വനസഞ്ചാരികളായ ആദിമവർഗ്ഗക്കാരുടെ ദേവതയെ ആരും ബഹുമാനിക്കുന്നില്ല, അറിയുന്നുപോലും ഇല്ല. എന്നാൽ ഇതു വെറും വിഭാവനയല്ല; ഇതു് സത്യമായിട്ടുള്ളതാണു്—വന്യജന്തുക്കളുടെമാത്രം ആവാസസ്ഥാനമായ ഈ വനപർവ്വതപ്രദേശത്തെ സൗന്ദര്യത്തിന്റേയും നിഗൂഢതയുടേയും ഇടയിൽ പാർത്തുപാർത്തു് എന്റെ മനസ്സിൽ താനെ ഉദിച്ചുവന്ന ചിന്തയാണിതു്.

വളരെദിവസം കഴിഞ്ഞു് കൽക്കത്തയിൽ തിരിച്ചെത്തിയപ്പോൾ, ഒരിക്കൽ ഇടവമാസത്തിൽ ഭയങ്കരമായ ചൂടുള്ള ഒരുദിവസം ബഡ്ബസാറിൽവച്ചു് ഒരു കാഴ്ചകാണാൻ ഇടയായി; ഒരു പടിഞ്ഞാറൻവണ്ടിക്കാരൻ വലിയ ഭാരവണ്ടിക്കു കെട്ടുന്ന രണ്ടു പോത്തിനെ നിർദ്ദയമായി തോലുരിച്ചു കൊല്ലുന്നതു്.

അന്നു് ഞാൻ വിചാരിച്ചു: 'അല്ലയോ, ടാണ്ഡബാരോ ദേവാ! ഇതു് ഛോട്ട്നാഗപുരത്തേയോ മദ്ധ്യപ്രദേശത്തേയോ

വനഭൂമിയല്ല. അവിടത്തെ കാരുണ്യപൂർണ്ണമായ ഹസ്തങ്ങൾ കശാപ്പുചെയ്യപ്പെടുന്ന ഈ മൃഗങ്ങളെ ഇവിടെവന്നു് എങ്ങനെ രക്ഷിക്കും? ഈ ഇരുപതാംനൂററാണ്ടിലെ ആര്യസംസ്കാരത്തിൽ അഭിമാനംകൊള്ളുന്ന കൽക്കത്താനഗരമേ! പരാജിതനായ ആദിമ രാജാദോബരുവിനെപ്പോലെതന്നെ ഇവിടെ നീയും നിസ്സഹായനാണു്.'

ഞാൻ നവാദായിൽനിന്നും മോട്ടോർബസ്സ് പിടിച്ച് ഗയയിൽ വന്നുകൊള്ളാം എന്നുംപറഞ്ഞു് സന്ധ്യകഴിഞ്ഞു് യാത്രയായി. ബനോയാരി എൻെറ കുതിരയേയുംകൊണ്ടു് കൂടാരത്തിലേയ്ക്കു മടങ്ങി. പോരുന്നസമയം ഒരിക്കൽക്കൂടി ഭാനുമതിയെക്കണ്ടു. അവൾ ഒരുകപ്പു് എരുമപ്പാലുംകൊണ്ടു് ഞങ്ങളെ കാത്തു് രാജഗൃഹത്തിനുമുമ്പിൽ നിന്നിരുന്നു.

# പരിച്ഛേദം പന്ത്രണ്ട്

**ഒന്നു്**

ഒരുദിവസം രാജുപാണ്ഡെ കച്ചേരിയിൽ വിവരം അറിയിച്ചു, കാട്ടുപന്നികൾ അയാളുടെ ചീനപ്പുൽക്കൃഷിവയലിൽ രാത്രിതോറും ഉപദ്രവം ചെയ്തുകൊണ്ടിരിക്കുന്നു എന്നും അക്കൂട്ടത്തിൽ തേറ്റയുള്ള മുഷ്കരന്മാരായ കുറെ പന്നികൾ ഉണ്ടെന്നും, അവയെ ഭയന്നു് തനിക്കു തകരംകൊട്ടാനല്ലാതെ മറ്റൊന്നും ചെയ്വാൻ കഴിയുന്നില്ലെന്നും, അതുകൊണ്ടു് കച്ചേരിയിൽനിന്നും അതിനു പരിഹാരം ചെയ്യില്ലെങ്കിൽ തൻെറ കൃഷിമുഴുവൻ നശിച്ചുപോകുമെന്നും.

ഇതുകേട്ടിട്ടു് വൈകുന്നേരത്തോടുകൂടി ഞാൻതന്നെ തോക്കുമായി അവിടെയെത്തി. രാജുവിൻെറ കുടിലും ഭൂമിയും നാഢാബയിഹാരിലെ നിബിഡമായ കാട്ടിനകത്താണു്. ആ ദിക്കിൽ ഇപ്പോഴും ആൾപ്പാർപ്പു തുടങ്ങീട്ടില്ല; കൃഷിസ്ഥലത്തിൻെറ വിസ്താരവും വളരെക്കുറവാണു്. അതുകൊണ്ടു് കാട്ടുമൃഗങ്ങളുടെ ഉപദ്രവം വളരെക്കൂടുതലാണു്.

രാജു തൻെറ വയലിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നതായിക്കണ്ടു. എന്നെക്കണ്ടു് വേലനിറുത്തിയിട്ടു് ഓടിവന്നു. എൻെറ കൈയിൽനിന്നും ലഗാൻ വാങ്ങിച്ചു് അടുത്തുള്ള ഒരു കടുക്കാമരത്തിൽ കുതിരയെ കെട്ടിനിറുത്തി.

ഞാൻ ചോദിച്ചു: "എന്താ രാജു! നിങ്ങളെ പിന്നെ കണ്ടില്ലല്ലോ. എന്താ കച്ചേരിക്കൊക്കെ വരാത്തതു്?"

രാജുവിൻെറ കുടിലിനുചുററും നീണ്ട കാശക്കാടാണു്. അവിടവിടെ കേന്ദുമരവും കടുക്കാമരവും ഉണ്ടു്. എങ്ങനെയാണു് ഈയാൾ തനിച്ചു് ആരുമില്ലാത്ത ഈ കാട്ടിൽ പാക്കുന്നതു്! ഈ കാട്ടിൽ വൈകുന്നേരം മററാരോടെങ്കിലും വത്തമാനംപറയാൻ ഒരുവഴിയുമില്ല. അത്ഭുതമനുഷ്യൻതന്നെ!

രാജു പറഞ്ഞു: "എങ്ങോട്ടെങ്കിലും ഒന്നിറങ്ങാൻ സമയം

കിട്ടണ്ടേ, അങ്ങുന്നേ? വിളവ് കാത്തുരക്ഷിക്കാൻതന്നെ പ്രാണൻ കളയണം. അതിനുംപുറമേ കന്നും ഉണ്ട്.''

മൂന്നുകന്നിനെ തീററാനും ഒന്നര ബിഘാഭൂമി കൃഷിചെയ്യാനും ഇങ്ങനെ ബദ്ധപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അയാൾക്ക് വീട്ടുകളിൽപ്പോകാൻ സമയം കിട്ടുകയില്ലല്ലോ; ഇക്കാര്യം ഞാൻ അയാളോട്ട ചോദിക്കാൻ പോകുകയായിരുന്നു—പക്ഷേ, അയാൾതന്നെ തൻെറ ദൈനന്ദിനകാര്യപരിപാടി എനിക്കുതന്നു. അതിൽനിന്നും അയാൾക്ക് ശ്വാസംവിടാൻപോലും സമയമില്ലെന്ന് ഞാൻ മനസ്സിലാക്കി. വയലിൽ കൃഷിചെയ്യുക, കന്നിനെത്തീററുക, പാൽ കറക്കുക, വെണ്ണയെടുക്കുക, അർച്ചന നടത്തുക, രാമായണം വായിക്കുക, ഭക്ഷണം പാകംചെയ്തു കഴിക്കുക—ഇതുകേട്ടപ്പോൾ എനിക്കു വീർപ്പുമുട്ടിപ്പോയി. ജോലിചെയ്യുന്നവൻതന്നെയാണ് രാജു. ഇതിനുംപുറമേ രാത്രിമുഴവൻ ഉറക്കമൊഴിച്ചിരുന്ന് തകരം കൊട്ടണം.

ഞാൻ ചോദിച്ചു: ''പന്നി എപ്പോഴാണിറങ്ങുന്നത്?''

''അതൊന്നും നിശ്ചയിക്കാൻ ഒക്കുകയില്ല അങ്ങുന്നേ! എന്തായാലും രാത്രിയാകുമ്പോഴാണ് ഉപദ്രവം. ഒന്നിരുന്നാട്ടെ, എത്രയെണ്ണം ഇറങ്ങുമെന്ന് അവിടുത്തേയ്ക്കുതന്നെ കാണാമല്ലോ.''

എന്നാൽ എനിക്ക് മറെറല്ലാററിനേക്കാളും അറിയാൻ ഉൽക്കണ്ഠയുണ്ടായതു്, ഈ ആൾപാർപ്പില്ലാത്ത സ്ഥലത്തു് ഈയാൾ എങ്ങനെ താമസിക്കുന്നു എന്നുള്ളതാണ്. അക്കാര്യം ഞാൻ ചോദിച്ചു.

രാജു പറഞ്ഞു: ''അങ്ങനെയങ്ങു പരിചയിച്ചുപോയി അങ്ങുന്നേ! വളരെദിവസമായി ഈ രീതിയിൽത്തന്നെ താമസിച്ചുകൊണ്ടിരിക്കയാണല്ലോ. ഒരുബുദ്ധിമുട്ടും തോന്നുന്നില്ല. നേരേമറിച്ച് എൻെറ മനസ്സിന് നല്ല ആനന്ദമാണ്. പകൽ മുഴവൻ വേലചെയ്യും; സന്ധ്യയ്ക്കു് ഭജനകീർത്തനങ്ങൾ പാടും, ഭഗവന്നാമം ജപിക്കും. ഇങ്ങനെ വളരെദിവസങ്ങളായി കഴിഞ്ഞുകൂട്ടുകയാണല്ലോ.''

രാജു മാത്രമല്ല, ഗനുമാഹാതോ, ജയപാലൻ—ഇത്തരത്തിലുള്ള ആളുകൾ വേറെയും പലരും ഈ കാട്ടിൽ അവിട

വിടെയായിട്ടു് ഉണ്ടു്. എനിക്കു പരിചയമില്ലാത്ത ഒരു പുതിയ ലോകമാണു് ഞാൻ ഇവരുടെയിടയിൽ കണ്ടതു്.

രാജുവിനു ലൗകികമായ ഒരു കാര്യത്തിൽ വളരെ ആസക്തിയുണ്ടെന്നു് എനിക്കറിയാം. അയാൾക്കു് ചായകുടിക്കാൻ വളരെ ഇഷ്ടമാണു്. എന്നാൽ ഈ കാട്ടിൽ ചായയ്ക്കുള്ള സാധനങ്ങൾ എവിടെക്കിട്ടും? ഇതുവിചാരിച്ചു് ഞാൻതന്നെ കുറച്ചു തേയിലയും പഞ്ചസാരയും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ഞാൻ പറഞ്ഞു: "രാജു! കുറച്ചു ചായയുണ്ടാക്കുക, എൻറടുക്കൽ എല്ലാമുണ്ടു്."

രാജു ആനന്ദാതിരേകത്തോടെ മൂന്നുസേർകൊള്ളുന്ന ഒരു ലോട്ടായിൽ വെള്ളം തിളപ്പിച്ചുകൊണ്ടുവന്നു്, ചായതയാറാക്കി. പക്ഷേ, ഒരു ഓട്ടുതംബ്ളേർ അല്ലാതെ മററാരു പാത്രവും അവിടെ ഉണ്ടായിരുന്നില്ല. അതിൽത്തന്നെ എനിക്കു് ചായ ഒഴിച്ചുതന്നിട്ടു് അയാൾ ആ വലിയ ലോട്ട നീക്കിവെച്ചു് ചായ കുടിക്കാൻ ഇരുന്നു.

രാജുവിനു് ഹിന്ദി വായിക്കാനും എഴുതാനും അറിയാം; എന്നാൽ ബാഹ്യലോകത്തെപ്പററി അയാൾക്കു് ഒരു അറിവും ഇല്ല. കൽക്കത്താ എന്നു് പേരുകേട്ടിട്ടുണ്ടു്; എവിടെയാണെന്നു് അറിഞ്ഞുകൂടാ. ബോംബെയെപ്പററിയോ ദില്ലിയെപ്പറ്റിയോ അയാൾക്കുള്ള അറിവു് ചന്ദ്രലോകത്തെപ്പററി എന്നപോലെയാണു്: തികച്ചും അയഥാർത്ഥം, തീരെ അവ്യക്തം. പട്ടണങ്ങളുടെകൂട്ടത്തിൽ പൂർണ്ണിയാമാത്രമേ അയാൾ കണ്ടിട്ടുള്ളു. അതും വളരെ വർഷങ്ങൾക്കുമുമ്പു്; കുറച്ചുദിവസമെ താമസിച്ചുള്ളുതാനും അവിടെ.

ഞാൻ ചോദിച്ചു: "മോട്ടാർവണ്ടി കണ്ടിട്ടുണ്ടോ രാജു?"

"ഇല്ലങ്ങുന്നേ, കേട്ടിട്ടുണ്ടു്. കാളയോ കുതിരയോ കൂടാതെ ധാരാളം പുകവിട്ടുംകൊണ്ടു് ഓടുന്നതു്. ഈയിടെ പൂർണ്ണിയാപട്ടണത്തിൽ വളരെ എണ്ണം വന്നിട്ടുണ്ടുപോലും. ഞാനവിടെ പോയിട്ടു് വളരെക്കാലമായി. ഞങ്ങൾ പാവപ്പെട്ടവരു്. പട്ടണത്തിൽ പോകാൻ പൈസവേണ്ടേ?"

രാജുവിനോടു ഞാൻ ചോദിച്ചു, അയാൾക്കു് കൽക്കത്തയിൽ പോകാൻ ആഗ്രഹമുണ്ടോ എന്നു്; വേണമെങ്കിൽ

അയാളെ ഒരിക്കൽ കൊണ്ടുപോകാമെന്നു് ഞാൻ പറഞ്ഞു, പൈസക്കൂടാതെ.

രാജു പറഞ്ഞു: "പട്ടണം വളരെ ചീത്ത സ്ഥലമാണു്; കള്ളന്മാരുടെയും മുട്ടാളന്മാരുടെയും ചൂതുകളിക്കാരുടെയും സങ്കേതമാണെന്നു കേട്ടിട്ടുണ്ടു്. അവിടുത്തെ ആളുകളെല്ലാം തെമ്മാടികളാണു്. എൻെറ ഈ നാട്ടിലുള്ള ഒരുവൻ കാലിലെന്തോ ഉണ്ടായിട്ടു് അതിനു ചികിത്സിക്കാനായി പട്ടണത്തിലെ ഒരു ആശുപത്രിയിൽ ചെല്ലുകയുണ്ടായി. ഡോക്ടർ കത്തി കാലിൽ ഇറക്കീട്ടു് അവനോടു ചോദിക്കുകയാണു്, 'നീ എനിക്കു് എത്ര രൂപാ തരും?' അവൻ പറഞ്ഞു: 'പത്തുരൂപാതരാം.' അപ്പോൾ ഡോക്ടർ കുറച്ചുകൂടി കത്തിയിറക്കീട്ടു വീണ്ടും ചോദിച്ചു: 'ഇനിയും പറ, എത്ര രൂപാ തരും?' അവൻ പറഞ്ഞു: 'അഞ്ചുരൂപാകൂടിത്തരാം, ഡോക്ടർ സാഹീബ്, ഇനിയും കൂടുതൽ കീറരുതേ!' ഡോക്ടർ പറഞ്ഞു: 'അതുകൊണ്ടാകുകയില്ല' എന്നു പറഞ്ഞിട്ടു് പിന്നെയും കാലു മുറിക്കാൻ തുടങ്ങി. ആ പാവപ്പെട്ടവൻ എത്രകണ്ടു കരഞ്ഞോ അത്രയും കൂടുതലായി കത്തിയിറക്കി; ഇറക്കിയിറക്കി ഒരു കാലു് മുറിച്ചു ദൂരെ കളഞ്ഞു. അയ്യോ! എന്തൊരു ഭയങ്കരസംഭവമാണെന്നു് ആലോചിച്ചുനോക്കിയാട്ടങ്ങുന്നേ!"

രാജുവിൻെറ കഥ കേട്ടിട്ടു് എനിക്കു ചിരിയടക്കാൻ വയ്യാതെവന്നു. ഈ രാജുതന്നെ ഒരിക്കൽ ആകാശത്തു മഴവില്ലു വീണതു കണ്ടിട്ടു് എന്നോടു പറഞ്ഞതു് ഞാൻ അപ്പോൾ ഓർമ്മിച്ചു—അയാൾ പറയുകയാണു്, "ഈ മഴവില്ലു് കാണുന്നില്ലേ അങ്ങുന്നേ, അതു ചിതൽപ്പുററിൽനിന്നാണു് ഉയന്നുവരുന്നതു്, ഞാനെൻെറ കണ്ണുകൊണ്ടു കണ്ടിട്ടുള്ളതാ."

രാജുവിൻെറ കുടിലിൻെറ മുൻഭാഗത്തായി ഒരു ആസാൻ മരം നില്പുണ്ടു്; അതിൻെറ ചുവട്ടിലിരുന്നാണു് ഞങ്ങൾ ചായ കുടിച്ചതു്—എങ്ങോട്ടു നോക്കിയാലും അവിടെയെല്ലാം നിബിഡമായ വനം,—കേന്ദും, നെല്ലിയും, പൂത്തുനില്ക്കുന്ന ബഹേരാലതാകുഞ്ജം. ബഹേരാപ്പൂക്കളുടെ ഒരു മൃദുലമായ പരിമളംകൊണ്ടു് ഇളംതെന്നൽ മധുരമായിട്ടുണ്ടു്. ഈ സ്ഥാനത്തൊക്കെ ഇരുന്നു് ഈ മനോഭാവത്തോടെ ചായകുടിക്കുന്നതു് ജീവിതത്തിലെ ഒരു സൗന്ദര്യസമ്പൂർണ്ണമായ അനുഭവ

മാണെന്നു് എനിക്കു തോന്നി. എവിടെയുണ്ടു് ഇത്തരം അരണ്യപ്രദേശം, എവിടെയുണ്ടു് ഇങ്ങനെ വനത്താൽ വലയം ചെയ്യപ്പെട്ട കാശകുടീരം, രാജുവിനെപ്പോലെയുള്ള ഒരു മനുഷ്യൻതന്നെ എവിടെയുണ്ടു്? ഈ അനുഭവജ്ഞാനം വിചിത്രമായിരിക്കുന്നതുപോലെതന്നെ ദുഷ്പ്രാപ്യവുമാണു്.

ഞാൻ ചോദിച്ചു: "ആട്ടെ, രാജു! നിങ്ങടെ ഭാര്യയെക്കൂടെ കൊണ്ടുവരാത്തതെന്താ? അങ്ങനെയാണെങ്കിൽ നിങ്ങൾക്കു് പിന്നെ തന്നത്താൻ ഭക്ഷണം പാകംചെയ്തു കഴിക്കേണ്ടല്ലോ."

രാജു പറഞ്ഞു: "അവളിപ്പോൾ ജീവിച്ചിരിപ്പില്ല അങ്ങുന്നേ! അവൾ മരിച്ചുപോയിട്ടു പതിനേഴപതിനെട്ടു വഷമായി. അന്നുമുതൽ വീടിനെപ്പററി ചിന്തിക്കാനേ കഴിഞ്ഞിട്ടില്ല."

രാജുവിൻെറ ഭാര്യയുടെ പേരു് സജ്ജു—അതായതു് സരയു—എന്നായിരുന്നു. രാജുവിനു് പതിനെട്ടുവയസ്സും സരയുവിനു് പതിന്നാലുവയസ്സും പ്രായമായിരുന്നപ്പോൾ ഉത്തരധമ്മപുരത്തിൽ ശ്യമലാൽ ഗ്രാമത്തിൽ സരയുവിൻെറ അച്ഛന്റെ വിദ്യാലയത്തിൽ രാജു കുറച്ചുദിവസം വ്യാകരണം പഠിക്കാൻ ചെന്നു.

രാജുവിനോടു് ഞാൻ ചോദിച്ചു: "എത്രദിവസം പഠിച്ചു?"

"കുറച്ചൊന്നുമല്ല; ഒരു വഷം പഠിച്ചു; പക്ഷേ, പരീക്ഷയ്ക്കു ചേർന്നില്ല. അവിടെവച്ചാണു് ഞങ്ങൾതമ്മിൽ ആദ്യം കണ്ടതും ക്രമേണക്രമേണ—"

എന്നെ ബഹുമാനപൂർവ്വം നോക്കീട്ടു് രാജു ഒന്നു നെടുവീപ്പിട്ടിട്ടു മിണ്ടാതിരുന്നു.

ഞാൻ അയാളെ പ്രോത്സാഹിപ്പിക്കുന്നസ്വരത്തിൽ പറഞ്ഞു: "എന്നിട്ടു്? കേൾക്കട്ടേ."

"എന്നാൽ അങ്ങുന്നേ! അവളുടെ അച്ഛൻ എൻെറ അദ്ധ്യാപകൻ, ഞാൻ പിന്നെ അവളോടു് ഇക്കായ്യം പറയുന്നതെങ്ങനെയാ? ഒരുദിവസം, കാത്തികമാസത്തിലെ ഒരു ഉത്സവദിവസം, അന്നു് സരയു മഞ്ഞസ്സാരിയും ഉടുത്തു് കുറെ

ചങ്ങാതികളോടുകൂടെ കുശീനദിയിൽ കുളിക്കാൻ പോകുകയായിരുന്നു; ഞാൻ—''

രാജു നെടുവീർപ്പിട്ടു് പിന്നെയും മിണ്ടാതിരുന്നു.

വീണ്ടും ഞാൻ പ്രോത്സാഹിപ്പിച്ചു: ''പറയൂ പറയൂ അതിനെന്താ?''

''അവളെ കാണാൻവേണ്ടി ഞാൻ ഒരു മരത്തിനു് മറഞ്ഞിരുന്നു. അതിൻെറ കാരണം എന്താണെന്നുവച്ചാൽ അന്നു് എനിക്കു് അവളുമായി അത്രയ്ക്കൊന്നും പരിചയം ഉണ്ടായിരുന്നില്ല. ഒരിടത്തു് അവളുടെ വിവാഹവർത്തമാനവും നടക്കുന്നുണ്ടായിരുന്നു. ആ പെണ്ണുങ്ങളെല്ലാരുംകൂടി പാടിക്കൊണ്ടു പാടിക്കൊണ്ടു്—അങ്ങുന്നിനറിയാമോ? കാർത്തികോത്സവത്തിൽ പെണ്ണുങ്ങൾ പാടിക്കൊണ്ടു് ഓരോരുത്തരായി നദിയിലേയ്ക്കു ചാടിനീന്താൻ പോകുന്നതു്?—എന്നിട്ടു് അവർ പാടിപ്പാടി പോയവഴി എൻെറ മുമ്പിൽ വന്നപ്പോൾ അവൾ മരത്തിനു മറഞ്ഞിരുന്ന എന്നെ കണ്ടു. അവൾ—അവൾ ചിരിച്ചു, ഞാനും ചിരിച്ചു. ഞാൻ കൈയിളക്കി ആംഗ്യംകാണിച്ചു കുറച്ചു പിന്നിലേയ്ക്കു് വലിയാൻ—അവൾ കൈകൊണ്ടു കാണിച്ചു, ഇപ്പം വേണ്ട, തിരിച്ചുവരുമ്പഴാട്ടെ, എന്നു്.''

രാജുവിന്റെ അമ്പത്തിരണ്ടുവയസ്സായ മുഖമണ്ഡലത്തിൽ ഒരു ഇരുപതുകാരനായ കാമുകൻെറ ലജ്ജാഭാവവും കണ്ണിൽ ഒരു സ്വപ്നമയമായ വിദൂരദൃഷ്ടിയും തെളിഞ്ഞുവരുന്നതായിക്കണ്ടു ഇക്കാര്യം പറഞ്ഞപ്പോൾ—ജീവിതത്തിൻെറ ബഹുദൂരം പിന്നിലായി യൗവനാരംഭത്തിലെ പുണ്യദിനങ്ങളിൽ പതിന്നാലുകാരിയായ യുവസുന്ദരിയെ തിരക്കി ഇറങ്ങിയ പത്നീവിരഹസന്തപ്തനായ പ്രൗഢാത്മാവിനെപ്പോലെ—ഈ നിബിഡമായ വനത്തിൽ ഒററയ്ക്കു താമസിച്ചു് അയാൾ ക്ലാന്തചിത്തനായിത്തീർന്നിരുന്നു. ഇപ്പോൾ ആരുടെ കാര്യം വിചാരിക്കാൻ അയാൾ ഇഷ്ടപ്പെട്ടോ, ആരുടെ സാഹചര്യത്തിനുവേണ്ടി അയാളുടെ മനസ്സു് കുതിച്ചുചാടിയോ—അവൾ—വളരെക്കാലത്തിനുമുമ്പു് ജീവിച്ചിരുന്ന, ആ ബാലികയായ സരയു, ഭൂമിയിൽ ഇന്നു് ഒരിടത്തും ഇല്ലാത്ത ആ സരയു ആണു്.

അയാളുടെ കഥ എനിക്കു വളരെ ഇഷ്ടപ്പെട്ടു.

ജിജ്ഞാസയോടെ ഞാൻ ചോദിച്ചു: ''എന്നിട്ടു്?''

"എന്നിട്ട് തിരിച്ചുപോരുന്ന വഴിക്ക് തമ്മിൽ കണ്ടു. കൂട്ടത്തിൽനിന്നും അവൾ കുറച്ചു പുറകിലായിരുന്നു.

"ഞാൻ പറഞ്ഞു: 'സരയൂ! ഞാൻ വളരെ സങ്കടപ്പെട്ടുകയാണു്. നിന്നെ കണ്ടുസംസാരിക്കാനും എനിക്കു സാധിക്കയില്ലെന്നു് എനിക്കറിയാം; ഞാൻ വെറുതെ സങ്കടപ്പെടുന്നതെന്തിനാ? ഈ മാസാന്ത്യത്തിൽത്തന്നെ പള്ളിക്കൂടം വിട്ടുപോകണമെന്നു് ഞാൻ വിചാരിക്കുകയാണു്.' അവൾ പൊട്ടിക്കരഞ്ഞു. അവൾ പറഞ്ഞു: 'അച്ഛനോടു് പറഞ്ഞാലെന്താ?' സരയുവിൻെറ കരച്ചിൽകണ്ടു് എൻെറ മനസ്സു് തകന്നുപോയി. അതുകൊണ്ടാണു് ഇങ്ങനെ ഒക്കെ വന്നുകൂടിയതു്. ഒരിക്കലും എൻെറ അദ്ധ്യാപകനോടു പറയാൻ സാധിക്കയില്ലെന്നു് വിചാരിച്ചിരുന്ന ആ കാര്യംതന്നെ ഒരുദിവസം ഞാനങ്ങു പറഞ്ഞുവിട്ടു.

"വിവാഹം നടക്കാൻ ഒരു വിഷമവും ഉണ്ടായില്ല; സ്വജാതി, സ്വവർഗ്ഗം, വിവാഹം നടക്കുകയും ചെയ്തു."

വളരെ സ്വാഭാവികവും സാധാരണവും ആയ ഒരു റൊമാൻസ് ആയിരിക്കാം. നഗരത്തിലെ കോലാഹലത്തിനകത്തിരുന്നുകേട്ടാൽ വെറും ഗാർഹികവും ഗ്രാമ്യവും ആയ ഒരു വിവാഹസംഭവം. അതിനെ ഞാൻ അതിപ്രയത്നവും കരുതലും വേണ്ട ഒരുതരത്തിലുള്ള ഒരു പൂർവ്വാനുരാഗമായി ഉയർത്തിയതായിരിക്കാം. ഇതിൻെറ അഭിനവത്വവും സൗന്ദര്യവും മനസ്സിനെ വശീകരിച്ചതു് അവിടെയാണു്. രണ്ടു സ്ത്രീപുരുഷന്മാർ അവരുടെ ജീവിതത്തിൽ പരസ്പരം സ്വന്തമായിത്തീരുന്നു; അതു് എത്രത്തോളം രഹസ്യമായിരുന്നു എന്നുള്ള ചരിത്രം എനിക്കു മനസ്സിലായതു് അന്നാണു്.

ചായ കുടിച്ചുകഴിഞ്ഞപ്പോൾ സന്ധ്യകഴിഞ്ഞു് ആകാശത്തു് മങ്ങിയനിലാവു് ഉദിച്ചു. ഷഷ്ഠിയോ സപ്തമിയോ ആണു് തിഥി.

ഞാൻ തോക്കെടുത്തുംകൊണ്ടു പറഞ്ഞു: "പോകാം രാജൂ! നിങ്ങടെ തോട്ടത്തിൽ എവിടെയാ പന്നി എന്നുനോക്കാം."

തോട്ടത്തിൻെറ ഒരുവശത്തു് ഒരു വലിയ മൽബറിമരം. രാജു പറഞ്ഞു: "ഈ മരത്തിൻെറ മണ്ടയിൽ കേറണം

അങ്ങുന്നേ! ഇന്നുരാവിലെ അതിൻെറ കവരത്തിൽ ഒരുതട്ട് കെട്ടിവച്ചിട്ടുണ്ടു്.''

ഇതു് ഒരു പ്രയാസപ്പെട്ട കാര്യമാണെന്നു് ഞാൻ മനസ്സിലാക്കി. മരത്തിൽ കയറുന്നതിനു് എനിക്കു വലിയ പരിചയമില്ല, അതിനും പുറമേ ഈ രാത്രികാലത്തു്. എന്നാൽ രാജു എന്നെ പ്രോത്സാഹിപ്പിച്ചു: ''ഒരു പ്രയാസവും ഇല്ലങ്ങുന്നേ. മുളയേണി ചാരീട്ടുണ്ടു്; താഴെ ചെറിയ മരക്കൊമ്പുകളും ഉണ്ടു്. വളരെ എളുപ്പമാ കേറാൻ.''

രാജുവിൻെറ കൈയിൽ തോക്കുകൊടുത്തിട്ടു് ഞാൻ കമ്പിൽകയറി തട്ടിൽഇരുന്നു. രാജു നിഷ്പ്രയാസം എന്റെ പുറകേ കയറിവന്നു. ഇരുവരും താഴേയ്ക്കു് ഉററുനോക്കിക്കൊണ്ടു തട്ടിൽ ചേർന്നുചേർന്നിരുന്നു.

നിലാവു് കുറച്ചുകൂടി ഉയന്നു. മൽബറിയുടെ കവരത്തിൽ ഇരുന്നിട്ടു് നിലാവെളിച്ചത്തു കുറച്ചു തെളിഞ്ഞും കുറച്ചു മങ്ങിയും കാണായ കുററിക്കാടിൻെറ മുകൾഭാഗം അത്ഭുതകരമായിത്തോന്നി. ഇതും ജീവിതത്തിലെ അഭിനവമായ ഒരു അനുഭവം തന്നെ.

അല്പം കഴിഞ്ഞു്, നാലുവശത്തുംനിന്നു് കുറുനരികൾ ഓരിയിടുന്നതുകേട്ടു. അതോട്ടുകൂടി കറുത്ത എന്തോ ഒരു മൃഗം തെക്കുഭാഗത്തെ ഇടതിങ്ങിയ കാട്ടിൽനിന്നും രാജുവിൻെറ തോട്ടത്തിലേയ്ക്കു കടന്നു.

രാജു പറഞ്ഞു: ''ഇതാ നോക്കിയാട്ടങ്ങുന്നേ.''

ഞാൻ തോക്കു ചൂണ്ടിപ്പിടിച്ചു. പക്ഷേ, അതു കുറച്ചുകൂടി അടുത്തുവന്നപ്പോൾ നിലാവെളിച്ചത്തിൽ കാണായി, അതു് പന്നിയല്ല, ഒരു കലമാൻ ആണെന്നു്.

ആ കലമാൻ കൊല്ലത്തക്കവണ്ണം ഉപദ്രവംഒന്നും ചെയ്തില്ല. 'പോ! പോ!' എന്നു് രാജു വിളിച്ചുപറഞ്ഞപ്പോൾ വേഗം അതു്കാട്ടിലേയ്ക്കു്ഓടിപ്പോയി. ഞാൻ ഒരു വെറുംവെടിവച്ചു.

മണിക്കൂർ രണ്ടുകഴിഞ്ഞു. തെക്കുവശത്തേ കാട്ടിൽ കാട്ടുകോഴി കൂവി. തേറ്റക്കാരൻ കുറ്റൻപന്നിയെ കൊല്ലാമെന്നു് ഞാൻ വിചാരിച്ചിരുന്നു. പക്ഷേ, ഒരു കൊച്ചുപന്നിക്കുഞ്ഞിൻെറ രോമംപോലും കണ്ടില്ല. കലമാനിൻെറ പിമ്പിൽ വെറുംവെടി വച്ചതു് തെററായിപ്പോയി.

രാജ്ജു പറഞ്ഞു: "താഴെ ഇറങ്ങാം അങ്ങുന്നേ. അങ്ങുന്നിനു വീണ്ടും ഭക്ഷണം തയാറാക്കണം."

ഞാൻ പറഞ്ഞു: "എന്തിനാ ഭക്ഷണം? ഞാൻ കച്ചേരിക്കു പോകുകയാണ്. രാത്രി പത്തുമണിയായിട്ടുപോലും ഇല്ല. താമസിക്കാൻ നിവൃത്തിയില്ല. നാളെ രാവിലെ സർവ്വേക്യാമ്പ് പരിശോധിക്കാൻ പോകണം."

"വല്ലതും കഴിച്ചിട്ടുപോയാട്ടെ, അങ്ങുന്നേ."

"ഇനിയും താമസിച്ചാൽ നാഢാബയിഹാരിലെ കാട്ടിൽക്കൂടി തനിച്ചുപോകുന്നതു് ശരിയായിരിക്കുകയില്ല. ഇപ്പോൾത്തന്നെ പോകുകയാണ്. അതിനേപ്പററി ഒന്നും വിചാരിക്കണ്ടാ."

കുതിരപ്പുറത്തു കയറാൻ ഭാവിച്ച സമയത്തു് ഞാൻ പറഞ്ഞു: "വല്ലപ്പോഴുമൊക്കെ നിങ്ങടെ ഇവിടെ ചായകുടിക്കാൻവന്നാൽ വിഷമമുണ്ടായിരിക്കയില്ലല്ലൊ?"

രാജ്ജു പറഞ്ഞു: "എന്തന്നാ അങ്ങുന്നേ ഇപ്പറഞ്ഞതു്. ഈ കാട്ടിൽ ഞാൻ ഒററയ്ക്കു താമസിക്കുന്നു; ഈ പാവപ്പെട്ടവൻ. അവിടുത്തേയ്ക്കു് എന്നോട്ട് ഇഷ്ടമുണ്ടായിട്ടാണല്ലൊ തേയിലയും പഞ്ചസാരയും കൊണ്ടുവന്നു തയാറാക്കി ഒരുമിച്ചിരുന്നു ചായ കുടിച്ചതു്. അക്കാര്യം പറഞ്ഞു് എന്നെ നാണിപ്പിക്കരുതെ, ബാബുജീ."

ആ സമയത്തു് രാജ്ജുവിനെ കണ്ടപ്പോൾ എനിക്കു തോന്നി, രാജ്ജു ഈ പ്രായത്തിലും കണ്ടാൽ നന്നായിരിക്കുന്നല്ലൊ. യൗവനത്തിൽ വളരെ സുമുഖനായിരുന്നിരിക്കണം. അദ്ധ്യാപകപുത്രി സരയൂ, പിതാവിൻെറ, യുവാവും സുന്ദരനും ആയ ശിഷ്യനിൽ അനുരക്തയായിത്തീൎന്നു് അവളുടെ അഭിരുചി വെളിപ്പെടുത്തുകയായിരുന്നല്ലൊ.

രാത്രി വളരെ ഇരുട്ടി. ഒററയ്ക്കു് തകിടിപ്പുറത്തുകൂടി സഞ്ചരിക്കുകയാണ്. നിലാവു് അസ്തമിച്ചുകഴിഞ്ഞു. അത്ഭുതകരമായ ഒരു നിശ്ശബ്ദത—ഈ ഭൂമിയിൽനിന്നും ഏതോ ഒരു അജ്ഞാതഗ്രഹത്തിലേയ്ക്കു് നിൎവ്വാസിതനായിരിക്കുന്നതുപോലെ എനിക്കു തോന്നി—ദിഗന്തരേഖയിൽ ഉജ്ജ്വലത്തായ വൃശ്ചികരാശി ഉദിച്ചുയൎന്നു വരുന്നു. തലയ്ക്കുമീതെ ഇരുണ്ട

ആകാശത്തിൽ എണ്ണമറ്റ നക്ഷത്രങ്ങൾ. താഴെ ലബ്ടുലിയാ ബയിഹാരിലെ നിസ്തബ്ധമായ അരണ്യം. നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചംകൊണ്ടു് കട്ടികുറഞ്ഞ ഇരുട്ടിൽ ഝാബുക തരുക്കളുടെ ഉപരിഭാഗം കാണാനുണ്ടു്—ദൂരെ എവിടെയോ കുറുനരിക്കൂട്ടം യാമം കുറിച്ചു—കുറച്ചുകൂടെ ദൂരെയായി മോഹനപുരാറിസേർവ്വ്ഫോറസ്റ്റിൻെറ അതിർത്തിരേഖ നീണ്ടുകറുത്ത പർവ്വതംപോലെ കാണുന്നുണ്ടു്—ഒരുജാതി പതംഗത്തിൻെറ വൈവിദ്ധ്യം ഇല്ലാത്ത 'കി–റു–റു–റു–'എന്നുള്ള ശബ്ദമല്ലാതെ മറെറാരു ശബ്ദവും കേൾക്കാനില്ല. ചെവികൊടുത്തു കേട്ടാൽ ഈ ശബ്ദത്തിൻെറ കൂടെച്ചേർന്നു് വേറേയും രണ്ടുമൂന്നു പതംഗങ്ങളുടെ ശബ്ദവും കേൾക്കാവുന്നതാണു്. എന്തൊരു അത്ഭുതകരമായ റൊമാൻസാണു് ഈ സ്വതന്ത്രജീവിതത്തിൽ; പ്രകൃതിയുമായി ഒട്ടിച്ചേർന്നുള്ള സമ്പർക്കത്തിനു് എന്തൊരു ആനന്ദം! എല്ലാററിനും മുകളിൽ അനിർദ്ദിഷ്ടവും അവ്യക്തവും ആയ എന്തോ ഒരു രഹസ്യം പുരണ്ടിട്ടുണ്ടുതാനും—എന്താണു് ആ രഹസ്യമെന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ അവിടെനിന്നും മാറിപ്പോന്നതിൽപ്പിന്നെ ഒരിക്കലും ആ രഹസ്യത്തേപ്പററിയുള്ള ചിന്ത എൻെറ മനസ്സിൽ കടന്നുവന്നിട്ടില്ലെന്നു് എനിക്കു് നല്ലവണ്ണം അറിയാം.

നിസ്തബ്ധവും നിർജ്ജനവും ആയ ഈ രാത്രിയിൽ ദേവന്മാർ നക്ഷത്രരാശികളിൽ സൃഷ്ടിചെയ്യുന്നതിനുള്ള സങ്കല്പത്തിൽ ആവേശഭരിതരായി ഇരിക്കയായിരിക്കാം. ആ സങ്കല്പത്തിൽ വിദൂരഭാവിയിലെ നവംനവങ്ങളായ വിശ്വങ്ങളുടെ ആവിർഭാവവും, നവംനവങ്ങളായ സൗന്ദര്യത്തിൻെറ ജനനവും, നാനാരൂപത്തിലുള്ള നവ്യജീവികളുടെ പരിണാമപരമായ വികാസവും ബീജരൂപത്തിൽ നിക്ഷിപ്തമായിരിക്കാം. ആരുടെ ആത്മാവു് ജ്ഞാനത്തിനുവേണ്ടി അടക്കാൻവയ്യാത്ത ദാഹത്തോടുകൂടി അശ്രാന്തം സമയം ചെലവഴിക്കുന്നോ, ആരുടെ പ്രാണൻ വിശ്വത്തിൻെറ സർവ്വവ്യാപകത്വവും സങ്കുചിതത്വവും സംബന്ധിച്ചു് സചേതനമായ ആനന്ദത്തിൽ ഉല്ലസിക്കുന്നോ, ജന്മജന്മാന്തരമായ പന്ഥാവിൽക്കൂടി സഞ്ചരിക്കുന്നതിനുള്ള ആശകൊണ്ടു് ആരുടെ വർത്തമാനകാലത്തെ ചെറുതും നിസ്സാരവും ആയ സുഖദുഃഖങ്ങളെ ചേർത്തു് ബിന്ദു

രൂപമായി പരിമിതപ്പെട്ടത്തിയിരിക്കുന്നോ, അവനു മാത്രമേ ഈ രഹസ്യമായ രൂപംകാണാൻ കഴിവുള്ളൂ.

"നായമാത്മാ ബലഹീനേന ലഭ്യഃ..."

എവറസ്റ്റുശിഖരത്തിൽ കയറി തുഷാര പ്രവാഹത്തിലും കൊട്ടംകാററിലും പ്രാണൻ ത്യജിച്ചവർ വിശ്വദേവതയുടെ വിരാട്പുരുഷരൂപം പ്രത്യക്ഷത്തിൽ കണ്ടിട്ടുണ്ട്...അല്ലെങ്കിൽ അസോഴ്സ്ദ്വീപിന്റെ തീരത്തിൽ വളരെയധികം ദിവസം താമസിച്ച് സമുദ്രത്തിൽ ഒഴുകിവന്ന തടിക്കഷണങ്ങളിൽനിന്നും മഹാസമുദ്രത്തിന് അപ്പുറത്തുള്ള അജ്ഞാതമായിരുന്ന വൻകരയേപ്പററിയുള്ള വിവരം ഗ്രഹിക്കാൻ ആഗ്രഹിച്ചപ്പോൾ, കൊളംബസ്സ് വിശ്വത്തിന്റെ ഈ ലീലാശക്തി മനസ്സിലാക്കിക്കാണും. വീട്ടിലിരുന്ന് പുകവലിച്ചുംകൊണ്ട് അയൽവീട്ടുകാരന്റെ കന്യകയുടെ വിവാഹം മുടക്കിയും അയാളുടെ വെളുത്തേടനേയും ക്ഷുരകനേയും വിലക്കിയും ജീവിച്ചുപോരുന്നവന് ഇതിന്റെ രൂപം മനസ്സിലാക്കാൻ സാദ്ധ്യമല്ല.

### രണ്ട്

മിച്ചുനദിയുടെ വടക്കുഭാഗത്തെ കാട്ടിലും മലയിലും സർവ്വേ നടന്നുകൊണ്ടിരുന്നു. ഇവിടെ ഇന്ന് എട്ടുപത്തു ദിവസമായി കൂടാരം അടിച്ച് താമസം തുടങ്ങിയിട്ട്. ഇനിയും ഒരു പത്തു പന്ത്രണ്ടു ദിവസംകൂടി ഇവിടെ താമസിക്കേണ്ടി വന്നേക്കും.

സ്ഥലം ഞങ്ങളുടെ പ്രദേശത്തുനിന്നും വളരെദ്ദൂരെയാണ്, രാജാ ദോബരു പാന്നായുടെ രാജ്യത്തിനടുത്ത്. രാജ്യം എന്ന് ഞാൻ പറഞ്ഞുപോയി; എന്നാൽ രാജാദോബരു രാജ്യം ഇല്ലാത്ത രാജാവാണ്—അവരുടെ ആവാസസ്ഥാനത്തിന് അടുത്തുവരെ എന്നു പറയാം.

വളരെ മനോഹരമായ ഒരു സ്ഥലം. ഒരു താഴ്‌വര, പ്രവേശനദ്വാരം വിസ്തൃതമാണ്, പിൻഭാഗം ഇടുങ്ങിയതു്.—

കിഴക്കും പടിഞ്ഞാറും മലകൾ—മദ്ധ്യത്തിൽ കുതിരക്കുളമ്പിന്റെ ആകൃതിയിലുള്ള ഈ താഴ്‌വര—കുന്നും കുഴിയും കാട്ടും, സർവ്വത്ര വലുതും ചെറുതുമായ കല്ലുകൾ, മുള്ളുമുളക്കാട്ട്,—പല കാട്ടരുവികളും മലയുടെ വടക്കുഭാഗത്തുനിന്നും ഇറങ്ങിവന്ന് താഴ്‌വരയുടെ തുറന്ന വശത്തുകൂടെ പുറത്തേയ്ക്ക് ഒഴുകിപ്പോകുന്നുണ്ട്. ഈ അരുവികളുടെ എല്ലാം ഇരുകരകളിലും വനം വളരെ ഇടതിങ്ങിയതാണ്. ഇത്രയും ദിവസത്തെ ഇവിടുത്തെ താമസത്തിനിടയിൽ കിട്ടിയ അനുഭവംകൊണ്ട് ഞാൻ അറിഞ്ഞു, ഈ സ്ഥലങ്ങളിലെല്ലാം കടുവാ ഉണ്ടെന്ന്. മാൻ ഉണ്ട്, രാത്രിയിൽ രണ്ടാം യാമത്തിൽ കാട്ടുകോഴി കൂവുന്നതു് ഞാൻ കേട്ടിട്ടുണ്ട്, കുറുനരിയുടെ ഓരികേട്ടിട്ടുണ്ടല്ലോ; പക്ഷേ, കടുവായെ കണ്ടില്ല, മുരളുന്നതും കേട്ടില്ല.

കിഴക്കേമലയിൽ ഒരു വമ്പിച്ച ഗുഹ ഉണ്ട്. ഗുഹാമുഖത്തിൽ വളരെ പ്രായംചെന്ന ഒരു പേരാൽ പന്തലിച്ചു നില്പുണ്ട്—രാപ്പകൽ 'ശൻ! ശൻ!' എന്ന് ശബ്ദിച്ചുകൊണ്ടു നില്ക്കുന്നു. ഉച്ചവെയിലിലെ നീലാകാശത്തിന്റെ അടിയിൽ ഈ വിജനമായ ഉപത്യകയും ഗുഹയും പ്രാചീനയുഗത്തിന്റെ ചിത്രം എന്റെ മനസ്സിൽ വരുത്തുന്നു. രാജാദോബരുപാന്നായുടെ പൂർവ്വികരുടെ ആവാസസ്ഥാനമായ ഗുഹയെപ്പോലെ ഇതും ആദിമജാതിരാജാക്കന്മാരുടെ രാജകൊട്ടാരം ആയിരുന്നിരിക്കാം, ആ യുഗത്തിൽ. ഗുഹയുടെ ഭിത്തിയിൽ ഒരു സ്ഥലത്ത് എന്തോ ചിലതെല്ലാം കൊത്തിവച്ചിരുന്നു, എന്തോ ചിത്രമായിരിക്കാം.—ഇപ്പോൾ വളരെ അസ്പഷ്ടമാണ്. നല്ലവണ്ണം മനസ്സിലാകുന്നില്ല. എത്ര ആദിമവർഗ്ഗക്കാരായ സ്ത്രീപുരുഷന്മാരുടെ ചിരിയും കോലാഹലവും, എത്ര സുഖദുഃഖങ്ങൾ—അപരിഷ്കൃതജാതിക്കാരുടെ ദുഷ്ടതയുടെ ഫലമായി ഒഴുകിയ കണ്ണുനീരിന്റെ അലിഖിതചരിത്രം ഈ ഗുഹയുടെ മണ്ണിലും വായുവിലും കൽച്ചുവരുകളിലും രേഖപ്പെടുത്തീട്ടുണ്ട്.—ചിന്തിക്കാൻ വളരെ രസം തോന്നുന്നു.

ഗുഹാമുഖത്തുനിന്നും നൂറുനൂറ്റുപതു ദണ്ഡകലെ അരുവിയിരമ്പിയൊലിക്കുന്ന വനത്തിനുള്ളിൽ ഒരു വെളിമ്പുറത്ത് ഒരു ഗോണ്ഡകുടുംബം താമസിക്കുന്നുണ്ട്. രണ്ടു കുടില്, ഒന്നു ചെറുതു്, മററതു്അല്പം വലുതു്;വനത്തിലെ മരക്കമ്പുകൊണ്ടു

ചെററകുത്തി മറച്ച്, ഇലകൊണ്ടു മേഞ്ഞതു്. കുടിലിൻെറ മുൻഭാഗത്തായി മറവില്ലാതെ തെളിഞ്ഞ സ്ഥലത്തു്, തുണ്ടുകല്ലുകൾ പെറുക്കിയെടുത്തു് അടുപ്പ് ഉണ്ടാക്കിയിട്ടുണ്ടു്. വലിയ ഒരു കാട്ടുബദാംമരത്തിൻെറ തണലിലാണു് ഇവരുടെ കുടിൽ. ബദാംമരത്തിൻെറ പഴുത്ത ഇലകൾ പൊഴിഞ്ഞുവീണു് മുറ്റം മിക്കവാറും മൂടിക്കിടക്കുകയാണു്.

ഗോണ്ഡകുടുംബത്തിൽ രണ്ടു പെൺകുട്ടികൾ ഉണ്ടു്. ഒന്നിനു് പതിനാറു പതിനേഴ വയസ്സും മററതിനു് പതിന്നാലു വയസ്സും പ്രായം വരും. കറുകറക്കറുത്ത നിറം തന്നെ. എന്നാൽ മുഖത്തു് ലളിതമായ ഒരു സൗന്ദര്യച്ഛായയുണ്ടു്. കൊഴുത്തുരുണ്ടു് അരോഗദൃഢമായ ശരീരം. ഇരുവരും ദിവസവും രാവിലെ രണ്ടുമൂന്നു കന്നിനേയുംകൊണ്ടു് തീററാൻ മലയിൽ പോകുന്നതും സന്ധ്യക്കു് തിരിച്ചുവരുന്നതും കാണാം. ഞാൻ തിരിച്ചെത്തി ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഈ രണ്ടു പെൺകുട്ടികളും എൻെറ കൂടാരത്തിൻെറ മുമ്പിൽക്കൂടി കന്നിനേയുംകൊണ്ടു തിരിച്ചുപോകുന്നതു ഞാൻ കണ്ടിട്ടുണ്ടു്.

ഒരുദിവസം മൂത്തപെണ്ണു് വഴിക്കുനിന്നിട്ടു് കൊച്ചനുജത്തിയെ എൻെറ കൂടാരത്തിലേക്കു് അയച്ചു. അവൾ വന്നു പറഞ്ഞു: "ബാബുജീ, സലാം. ബീഡി ഉണ്ടോ? ചേച്ചിക്കു് ഒരെണ്ണം വേണമെന്നു്."

"നിങ്ങൾ ബീഡി വലിക്കുമോ?"

"ഞാൻ വലിക്കേലെ, ചേച്ചി വലിക്കും, ബാബുജീ! ഒന്നു തരികേലേ? ഉണ്ടോ?"

"എൻറടുത്തു് ബീഡി ഇല്ല. ചുരുട്ടുണ്ടു്. അതു് നിങ്ങൾക്കു തരികയില്ല, വളരെ കടുത്തതാ, വലിക്കാനൊക്കുകയില്ല."

പെണ്ണു് തിരിച്ചു നടന്നുപോയി.

കുറച്ചുകഴിഞ്ഞു് ഞാൻ അവരുടെ വീട്ടിൽ ചെന്നു. എന്നെ കണ്ടിട്ടു് ഗൃഹനാഥൻ വിസ്മയിച്ചുപോയി.—ആദരപൂർവ്വം എന്നെ ഇരുത്തി. പെൺകുട്ടികൾ രണ്ടും 'ഘാടൊ', അതായതു് ചോളം വേവിച്ചതു്, പനയോലയിൽവച്ച് ഉപ്പുംകൂട്ടി തിന്നുകൊണ്ടിരിക്കുകയാണു്. കൂട്ടാൻ ഒന്നുംകൂടാതെ ചോളം വേവിച്ചതുമാത്രം. അവരുടെ അമ്മ അടുപ്പിൽ തീ കത്തിച്ചുകൊണ്ടിരിക്കുന്നു. രണ്ടു കൊച്ചുകുട്ടികൾ—ആണും പെണ്ണും—

കളിച്ചുകൊണ്ടിരിക്കുന്നു. ഗൃഹനാഥൻ അമ്പതുകഴിഞ്ഞ ഒരാൾ. ആരോഗ്യവും ബലവുമുള്ള ശരീരം. എന്റെ ചോദ്യത്തിന് ഉത്തരമായി അയാൾ പറഞ്ഞു: അവരുടെ വീട്ട് സിവ്വനി ജില്ലയിൽ ആണ്. ഈ മലയിൽ കന്നിനെ തീററാൻ പുല്ലും വെള്ളവും ധാരാളം ഉള്ളതുകൊണ്ട് കുറെ വഷമായി ഇവിടെതാമസിക്കുകയാണ്. അതുകൂടാതെ ഈ കാട്ടിലെ മുള്ളുമുള കൊണ്ട് കൊച്ചുകുട്ടയും തൊപ്പിയും ഉണ്ടാക്കാൻ വളരെ സൗകയ്യം ഉണ്ട്. ശിവരാത്രിക്ക് അഖിലകുചാമേളയ്ക്കു് അതു വിററാൽ വല്ലതും രണ്ട് പൈസാ കിട്ടുകയും ചെയ്യും.

ഞാൻ ചോദിച്ചു: "ഇവിടെ എത്രനാൾ താമസിക്കും?"

"മനസ്സിനു് സുഖം തോന്നുന്നിടത്തോളം, ബാബുജീ! പക്ഷെ, ഈ സ്ഥലം ഇനിക്കു നന്നാ പിടിച്ചിരിക്കയാ. ഇല്ലായിരുന്നെങ്കിൽ ഒരാണ്ടിൽ കൂട്ടതൽ ഞങ്ങൾ ഒരിടത്തും താമസിക്കാറില്ല. ഇവിടെ ഒരു വലിയ സൗകയ്യംകൂടിയുണ്ട്. മലമുകളിലെ കാട്ടിൽ ധാരാളം ആത്ത കായ്ക്കുന്നുണ്ട്. രണ്ടു കുട്ട നിറയെ പഴുത്ത ആത്തയ്ക്കാ കന്നിമാസത്തിൽ എന്റെ പെൺകുട്ടികൾ കന്നിനെ തീററാൻ പോകുമ്പോൾ പെറുക്കിക്കൊണ്ടുവരും. ആത്തയ്ക്കാമാത്രം തിന്നു് ഞങ്ങൾ രണ്ടുമാസം കഴിച്ചുകൂട്ടീട്ടുണ്ട്....ആത്തയ്ക്കായുടെ കൊതികൊണ്ടുതന്നെയാണു് ഞങ്ങൾ ഇവിടെ പാക്കുന്നതു്. അവരോടു ചോദിച്ചുനോക്കരുതോ?"

മൂത്തപെണ്ണു് ആഹാരം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽത്തന്നെ ആഹ്ലാദപൂവ്വം പറഞ്ഞു: "ഹാ! ഒരു സ്ഥലമുണ്ട്. ആ കിഴക്കേമലയുടെ കോണിലായി; വളരെ ആത്തമരങ്ങളുണ്ടവിടെ. കായ് വിളഞ്ഞുപഴുത്തു വീണുകിടക്കും താഴെ, ആരും തിന്നുകയില്ല. ഞങ്ങൾ കുട്ടകുട്ടയായി പെറുക്കിക്കൊണ്ടുപോരും."

ഈ സമയത്തു് ആരോ ഒരുവൻ തിങ്ങിയ കാട്ടിനകത്തുനിന്നുംവന്നു് കുടിലിന്റെ മുമ്പിൽ നിന്നുകൊണ്ടു പറഞ്ഞു: "സീതാറാം സീതാറാം ജയസീതാറാം. കുറച്ചു തീ തരാമോ?"

ഗൃഹനാഥൻ പറഞ്ഞു: "വന്നാലും ബാബുജീ, ഇരുന്നാലും!"

ജടാജൂടധാരിയായ ഒരു വൃദ്ധസന്യാസി. ഇതിനിടയ്ക്കു്

സന്ന്യാസി എന്നെ കണ്ടിട്ട്, അല്പം വിസ്മയത്തോടും ഈഷത്ഭയത്തോടും, എന്നു തോന്നുന്നു, സങ്കോചത്തോടെ ഒരുവശത്തോട്ടു മാറിനിന്നു.

ഞാൻ പറഞ്ഞു: ''പ്രണാമം, സന്ന്യാസിബാബുജീ!''

സന്ന്യാസി ആശിർവാദം നൽകി. പക്ഷേ, അപ്പോഴും ഭയം മാറീട്ടില്ലാത്തതുപോലെ കാണായി.

അയാൾക്ക് ധൈര്യം വരത്തക്കവണ്ണം ഞാൻ ചോദിച്ചു: ''ബാബുജിയുടെ താമസം എവിടെയാണ്?''

എന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞത് ഗൃഹനാഥനാണ്. അയാൾ പറഞ്ഞു: ''ബഡ്ഡിഗജാ വനത്തിനടുത്താണ് അദ്ദേഹം താമസിക്കുന്നത്. ആ രണ്ടു മലകളും യോജിക്കുന്ന ആ കോണിൽ. വളരെക്കാലമായിട്ട് അവിടെ താമസിച്ചുവരികയാണ്.''

വൃദ്ധസന്ന്യാസി ഇതിനിടയ്ക്ക് ഇരുന്നുകഴിഞ്ഞു. ഞാൻ സന്ന്യാസിയോടായി ചോദിച്ചു: ''ഇവിടെയായിട്ട് എത്ര നാളായി?''

ഇത്തവണ സന്ന്യാസിയുടെ ഭയം മാറിയിരുന്നു. അയാൾ പറഞ്ഞു: ''പതിനഞ്ചു പതിനാറു വർഷമായി, ബാബുസാഹിബ്.''

''തനിച്ചായിരിക്കുമോ? ഇവിടെ കടുവാ ഉണ്ടെന്നു കേട്ടിട്ടുണ്ടല്ലോ, പേടിയില്ലേ?''

''വേറെ ആരു താമസിക്കാനാ ബാബുസാഹിബ്? പരമാത്മാവിന്റെ നാമം ജപിക്കും. ഭയപ്പെട്ടാൽ കാര്യം നടക്കുമോ? ആട്ടെ, എനിക്ക് എത്ര വയസ്സു കാണുമെന്ന് പറയാമോ ബാബുസാഹിബേ?''

നല്ലവണ്ണം സൂക്ഷിച്ചുനോക്കീട്ട ഞാൻ പറഞ്ഞു: ''ഒരു എഴപതു കാണും.''

സന്ന്യാസി ചിരിച്ചുംകൊണ്ടു പറഞ്ഞു: ''അല്ല, ബാബുസാഹിബേ, തൊണ്ണൂറിൽ കൂടുതലായി. ഗയയുടെ അടുത്തുള്ള കാട്ടിലായിരുന്നു പത്തുവർഷം. അതുകഴിഞ്ഞു കുടിയാനവന്മാരുടെ കാട്ടിൽ മരംവെട്ടാൻ തുടങ്ങി; ക്രമേണ അവിടെ ആൾപാർപ്പായി. അവിടെനിന്നും ഇങ്ങോട്ട് ഓടിപ്പോന്നു. വീട്ടിൽ താമസിക്കാൻ വയ്യാ.''

"സന്യാസി ബാബുജീ! ഇവിടെ ഒരു ഗുഹയുണ്ടല്ലോ, നിങ്ങൾ അവിടെ താമസിക്കാത്തതെന്താ?"

"ഒന്നായിപ്പോയതെന്താ ബാബുസാഹിബേ? എത്രയോ ഗുഹയുണ്ട് ഈ മലയിൽ! ഞാൻ അവിടെ താമസിക്കുന്ന സ്ഥലവും ഒരു ഗുഹയല്ലെങ്കിലും ഗുഹപോലെതന്നെയാണ്; അതായതു് തലയ്ക്കുമുകളിൽ തട്ടും രണ്ടുവശത്തും ഭിത്തിയും ഉണ്ട്—മുൻഭാഗം തുറന്നുകിടക്കുകയാണ്."

"ആഹാരം ഭിക്ഷയെടുത്താണോ?"

"എങ്ങോട്ടും ഇറങ്ങുന്നില്ല, ബാബുസാഹിബേ! പരമാത്മാവു് ആഹാരം കൊണ്ടുവന്നു തരും. മുളനാമ്പു വേവിച്ചുതിന്നും. വനത്തിൽ ഒരുതരം കിഴങ്ങുണ്ട്; ചുവന്ന കിഴങ്ങുപോലെ. തിന്നാൻ കൊള്ളാം. വിളഞ്ഞ നെല്ലിക്കായും ആത്തയ്ക്കായും ഈ കാട്ടിൽ ധാരാളം കിട്ടും. നെല്ലിക്കാ വളരെ നല്ലതാ തിന്നാൻ. എന്നും നെല്ലിക്കാ തിന്നാൽ എളുപ്പം കിഴവനാകയില്ല; യൗവനം വളരെക്കാലം നീണ്ടുനില്ക്കുകയും ചെയ്യും. ഗ്രാമത്തിലെ ജനങ്ങൾ കാണാൻവരുമ്പോൾ, പാൽ പയറു വറുത്തതു് ശക്കര ഇതൊക്കെ കൊണ്ടുവന്നു തരും. ഇതുകൊണ്ടെല്ലാം ഒരുതരത്തിൽ കഴിഞ്ഞുകൂട്ടുകയാണ്."

"കടുവായുടേയോ കരടിയുടേയോ മുമ്പിൽച്ചെന്നു വീണിട്ടുണ്ടോ എപ്പോഴെങ്കിലും?"

"ഒരിക്കലുമില്ല. പക്ഷേ, ഭയങ്കരമായ ഒരുജാതി പെരുമ്പാമ്പിനെ കണ്ടിട്ടുണ്ട്. ഈ കാട്ടിൽ ഒരു സ്ഥലത്തു് അതനങ്ങാതെ കിടക്കുകയായിരുന്നു—പനപോലെ തടിച്ചതു്. ഇരുണ്ട നിറം, പച്ചയും ചുവപ്പും ചേന്ന രേഖകൾ, വലയങ്ങൾ ഉടലിൽ, കണ്ണുകൾ തീയുണ്ടപോലെ ജ്വലിക്കുന്നുണ്ട്. ഇപ്പോഴും അതീ കാട്ടിലുണ്ട്. അപ്പോൾ അതു വെള്ളത്തിനരികിൽ കിടക്കുകയായിരുന്നു, മാനിനെ പിടിക്കാനുള്ള മോഹംകൊണ്ടാണെന്നു തോന്നുന്നു. ഇപ്പോൾ അതു് ഏതെങ്കിലും ഗുഹയിൽ ഒളിച്ചുകിടപ്പുണ്ടായിരിക്കണം. ആട്ടെ ഞാൻ പോകുകയായി ബാബുസാഹിബേ, രാത്രിയായി."

സന്യാസി തീയും വാങ്ങിച്ചുകൊണ്ടുപോയി. വല്ലപ്പോഴും ഈ സന്യാസി ഇവരുടെ അവിടെ തീ വാങ്ങിക്കാൻ വരു

മ്പോൾ കുറച്ചുനേരം വത്തമാനം പറഞ്ഞുകൊണ്ടു് ഇരിക്കാറുണ്ടെന്നു പറഞ്ഞുകേട്ടു.

ഇതിന്നു മുമ്പുതന്നെ ഇരുട്ടുവ്യാപിച്ചു തുടങ്ങിക്കഴിഞ്ഞിരുന്നു; ഇപ്പോൾ പതുക്കെപ്പതുക്കെ നിലാവു് ഉയൎന്നുവരുന്നുണ്ടു്. താഴ്വരയിലെ മഹാവനം അത്ഭുതകരമാംവണ്ണം നിശ്ശബ്ദമായി. അട്ടത്തു കാട്ടരുവിയുടെ കുളുകുളുരവവും ചിലപ്പോൾ ഒന്നുരണ്ടു കാട്ടുകോഴിയുടെ കൂവലും അല്ലാതെ മറെറാരു ശബ്ദവും കേൾക്കാനില്ലായിരുന്നു.

ഞാൻ കൂടാരത്തിലേയ്ക്കു തിരിച്ചു. വഴിക്കു വലിയ ഇലവുമരത്തിൽ മിന്നാമിനുങ്ങുകൾ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്നു, ചക്രാകാരത്തിൽ ചുററിച്ചുററി മുകളിൽനിന്നും താഴോട്ടും താഴെനിന്നും മുകളിലോട്ടും വെളിച്ചവും നിഴലും കലൎന്നതായ പശ്ചാത്തലത്തിൽ ജ്യോമട്രിക്ക് ചിത്രങ്ങൾ വരച്ചുംകൊണ്ടു്.

## മൂന്നു്

ഇവിടെ ഒരുദിവസം കവി വെങ്കടേശ്വരപ്രസാദൻ വന്നു. നീണ്ടുചടച്ച ശരീരം, കറുത്ത സർജ്ജുകോട്ടും മുഷിഞ്ഞ ദോത്തിയും ധരിച്ചിട്ടുണ്ടു്. തലമുടി പരുപരുപ്പനായി പറന്നു കിടക്കുന്നു, വയസ്സു നാല്പതു കഴിഞ്ഞിട്ടുണ്ടു്.

ഉദ്യോഗാൎത്ഥിയാണെന്നു് ഞാൻ വിചാരിച്ചു. ഞാൻ ചോദിച്ചു: ''എന്തുവേണം?''

അയാൾ പറഞ്ഞു: ''ബാബുജി(ഹുജ്ജൂർ എന്നു സംബോധന ചെയ്തില്ല)യുടെ ദർശനപ്രാൎത്ഥിയായിട്ടു വന്നതാണു്. എൻെറ പേരു് വെങ്കടേശ്വരപ്രസാദ്. വീട്ടു് ബിഹാർ ഷരീഫ്, പാററ്നാ ജില്ലാ. ഇവിടെ ചക്മകി ഗ്രാമത്തിൽ താമസിക്കുകയാണു്—ഇവിടേനിന്നും മൂന്നുമൈൽ അകലെ.''

''ഓഹോ! ഇവിടെ എന്തിനായിട്ടാണാവോ?''

''ബാബുജി അനുവാദംതന്നാൽ പറയാം. അവിടുത്തെ സമയം നഷ്ടപ്പെടുത്തുകയായിരിക്കുമോ?''

അപ്പോൾ ഞാൻ വിചാരിച്ചു ഈയാൾ ഉദ്യോഗത്തിനു

വന്നിരിക്കുകയാണെന്നു്. എന്നാൽ ഹുജ്ജൂർ എന്നു പറയാത്തതുകൊണ്ടു് അയാൾ എന്റെ ശ്രദ്ധയെ ആകർഷിച്ചു.

ഞാൻ പറഞ്ഞു: "ഇരിക്കൂ. വളരെദ്ദൂരെനിന്നും ഈ വെയിലത്തു നടന്നുവന്നതാണല്ലൊ."

വേറെ ഒരുകാര്യം എന്റെ ശ്രദ്ധയിൽ പതിഞ്ഞു. അയാളുടെ ഹിന്ദി വളരെ ശുദ്ധമാണു്. ആ മാതിരി ഹിന്ദിയിൽ എനിക്കു സംസാരിക്കാൻ കഴിവില്ല. ശിപായിമാരും ഗ്രാമീണരായ കുടിയാനവന്മാരും ആയിട്ടാണല്ലൊ എന്റെ സമ്പക്കം. അവർ പറയുന്നതുകേട്ടു പഠിച്ച ദേഹാതീസംസാരഭാഷയോട്ടു് ബംഗാളി ഇഡിയംചേർത്ത ഒരുതരം വെങ്കലഭാഷയാണു് എന്റെ ഹിന്ദി. ഈമാതിരി സഭ്യവും പരിശുദ്ധവുമായ വിശിഷ്ട ഹിന്ദി ഞാൻ ഒരിക്കലും കേട്ടിട്ടില്ല. അതിൽ സംസാരിക്കുന്നതു പിന്നെ എങ്ങനെയാണു്? അതുകൊണ്ടു് ഞാൻ അല്പം കരുതലോടെ സംസാരിച്ചു: "അങ്ങു വന്നതിന്റെ ഉദ്ദേശ്യം എന്താണെന്നു പറഞ്ഞാലും!"

അയാൾ പറഞ്ഞു: "ഞാൻ അങ്ങയെ കുറച്ചു കവിത വായിച്ചുകേൾപ്പിക്കാൻ വന്നതാണു്."

ഞാൻ വിസ്മയിച്ചുപോയി. ഈ കാട്ടിൽ എന്നെ കവിത വായിച്ചുകേൾപ്പിക്കാൻ ഇങ്ങനെ ഒരു ആവശ്യം വന്നുകൂടിയ മനുഷ്യൻ! ഇങ്ങനെ ഒരു കവി ഉണ്ടായോ?

ഞാൻ പറഞ്ഞു: "അങ്ങു് ഒരു കവിയാണോ? വളരെ സന്തോഷം. അങ്ങയുടെ കവിത വളരെ സന്തോഷമായി കേൾക്കാം. പക്ഷേ, അങ്ങു് എങ്ങനെയാണു് എന്നെ കണ്ടുപിടിച്ചതു്?"

"മൂന്നുമൈൽ ദൂരെയാണു് എന്റെ വസതി, മലയ്ക്കുനേരെ അപ്പുറത്തുതന്നെ. എന്റെ ഗ്രാമത്തിലുള്ള എല്ലാവരും പറഞ്ഞു, കല്ക്കത്തയിൽനിന്നും ഒരു ബംഗാളിബാബു വന്നിട്ടുണ്ടെന്നു്. അങ്ങേയ്ക്കു് വിദ്യയെ വളരെ ബഹുമാനമാണു്, കാരണം അങ്ങുതന്നെ വിദ്വാനാണു്. കവി പറഞ്ഞിട്ടുണ്ടു്:

'വിദ്വത്സു സൽകവി വചോ ലഭതേ പ്രകാശം
ഛാത്രേഷു കുഡ്മളസമം ത്ബുണവജ്ജഡേഷു.'"

വെങ്കടേശ്വരപ്രസാദൻ എന്നെ കവിത കേൾപ്പിച്ചു. ഏതോ ഒരു റെയിൽവേലയിനിലെ ടിക്കററ്ചെക്കർ,

ബുക്കിംഗ്ക്ലാക്ക്, സ്റ്റേഷൻമാസ്റ്റർ, ഗാർഡ് തുടങ്ങിയ പേരോടുകൂടി ഘടിപ്പിച്ചിട്ടുള്ള ഒരു നീണ്ട കവിത. കവിത വളരെ ഉയന്നതരമാണെന്നൊന്നും എനിക്കു തോന്നിയില്ല. എന്നാൽ വെങ്കടേശ്വരനെപ്പറ്റി അന്യായമായി വിധികല്പിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. അയാളുടെ ഭാഷ എനിക്കു നല്ലവണ്ണം മനസ്സിലായില്ല—സത്യം പറഞ്ഞാൽ വിശേഷിച്ച് എനിക്കൊന്നും മനസ്സിലായില്ല. എങ്കിലും ഇടയ്ക്കിടയ്ക്കു പ്രോത്സാഹനവും ആസ്വാദനവും സൂചിപ്പിക്കുന്ന ശബ്ദം ഞാൻ പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

വളരെനേരം ആയി. വെങ്കടേശ്വരപ്രസാദൻ കവിതാപാരായണം നിറുത്തുന്ന ഭാവമേയില്ല; എഴുന്നേല്ക്കുന്നകാര്യം പിന്നെ പറയുകയുംവേണ്ടാ.

രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ അല്പസമയത്തേയ്ക്കു് ഒന്നു നിറുത്തിയിട്ട് പുഞ്ചിരിയോടെ ചോദിച്ചു: “എങ്ങനെ ഇരിക്കുന്നു, ബാബുജീ?”

ഞാൻ പറഞ്ഞു: “വളരെ നന്നായിരിക്കുന്നു. ഇത്തരം കവിത ഞാൻ വളരെ കുറച്ചേ കേട്ടിട്ടുള്ളു. അങ്ങെന്താ അങ്ങയുടെ കവിത വല്ല മാസികയ്ക്കും അയച്ചുകൊടുക്കാത്തതു്?”

വെങ്കടേശ്വരൻ സങ്കടമായി പറഞ്ഞു: “ബാബുജീ! ഈ നാട്ടിൽ എന്നെ എല്ലാവരുംതന്നെ ഭ്രാന്തനെന്നാണു വിളിക്കുന്നതു്. കവിത മനസ്സിലാക്കാൻ കഴിവുള്ള ഒരുവൻ ഈ നാട്ടിലുണ്ടെന്നു് അങ്ങു വിചാരിക്കുന്നുണ്ടോ? അങ്ങയെ കേൾപ്പിച്ചിട്ട് ഇന്നെനിക്കു തൃപ്തിയായി. ആസ്വദിക്കാൻ കഴിവുള്ളവനെയാണു് ഇതെല്ലാം കേൾപ്പിക്കേണ്ടതു്. അതുകൊണ്ടു് അങ്ങയുടെ കാര്യം കേട്ടപ്പോൾത്തന്നെ ഞാൻ വിചാരിച്ചതാണു സമയംപോലെ ഒരുദിവസം വന്നു് അങ്ങയെ പിടികൂടണമെന്നു്.”

ആ ദിവസം അയാൾ യാത്രപറഞ്ഞു പോയി. പക്ഷേ, അടുത്തദിവസം വൈകുന്നേരം വന്നു് എന്നെ നിർബന്ധിക്കാൻ തുടങ്ങി, അയാളുടെ ഗ്രാമത്തിൽ അയാളുടെ വീട്ടിൽ ഞാനൊന്നു ചെല്ലണമെന്നുംപറഞ്ഞു്. അപേക്ഷ നിരസിക്കാൻ കഴിയാതെ അയാളുടെകൂടെ കാൽനടയായി ചക്മകി ഗ്രാമത്തിലേയ്ക്കു് ഞാൻ യാത്രതിരിച്ചു.

നേരം വൈകിത്തുടങ്ങി. പുരോഭാഗത്തെ ഗോതമ്പുവയലിൽ വളരെദൂരം വടക്കേ മലയുടെ നിഴൽവീണിട്ടുണ്ടു്. നാലുപാട്ടും എന്തോ ഒരു ശാന്തി; സില്ലിപ്പക്ഷിക്കൂട്ടം മുള്ളുമുളക്കൂട്ടത്തിൻെറ മുകളിൽ പറന്നുവന്നിരുപ്പുണ്ടു്. ഗ്രാമത്തിലെ ബാലികാബാലന്മാർ അരുവിയിൽ കൊച്ചുകൊച്ചു മീൻപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഗ്രാമത്തിൽ തൊട്ടുതൊട്ടു വീടുകൾ, കുടിലുകൾ; പല വീടുകൾക്കും മുററം എന്നു പറയുന്നതേയില്ല. മാത്ധാരിമരംകൊണ്ടുണ്ടാക്കിയ, മച്ചില്ലാത്ത ഒരു വീട്ടിലേയ്ക്കു് വെങ്കടേശ്വരൻ എന്നെ കൂട്ടിക്കൊണ്ടുപോയി. വഴിക്കരികിലാണു് അയാളുടെ വീടിൻെറ ചാവടി. അതിൽ തടികൊണ്ടുള്ള ഒരു കട്ടിലിൽ എന്നെ ഇരുത്തി. അല്പംകഴിഞ്ഞു് കവിയുടെ ഭാര്യയേയും അവിടെ കണ്ടു. അവർതന്നെ ഉണ്ടാക്കിയ തൈരുവടയും ചോളം വേവിച്ചതും ഞാൻ ഇരുന്നിരുന്ന കട്ടിലിൽത്തന്നെ ഒരു ഭാഗത്തായി കൊണ്ടുവന്നു വച്ചു. പക്ഷേ, അവർ ഒന്നും മിണ്ടിയില്ല. എന്നാലും അവർ മൂട്ടപടം ധരിച്ചിരുന്നില്ല. ഇരുപത്തിനാലിരുപത്തഞ്ചു വയസ്സുവരും. നിറം വെളുത്തല്ലെങ്കിലും കറുത്തല്ല. മുഖം വളരെ ശാന്തം. സുന്ദരിയാണെന്നു പറയാൻവയ്യെങ്കിലും വിരൂപയല്ല. പെരുമാററത്തിൽ ഒരു സാരള്യവും ഒതുക്കവും സംസ്കാരസമ്പന്നതയും കാണാനുണ്ടു്.

മററൊരുകാര്യം എൻെറ ശ്രദ്ധയിൽപ്പെട്ടു—അവരുടെ ആരോഗ്യം! ഈ നാട്ടിൽ ഞാൻ പോയിട്ടുള്ളിടത്തെല്ലാം സ്ത്രീകളുടെ ആരോഗ്യം ബംഗാളിസ്ത്രീകളുടെ ആരോഗ്യത്തെക്കാൾ വളരെ മെച്ചമാണെന്നു് ഞാൻ മനസ്സിലാക്കി; കാരണം എന്താണെന്നു് എങ്ങനെ അറിയാം. തടിച്ചതല്ല, നല്ല പൊക്കം ഉണ്ടു്; കൊഴുത്തുരുണ്ട നല്ല ഒതുങ്ങി ഉറച്ച ശരീരമുള്ള സ്ത്രീകൾ ഇവിടെ ഉള്ളടത്തോളം ബംഗാളത്തു കണ്ടിട്ടില്ല. കവിഗൃഹിണിയും ഇത്തരത്തിലുള്ള സ്ത്രീതന്നെ.

അല്പം കഴിഞ്ഞു് അവർ ഒരു കപ്പു് കന്നിൻതൈരു് കട്ടിലിൻെറ ഒരുവശത്തു വച്ചിട്ടു് മാറി കതകിനു മറഞ്ഞുനിന്നു. ചെയിൻകിലുങ്ങുന്ന ഒച്ചകേട്ടിട്ടു് വെങ്കടേശ്വരപ്രസാദൻ എഴുന്നേററു് ഭാര്യയുടെ അടുക്കൽചെന്നിട്ടു് അപ്പോൾത്തന്നെ തിരിച്ചുവന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു: “എൻെറ ഭാര്യ

പറയുന്നതുകേട്ടോ, അവിട്ടന്നു് ഞങ്ങളുടെ സ്നേഹിതനായിത്തീന്നിരിക്കുന്നു; സ്നേഹിതനെ ഒന്നു രസിപ്പിച്ചാലെന്താന്നുവച്ച് അവൾ ധാരാളം ചുക്കും മുളകുംപൊടിച്ചു ചേത്തിട്ടുണ്ടെന്നു്."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "അങ്ങനെയാണെങ്കിൽ ഞാൻതന്നെ ആകുന്നതെന്തിനാ? എല്ലാവരുടേയും കണ്ണിൽനിന്നും വെള്ളം വരണം; അതിനുവേണ്ടി ഞാൻ പറയുന്നു, ഈ തൈരു് മൂന്നുപേരുംകൂടി കുടിക്കണം. വന്നാട്ടെ." കവിപത്നി കതകിൻെറ മറവിൽനിന്നു ചിരിച്ചു. ഞാൻ വിട്ടുമോ? അവരേയും കുടിപ്പിച്ചു.

കുറച്ചുകഴിഞ്ഞു് കവിപത്നി വീട്ടിനകത്തേയ്ക്കുപോയി ഒരു പ്ലേററ് കൈയിലെടുത്തുംകൊണ്ടുവന്നു് കട്ടിലിനരികിൽ വച്ചു. ഇത്തവണ എൻെറ മുമ്പിൽത്തന്നെയാണു വച്ചതു്. അവൾ കൗതുകത്തോടെ ഞാൻ കേൾക്കെ പറഞ്ഞു: "ബാബുജിയോടു പറഞ്ഞാട്ടെ, ഇത്തവണ വീട്ടിലുണ്ടാക്കിയ പ്യാണ്ഡാ തിന്നാൽ വായിലെ എരിവെല്ലാം പോകുമെന്നു്."

എത്ര സുന്ദരവും മധുരവും ആയ സ്ത്രീശബ്ദത്തിലാണു് അവൾ കട്ടപ്പുമുള്ള ഹിന്ദി സംസാരിച്ചതു്!

ഈ പ്രദേശത്തെ പെണ്ണുങ്ങളുടെ നാവിൽനിന്നും വീഴുന്ന ഈ ഹിന്ദിയുടെ സ്വരം എനിക്കു വളരെ ഇഷ്ടമായി. എനിക്കുതന്നെ നല്ല ഹിന്ദി സംസാരിക്കാൻ അറിഞ്ഞുകൂടാഞ്ഞിട്ടായിരിക്കാം ഈ ഹിന്ദിസംസാരഭാഷയോടു് ഇത്ര വലിയ ആകഷ്ണം! ഗ്രന്ഥത്തിലെ ഹിന്ദിയല്ല;—ഈ ഗ്രാമങ്ങളിലെ, മലകളിലെ, വനാന്തരങ്ങളിലെ—ശ്യാമളനിറംപൂണ്ടു വ്യാപിച്ചുകിടക്കുന്ന യവ–ഗോതമ്പുതോട്ടങ്ങളുടെ പാർശ്വസ്ഥലങ്ങളിലെ, പോത്തുകളെക്കൊണ്ടു് തുകൽയന്ത്രം തിരിപ്പിച്ചു ജലസേചനം ചെയ്യപ്പെടുന്ന വയലുകളിലെ, അസ്തമനസൂര്യൻെറ ഛായാസമ്പൂണ്ണമായ അപരാഹ്നത്തിൽ വിദൂരതയിലെ നീലാഭകലന്ന ശൈലശ്രേണിയിലേയ്ക്കു പറക്കുന്ന ബാലിഹംസങ്ങളോ സില്ലിപ്പക്ഷികളോ ദൂരവ്യാപിയായ ഒരു ഭൂതലത്തിൻെറ പ്രതീതി ആനയിക്കുന്ന ആ സ്ഥലത്തെ—അവിടങ്ങളിലെ ഭാഷ—ക്രിയാപദങ്ങൾചേത്തു മുറിച്ചുമുറിച്ചു പെട്ടെന്നു നിറുത്തി പറയുന്ന ആ ഭാഷ, വിശേഷിച്ചു് സ്ത്രീകളുടെ നാവിൽ

നിന്നും പുറപ്പെട്ടുന്ന ആ ഭാഷ—അതിൻെറ ആകർഷണം അന്യാദൃശമാണ്.

പെട്ടെന്ന് ഞാൻ കവിയോടു പറഞ്ഞു: "ദയവുചെയ്തു് അങ്ങയുടെ ഒന്നുരണ്ടു കവിത വായിച്ചു കേൾപ്പിച്ചാലും!"

വെങ്കടേശ്വരപ്രസാദൻെറ മുഖം ഉത്സാഹംകൊണ്ടു് ഉജ്ജ്വലിച്ചുകാണായി. ഒരു ഗ്രാമ്യപ്രേമകഥയെ ആസ്പദമാക്കി ഒരു കവിത എഴുതീട്ടുണ്ടു്. അതു് എന്നെ വായിച്ചു കേൾപ്പിച്ചു. ഒരു ചെറിയ കനാലിൻെറ ഇക്കരെയുള്ള ചോളത്തോട്ടത്തിൽ ഒരു യുവാവു് പതിവായി കാവലിരുന്നുവന്നു. കനാലിൻെറ അക്കരെയുള്ള കടവിൽ ഒരു ചെറുപ്പക്കാരി കുടത്തിൽ വെള്ളം കോരിക്കൊണ്ടുപോകാൻ എന്നും വരിക പതിവായിരുന്നു. ആ പെണ്ണു് വളരെ സുന്ദരിയാണല്ലോ എന്നു് ആ യുവാവു് വിചാരിച്ചു. മറെറാരു ദിക്കിലേക്കു് മുഖം തിരിച്ചിട്ടു് ചൂളംവിളിച്ചു പാടിക്കൊണ്ടു് ആടിനേയും കന്നുകാലികളേയും ഓടിക്കുന്നതിനിടയിൽ കൂടെക്കൂടെ ആ പെണ്ണിനെ നോക്കും; പലപ്രാവശ്യം ഇരുവരും പരസ്പരം കടാക്ഷിച്ചിട്ടുണ്ടു്. അപ്പോഴെല്ലാം ആ ചെറുപ്പക്കാരിപ്പെണ്ണു് നാണിച്ചു് മുഖം ചുവന്നു് കീഴ്പ്പോട്ടു നോക്കിയിട്ടും ഉണ്ടു്. അവൻ എന്നും വിചാരിക്കും, 'നാളെയാട്ടെ അവളെ വിളിച്ചു കാര്യം പറയണം' എന്നു്. വീട്ടിൽ വരുമ്പോൾ അവൻ ആ പെണ്ണിൻെറ കാര്യം ഓർമ്മിക്കും, 'എത്രയോ ദിവസം കഴിഞ്ഞുപോയി, എത്രദിവസം വന്നു, എത്ര പോയി—മനസ്സിലിരിക്കുന്ന കാര്യം പറഞ്ഞുമില്ല.' അതു കഴിഞ്ഞു് ഒരുദിവസം അവൾ വന്നില്ല; അടുത്തദിവസവും വന്നില്ല; ദിവസം, ആഴ്ച, മാസം എന്നിങ്ങനെ കടന്നുപോയി. എന്നും കണ്ടു പരിചയപ്പെട്ട ആ പെണ്ണെവിടെ? അയാൾ ഭഗ്നാശനായി എന്നും വയലിൽനിന്നും വീട്ടിൽ തിരിച്ചെത്തും—ആ ഭീരുവായ കാമുകനു് ധൈര്യമായി ആരോടും ഒന്നും ചോദിക്കാൻ കഴിഞ്ഞില്ല. കാലാന്തരത്തിൽ അവൻ നാടുവിട്ടു് മറെറാരിടത്തു ജോലിക്കു പോയി. വളരെക്കാലം കഴിഞ്ഞു—ആ ചെറുപ്പക്കാരനു് ആ കടവിലെ രൂപവതിയായ ആ പെണ്ണിനെ ഇന്നും മറക്കാൻകഴിയുന്നില്ല.

വിദൂരതയിലെ ശൈലനിരയിലും ദിഗന്തവ്യാപിയായ സസ്യക്ഷേത്രത്തിലും ദൃഷ്ടി പതിപ്പിച്ചുംകൊണ്ടിരുന്നു്, ഇരുണ്ടു

തുടങ്ങിയ സന്ധ്യയ്ക്കു് ഈ കവിത വായിച്ചു കേട്ടുകൊണ്ടിരിക്കവേ എത്രയോപ്രാവശ്യം എനിക്കു തോന്നിപ്പോയി, ഇതു് സ്വജീവിതത്തിലെ അനുഭവമല്ലേ എന്നു്. കവിപ്രിയതമയുടെ പേരു്, രശ്മാ, കാരണം ഈ ശീർഷകത്തിൽ കവി ഒരു കവിത എഴുതീട്ടുണ്ടു്; അതു മുമ്പു് എന്നെ വായിച്ചുകേൾപ്പിച്ചതാണു്. ഞാൻ വിചാരിച്ചു: 'ഇത്ര ഗുണവതിയും സുന്ദരിയും ആയ രശ്മയെ കിട്ടിയിട്ടും കവിയുടെ ബാല്യത്തിലെ ആ ദുഃഖം ഇന്നും തീൎന്നിട്ടില്ലല്ലോ എന്നു.'"

എന്നെ കൂടാരത്തിലേയ്ക്കു കൊണ്ടുപോരുന്ന സമയം വെങ്കടേശപരപ്രസാദൻ ഒരു പേരാൽ കാണിച്ചിട്ടു് എന്നോടു പറഞ്ഞു: "ബാബുജി! ഇതാ കാണുന്നില്ലേ ആ പേരാൽ; അതിന്റെ കീഴിൽ അന്നു് ഒരു കവിസമ്മേളനം നടന്നു. അനേകം കവികൾ അന്നു് കവിതാപാരായണം നടത്തി. എനിക്കും ക്ഷണം ഉണ്ടായിരുന്നു. എന്റെ കവിത കേട്ടിട്ടു് പാറ്റ്നായിലെ ഈശപരീപ്രസാദ ദൂബേ—ഈശപരീപ്രസാദനെ അങ്ങു് അറിയുമോ?—വലിയ കലാരസികനാണു്. 'ദൂത'പത്രികയുടെ സമ്പാദകൻ. അദ്ദേഹംതന്നെ ഒരു നല്ല കവിയുംകൂടിയാണു്—എന്നെ വളരെ പ്രശംസിച്ചു.

വൎത്തമാനം കേട്ടിട്ടു് എനിക്കു തോന്നി, വെങ്കടേശപരന്റെ ജീവിതത്തിൽ ഇതു് ഒരൊററപ്രാവശ്യമാണു് സദസ്സിൽനിന്നു തന്റെ കവിത വായിക്കാൻ തനിക്കു ക്ഷണം കിട്ടിയതെന്നും ആ മിനിററു് അയാളുടെ ജീവിതത്തിലെ ഏററവും മഹനീയവും സ്മരണീയവും ആയിത്തീൎന്നിട്ടുണ്ടെന്നും. ഇത്രവലിയ ബഹുമാനം അയാൾക്കു് ഒരിക്കലും കിട്ടിയിട്ടില്ല.

# പരിച്ഛേദം പതിമൂന്ന്

**ഒന്നു്**

ഏതാണ്ട് മൂന്നുമാസം കഴിഞ്ഞിട്ട് കച്ചേരിയിലേയ്ക്കു മടങ്ങാൻപോവുകയാണു്. അത്രയുംകാലംകൊണ്ടേ സർവ്വേജോലി തീർന്നുള്ളു.

പത്തിരുപതുനാഴിക വഴി. ഈ വഴിയിൽക്കൂടിത്തന്നെയാണു് ആ ധനുസ്സംക്രാന്തിമേളയ്ക്ക് ഞാൻ വന്നിരുന്നതു്—അതേ പയിനും പ്ലാശും നിറഞ്ഞ കാട്ട്, കല്ലുനിറഞ്ഞ തകിടിപ്പുറം, ഉയർന്നും താഴ്ന്നും കിടക്കുന്ന ശൈലനിര. രണ്ടു മണിക്കൂർ സഞ്ചരിച്ചശേഷം ദൂരെ ചക്രവാളത്തിന്റെ മടിയിൽ ഒരു ധൂസരരേഖ കാണായി—മോഹനപുരാറിസേർവ്വ്ഫോറസ്റ്റ്.

ദിക്കറിയിക്കുന്ന ഈ പരിചിതമായ കാഴ്ച കണ്ടിട്ട് മൂന്നുമാസമായി. ഇവിടെവന്നു് ഇത്രയുംദിവസം താമസിച്ചതുകൊണ്ട് ഞങ്ങളുടെ ലബ്ടുലിയാ, നാഢാബയിഹാർ എന്നീ സ്ഥലങ്ങളോട്ട് എനിക്കു് എന്തോ ഒരു ആകർഷണം ഉണ്ടായിപ്പോയി. ഇവിടംവിട്ട് മറെറവിടെയെങ്കിലും പോയിവളരെ ദിവസം താമസിച്ചാൽ സ്വന്തം നാട്ട വിട്ട് വിദേശത്തു താമസിക്കുന്നതുപോലെ ഒരു അസുഖം. മൂന്നു മാസത്തിനുശേഷം ഇന്നു് മോഹനപുരാറിസേർവ്ഫോ റസ്റ്റിൻെറ സീമാരേഖ കണ്ടിട്ട്, ലബ്ടുലിയായുടെ അതിർത്തിയിലേയ്ക്ക് ഇപ്പോഴും ഏഴെട്ടുമൈൽ ദൂരം വരുമെങ്കിലും, വിദേശവാസം കഴിഞ്ഞു് സ്വദേശത്തേയ്ക്കു മടങ്ങുന്ന ഒരുവനു് ഉണ്ടാകുന്ന ആനന്ദം ഇന്നു് ഞാൻ അനുഭവിച്ചു.

ഒരു ചെറിയ മലയുടെതാഴെ വളരെ വിസ്താരത്തിൽ കാട്ടു വെട്ടിത്തെളിച്ച് കുങ്കുമപ്പൂച്ചെടി കൃഷിചെയ്തിട്ടുണ്ടായിരുന്നു. ഇപ്പോൾ അതു് വിളയുന്ന സമയമാണു്. അതു സംഭരിക്കുവാൻ ആ തോട്ടത്തിൽ അനേകംപേർ ജോലിചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

ഞാൻ ആ തോട്ടത്തിനടുത്തുകൂടിയുള്ള വഴിയിൽക്കൂടി പോകുകയാണു്. പെട്ടെന്നു് തോട്ടത്തിൽനിന്നും ആരോ എന്നെ വിളിച്ചു: "ബാബുജീ! അതു് ബാബുജിയാണല്ലോ—ബാബുജീ!"

നോക്കിയപ്പോൾ എനിക്കു മനസ്സിലായി അതു് കഴിഞ്ഞ യാണ്ടത്തെ ആ മഞ്ചിയാണെന്നു്. ഞാൻ വിസ്മയിച്ചുപോയി, ആനന്ദിക്കുകയുംചെയ്തു.

കുതിരയെ നിറുത്തിയപ്പോഴേയ്ക്കും അവൾ മന്ദഹാസത്താൽ മനോഹരമായ മുഖത്തോടുകൂടി അരിവാളും കൈയിൽ എടുത്തുകൊണ്ടു് ഓടിവന്നു് കുതിരയുടെ അടുത്തുനിന്നു. അവൾ പറഞ്ഞു: "ഞാൻ ദൂരെ കുതിരയെ കണ്ടപ്പോൾത്തന്നെ മനസ്സിലാക്കിക്കഴിഞ്ഞു. എവിടെ പോയിരുന്നു ബാബുജീ?"

മഞ്ചി കാഴ്ചയിൽ അതുപോലെതന്നെ ഇരിക്കുന്നു; കുറച്ചുകൂടി ആരോഗ്യവതിയായിട്ടുണ്ടു്, എന്നുതന്നെ പറയാം. കുങ്കുമപ്പൂമ്പൊടി പററി അവളുടെ കൈയും സാരിയുടെ മുൻഭാഗവും ചുവന്നിട്ടുണ്ടു്.

ഞാൻ പറഞ്ഞു: "ബഹറാമ്പൂരുമലയുടെ താഴെ ജോലിയുണ്ടായിരുന്നു. അവിടെ മൂന്നുമാസം താമസിച്ചു. അവിടെനിന്നും മടങ്ങിപ്പോവുകയാണു്. നിങ്ങൾ ഇവിടെ എന്തോന്നാ ചെയ്യുന്നതു്?"

"കുങ്കുമപ്പൂവു് അറുക്കുകയാണു് ബാബുജീ! നേരം ഉണ്ടല്ലോ, ഇവിടെ ഇറങ്ങിയാട്ടെ. ഇവിടെ അടുത്താ ഞങ്ങടെ കുടിൽ."

എൻെറ ഒഴികഴിവുകൾ ഒന്നും അവൾ വകവച്ചില്ല. മഞ്ചി വേലനിറുത്തിയിട്ടു് എന്നെ അവരുടെ കുടിലിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. മഞ്ചിയുടെ ഭർത്താവു് നക്ച്ഛേദിഭക്തൻ ഞാൻ വന്നിട്ടുണ്ടെന്നുകേട്ടു് തോട്ടത്തിൽനിന്നും വന്നു.

നക്ച്ഛേദിഭക്തൻെറ ആദ്യത്തെ ഭാര്യ കുടിലിനകത്തു് ഭക്ഷണം പാകംചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അവൾക്കും എന്നെ കണ്ടപ്പോൾ സന്തോഷം തോന്നി.

എന്നാൽ മഞ്ചിയാണു് എല്ലാക്കാര്യത്തിലും അഗ്രിമസ്ഥാനത്തു്. അവൾ എനിക്കുവേണ്ടി ഗോതമ്പുകച്ചി വിരിച്ചു് സുഖമായി ഇരിക്കാൻ ഇരിപ്പിടം തയാറാക്കി. ഒരു

ചെറിയ കോപ്പയിൽ മഹ്ഹുയാതൈലം എടുത്തുകൊണ്ടുവന്നു് കുളിച്ചിട്ടുവരാൻ എന്നോടു പറഞ്ഞു.

അവൾ പറഞ്ഞു: "നടന്നാട്ടെ, ഞാൻകൂടെ വരാം. ഈ ഗ്രാമത്തിനു തെക്കായി ഒരു കൊച്ചുകുളം ഉണ്ടു്. നല്ല വെള്ളമാ."

ഞാൻ പറഞ്ഞു: "ആ വെള്ളത്തിൽ ഞാൻ കുളിക്കുകയില്ല, മഞ്ചീ. ഈ ഗ്രാമത്തിലുള്ളവരെല്ലാം ആ വെള്ളത്തിലാണു് മുണ്ടു് അലക്കുന്നതും, മുഖം കഴുകുന്നതും, കുളിക്കുന്നതും, പാത്രം തേച്ചുമെഴക്കുന്നതും എല്ലാം. ആ വെള്ളം വളരെ ചീത്തയായിരിക്കും. നിങ്ങൾ ഇവിടെ ആ വെള്ളം തന്നെയാണോ കുടിക്കുന്നതു്? അങ്ങനെയാണെങ്കിൽ ഞാൻ പോവുകയായി. ഞാനാവെള്ളം കുടിക്കുകയില്ല."

മഞ്ചി വിചാരത്തിൽ മുങ്ങിപ്പോയി. എനിക്കു മനസ്സിലായി, ഇതല്ലാതെ വേറെ എവിടുന്നാ ഇവക്കു വെള്ളം കുടിക്കാൻ കിട്ടുന്നതു്? കുടിക്കാതെ എന്തുചെയ്യും?

മഞ്ചിയുടെ വിഷണ്ണമായ മുഖം കണ്ടിട്ടു് എനിക്കു് സങ്കടംതോന്നി. ഈ ദൂഷിച്ചവെള്ളം ഇവർ ആനന്ദമായി കുടിച്ചുകൊണ്ടിരിക്കുകയാണു്. ഈ വെള്ളത്തിൽ മറെറന്തെങ്കിലും ഉണ്ടായിരിക്കാൻ വകയുണ്ടെന്നു് ഇവർ ഒരിക്കലും വിചാരിച്ചുകാണുകയില്ല. ഇന്നു് ഞാൻ വെള്ളത്തിൻെറ ദൂഷ്യം പറഞ്ഞു് ഇവരുടെ ആതിഥ്യം സ്വീകരിക്കാതെപോയാൽ പാവം മഞ്ചിയുടെ മനസ്സിനു് അതു് ഒരു പ്രഹരംതന്നെ ആയിരിക്കും.

മഞ്ചിയോടു ഞാൻ പറഞ്ഞു: "ആട്ടേ. ഈ വെള്ളം നല്ല വണ്ണം തിളപ്പിച്ചുകൊണ്ടുവരാമോ? എന്നാൽ ഞാൻകുടിക്കാം. കുളിക്കുന്ന കാര്യം കിടക്കട്ടെ."

മഞ്ചി പറഞ്ഞു: "അതിനെന്താ ബാബുജീ! ഞാൻ അവിടുത്തേക്കു് ഒരു ടിൻ വെള്ളം തിളപ്പിച്ചുതരാമല്ലൊ. അതിൽ തന്നെ അവിടുന്നു് കുളിച്ചോണ്ടാട്ടെ. ഇപ്പഴും അത്രയ്ക്കൊന്നും സമയം പോയിട്ടില്ല. ഇരുന്നാട്ടെ, ഇപ്പം കൊണ്ടുവന്നേക്കാം വെള്ളം."

മഞ്ചി വെള്ളം കൊണ്ടുവന്നിട്ടു് ഭക്ഷണം പാകംചെയ്യാനുള്ള വട്ടങ്ങളെല്ലാം അടുപ്പിച്ചുതന്നു. അവൾ പറഞ്ഞു:

"എൻെറ കൈകൊണ്ടുവച്ചാൽ അവിട്ടുന്നു കഴിക്കയില്ലല്ലൊ. അവിട്ടുന്ന്തന്നെ എന്നാൽ പാകം ചെയ്തോണ്ടാട്ടെ. എന്താ?"

"എന്തുകൊണ്ടു പാടില്ല? നിങ്ങൾതന്നെ ആകാവുന്നതു പോലെ പാകംചെയ്തോളൂ."

"അതു പാടില്ല, ബാബുജീ! അവിട്ടുന്നുതന്നെ പാകം ചെയ്യണം. ഒരു ദിവസത്തേയ്ക്കുവേണ്ടി അവിട്ടത്തെ ജാതി ഞാനെന്തിനാ കളയുന്നതു്? എനിക്കതു പാപമായിത്തീരും."

"ഒന്നുമില്ല. ഞാൻ പറയുന്നു നിന്നോടു്, ഇതുകൊണ്ടു് നിനക്കു് ഒരു ദോഷവും ഉണ്ടാവുകയില്ല."

ഗത്യന്തരമില്ലാതെ മഞ്ചി ഭക്ഷണം പാകംചെയ്യാൻ ഇരുന്നു. അതിനു വിശേഷിച്ചൊന്നും ഉണ്ടായിരുന്നില്ല. കൈകൊണ്ടുണ്ടാക്കിയ കുറച്ചു വലിയ റൊട്ടി, കാട്ടുധുന്ദുലംകൊണ്ടു് ഒരുകൂട്ടാൻ. നക്ഛേദി എവിടുന്നോ ഒരുചട്ടി എരുമപ്പാൽ കൊണ്ടുവന്നു.

പാകം ചെയ്യുന്നതിനിടയിൽ മഞ്ചി, അവൾ ഇത്രയും നാളായി എവിടെയെല്ലാം ചുററിക്കറങ്ങി എന്നെല്ലാം ഉള്ള വർത്തമാനം പറഞ്ഞുതുടങ്ങി. മലമ്പ്രദേശത്തു് ഉഴന്നുപ്പിനു പോയപ്പോൾ അവൾ ഒരു ആട്ടിൻകുട്ടിയെ വളർത്തിയെന്നും, അതു് എങ്ങനെയോ കാണാതെപോയി എന്നും മററും ഉള്ള കഥകൾ ഞാൻ അങ്ങനെ വെറുതെ ഇരുന്നു കേട്ടു.

എന്നോടു പറഞ്ഞു: "ബാബുജീ! കാങ്കോയാരാ രാജാവിൻെറ ജമിന്ദാരിഭൂമിയിൽ ചൂടുവെള്ളം നിറഞ്ഞ ഒരു തടാകം ഉണ്ടെന്നറിയാമോ? അങ്ങുന്നു് അതിനടുത്തൊക്കെ പോയിട്ടുണ്ടല്ലൊ. അവിടെ പോയിട്ടില്ലേ?"

ഞാൻ പറഞ്ഞു: "തടാകത്തിൻെറ കാര്യം കേട്ടിട്ടുണ്ടു്. പക്ഷേ, അവിടെപോകാൻ എനിക്കിടയായിട്ടില്ല."

മഞ്ചി പറഞ്ഞു: "ബാബുജീ! കേട്ടാട്ടെ. ഞാൻ അവിടെ കുളിക്കാൻ പോയിട്ടു് അടിമേടിച്ചു; എന്നെ കുളിക്കാൻ സമ്മതിച്ചില്ല."

മഞ്ചിയുടെ ഭർത്താവു് പറഞ്ഞു: "ശരിയാ! അതൊരു ഭയങ്കരസംഭവമാ ബാബുജീ! അക്രമികളാണു് അവിട്ടത്തെ പാണ്ഡാകളു്!"

ഞാൻ ചോദിച്ചു: "എന്തോന്നാ ഉണ്ടായതു്?"

മഞ്ചി ഭർത്താവിനോടു പറഞ്ഞു: "ബാബുജിയോടു നീങ്ങൾതന്നെ പറഞ്ഞാട്ടെ, ബാബുജി കൽക്കത്താക്കാരനാണ്. അദ്ദേഹം എഴുതും. അപ്പോൾ അക്രമികളായ ഗുണ്ടാകൾ അവരുടെ തെമ്മാടിത്തരത്തിൻെറ ഫലം അനുഭവിച്ചുകൊള്ളും."

നക്ച്ഛേദി പറഞ്ഞു:"ബാബുജീ! അവിടെ സൂര്യകുണ്ഡം വളരെ നല്ല ഒരു സ്ഥലമാണ്. വഴിയാത്രക്കാർ അവിടെയാ കുളിക്കുന്നതു്. ഞങ്ങൾ ആമലാതലിമലയ്ക്കു താഴെ ഉഴന്നുകകയായിരുന്നു. വെളുത്തവാവായിരുന്നോ എന്തോ വയലിലെ കൊയ്ത്തുകഴിഞ്ഞു് അവൾ കുളിക്കാൻ പോയി. എനിക്കന്നു് പനിയായിരുന്നു; കുളിക്കാൻ വയ്യായിരുന്നു എനിക്കു്. മൂത്ത ഭാര്യ തുളസിയും പോയില്ല; അവൾക്കത്ര മതഭ്രാന്തൊന്നുമില്ല. എന്നിട്ടു് മഞ്ചി സൂര്യകുണ്ഡത്തിൽ കുളിക്കാനിറങ്ങി. പാണ്ഡാകൾ ചോദിച്ചു: 'ഏ! അതിലെന്തിനാ ഇറങ്ങുന്നതു്?' അവൾ പറഞ്ഞു: 'ഈ വെള്ളത്തിലൊന്നു കുളിക്കാനാ...' അവർ ചോദിച്ചു: 'നീ എന്തു ജാതി?' അവൾ പറഞ്ഞു: 'ഗാങ്ങോതാ.' അവർ പറഞ്ഞു: 'ഗാങ്ങോതായെ ഈ വെള്ളത്തിൽ കുളിക്കാൻ ഞങ്ങൾ സമ്മതിക്കയില്ല. പോടീ! അവിടുന്നു്.' അവൾ വളരെ ഉശിരുള്ള പെണ്ണാണെന്നു് അവിടുത്തേയ്ക്കു് അറിയാമല്ലോ. അവൾ പറഞ്ഞു: 'ഇതു് മലയിൽനിന്നും ഒഴുകിവരുന്ന വെള്ളമല്ലേ? ഇതിൽ ആർക്കുവേണമെങ്കിലും കുളിക്കാമല്ലോ. ഇതിൽ എത്രപേരു കുളിക്കുന്നു! അവരൊക്കെ ബ്രാഹ്മണരോ ക്ഷത്രികളോ ആണോ?' എന്നു പറഞ്ഞിട്ടു് അവൾ കുളിക്കാനിറങ്ങി. അപ്പോൾ രണ്ടുപേരു് ഓടിച്ചെന്നു് അവളെ പിടിച്ചുവലിച്ചു് ഉലച്ചു് ഇടിച്ചു് അടിച്ചടിച്ചു് അവിടെനിന്നും ഓടിച്ചു. അവൾ കരഞ്ഞുംകൊണ്ടു് വീട്ടിൽ വന്നു."

"ഉം! എന്നിട്ടെന്തുണ്ടായി?"

"എന്തുണ്ടാകാനാ? ബാബുജീ! ഞങ്ങളു പാവപ്പെട്ട കൊയ്ത്തുകാരു്; ഞങ്ങടെ സങ്കടം ആരു് കേക്കാനാ?" ഞാനവളോടു പറഞ്ഞു: 'നീ കരയണ്ടാ. നിന്നെ ഞാൻ മുങ്ങേരിലെ സീതാകുണ്ഡത്തിൽ കൊണ്ടെ കുളിപ്പിക്കാമല്ലോ.'"

മഞ്ചി പറഞ്ഞു: "ബാബുജീ! അവിടുന്നു് ഒന്നെഴുതണേ

ഇക്കാര്യം. നിങ്ങൾ ബംഗാളീബാബുക്കളുടെ പേനയ്ക്കു് വളരെ ശക്തിയാണല്ലൊ. ആ തെമ്മാടികൾ ജയിലിലാകട്ടെ."

ഉത്സാഹത്തോടെ ഞാൻ പറഞ്ഞു: "നിശ്ചയമായിട്ടും എഴുതാം."

അനന്തരം മഞ്ചി വളരെ വിനയപൂർവ്വം എന്നെ ഭക്ഷണം കഴിപ്പിച്ചു. അവളുടെ ആത്മാർത്ഥതയും വിനയപൂർവ്വമായ സേവനവും എനിക്കു് വളരെ ഇഷ്ടമായി.

യാത്രപറഞ്ഞു് പോരുന്നസമയം ഞാൻ അവളോടു് വീണ്ടും വീണ്ടും പറഞ്ഞു: "വരുന്ന മേടമാസത്തിൽ യവവും ഗോതമ്പും കൊയ്യുന്ന സമയം നിശ്ചയമായിട്ടും ഞങ്ങളുടെ ലബ്ടുലിയാ ബയിഹാരിൽ വരണം കേട്ടോ?"

മഞ്ചി പറഞ്ഞു: "നിശ്ചയമായിട്ടും വരാം, ബാബുജീ! അതു് അങ്ങത്തേയോടു പറയാനുണ്ടോ?"

മഞ്ചിയുടെ ആതിഥ്യം സ്വീകരിച്ചിട്ടു് പോരുന്ന സമയം എനിക്കു തോന്നി, ആനന്ദത്തിൻേറയും ആരോഗ്യത്തിന്റേയും സാരള്യത്തിൻേറയും പ്രതീകമാണു് അവളെന്നു്. അവൾ യൗവനസമ്പൂർണ്ണയും ചൈതന്യമയിയും തേജസ്വിനിയും എന്നാൽ മുഗ്ദ്ധയും അശിക്ഷിതയും ബാലികയെപ്പോലെ സരളഹൃദയയുമായ വനലക്ഷ്മി ആണെന്നു് എനിക്കു തോന്നിപ്പോയി.

ബംഗാളിയുടെ പേനയുടെ ശക്തിയിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള ഈ വന്യവനിതയുടെ അടുക്കൽ അന്നു് ഞാൻ ചെയ്തിട്ടുപോന്ന വാഗ്ദാനം ഇന്നു ഞാൻ നിറവേറ്റി—ഇതുകൊണ്ടു് എത്രകാലം കഴിഞ്ഞാണു് അവൾക്കു് പ്രയോജനം ഉണ്ടാകാൻ പോകുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. ഇക്കാലത്തു് അവൾ എവിടെയാണു്; എന്തു വിചാരിച്ചുകൊണ്ടിരിക്കുന്നു; അവൾ ഇന്നു് ജീവിച്ചിരിപ്പുണ്ടോ? അതുതന്നെ ആർക്കറിയാം?

## രണ്ടു്

കർക്കടകമാസം. പുതു കാർമേഘങ്ങൾ മഴ തകർത്തുകൊണ്ടിരിക്കുന്ന ദിവസങ്ങൾ. നാഢാ, ലബ്ടുലിയാബയിഹാർ, മാത്രമല്ല, ഗ്രാന്റുസാഹിബ് വടതരുതലം ഇവിടെ എവിടെ

യെങ്കിലുംനിന്നു് നാലു ദിക്കിലേയ്ക്കും ഒന്നു നോക്കുക: ഹരിത ജലധിയെന്നവണ്ണം ഇളംതളിരുകൾ ഇളകിമറിയുന്ന കാശവനം കാണാം.

ഒരുദിവസം രാജാദോബരുപാന്നായുടെ ക്ഷണം അനുസരിച്ചു് ശ്രാവണപൗർണ്ണമി സംബന്ധിച്ചുള്ള യാത്രോത്സവത്തിൽ പങ്കുകൊള്ളാനായി അങ്ങോട്ടു തിരിച്ചു. രാജുവും മട്ടുകനാഥനും വിട്ടില്ല. അവരും എൻെറകൂടെത്തന്നെ പോന്നു. നടന്നുകൊള്ളാമെന്നും പറഞ്ഞു് അവർ ഞാൻ പുറപ്പെടുന്നതിനു മുൻപേ യാത്രതിരിച്ചു.

ഒന്നരമണി സമയത്തു് തോണിയിൽ ഞാൻ മിച്ചിനദി കടന്നു. കൂട്ടത്തിലുള്ളവരെല്ലാം കടന്നപ്പോൾ മണി രണ്ടരയായി. കൂട്ടുകാരെ പുറകിലിട്ടിട്ടു് ഞാൻ കുതിരയെ ഓടിച്ചുവിട്ടു.

പടിഞ്ഞാറു് നല്ല മഴക്കോളു കൊണ്ടു. കുറച്ചുകഴിഞ്ഞു് മഴ 'ഝംഝം' എന്നു പെയ്യാൻതുടങ്ങി. മഴ പൊഴിയുന്നേരം ആ അരണ്യപ്രാന്തരത്തിൽ ഞാൻ കണ്ട കാഴ്ച അന്യാദൃശമാണു്. കാർമുകിൽ ഓരോന്നായി പറന്നുവന്നു് ദിഗന്തത്തിലെ ശൈലമാലമേൽ നീലിമ പൂശുന്നു. പൊട്ടുന്നനവെ ചലനം നിലയ്ക്കുന്ന, വൈദ്യുതി ഉള്ളിൽ അടക്കംചെയ്തിരിക്കുന്ന, കാർമേഘത്താൽ ആകാശം മറയുന്നു. ചിലേടത്തു് വഴിക്കരികിലെ പയിനിൻെറയോ കേന്ദിൻെറയോ ശാഖയിൽ മയൂരം പീലി വിടുർത്തി നൃത്തപരായണനാകുന്നു. മലയിൽനിന്നൊഴുകുന്ന അരുവിയിൽ ഗ്രാമത്തിലെ ബാലികാബാലന്മാർ മുളവലയിട്ടു് മീൻ പിടിക്കുന്നു. ചാരനിറമുള്ള കൽത്തുണ്ടുകൾ മഴ നനഞ്ഞു് ഇരുണ്ടുകാണുന്നു; അതിൻെറ മുകളിൽനിന്നു് കന്നു തീററുകാരൻ പയിനിലയിൽ ചുരുട്ടിയെടുത്ത ബീഡി വലിച്ചുംകൊണ്ടു നിൽക്കുന്നു. ശാന്തവും നിശ്ചലവുമായ ദേശം—ഒന്നിനു പുറകെ ഒന്നായി വനങ്ങൾ, മൈതാനങ്ങൾ, അരുവികൾ, പർവ്വതഗ്രാമങ്ങൾ, ചാലുകളുള്ള ചെമ്മൺഭൂമി, ചിലടത്തെല്ലാം പൂത്തുനിൽക്കുന്ന കദംബമോ പിയാലമോ.

സന്ധ്യയ്ക്കു മുമ്പായി ഞാൻ ദോബരുപാന്നായുടെ രാജധാനിയിൽ എത്തിച്ചേന്നു.

അന്നത്തേ ആ വസ്റ്റോൽപ്പര അതിഥികളെ സൽക്കരിക്കാൻവേണ്ടി ഭംഗിയായി മെഴുകി വൃത്തിയാക്കീട്ടുണ്ടു്. ചുവ

രിൽ മലയിലെ കാവിമണ്ണുകൊണ്ടു്, താമര, ചെടി, മയിൽ എന്നിവയുടെ ചിത്രം വരച്ചിട്ടുണ്ടു്. ശാലത്തടികൊണ്ടുള്ള തൂണിൽ ലതയും പൂവും ചുററിക്കയറിക്കിടക്കുന്നു. എന്റെ ശയ്യോപകരണങ്ങൾ ഇതുവരെ വന്നുചേൎന്നിട്ടില്ല. ഞാൻ നേരത്തെ വന്നെത്തിയതാണല്ലൊ. പക്ഷേ, അതുകൊണ്ടു് അസൗകൎയ്യം ഒന്നും ഉണ്ടായില്ല.

അല്പം കഴിഞ്ഞു ഭാനുമതി ഒരു വലിയ പിത്തളപ്ലേററിൽ ഫലമൂലങ്ങൾ നുറുക്കിയതും ഒരു കപ്പു ചൂടുപാലും കൊണ്ടുവന്നുതന്നു. അവളുടെ പുറകിലായി കുറച്ചുകൂടി പ്രായംചെന്ന മറെറാരു സ്ത്രീ ഒരു പച്ചയിലയിൽ കുറച്ചു മുഴുവെററിലയും വെട്ടാത്ത പാക്കും താംബൂലചൎവ്വണത്തിനു വേണ്ട മററു സാധനങ്ങളും കൊണ്ടുവന്നു. ഭാനുമതിയുടെ വേഷം—അവൾ ഇരുണ്ട റോസ്നിറത്തിലുള്ള ഒരു സാരി മുട്ടിനു മുകൾവരെ ഇറങ്ങിക്കിടക്കത്തക്കവണ്ണം ഉടുത്തിട്ടുണ്ടു്. കഴുത്തിൽ ചുവപ്പും പച്ചയും ഇടകലൎന്ന ഒരു ഹിംലാസ്മാല അണിഞ്ഞിട്ടുണ്ടു്. തലമുടിക്കെട്ടിൽ വെള്ളത്തിലെ സ്പൈഡർലിലിപ്പൂവു് തിരുകീട്ടുണ്ടു്. ഭാനുമതി കുറച്ചുകൂടി ആരോഗ്യവതിയും ലാവണ്യമയിയും ആയിത്തീൎന്നിരിക്കുന്നു. കൊഴുത്തുരുണ്ട ശരീരത്തിൽ സൗന്ദൎയ്യം വഴിഞ്ഞൊഴുകുന്നുണ്ടു്. നോട്ടത്തിൽ മുമ്പു ഞാൻ കണ്ട ബാലികാസഹജമായ ലാളിത്യം ഇന്നും മാഞ്ഞുപോയിട്ടില്ല.

ഞാൻ ചോദിച്ചു: "എന്താ ഭാനുമതീ, സുഖംതന്നെയല്ലേ?"

ഭാനുമതിക്കു നമസ്കാരം പറയാൻ അറിഞ്ഞുകൂടാ. എന്റെ ചോദ്യത്തിനു് ഉത്തരമായി ഹൃദയംതുറന്നു് ചിരിച്ചിട്ടു ചോദിച്ചു: "അവിടുത്തേക്കോ ബാബുജീ!"

"എനിക്കു സുഖംതന്നെ."

"വല്ലതും കഴിച്ചാട്ടെ, പകൽമുഴുവൻ കുതിരപ്പുറത്തിരുന്നിരുന്നു് വളരെ വിശന്നുകാണുമല്ലോ."

എന്റെ ഉത്തരത്തിനുവേണ്ടി കാത്തുനില്ക്കാതെ എന്റെ മുമ്പിലുള്ള മൺതറയിൽ മുട്ടുകുത്തി നിന്നുംകൊണ്ടു് പിത്തളപ്ലേററിൽനിന്നും രണ്ടുകഷണം ഓമയ്ക്കായെടുത്തു് എന്റെ കൈയിൽ തന്നു.

ഇവളുടെ നിസ്സങ്കോചമായ സ്നേഹപ്രകടനത്തിൽ

എനിക്കു വളരെ സന്തോഷംതോന്നി. ബംഗാളത്തെ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം ഇതു് അത്ഭുതകരവും, അപ്രതീക്ഷിതവും ആയ രീതിയിൽ നൂതനവും സുന്ദരവും മധുരവുമായ ഒരനുഭവം. ഏതെങ്കിലും ബംഗാളികുമാരി, സ്വന്തമല്ലാത്ത പതിനാറുകാരി ഈവിധത്തിൽ പെരുമാറുമോ? സ്ത്രീകളുമായിട്ടുള്ള സമ്പക്ത്തിൽ നമ്മുടെ മനസ്സു് സവ്വദാ എവിടെയോ ചുററിപ്പിണഞ്ഞു പിരിമുറുകി കിടക്കുകയാണു്. അവരെസംബന്ധിച്ചു് നമുക്കു് ഹൃദയംതുറന്നു ചിന്തിക്കാൻ വയ്യാ. അവരുമായി മനസ്സു തുറന്നു് ഇടപെടാനും സാദ്ധ്യമല്ല. വിശേഷവിധിയായി മറെറാന്നുകൂടി ഞാൻ കണ്ടു. ഇവിടുത്തെ മൈതാനങ്ങൾ വിശാലവും, മഹാവനം മേഘനിര ശൈലശ്രേണി ഇവ സ്വതന്ത്രവും വിദൂരവ്യാപിയും ആയിരിക്കുന്നതുപോലെതന്നെ ഭാനുമതിയുടെ പെരുമാററം സങ്കോചഹീനവും മൃദുലവും സ്വതന്ത്രവുമാണു്. പുരുഷനോടു പുരുഷൻെറ പെരുമാററംപോലെതന്നെ സ്വാഭാവികമാണു്. ഇതുതന്നെയാണു് മഞ്ചിയിലും വെങ്കടേശ്വരപ്രസാദൻെറ ഭാൎയ്യയിലും ഞാൻ കണ്ടതു്. വനവും പവ്വതവും ഇവരുടെ മനസ്സിനു സ്വാതന്ത്ര്യം നൽകിയിട്ടുണ്ടു്. വീക്ഷണം വിശാലമാക്കീട്ടുണ്ടു്—ഇവരുടെ സ്നേഹവും അതേ അനുപാതത്തിൽ സ്വതന്ത്രവും ദൃഢവും ഉദാരവുമാണു്. മനസ്സു് ഉൽകൃഷ്ടമായതുകൊണ്ടു് ഇവരുടെ സ്നേഹവും ഉൽകൃഷ്ടമാണു്.

എന്നാൽ ഭാനുമതിയുടെ അടുത്തിരുന്നു് അവൾ കൈകൊണ്ടു് എടുത്തുതരുന്നതു തിന്നുന്നതിനോടു സാദൃശ്യം മറെറാന്നില്ല. ജീവിതത്തിൽ അന്നാണു് സ്ത്രീയുടെ നിസ്സങ്കോചമായ പെരുമാററത്തിൻെറ മാധുൎയ്യം ഞാൻ ആദ്യമായിട്ടു് ആസ്വദിച്ചതു്. അവൾ സ്നേഹിച്ചപ്പോൾ അവളെനിക്കു ഭൂമിയിൽ സ്വൎഗ്ഗവാതിൽ തുറന്നുതരികയാണെന്നു് എനിക്കു തോന്നി.

ഭാനുമതിയിലുള്ള ആദിമസ്ത്രീത്വം പരിഷ്കൃതസമുദായത്തിലെ സ്ത്രീയിൽ സംസ്കാരത്തിനും പാരതന്ത്ര്യത്തിനും അടിയിൽ ഞെരുങ്ങി നിർജ്ജീവമായി കിടക്കുകയാണു്.

അന്നെനിക്കു ലഭിച്ച സൽക്കാരത്തേക്കാളെല്ലാം ഇന്നത്തേതു കൂടുതൽ ആത്മാൎത്ഥമാണു്. ഈ ബംഗാളിബാബു തങ്ങളുടെ കുടുംബസ്നേഹിതനാണെന്നും തങ്ങളുടെ ഗുണകാംക്ഷിക

ളുടെ ഇടയിൽ എണ്ണപ്പെട്ടവനാണെന്നും ഭാനുമതിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഭാനുമതിയിൽനിന്നും ഇന്നെനിക്കു ലഭിച്ച സൽക്കാരം സ്നേഹമയിയായ എന്റെ സ്വന്തം സഹോദരിയിൽനിന്നു ലഭിച്ച സല്ക്കാരംതന്നെയാണു്.

ഇപ്പോൾ വളരെക്കാലം കഴിഞ്ഞിട്ടുണ്ടെങ്കിലും ഭാനുമതിയുടെ ഈ സുന്ദരമായ പ്രീതിയും സ്നേഹവും എന്റെ സ്മരണമണ്ഡലത്തിൽ അതുപോലെതന്നെ ഉജ്ജ്വലത്തായി നില കൊള്ളുന്നു. വന്യമായ സംസ്കാരശൂന്യതയുടെ ഈ ദാനത്തിനു സമീപം പരിഷ്കൃതസമുദായത്തിന്റെ നാനാമുഖങ്ങളായ നേട്ടങ്ങൾ എന്റെ മനസ്സിൽ നിഷ്പ്രഭമായിത്തീൎന്നിട്ടുണ്ടു്.

രാജാദോബരു ഉത്സവത്തിനുവേണ്ടി വട്ടംകൂട്ടുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ഇപ്പോൾ എന്റെ മുറിക്കകത്തു വന്നിരുന്നു.

ഞാൻ ചോദിച്ചു: ‘‘യാത്രോത്സവം നിങ്ങടെയിവിടെ തുടർച്ചയായി നടക്കുകയാണോ?’’

രാജാദോബരു പറഞ്ഞു:‘‘ഞങ്ങടെ വംശംവകയായി വളരെദിവസം നീണ്ടുനില്ക്കുന്ന ഒരുത്സവമാണിതു്. ഈ സമയത്തു് വളരെദൂരെനിന്നും സ്വജനങ്ങൾ നൃത്തംകാണാൻ വരും. രണ്ടരമന്നു് അരിവസ്ക്കണം നാളെ.’’

മട്ടുകനാഥപണ്ഡിതൻ വന്നതു് പണ്ഡിതോചിതമായ സമ്മാനം കിട്ടുമെന്നു മോഹിച്ചാണു്. എത്രവലിയ രാജധാനിയായിരിക്കും, എന്തെല്ലാം കാഴ്ചകൾ കാണാം എന്നെല്ലാം അയാൾ വിചാരിച്ചിരുന്നു. അയാളുടെ മുഖഭാവത്തിൽനിന്നും ഞാൻ മനസ്സിലാക്കി, അയാൾക്കു് വളരെ ആശാഭംഗം ഉണ്ടായിരിക്കുന്നതായി. ഈ രാജകൊട്ടാരത്തെ അപേക്ഷിച്ചു് ഗ്രാമഗൃഹം എത്രയോ കൂടുതൽ മെച്ചം!

രാജുവിനാകട്ടെ, മനസ്സിലെ വിചാരം അടക്കാൻ കഴിയാതെവന്നു. അയാൾ പറയുകയാണു്, ‘‘രാജാവു് എവിടെ? അങ്ങുന്നെ! ഇയാൾ വെറും ഒരു സാന്താൾസർദാർ. എനിക്കാണെങ്കിൽ കുറെ കന്നെങ്കിലും ഉണ്ടു്; ഇയാൾക്കു് അതുപോലും ഇല്ലെന്നു കേട്ടല്ലൊ അങ്ങുന്നേ!’’

അയാൾ ഇതിനിടയ്ക്കു് രാജാവിനു വസ്തുവകകളായി എന്തെല്ലാമുണ്ടെന്നു് [അന്വേഷണം നടത്തിക്കഴിഞ്ഞിരുന്നു.

പശു, കന്നു് ഇതൊക്കെയാണു് ഈ നാട്ടിലെ സമ്പത്തിൻെറ മാനദണ്ഡം. കന്നിൻെറ എണ്ണം കണക്കാക്കിയാണു് ഇവിടെ ഒരുത്തൻെറ ധനസ്ഥിതി നിർണ്ണയിക്കുന്നതു്.

അർദ്ധരാത്രിക്കു് ചതുർദ്ദശിയിലെ ചന്ദ്രിക വലിയവലിയ തരുശാഖകളുടെ മറവിൽ നിന്നുംകൊണ്ടു് ഗ്രാമവസതികളുടെ മുററത്തു് പ്രകാശച്ഛായാജാലം സൃഷ്ടിച്ചപ്പോൾകേൾക്കായി രാജഗൃഹത്തിനകത്തു് വളരെയധികം സ്ത്രീജനങ്ങളുടെ സമ്മിളിതമായ കണ്ഠസ്വരത്തിൽ അത്ഭുതകരമായ ഒരുതരം ഗാനം. നാളെ ദോളപൗർണ്ണമിയാണു്. രാജഗൃഹത്തിൽ നവാഗതരായ കുടുംബിനികളും രാജകുമാരിയുടെ കന്യകകളായ തോഴികളുംചേന്നു് നാളത്തേയ്ക്കുവേണ്ടി നൃത്തഗാനങ്ങൾ റിഹേഴ്സൽ ചെയ്യുകയാണു്. വെളുക്കുന്നതുവരെ അവരുടെ ഗാനങ്ങളും മദ്ദളവായനയും തടവില്ലാതെ തുടന്നു. കേട്ടുകേട്ടു് ചിലപ്പോൾ ഞാൻ ഉറങ്ങിപ്പോയി. ഉറക്കത്തിനിടയ്ക്കും അവരുടെ ആ പാട്ടു് എത്രയോ പ്രാവശ്യം കേട്ടതായി എനിക്കു തോന്നി.

## മൂന്നു്

എന്നാൽ അടുത്തദിവസം യാത്രോത്സവം കണ്ടപ്പോൾ, രാജു, മടുകനാഥൻ, മുനേശ്വരസിംഹൻവരെയുള്ളവർ തന്നെത്താൻ മറന്നുപോയി.

അടുത്തദിവസം കാലത്തെ എഴുന്നേററപ്പോൾകാണായി ഭാനുമതിയുടെ പ്രായത്തിലുള്ള പത്തുമുപ്പതു യുവതികൾ നാലുദിക്കിലും ഉള്ള ഗ്രാമങ്ങളിൽനിന്നും പവ്വതപ്രാന്തങ്ങളിലെ കുടിലുകളിൽനിന്നും ഉത്സവത്തിൽ പങ്കുകൊള്ളാൻ വന്നിരിക്കുന്നതു്. ഒരു നല്ല കീഴ്നടപ്പു ഞാൻ കണ്ടു. ഇത്രയും നൃത്തഗീതക്കാരുടെ ഇടയിൽ മദ്യം കഴിക്കുന്നവരായി ആരെയും കണ്ടില്ല. രാജാദോബരുവിനോടു ചോദിച്ചപ്പോൾ അയാൾ ചിരിച്ചുംകൊണ്ടു് അഭിമാനപൂവ്വം പറഞ്ഞു: "ഞങ്ങളുടെ വംശത്തിൽ സ്ത്രീകളുടെയിടയിലും ഇങ്ങനെ ഒരു നടപ്പില്ല. കൂടാതെ ഞാൻ അനുവാദംകൊടുത്തില്ലെങ്കിൽ എൻെറ കുട്ടികളുടെ മുമ്പിൽവച്ചു് മദ്യം കഴിക്കാൻ ആക്കും സാദ്ധ്യമല്ല."

മട്ടകനാഥൻ ഉച്ചയായപ്പോൾ എന്നോടു ചെവിയിൽ പറയുകയാണു്, "രാജാവു് എന്നേക്കാൾ ദരിദ്രനാണെന്നു് ഞാൻ മനസ്സിലാക്കി. അരിവെപ്പിനു കൊട്ടത്തിരിക്കുന്ന സാമാനങ്ങൾ നോക്കിയാട്ടെ, തടിച്ചു ചുവന്ന അരിയും മൂത്ത കുമ്പളങ്ങയും പിന്നെ കാട്ടുധുന്ദുലവും; ഇത്രയും ആളുകൾക്കു് എങ്ങനെ കൊട്ടത്തുതികയ്യാനാ? പറഞ്ഞാട്ടെ."

കാലത്തെ എങ്ങും ഭാനുമതിയെ കണ്ടതേയില്ല—ഞാൻ ഭക്ഷണത്തിനിരുന്നു. അവൾ ഒരുകപ്പുപാൽ കൊണ്ടുവന്നു് എൻെറ മുമ്പിൽവച്ചു.

ഞാൻ പറഞ്ഞു: "നിങ്ങടെ പാട്ടു് ഇന്നലെ രാത്രിയിൽ എനിക്കു വളരെ ഇഷ്ടമായി."

ഭാനുമതി പുഞ്ചിരിതൂകിക്കൊണ്ടു ചോദിച്ചു: "ഞങ്ങടെ പാട്ടു് അവിടത്തേക്കു മനസ്സിലാകുമോ?"

ഞാൻ പറഞ്ഞു: "എന്തുകൊണ്ടു് മനസ്സിലാകുകയില്ല? ഇത്രയും ദിവസമായില്ലേ നിങ്ങടെകൂടെ താമസമായിട്ടു്. പിന്നെ നിങ്ങടെപാട്ടു് മനസ്സിലാകാതിരിക്കാനെന്താ?"

'ഇന്നു് വയ്യിട്ടു് അവിടന്നു് ഉത്സവംകാണാൻ വരുന്നുണ്ടോ‘"

?‘അതിനല്ലേ ഞാൻ വന്നതു്? എത്രദൂരം പോകണം?"

'ഭാനുമതി ധൻതധരിമലയിലേയ്ക്കു ചൂണ്ടിക്കാണിച്ചിട്ടു പറഞ്ഞു: "അവിടന്നു് ആ മലയിൽ പോയിട്ടുണ്ടല്ലോ. ഞങ്ങടെ ആ ദേവാലയം കണ്ടിട്ടില്ലേ?"

ഈ സമയത്തു് ഭാനുമതിയുടെ സമപ്രായക്കാരായ കുറെ കൂട്ടുകാരികൾ ഞാൻ ഉണ്ടുകൊണ്ടിരുന്ന മുറിയുടെ വാതില്ക്കൽ വന്നു നിലകൊണ്ടു്, ബംഗാളിബാബു ഭക്ഷണം കഴിക്കുന്നതു വളരെ കൗതുകത്തോടെ നോക്കിയിട്ടു് തമ്മിൽത്തമ്മിൽ എന്തോ പറയാൻ തുടങ്ങി.

ഭാനുമതി പറഞ്ഞു: "ഇവിടുന്നെല്ലാരും പൊയ്ക്കൊള്ളിൻ? ഇവിടെന്താ?"

അക്കൂട്ടത്തിൽ മററുള്ളവരെക്കാളെല്ലാം ധീരയായ ഒരു യുവതി കുറച്ചു മുന്നോട്ടുവന്നിട്ടു പറഞ്ഞു: "ബാബുജിക്കു് ഈ ഉത്സവദിവസം ഉപ്പിലിട്ട 'കരമർദ്ദ'ഫലം തിന്നാൻ കൊടുക്കാഞ്ഞതെന്താ?"

അവളുടെ ഈ വാക്കുകേട്ട് കൂട്ടുകാരെല്ലാവരുംകൂടി 'കിലുകിലാ'ന്നു പൊട്ടിച്ചിരിച്ചുകൊണ്ടു് അവളുടെ ശരീരത്തിൽ കെട്ടിപ്പിടിച്ചുംകൊണ്ടു പിന്നെയും ചിരിച്ചുചിരിച്ച് പരവശരായി.

ഭാനുമതിയോടു ഞാൻ ചോദിച്ചു: "ഇവരെന്തിനാ ചിരിക്കുന്നതു്?"

ഭാനുമതി നാണിച്ച മുഖഭാവത്തോടെ പറഞ്ഞു: "അവരോടു ചോദിച്ചാട്ടെ, എനിക്കറിയാമോ?"

ഇതിനിടയ്ക്കു് ഒരു പെണ്ണു്, വലിയ ഒരു പഴുത്ത 'കാമരാങ്ങാ'മുളകു കൊണ്ടുവന്നു് എന്റെ ഇലയിൽ വച്ചിട്ട് ചിരിച്ചുംകൊണ്ടു പറഞ്ഞു: "ബാബുജീ! അങ്ങേയ്ക്കു് വെറും മധുരസാധനം മാത്രമണല്ലോ തിന്നാൻ തരുന്നതു്. അതു് സാധിക്കയില്ല. ഞങ്ങൾ കുറച്ച് എരിവുള്ളസാധനം തരാം തിന്നാൻ."

വീണ്ടും അവരെല്ലാവരുംകൂടി ചിരിക്കാൻതുടങ്ങി. ഇത്രയും യുവതികളുടെ ഹൃദയംതുറന്നുള്ള ചിരികണ്ടിട്ട് പകൽസമയം പൂർണ്ണചന്ദ്രൻ ഉദിച്ചിരിക്കുകയാണെന്നു് എനിക്കുതോന്നി.

സന്ധ്യയ്ക്കുമുമ്പായി ഒരുസംഘം യുവതീയുവാക്കൾ മലയിലേയ്ക്കു യാത്രയായി. അവരുടെ പുറകേ പുറകേ ഞങ്ങളും പോയി. അതു് ഒരു വമ്പിച്ച ഘോഷയാത്രതന്നെ! കിഴക്കു് നാവാദാ–ലക്ഷ്മീപുരത്തിന്റെ അതിർത്തിയിലാണു് ധൻഝരി മല; ആ മലയുടെ താഴെക്കൂടെ മിച്ചീനദി കിഴക്കോട്ടൊഴുകുന്നുണ്ടു്. ആ മലയുടെ വനത്തിനുമുകളിൽ പൂർണ്ണചന്ദ്രൻ ഉദിച്ചുയരുന്നു. ഒരുവശത്തു് താഴ്‌വര, പച്ചവിരിച്ച വനംതന്നെ. മറുവശത്തു് ധൻഝരിമല. ഒരു മൈലോളം നടന്നു് മലയുടെ അടിവാരത്തിൽ വന്നെത്തി. കുറച്ചുദൂരം കയറിയാൽ മലമുകളിൽ ഒരു സമതലം ഉണ്ടു്. സമതലത്തിന്റെ ഒത്തനടുക്കായി ഒരു പ്രായംചെന്ന പിയാലമരം,—മരത്തടിയെ പൂവും ലതയും ആശ്ലേഷം ചെയ്തിരിക്കുകയാണു്. രാജാ ദോബരു പറഞ്ഞു: "ഇതു വളരെക്കാലത്തെ പഴക്കമുള്ള ഒരു മരമാണു്. ഈ മരത്തിനടിയിൽ പെണ്ണുങ്ങൾ ഉത്സവസമയത്തു് നൃത്തം ചെയ്യുന്നതു് എന്റെ കൊച്ചുന്നാളുമുതൽ ഞാൻ കണ്ടുവരുന്നതാണു്."

ഞങ്ങൾ ഒരുവശത്തു് പനയോലപ്പായ് വിരിച്ചു് ഇരിപ്പായി. എന്നിട്ടു് ആ വെളുത്തവാവിൻെറ പൂനിലാവു് ഓളം തല്ലുന്ന വനാന്തരത്തിൽ ഏതാണ്ടു് മുപ്പതുയുവതികൾ മരത്തിനു പ്രദക്ഷിണമായി നൃത്തം ചവിട്ടാൻതുടങ്ങി—അവരുടെ കൂടെ അട്ടത്തട്ടത്തായി ഒരു സംഘം യുവാക്കന്മാർ മദ്ദളം വായിച്ചുംകൊണ്ടു നടക്കുന്നുണ്ടു്. അക്കൂട്ടത്തിൽ ഭാനുമതിയെ മുന്നിൽ കാണായി. യുവതികളുടെ തലമുടിക്കെട്ടിലും പൂമാലകൾ, കഴുത്തിലും പുഷ്പമാല്യങ്ങൾ.

രാത്രി വളരെ വൈകുംവരെ ഒരേഭാവത്തിൽ നൃത്തവും ഗാനവും തുടന്നു: ഇടക്കിടയ്ക്കു് നൃത്തസംഘം തെല്ലൊന്നു വിശ്രമിച്ചിട്ടു് വീണ്ടും തുടങ്ങുകയായി. മദ്ദളത്തിൻെറ മുഴക്കം, പൂനിലാവു്, മഴനനഞ്ഞ വനഭൂമി, കൊഴുത്തുരുണ്ട, കറുത്ത നൃത്യപരായണകളായ യുവതികൾ—എല്ലാംകൂടി സമ്മേളിപ്പിച്ചു് ഒരു പ്രമുഖകലാകാരൻ വരച്ചെടുത്ത ചിത്രംപോലെ സുന്ദരം!—ഒരു മധുരഗാനംപോലെ ആകുലമായ അനുഭൂതി. അതിദൂരഭൂതകാലത്തെ ഒരു ചരിത്രകഥ എൻെറ ഓർമ്മയിൽ വരുന്നു. സോലാങ്കി രാജകുമാരിയും അവളുടെ തോഴികളും ഇങ്ങനെ ദോളനൃത്തം ചെയ്ത കഥ, ഇടയച്ചെറുക്കനായ ബാപ്പാദിത്യനെ കളിച്ചെന്ന വ്യാജേന മാലയിട്ട കഥ.

"ഇന്നെന്തൊരാനന്ദം, ഇന്നെന്തൊരാനന്ദം
തൊട്ടിലിലാട്ടുന്ന ശ്യാമചന്ദ്രൻ."

അതിനേക്കാളും കൂടുതൽ വിദൂരഭൂതകാലത്തെ അതിപ്രാചീനമായ ശിലായുഗത്തിലെ ഭാരതത്തിൻെറ അജ്ഞാതമായ ചരിത്രസംഭവങ്ങൾ എൻെറ മുമ്പിൽ നടിച്ചതായി ഞാൻ കണ്ടു—സരളമാനസയായ പർവ്വതകന്യകയുടെയും അവളുടെ സഖികളുടെയും നൃത്തത്തിൽ ആദിമഭാരതത്തിൻെറ ആ സംസ്കാരം ഉടലെടുത്തു് അവതരിക്കുന്നതായി ഞാൻ കണ്ടു—ആയിരമായിരം സംവത്സരങ്ങൾക്കുമുമ്പു് ഇത്തരത്തിലുള്ള എത്ര വനം, എത്ര ശൈലനിര, ഇപ്രകാരമുള്ള എത്രയെത്ര നിലാവുള്ള രാത്രി, ഭാനുമതിയെപ്പോലെയുള്ള എത്രയെത്ര ബാലികമാരുടെ നൃത്യത്തിൽ, ചലിക്കുന്ന പാദങ്ങളുടെ താളത്തിൽ ഇളകി ഉയന്നിട്ടുണ്ടു്. അവരുടെ മുഖത്തെ ആ പുഞ്ചിരിയെല്ലാം ഇന്നും പൊലിഞ്ഞുപോയിട്ടില്ല. ഈ വനങ്ങളുടേയും മല

കളുടേയും എല്ലാം മറവിൽ പ്രച്ഛന്നവേഷധാരികളായി മരു വുന്ന അവർ തങ്ങളുടെ ഇന്നത്തെ വംശജരുടെ രക്തത്തിലേ ക്ക് ഇന്നും അവരുടെ ആനന്ദോത്സാഹങ്ങളുടെ സന്ദേശം അ യച്ചുകൊടുത്തുകൊണ്ടിരിക്കുന്നുണ്ട്.

അർദ്ധരാത്രിയായി. ചന്ദ്രൻ ദൂരെ പടിഞ്ഞാറെ വന ത്തിൻെറ പിന്നിലേയ്ക്ക് ഒഴുകിവീഴുന്നു. ഞങ്ങൾ എല്ലാവരും മലയിൽനിന്നും ഇറങ്ങിപ്പോന്നു. ആകാശത്തിൽ ഇന്ന് മേ ഘം ഇല്ലെന്നുള്ളതു് നന്നായിപ്പോയി. പക്ഷേ, നീരാവികലന്ന കാററ് വെളുപ്പാൻകാലത്തെ വളരെ തണുപ്പിച്ചുകളഞ്ഞു. അത്ര രാത്രിയായിട്ടും ഞാൻ ഭക്ഷണത്തിന് ഇരുന്നപ്പോൾ ഭാനുമതി പാലും പേഡയും കൊണ്ടുവന്നു തന്നു.

ഞാൻ പറഞ്ഞു: "വളരെ സുന്ദരമായ നിങ്ങളുടെ നൃത്തം ഞാൻ കണ്ടു."

അവൾ സലജ്ജം പറഞ്ഞു: "നിങ്ങൾക്കൊക്കെ ഇതത്ര ഇഷ്ടമാകുമോ? ബാബുജീ! നിങ്ങടെ കൽക്കത്തയിൽ ഇതെ ല്ലാം ആരെങ്കിലും കാണുമോ?"

അടുത്തദിവസം ഭാനുമതിയും അവളുടെ പ്രപിതാമഹൻ രാജാ ദോബരുവും ഞങ്ങളെ എന്തുചെയ്താലും വിടുകയില്ലെന്നു ശഠിച്ചു. എന്നാലും എൻെറ ജോലി ഇട്ടുംവച്ച് ഇവിടെ താ മസിക്കുന്നതു് നടപ്പില്ലാത്ത കാര്യമാണ്; അതുകൊണ്ട് പോ രേണ്ടതായി വന്നു. പോരുന്നസമയം ഭാനുമതി പറഞ്ഞു: "ബാബുജീ! കൽക്കത്തയിൽനിന്നും ഇനിക്കൊരു കണ്ണാടി കൊണ്ടുവന്നു തരണേ! കണ്ണാടി ഒന്നൊണ്ടാരുന്നതു പൊട്ടി പ്പോയിട്ട് വളരെ നാളായി."

പതിനാറുവയസ്സായ സുന്ദരിയും നവയൗവനയുക്തയും ആയ കുമാരിക്ക് ഒരു കണ്ണാടി ഇല്ല! പിന്നെ ആക്കുവേണ്ടിയാ ണ് കണ്ണാടി ഉണ്ടാക്കീട്ടുള്ളതു്? ഒരു ആഴ്ചയ്ക്കുള്ളിൽ പൂർണ്ണിയാ യിൽനിന്നും ഒരു കണ്ണാടി കൊണ്ടുവന്നു് അവൾക്ക് അയച്ചു കൊടുത്തു.

# പരിച്ഛേദം പതിന്നാല്

**ഒന്നു്**

കുറച്ചു മാസം കഴിഞ്ഞു്, കുംഭമാസം ആദ്യം ഞാൻ ലബ്ട്ടലിയായിൽനിന്നും കച്ചേരിക്കു് മടങ്ങുകയാണു്; കാട്ടിനുള്ളിൽ തടാകതീരത്തു് ബംഗാളിയിൽ സംസാരിക്കുന്നതും ചിരിക്കുന്നതും കേട്ടു് കുതിരയെ നിറുത്തി. അടുത്തു ചെല്ലുന്തോറും കൂടുതൽ കൂടുതൽ ആശ്ചര്യകരമായിത്തോന്നി. പെണ്ണുങ്ങളുടെ ശബ്ദവും കേൾക്കുന്നുണ്ടു്——എന്തോന്നാ സംഗതി? കാട്ടിനകത്തു് കുതിരയെ കയററി തടാകക്കരയിലേക്കു കൊണ്ടുചെന്നപ്പോൾ കാണായി, ഝാബുകക്കാട്ടിനടുത്തായി കാപ്പ്ററു വിരിച്ചു് എട്ടുപത്തു ബംഗാളിമാന്യന്മാർ സംസാരിച്ചുകൊണ്ടിരിക്കുന്നതു്. അഞ്ചാറു സ്ത്രീകൾ അടുത്തുതന്നെ ഭക്ഷണം പാകം ചെയ്യുകൊണ്ടിരിക്കുന്നും ഉണ്ടു്; ആറേഴ കൊച്ചുകുട്ടികൾ ഓടിനടന്നു് കളിച്ചുകൊണ്ടിരിക്കുന്നു. എവിടെനിന്നാണു് ഇത്രയും സ്ത്രീപുരുഷന്മാർ കുഞ്ഞുകുട്ടികളേയുംകൊണ്ടു് ഈ ഭയങ്കരമായ കാട്ടിൽ പിക്നിക്കിനായി വന്നിരിക്കുന്നതു് എന്നറിയാൻ കഴിയാതെ ഞാൻ ആശ്ചര്യപ്പെട്ടു് നിൽക്കുകയാണു്; ഈ സമയത്തു് എല്ലാവരുടേയും കണ്ണു് എന്റെനേരെ തിരിഞ്ഞു. ഒരാൾ ബംഗാളിയിൽ പറഞ്ഞു: "ഈ വറത്ത യവം എവിടെനിന്നു വന്നുചേന്നു ഇവിടെ ഈ കാട്ടിൽ? ആംബ്രേല്യ!"

ഞാൻ കുതിരപ്പുറത്തുനിന്നിറങ്ങി അവരുടെ അടുക്കലേക്കു് ഇങ്ങനെ ചോദിച്ചുംകൊണ്ടു ചെന്നു: "നിങ്ങൾ ബംഗാളികളാണെന്നു തോന്നുന്നു; എവിടെനിന്നും വരുന്നു?"

അവർ വല്ലാതെ അമ്പരന്നുപോയി. ഒരാൾ പറഞ്ഞു: "ഓഹോ! അങ്ങു് ബംഗാളിയാണോ? ഹെ്—ഹെ്—ഒന്നും തോന്നരുതേ! ഞങ്ങൾ വിചാരിച്ചു—ഹെ്ാ.—ഹെ്ാ.

ഞാൻ പറഞ്ഞു: "ഒന്നുമില്ല, ഒന്നുമില്ല, തോന്നാനെ

ന്തോന്നാ? നിങ്ങൾ എവിടെനിന്നും വന്നതാണ്, വിശേഷിച്ച് സ്ത്രീകളേയുംകൊണ്ട്."

തമ്മിൽ പരിചയപ്പെട്ടു. ഇക്കൂട്ടത്തിൽ പ്രായംചെന്ന ഒരു മാന്യൻ റിട്ടയാർഡ് ഡെപ്യൂട്ടി മജിസ്ട്രേട്ട്, റായ്ബഹദൂർ, ബാക്കിയുള്ളവരെല്ലാം അദ്ദേഹത്തിൻെറ പുത്രന്മാർ, സഹോദരപുത്രൻ, സഹോദരപുത്രി, പൗത്രി, ജാമാതാ, ജാമാതാവിൻെറ സ്നേഹിതൻ—ഇത്യാദി. റായ്ബഹദൂർ കല്ക്കത്തയിൽ വച്ച് ഒരു പുസ്തകം വായിച്ചറിഞ്ഞു, പൂർണ്ണിയാജില്ലയിൽ ധാരാളം വന്യമൃഗങ്ങൾ ഉണ്ടെന്നു്, അതുകൊണ്ടു മൃഗയാവിനോദത്തിനു വല്ല സൗകര്യവും ഉണ്ടോ എന്നറിയാൻവേണ്ടി പൂർണ്ണിയായിൽ തൻെറ സഹോദരൻ മുൻസിഫിൻെറ വസതിയിൽ വന്നിരുന്നു; ഇന്നു രാവിലെ അവിടെനിന്നും ട്രെയിൻ കയറി പത്തുമണിക്കു് കാടാരിയായിലെത്തി. അവിടെനിന്നും വള്ളം വഴി കുശീനദി കടന്നു് ഇവിടെ പിക്നിക്കിനായി വന്നിരിക്കുകയാണ്—കാരണം, പലരും പറഞ്ഞറിഞ്ഞു, ലബ്ടുലിയാ, ബോമായിബുരു, ഫുൽകിയാബയിഹാർ എന്നിവിടങ്ങളിലെ വനം കാണാതിരുന്നാൽ വനം കാണുകയുണ്ടാവില്ലെന്നു്. പിക്നിക് കഴിഞ്ഞാൽ നാലു മൈൽ നടന്നു് മോഹൻപുരാവനത്തിൻെറ താഴെയുള്ള കുശീനദിയിൽ ചെന്നു വള്ളം പിടിക്കും—പിടിച്ച് ഇന്നു രാത്രിയിൽത്തന്നെ കാടാരിയായിൽ മടങ്ങിയെത്തും.

ഞാൻ യഥാർത്ഥത്തിൽ ആശ്ചര്യപ്പെട്ടുപോയി. ഇവക്കെല്ലാംകൂടി ഒരു ഇരട്ടക്കുഴൽ ഷോർട്ടുഗൺ ഉണ്ടു്. അതിനെ ആശ്രയിച്ചുംകൊണ്ടാണ് ഇവർ ഈ ഭയങ്കരവനത്തിൽ കൊച്ചുകുട്ടികളേയുംകൊണ്ടു് പിക്നിക്കിനായി വന്നിരിക്കുന്നതു്. ഇവക്കു ധൈര്യം ഉണ്ടെന്നു് സമ്മതിക്കാതെ തരമില്ല. പക്ഷേ, അനുഭവജ്ഞാനമുള്ള റായ്ബഹദൂരിനു് കുറച്ചുകൂടി ഒരു മുൻകരുതൽ ഉണ്ടാകേണ്ടതായിരുന്നു. മോഹനപുരാവനത്തിനടുത്തുകൂടി ഈ നാട്ടിലെ കാട്ടുജാതിക്കാർപോലും സന്ധ്യയ്ക്കുമുമ്പുപോലും സഞ്ചരിക്കാൻ ധൈര്യപ്പെടുകയില്ല, കാട്ടുപോത്തിനെ ഭയന്നു്. കടുവാ പുറത്തിറങ്ങുന്നതും ആശ്ചര്യമല്ല. കാട്ടുപന്നിയുടേയും പാമ്പിൻേറയും കഥ പറയുകയേ വേണ്ടാ.

കൊച്ചുകുട്ടികളേയുംകൊണ്ടു് പിക്നിക്കിനു് വരാനുള്ള സ്ഥലം ഇതല്ല.

റായ്ബഹദൂർ എന്നെ എന്തുചെയ്താലും വിടുകയില്ലായിരുന്നു. ഇരിക്കണം, ചായകുടിക്കണം, ഞാൻ ഈ കാട്ടിൽ എന്തുചെയ്യുന്നു; എന്തെല്ലാം വർത്തമാനം! ഞാൻ തടിവ്യവസായം ചെയ്യുകയാണോ? ഇതെല്ലാം അറിയണം. എൻെറ ചരിത്രമെല്ലാം ഞാൻ പറഞ്ഞുകേൾപ്പിച്ചു. എന്നിട്ടു് അവരെല്ലാം അന്നു് കച്ചേരിയിൽ കഴിഞ്ഞുകൂടാൻ ഞാൻ അപേക്ഷിച്ചു. എന്നാൽ അവർ അതു സമ്മതിച്ചില്ല. രാത്രി പത്തുമണിക്കു് കാടോരിയായിൽനിന്നും ട്രെയിൻ കയറണം; പൂർണ്ണിയായിൽ ഇന്നുതന്നെ രാത്രി പന്ത്രണ്ടുമണിക്കു് എത്തണം. എത്തിയില്ലെങ്കിൽ വീട്ടിലുള്ളവരെല്ലാം വിഷമിക്കും. അതുകൊണ്ടു് താമസിക്കാൻ നിവൃത്തിയില്ല. എന്നിങ്ങനെ പറഞ്ഞൊഴിഞ്ഞുകളഞ്ഞു.

കാട്ടിനുള്ളിൽ ഇവർ ഇത്രദൂരം എന്തിനു പിക്നിക്കിനായി വന്നു എന്നൊന്നും എനിക്കു മനസ്സിലായില്ല. ലബ്ടുലിയാ ബയിഹാരിലെ തുറന്ന മൈതാനം, മഹാവനം, വിദൂരതയിലെ പർവ്വതനിരയുടെ സൗന്ദര്യം, അസ്തമയസൂര്യൻെറ നിറപ്പകിട്ടു്, പക്ഷികളുടെ കൂജനം, പത്തു കൈ നീളം അകലെയായി ഇലപ്പടർപ്പുകളുടെ മുകളിൽ വസന്തകാലത്തു് വിരിഞ്ഞുപൊന്തിനില്ക്കുന്ന പലജാതി പൂക്കളുടെ അഴകു്, ഇതൊന്നും ഇവരുടെ ദൃഷ്ടിയിൽ പെട്ടില്ല. ഇവർ ശബ്ദകോലാഹലം ഉണ്ടാക്കുന്നു; പാട്ടുപാടുന്നു; ഓടിനടക്കുന്നു. ശാപ്പാടിനുള്ള വട്ടങ്ങൾ ഒരുക്കുന്നു: ഇങ്ങനെയാണു് ഇവരുടെ ശ്രദ്ധയുടെ പോക്കു്. ആൺമക്കളിൽ ഒരാൾ മെഡിക്കൽകാളജിൽ പഠിക്കുന്നു; ബാക്കിയുള്ളവരെല്ലാം പല സ്കൂളുകളിലും കാളേജുകളിലും പഠിക്കുകയാണു്. എന്നാൽ പ്രകൃതിയുടെ, അത്യാശ്ചര്യകരമാംവണ്ണം സുന്ദരമായ ഈ രാജ്യത്തു് യാദൃച്ഛികമായി വന്നുചേർന്നതാണെങ്കിൽത്തന്നെയും അതു കാണാനുള്ള കണ്ണു് അവർക്കു തീരെ ഇല്ലാതായിപ്പോയി. പരമാർത്ഥത്തിൽ ഇവർ മൃഗയാവിനോദത്തിനായിട്ടാണു വന്നതു്—മുയൽ, പക്ഷി, മാൻ—ഇതെല്ലാം വഴിക്കരികിൽത്തന്നെ ഇവരുടെ തോക്കിൻെറ ഉണ്ടകൾ ഭക്ഷിക്കാൻ കാത്തിരിപ്പുണ്ടുതാനും.

കൂടെ വന്നിട്ടുള്ള സ്ത്രീകൾ! ഇങ്ങനെ കല്പനാശക്തിയുടെ ലവലേശംപോലും ഇല്ലാത്ത സ്ത്രീകളെ വല്ലപ്പോഴും എങ്കിലും ഒന്നു കണ്ടിരുന്നെങ്കിൽ! അവർ ഓടിനടക്കുന്നു; ഭക്ഷണം പാകംചെയ്യാൻവേണ്ടി വനത്തിനരികിൽനിന്നും ചുള്ളികൾ പെറുക്കിക്കൊണ്ടുവരുന്നു; ഒരിക്കലും നാവടങ്ങിയിരിക്കുന്നുമില്ല—എന്നാൽ എവിടെയിരുന്നാണു് ഏതു സൗന്ദര്യസമ്പൂർണ്ണമായ മഹാവനത്തിനു് അടുത്തിരുന്നാണു് അവർ അരിയും ഉഴുന്നും ഉപ്പും വ്യഞ്ജനവും ചേർത്തു് 'ഖിചുഡി' പാകംചെയ്യുന്നതു് എന്നു് ഒരിക്കലെങ്കിലും ആരെങ്കിലും ഒന്നു നാലുപാടും നോക്കിക്കണ്ടില്ല, കഷ്ടം!

ഒരുത്തി പറഞ്ഞു: 'ടിൻകട്ടർ' കൊട്ടാൻ വളരെ സൗകര്യമാണിവിടെ, ഇല്ലേ? എത്ര നല്ല പാറക്കല്ലുകൾ!

മറെറാരുത്തി പറഞ്ഞു: "ഹാ! ഇതെന്തൊരു സ്ഥലം? നല്ല അരി ഒരിടത്തും കിട്ടാൻ സൗകര്യം ഇല്ലല്ലൊ ഇവിടെ. ഇന്നലെ മുഴുവൻ അരി അന്വേഷിച്ചു ടൗൺ ചുററിക്കറങ്ങി. എന്തൊരു വൃത്തികെട്ട പൊണ്ണൻ അരി! നിങ്ങൾ വീണ്ടും പറഞ്ഞല്ലോ നെയ്ച്ചോറുണ്ടാക്കണമെന്നു്!"

ഇവർ അറിഞ്ഞോ ഇവർ ഇരുന്നു് അരിവയ്ക്കുന്നിടത്തുനിന്നും ഏതാണ്ടു് പത്തിരുപതു കൈയകലെയാണു് രാത്രിയിൽ ചന്ദ്രികയിൽ വനദേവതമാർ കളിച്ചുംകൊണ്ടു നടക്കുന്നതെന്നു്?

ഇവർ സിനിമാക്കഥ പറഞ്ഞുതുടങ്ങി. പൂർണ്ണിയായിൽ ഇന്നലെ രാത്രിയിലും അവർ സിനിമാ കണ്ടുപോലും; അതു് ഇപ്പൊഴും ചെവിയിൽ മുഴങ്ങുന്നു. ഇങ്ങനെയുള്ള കഥകളെല്ലാം. അതോടുകൂടി കല്ക്കത്തയിലെ സിനിമയും ആയി അതിനെ താരതമ്യപ്പെടുത്തുന്നും ഉണ്ടു്. 'ഉലകം സ്വർഗ്ഗത്തുചെന്നാലും നെല്ലുകുത്തുകതന്നെ,' ഈ പഴഞ്ചൊല്ലു് കള്ളമൊന്നുമല്ല. വൈകുന്നേരം അഞ്ചുമണിയോടെ ഇവർ സ്ഥലംവിട്ടു.

പോയസമയം കുറെ കാലിപ്പാട്ടകൾ, പാൽടിൻ, ജാംടിൻ ഇതെല്ലാം അവിടെ എറിഞ്ഞിട്ടു പോയി. ലബ്ടുലിയാവനത്തിലെ വൃക്ഷലതാദികൾക്കിടയിൽ അതെല്ലാം കിടക്കുന്നതു് എനിക്കു് അപമാനമായിത്തോന്നി.

## രണ്ടു്

വസന്തം അവസാനിച്ചതോടെ ലബ്ടുലിയാബയിഹാരിലെ ഇത്തവണത്തെ ഗോതമ്പു വിളഞ്ഞുകഴിഞ്ഞു. ഞങ്ങളുടെ ജമിന്ദാരിഭൂമിയിലെ രാജികാ(ഒരുജാതി കടുകു്)കൃഷി കഴിഞ്ഞവഷം വളരെ നന്നായിരുന്നു. ഇത്തവണ പല സ്ഥലത്തും ഗോതമ്പുകൃഷിയാണു്. അതുകൊണ്ടു് ഈ വഷം ഇവിടെ കൊയ്ത്തുമേള മേടം ആദ്യമാണു്.

കൊയ്ത്തുകാക്കു് നല്ല ഓമ്മ ഉണ്ടെന്നു തോന്നുന്നു. അക്കൂട്ടർ ഇത്തവണ മഞ്ഞുകാലം കഴിഞ്ഞപ്പോൾ വന്നില്ല. ഈ സമയത്തു് അവർ കൂട്ടംകൂട്ടമായി വന്നു് കാട്ടിനരികിലായി വയലിൽ സവ്വത്ര കുടിൽകെട്ടി താമസം തുടങ്ങിക്കഴിഞ്ഞു. രണ്ടുമൂവായിരംബിഘാഭൂമിയിലെ വിളവു കൊയ്യാനുണ്ടു്; അതുകൊണ്ടു് ഏതാണ്ടു് മൂന്നാലായിരത്തിൽ കുറയാതെ കൊയ്ത്തുകാരും വന്നുകൂടിയിട്ടുണ്ടു്. ഇനിയും വരുന്നുണ്ടെന്നും കേട്ടു.

ഞാൻ നേരം വെളുക്കുമ്പോൾ കുതിരപ്പുറത്തു കയറിയാൽ സന്ധ്യയാകണം ഇറങ്ങാൻ. എത്രയെത്ര പുതിയ ആളുകളാണു് വരാൻ തുടങ്ങിയതു്. ഇക്കൂട്ടത്തിൽ എത്ര തെമ്മാടികളും അക്രമികളും കള്ളന്മാരും രോഗികളും ഉണ്ടു്. ഇവരുടെ എല്ലാം മേൽ ദൃഷ്ടിചെല്ലാതിരുന്നാൽ പോലീസില്ലാത്ത ഈ സ്ഥലത്തെല്ലാം വല്ലപ്പോഴും വല്ല അനിഷ്ടസംഭവങ്ങളും ഉണ്ടാകാവുന്നതാണു്.

ഒന്നുരണ്ടു സംഭവങ്ങൾ ഉണ്ടായതു പറയാം.

ഒരുദിവസം കാണായി, ഒരു സ്ഥാനത്തു് രണ്ടുപയ്യന്മാരും ഒരുപെൺകുട്ടിയും വഴിക്കരികിൽ കരഞ്ഞുകൊണ്ടിരിക്കുന്നതു്.

ഞാൻ കുതിരപ്പുറത്തുനിന്നും ഇറങ്ങി.

ഞാൻ ചോദിച്ചു: "നിങ്ങൾക്കു് എന്തുപററി?"

ഉത്തരമായി പറഞ്ഞതിൻെറ അത്ഥം ഇതാണു്: അവരുടെ വീടു് ഞങ്ങളുടെ എസ്റ്റേററിലല്ല. നന്ദലാൽ ഓഝാ ഗോലാവാലായുടെ ഗ്രാമത്തിലാണു്. അവർ ആങ്ങളമാരും കൊച്ചുപെങ്ങളും ആണു്. ഇവിടത്തെ കൊയ്ത്തുമേള കാണാൻ പോന്നതായിരുന്നു. ഇന്നാണു് ഇവിടെ എത്തിച്ചേന്നതു്.

എവിടെയോ ഒരിടത്തു് 'വടിയും കുരുക്കും' കളി നടക്കുന്നുണ്ടായിരുന്നു. മൂത്തപയ്യൻ അവിടെ കളിക്കാൻ തുടങ്ങി. ഒരു വടിയുടെ ഒരറ്റം താഴെ മണ്ണിൽ തൊട്ടിരിക്കും, ആ അറ്റത്തു് കയറു ചുററണം; കയറു് അഴിക്കുമ്പോൾ വടിയുടെ അഗ്രത്തു് കുരുങ്ങിപ്പോയാൽ കളിക്കുന്ന ആൾ കൗശലക്കാരനു് ഒരു പൈസക്കു് നാലുപൈസാ വച്ചു കൊടുക്കണം.

മൂത്തസഹോദരൻെറ കൈയിൽ പത്തു് അണ ഉണ്ടായിരുന്നു. അവനു് ഒരുപ്രാവശ്യംപോലും വടിയിലെ കുരുക്കുതീർക്കാൻ കഴിഞ്ഞില്ല. അവൻെറ കൈയിലുണ്ടായിരുന്നതെല്ലാം പോയി. ഇളയസഹോദരൻെറ പക്കൽ എട്ടണയും സഹോദരിയുടെ കൈയിൽ നാലണയും ഉണ്ടായിരുന്നു. അതെല്ലാം വാതുവച്ചു് നഷ്ടപ്പെട്ടുപോയി. ഇപ്പോൾ അവക്കു് വല്ലതും കഴിക്കാൻപോലും പൈസയില്ലാതെയായി. വല്ലതും വാങ്ങിക്കുന്നതോ കാഴ്ചകൾ കാണുന്നതോ പറകയും വേണ്ടാ.

ഞാൻ അവരുടെ കരച്ചിൽ അടക്കിയിട്ടു് അവരെ കളിക്കാരുടെ സങ്കേതത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ആദ്യം അവക്കു് കളിസ്ഥലം എവിടെയാണെന്നു് കണ്ടുപിടിക്കാൻ കഴിയാതെവന്നു. പിന്നീടു് ഒരു കട്ടക്കാമരം ചൂണ്ടിക്കാട്ടിയിട്ടു് പറഞ്ഞു: "ഇവിടെത്തന്നെയാണു് കളിനടന്നതു്." അവിടെ ഒററ ഒരുത്തൻപോലും ഉണ്ടായിരുന്നില്ല. കച്ചേരിയിലെ ശ്രുപസിംഹജമാദാരുടെ സഹോദരൻകൂടെ ഉണ്ടായിരുന്നു.

അയാൾ പറഞ്ഞു: "കള്ളക്കളിക്കാരു് ഒരുസ്ഥലത്തുതന്നെ വളരെനേരം നില്ക്കുമോ അങ്ങുന്നേ! എങ്ങോട്ടെങ്കിലും നീങ്ങിയിട്ടുണ്ടു്."

വൈകുന്നേരം ആയപ്പോഴേക്കും കള്ളനെ പിടികൂടി. അവൻ മൂന്നുമൈൽ ദൂരെയുള്ള ഒരു ഗ്രാമത്തിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. എൻെറ ശിപായിമാർ അവനെ കണ്ടുപിടികൂടി, എൻെറ അടുത്തു പിടിച്ചുകൊണ്ടുവന്നു. ആ കുട്ടികളും അവനെ കണ്ടുമനസ്സിലാക്കി.

അവൻ ആദ്യം പൈസ കൊടുക്കാൻ വിസമ്മതിച്ചു. അവൻ പറഞ്ഞു: അതു് അവൻ പിടിച്ചുപറിച്ചതല്ല, അവർ സ്വമനസ്സാലെ കളിച്ചു നഷ്ടപ്പെട്ടുപോയതാണു്, ഇതിൽ അവനു് എന്തുകുററമാണു്? എന്നിങ്ങനെയാണു് അവൻെറ

വാദം. ഒടുവിൽ അവൻ കുട്ടികളുടെ പൈസ മുഴുവൻ തിരിച്ചു കൊടുക്കാൻ നിർബ്ബന്ധിതനായി—ഞാൻ അവനെ പോലീസിൽ ഏല്പിക്കാൻ നിർദ്ദേശം കൊടുത്തു.

അവൻ എൻെറ കാൽപിടിച്ചു. ഞാൻ ചോദിച്ചു: "നിൻെറ വീടെവിടെ?"

"ബാലിയാജില്ല, ഏമാനേ!"

"ഇങ്ങനെ ആളുകളെ കളിപ്പിക്കുന്നതെന്തിനാടാ? എത്ര പൈസാ നീ ഇങ്ങനെ ഓരോരുത്തരെ കളിപ്പിച്ചെടുത്തെടാ?"

"പാവപ്പെട്ടവനാ ഏമാന്നേ! എന്നെ ഇത്തവണ വിടണേ! മൂന്നുദിവസംകൊണ്ടു മൊത്തം രണ്ടുരൂപാ മൂന്നണയേ കിട്ടിയൊള്ളേ!"

"മൂന്നുദിവസംകൊണ്ട് വേലക്കാരെ അപേക്ഷിച്ച് നിനക്കു വളരെ കൂടുതൽ കിട്ടിയല്ലോടാ!"

"ഏമാന്നേ! ഒരാണ്ടിൽ ഇങ്ങനെ എത്രതവണ കിട്ടാനാ? ആണ്ടിൽ മുപ്പതോ നാല്പതോ രൂപാ കിട്ടിയാലായി."

അവനെ അന്ന് വെറുതെ വിട്ടു. എൻെറ എസ്റ്റേറ്റിൽ നിന്നും അന്നുതന്നെ പൊയ്ക്കൊള്ളാമെന്ന് സമ്മതിച്ചിട്ടാണ് വിട്ടത്. പിന്നീട് അവനെ എൻെറ എസ്റ്റേറ്റിൻെറ എല്ലകത്ത് ഒരു ദിവസവും ആരും കണ്ടതും ഇല്ല.

ഇത്തവണ മഞ്ചിയെ കൊയ്ത്തുകാരുടെ കൂട്ടത്തിലെങ്ങും കാണാഞ്ഞിട്ട് എനിക്ക് ഉല്കണ്ഠയും വിസ്മയവും രണ്ടും ഉണ്ടായി. അവൾ വീണ്ടും വീണ്ടും പറഞ്ഞതായിരുന്നു, ഗോതമ്പുകൊയ്ത്തുകാലത്ത് അവൾ നിശ്ചയമായും ഞങ്ങളുടെ എസ്റ്റേറ്റിൽ വരുമെന്ന്. കൊയ്ത്തുകാലത്തെ മേളവന്നു, പോകുകയും ചെയ്തു. പിന്നെ എന്തുകൊണ്ടാണ് അവൾ വരാഞ്ഞതു്, ഒന്നും മനസ്സിലായില്ല.

പല വേലക്കാരുടെയും അടുക്കൽ ചോദിച്ചിട്ടും ഒരു വിവരവും കിട്ടിയില്ല. ഇത്ര വലിയ വയൽ അടുത്തെങ്ങും ഇല്ലതാനും. കുശീനദിക്കു് തെക്കുഭാഗത്തായി ഇസ്മായിൽപുരത്തെ ദ്വിയാരാ എസ്റ്റേറ്റുണ്ട്. പക്ഷേ, അവിടെ എന്തിനാണ് അവൾ പോകുന്നതു്, അത്രദൂരെ, രണ്ടു സ്ഥലത്തേയും വേല ഒന്നായിരിക്കുന്ന സ്ഥിതിക്ക്.

ഒടുവിൽ മേളകഴിയാറായപ്പോൾ ഒരു ഗാങ്ങോതാ വേല

ക്കാരനിൽനിന്നും മഞ്ചിയുടെ വത്തമാനം കിട്ടി. അയാൾ മഞ്ചിയേയും അവളുടെ ഭത്താവു് നക്ഛേദിഭക്തിനേയും അറിയും. അയാൾ അവരോടൊത്തു പലസ്ഥലത്തും വേല ചെയ്തിട്ടുണ്ടത്രെ. കഴിഞ്ഞ കുംഭമാസത്തിൽ അയാൾ അവരെ അക്ബർപുരം ഗവണ്മെൻറഎസ്റ്റേറ്റിൽ വിളവുകൊയ്യുന്ന തായി കണ്ടതാണു്, പിന്നീട്ട് അവർ എവിടെപ്പോയി എന്നറിഞ്ഞുകൂടാ.

ഇടവമാസം പകുതിയോടെ മേള അവസാനിച്ചു. ഈ യിടയ്ക്കു് ഒരുദിവസം ഹെഡ്ഡാപ്പീസിൻെറ മുററത്തു് നക്ഛേദിയെ കണ്ടു് ഞാൻ വിസ്മയിച്ചുപോയി. നക്ഛേദി എൻെറ കാലിൽ കെട്ടിപ്പിടിച്ചുംകൊണ്ടു് വാവിട്ടു കരയാൻതുടങ്ങി; കുറച്ചുകൂടി വിസ്മയം ഉണ്ടായി. കാൽ വിട്ടുവിച്ചുംകൊണ്ടു ഞാൻ ചോദിച്ചു: "ഉം! എന്തുണ്ടായി? നിങ്ങൾ ഇത്തവണത്തെ കൊയ്ത്തുകാലത്തു് വരാഞ്ഞതു് എന്താണു്? മഞ്ചിക്കു സുഖം തന്നെയോ? അവളെവിടെ?"

ഉത്തരമായി നക്ഛേദി പറഞ്ഞതിൻെറ സാരം ഇതാണു്: മഞ്ചി എവിടെയാണെന്നു് അയാൾക്കു് അറിഞ്ഞുകൂടാ. സക്കാർ എസ്റ്റേറ്റിൽ കൊയ്ത്തിനുപോയസമയത്തു് അവൾ അവരെ വിട്ടിട്ടു് എവിടെയോ ഓടിപ്പോയി. പലടത്തും തിരക്കീട്ടും അവളുടെ ഒരു വിവരവും കിട്ടിയില്ല.

ഞാൻ ആശ്ചയ്യപ്പെട്ടു് സ്തംഭിച്ചുനിന്നുപോയി. എന്നാൽ വൃദ്ധനായ നക്ഛേദിഭക്തനോടു് എനിക്കു് ഒട്ടും സഹതാപം തോന്നിയില്ല. എനിക്കു വല്ല വിചാരവും ഉണ്ടായിരുന്നെങ്കിൽ ആ വന്യവനിതയെപ്പററിമാത്രം ആയിരുന്നു. അവൾ എവിടെപ്പോയി? ആരാണു് അവളെ വഴിതെററിച്ചതു്? അവൾ ഇപ്പോൾ ഏതുസ്ഥിതിയിലാണു്? താണജാതി ആഡംബര വസ്തുക്കളോടു് അവൾക്കുള്ള മോഹം ഞാൻ കണ്ടതാണല്ലൊ. അത്തരം മോഹവസ്തുക്കൾ കാണിച്ചു് അവളെ വശീകരിച്ചു് തട്ടിക്കൊണ്ടുപോകാനും ഒരുവനു് പ്രയാസമില്ല. അതുതന്നെ സംഭവിച്ചിട്ടുണ്ടു്, നിശ്ചയമായും.

ഞാൻ ചോദിച്ചു: "അവളുടെ കുട്ടി എവിടെ?"

"അവൻ ഇല്ല—വസന്ത പിടിച്ചു മരിച്ചുപോയി, മകരത്തിൽ."

ഇതു കേട്ടിട്ട് എനിക്കു വളരെ സങ്കടം തോന്നി. പാവം! പുത്രശോകംകൊണ്ടുതന്നെ അലക്ഷ്യമായി അവളുടെ കണ്ണ് കാട്ടിക്കൊടുത്ത വഴിക്ക് അവൾ പോയിക്കാണും, നിശ്ചയമായിട്ടും. കുറച്ചുനേരം മിണ്ടാതിരുന്നിട്ട ഞാൻ ചോദിച്ചു: "തുളസി എവിടെ?"

"അവൾ ഇവിടെത്തന്നെ വന്നിട്ടുണ്ട്. എൻെറ കൂടെത്തന്നെ ഉണ്ട്. എനിക്ക് കുറച്ചു ഭ്രമിതരണേ, അങ്ങുന്നേ! ഇല്ലെങ്കിൽ ഞങ്ങൾ കിഴവനും കിഴവിയും ആണല്ലൊ. കൊയ്ത്തൊന്നും ഇനിയും നടക്കുകയില്ല. മഞ്ചി ഉണ്ടായിരുന്നപ്പോൾ, അവളുടെ ശേഷികൊണ്ടായിരുന്നു ഞങ്ങൾ ഇതുവരെ അവിടവിടെ നടന്നു് വേലചെയ്തുകൊണ്ടിരുന്നതു്. അവൾ എൻെറ കൈകാലുകൾ ഒടിച്ചുകളഞ്ഞു."

സന്ധ്യക്ക് നക്ച്ഛേദിയുടെ കുടിലിൽ ചെന്നപ്പോൾ, തുളസി അവളുടെ കുട്ടികളോടൊത്തു ചീനപ്പുല്ലരി പാററിക്കൊണ്ടിരിക്കുന്നതായി കണ്ടു. എന്നെ കണ്ടിട്ട് അവൾ വാവിട്ടു കരഞ്ഞു. മഞ്ചി പോയതിൽ അവളും വളരെ സങ്കടപ്പെടുന്നതായി ഞാൻ കണ്ടു. അവൾ പറഞ്ഞു: "ഏമാന്നേ! എല്ലാം ഈ കിഴവൻെറ കുററംതന്നെയാ. സക്കാരാള് വയലിലുള്ളവരെ എല്ലാം കുത്തിവയ്ക്കാൻ വന്നു. ഈ വയസ്സൻ അയാൾക്കു നാലണ കൈക്കൂലികൊടുത്തു് അങ്ങു പറഞ്ഞയച്ചുകളഞ്ഞു. ആരേയും കുത്തിവച്ചില്ല. കുത്തിവച്ചാൽ വസന്ത വരുമെന്നു് ഈയാളങ്ങു പറഞ്ഞുപരത്തി. ഏമാന്നേ! മൂന്നു ദിവസത്തിനകം മഞ്ചിയുടെ കുട്ടിക്കു വസന്തപിടിച്ചു് മരിച്ചുപോയി. അതിൻെറ ദുഃഖംകൊണ്ട് അവൾ ഒന്നും കഴിക്കാതെയായി, കരച്ചിൽതന്നെ കരച്ചിൽ!"

"എന്നിട്ട്?"

"എന്നിട്ട് ഏമാന്നേ! സക്കാർ എസ്റ്റേററിൽനിന്നും ഞങ്ങളെ അടിച്ചിറക്കി—'വസന്ത പിടിച്ചു് നിങ്ങടെ ആള് മരിച്ചുപോയി, അതുകൊണ്ട് ഇവിടെ താമസിക്കാൻ സമ്മതിക്കയില്ലെ'ന്നു് അവർ പറഞ്ഞു. ഒരു രജപുത് പയ്യൻ മഞ്ചിയുടെമേൽ നോട്ടംഇട്ടിട്ടുണ്ടായിരുന്നു. ആ രാത്രി ഞങ്ങൾ സക്കാർസ്ഥലത്തുനിന്നും ഇറങ്ങിപ്പോന്നു. അന്നു വെളുപ്പിനെ ഈ പയ്യൻ കുടിലിൻെറ അടുത്തായി ചുററിക്കറങ്ങുന്നതു്

ഞാൻ കണ്ടതാണ്. അവൻെറ വേലയാണിതു് ഏമാന്നേ! ഈയിടയ്ക്കുതന്നെ മഞ്ചി, 'ഞാൻ കല്ക്കത്താ കാണും, കല്ക്കത്താ കാണും' എന്നിങ്ങനെ പൊണ്ണുക്കായ്ചും പറഞ്ഞോണ്ടിരുന്ന താ. അപ്പഴേ ഞാൻ വിചാരിച്ചതാ ഇതുപോലെ എന്തെങ്കി ലും ഉണ്ടാകുമെന്നു്."

എനിക്കും ഓർമ്മവന്നു, മഞ്ചി കഴിഞ്ഞതയാണ്ടിൽ കല്ക്ക ത്താ കാണാൻ വളരെ ആഗ്രഹം കാണിച്ചിരുന്നല്ലോ എന്നു്. അത്ഭുതമല്ല ലമ്പടനായ ആ രജപുത്രയുവാവു് ഈ സാധുസ്ത്രീ യെ കല്ക്കത്താ കാണിക്കാം എന്നും പറഞ്ഞു് വഞ്ചിച്ചു കൊ ണ്ടുപോയതായിരിക്കും.

ഈ നാട്ടിലെ പെണ്ണുങ്ങളുടെ അവസാനം ആസാം തേ യിലത്തോട്ടത്തിലെ കൂലിവേലയായിരിക്കുമെന്നു് എനിക്കറി യാം. ഒടുവിൽ സ്വന്തമായി ആരുംകൂടാതെ ആസാമിലെ പ ർവ്വതപ്രദേശത്തിൻെറ അടിമത്തവും വനവാസവും തന്നെയാ യിരിക്കുകയില്ലേ മഞ്ചിയുടെ തലയിലെഴുത്തു്!

വൃദ്ധൻ നക്ച്ഛേദിയോടു് എനിക്കു വളരെ കോപം ഉ ണ്ടായി. ഈ നഷ്ടത്തിനു കാരണം ഈ മനുഷ്യൻതന്നെയാ ണു്. ഈ വയസ്സുകാലത്തു് ഈയാൾ മഞ്ചിയെ വിവാഹം ചെയ്തതുതന്നെ എന്തിനു്? രണ്ടാമതു് സർക്കാർ അച്ചുകുത്തുപി ള്ളയെ കൈക്കൂലികൊടുത്തു് പറഞ്ഞയച്ചതു് എന്തിനു്? ഭൂമി കൊടുക്കുന്നെങ്കിൽത്തന്നെ അയാൾക്കുവേണ്ടിയല്ല, അയാളുടെ പ്രായംചെന്ന ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും മുഖത്തു നോ ക്കിക്കൊണ്ടുതന്നെ കൊടുക്കും എന്നു ഞാൻ നിശ്ചയിച്ചു.

അങ്ങനെ തന്നെ കൊടുക്കുകയും ചെയ്തു. നാഢാ ബയി ഹാരിൽ വേഗം കുടിയാനവന്മാരെ പാർപ്പിച്ചുകൊള്ളണമെ ന്നു് ഹെഡ്ഡാഫീസിൽനിന്നും ഉത്തരവു വന്നിട്ടുണ്ടായിരുന്നു. ഒന്നാമത്തെ പ്രജയായി നക്ച്ഛേദിയേയാണു് ഞാൻ പാർപ്പി ച്ചതു്.

നാഢാ ബയിഹാരിലെ ഭയങ്കരമായ കാടു്. രണ്ടുനാലു പേർ ഒരുതരത്തിൽ കാടു വെട്ടിത്തെളിച്ചു് കുടിൽ കെട്ടാൻ തുടങ്ങിയിട്ടുണ്ടു്. നക്ച്ഛേദി ആദ്യം കാടുകണ്ടു് പിൻവാങ്ങി പ്പോന്നു. അയാൾ പറഞ്ഞു: "അങ്ങുന്നേ! പകൽതന്നെ കടുവാ

കടിച്ചെട്ടത്തോണ്ടു പോകുമല്ലൊ. അവിടെ—കൊച്ചുകുഞ്ഞുങ്ങളേയുംകൊണ്ടു് അവിടെ വീട്ടുകെട്ടിപ്പാർക്കുന്നതു്—''

ഞാൻ അയാളോടു തുറന്നുപറഞ്ഞു: ''തനിക്കിഷ്ടമില്ലെങ്കിൽ വേറെ എവിടെങ്കിലും പൊയ്ക്കോളൂ.'' മററു പോംവഴിയില്ലാതെ അയാൾ നാഢാബയിഹാരിൽത്തന്നെ ഭൂമിഎടുത്തു.

## മൂന്നു്

അയാൾ ഇവിടെ വന്നതിൽ പിന്നെ ഞാൻ ഒരിക്കലും അയാളുടെ കുടിലിൽ പോയില്ല. എന്നാൽ അന്നു് സന്ധ്യയ്ക്കു് നാഢാബയിഹാരിലെ കാട്ടിനകത്തുകൂടി പോരുമ്പോൾ വലിയ കാട്ടിനുള്ളിൽ കുറച്ചു തെളിഞ്ഞസ്ഥലം കാണായി. അടുത്തായി കാശംകൊണ്ടുള്ള രണ്ടു ചെറിയ കുടിൽ. ഒന്നിൽ വെളിച്ചം കാണാം.

അതാണു് നക്ച്ഛേദിയുടെ കുടിൽ എന്നു് ഞാൻ അറിഞ്ഞിരുന്നില്ല. കുതിരക്കുളമ്പിൻെറ ഒച്ചകേട്ടു് ഒരു പ്രായംചെന്ന സ്ത്രീ പുറത്തുവന്നു നിന്നു. അതു് തുളസിയാണെന്നു് ഞാൻ കണ്ടു.

''നിങ്ങൾ ഇവിടെയാണോ ഭൂമി എടുത്തതു്? നക്ച്ഛേദി എവിടെ?''

തുളസി എന്നെ കണ്ടിട്ടു് എന്തോ പെട്ടെന്നു് ചവച്ചിറക്കിയിട്ടു് തിടുക്കത്തിൽ ഗോതമ്പു് ഉമി നിറച്ച ഒരു ചാക്കു് എടുത്തുകൊണ്ടുവന്നിട്ടിട്ടു പറഞ്ഞു:

''ഇറങ്ങിയാട്ടെ ബാബുജീ! കുറച്ചിരുന്നാട്ടെ. അയാൾ ലബ്ടുലിയായിൽ പോയിരിക്കുകയാ, കടയിൽനിന്നും എണ്ണയും ഉപ്പും വാങ്ങിച്ചോണ്ടുവരാൻ. മൂത്തമകനേക്കൂടെ കൊണ്ടുപോയിട്ടുണ്ടു്.''

''നിങ്ങൾ തനിച്ചു് ഈ വലിയകാട്ടിൽ ഇരിക്കുന്നതു്?''

''അതെല്ലാം സഹിച്ചോണ്ടിരിക്കയാ ബാബുജീ! പേടിച്ചോണ്ടിരുന്നാൽ ഈ പാവപ്പെട്ട ഞങ്ങടെ കാര്യം എങ്ങനെ നടക്കും! തനിച്ചൊന്നും ഇരുന്നിട്ടില്ലല്ലൊ—പക്ഷേ, എന്തു ചെയ്യാം, തലേലെഴുത്തു ചതിത്തയായിപ്പോയി. മഞ്ചി ഉണ്ടാ

യിരുന്നടത്തോളംകാലം വെള്ളത്തിലും കാട്ടിലും ഒരിടത്തും ഒരു പേടിയും ഉണ്ടായിരുന്നില്ല. എന്തൊരു ധൈര്യം; എന്തൊരു ചൊണയായിരുന്നു അവൾക്കു്, ബാബുജീ!''

തുളസി തൻെറ ചെറുപ്പക്കാരിയായ സപത്നിയെ സ്നേഹിച്ചിരുന്നു. ഈ ബംഗാളീബാബുവിനു് മഞ്ചിയുടെ കാര്യം കേൾക്കുന്നതു് വളരെ ഇഷ്ടമാകും എന്നും അവൾക്കറിയാം.

തുളസിയുടെ മകൾ സുരതിയാ പറഞ്ഞു: ''ബാബുജീ! ഞാനൊരു കലമാൻകിടാവിനെ പിടിച്ചുവച്ചിട്ടുണ്ടു്; കാണണോ? അന്നൊരു ദിവസം ഞങ്ങടെ കുടിലിൻെറ പുറകിലത്തെ കാട്ടിൽവന്നു് വൈകുന്നേരം കാടനക്കി. ഞാൻ പതുക്കെപതുക്കെച്ചെന്നു പിടികൂടി. വളരെ നല്ല കിടാവു്!''

ഞാൻ ചോദിച്ചു: ''ഇതിനെന്തൊന്നാ തീററി കൊടുക്കുന്നതു്?''

സുരതിയാ പറഞ്ഞു: ''ചീനപ്പുല്ലരിയുടെ ഉമിയും പച്ചിലയും. കേന്ദിൻെറ പച്ചില പറിച്ചോണ്ടുവന്നു വച്ചിട്ടുണ്ടു്.''

തുളസി പറഞ്ഞു: ''ബാബുജിയെ കാണിക്കണ്ടായോടീ!''

സുരതിയാ മാൻപേടപോലെ ഓടി കുടിലിൻെറ പിൻഭാഗത്തു മറഞ്ഞു. അല്പംകഴിഞ്ഞു് അവളുടെ ബാലികാസ്വരത്തിൽ ഉച്ചത്തിൽ വിളിച്ചുപറയുന്നതു കേൾക്കായി: ''എടാ മാൻകിടാവേ ഓടുന്നോ, എടീ! ഛനിയാ—അവിടെ—ഇവിടെ—വേഗം പിടിച്ചോ—''

രണ്ടു സഹോദരികളും കൂടി കിടാവിനെ പിടിച്ചുതള്ളിക്കൊണ്ടു്, അണച്ചുണച്ചു് ചിരിച്ചുംകൊണ്ടു് എൻെറ മുമ്പിൽ കൊണ്ടുവന്നു നിറുത്തി. സുരതിയാ പറഞ്ഞു: ''എങ്ങനെ ഇരിക്കുന്നു, നല്ലതല്ലേ? ബാബുജീ! ഇതിനെ തിന്നാൻ ഇന്നലെ രാത്രി ഒരു കരടി വന്നതാ. ആ [1]മഹുയാമരത്തിൽ ഇന്നലെ കരടികേറി മഹുയാപ്പൂതിന്നാൻ—അപ്പോൾ വളരെ ഇരുട്ടി, അച്ഛനും അമ്മയും ഉറക്കമായിരുന്നു. ഞാൻ അപ്പോഴെല്ലാം ഉണർന്നിരിക്കയാണു്—എന്നിട്ടു് അതു് മരത്തിൽനിന്നിറങ്ങി ഞങ്ങടെ കുടിലിൻെറ പുറകിൽ വന്നുനിന്നു. ഞാൻ ഇതിനെ നെഞ്ചിലടുക്കിപ്പിടിച്ചുംകൊണ്ടു രാത്രി കിടന്നു. കരടി നട

1. മഹുയാ—സംസ്കൃതം 'മധൂകം'. അതിനു് മധുരമുള്ള പൂവുണ്ടു്. ആ പൂവിൽനിന്നും മദ്യം വാററി എടുക്കുന്നു.

ക്കുന്ന ഒച്ചകേട്ടിട്ട് കിടാവിന്റെ വായ് കൈകൊണ്ടു ബലമായി അടച്ചുപിടിച്ചിട്ടു നെഞ്ചിൽ ഒന്നുകൂടി അമർത്തിപ്പിടിച്ചുംകൊണ്ടു കിടന്നു.''

''നിനക്കു പേടിയായില്ലേ, സുരതിയാ?''

''ഇസ്! പേടിയെന്നുവച്ചാലെന്താ? എനിക്കു പേടിയില്ല. വിറകൊടിക്കാൻ പോകുമ്പോൾ എത്ര കരടിക്കാട്ട് ഞാൻ കണ്ടിരിക്കുന്നു! അതിലെനിക്കു പേടിയില്ല. പേടിച്ചാൽ കാര്യം നടക്കുമോ? ബാബുജീ'?'

സുരതിയാ അറിവുള്ളവളേപ്പോലെ സംസാരിച്ചു.

വമ്പിച്ച യന്ത്രത്തിന്റെ ചിമ്മിനി കണക്കെ ഉയരംകൂടിയ കറുത്ത കേന്ദ്മരങ്ങളുടെ തടികൾ തൊട്ടുതൊട്ട് കുടിലിന്റെ നാലുപാട്ടും ആകാശത്തിലേയ്ക്കു് ഉയന്നു നില്ക്കുന്നുണ്ടു്, കാലിഫോർണിയായിലെ റെഡ്‌വുഡ് വനംപോലെ. നിശാചരങ്ങളായ കടവാവലിന്റെയും കാങ്കപ്പക്ഷിയുടെയും പടപടാന്നുള്ള ചിറകടി ശാഖകൾതോറും കേൾക്കാം. കുററിക്കാട്ടുകൾതോറും ഇരുട്ടിൽ മിന്നാമിനുങ്ങുകൾ മിന്നിത്തിളങ്ങിക്കാണാം. കുടിലിന്റെ പിമ്പിലെ കാട്ടിൽ കുറുനരി വിളിക്കുന്നു. ഈ കൊച്ചുകുഞ്ഞുങ്ങളേയുംകൊണ്ടു് അവരുടെ അമ്മ എങ്ങനെയാണു് ഈ വിജനമായ വനപ്രാന്തരത്തിൽ താമസിക്കുന്നതെന്നു് മനസ്സിലാക്കാൻ വളരെ പ്രയാസമാണു്. ഹേ! വിജ്ഞാനി! അജ്ഞാതമായ വനമേ! ആശ്രിതജനങ്ങളോട്ടു് നിനക്കു് സത്യമായിട്ടും വലിയ കാരുണ്യം തന്നെയാണു്.

പറഞ്ഞു പറഞ്ഞുവന്നു് ഞാൻ ചോദിച്ചു: ''മഞ്ചി അവളുടെ സാമാനങ്ങളെല്ലാം കൊണ്ടുപോയോ?''

സുരതിയാ പറഞ്ഞു: ''ചിററമ്മ ഒരു സാമാനവും കൊണ്ടുപോയില്ല. അന്നു് ആ പെട്ടിയിൽ കണ്ടതെല്ലാം ഇട്ടുംവച്ചാ പൊയ്ക്കളഞ്ഞതു്. കാണണോ? ഞാനിങ്ങെടുത്തോണ്ടു വരാമല്ലോ.''

ബോക്സ് കൊണ്ടുവന്നു് എന്റെ മുമ്പിൽവച്ചു. ചീപ്പു്, കൊച്ചുകണ്ണാടി, പളുങ്കുമാല, ഒരു പച്ചനിറത്തിലുള്ള തൂവാല—എല്ലാം കൊച്ചുപെൺകുട്ടികളുടെ കളിക്കോപ്പുപെട്ടിപോലെതന്നെ. എന്നാൽ ആ ഹിംലാസ് മാലമാത്രം കാണാനില്ല; അന്നു് ലബ്ട്ടലിയായിലെ കളത്തിൽവച്ചു മേടിച്ചതു്.

അവൾ തന്റെ കുടുംബംവിട്ടിട്ട് എവിടെ പോയെന്നു് ആർക്കുപറയാം? ഇവരാകട്ടെ ഭൂമിവാങ്ങിച്ചു് ഇത്രയും ദിവസം കൊണ്ടു് വീടുകെട്ടി പാർപ്പുതുടങ്ങിയിരിക്കുകയാണു്. സ്ഥിര താമസം കൂടാതെ സഞ്ചാരജീവിതം നയിച്ചിരുന്ന ഇവരുടെ കൂട്ടത്തിൽ ഇവൾ മാത്രമാണു് ഇപ്പോഴും സഞ്ചാരജീവിയായി ത്തന്നെ ഇരിക്കുന്നതു്.

കുതിരപ്പുറത്തു കയറുന്നസമയം സുരതിയാ പറഞ്ഞു: "ഇനിയും ഒരുദിവസം വരണേ, ബാബുജീ! ഞങ്ങൾ കുരുക്കു വച്ചു് പക്ഷിയേ പിടിക്കാൻ പോകുകയാണു്. പുത്തൻ കുരുക്കു് ഉണ്ടാക്കീട്ടുണ്ടു്. ഒരു ഡാഹുകപ്പക്ഷിയേയും ഒരു ഗുഡ് ഗുഡിപ്പക്ഷിയേയും വളത്തുന്നുണ്ടു്. ഇവർ ചിലയ്ക്കുമ്പോൾ വനത്തിലെ പക്ഷികൾവന്നു് കുരുക്കിൽ വീഴും. ഇന്നിനീം സമയമില്ല. ഉണ്ടായിരുന്നെങ്കിൽ പിടിച്ചുകാണിക്കാമായിരുന്നു."

നാഢാബയിഹാരിലെ വനപ്രാന്തരത്തിലെ വഴിയിൽ ക്കൂടി രാത്രി ഇത്ര ഇരുട്ടിയപ്പോൾ ഭയന്നു ഭയന്നാണു പോന്നതു്. ഇടത്തുഭാഗത്തായി ചെറിയ ഒരു കാട്ടരുവി കുളുകുളാന്നു് ഒഴുകിപ്പോകുന്നുണ്ടു്. എവിടെയോ ഒരു കാട്ടുപൂവു് വിടൎന്നു നില്പുണ്ടു്. അതിന്റെ മണംനിറഞ്ഞ ഇരുട്ടു്, കുതിരയുടെ കുഞ്ചിരോമം കാണാൻ പാടില്ലാത്തവണ്ണം അത്ര കട്ടത്തതാണു്. പിന്നെ നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ ചിലടമെല്ലാം മങ്ങിക്കാണാം.

നാഢാബയിഹാർ പലജാതി വൃക്ഷലതകൾ, വന്യജന്തുക്കൾ, പക്ഷികൾ ഇവയുടെ ആശ്രയസ്ഥാനമാണു്. പ്രകൃതി ഇവിടുത്തെ വനഭൂമിയേയും തകിടിപ്പുറങ്ങളേയും അജസ്രമായ ഐശ്വര്യംകൊണ്ടു് അലങ്കരിച്ചിരിക്കുകയാണു്. ഈ നാഢാബയിഹാരിന്റെ വടക്കേ അതിത്തിയിലാണു്, സരസ്വതീ തടാകം. പ്രാചീന സമ്പ്രദായത്തിലുള്ള സർവ്വേപ്ലാനിൽ, അവിടെ കുശീനദിയുടെ പ്രാചീനതടം ഉണ്ടായിരുന്നതായി കാണാം—ഇപ്പോൾ മുങ്ങിക്കിടക്കത്തക്കവണ്ണംമാത്രമേ ഈ വെള്ളം അവശേഷിച്ചിട്ടുള്ളു—അന്യഭാഗത്തെ ആ പ്രാചീനതടമാണു് ഇന്നു ഘോരവനമായി പരിണമിച്ചിരിക്കുന്നതു്—

"പുരാ യത്ര സ്രോതഃ പുളിനമധുനാ തത്ര സരിതാം—"

 

ആ ഇരുണ്ട നിശ്ചലരാത്രിയിൽ ഈ വനഭൂമിയിൽ കാണായ സൗന്ദര്യം അവൎണ്ണനീയംതന്നെ. നാഢാബയിഹാരിലെ ഈ വനം ഇനിയും വളരെനാൾ നിലനില്ക്കുകയില്ലെന്നു നല്ലവണ്ണം മനസ്സിലായപ്പോൾ എൻെറ മനസ്സു തകൎന്നുപോയി. ഞാൻ ഇതിനെ ഇത്ര വളരെ സ്നേഹിച്ചിട്ടും എന്റെ കൈയിൽത്തന്നെ ഇരുന്നു് ഇതു നശിച്ചുപോയല്ലോ. രണ്ടു വത്സരത്തിനകംതന്നെ ഈ പ്രദേശമെല്ലാം പതിച്ചുകൊടുത്തതിൻെറ ഫലമായി വൃത്തികെട്ട ഗ്രാമങ്ങളായും നഗ്നങ്ങളായ ദരിദ്രവസതികളായും രൂപാന്തരം പ്രാപിച്ചുപോയല്ലോ. പ്രകൃതിയുടെ നൂറ്റാണ്ടുകളിലെ സാധനയുടെ ഫലമാണു് ഈ നാഢാബയിഹാർ; സഹസ്രംകൊണ്ടു് സജ്ജമാക്കിയ ഇവിടത്തെ അതുലനീയമായ വന്യസൗന്ദൎയ്യവും ദൂരവ്യാപിയായ മൈതാനങ്ങളും എട്ടുത്തുംകൊണ്ടു് അവൾ ആരുമറിയാതെ അന്തൎദ്ധാനം ചെയ്യും. എന്നിട്ടു് അതിനുപകരം എന്താണു കിട്ടാൻപോകുന്നതു്?

കുറെ വൃത്തികെട്ട ചെററപ്പുരകൾ, കന്നാലിത്തൊഴുത്തുകൾ, ചോളംവിളയുന്ന വയലുകൾ, ചാണകക്കുനകൾ, കയറ്റുകട്ടിൽ, ഹണുമനസാമുൾച്ചെടി, ഹനുമദ്ധ്വജം, വേണ്ടുവോളം ഉണക്കപ്പുകയില, ധാരാളം ധാന്യം വറുത്തതു്, ധാരാളം കോളറായും മററു വസന്തരോഗങ്ങളും.

ഹേ! അരണ്യമേ! സുപ്രാചീനതേ! എനിക്കു മാപ്പുതരുണേ!

പിന്നൊരുദിവസം സുരതിയായുടെ പക്ഷിപിടുത്തം കാണാൻപോന്നു.

സുരതിയായും ഛനിയായുംകൂടി രണ്ടുകൂട്ടം എട്ടുത്തുംകൊണ്ടു് എൻെറകൂടെ നാഢാബയിഹാരിലെ വനത്തിനു വെളിയിലുള്ള പുൽത്തകിടിയിലേയ്ക്കു പോയി.

സമയം സായംകാലം. നാഢാബയിഹാരിലെ തകിടിപ്പുറത്തു് നീണ്ട നിഴലുകൾ പരത്തിക്കൊണ്ടു് സൂൎയ്യൻ പൎവ്വതത്തിൻെറ മറവിലേയ്ക്കു താഴുകയാണു്. ഒരു ചെറിയ ശാല്മലീമര(Silk cotton tree)ച്ചുവട്ടിൽ പുല്ലിൻെറ പുറത്തായി രണ്ടു കൂടുകളും ഇറക്കിവച്ചു. ഒന്നിൽ ഒരു വലിയ ഡാഹുകപ്പക്ഷിയും മററതിൽ ഗുഡ്ഗുഡിയും. ഇതു രണ്ടും ഇക്കാൎയ്യ

ത്തിൽ പ്രത്യേകം പരിശീലനം സിദ്ധിച്ചവയാണ്. വന്യപക്ഷികളെ ആകഷിക്കാൻവേണ്ടി ഢാഹ്ഹക അങ്ങനെ വിളിക്കാൻതുടങ്ങി.

ഗുഢ്ഗുഢി ആദ്യം വിളിച്ചില്ല.

സുരതിയാ 'ശിസ്'' എന്നു് ശബ്ദം പുറപ്പെടുവിച്ചിട്ട് ഇങ്ങനെ പറഞ്ഞു: ''പറയടാ പക്കീ—നീ വിളിക്കെടാ—''

ഗുഢ്ഗുഢി ഇങ്ങനെ വിളിച്ചു: ''ഗുഢ്–ഢ–ഢ–ഢ—''

ശാന്തമായ അപരാഹ്നത്തിൽ അതിവിശാലമായ പുൽത്തകിടിയുടെ ഏകാന്തതയിൽക്കേട്ട ആ അത്യത്ഭുതകരമായ ശബ്ദം, ഇപ്രകാരമുള്ള ദിഗന്തവിസ്തൃതിയുടെ ചിത്രവും ഇങ്ങനെ തുറന്നു കാണായ ദിക്ചക്രവാളത്തിൻെറ സ്വപ്നവും ഛായാഹീനമായ ചന്ദ്രികയും ആണു് എൻെറ മനസ്സിനു വിഷയമാക്കിത്തന്നതു്. അടുത്തുതന്നെ പുല്ലിൽ കൂട്ടംകൂട്ടമായി വിടർന്നുനിന്നിരുന്ന ദൂധലിപ്പൂക്കളുടെമുകളിൽത്തന്നെ ചരനിയാകുരുക്കുവച്ചു—കൂടിൻെറ വശമാണെന്നു തോന്നത്തക്കവണ്ണം മുളകൊണ്ടു് ഉണ്ടാക്കിയതു്. ആ കുരുക്കുകൊണ്ടു ഗുഢ്ഗുഢി പക്ഷിയുടെ കൂട്ട മറച്ചുവച്ചിരുന്നു.

സുരതിയാ പറഞ്ഞു: ''പോകാം ബാബുജീ! ആ കുററിക്കാടിൻെറ മറവിൽ ഒളിച്ചിരിക്കാം. മനുഷ്യനെ കണ്ടാൽ പക്കി പറന്നുപൊയ്ക്കളയും—'' ഞങ്ങൾ എല്ലാവരുംചേൎന്നു് ശാലത്തൈകളുടെ മറവിൽ കുറച്ചുനേരം കാത്തിരുന്നു.

ഢാഹ്ഹക ഇടയ്ക്കിടയ്ക്കു വിളിനിറുത്തിക്കൊണ്ടിരുന്നു—എന്നാൽ ഗുഢ്ഗുഢിയുടെ വിളിക്കു് ഒരു വിരാമവും ഉണ്ടായില്ല. ഒരേ ടോണിൽത്തന്നെ അതു വിളിച്ചുകൊണ്ടിരുന്നു—ഗുഢ്—ഢ–ഢ–ഢ—

എത്ര മധുരവും അഭൗമവും ആയ രവം!

ഞാൻ പറഞ്ഞു: ''സുരതിയാ! നിങ്ങടെ ഈ ഗുഢ്ഗുഢിയെ ഇങ്ങു വിലയ്ക്കു തന്നേക്കുമോ? എന്താ വില?''

സുരതിയാ പറഞ്ഞു: ''മിണ്ടല്ലേ, മിണ്ടല്ലേ, ബാബുജീ! ഒന്നും പറയല്ലേ—ഇതേ—കേട്ടോ—കാട്ടുപക്കി വരുന്നു—''

കുറച്ചുസമയം മിണ്ടാതെ ഇരുന്നുകഴിഞ്ഞപ്പോൾ വേറെ ഒരു ശബ്ദം തകിടിയുടെ വനപ്രാന്തരത്തിൽനിന്നും ഒഴുകിവന്നു...ഗുഢ്—ഢ–ഢ–ഢ—

എൻെറ ശരീരം കോൾമയിർക്കൊണ്ടു. കാട്ടിലെപക്ഷി കൂട്ടിലെപക്ഷിയുടെ സ്വരത്തിൽ മറുപടി കൊടുക്കുന്നുണ്ട്.

ക്രമേണ ആ ശബ്ദം കൂടിൻെറ അടുത്തടുത്തു വരാൻ തുടങ്ങി.

കുറച്ചു നേരത്തേയ്ക്കു് രണ്ടു പക്ഷിയുടെയും ശബ്ദം അടുത്തടുത്തു തുടർച്ചയായി കേൾക്കായി. പിന്നെ രണ്ടു ശബ്ദവും ഒരുമിച്ചുചേർന്നു് ഒന്നായിത്തീർന്നു—പെട്ടെന്നു വീണ്ടും ഒരു ശബ്ദം—ഒരു പക്ഷിയുടേതുമാത്രം—കൂട്ടിലെ പക്ഷി.

ഛഠനിയായും സുരതിയായും ഓടിച്ചെന്നു; കുരുക്കിൽ പക്ഷി വീണിട്ടുണ്ടു്; ഞാനും ഓടിച്ചെന്നു.

കുരുക്കിൽ കാൽ കുടുങ്ങിപ്പോയതുകൊണ്ടു് പക്ഷി പടപടാന്നു പിടച്ചുകൊണ്ടിരിക്കുന്നു. കുരുക്കിൽ വീണുപോയതോടെ അതിൻെറ വിളി നിന്നുപോയി. എന്തൊരു ആശ്ചര്യസംഭവം! കണ്ണിനെ വിശ്വസിക്കാൻ ശക്തമാകുകയുള്ളു.

സുരതിയാ പക്ഷിയെ കൈയിലെടുത്തു കാണിച്ചു. "നോക്കിയാട്ടെ, ബാബുജീ! കുരുക്കിൽ എങ്ങനെ കാല്  കുടുങ്ങിപ്പോയെന്നു കണ്ടോ?"

സുരതിയായോടു ഞാൻ ചോദിച്ചു: "ഈ പക്ഷിയെ നിങ്ങൾ എന്തുചെയ്യാൻ പോകുന്നു?"

അവൾ പറഞ്ഞു: "അച്ഛൻ തിരാശീ-രത്നഗഞ്ജിലെ ചന്തയിൽ കൊണ്ടുപോയി വില്ക്കും. ഒരു ഗുഡ്ഗുഡിക്കു രണ്ടു പൈസാ— ഒരു ഡാഹ്ഹകിനു് ഏഴു പൈസാ."

ഞാൻ പറഞ്ഞു: "എനിക്കുതന്നേക്കൂ, ഞാൻ വിലതരാം."

സുരതിയാ ഗുഡ്ഗുഡിയെ അങ്ങനെതന്നെ എനിക്കു തന്നു. പക്ഷേ, ഒരൊററ പൈസപോലും അവളെക്കൊണ്ടു സ്വീകരിപ്പിക്കാൻ എനിക്കു കഴിഞ്ഞില്ല.

## നാല്

കന്നിമാസം. ഈ സമയത്തു് ഒരുദിവസം കാലത്തെ എനിക്കു് ഒരെഴുത്തുകിട്ടി, രാജാ ദോബരുപാന്നാ മരിച്ചുപോയി എന്നും, രാജകുടുംബം വല്ലരെ സങ്കടത്തിലായിരിക്കുന്നു, അതു

കൊണ്ടു് സമയംകിട്ടുമ്പോൾ അങ്ങോട്ടു ചെല്ലണമെന്നും കാണിച്ചു്. ഭാനുമതിയുടെ മൂത്തസഹോദരൻ ജഗരുപാന്നാ ആണു് എഴുതിയിരിക്കുന്നതു്.

അപ്പോൾത്തന്നെ ഞാൻ യാത്രയായി. സന്ധ്യയ്ക്കു കുറച്ചുമുമ്പായി ചക്മകിഗ്രാമത്തിൽ എത്തിച്ചേർന്നു. രാജാവിൻെറ മൂത്തമകനും പൗത്രനുംകൂടി എന്നെ കൂട്ടിക്കൊണ്ടുപോയി. രാജാദോബരു കന്നാലികളെ തീററിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്നു വീണു് പരുക്കുപററിയെന്നും ആ പരുക്കുതന്നെ ഒടുവിൽ അദ്ദേഹത്തിൻെറ മരണത്തിനു് കാരണമായിത്തീൎന്നു എന്നും പറഞ്ഞറിഞ്ഞു. രാജാവിൻെറ മരണവാൎത്ത കേട്ടയുടൻതന്നെ ബാങ്കർവന്നു് കന്നുകാലികളെ പിടിച്ചു കെട്ടിക്കഴിഞ്ഞു. രൂപാ കിട്ടിയില്ലെങ്കിൽ വിട്ടുകൊടുക്കുകയില്ലെന്നും അയാൾ ശഠിച്ചു. ഇങ്ങനെ ആപത്തിനുപുറമെ ആപത്തായി. പുതിയ രാജാവിൻെറ അഭിഷേകം അടുത്തുതന്നെ നടക്കുകയുംവേണം. അതിനും കുറച്ചു് ചെലവുണ്ടു്. എന്നാൽ അതിനു വേണ്ട രൂപാ എവിടെ? അതുകൂടാതെ ബാങ്കർ കന്നുകാലികളെ കൊണ്ടുപോകുകയാണെങ്കിൽ രാജകുടുംബത്തിൻെറ സ്ഥിതി വളരെ മോശമായിത്തീരും. അതിൻെറ പാലും നെയ്യും വിറ്റിട്ടാണു് രാജകുടുംബത്തിൻെറ പകുതിച്ചെലവു നടന്നുവന്നതു്. ഇപ്പോൾ അവർ പട്ടിണികിടന്നു് മരിക്കേണ്ടതായിവരും.

ഇതുകേട്ടു് ബാങ്കറെ ഞാൻ വിളിപ്പിച്ചു. അയാളുടെ പേരു് വീരബലസിംഹൻ. എൻെറ ഒരു വാക്കുപോലും കേൾക്കാൻ അയാൾ തയ്യാറല്ലെന്നു് ഞാൻ കണ്ടു. രൂപാ കിട്ടാതെ കന്നുകാലികളിൽ ഒററയെണ്ണംപോലും അയാൾ വിട്ടുകൊടുക്കുകയില്ല. അയാൾ നല്ലവനല്ലെന്നു് ഞാൻ മനസ്സിലാക്കി.

ഭാനുമതിവന്നു് കരയാൻതുടങ്ങി. അവൾ തൻെറ പ്രപിതാമഹനെ വളരെ സ്നേഹിച്ചിരുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ അവർ പൎവ്വതത്തിൻെറ മറവിൽ എന്നവണ്ണം സുരക്ഷിതരായിരുന്നു. അദ്ദേഹം കണ്ണടച്ചപ്പോഴാണു് ഈ ഗുലുമാലുകളെല്ലാം ഉണ്ടായതു്. ഇക്കാൎയ്യമെല്ലാം പറഞ്ഞുപറഞ്ഞു് ഭാനുമതിയുടെ കണ്ണിൽനിന്നും ധാരധാരയായി കണ്ണുനീരൊഴുകി. അവൾ പറഞ്ഞു: "വന്നാട്ടെ, ബാബുജി, എൻെറകൂടെ. വല്യപ്പൂപ്പനെ കബറടക്കംചെയ്തിരിക്കുന്ന സ്ഥലം ഞാൻ കാണിച്ചു

 

തരാം മലമുകളിൽനിന്നുകൊണ്ടു്. എനിക്കൊരു സുഖവും തോന്നില്ല, ബാബുജീ. അദ്ദേഹത്തിന്റെ കബറിനടുത്തു് ഇരുന്നാൽ മാത്രംമതി എനിക്കു്.

ഞാൻ പറഞ്ഞു: "വരട്ടെ! ബാങ്കറുമായി എന്തെങ്കിലും വ്യവസ്ഥചെയ്യാമോ എന്നു് ഞാൻ ഒന്നു നോക്കട്ടെ. എന്നിട്ട പോകാം—" പക്ഷേ, ബാങ്കറുമായി ഒരു വ്യവസ്ഥചെയ്യാൻ ഉടനെ സാദ്ധ്യമായില്ല. ദുഷ്ടനായ രജപുത്ത്ബാങ്കർ ആരുടേയും അപേക്ഷയ്ക്കും ശുപാർശയ്ക്കും വഴങ്ങുന്നവനല്ല. എന്നാൽ അല്പം ഒരു വിട്ടുവീഴ്ച കാണിച്ചു; കന്നുകാലികളെ ഇവിടെത്തന്നെ കെട്ടിയേക്കാം; പക്ഷേ, ഒരുതുള്ളി പാലുപോലും കൊടുക്കുകയില്ല; എന്നൊരു സമ്മതംമാത്രം. രണ്ടുമാസംകഴിഞ്ഞു് ഈ കടംവീട്ടാൻ ഒരു മാർഗ്ഗം ഉണ്ടായി. അക്കാര്യം ഇവിടെ പറയുന്നില്ല.

ഭാനുമതി തനിച്ചു് അവളുടെ വീട്ടിനുമുമ്പിൽ നില്ക്കുന്നതായി കണ്ടു. അവൾ പറഞ്ഞു: "നേരം വൈകിത്തുടങ്ങി. കുറച്ചുകഴിഞ്ഞാൽ പോകുനടപ്പില്ല. പോകാം, കബർകാണാൻ."

ഭാനുമതി തനിച്ചു് എന്റെകൂടെ മലയിലേയ്ക്കു വന്നതിൽനിന്നും എനിക്കു മനസ്സിലായി, കളങ്കമററ ഈ പർവ്വതകുമാരി ഇപ്പോൾ എന്നെ അവളുടെ കുടുംബത്തിന്റെ ഉത്തമസ്നേഹിതനായും ഉററബന്ധുവായും കണക്കാക്കിയിരിക്കുന്നു എന്നു്. ഈ വനബാലയുടെ സരളമായ പെരുമാറ്റവും സ്നേഹവും എന്റെ ഹൃദയത്തെ അപഹരിച്ചുകളഞ്ഞു.

ആ വലിയ താഴ്‌വരയിൽ സായംകാലത്തെ ഛായ പതിഞ്ഞിട്ടുണ്ടു്.

ഭാനുമതി ഭീതയായ മാൻപേട എന്നവണ്ണം വളരെ തിട്ടക്കമായി നടന്നു. ഞാൻ പറഞ്ഞു: "കേട്ടോ, ഭാനുമതീ, ഒന്നു പതുക്കെ നടക്കു. ഇവിടെ ശേഫാലികാപ്പൂച്ചെടി എവിടെയെങ്കിലും ഉണ്ടോ?" ഭാനുമതിയുടെ നാട്ടിൽ ശേഫാലികയുടെ പേരു തികച്ചും ഭിന്നമാണു്. ശരിയായിട്ട് അതു് തിരിച്ചറിയാൻ എനിക്കു കഴിഞ്ഞില്ല. മലയുടെ മുകളിലേയ്ക്കു കയറിപ്പോകുന്തോറും വളരെദൂരംവരെയുള്ള സ്ഥലം എനിക്കു കാണാൻ കഴിഞ്ഞു. നീല ധൻഝരി ശൈലനിര ഭാനുമതിയുടെ ദേശത്തെ, രാജ്യമില്ലാത്ത രാജാ ദോബരുപാന്നായുടെ രാജ്യത്തെ, മേഖലാകാരത്തിൽ വലയംചെയ്തുകൊണ്ടു് നിലകൊ

ള്ളുന്നു. വളരെ ദൂരെനിന്നും കാററു് 'ഹ്ഹ ഹ്ഹ' എന്നു് ഒരു തടസ്സവും ഇല്ലാതെ അടിച്ചുകൊണ്ടിരിക്കുന്നു.

ഭാനുമതി നടന്നുപോകുന്നതിനിടയ്ക്കു് തിരിഞ്ഞുനിന്നിട്ടു് എന്നോടു ചോദിച്ചു: "ബാബുജീ! കയറാൻ പ്രയാസം തോന്നുന്നുണ്ടോ?"

"ഒന്നുമില്ല—കുറച്ചു പതുക്കെ നടക്കണമെന്നുമാത്രം. പ്രയാസം എന്തോന്നാ?"

പിന്നെ കുറച്ചുകൂടെ നടന്നിട്ടു് അവൾ പറഞ്ഞു: "വല്യപ്പൂപ്പൻ പോയി. കുടുംബത്തിൽ ഇനിയും എനിക്കാരുമില്ല, ബാബുജീ!"

ഭാനുമതി കൊച്ചുകുഞ്ഞിനെപ്പോലെ കരഞ്ഞുംകൊണ്ടാണു് ഇതു പറഞ്ഞതു്.

അവളുടെ വാക്കുകേട്ടിട്ടു് എനിക്കു ചിരിവന്നു. വൃദ്ധനായ പ്രപിതാമഹൻ ഇപ്പോൾ ഇല്ല; മരിച്ചുപോയി, അമ്മയും ഇല്ല. ഇല്ലെങ്കിലെന്താ, അവളുടെ അച്ഛൻ, സഹോദരൻ, അമ്മൂമ്മ, അപ്പൂപ്പൻ, ഇവരെല്ലാവരും കുടുംബത്തിൽ ജീവിച്ചു് വിളങ്ങുന്നുണ്ടു്. ആയിരംപേരുണ്ടായിക്കൊള്ളട്ടെ, ഭാനുമതി സ്ത്രീയും ബാലികയും ആണു്. പുരുഷന്റെ സഹാനുഭൂതി തെല്ലെങ്കിലും ആകർഷിക്കാനും സ്നേഹം സമ്പാദിക്കാനും ഉള്ള ഉദ്യമം അവൾക്കു് സ്ത്രീസഹജമായിത്തന്നെ ഉണ്ടു്.

ഭാനുമതി പറഞ്ഞു: "അങ്ങുന്നു് വല്ലപ്പോഴുമൊക്കെ വരണേ ബാബുജീ! ഞങ്ങളെ അന്വേഷിച്ചുകൊള്ളണേ! മറന്നുപോകയില്ലെന്നു പറയണേ!"

സ്ത്രീ എല്ലാസ്ഥലത്തും എല്ലാ അവസ്ഥയിലും സമമാണു്. വനബാലിക ഭാനുമതിയും അതേ ലോഹംകൊണ്ടു് വാർത്തെടുക്കപ്പെട്ടവളാണു്.

ഞാൻ പറഞ്ഞു: "എന്തിനാ മറക്കുന്നതു്? വല്ലപ്പോഴും വരാം നിശ്ചയമായിട്ടും—"

ഭാനുമതി എന്തോ ഒരുതരം അഭിമാനസൂചകമായ സ്വരത്തിൽ പറഞ്ഞു: "അതേ! ബങ്കാളദേശത്തുപോയാലും, കൽക്കത്താനഗരത്തിൽ പോയാലും പിന്നെയും മനസ്സിലിരിക്കണെ ഈ മലമ്പ്രദേശത്തെകാര്യം—അല്പം നിറുത്തിയിട്ടു പറഞ്ഞു—"ഞങ്ങടെ കാര്യം—എന്റെ കാര്യം—"

സ്നേഹസ്വരത്തിൽ ഞാൻ പറഞ്ഞു: "എന്തുകൊണ്ടു് മനസ്സിൽ ഇരിക്കയില്ല, ഭാനുമതീ! കണ്ണാടി കിട്ടിയില്ലെ? മനസ്സിൽ ഇരുന്നോ ഇരുന്നില്ലയോ, ആലോചിച്ചുനോക്കു്."

ഭാനുമതി പ്രസന്നമുഖിയായി പറഞ്ഞു: "അയ്യ! എത്ര രസികൻ കണ്ണാടി! ബാബുജീ! പരമാത്ഥംപറഞ്ഞാൽ അക്കാര്യ്യം പറയാൻ ഞാനങ്ങു വിട്ടുപോയി."

സമാധിസ്ഥാനത്തെ ആ പേരാലിൻകീഴിൽ ചെന്നുനിന്നപ്പോൾ പകൽ അവസാനിച്ചു എന്നുപറയാമെങ്കിലും, ദൂരെ പവ്വതശ്രേണിയുടെ മറവിൽ സൂര്യ്യൻ ചെങ്കതിരോനായി ഒഴുകിവീഴുന്നതേ ഉള്ളു. അപ്പോൾ ക്ഷീണാംശനായ ചന്ദ്രൻ ഉയർന്നുവന്നു് വടതലത്തിലെ അപരാഹ്നത്തിന്റെ ഇരുണ്ട നിഴലും അടുത്തുവരാൻപോകുന്ന സന്ധ്യയുടെ ഗംഭീരമായ അന്ധകാരവും നീക്കംചെയ്യുന്നുണ്ടു്, എന്നിങ്ങനെ ദൃഢനിശ്ചയം ചെയ്തുകൊണ്ടു് ആ സ്ഥാനത്തു് അതിനുവേണ്ടിത്തന്നെ പ്രതീക്ഷിച്ചുകൊണ്ടെന്നവണ്ണം നിലകൊള്ളുന്നുണ്ടു്.

കുറച്ചു കാട്ടുപൂക്കൾ പറിച്ചുകൊണ്ടുവരാൻ ഭാനുമതിയോടു ഞാൻ പറഞ്ഞു, അവളുടെ പ്രപിതാമഹന്റെ സമാധിസ്ഥാനത്തെ ആ കല്ലിൽ അർപ്പണംചെയ്യാൻവേണ്ടി. സമാധിസ്ഥാനത്തു് പുഷ്പങ്ങൾ അർപ്പിക്കുന്ന ആചാരം ഈ ദേശത്തുള്ളവൎക്കു് അറിഞ്ഞുകൂടാ. എന്റെ ഉത്സാഹം കണ്ടിട്ടു് അവൾ അടുത്തുനിന്നും കുറച്ചു ശേഫാലിസുമങ്ങൾ പറിച്ചുകൊണ്ടുവന്നു. എന്നിട്ടു് ഞാനും ഭാനുമതിയും—ഞങ്ങൾ രണ്ടുപേരും രാജാദോബതുപാന്നായുടെ സമാധിസ്ഥാനത്തു് പൂക്കൾ സമർപ്പിച്ചു.

ഈ സമയത്തുതന്നെ ആ പേരാലിന്റെ മണ്ടയിൽനിന്നും ഒരുസംഘം സില്ലിപ്പക്ഷികൾ ചിറകടിച്ചു ചിലച്ചുകൊണ്ടു പറന്നുപോയി—ഭാനുമതിയുടെയും രാജാദോബതുവിന്റെയും അവഹേളിതരും മർദ്ദിതരും ആയ പൂവ്വികന്മാർ എന്റെ ഈ കമ്മത്തിൽ സന്തുഷ്ടരായി, 'നല്ലവൻ! നല്ലവൻ!' എന്നു് ഒരേ സ്വരത്തിൽ വിളിച്ചുപറയുന്നതായി എനിക്കു തോന്നിപ്പോയി; കാരണം, അനായ്യരാജസമാധിയോടു് ആയ്യവംശജനായ ഒരുവൻ ആദ്യമായി പ്രദർശിപ്പിക്കുന്ന ബഹുമാനമാണു് ഇതെന്നു് എനിക്കു തോന്നുന്നു.

# പരിച്ഛേദം പതിനഞ്ച്

**ഒന്നു്**

ധാവതാൽസാഹ്ഹ ബാങ്കറുടെ അട്ടക്കൽ ഒരിക്കൽ എനിക്കു് കൈ നീട്ടേണ്ടതായി വന്നുകൂടി. അന്നു് ഞങ്ങളുടെ ആദായം കുറവായിരുന്നു. മാത്രമല്ല, പതിനായിരം രൂപാ റവന്യൂ അടയ്ക്കുകയുംവേണം. തഹ്റശീൽദാർ ബനോയാരിലാൽ അഭിപ്രായപ്പെട്ടു: "ബാക്കി രൂപാ ധാവതാൽസാഹ്ഹവിൻെറ അട്ടക്കൽനിന്നും കടം എടുത്താട്ടെ; നിശ്ചയമായും അവിടത്തേയ്ക്കു തരാൻ അയാൾക്കു് വിസമ്മതം ഉണ്ടായിരിക്കുകയില്ല." ധാവതാൽസാഹ്ഹ എൻെറ സ്റ്റേററിലെ പ്രജയല്ല; അയാൾ ഗവർമ്മെൻറ് എസ്റ്റേററിലാണു് താമസം; ഞങ്ങളോടു് അയാൾക്കു് ഒരുതരത്തിലും ഉള്ള ബാധ്യതയും ഇല്ല. ഈ സ്ഥിതിക്കു് ഞാൻ ചെന്നു് ഒന്നു ചോദിച്ചാൽ ഉടനെ വ്യക്തിപരമായ നിലയിൽ മൂവായിരംരൂപാ കടം തരുമോ? ഇതിൽ എനിക്കു വളരെ സംശയം ഉണ്ടായി.

പക്ഷേ, സ്വന്തതാല്പര്യം ഒരു വലിയ പ്രേരണയാണല്ലോ. ഒരുദിവസം ഞാൻ ബനോയാരിലാലും ഒത്തു് ആരും അറിയാതെ ധാവതാൽസാഹ്ഹവിൻെറ വീട്ടിൽ പോയി; കാരണം, കടം വാങ്ങിക്കേണ്ടിവന്നിരിക്കുന്നു എന്നു് കച്ചേരിയിൽ മറ്റാരെയും അറിയിക്കണ്ടാ എന്നുവച്ചു്.

ധാവതാൽസാഹ്ഹവിൻെറ വീടു് പവസദിയായിലെ, ആൾ തിങ്ങിപ്പാക്കുന്ന ഒരു ഗ്രാമത്തിലാണു്. വലിയ ഒരു വീടിൻെറ മുൻഭാഗത്തായി കുറെ കയററുകട്ടിൽ ഇട്ടിട്ടുണ്ടു്. ധാവതാൽസാഹ്ഹ മുററത്തിൻെറ ഒരുവശത്തുള്ള പുകയിലത്തോട്ടത്തിൽ കളയെടുത്തുംകൊണ്ടു് നിൽക്കുകയായിരുന്നു. അയാൾ ഞങ്ങളെ കണ്ടിട്ടു് ഓടിവന്നു. എവിടെ ഇരുത്തണം, എന്തൊക്കെയാണു ചെയ്യേണ്ടതു്, എന്നൊന്നും അറിയാതെ അയാൾ തെല്ലുനേരം ഒന്നു പകച്ചു് നിന്നുപോയി,

"അല്ലാ! അങ്ങുന്നു് വന്നിരിക്കുന്നല്ലോ, ഈ പാവപ്പെട്ട വൻെറ വീട്ടിൽ, വന്നാട്ടെ, വന്നാട്ടെ; ഇരുന്നാട്ടെ അങ്ങുന്നേ! വന്നാട്ടെ തഹശീൽദാർസാഹിബേ!"

ധാവതാൽസാഹ്ഹുവിൻെറ വീട്ടിൽ വേലക്കാരായി ആരേയും കണ്ടില്ല. അയാളുടെ പ്രിയപ്പെട്ട ഒരു പൗത്രൻ ഉണ്ടു്; പേരു് രാമലഖിയാ. അയാൾ തന്നെ ഞങ്ങളെ സൽക്കരിക്കാൻവേണ്ടി അങ്ങോട്ടും ഇങ്ങോട്ടും ഓടിത്തുടങ്ങി. വീട്ടിനകത്തെ സാധനസാമഗ്രികൾ കണ്ടാൽ ആരു പറയും ഇതു് ലക്ഷപ്രഭുവായ ഒരു ബാങ്കറുടെ വീടാണെന്നു്!

രാമലഖിയാ എൻെറ കുതിരയുടെ പുറത്തുനിന്നും ജീനിയും കടിഞ്ഞാണും അഴിച്ചെടുത്തിട്ടു് കുതിരയെ കെട്ടി. ഞങ്ങൾക്കു് കാൽകഴുകാൻ വെള്ളം കൊണ്ടുവന്നു. ധാവതാൽസാഹ്ഹ ഒരു താലവൃന്തംകൊണ്ടു് ഞങ്ങളെ വീശാൻതുടങ്ങി. സാഹ്ഹജിയുടെ ഏകപൗത്രി പുകയില തയാറാക്കിക്കൊണ്ടുവരാൻ ഓടി. സൽക്കരിക്കാൻവേണ്ടിയുള്ള ഇവരുടെ ബദ്ധപ്പാടു കണ്ടിട്ടു് എനിക്കു് അസുഖം തോന്നി. ഞാൻ പറഞ്ഞു: "ബദ്ധപ്പെടേണ്ട ആവശ്യം ഇല്ലാ സാഹ്ഹജീ! പുകയില കൊണ്ടുവരണ്ടാ. എൻെറകൈയിൽ ചുരുട്ടുണ്ടു്."

എത്രതന്നെ ബഹുമാനാദരങ്ങൾ കാണിച്ചാലും വന്നകാര്യം പറയാൻ ഒരു വലിയസങ്കോചം; എങ്ങനെ പുറത്തുവിടും?

ധാവതാൽസാഹ്ഹ ചോദിച്ചു: "മാനേജർ ബാബു ഇവിടെ പക്ഷിയെ വെടിവയ്ക്കാൻ വന്നതായിരിക്കുമോ?"

"അല്ല, നിങ്ങളുടെ അടുക്കൽത്തന്നെ വന്നതാണു് സാഹ്ഹജീ!"

"എൻെറ അടുക്കൽ അങ്ങുന്നോ? എന്തോന്നാണാ? പറഞ്ഞാലും!"

"ഞങ്ങളുടെ ഹെഡ്ഡാഫീസിൽ കുറച്ചു രൂപാ പോരാതെ വന്നു. ഒരു മൂവായിരത്തിഅഞ്ഞൂറുരൂപായുടെ അത്യാവശ്യം ഉണ്ടു്. നിങ്ങളുടെ അടുക്കൽ അതിനായിട്ടുതന്നെ വന്നതാണു്."

പറയേണ്ടതായി വന്നുകൂടിയപ്പോൾ, വരുന്നതുവരട്ടെ എന്നുവച്ചു് അങ്ങു പറഞ്ഞുവിട്ടു.

ധാവതാൽസാഹ്ഹ അല്പംപോലും ആലോചിക്കാതെതന്നെ

പറഞ്ഞു: "അതിനുവേണ്ടി ഇത്ര ആലോചിക്കാൻ എന്തോന്നാ അങ്ങുന്നേ? ഇപ്പത്തന്നെ കൊണ്ടുപോകാമല്ലൊ. പക്ഷേ, അതിനുവേണ്ടി കഷ്ടപ്പെട്ട് അങ്ങുന്നുതന്നെ വരേണ്ട ആവശ്യം എന്തായിരുന്നു? ഒരു ചിററെഴുതി തഹശീൽദാർസാഹിബ്ബിന്റെ അടുക്കൽ കൊടുത്തയച്ചിരുന്നെങ്കിൽ അവിടുത്തെ ഉത്തരവുപോലെ ചെയ്യാമായിരുന്നല്ലൊ."

ഇപ്പോൾ പരമാർത്ഥസംഗതി പറയണം എന്ന് ഞാൻ വിചാരിച്ചു. രൂപാ ഞാൻതന്നെ വ്യക്തിപരമായ നിലയിൽ കടംവാങ്ങിക്കാനാണ് ഉദ്ദേശിക്കുന്നതു്; എന്തെന്നാൽ ജമിന്ദാരുടെപേരിൽ കടംവാങ്ങിക്കാൻ എനിക്കു മുക്ത്യാർ ഇല്ല. ഇക്കാര്യം കേൾക്കുമ്പോൾ ധാവതാൽ എനിക്കു രൂപാ തരുമോ? ഞാൻ ഒരു വിദേശി; എനിക്ക് ഇവിടെ സ്വത്തുണ്ടോ; ഇത്രയും രൂപാ പ്രമാണംകൂടാതെ എനിക്കു തരാമോ? ഇക്കാര്യം അല്പം സങ്കോചത്തോടെ ഞാൻ പറഞ്ഞു:

"സാഹുജീ! പക്ഷേ, എഴുത്തുകുത്ത് എന്റെപേരിൽത്തന്നെയാണു വേണ്ടതു്. ജമിന്ദാരുടെപേരിൽ ആയിരിക്കരുതു്."

ധാവതാൽസാഹു ആശ്ചര്യപ്പെട്ട സ്വരത്തിൽ പറഞ്ഞു: "എഴുത്തുകുത്തെന്തിനാ? അങ്ങുന്ന് എന്റെ വീട്ടിൽ വന്നു, കുറച്ചു രൂപാ പോരാതെവന്നതുകൊണ്ടു്; അതു കൊണ്ടുപോകാനായിട്ട്. അതിനു് അങ്ങുന്നു വരേണ്ട ആവശ്യംതന്നെ ഇല്ലായിരുന്നു; ഉത്തരവിട്ട് ആളയച്ചാൽ മതിയായിരുന്നല്ലൊ. പിന്നെ, അവിടുന്നുതന്നെ വന്നു; അപ്പോൾ പിന്നെ പ്രമാണം എന്തിനാ? അങ്ങുന്നു ചുമ്മാ കൊണ്ടുപോയാട്ടെ, കച്ചേരിയിൽ രൂപാ വരുമ്പോൾ അയച്ചുതന്നേച്ചാൽമതിയാകും."

ഞാൻ പറഞ്ഞു: "ഞാൻ നേട്ടെഴുതിത്തരാം, സ്റ്റാമ്പുകൊണ്ടുവന്നിട്ടുണ്ടു്; അല്ലെങ്കിൽ കണക്കുബുക്ക് എടുക്കുക, ഞാൻ ഒപ്പിട്ടുതരാം."

ധവതാൽ കൈകൂപ്പിക്കൊണ്ടു പറഞ്ഞു: "ക്ഷമിക്കണേ! അങ്ങുന്നേ! അക്കാര്യം പറയുകയേ വേണ്ടാ. എനിക്കു വലിയ സങ്കടമാകും. ഒരു പ്രമാണവും ആവശ്യമില്ല. രൂപാ അങ്ങുന്ന് കൊണ്ടുപോയാട്ടെ."

ഞാൻ എത്ര നിർബ്ബന്ധിച്ചിട്ടും ധാവതാൽ ചെവിക്കൊണ്ടില്ല. അകത്തുനിന്നും നോട്ടുകെട്ട് എണ്ണിക്കൊണ്ടുവന്നു

തന്നിട്ട പറഞ്ഞു: "എന്നാൽ അങ്ങുന്നേ, എനിക്കു് ഒരു ചെറിയ അപേക്ഷയുണ്ടു്."

"എന്തോന്നാ?"

"ഇപ്പോൾ പോകരുതു്. അരിയും സാമാനങ്ങളും എടുത്തുകൊണ്ടുവരാം, വച്ചുണ്ടിട്ട പോയാൽമതി."

ഞാൻ വീണ്ടും വിസമ്മതം പറഞ്ഞു. അതും അയാൾ സ്വീകരിച്ചില്ല. തഹശീൽദാരോട്ട ഞാൻ പറഞ്ഞു: "ബനോയാരിലാൽ, അരിവയ്ക്കാമോ? എന്നേക്കൊണ്ടാവില്ല."

ബനോയാരി പറഞ്ഞു: "അതു നടപ്പില്ല, അങ്ങുന്നേ! ഞാൻ വച്ചുകഴിച്ചാൽ അവിട്ടത്തേയ്ക്കു് ഈ ഗ്രാമത്തിൽ ചീത്തപ്പേരുണ്ടാകും. ഞാനതു വേണങ്കിൽ ഇപ്പത്തന്നെ കാണിച്ചുതരാമല്ലൊ."

സാഹുവിൻെറ പൗത്രൻ, അരിയും സാമാനങ്ങളും എടുത്തുകൊണ്ടുവന്നു തന്നു. പാകംചെയ്യുന്നസമയത്തു് അപ്പൂപ്പനും കൊച്ചുമകനും അടുത്തിരുന്നു് പാകംസംബന്ധിച്ചു് പല നിർദ്ദേശങ്ങളും കൊടുത്തുകൊണ്ടിരുന്നു.

അപ്പൂപ്പൻ അടുക്കൽ ഇല്ലാതിരുന്നപ്പോൾ കൊച്ചുമകൻ പറഞ്ഞു: "ഇതു കണ്ടോ? ബാബുജീ! എന്റെ അപ്പൂപ്പൻ, അദ്ദേഹംകാരണം എല്ലാം പോകും. എത്രയോപേർക്കാണു് കടംകൊടുത്തിട്ടുള്ളതു് പലിശയില്ലാതെ, ഈടോ രേഖയോ ഒന്നുംകൂടാതെ. ഇപ്പോൾ കൂടുതൽ ആദായം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല, എല്ലാവരേയും വിശ്വാസമാണു്. എന്നിട്ടും എത്രപേരാ കളിപ്പിച്ചോണ്ടു പോകുന്നതു്? ആളുകളുടെ വീട്ടിൽ കൊണ്ടുചെന്നു് രൂപാ കൊടുത്തിട്ടുവരും."

ഗ്രാമത്തിലെ വേറെ ഒരാൾകൂടി അവിടെ ഉണ്ടായിരുന്നു. അയാൾ പറഞ്ഞു: "ആപത്തുവരുമ്പോൾ സാഹുവിൻെറ അടുക്കൽച്ചെന്നു കൈനീട്ടിയിട്ടു് വെറുംകൈയോടെ പോകേണ്ടിവന്നിട്ടുള്ള ഒരുവനേയും ഞാൻ ഇതുവരെ കണ്ടിട്ടില്ല, ബാബുജീ! പഴയമട്ടിലുള്ള ആളാണു്. ഇത്രവലിയ ഒരു പണക്കാരൻ ഒരിക്കലും കേസുംകൊണ്ടു കോടതിയിൽ പോയിട്ടില്ല. കോർട്ടിൽ പോകുന്നതു് അദ്ദേഹത്തിനു പേടിയാണു്. വലിയ ഭീരുവാണു്, എന്നാൽ നല്ല മനുഷ്യനും ആണു്."

അന്നു് ധാവതാൽസാഹുവിൻെറ അട്ടക്കൽനിന്നും വാങ്ങിച്ച രൂപാ തിരിച്ചുകൊട്ടക്കാൻ ആറുമാസത്തോളം വേണ്ടിവന്നു. ഈ ആറുമാസത്തിന്നിടയ്ക്കു് ധാവതാൽസാഹു ഞങ്ങളുടെ ഇസ്മായൽപുരത്തിൻെറ അട്ടത്തുകൂടിയെങ്ങും നടന്നുപോയിട്ടില്ല; അയാൾ കടംപിരിക്കാൻ വരികയാണെന്നു് ഞാൻ വിചാരിച്ചെങ്കിലോ എന്നു പേടിച്ചു്. ബഹുമാന്യൻ എന്നു് പിന്നെ ആരെയാണു വിളിക്കേണ്ടതു്?

## രണ്ടു്

ഏതാണ്ടു് ഒരുവഷം ആയിക്കാണും രാഖാൽബാബുവിൻെറ വീട്ടിൽ ഞാൻ പോയിട്ടു്. കൊയ്ത്തുമേള കഴിഞ്ഞു് ഒരു ദിവസം ഞാൻ അവിടെ പോയി. രാഖാൽബാബുവിന്റെ ഭാര്യയ്ക്കു് എന്നെ കണ്ടപ്പോൾ വളരെ സന്തോഷമായി. അവർ പറഞ്ഞു: "അതിൽ പിന്നെ വരാഞ്ഞതെന്താ ചേട്ടാ? ഒരു വിവരവും അറിയിച്ചും ഇല്ല—ആരോരുമില്ലാത്ത ഈ സ്ഥലത്തു് ഒരു ബംഗാളിയുടെ മുഖം കാണുക എന്നുവച്ചാൽ—വിശേഷിച്ചും ഞങ്ങളുടെ ഈ സ്ഥിതിയിൽ."

ഇത്രയും പറഞ്ഞുകൊണ്ടു് ചേട്ടത്തി നിശ്ശബ്ദമായി കരയാൻതുടങ്ങി.

ഞാൻ നാലുപാട്ടും നോക്കിക്കണ്ടു. വാസഗൃഹത്തിൻെറ സ്ഥിതി പഴയപടിതന്നെ വളരെ മോശം. എന്നാൽ ഇപ്പോൾ അത്രത്തോളം ക്രമക്കേടുകൾ ഒന്നും ഇല്ല. രാഖാൽബാബുവിൻെറ മൂത്തമകൻ വീട്ടിൽത്തന്നെ ഇരുന്നു് തകരവേല ചെയ്യുകയാണു്—വല്ലതും എല്ലാം കിട്ടും—എന്നാൽ കിട്ടുന്നതുകൊണ്ടു കുടുംബം ഒരുതരത്തിൽ കഴിഞ്ഞുകൂടിപ്പോകുന്നുണ്ടു്.

രാഖാൽബാബുവിൻെറ ഭാര്യയോടു ഞാൻ ചോദിച്ചു: "കൊച്ചുമകനെ ഒന്നുമില്ലെങ്കിൽ അവൻെറ അമ്മാവന്റെ അട്ടക്കൽ കാശിയിൽ അയച്ചു് വല്ലതും പഠിപ്പിക്കരുതോ?"

അവർ പറഞ്ഞു: "സ്വന്തം അമ്മാവൻ എവിടെ? ചേട്ടാ! രണ്ടുമൂന്നു് എഴുത്തയച്ചിരുന്നു, ഇത്രവലിയ ആപത്തുവന്നതു് അറിയിച്ചുകൊണ്ടു്—പത്തുരൂപാ അയച്ചുതന്നു, പിന്നെ

അനക്കമില്ല. പിന്നീട്ട് ഈ ഒന്നൊന്നരവഷമായിട്ട് ഒരു മറുപടിയും ഇല്ല. അതിനെക്കാൾ ഭേദം ചേട്ടാ, അവൻ ചോളം അറുക്കും, ജനാര (ഒരുതരം ചോളം) അറുക്കും, കന്നിനെ തീറ്റും— എന്നാലും ഇങ്ങനെയുള്ള അമ്മാവൻെറ വീട്ടിൽ പോകുകയില്ല.''

ഞാൻ അപ്പോൾത്തന്നെ കുതിരപ്പുറത്തുകയറി തിരിച്ചു പോരുമായിരുന്നു. പക്ഷേ, ചേത്തട്ടി ഒട്ടംതന്നെ സമ്മതിച്ചില്ല. അന്നു പകൽ അവിടെ താമസിക്കണമെന്നു് നിർബ്ബന്ധം പിടിച്ചു. എന്തെങ്കിലും ആഹാരം ഉണ്ടാക്കിത്തന്നു് കഴിപ്പിക്കാതെ വിടുകയില്ലെന്നു ശഠിച്ചു.

മററു പോംവഴിയില്ലാതെ കാത്തിരിക്കേണ്ടിവന്നു. ചോളം വറുത്തുപൊടിച്ചു് നെയ്യും പഞ്ചസാരയുംചേർത്തു് ഒരുതരം ലഡ്ഡുണ്ടാക്കിയതും കുറച്ചു് അലുവാ ഉണ്ടാക്കിയതും ചേട്ടത്തി എനിക്കു കഴിക്കാൻതന്നു. ഒരു ദരിദ്രകുടുംബത്തിനു് എത്രത്തോളം ആദരപൂവ്വം അതിഥിസൽക്കാരംചെയ്യാൻ കഴിയുമോ അതിൽ ഒട്ടും കുറവുവരുത്തിയില്ല അവർ.

അവർ പറഞ്ഞു: ''ചേട്ടാ, ചിങ്ങമാസത്തെ ചോളം സൂക്ഷിച്ചുവച്ചിരുന്നതാണു് അവിടുത്തേയ്ക്കുവേണ്ടി. ചേട്ടനു് ചോളംവേവിച്ചതു് തിന്നാൻ ഇഷ്ടമാണല്ലോ, അതുകൊണ്ടു്.''

ഞാൻ ചോദിച്ചു: ''ചോളം എവിടെക്കിട്ടി? വാങ്ങിച്ചതാണോ?''

''അല്ല; വയലിൽനിന്നും പെറുക്കിയെടുക്കാൻ പോകും; ചോളം അറുത്തെടുത്തോണ്ടുപോകുമ്പോൾ പൊഴിഞ്ഞു താഴെ വീണുപോകുന്നതു് കൃഷിക്കാർ ഉപേക്ഷിച്ചിട്ടുപോകും. ഗ്രാമത്തിലെ പെണ്ണുങ്ങൾ പോകും അതു പെറുക്കിയെടുക്കാൻ; ഞാനും അവരുടെകൂടെ പോകും. ഒന്നൊന്നരക്കുട്ടച്ചോളം ദിവസവും ഞാൻ പെറുക്കിയെടുക്കും.''

ഞാൻ ആശ്ചയ്യപ്പെട്ടു ചോദിച്ചു: ''വയലിൽ ചോളം പെറുക്കാൻ പോകുമോ?''

''പോകും; രാത്രിയിലാ പോകുന്നതു്; ആരും അറിയുകയില്ല, ഗ്രാമത്തിലെ എത്ര പെണ്ണുങ്ങളാ പോകുന്നതു്! ഞാനും അവരുടെകൂടെ പോയി ഈ ചിങ്ങമാസത്തിൽ തീരെ കുറഞ്ഞതു് പത്തുകുട്ട ചോളം പെറുക്കിക്കൊണ്ടുവന്നു.''

എനിക്കു് വളരെ സങ്കടംതോന്നി. പാവപ്പെട്ട ഗാങ്ങോതാപ്പെണ്ണുങ്ങൾ ചെയ്യുന്ന ഈ ജോലി—ഈ നാട്ടിലെ ഛത്രികളോ രജപുത്തുകളോ ആയ സ്ത്രീകൾ എത്ര പാവപ്പെട്ടവരായിരുന്നാലും വയലിൽ കാലാപെറുക്കാൻ പോവുകയില്ല. ആ സ്ഥിതിക്കു് ഒരു ബംഗാളിസ്ത്രീ ഈ ജോലിചെയ്യുന്നു എന്നു കേട്ടാൽ മനസ്സിനു വളരെ വല്ലായ്മതോന്നാതെ തരമില്ല. എഴുത്തു പഠിക്കാത്ത ഗാങ്ങോതാക്കാരുടെ ഗ്രാമത്തിൽ പാത്തു് ചേട്ടത്തിയും ഈ ഹീനവൃത്തികളെല്ലാം അങ്ങു പഠിച്ചുപോയി. അതിൻെറ പ്രധാന കാരണം ദാരിദ്ര്യമാണു്, അതുകൊണ്ടു് അതിൽ തെററില്ല. അവർ സങ്കടപ്പെട്ടുമല്ലോ എന്നു വിചാരിച്ചു് എനിക്കു നാവനക്കി ഒന്നും പറയാൻ കഴിഞ്ഞില്ല. ഈ പാവപ്പെട്ട ബംഗാളികുടുംബത്തിനു് ബംഗാളത്തെ വിദ്യാഭ്യാസമോ സംസ്കാരമോ ഒന്നും സിദ്ധിച്ചിട്ടില്ല. കുറെ വഷം കഴിഞ്ഞാൽ ഇവർ കഷകരായ ഗാങ്ങോതാക്കളായിത്തീരും—ഭാഷയിലും ആചാരത്തിലും പെരുമാററത്തിലും എല്ലാം. ഇപ്പോൾത്തന്നെ അവർ ഈ വഴിയിൽക്കൂടി വളരെ മുന്നോട്ടു പോയിക്കഴിഞ്ഞിരിക്കുന്നു.

റെയിൽവേസ്റ്റേഷനിൽനിന്നും വളരെ ദൂരെയുള്ള ഒരു ആട്ടിടയഗ്രാമത്തിൽ വേറേയും ഒന്നുരണ്ടു് ഒരുതരം ബംഗാളികുടുംബത്തെ എനിക്കു കാണാൻ ഇടയായിട്ടുണ്ടു്. ഈ ബംഗാളികുടുംബത്തിലെ എല്ലാം പെൺകുട്ടികളെ കല്യാണംകഴിച്ചുകൊടുക്കുന്നതു വളരെ പ്രയാസമുള്ള ഒരു കാര്യമാണു്. ഇങ്ങനെ വേറെ ഒരു ബംഗാളിബ്രാഹ്മണകുടുംബത്തെ എനിക്കറിയാം. ദക്ഷിണബീഹാറിലെ ഒരു അജ്ഞഗ്രാമത്തിലായിരുന്നു അവർ താമസിച്ചിരുന്നതു്; വളരെ താണനിലയിലുള്ളവർ. അവർക്കു മൂന്നു പെൺകുട്ടികൾ ഉണ്ടായിരുന്നു. മൂത്തവൾക്കു് ഇരുപതിരുപത്തിരണ്ടും, രണ്ടാമത്തവൾക്കു് ഇരുപതും, ഇളയപെണ്ണിനു പതിനേഴും വയസ്സു് പ്രായം. ഇവരുടെ വിവാഹം കഴിഞ്ഞിരുന്നില്ല. അതിനു് ഒരു മാർഗ്ഗവും ഇല്ല—സ്വജാതിയിലുള്ള ബംഗാളിവരനെ കിട്ടുന്നകാര്യം ഈ പ്രദേശത്തെല്ലാം വളരെ പ്രയാസമാണു്.

ഇരുപത്തിരണ്ടു വയസ്സായ മൂത്തപെണ്ണു് കാഴ്ചയിൽ കൊള്ളാം. ബംഗാളിഭാഷയുടെ ഒരു വർണ്ണംപോലും അറിഞ്ഞു

കൂടാ. ആകൃതിയിലും പ്രകൃതിയിലും അസൽ ദേഹാതിബ്ബീഹാറിപ്പെണ്ണുതന്നെ. വയലിൽനിന്നും പയറും ഗോതമ്പിൻെറ ഉമിയും തലയിൽച്ചുമന്നുകൊണ്ടുവരും.

ഈ പെണ്ണിൻെറ പേരു് ധ്രുവ. പഴയരീതിയിലുള്ള ബീഹാറിപ്പേരു്.

അവളുടെ അച്ഛൻ ആദ്യം ഈ ഗ്രാമത്തിൽ ഹോമിയോപ്പതി ചികിത്സയ്ക്കായി വന്നിട്ടു് കൃഷിജോലിയും തുടങ്ങി, കുറച്ചുകഴിഞ്ഞു് അയാൾ മരിച്ചുപോയി. മൂത്തമകൻ മുഴുവനും ഹിന്ദുസ്ഥാനിയാണു്. അയാളും കൃഷിജോലി നോക്കിവന്നു. മൂത്തസഹോദരിയെ കല്യാണംകഴിച്ചയയ്ക്കാൻ വളരെ പണിപ്പെട്ടുനോക്കി; സാധിച്ചില്ല. വിശേഷിച്ചു സ്ത്രീധനം കൊടുക്കാനുള്ള കഴിവു് അവക്കു തീരെ ഉണ്ടായിരുന്നില്ല, അതു് എനിക്കറിയാം.

ധ്രുവ തികച്ചും ഒരു കപാലകുണ്ഡല ആയിരുന്നു. എന്നെ അവൾ 'ഭായിയാ' അതായതു് ചേട്ടൻ എന്നാണു വിളിച്ചുവന്നിരുന്നതു്. ശരീരത്തിനു് അതിരുകവിഞ്ഞ ശക്തി, ഗോതമ്പു് അരയ്ക്കാൻ, ഉരലിലിട്ടു ചോളം പൊടിക്കാൻ, ഭാരം ചുമന്നുകൊണ്ടുവരാൻ, കന്നുകാലികളെ തീററാൻ ഇതിനെല്ലാം നല്ല മിടുക്കുള്ള പെണ്ണു്, വീട്ടുവേല സകലതും ചെയ്യുന്നവൾ. ഏതെങ്കിലും ഒരു വരനെ കിട്ടിയാൽ മൂന്നു പെണ്ണിനേയുംകൂടി ഒരുമിച്ചങ്ങു കൊടുത്തുകളയാം എന്നുപോലും സഹോദരൻ പറയുകയും ചെയ്തിരുന്നതാണു്. മൂന്നു പെൺകുട്ടികൾക്കും സമ്മതക്കുറവു് ഉണ്ടായിരുന്നില്ലത്രേ.

രണ്ടാമത്തെ പെണ്ണു്, 'ജബാ'യോടു് ഞാൻ ചോദിച്ചു: "ബംഗാളം കാണണമെന്നു നിനക്കു് ആഗ്രഹമുണ്ടോ?"

ജബാ പറഞ്ഞു: "ഇല്ല ചേട്ടാ, അവിടത്തേ വെള്ളത്തിനു വളരെ തണുപ്പാണല്ലോ."

വിവാഹത്തിനു് ധ്രുവയ്ക്കും വളരെ ആഗ്രഹം ഉണ്ടായിരുന്നു. അവൾതന്നെ ആരോടോ പറഞ്ഞുപോലും, അവളെ വിവാഹം കഴിക്കുന്ന ആളിൻെറ വീട്ടിൽ പശുവിനെ കറക്കാനോ, നെല്ലുകുത്താനോ ഒന്നിനും ആരേയും വിളിക്കുകയില്ലെന്നു്;—അവൾ തനിച്ചു മണിക്കൂറിൽ അഞ്ചു സേർ ഗോതമ്പു് ഇടിച്ചുപൊടിച്ചുകളയുമത്രെ.

ഹാ! ഭാഗ്യംകെട്ട ബംഗാളികുമാരി! ഇത്രയും വർഷം കഴിഞ്ഞിട്ടും നിശ്ചയമായും അവൾ ഇന്നും ഗാങ്ങോതായായി ചമഞ്ഞു് സഹോദരൻെറ കുടുംബത്തിൽ യവം പൊടിച്ചും പയറു തലച്ചുമടായി കൊണ്ടുവന്നും കഴിയുകയായിരിക്കണം. ആരാണു് ഇനിയും ആ പാവപ്പെട്ട, പ്രായംചെന്ന ദേഹാതിപ്പെണ്ണിനെ വിവാഹംചെയ്തു് പല്ലക്കിൽ കയററി മംഗളശംഖധ്വനിയോടും കുരവാരവത്തോടുംകൂടി ഗൃഹപ്രവേശം ചെയ്യിക്കാൻ പോകുന്നതു്!

ശാന്തവും വിശാലവും ആയ മൈതാനപ്രദേശത്തു്, സന്ധ്യ വന്നിറങ്ങുമ്പോൾ, മലഞ്ചരുവിലെ വനത്തിൽക്കൂടി, ഛിന്നമായ സീമന്തരേഖപോലെ ഇടുങ്ങിയ നേർവഴിയിൽക്കൂടി, വ്യർത്ഥയൗവനയും ദരിദ്രയും ആയ ധ്രുവ ഉണങ്ങിയ വിറകുകെട്ടും തലയിലേററി മലമുകളിൽനിന്നും കീഴ്പ്പോട്ടു് ഇറങ്ങിവരുന്നുണ്ടാവാം—ഈ ചിത്രം എത്രയോ പ്രാവശ്യം സങ്കല്പനേത്രംകൊണ്ടു് ഞാൻ കണ്ടിട്ടുണ്ടു്—അതുപോലെതന്നെ, എൻെറ ചേട്ടത്തി, രാഖാൽബാബുവിൻെറ ഭാര്യയുടെ ചിത്രവും ഞാൻ കണ്ടിട്ടുണ്ടു്. അവർ ഇന്നും ഗാങ്ങോതാവൃദ്ധകളെപ്പോലെ അർദ്ധരാത്രിയിൽ കള്ളനെന്നവണ്ണം, ഒളിച്ചു വയലിൽ പൊഴിഞ്ഞു വീണുകിടക്കുന്ന ചോളം പെറുക്കിയെടുത്തുകൊണ്ടു വീട്ടിലേക്കു തിരിച്ചുപോരുന്നുണ്ടായിരിക്കാം.

## മൂന്നു്

ഭാനുമതിയുടെ അവിടെനിന്നും തിരിച്ചുവന്നശേഷം കർക്കടകമാസം പകുതിയോടുകൂടി കടുത്ത കാലവർഷം ആരംഭിച്ചു. രാപ്പകൽ ഇടമുറിയാത്ത മഴ. കരിപോലെ കറുത്ത കാർമേഘപടലത്താൽ ആകാശംമറഞ്ഞു. നാഢാ ഫുൽകിയാ ബയിഹാർ എന്നിവയുടെ ചക്രവാളരേഖ മഴച്ചോരിച്ചിലിൽ മങ്ങി. മഹാലിഖാരൂപപർവ്വതം ഒരുമിച്ചുചേർന്നു. മോഹനപുരാറിസേർവ്വ്ഫോറസ്റ്റിൻെറ ശീർഷദേശം ചിലപ്പോൾ മങ്ങിക്കാണായി, ചിലപ്പോൾ കാണാതെയും ആയി. കിഴക്കു് കുശീ

നദിയിലും തെക്ക് കാരോനദിയിലും വെള്ളപ്പൊക്കം ഉണ്ടായിരിക്കുന്നതായി കേട്ടു.

അനേകംനാഴിക വ്യാപിച്ചുകിടക്കുന്ന കാശധാന്യകവനം മഴവെള്ളത്തിൽ കുതിൎന്നുപോയി. എൻെറ ആഫീസുമുറിയുടെ വരാന്തയിൽ കസേരയിട്ട് ഞാൻ ഇരിക്കുകയാണ്. എൻെറ മുൻവശത്തെ കാശവനത്തിൽ ഒരു ധാന്യകമരത്തിൻെറ ഇളംകൊമ്പിൽ ഇണപിരിഞ്ഞ ഒരു വന്യകപോതം ഇരുന്നങ്ങനെ ഇളവില്ലാതെ നനയുന്നതു കാണായി. മണിക്കൂറുകൾ ഒരേ ഭാവത്തിൽ ഇരിക്കുകയാണ് അതു്. ഇടയ്ക്കിടയ്ക്ക് ചിറകുകൾ കുടഞ്ഞു തൂക്കിയിട്ട് മഴവെള്ളം തടയാൻ ശ്രമിച്ചും കൊണ്ടു് ആ നിലയിൽത്തന്നെ അങ്ങനെ ഇരിക്കുന്നുമുണ്ട്.

എന്നാൽ ഇങ്ങനെയുള്ള ദിവസം ആഫീസുമുറിക്കകത്തിരുന്ന് കഴിച്ചുകൂട്ടുന്നതു് അസാദ്ധ്യമായിത്തീൎന്നു. കുതിരപ്പുറത്തു് ജീനിയിട്ടു മുറുക്കി മഴക്കോട്ടുംഇട്ട് പുറത്തേയ്ക്കിറങ്ങി. ഇതെന്തൊരു സ്വാതന്ത്ര്യം! എന്തൊരു ബന്ധവിമുക്തമായ ജീവിതാനന്ദം! അത്യാശ്ചൎയ്യകരമായ ഹരിതസമുദ്രം നാലുപാടും. മഴവെള്ളംഏററു് പുതുമയും ഉണർവുംനേടി കടുംപച്ചയായ കാശവനം അങ്കുരമിട്ടു് ഉല്ലസിച്ചു് ഉയൎന്നുനില്ക്കുന്നു. നോക്കെത്തുന്നിടത്തോളം, ഈ വശത്തു് നാഢാബയിഹാരിൻെറ അതിത്തിമുതൽ, ആ വശത്തു് മോഹനപുരാവനത്തിന്റെ മങ്ങിക്കാണായ നീലസീമാരേഖവരെയും നീണ്ടുവ്യാപിച്ചു് ഈ ഹരിതസമുദ്രം ഇളകിമറിഞ്ഞുകിടക്കുകയാണ്. വർഷക്കാലത്തെ നീരാവിക്കാററിൽ മേഘകജ്ജളംപററിയ ആകാശത്തിൻകീഴിൽ മരതകശ്യാമളമായ ഈ നീണ്ട തൃണഭൂമിയുടെ ശീർഷത്തിൽ തിരമാലകൾ കളിയാടിക്കൊണ്ടിരിക്കുന്നു—ഞാൻ ഈ കരയില്ലാക്കടലിലെ ഏകനാവികൻ—ഏതോ ഒരു അജ്ഞാതമായ തുറമുഖത്തേയ്ക്കു തുഴഞ്ഞുപോകുകയാണ്.

നീരദച്ഛായയിൽ ശ്യാമളമായിത്തീൎന്ന ഈ വിശാലമായ തൃണഭൂതലത്തിൽക്കൂടി കുതിരയെ ഓടിച്ചു് മൈൽകണക്കിനു സഞ്ചരിച്ചു.—അതിനിടയ്ക്കു സരസ്വതീതീരത്തെ വനാന്തരത്തിൽ കയറിനോക്കി—പ്രകൃതിയുടെ ഈ നിഗൂഢമായ അസ്ഥലഭസൗന്ദൎയ്യം തുളുമ്പുന്ന ഈ ഭൂതലം, യുഗളപ്രസാദൻ നട്ടുപിടിപ്പിച്ചിട്ടുള്ള പലജാതി കാട്ടുപൂച്ചെടികളും ലതകളുംകൊണ്ടു്

അലംകൃതമായി കൂടുതൽ സുന്ദരമായിത്തീൎന്നിട്ടുണ്ട്. ഭാരതവ ഷം ഒട്ടാകെ നോക്കിയാൽ സരസ്വതീതടാകവും അതിൻെറ തീരവൎത്തിയായ മഹാവനവുംപോലെ ഇത്ര സുന്ദരമായ ഭൂമി വേറെ വളരെക്കൂടുതൽ കാണുകയില്ല—ഇതു് നിസ്സന്ദേഹം പറയാവുന്നതാണ്. ഈ വർഷക്കാലത്തു് സരസ്വതീതീരത്തിൽ റെഡ്ക്യാംപീയൻെറ ഉത്സവംതന്നെ നടക്കുകയാണ്—വെള്ളത്തിനു തൊട്ടുതൊട്ടുതന്നെ. ജലജമായ വാട്ടർക്രോഫ്റ്റ് നീലാഭകലൎന്ന വെള്ളപ്പൂക്കൾകൊണ്ടു നിറഞ്ഞുനില്ക്കുകയാണ്. യുഗളപ്രസാദൻ അന്നും ഏതോ ഒരു വന്യലത കൊണ്ടുവന്നു് നട്ടതായി അറിയുന്നു. അയാൾ ആസംബാദ്കച്ചേരിയിൽ ക്ലാക്കുജോലി നോക്കുകയാണ്. പക്ഷേ, അയാളുടെ മനസ്സ് സരസ്വതീതീരവൎത്തിയായ ലതാവിതാനങ്ങളിലും വന്യകുസുമകുഞ്ജങ്ങളിലുംതന്നെയാണ്.

സരസ്വതീതീരത്തെ വനത്തിൽനിന്നും പുറത്തുവന്നു. പിന്നെയും തുറന്ന മൈതാനം, നീണ്ടുപരന്നുകിടക്കുന്ന പുൽത്തകിടി—കാടിൻ്റെ മുകളിൽ നീലനീലങ്ങളായ കാർമേഘങ്ങൾ ചിറകു പരത്തിനില്ക്കുന്നു. ജലഭാരം മുഴവൻ ഇറക്കിത്തീരുന്നതിനു മുമ്പായിത്തന്നെ പിന്നെയും നവനീരദങ്ങൾ പറന്നുവന്നു് അണയുന്നുണ്ടു്—ഒരുഭാഗത്തെ ആകാശത്തു് ഒരു അത്ഭുതജാതി നീലവർണ്ണം ആവിർഭവിച്ചു. അതിനുള്ളിൽ ഒരു മേഘശകലം പശ്ചിമദിഗന്തത്തിൻെറ വർണ്ണത്തോടു് അനുരഞ്ജിച്ചു് ബാഹ്യലോകത്തിൻെറ ദിഗന്തത്തിൽ ഏതോ അജ്ഞാതമായ ഗിരിശിഖരംപോലെ നിലകൊള്ളുന്നു.

സന്ധ്യയാകാൻ താമസം ഇല്ല. ദിഗന്തങ്ങൾ ദൃശ്യമാകാത്ത ഫുൽകിയാ ബയിഹാരിനു് ഉള്ളിൽ കുറുനരിയുടെ ഓരിയിടീൽ ഉയൎന്നു. ഒന്നാമതു് മേഘത്തിൻെറ ഇരുൾമ, അതിനും പുറമെ സന്ധ്യയുടെ അന്ധകാരം ഇറങ്ങിവരുന്നുണ്ടു്. കുതിരയുടെ മുഖം കച്ചേരിക്കു തിരിച്ചുവിട്ടു.

പെട്ടെന്നു് മേഘങ്ങളുടെ വരവു് നിലച്ചിട്ടു് മഴ ശമിക്കുന്ന ഇങ്ങനെയുള്ള സന്ധ്യക്കു്എത്രയോ പ്രാവശ്യം ഈ വിശാലമായ പ്രദേശത്തേ അനന്തതയിൽ ഏതോ ഒരു ദേവനെ ഞാൻ സ്വപ്നം കണ്ടിട്ടുണ്ടു്.—ഈ മേഘം, ഈ സന്ധ്യ, ഈ വനം, കോലാഹലരതരായ കുറുനരിക്കൂട്ടം, സരസ്വതീതടാക

ത്തിലെ ജലജപുഷ്പങ്ങൾ, മഞ്ചി, രാജ്ഞപാണ്ഡേ, ഭാനുമതി, മഹാലിഖാത്രപപവ്വതം, ആ ദരിദ്രഗോണ്ഡകുടുംബം, ആകാശം, വ്യോമം ഇതെല്ലാം ആ ദേവന്റെ സ്വമഹത്തായ സങ്കല്പത്തിൽ ബീജരൂപത്തിൽ ഒരുദിവസം നിക്ഷിപ്തമായിരുന്നു. ആ ദേവന്റെ ആശീർവാദംതന്നെയാണു് ഇന്നത്തെ ഈ നവനീലനീരദമാലപോലെതന്നെ വിശ്വംമുഴവൻ ആസ്തിത്വത്തിന്റെ അമൃതധാരയിൽ ആർദ്രമാക്കിക്കൊണ്ടിരിക്കുന്നതു്—ഈ വഷക്കാലത്തെസന്ധ്യ ആ ദേവന്റെ പ്രകാശംതന്നെ. ഈ സ്വച്ഛന്ദമായ ജീവിതാനന്ദം ആ ദേവന്റെ ദിവ്യവാണി, മനസ്സിന്റെ അഗാധതലത്തിൽനിന്നും മനുഷ്യനെ സചേതനനാക്കി ഉയത്തുന്ന വാണി. ആ ദേവനെ ഭയപ്പെടാനൊന്നും ഇല്ല. ഈ സുവിശാലമായ ഫുൽകിയാ ബയിഹാരിനെക്കാളും മേഘപൂൎണ്ണവും വിശാലവുമായ ആകാശത്തെക്കാളും നിസ്സീമവും അനന്തവും ആണു് ആ ദേവൻെറ പ്രേമവും ആശീർവാദവും. ഒരുവൻ എത്രത്തോളം ഹീനനാകുന്നോ, എത്രത്തോളം ചെറിയവനാകുന്നോ അതിനു് അനുപാതമായി ആ വിശ്വരൂപിയായ ദേവൻെറ അന്യാദൃശമായ അനുകമ്പയും പ്രസാദവും അവൻെറ മേൽ കൂടുതലായി ചൊരിയുന്നതായിരിക്കും.

എൻെറ മനസ്സിൽ സജീവമായ സ്വപ്നത്തിനു വിഷയമാകുന്ന ആ ദേവൻ വിദഗ്ദ്ധനായ ഒരു ന്യായാധിപനോ ന്യായവും ശിക്ഷയും നടത്തുന്ന അധികാരിയോ, വിജ്ഞനോ ദാശ്നികനോ, അവ്യയൻ അക്ഷയൻ എന്നിങ്ങനെ ഗഹനമായ തത്വശാസ്ത്രത്തിൻെറ ആവരണത്തിനുള്ളിൽ മറഞ്ഞുകിടക്കുന്നവനോ ഒന്നും അല്ല. നാഢാബയിഹാരിലേയോ ആസംബാദിലേയോ വിശാലമായ പുൽത്തകിടികളിൽ നിന്നുംകൊണ്ടു് എത്രയോ സായംകാലങ്ങളിൽ രക്തമേഘസ്വരൂപം ഞാൻ കണ്ടിട്ടുണ്ടു്. അനന്തവും വിജനവും ചന്ദ്രാലോകിതവും ആയ മൈതാനപ്രദേശം എത്രയോ തവണ ഞാൻ കണ്ടിട്ടുണ്ടു്. അപ്പോഴെല്ലാം എനിക്കു് തോന്നീട്ടുണ്ടു് ആ ദേവൻതന്നെയാണു് പ്രേമവും, റൊമാൻസും, കവിതയും, സൗന്ദൎയ്യവും, കലാസൃഷ്ടിയും, ഭാവുകതയും എന്നു്. ആ ദേവൻ പ്രാണനിൽക്കൂടി സ്നേഹിക്കുന്നു, സുകുമാര കലാവൃത്തിയിൽക്കൂടി സൃഷ്ടിചെയ്യുന്നു, ഭക്തജനങ്ങളുടെ പ്രീതിക്കുവേണ്ടി സമ്പൂൎണ്ണരൂപത്തിൽ നിശ്ശേഷ

മായി സ്വയം വിതരണം ചെയ്യപ്പെടുന്നു—വീണ്ടും വിശ്വ വ്യാപിയായ വൈജ്ഞാനികന്റെ ശക്തിയും ദൃഷ്ടിയുംകൊണ്ട് ഗ്രഹനക്ഷത്രങ്ങളേയും തേജഃപുഞ്ജങ്ങളേയും സൃഷ്ടിക്കുന്നു.

## നാല്

ഇങ്ങനെ വർഷപാതംകൊണ്ട് മുഖരിതമായ കർക്കടകമാസത്തിൽ ഒരു ദിവസം, ധാതുരിയാ ഇസ്ലാംപുരം കച്ചേരിയിൽ സന്നിഹിതനായി.

കുറെ അധികം ദിവസം കഴിഞ്ഞാശേഷം അവനെ അന്ന് കണ്ടതിൽ എനിക്കു വളരെ സന്തോഷമായി.

"എന്തെല്ലാം, ധാതുരിയാ? സുഖംതന്നെയല്ലേ?"

തന്റെ സകല ഭൗതികസമ്പത്തും വച്ചുകെട്ടിയിരുന്ന ആ കൊച്ചു ഭാണ്ഡം കൈയിൽനിന്നും താഴത്തുവച്ചിട്ട്, കൈയുയർത്തി എന്നെ വന്ദിച്ചിട്ട് അവൻ പറഞ്ഞു: "ബാബുജീ! നൃത്തം കാണിക്കാൻ വന്നതാണ്. വലിയ കഷ്ടപ്പാടായിപ്പോയി, ഏമാന്നേ. ഇപ്പോൾ ഒരു മാസം ആയിട്ട് ആക്കും ആട്ടം കാണണ്ടാ. കച്ചേരിയിൽ ഏമാന്റെ അടുക്കൽ വരാം, തീർച്ചയായിട്ടും ആട്ടം കാണുമെന്ന് ഞാൻ വിചാരിച്ചു. വേറേയും നല്ല നല്ല ആട്ടം പഠിച്ചിട്ടുണ്ട് ഏമാനേ!"

ധാതുരിയാ മുമ്പത്തെക്കാളെല്ലാം ചടച്ചുപോയി. അവനെ കണ്ടിട്ട് എനിക്കു സങ്കടം തോന്നി.

"വല്ലതും കഴിക്കണ്ടേ ധാതുരിയാ?"

അവൻ തോളിളക്കിക്കൊണ്ടു ലജ്ജാഭാവത്തിൽ "വേണം" എന്നറിയിച്ചു.

എന്റെ അരിവയ്പുകാരൻ ബ്രാഹ്മണനെ വിളിച്ച് ധാതുരിയായ്ക്കു് വല്ലതും കൊടുക്കാൻ ഞാൻ പറഞ്ഞു. അപ്പോൾ ചോറ് ഉണ്ടായിരുന്നില്ല. ബ്രാഹ്മണൻ അവനു് പാലും അവലും കൊണ്ടുവന്നു് കൊടുത്തു. ധാതുരിയാ അതു് കഴിക്കുന്നതു കണ്ടിട്ട് എനിക്കു തോന്നി, അവൻ വല്ലതും കഴിച്ചിട്ട് രണ്ടുമൂന്നു ദിവസമായിക്കാണും എന്നു്.

സന്ധ്യയ്ക്കുമുമ്പായി അവൻ നൃത്തം കാണിച്ചു. അവന്റെ

നൃത്തംകാണാൻ ആ കാട്ടുപ്രദേശത്തു താമസിക്കുന്നവരെല്ലാം കച്ചേരിമുറ്റത്തു് കൂടി. മുമ്പത്തെക്കാളെല്ലാം ധാതുരിയാ നൃത്തകലയിൽ വളരെ ഉയന്നിട്ടുണ്ടു്. ധാതുരിയാ യഥാത്ഥ കലാകാരനുവേണ്ട വാസനയും ശിക്ഷണവും ഉള്ളവനാണു്. ഞാൻ തന്നെ അവനു് കുറച്ചു സംഭാവനകൊടുത്തു. കച്ചേരിയിലുള്ളവരും വരിയിട്ടു് എന്തോ കൊടുത്തു. ഇതുകൊണ്ടു് അവൻ എത്രദിവസം കഴിയുമോ എന്തോ!

ധാതുരിയാ അടുത്തദിവസം കാലത്തെ എന്റെ അടുക്കൽ യാത്രചോദിക്കാൻ വന്നു.

"ബാബുജി! എന്നു കൽക്കത്തായ്ക്കു പോകും?"

"എന്തിനാ ചോദിച്ചതു്?"

"എന്നെക്കൂടെ കൽക്കത്തായ്ക്കു കൊണ്ടുപോകാമോ? അതു് ഞാൻ ഏമാന്നോടു് പറഞ്ഞിട്ടുണ്ടായിരുന്നല്ലൊ."

"നീ എങ്ങോട്ടു പോകാൻ ഭാവിക്കയാ ഇപ്പോൾ? എന്നാൽ വല്ലതും കഴിച്ചിട്ടു പോ ധാതുരിയാ!"

"വേണ്ടാ, ബാബുജി! ഡല്ലൂടോലായിൽ ഒരു ഭൂമിഹാര ബ്രാഹ്മണനുണ്ടു്. അദ്ദേഹത്തിന്റെ മകളുടെ കല്യാണമാണു്. അവിടെ ഒരുപക്ഷേ ആട്ടം കളിപ്പിച്ചേക്കും. അതിനൊന്നു പോയി ശ്രമിച്ചുനോക്കാൻ പോകുകയാ. ഇവിടുന്നു് എട്ടുക്രോശം വഴിവരും. ഇപ്പോൾ തിരിച്ചാലെ വയ്യുന്നേരത്തേയ്ക്കു് അങ്ങെത്താൻ സാധിക്കയുള്ളു."

ധാതുരിയായെ വിടാൻ എനിക്കു് മനസ്സുവന്നില്ല. ഞാൻ പറഞ്ഞു: "കച്ചേരിയിൽനിന്നും നിനക്കു് കുറച്ചു ഭൂമി തരാം. എന്നാൽ നിനക്കു് ഇവിടെ താമസിച്ചോളാമോ? കൃഷി ചെയ്തുംകൊണ്ടു് ഇവിടെ താമസിക്കരുതോ, എന്താ?"

മട്ടുകനാഥനും ധാതുരിയായോടു വളരെ ഇഷ്ടമായിരുന്നതായി ഞാൻ മനസ്സിലാക്കി. അയാളുടെ നോട്ടം ധാതുരിയായെ തന്റെ പള്ളിക്കൂടത്തിൽ ചേക്കണമെന്നായിരുന്നു. അയാൾ പറഞ്ഞു: "പറഞ്ഞാട്ടെ, ബാബുജീ! അവനോടു് രണ്ടാണ്ടിനകം 'മുഗ്ദ്ധബോധം' മുഴവൻ തീത്തുകൊക്കാട്ടമെന്നു്. അവനിവിടെ താമസിക്കട്ടെ."

ഭൂമികൊടുക്കുന്ന കാര്യത്തെപ്പററി ധാതുരിയാ പറഞ്ഞു: "ബാബുജീ! അവിടുന്നു് എന്റെ മൂത്തചേട്ടനേപ്പോലെയാണു്,

ഏമന്നോട്ട് അവിടത്തേയ്ക്ക് വലിയ ദയവാണല്ലൊ. പക്ഷേ, എന്നെക്കൊണ്ട് എങ്ങനെ കൃഷിചെയ്യാനാവും? ആ വഴിക്കല്ലല്ലൊ എന്റെ താല്പര്യം. ആട്ടം കാണിക്കാൻ സൗകര്യം കിട്ടിയാലെ എൻെറ മനസ്സിനു് നല്ല സന്തോഷം ഉണ്ടാവുകയുള്ളൂ. വേറെ ഒന്നും എനിക്കു് സുഖമായിത്തോന്നുകയില്ല.''

''ശരി! അതിനെന്താ ഇടയ്ക്കിടയ്ക്ക് നൃത്തം കാണിക്കാമല്ലോ. കൃഷി ചെയ്യുന്നെന്നുവച്ച് നിന്നെ ആരെങ്കിലും ഭൂമിയോട്ട ചേർത്ത് കെട്ടിയിടാൻ പോകുന്നോ?''

ധാതുരിയായ്ക്കു് വളരെ സന്തോഷമായി. അവൻ പറഞ്ഞു: ''ഏമാൻ എന്തുപറയുന്നോ അതുപോലെ ചെയ്യാം. ഏമാന്നോട്ട് എനിക്കു് വളരെ സ്നേഹം തോന്നുന്നു. ബാബുജീ! ഞാൻ ഝല്ലുടോലായിൽ പോയിട്ടുവരാം. ഏമാൻെറ ഇവിടെ ത്തന്നെവരാം.''

മട്ടുകനാഥപണ്ഡിതൻ പറഞ്ഞു: ''പിന്നെ! ആ സമയത്ത് നിന്നെ ഞാൻ പള്ളിക്കൂടത്തിലും ചേർത്തുകളയും, കേട്ടോ. അല്ലെങ്കിൽ നീ എൻെറ അടുക്കൽ രാത്രിവന്നു പഠിച്ചോ. മണ്ടനായാലും തരക്കേടൊന്നുമില്ല. കുറച്ചു വ്യാകരണവും കുറച്ചു കാവ്യവും കുറേശ്ശ പഠിച്ചിരിക്കേണ്ടതു് അത്യാവശ്യമാണ്.''

ധാതുരിയാ പിന്നീട്ട് അവിടെ ഇരുന്നു് നൃത്തകലയെപ്പററി എന്തൊക്കെയോ പലതും പറഞ്ഞു; അതൊന്നും എനിക്കത്ര മനസ്സിലായില്ല. അംഗവിന്യാസം, ഹസ്തചലനം തുടങ്ങിയ വിശദാംശങ്ങളിൽ പൂർണ്ണിയായിലെ 'ഹോ–ഹോ'യും ധർമ്മപുരം പ്രദേശത്തെ ഈ നൃത്തസമ്പ്രദായവും തമ്മിലുള്ള വ്യത്യാസം എന്തു്—അവൻതന്നെ പുത്തനായി ഒരു ഹസ്തമുദ്ര നടപ്പിൽ വരുത്തീട്ടുണ്ടു്—എന്നിങ്ങനെയുള്ള കാര്യത്തെപ്പറ്റിയാണു് അവൻ സംസാരിച്ചതു്.

''ബാബുജീ! ബാലിയാ ജില്ലയിലെ ഛട്പർവ്വസമയത്തു് പെണ്ണുങ്ങടെ നൃത്തം കണ്ടിട്ടുണ്ടോ? അതുമായി ഛക്കർബാജീനൃത്തത്തിനു് നല്ല ചേർച്ചയുണ്ടു് ഒരു സ്ഥലത്തു്. ഏമാൻെറ നാട്ടിലെ നൃത്തം എങ്ങനെയുള്ളതാ?''

കഴിഞ്ഞയാണ്ടിൽ കൊയ്ത്തുമേള സമയത്തു് കണ്ട 'നനീചോര നാട്ടയാ' നൃത്തത്തിൻെറ കാര്യം ഞാൻ അവനോട്ട്

പറഞ്ഞു. ധാതുരിയാ ചിരിച്ചുംകൊണ്ടു പറഞ്ഞു: "ഓ! അതൊന്നുമില്ല, ബാബുജീ! അതു് മുങ്ഗേരിലെ ഗ്രാമ്യനൃത്തം, ഗാങ്ങോതാക്കാരെ രസിപ്പിക്കാനുള്ള നൃത്തം. അതിൽ സാക്ഷാൽ കലയൊന്നും ഇല്ല."

ഞാൻ ചോദിച്ചു: "അതു് നിനക്കറിയാമോ? ഒന്നു് ആടിക്കാണിക്കാമോ?"

ധാതുരിയാ തൻെറ കലാശാസ്ത്രത്തിൽ മഹാപണ്ഡിതനാണെന്നു് ഞാൻ മനസ്സിലാക്കി. 'നനീചോര നാട്ടയാ' അവൻ ആടിക്കാണിച്ചു. അങ്ങനെ 'ധ്രൂംത് ധ്രൂംത്' എന്നു് ശബ്ദിച്ചുംകൊണ്ടു് കൊച്ചുകുട്ടിയെപ്പോലെയുള്ള കരച്ചിൽ, കട്ടുകൊണ്ടുവന്ന വെണ്ണ വിതരണംചെയ്യുന്ന ഭാവം—ഇതെല്ലാം. അവൻ സത്യത്തിൽ കൊച്ചുകുട്ടി ആയതുകൊണ്ടു് അവനെ ഞാൻ കൂടുതൽ ബഹുമാനിച്ചു.

ധാതുരിയാ യാത്രപറഞ്ഞുപോയി. യാത്രയായപ്പോൾ അവൻ പറഞ്ഞു: "ബാബുജി എന്നോടു് ഇത്രവളരെ ദയവായി പെരുമാറുമ്പോൾ ഒരിക്കൽ എന്നെ കൽക്കത്തായിലേയ്ക്കു് ഒന്നു കൊണ്ടുപോകരുതോ? എന്റമ്മോ! അവിടെ നൃത്തം ആദരിക്കപ്പെടുന്നുണ്ടല്ലോ."

ധാതുരിയായുമായി എനിക്കുണ്ടായ ഒടുവിലത്തെ സമാഗമം ആയിരുന്നു അതു്.

രണ്ടുമാസം കഴിഞ്ഞപ്പോൾ കേൾക്കാനിടയായി, ബി. എൻ. ഡബ്ലിയു. റെയിൽവേ ലയിനിൽ കാടാരായാ സ്റ്റേഷനു് അത്ര അകലെയല്ലാതെ ഒരു ബാലന്റെ മൃതദേഹം കണ്ടുകിട്ടിയെന്നും അതു് നർത്തകബാലനായ ധാതുരിയായുടെ മൃതദേഹമാണെന്നു് എല്ലാവരും തിരിച്ചറിഞ്ഞു എന്നും. ഇതു് ആത്മഹത്യയാണോ അപകടം ആണോ എന്നറിയാൻ നിവൃത്തിയില്ല. ആത്മഹത്യയാണെങ്കിൽ എന്തു ദുഃഖംകൊണ്ടായിരിക്കാം അവൻ ആത്മഹത്യചെയ്തതു്?

ഈ വനപ്രദേശത്തു് രണ്ടുവർഷം കഴിച്ചുകൂട്ടിയ കാലത്തു് ഞാൻ ഇടപെട്ടിട്ടുള്ള സ്ത്രീപുരുഷന്മാരുടെ കൂട്ടത്തിൽ ധാതുരിയായുടെ പ്രകൃതം തികച്ചും ഭിന്നമായിരുന്നു. അവനിൽ ഒരു നിഷ്കാമഭാവം, സദാ ചഞ്ചലത, സദാനന്ദഭാവം, ഭൗതികവിഷയത്തിനും അതീതമായ മനോഭാവം, യഥാർത്ഥകലാ

വൈഭവത്തിൻെറ മൂർത്തീകരണം—ഇതെല്ലാം ഞാൻ കണ്ടു. വനപ്രദേശത്തെമാത്രം ആക്കുന്നതെന്തിനു്, പരിഷ്കൃതദേശങ്ങളിലെ മനുഷ്യരുടെ ഇടയിലും ഇങ്ങനെയുള്ളവർ സുലഭമല്ല.

## അഞ്ചു്

പിന്നെയും മൂന്നുവത്സരം കഴിഞ്ഞു.

നാഢാബയിഹാരിലും ലബ്ടൂലിയായിലും ഉണ്ടായിരുന്ന വനം മുഴുവൻ കുടിയാനവന്മാർക്കു് കൊടുത്തുകഴിഞ്ഞു. ഇപ്പോൾ ഇനിയും മുമ്പത്തെപ്പോലെ വനം ഇല്ലാ ഒരിടത്തും. പ്രകൃതി എത്രയോ വർഷംകൊണ്ടു് ഏകാന്തതയിലും നിശ്ശബ്ദതയിലും നിർമ്മിച്ചുണ്ടാക്കി സംരക്ഷിച്ചുപോന്ന കുഞ്ജങ്ങൾ, ഷൾപദങ്ങളുടെ രഹസ്യസങ്കേതമായിരുന്ന ലതാവിതാനങ്ങൾ, സ്വപ്നഭൂമികൾ ഇതെല്ലാം വേലക്കാരുടെ നിർമ്മമമായ കൈകൾകൊണ്ടു് വെട്ടിപ്പറപ്പിച്ചുകളഞ്ഞു. അൻപതുവർഷംകൊണ്ടു് ആക്കിയതു് ഒരു ദിവസംകൊണ്ടു് അഴിച്ചുകളഞ്ഞു. ഇപ്പോൾ ഒരിടത്തും, ആ വിദൂരവ്യാപിയായ പുൽത്തകിടികൾ ഇല്ല; ചന്ദ്രികയുള്ള രാത്രിയിൽ മായാദേവികൾ ഇറങ്ങിവന്നിരുന്ന സ്ഥാനം ഇല്ല; കാരുണ്യരാശിയായ മഹിഷദേവത, ടാണ്ഡബാരോ കൈയുയർത്തി നിലകൊണ്ടു് വന്യമഹിഷങ്ങളുടെ ധ്വംസനം തടഞ്ഞ ആ സ്ഥലവും ഇല്ലാതെയായി.

നാഢാബയിഹാർ എന്ന പേരുതന്നെ പൊയ്പ്പോയി. ലബ്ടൂലിയാ ഇപ്പോൾ വെറും ഒരു ദരിദ്രഗ്രാമംമാത്രം. എവിടെ നോക്കിയാലും തൊട്ടുതൊട്ടു വച്ചിട്ടുള്ള വൃത്തികെട്ട ചെററപ്പുരകളേ കാണാനുള്ളു. ചിലടത്തെല്ലാം കാശക്കാടിലായിരിക്കാം. വസതികളുടെ ഒരു തിക്കും തിരക്കും ആണു്. അവയെല്ലാം ഗ്രാമങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയാണു്. ഗ്രാമങ്ങളുടെ ഇടകൾ, ചുററിനും ഫണിമനസാ മുൾച്ചെടികൊണ്ടു് വേലികെട്ടി തിരിക്കപ്പെട്ടിട്ടുള്ള, കൃഷി ഇറക്കുന്ന വയലുകൾ. ധരണിയുടെ വിശാലമായ രൂപം ഇവർ തുണ്ടുതുണ്ടുകളായി മുറിച്ചു് നശിപ്പിച്ചുകളഞ്ഞു.

ഉണ്ട്; ഒരു സ്ഥാനംമാത്രം; സരസ്വതീതീരവത്തിയായ വനഭൂമി.

പാവങ്ങളുടെ പേരുംപറഞ്ഞു് ജമിന്ദാരുടെ സ്വാത്ഥലാഭത്തിനുവേണ്ടി സകല ഭൂമിയിലും ഞാൻ പ്രജകളെ കുടിപാർപ്പിച്ചുകഴിഞ്ഞു. എന്നാൽ യുഗളപ്രസാദൻെറ കൈകൊണ്ടു് സജ്ജമാക്കിയിട്ടുള്ള സരസ്വതീതീരത്തിലെ അന്യാദൃശമായ കുഞ്ജവനം അണുപോലും സ്വമനസ്സാലെ പ്രജകൾക്കു് വിട്ടുകൊടുക്കാൻ എനിക്കു മനസ്സുവന്നില്ല. എത്രയോപ്രാവശ്യം കൂട്ടംകൂട്ടമായി ആളുകൾ എന്നെ സമീപിച്ചതാണു് സരസ്വതീതീരത്തെ വനം വാങ്ങിക്കാൻ—വർദ്ധിച്ച നിരക്കിനു് കാഴ്ചയും കരവും കൊടുക്കാൻ അവർ തയ്യാറായി; കാരണം, ഒന്നാമതു് ഈ ഭൂമി വളരെ ഫലഭൂയിഷ്ഠമാണു്, അതിനുംപുറമേ അടുത്തു് വെള്ളം ഉള്ളതുകൊണ്ടു് ചോളം തുടങ്ങിയ ഉല്പന്നങ്ങൾ അവിടെ നല്ലവണ്ണമുണ്ടാകും. എന്നാൽ ഞാൻ സമ്മതിച്ചില്ല.

എന്നാൽ അതു് ഇനിയും എത്രദിവസം പൊത്തിപ്പൊതിഞ്ഞുവച്ചുകൊണ്ടിരിക്കാൻ സാധിക്കും? ഹെഡ്ഡാഫീസിൽ നിന്നും കൂടെക്കൂടെ എഴുത്തുകൾ വന്നുകൊണ്ടിരിക്കുകയാണു്, സരസ്വതീതീരഭൂമി പതിച്ചുകൊടുക്കാൻ എന്തുകൊണ്ടു താമസംവരുത്തുന്നു എന്നും ചോദിച്ചുകൊണ്ടു്. പല ഒഴികഴിവുകളും പറഞ്ഞു് ഇതുവരെ അതു കാത്തുരക്ഷിച്ചുവന്നു. പക്ഷേ, ഇനിയും അതു് സാധ്യമാവുകയില്ല. മനുഷ്യൻെറ മോഹം അതിരുകടന്നതാണു്. രണ്ടു ചോളക്കുലയ്ക്കും ആഴക്കു് ചീനപ്പുല്ലരിക്കുംവേണ്ടി പ്രകൃതിയുടെ ഈദൃശമായ സ്വപ്നകുഞ്ജം ധ്വംസനംചെയ്യാൻ അവക്കു് തെല്ലും കൂസൽ ഇല്ലെന്നു് എനിക്കറിയാം. വിശേഷിച്ചു് ഇവിടത്തെ മനുഷ്യർ തരുഗുല്മലതാദികളുടെ സൗന്ദര്യം അറിയുന്നവരല്ല. രമണീയമായ ഭൂസമ്പത്തിൻെറ മാഹാത്മ്യം കാണാനുള്ള കണ്ണു് അവക്കില്ല. അവർക്കു് വയറുനിറയെ ഭക്ഷണംകഴിച്ചുംകൊണ്ടു് ജീവിക്കണമെന്നേയുള്ളു. അന്യദേശങ്ങളിൽ ആണെങ്കിൽ ഇങ്ങനെയുള്ള സ്ഥാനങ്ങളെല്ലാം സൗന്ദര്യപിപാസുക്കളായ പ്രകൃതിരസികന്മാർക്കുവേണ്ടി നിയമം ഉണ്ടാക്കി സംരക്ഷിച്ചുപോരുന്നുണ്ടു്. കാലിഫോർണിയായിലെ ജോഷേമായി നാഷനൽപാർക്കു്, ദക്ഷിണാഫ്രിക്കയിലെ ക്രൂഗാ നാഷനൽപാർക്കു്, ബെൽജിയം

കോംഗോവിലെ പാക്ക് നാഷനൽ ആൽബർട്ട്—ഇതെല്ലാം ഇങ്ങനെ സംരക്ഷിക്കപ്പെട്ടിട്ടുള്ളവയാണ്. എന്റെ ജമിന്ദാർക്ക് ആ ലാൻഡ്സ്കേപ്പ് മനസ്സിലാവുകയില്ല. അവർക്ക് കാഴ്ചയായി കിട്ടുന്ന രൂപാ, കരമായി കിട്ടുന്ന രൂപാ, പണം ഒടുക്കൽ, മൊത്താദായം ഇതെല്ലാമേ മനസ്സിലാകുകയുള്ളൂ.

ഈ ജന്മാന്ധരായ മനുഷ്യരുടെയിടയിൽ യുഗളപ്രസാദൻ എന്നൊരുവൻ എങ്ങനെ ജന്മമെടുത്തു എന്ന് എനിക്കറിഞ്ഞുകൂടാ. അയാളുടെ മുഖത്തുമാത്രം നോക്കിക്കൊണ്ടാണ് ഇന്നും സരസ്വതീതീരവർത്തിയായ ഈ മഹാവനം അക്ഷുണ്ണമായി സംരക്ഷിച്ചുകൊണ്ടുപോരുന്നത്.

പക്ഷേ, എത്രദിവസം ഇനിയും സംരക്ഷിച്ചുകൊണ്ടുപോകാൻ എനിക്കു സാധിക്കും?

പോകട്ടെ, എന്റെയും ജോലി തീർന്നുവരികയാണല്ലോ.

ഏതാണ്ട് മൂന്നു സംവത്സരക്കാലമായി ഞാൻ ബംഗാളത്തേയ്ക്കു പോയിട്ട്. ചിലപ്പോഴെല്ലാം ബംഗാളത്തെപ്പററി ഓർത്ത് എന്റെ മനസ്സ് അസ്വസ്ഥമാകാറുണ്ട്. ബംഗാളദേശംമുഴുവൻ തരുണിയും കല്യാണിയും ആയ വധു, സന്ധ്യാദീപം കൊളുത്തുന്ന ഗൃഹമാണെന്ന് എനിക്കു തോന്നീട്ടുണ്ട്; അത് ഇവിടത്തെ ഐശ്വര്യവിഹീനവും, വിരസവും എരിവെയിലിൽ ചുട്ടുപഴുത്തതും ആയ പുൽത്തകിടിപ്പുറം അല്ല; നിബിഡമായ വനം അല്ലതു്; സ്ത്രീയുടെ കരസ്പർശം ഏൽക്കാത്ത സ്ഥലം അല്ലതു്.

മനസ്സിൽ അകാരണമായി ആനന്ദകാഹളം മുഴങ്ങിക്കേട്ടതു് എവിടെനിന്നാണെന്നെനിക്കറിഞ്ഞുകൂടാ. നിലാവുള്ളരാത്രി—അപ്പോൾത്തന്നെ കുതിരപ്പുറത്തു ജീനിയിട്ടു മുറുക്കി സരസ്വതീതീരത്തേയ്ക്കു യാത്രയായി. കാരണം, അപ്പോൾ നാഢാലബയ്ട്ടലിയാ—ബയിഹാരിലെ വനരാശി നാശം അടഞ്ഞുകഴിഞ്ഞിരിക്കുന്നു. കുറച്ചെങ്കിലും വനസൗന്ദര്യവും ഏകാന്തതയും അപ്പോഴും ശേഷിച്ചിട്ടുള്ളതു് സരസ്വതീതീരത്തുമാത്രമാണ്. ഈ ആനന്ദം ആസ്വദിക്കാൻ പറ്റിയ ഒരു ഒറ്റ പശ്ചാത്തലം സരസ്വതീതീരവർത്തിയായ മഹാവനംമാത്രമായി ശേഷിച്ചിരിക്കുകയാണെന്നു ഞാൻ മനസ്സിലാക്കി.

ഈ സരസ്വതീജലം പൂനിലാവിൽ തെളുതെളെ തിള

ങ്ങിക്കൊണ്ടിരിക്കുന്നു—തിളങ്ങിക്കൊണ്ടിരിക്കുന്നതുമാത്രമോ? ഓരോ തരംഗത്തിലും ചന്ദ്രിക ഉടഞ്ഞുവീഴുന്നുണ്ട്. നിജ്ജനവും സ്തബ്ധവും ആയ മഹാവനം ജലാശയത്തെ മൂന്നുവശത്തും നിന്ന് വലയംചെയ്തിരിക്കുകയാണ്. അരുണഹംസത്തിന്റെ കാകളീനിനദവും ശേഫാലികാസുമത്തിൻെറ പരിമളവും ആസ്വദിക്കാം. ഇടവമാസം ആണെങ്കിലും ശേഫാലിക ഇവിടെ പന്ത്രണ്ടുമാസവും പൂവിട്ടുനിൽക്കും.

കുറച്ചധികംസമയം തടാകതീരത്തിൽ അങ്ങിങ്ങായി ഇഷ്ടംപോലെ സഞ്ചരിച്ചു. വെള്ളത്തിൽ താമരപ്പൂവ് വിടർന്നുനിൽക്കുന്നു. തീരത്തിന് അടുത്തായി വാട്ടർക്രോഫ്റ്റും, യുഗളപ്രസാദൻ കൊണ്ടുവന്നു പിടിപ്പിച്ച സ്പൈഡർലിലിയും തഴച്ചുവളന്ന് പടന്നുനിൽക്കുകയാണ്. എത്രയോ കാലം കഴിഞ്ഞാണ് ഞാൻ നാട്ടിലേയ്ക്കു മടങ്ങുന്നതു്; ഈ ഏകാന്തമായ വനവാസത്തിൽനിന്നും മുക്തിലഭിക്കാൻപോകുന്നതു്; അവിടെ ബംഗാളിസ്ത്രീ വച്ചുവിളമ്പിത്തരുന്ന ചോറുണ്ണാൻ പോകുന്നതു്, കൽക്കത്തയിലെ നാടകവും സിനിമയുംകാണാൻ പോകുന്നതു്, എത്രകാലം കഴിഞ്ഞിട്ടാണ് സ്നേഹിതരേയും സ്വജനങ്ങളേയും കാണാൻകഴിയുന്നതു്.

ഇത്തവണ മന്ദംമന്ദം ആ ആനന്ദാനുഭൂതി എൻെറ മനസ്സിൻെറ കരകവിഞ്ഞൊഴുകി അതിനെ ഊഞ്ഞാലാടിക്കാൻ തുടങ്ങി. അത്യത്ഭുതകരമായ ഒരു സമ്മേളനം ഉണ്ടായി. ഇത്രയുംകാലം കഴിഞ്ഞു് പരദേശത്തേയ്ക്കു മടങ്ങുക, സരസ്വതീസരോവരത്തിലെ വെണ്ണിലാവിൽ തിളങ്ങുന്ന വാരിരാശി, ആ കാട്ടുപൂക്കളുടെ അഴക്, ചന്ദ്രിക പുരണ്ട ശേഫാലികാസുമത്തിൻെറ പരിമളം, ശാന്തമായ സ്തബ്ധത, നല്ല കുതിരയുടെ കുണുങ്ങിക്കുണുങ്ങിയുള്ള നടപ്പ്, 'ശ്രു—ശ്രു'ന്നു വീശുന്ന ഇളംതെന്നൽ—ഇതെല്ലാംകൂടി സമ്മേളിച്ച സ്വപ്നം! സ്വപ്നം! കൊടിയ ആനന്ദലഹരി; ഞാൻ യൗവനോന്മത്തനായ തരുണദേവൻ, ബന്ധവിമുക്തനായി സ്വച്ഛന്ദമായി സഞ്ചരിച്ച് കാലത്തിൻെറ അതിരു് അതിലംഘിച്ച് കടന്നുപോകുന്നു. ഈ ചലനംതന്നെയാണ് എന്റെ വിധിയുടെ വിജയലിപി; എന്നിൽ പ്രസന്നനായിത്തീന്ന ഒരു ദേവന്റെ ആശീർവ്വാദമാണ് എന്റെ സൗഭാഗ്യം.

UNIVERSITY LIBRARY
9 MAR 1964

ഇനിയും തിരിച്ചുവരാൻ ഇടയില്ലെന്നാവരാം—നാട്ടിലെത്തി മരിച്ചുപോയെന്നും വരാവുന്നതാണു്. യാത്ര ചോദിച്ചുകൊള്ളുന്നു, സരസ്വതീ! വിടനല്കണേ! തീരതരുക്കളെ! ചന്ദ്രികപരന്ന മഹാവനമേ! വിടതരണേ! കൽക്കത്തയിലെ കോലാഹലംകൊണ്ടു മുഖരിതമായ രാജപഥത്തിൽ നിന്നുകൊണ്ടു് നിങ്ങളെപ്പററിയുള്ള സ്മരണ എൻെറ മനസ്സിൽ ആവിർഭവിക്കും, വിസ്തൃതമായ ജീവിതവിപഞ്ചികയുടെ മൃദുലനിനദംപോലെ—യുഗളപ്രസാദൻ കൊണ്ടുവന്ന ഗുല്മലതാദികളുടെ കാര്യം, വെള്ളത്തിനരികിലെ സ്പൈഡർലിലിയുടെയും താമരയുടെയും കാര്യം, ഭവതിയുടെ വനത്തിലെ നിബിഡമായ ശാഖാപല്ലവങ്ങളുടെ ഇടയിൽ ഇരുന്നുംകൊണ്ടു് നിസ്തബ്ധമായ മദ്ധ്യാഹ്നത്തിൽ കൂജനംചെയ്യുന്ന വന്യകപോതങ്ങൾ, അസ്തമയസമയത്തെ നീരദമാലയിൽ അരുണവർണ്ണം കലർന്നുനിൽക്കുന്ന മയനാമുൾച്ചെഴിയുടെ തണ്ടും കമ്പുകളും, ഭവതിയുടെ നീലജലത്തിൻെറ മുകളിലെ ആകാശത്തിൽ പറക്കുന്ന സില്ലിപ്പക്ഷികൾ, അരുണഹംസങ്ങൾ, ജലത്തിന്നരികിലെ മൃദുവായ ചെളിക്കു മുകളിൽ കാണാറുള്ള മാൻകിടാവിൻെറ കാൽപ്പാട്ടു്, ഏകാന്തത, അഗാധമായ ഏകാന്തത—ഇതെല്ലാം എൻെറ സ്മരണമണ്ഡലത്തിൽ ഉയർന്നുവരും. വിടഅരുളണേ! സരസ്വതീ!

തിരിച്ചു മടങ്ങുന്നവഴിക്കു് സരസ്വതീതീരത്തെ വനത്തിൽനിന്നും കുറെമൈൽ ദൂരെയായി ഒരു സ്ഥലത്തു് വനം വെട്ടിത്തെളിച്ചു് ഒരു വീട്ടു് വച്ചിരിക്കുന്നതായി കാണായി. ഈ സ്ഥലത്തിൻെറ പേരു് നയാലബ്ടുലിയാ എന്നായിത്തീന്നിരിക്കുകയാണു്—ന്യൂ സൗത്ത്‌വെയിൽസ്, ന്യൂയോക്കു് എന്നിവ പോലെ. പുതിയ ആളുകൾ കുടുംബസമേതംവന്നു് കാട്ടുകമ്പു് (അട്ടത്തെങ്ങും വനം ഇല്ലാത്തതുകൊണ്ടു് സരസ്വതീതീരത്തെ വനത്തിൽനിന്നും കൊണ്ടുവന്നതാണെന്നുള്ളതു് നിശ്ചയം.) വെട്ടി, പുല്ലുമേഞ്ഞു പൊക്കംകുറഞ്ഞ മൂന്നാലു കുടിലുകൾ ഉണ്ടാക്കീട്ടുണ്ടു്. അതിൻെറ കീഴിലായി ഇതുവരെ നനഞ്ഞ തിണ്ണയിൽ വെളിച്ചെണ്ണയോ കട്ടെണ്ണയോ വച്ചിട്ടുള്ള കഴുത്തുപൊട്ടിയ ഒരു കുപ്പി, ഒന്നും ഉടുക്കാതെ മുട്ടേൽഇഴയുന്ന ഒരു കറുത്ത ശിശു, സിഹോഡാച്ചെടിയുടെ ചൊവ്വാത്ത

വള്ളികൊണ്ട് ഉണ്ടാക്കിയ കുറച്ചു കട്ട, ഭുജത്തിൽ വെള്ളിവള ധരിച്ചവളും യക്ഷനേപ്പോലെ കറുത്തു നല്ല ഉറച്ച ശരീരം ഉള്ളവളും ആയ ഗൃഹനായിക, കുറച്ച് പിത്തളലോട്ടായും താലങ്ങളും, അരിവാൾ, കുന്താലി, തുമ്പാ എന്നിങ്ങനെയുള്ളതെല്ലാം അവിടെ കണ്ടു. ഇതെല്ലാംകൊണ്ടാണ് ഇവരിൽ മിക്കവരും കുടുംബം പുലത്തിപ്പോരുന്നതു്. നൃലബ്ടലിയായിൽമാത്രം എന്നു് പറയണ്ടാ ഇസ്മായൽപുരത്തും നാഢാബയിഹാരിലും സവ്വത്ര ഇതുതന്നെ അവസ്ഥ. എവിടെനിന്നും വന്നിരിക്കുന്നവരാണ് ഇവരെല്ലാം, അതാണ് ഞാൻ വിചാരിക്കുന്നതു്. പൂവ്വകുടുംബമില്ല, പൈതൃകമായ വീടില്ല; സ്വഗ്രാമത്തിനോട്ട് പ്രത്യേകമായ കുറൊന്നും ഇല്ല. അയൽക്കാരോട്ട് സ്നേഹമോ മമതയോ ഇല്ല—ഇന്നു് ഇസ്മായൽപുരത്തു്, നാളെ മുങ്ങേരിലെ നിയോഡാദപീപിൽ, മറെറന്നാൾ ജയന്തിപവ്വതത്തിന്റെ താഴെ തരായിഭൂമിയിൽ—എവിടെയും ഇതുതന്നെ ഗതി, എല്ലായിടത്തും തന്നെ ഇവരുടെ വീട്ട്.

പരിചയമുള്ള ഒച്ചകേട്ട് തിരിഞ്ഞുനോക്കിയപ്പോൾ കാണായി, രാജുപാണ്ഡേ ഈ ജാതിയിലുള്ള ഒരു വീട്ടുകാരന്റെ കുടിലിൽ ഇരുന്നുംകൊണ്ട് മതതത്വങ്ങൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്നതു്. അയാളെക്കണ്ട് ഞാൻ കുതിരപ്പുറത്തു നിന്നിറങ്ങി. എന്നെ എല്ലാവരുംകൂടി സൽക്കരിച്ചിരുത്തി. രാജുവിനോട്ട ചോദിച്ചു മനസ്സിലാക്കി അയാൾ ഇവിടെ ചികിത്സയ്ക്കു വന്നതാണെന്നു്. വിസിററിനു് നാലു്ഉഴക്കു് യവവും എട്ടു പൈസയും കിട്ടീട്ടുണ്ട്. ഇതുകൊണ്ട് സന്തൃപ്തനായിഇവരോടൊത്തു് തത്വങ്ങൾ ചർച്ചചെയ്തുംകൊണ്ടിരിക്കുകയാണ്.

അയാൾ എന്നോട്ട പറഞ്ഞു: "ഇരുന്നാട്ടെ, ഒരു കായ്യത്തിനു സമാധാനം പറയാമോ, ബാബുജീ? ആട്ടെ, ഭൂമിക്കു് അന്തം ഉണ്ടോ? ഞാൻ ആകട്ടെ ഇവരോട്ട പറയുകയായിരുന്നു, ആകാശത്തിനു് അന്തമില്ലാത്തതുപോലെ ഭൂമിക്കും അന്തം ഇല്ലെന്നു്. എന്താ, അങ്ങനെ അല്ലേ, ബാബുജീ!"

സഞ്ചരിച്ചുവന്നിട്ട്, ഇങ്ങനെ ഗഹനവും ജടിലവും ആയ ശാസ്ത്രതത്വങ്ങളെ അഭിമുഖീകരിക്കേണ്ടതായി വരുമെന്നു് ഞാൻ വിചാരിച്ചില്ല.

രാജുപാണ്ഡേയുടെ തത്വചിന്താപരമായ മനസ്സ് എപ്പോഴും ഗഹനമായ തത്വവിഷയങ്ങളിൽ പ്രവത്തിച്ചുകൊണ്ടിരിക്കുകയാണെന്ന് എനിക്കറിയാം. മാത്രമല്ല, ഇങ്ങനെയുള്ള പ്രശ്നങ്ങൾക്കു സമാധാനം പറയുന്നതിനു് തനിക്കു ചില മൗലികതത്വങ്ങൾ ഉണ്ട്; അതു് ഏതെല്ലാമെന്നു് താൻ എപ്പോഴും ഉദാഹരണസഹിതം വ്യക്തമാക്കിക്കൊടുത്തുകൊണ്ടിരിക്കുകയാണെന്നും എനിക്കറിയാം. ഉദാഹരണത്തിനു്, മഴവില്ലു് ചിതൽപ്പുററിൽനിന്നും ഉണ്ടാകുന്നു; നക്ഷത്രരാശി യമദൂതന്മാരാണ്; മനുഷ്യൻ ഏതു പരിമാണത്തിൽ വളന്നുകൊണ്ടിരിക്കുന്നു എന്നു പരിശോധിക്കാൻവേണ്ടിയാണു് യമധമ്മൻ ഇവരെ അയച്ചിട്ടുള്ളതെന്നും മററും.

ഭൂമിശാസ്ത്രം എനിക്കു് എത്രത്തോളം അറിയാമെന്നറിയാൻവേണ്ടി രാജു ചോദിച്ചു: "എന്തുകൊണ്ടാണു് സൂയ്യൻ കിഴക്കു് ഉദിക്കുകയും പടിഞ്ഞാറു് അസ്തമിക്കുകയും ചെയ്യുന്നതു്. ആട്ടെ, ഒരു സാഗരത്തിൽനിന്നും സൂയ്യൻ ഉയന്നുവരികയും വേറെ ഒരു സാഗരത്തിൽ താഴുകയും ചെയ്യുന്നു; ഇതു് ആക്കെങ്കിലും നിരാകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?" രാജു സംസ്കൃതം പഠിച്ചിട്ടുണ്ട്. അയാൾ 'നിരാകരണം' എന്ന പദം പ്രയോഗിച്ചപ്പോൾ ഗാങ്ങോതാക്കളായ വീട്ടുകാരനും പരിവാരങ്ങളും പ്രശംസാപൂവ്വം വശീകരിക്കപ്പെട്ട ദൃഷ്ടികളോടുകൂടി രാജുവിൻെറ നേരെ നോക്കിക്കൊണ്ടിരുന്നു. മാത്രമല്ല, അവർ വിചാരിച്ചുകാണും, ഇംഗ്ലീഷുപഠിച്ച ഈ ബംഗാളി ബാബുവിനെ കവിരാജമഹാശയൻ അഗാധമായ ജലാശയത്തിലേയ്ക്കു വലിച്ചെറിഞ്ഞുകളഞ്ഞു എന്നുകൂടി. ബംഗാളി ബാബു വെള്ളംകുടിച്ചു് ചത്തതായും ഞാൻ കാണുന്നുണ്ട്.

ഞാൻ പറഞ്ഞു: "രാജു! നിങ്ങളുടെ കണ്ണിൻെറ വഞ്ചനയാണിതു്. സൂയ്യൻ ഒരിടത്തും പോകുന്നില്ല; ഒരു സ്ഥാനത്തു് സ്ഥിരമായി നിൽക്കുകയാണു്."

രാജു എൻെറ മുഖത്തേയ്ക്കു് ആശ്ചയ്യത്തോടെ നോക്കിയിരുന്നു. ഗാങ്ങോതാക്കുട്ടർ പുച്ഛസ്വരത്തിൽ ചിരിച്ചുകളഞ്ഞു. ഹേ! ഗലീല്യോ! ഈ നാസ്തികവും ചിന്താശൂന്യവും ആയ ഭൂമിയിൽ നീ കാരാഗൃഹവാസിയായിത്തീന്നല്ലോ.

വിസ്മയത്തിൻെറ പ്രാരംഭഘട്ടം കഴിഞ്ഞപ്പോൾ രാജു

എന്നോട്ട ചോദിച്ചു: ''സൂര്യഭഗവാൻ കിഴക്ക് ഉദയഗിരിയിൽ നിന്നും ഉയരുകയോ പശ്ചിമസാഗരത്തിൽ താഴുകയോ ചെയ്യുന്നില്ലേ?''

ഞാൻ പറഞ്ഞു: ''ഇല്ല.''

''ഇക്കാര്യം ഇംഗ്ലീഷുപുസ്തകത്തിൽ എഴുതീട്ടുണ്ടോ?''

''ഉണ്ട്.''

ജ്ഞാനം മനുഷ്യനെ ധീരനാക്കുന്നു. ശാന്തനും നിരുപദ്രവിയും ആയ രാജുപാണ്ഡേ ഒരിക്കലും ഉച്ചത്തിൽ സംസാരിച്ച് ഞാൻ കേട്ടിട്ടില്ല. അയാൾ ഇപ്പോൾ ഊർജ്ജസ്വലനായി സാഹങ്കാരം പറഞ്ഞു: ''പച്ചക്കള്ളം! സർവ്വാബദ്ധം! ബാബുജീ! ഉദയഗിരിയിലുള്ള ഒരു ഗുഹയിൽനിന്നാണ് സൂര്യഭഗവാൻ രാവിലെ ഉയർന്നുവരുന്നത്. ആ ഗുഹ ഒരിക്കൽ മുങ്ങേരിലെ ഒരു സന്യാസി പോയിക്കണ്ടിട്ട വന്നതാണ്. അദ്ദേഹം വളരെ ദൂരം കാൽനടയായിപ്പോയി. കിഴക്കുദിക്കിൽ അങ്ങേഅററത്താണ് ആ പർവ്വതം; ഗുഹാമുഖത്തു പൊന്നുൻ കല്ലുകൊണ്ടുള്ള ഒരു വാതിൽ ഉണ്ട്. ഭഗവാൻെറ അഭ്രരഥം ആ ഗുഹയ്ക്കുള്ളിലാണ് ഇരിക്കുന്നത്. ആ രഥം കാണാൻ കിട്ടുന്നതാണോ അങ്ങുന്നേ! വലിയ വലിയ ആ സന്യാസിവര്യൻ അതു കണ്ടു. ആ സന്യാസി അഭ്രരഥത്തിൻെറ ഒരു കഷണം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ഇത് എത്ര വളരെ തിളങ്ങുന്ന അഭ്രം!—എൻെറ ഗുരുമഹാശയൻ കാമതാപ്രസാദൻ സ്വന്തം കണ്ണുകൊണ്ട കണ്ടതാണ്.''

പ്രസംഗം കഴിഞ്ഞു് രാജു അഹങ്കാരത്തോടുകൂടി ചുററും കൂടിയിരുന്ന ഗാങ്ങോതാക്കളുടെ മുഖത്തേയ്ക്കു് ഒന്നു കണ്ണോടിച്ചിട്ട് തിരിഞ്ഞുനോക്കി.

ഉദയഗിരിയുടെ ഗുഹയിൽനിന്നും സൂര്യൻ ഉദിച്ചുവരുന്നു എന്നുള്ളതിനു് അഖണ്ഡനീയമായ ഇത്ര വലിയ ഒരു ദൃക്സാക്ഷിപ്രമാണം ഉദ്ധരിച്ചുകഴിഞ്ഞശേഷം അന്നു് ഞാൻ സമ്പൂർണ്ണമായി മൗനം അവലംബിച്ചുകളഞ്ഞു.

# പരിച്ഛേദം പതിനാറ്

### ഒന്നു്

യുഗളപ്രസാദനോട്ടു് ഒരുദിവസം ഞാൻ പറഞ്ഞു: "പോകാം, പുതിയ വല്ല ചെടികളും മഹാലിഖാപർവ്വതത്തിൽ ഉണ്ടോ എന്നു നോക്കിട്ടുവരാം."

യുഗളപ്രസാദൻ സോത്സാഹം പറഞ്ഞു: "ഒരുജാതി വള്ളിച്ചെടിയുണ്ടു് ആ കാട്ടിൽ. അതു വേറെ ഒരിടത്തും ഇല്ല. ഈ നാട്ടിൽ അതിന്നു് ചീഹഡ്ഢ്ഫലം എന്നു പറയും. പോകാം ഒന്നു നോക്കിട്ടുവരാമല്ലോ."

നാഢാബയിഹാരിലെ പുതിയ ഗ്രാമങ്ങളിൽക്കൂടിയാണു് വഴി. ചില ഗ്രാമങ്ങൾക്കു് അതാതു ഗ്രാമത്തലവന്മാരുടെ പേരാണു് ഇട്ടിട്ടുള്ളതു്. ഝല്ലുഗ്രാമം, ദ്രുപദാസഗ്രാമം, ബേഗംഗ്രാമം എന്നിങ്ങനെ. ഉരലിൽ വെഞ്ഞാനവും യവവും പൊടിക്കുന്നതു കേൾക്കാം. മച്ചില്ലാത്ത തുറന്ന മൺപുരകളിൽനിന്നും പുക ചുരുളുകളായി ഉയരുന്നതു കാണാം. ഒന്നും ഉടുക്കാതെ കറുത്ത ശിശുക്കൾ കൂട്ടംകൂട്ടമായി വഴിയരികെ പൊടിപറപ്പിച്ചു കളിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

നാഢാബയിഹാരിൻെറ വടക്കേ അതിർത്തി ഇപ്പോഴും നിബിഡമായ വനമാണു്. എന്നാൽ ലബ്ടുലിയാ ബയിഹാരിൽ ഇത്രതന്നെ വനമോ തരുലതാദികളോ ഇല്ല. നാഢാബയിഹാരിലെ സുന്ദരമായ വനം മിക്കവാറും പോയിക്കഴിഞ്ഞു, വടക്കേ അതിർത്തിയിൽമാത്രം രണ്ടായിരംബിഘാഭൂമി ഇപ്പോഴും പതിച്ചുകൊടുക്കാതെ കിടപ്പുണ്ടു്. യുഗളപ്രസാദൻ ഇതിൽ വളരെ സങ്കടപ്പെട്ടു.

അയാൾ പറഞ്ഞു: "ഗാങ്ങോതാക്കൾ കൂട്ടംകൂട്ടമായി വന്നു് സകലതും നശിപ്പിച്ചുകളഞ്ഞല്ലൊ അങ്ങുന്നേ! അവർക്കു് വീടും കൂടുമൊന്നുമില്ല; വീടില്ലാക്കൂട്ടം. ഇന്നിവിടെ, നാളെ അവിടെ. ഇങ്ങനെ വനം നശിപ്പിച്ചാലോ?"

ഞാൻ പറഞ്ഞു: "ഇതു് അവരുടെ കുററമല്ല, യുഗള പ്രസാദാ! ജമിന്ദാരന്മാർ എന്തിനാ ഭൂമി വെറുതെ ഇട്ടേക്കുന്ന തു്; അവരും സർക്കാരിനു കരംകൊടുക്കേണ്ടതാണല്ലോ. എന്നും ഇങ്ങനെ വീട്ടിൽനിന്നും കരംകൊടുത്തോണ്ടിരുന്നാൽ എന്തു പ്രയോജനമാണുള്ളതു്? ജമിന്ദാർ അവരെ കൊണ്ടുവരുന്നു. ഇതു് അവരുടെ കുററമാണോ?"

"സരസ്വതീതീരം കൊടുക്കരുതേ അങ്ങുന്നേ! വളരെ പ്രയാസപ്പെട്ടാണോ അവിടെ ചെടികൾ കൊണ്ടുവന്നു് ഞാൻ നട്ടുപിടിപ്പിച്ചതു്."

"ഞാൻകാരണമായി അതൊന്നും ഉണ്ടായെന്നു വരികയി ല്ല, യുഗളാ! ഇത്രയുംകാലം ഇതു ഞാൻ വേണ്ടവണ്ണം സംരക്ഷി ച്ചുപോന്നു. ഇനിയും എത്രയുംകാലം ഇതു പൊത്തിപ്പൊതിഞ്ഞു വച്ചോണ്ടിരിക്കാൻ സാധിക്കുമെന്നു് പറയൂ. അങ്ങേ ഭാഗത്തുള്ള നല്ലനല്ലഭൂമിനോക്കി ആളുകൾ എല്ലാം അങ്ങെടുത്തുകഴിഞ്ഞു."

ഞങ്ങളുടെ കൂട്ടത്തിൽ രണ്ടു ശിപായിമാർ ഉണ്ടായിരു ന്നു. ഞങ്ങളുടെ വർത്തമാനത്തിൻെറ പോക്കു് മനസ്സിലാക്കാൻ കഴിയാതെ, എന്നെ പ്രോത്സാഹിപ്പിക്കാൻവേണ്ടി പറഞ്ഞു: "ഒന്നും വിചാരിക്കണ്ടാ അങ്ങുന്നേ, അടുത്ത മീനക്കൊയ്ത്തു കഴിയുമ്പോൾ സരസ്വതീതീരത്തെ വനഭൂമി ഒരൊററത്തുണ്ടു പോലും ശേഷിച്ചെന്നുവരികയില്ല."

മഹാലിഖാരൂപപർവ്വതം ഏതാണ്ടു് ഒമ്പതുമൈൽ ദൂരെ യാണു്. എൻെറ ആഫീസിൻെറ ജനാലിൽക്കൂടി അതു പുക പ്പുരപ്പുപോലെ കാണാം. പർവ്വതത്തിൻെറ അടിവാരത്തെ ത്തിയപ്പോൾ മണി പത്തടിച്ചുകഴിഞ്ഞു.

എത്ര സുന്ദരമായ വെയിൽ! എത്ര അത്ഭുതകരമായ നീ ലാകാശം! ഇങ്ങനെയൊരു നീലനിറം ആകാശത്തിൽ ഒരിക്ക ല്പം ഞാൻ കണ്ടിട്ടില്ല. എന്തുകൊണ്ടാണു് ചിലദിവസം ആകാശം ഇങ്ങനെ കടുംനീലമാകുന്നതു്, വെയിലിൻെറ നി റം ഇത്ര അസാധാരണമാകുന്നതു്, നീലാകാശം മദ്യലഹരി പോലെ ഇങ്ങനെ മനസ്സിനെ ആച്ഛന്നമാക്കുന്നതു്? ഇളംതളി രുകളുടെ മേല്പരപ്പു് വെയിൽവീണു് കണ്ണാടിപോലെ തിള ങ്ങുന്നു. നാഢാബയിഹാർ ലബ്ടൂലിയാ എന്നിവിടങ്ങളിൽനി ന്നും വീടും കൂടും ഉപേക്ഷിച്ചു് പറന്നുപോയ പക്ഷിക്കൂട്ടങ്ങ

ളിൽ ചിലതു് സരസ്വതീസരോവരതീരത്തെ വനത്തിലും, മററുചിലതു് ഇവിടെയും മോഹനപുരാറിസേവ്് ഫോറസ്റ്റി ലും അഭയം തേടിയിരിക്കുകയാണു്—അവയുടെ അവിശ്രാന്ത മായ കളകൂജനം!

ഇപ്രകാരം നിബിഡവും വിജനവും ആയ അരണ്യഭൂമി യിൽനിന്നും അന്യാദൃശമായ ഒരു ശാന്തിയും സ്വാതന്ത്ര്യബോ ധവും മനസ്സിനു ലഭിക്കുന്നുണ്ടു്. എത്രയെത്ര വൃക്ഷങ്ങൾ, എ ത്രയോ ലതാഗുല്മങ്ങൾ, എത്ര വനകുസുമങ്ങൾ, എത്ര പാറ ക്കെട്ടുകൾ—എവിടെ വേണമെങ്കിലും ഇരിക്കാം, കിടക്കാം; ജീവിതം നിരുന്മേഷമായിത്തീരുന്ന സമയം പൂത്തുനില്ക്കുന്ന പിയാലമരത്തണലിൽപ്പോയി വിശ്രമിക്കാം—വിശാലവും നിർജ്ജനവും ആയ അരണ്യഭൂമി നിങ്ങളുടെ സിരകളെ കു ളിർപ്പിക്കും.

ഞങ്ങൾ മലകയറാൻ തുടങ്ങി—വലിയവലിയ വൃക്ഷങ്ങ ളുടെ തലപ്പുകളിൽ സൂര്യപ്രകാശം തങ്ങിയിരിക്കുകയാണു്. കൊച്ചുകൊച്ചരുവികൾ കളകളരവത്തോടെ വനാന്തരത്തിൽ ക്കൂടി ഒഴുകിക്കൊണ്ടിരിക്കുന്നു—കട്ടക്കമരങ്ങൾ; കേളിക്കടമ്പുക ളുടെ തേക്കിലപോലെയുള്ള വളരെ വലിയ ഇലകളിൽ കാററു തട്ടി 'ശൻശൻ' എന്നു് ശബ്ദം ഉണ്ടായിക്കൊണ്ടിരിക്കുന്നു. വനത്തിനുള്ളിൽ മയിലിൻെറ കൂജനം കേൾക്കാം.

ഞാൻ പറഞ്ഞു: "യുഗളപ്രസാദാ! ചീഹഡ്‌ലത എവി ടെയുണ്ടെന്നു നോക്കൂ."

ചീഹഡ്‌ലത കുറച്ചധികം ഉയരത്തിൽ കയറിയപ്പോൾ കണ്ടുകിട്ടി. കരത്താമരയിലപോലെയുള്ള ഇല, വളരെ തടി ച്ച തണ്ടു്, ചുററിച്ചുററിക്കയറി വൃക്ഷങ്ങളെ ആശ്രയിച്ചു കഴി ഞ്ഞുകൂടുന്ന വള്ളി. കായ് ശിംബ(bean)ജാതിയാണു്. എ ന്നാൽ ശിംബത്തിൻെറ പുറന്തോടുകൾ രണ്ടും കട്ടക്കിലെ ഉപ്പു ററിഭാഗം തുറന്ന ചെരിപ്പുപോലെ വലിയതും, അതുപോലെ കട്ടപ്പും ഉള്ളതും തടിച്ചതും ആണു്—ഉള്ളിൽ ഉരുണ്ട കുരു. ഞങ്ങൾ കരിയിലകത്തിച്ചു് കുരു ചുട്ടുതിന്നുനോക്കി. ഉരുള ക്കിഴങ്ങിൻെറ സ്വാദുതന്നെ.

ഞങ്ങൾ വളരെഉയരത്തിൽ കയറി. അതാ ദൂരെ മോഹന

പുരാഫോറസ്റ്റ്, തെക്ക് അതാ! നമ്മുടെ പ്രദേശം, അതാ! സാ സപതീതീരത്തിലെ വനം മങ്ങിക്കാണുന്നു. നാഢാബയിഹാരിലെ ശേഷിച്ച വനവിഭാഗം അതാ!—അതാ ദൂരെയായി കുശീനദി മോഹനപുരാറിസേർവ്വ്ഫോറസ്റ്റിൻെറ കിഴക്കേ അതിരുചേന്ന് ഒഴുകിപ്പോകുന്നു. താണ സമതലഭൂമി ചിത്രമെന്നവണ്ണം ദൃശ്യമാകുന്നു.

“മയിൽ! മയിൽ—അങ്ങുന്നേ! ഇതാ നോക്കിയാട്ടെ മയിൽ!—”

ഒരു പൊണ്ണൻമയിൽ തലങ്ങുമുകളിൽത്തന്നെ ഒരു മരത്തിൻെറ കമ്പിൽ ഇരിക്കുന്നു. ഒരു ശിപായി തോക്കു കൊണ്ടുവന്നിട്ടുണ്ടായിരുന്നു; അയാൾ തോക്കുചൂണ്ടി; ഞാൻ വിലക്കി.

യുഗളപ്രസാദൻ പറഞ്ഞു: “ബാബുജി! ഈ മലയിലെ കാട്ടിനുള്ളിൽ എവിടെയോ ഒരു ഗുഹയുണ്ട്. അതിൻെറ ചുവരിലെല്ലാം ചിത്രങ്ങൾ വരച്ചിട്ടുണ്ട്—ഏതു കാലത്തേതാണെന്ന് ആക്കും അറിഞ്ഞുകൂടാ—അതുതന്നെയാണ് ഞാൻ നോക്കുന്നതു്.”

ചരിത്രാതീതയുഗത്തിലെ മനുഷ്യൻ ഗുഹയുടെ കൽച്ചുവരിൽ കൈകൊണ്ടു വരച്ചതോ കൊത്തിവച്ചതോ ആയിരിക്കാം ഈ ചിത്രങ്ങൾ. ഭൂചരിത്രത്തിലെ ലക്ഷോപലക്ഷം സംവത്സരങ്ങളുടെ യവനിക ഒരു ഒററ നിമിഷംകൊണ്ടു മാററി കാലപ്രവാഹത്തിനു് എതിരായി എവിടെ കൊണ്ടുപോയികളയാൻ സാധിക്കും നമുക്ക്.

ചരിത്രാതീതകാലത്തെ ഗുഹാചിത്രം കാണാനുള്ള പ്രബലമായ മോഹംകൊണ്ട് കാട്ടിനകത്തുകൂടി 'തള്ളിക്കയറി നടന്നു—ആ ഗുഹയും കണ്ടുകിട്ടി. പക്ഷേ, ആ ഇരുട്ടിനകത്തു് കയറാൻ ഞങ്ങൾക്കു ധൈര്യം ഉണ്ടായില്ല. കയറിയാൽത്തന്നെ ആ ഇരുട്ടത്തു് എന്തൊന്നു കാണാനാ? വേറൊരുദിവസം വേണ്ട ഉപകരണങ്ങളോടുകൂടി വരാം—ഇന്നു് ഇങ്ങനെ ഇരിക്കട്ടെ! ഈ ഇരുട്ടിൽ ഭയങ്കര വിഷസർപ്പങ്ങളായ ചന്ദ്രബോരയുടേയോ ശംഖചൂഡൻേറയോ കടിയേററു് പ്രാണൻകളയുന്നതെന്തിനു്? ഈ സ്ഥലത്തെല്ലാം അത്തരം സർപ്പങ്ങൾ ധാരാളം ഉണ്ടുതാനും.

യുഗളപ്രസാദനോടു ഞാൻ പറഞ്ഞു: "ഈ കാട്ടിൽ കുറച്ചു പുതിയതരം ചെടികൾ കൊണ്ടുവന്നു നടണം, കേട്ടോ. ഈ മലയിലെ കാടു് ഒരിക്കലും ആരും വെട്ടിക്കളയുകയില്ല. ലബ്ടുലിയായോ പോയി. സരസ്വതിയുടെ കാര്യവും അങ്ങു വിട്ടേയ്ക്കുക."

യുഗളപ്രസാദൻ പറഞ്ഞു: "അങ്ങുന്നു പറഞ്ഞതു് ശരിയാ. എനിക്കു വളരെ ഇഷ്ടമായി. പക്ഷേ, അങ്ങുന്നുകൂടി വരാതെ ഞാൻതന്നെ ചെയ്യുന്നതെങ്ങനെയാ?"

"ഞാൻ ചിലപ്പോഴെല്ലാം വന്നു നോക്കിക്കൊള്ളാം. നിങ്ങൾ നടുക."

മഹാലിഖാരുപപർവ്വതം ഒററയായി നില്ക്കുന്ന ഒന്നല്ല. അതു് ചെറിയൊരു പർവ്വതപംക്തിയാണു്. ഒരിടത്തും ആയിരത്തി അഞ്ഞൂറു് അടിയിൽ കൂടുതൽ ഉയരം വരികയില്ല. ഹിമാലയപാദശൈലത്തിൻെറ ഒരു താണശാഖ; എങ്കിലും തരായിപ്രദേശത്തെ വനവും സാക്ഷാൽ ഹിമാലയവും ഇവിടെനിന്നും നൂറുനൂററമ്പതു മൈൽ ദൂരെയാണു്.

ആ പർവ്വതപംക്തിയുടെ മുകളിൽ നിന്നുംകൊണ്ടു് താഴെയുള്ള സമതലത്തിലേയ്ക്കു നോക്കിയാൽ, പ്രാചീനയുഗത്തിലെ മഹാസമുദ്രം ഒരുകാലത്തു്, സികതാമയമായ ഈ ഉന്നതതടത്തിൻെറ ചരിവിൽ ശക്തിയായി അടിച്ചുകൊണ്ടിരുന്നു എന്നും, അന്നു് ഗുഹാവാസിയായ മനുഷ്യൻ ഭാവിയുടെ ഗർഭത്തിൽ ഉറങ്ങിക്കിടക്കുകയായിരുന്നു എന്നും, മഹാലിഖാരുപപർവ്വതം അന്നു് ആ പ്രാചീന മഹാസമുദ്രത്തിൻെറ മണൽനിറഞ്ഞ സമുദ്രതീരം ആയിരുന്നു എന്നും തോന്നിപ്പോകുന്നതാണു്.

യുഗളപ്രസാദൻ കുറഞ്ഞതു് ഒരു എട്ടുപത്തു പുതിയതരം വള്ളി കാണിച്ചുതന്നു. സമതലത്തിലെ വനത്തിൽ ഇതൊന്നും തന്നെ ഇല്ല. പർവ്വതത്തിൻെറ ഉപരിഭാഗത്തെ വനപ്രകൃതി ഭിന്നമാണു്. സമതലത്തിൽ കാണാത്ത മരങ്ങൾ, പടർപ്പുകൾ, വള്ളികൾ—

സായംകാലം ആയിത്തുടങ്ങി. ഏതോ ഒരു കാട്ടുപൂവിന്റെ മണം അവിടെ പരന്നുകൊണ്ടിരുന്നു. സന്ധ്യയോടു് അടുക്കുംതോറും ഗന്ധത്തിൻെറ തീവ്രത കൂടിക്കൂടിവന്നു. മരക്കൊമ്പു

കളിൽ പ്രാവ്, തത്ത, ഹരടിട് മുതലായ എത്രയോ പക്ഷികൾ കൂജനം ചെയ്തുകൊണ്ടിരിക്കുന്നു.

വ്യാഘ്രഭയംകൊണ്ട് പർവ്വതത്തിന്റെ മുകളിൽനിന്നും ഇറങ്ങാൻ കൂട്ടുകാർ തിടുക്കംകൂട്ടി. ഇല്ലെങ്കിൽ ഈ ആസന്ന സന്ധ്യയിലെ നിബിഡച്ഛായയിൽ നിർജ്ജനമായ ശൈലസാനുപ്രദേശത്തെ വനഭൂമിയിൽ നിലീനമായ ആ സൗന്ദര്യം നുകരാതെ ഇറങ്ങിപ്പോരാൻ എനിക്കു മനസ്സുവരികയില്ലായിരുന്നു.

മനേശ്വരസിംഹൻ പറഞ്ഞു: "മോഹനപുരാവനത്തിലെ ക്കാളും കൂടുതലായി ഇവിടെ കടുവായെ പേടിക്കാനുണ്ട്. ഇവിടെ വിറകുവെട്ടാൻ കയറിവരുന്നവരെല്ലാം സന്ധ്യയ്ക്കുമുമ്പായി ഇറങ്ങിപ്പോകും. മാത്രമല്ല, കൂട്ടംചേർന്നല്ലാതെ ആരും ഈ മലയിൽ വരികയും ഇല്ല. കടുവാ ഉണ്ട്. ശംഖചൂഡസർപ്പം ഉണ്ട്. മല നിറഞ്ഞുനിൽക്കുന്ന ഗഞ്ജാരക്കാട് കണ്ടില്ലേ?

മററു പോംവഴിയൊന്നും ഇല്ലാതെ ഞങ്ങൾ ഇറങ്ങിപ്പോന്നു. പർവ്വതത്തിലെ വനത്തിൽ കേളിക്കടമ്പുകളുടെ വലിയ ഇലകളുടെ മറവിൽ ശുക്രനും വ്യാഴവും മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്നു.

## രണ്ട്

ഒരുദിവസം ഇങ്ങനെയുള്ള ഒരു പുത്തൻ വീട്ടുകാരന്റെ തിണ്ണയിൽ, ഗനോരീതേവാരിസ്കൂൾമാസ്റ്റർ, ശാലപത്രത്തിലിട്ട്, വറുത്തുപൊടിച്ച പയറ് ഉരുട്ടിത്തിന്നുകൊണ്ടിരിക്കുകയായിരുന്നു.

"അല്ലാ, അങ്ങുന്നാണല്ലോ ഇത്. സുഖമാണല്ലോ?"

"സുഖംതന്നെ. നിങ്ങൾ എപ്പോൾ വന്നു? എവിടെ ആയിരുന്നു? ഇവർ നിങ്ങടെ ആരെങ്കിലുമാണോ?"

"ആരുമല്ല. ഇതിലേ പോവുകയായിരുന്നു. നേരം പോയി. ഇവർ ബ്രാഹ്മണരാണ്. ഇവിടെ അതിഥിയായിക്കൂടി. അങ്ങനെ അല്പം ആഹാരം കഴിക്കുകയാണ്; ഇവരെ അറിഞ്ഞിട്ടും കേട്ടിട്ടും ഒന്നും ഇല്ല. പക്ഷേ, ഇന്ന് അറിഞ്ഞു."

വീട്ടുകാരൻ ഇറങ്ങിവന്നു് നമസ്കരിച്ചിട്ടു പറഞ്ഞു: "വരൂ, അങ്ങുന്നേ, കേറി ഇരിക്കൂ."

"വേണ്ടാ, ഇരിക്കേണ്ട. ഇവിടെ നിന്നോളാം. എത്ര ദിവസമായി ഭൂമി എടുത്തിട്ടു്?"

"രണ്ടു മാസമായി, അങ്ങുന്നേ! ഇപ്പഴം കൃഷിചെയ്യാൻ കഴിഞ്ഞിട്ടില്ല."

ഗനോരീതേവാരിക്കു് ഒരു കൊച്ചുപെണ്ണുവന്നു് കുറച്ചു് പച്ചമുളകു് കൊട്ടത്തിട്ടുപോയി. അയാൾ പയറുവറുത്തതും ഉപ്പും മുളകും കഴിക്കുകയാണു്. ആ വലിയ പയററുണ്ട ഈ കൃശഗാത്രനായ ഗനോരീതേവാരിയുടെ വയററിൽ എവിടെ കൊള്ളുമെന്നു് എനിക്കു മനസ്സിലാക്കാൻ പ്രയാസമാണു്. അയാൾ ആഹാരം കഴിച്ചുകൊണ്ടിരുന്ന ആ തിണ്ണയുടെ ഒരു ഭാഗത്തായി മുഷിഞ്ഞമുണ്ടിൽ പൊതിഞ്ഞ ഒരു ഭാണ്ഡം: ഒരു ഗെലാപു് അതായതു് കട്ടികുറഞ്ഞ തലയണക്കവിയൻ മാതിരിയിലുള്ള ആ തുണി കണ്ടപ്പഴേ എനിക്കു മനസ്സിലായി, അതു് ഗനോരിയുടേതാണെന്നു്. അതുതന്നെയാണു് അയാൾക്കു് ആകെയുള്ള ലൗകികസമ്പത്തു്. ഗനോരിയോടു ഞാൻ പറഞ്ഞു: "എനിക്കു് പോകാൻ തിടുക്കമായി; നിങ്ങൾ വൈകുന്നേരം കച്ചേരിയിലേയ്ക്കു വരൂ."

വൈകുന്നേരം ആയപ്പോൾ ഗനോരി കച്ചേരിയിൽ എത്തി.

ഞാൻ ചോദിച്ചു: "എവിടെയായിരുന്നു ഗനോരീ?"

"ബാബുജീ! മുങ്ങേർജില്ലയിൽ പാഡാംഗാംഗ്രാമത്തിൽ; പല സ്ഥലങ്ങളിലും ചുററിക്കറങ്ങി."

"ഇങ്ങനെ നടന്നു് എന്തോന്നാ ചെയ്യുന്നതു്?"

"പള്ളിക്കൂടംകെട്ടി കുട്ടികളെ പഠിപ്പിച്ചോണ്ടിരുന്നു."

"ഒരു പള്ളിക്കൂടവും ശരിപ്പെട്ടില്ലേ?"

"രണ്ടുമാസത്തിൽക്കൂടുതൽ നീണ്ടുനിന്നിട്ടില്ല. കുട്ടികൾ ഫീസ് തരികയില്ല."

"കല്യാണം കഴിച്ചിട്ടുണ്ടോ? വയസ്സെത്രയായി?"

"അവനവൻെറതന്നെ വയററുപിഴപ്പിനു വകകിട്ടുന്നില്ല. പിന്നെ കല്യാണം കഴിച്ചാലോ? വയസ്സു് മുപ്പത്തിനാലു മുപ്പത്തഞ്ചായിട്ടുണ്ടു്."

ഗനോരിയെപ്പോലെ ഇത്ര ദാരിദ്ര്യമുള്ളവർ ഈ പ്രദേശത്തു് വളരെ അധികം കാണുകയില്ല. ആദ്യം ഞാൻ ഇവിടെ വന്നകാലത്തു് ഒരിക്കൽ ഗനോരീതേവാരി ക്ഷണംകൂടാതെ ഉണ്ണാൻ വന്നകാര്യം എനിക്കു് ഓർമ്മവന്നു. ഇപ്പോൾ എത്ര നാളായിക്കാണും അയാൾക്കു് ഉണ്ണാൻ ചോറുകിട്ടിയിട്ടു് എന്നു ഞാൻ ആലോചിക്കുകയാണു്. ഗാങ്ങോതാക്കാരുടെ വീട്ടുകളിൽ കയറി പയറുവറുത്തതു് തിന്നുംകൊണ്ടു് കാലംകഴിക്കുകയാണു്.

ഞാൻ പറഞ്ഞു: "ഗനോരീ ഇന്നുരാത്രി ഇവിടെ ഊണു കഴിക്കാം. കണ്ടുമിശ്രനാണു് അരിവയ്ക്കുന്നതു്. അയാളുടെ കൈകൊണ്ടു വയ്ക്കുന്നതു് കഴിക്കാൻ വിരോധമൊന്നുമില്ലല്ലോ."

ഗനോരീതേവാരിക്കു് വളരെ സന്തോഷമായി. അയാൾ ഒന്നു ചിരിച്ചിട്ടു പറഞ്ഞു: "'കണ്ടു' ഞങ്ങടെ ജാതി ബ്രാഹ്മണൻതന്നെയാണല്ലോ. അയാളുടെ കൈകൊണ്ടു വച്ചതു് ഞാൻ ഇതിനുമുമ്പും കഴിച്ചിട്ടുണ്ടല്ലോ—പിന്നെ വിരോധം എന്തോന്നാ?"

അയാൾ തുടർന്നു: "അങ്ങുന്നേ! വിവാഹക്കാര്യം, അങ്ങുന്നു ചോദിച്ചതുകൊണ്ടു് പറയുകയാണു്. കഴിഞ്ഞയാണ്ടു് കർക്കടകമാസത്തിൽ ഞാൻ ഒരു പള്ളിക്കൂടം തുറന്നു. ആ ഗ്രാമത്തിലെ ഒരു വീട്ടിൽ ഞങ്ങടെ ജാതിയിൽപ്പെട്ട ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാളുടെ വീട്ടിലായിരുന്നു എന്റെ താമസം. അയാളുടെ മകളുമായിട്ടു് എൻെറ വിവാഹം എല്ലാം അങ്ങു തീർച്ചപ്പെടുത്തിയതാ. എന്നുമാത്രമല്ല, മുങ്ങേരിൽനിന്നും ഞാൻ ഒരു നല്ല ജമ്പറും വാങ്ങിച്ചുകൊണ്ടുവന്നുവച്ചു. എന്നിട്ടു് അയലത്തുകാരെല്ലാരുംകൂടി അതു് മുടക്കിക്കളഞ്ഞു. അവർ പറഞ്ഞു: 'അയാൾ വളരെ ദരിദ്രനായ ഒരു സ്കൂൾമാസ്റ്റർ, വീടുംകൂടും ഒന്നും ഇല്ലാത്തവൻ; അയാൾക്കു് പെണ്ണിനെ കൊടുക്കരുതു്.' അങ്ങനെ ആ വിവാഹം മുടങ്ങിപ്പോയി. ഞാൻ ആ ഗ്രാമംവിട്ടിറങ്ങി."

"പെണ്ണിനെ നിങ്ങൾ കണ്ടോ? കണ്ടാൽക്കൊള്ളാമോ?"

"കണ്ടോന്നോ? നല്ല രസികൻ പെണ്ണാ അങ്ങുന്നേ! എന്നാലും എനിക്കെന്തിനാ തരുന്നതു്? പരമാർത്ഥമാണല്ലോ. എനിക്കെന്തിരിക്കുന്നു? പറയൂ, അങ്ങുന്നേ!

വിവാഹം മുടങ്ങിപ്പോയതിൽ അയാൾക്കു് വളരെ സങ്കടം ഉണ്ടെന്നു ഞാൻ മനസ്സിലാക്കി, പെണ്ണിനെ ഇഷ്ടപ്പെട്ടുകയുംചെയ്തിരുന്നു അയാൾ.

വളരെനേരം വത്തമാനം പറഞ്ഞുംകൊണ്ടിരുന്നു. അയാളുടെ വത്തമാനംകേട്ടിട്ടു് എനിക്കു തോന്നി, ജീവിതം അയാൾക്കു് ഒരുവസ്തു കൊടുത്തിട്ടില്ലെന്നു്. ഗ്രാമംതോറും അയാൾ അലഞ്ഞുതിരിഞ്ഞിട്ടുണ്ടു്, ഒരുവയറു ചോറിനുവേണ്ടി; അതും കിട്ടീട്ടില്ല. ഗാങ്ങോതാക്കാരുടെ വീട്ടുകളിൽ കയറിയിറങ്ങിയാണു് അയാളുടെ പകുതിജീവിതം കഴിച്ചുകൂട്ടിയതു്.

അയാൾ പറഞ്ഞു:"വളരെക്കാലം കഴിഞ്ഞിട്ടാണു്ഞാൻ ഇപ്പോൾ ലബ്ടുലിയായിൽ വന്നതു്. ഇവിടെ വളരെ പുത്തൻ പൊറുതികൾ ഉറപ്പിച്ചിരിക്കുന്നതായി കേട്ടു. അന്നത്തെ ആ വനം ഒന്നും അല്ലല്ലൊ ഇപ്പോൾ ഇതു്. ഇവിടെ ഒരു പള്ളിക്കൂടം തുറന്നാലോ? അതിനായിട്ടാ ഞാൻ ഇപ്പോൾ വന്നതു്. നടക്കുമോ? അങ്ങുന്നിന്റെ അഭിപ്രായം എന്തോന്നാ?"

അപ്പോൾത്തന്നെ ഞാൻ വിചാരിച്ചു, ഇവിടെ ഒരു പള്ളിക്കൂടം കെട്ടിക്കൊടുത്തു് ഗനോരിയെ ഇവിടെ താമസിപ്പിച്ചുകളയാമെന്നു്. ധാരാളം കൊച്ചുകൊച്ചു കുട്ടികൾ എന്റെ എസ്റ്റേററിൽ ഇപ്പോൾ പുത്തനായിട്ടു വന്നിട്ടുണ്ടല്ലൊ. അവരുടെ വിദ്യാഭ്യാസത്തിനു വേണ്ടവ്യവസ്ഥ ചെയ്യേണ്ടതു് എന്റെ കത്തവ്യം അല്ലേ; എന്തെങ്കിലും ചെയ്യാമോ എന്നു നോക്കട്ടെ.

## മൂന്നു്

അസാധാരണമായ ചന്ദ്രികയുള്ള രാത്രി. യുഗളപ്രസാദനും രാജുപാണ്ഡേയും വത്തമാനം പറയാൻ വന്നിരുന്നു. കച്ചേരിയിൽനിന്നും കുറച്ചു് അകലെയായി ഒരു ചെറിയ ഗ്രാമം ഉണ്ടായിവരുന്നുണ്ടു്. അവിടെനിന്നും ഒരാൾകൂടി വന്നുചേന്നു. ഇന്നു നാലുദിവസമേ ആയുള്ളു അവർ ഛാപരാജില്ലയിൽനിന്നും ഇവിടെ വന്നു് പാർപ്പുതുടങ്ങിയിട്ടു്.

അയാൾ തന്റെ ജീവചരിത്രം പറഞ്ഞുകൊണ്ടിരുന്നു,

ഭാര്യാപുത്രാദികളോടൊത്ത് പല സ്ഥലങ്ങളിലും ചുററിക്കറങ്ങി. എത്ര മൈതാനങ്ങളിലേയും മലമ്പ്രദേശങ്ങളിലേയും കാടു വെട്ടിത്തെളിച്ച് എത്രപ്രാവശ്യം വീടു കെട്ടിപ്പാർത്തു. ഒരിടത്ത് മൂന്നുവർഷം, മറെറാരിടത്ത് അഞ്ചുവർഷം, കുശീനദീതീരത്ത് പത്തുവർഷം ഇങ്ങനെ കഴിഞ്ഞു. ഒരിടത്തും ജീവിതത്തിന് ഒരു ഉയർച്ചയുണ്ടാക്കാൻ കഴിഞ്ഞില്ല. ഇത്തവണ ലബ്ടുലിയാ ബയിഹാരിൽ വന്നിരിക്കുകയാണ് ഉയർച്ച ഉണ്ടാക്കാൻ വേണ്ടി.

ഈ വന്നിട്ടുള്ളവരുടെ എല്ലാം ഗൃഹജീവിതം വളരെ വൈവിദ്ധ്യം കലന്നതാണ്. വത്തമാനംപറഞ്ഞ കൂട്ടത്തിൽ ഞാൻ മനസ്സിലാക്കി, ഇവർ തികച്ചും വീട്ടുംകൂട്ടും ഇല്ലാത്തവരാണെന്നു്. ഇവർ ജാതിയില്ലാത്ത പതിതരാണ്—സ്വവർഗ്ഗം ഇല്ല, സംസ്കാരമില്ല, സ്വഗൃഹവുമായി മമതയില്ല; നീലാകാശത്തിൻെറ കീഴിൽ കുടുംബം സൃഷ്ടിച്ച്, വനത്തിലും ഗിരിനിരകളുടെ ഇടയിലും, താഴ്വരകളിലും വലിയ നദികളുടെ വിജനമായ മണൽത്തിട്ടകളിലും ജീവിച്ചുവരുന്നു. ഇന്ന് ഇവിടെ, നാളെ അവിടെ.

ഇവരുടെ പ്രേമവിരഹങ്ങൾ, ജീവിതമരണങ്ങൾ ഇതെല്ലാം എനിക്ക് അഭിനവവും അത്ഭുതകരവും ആണ്. എന്നാൽ ഇതിനെക്കാളെല്ലാം എനിക്ക് അത്ഭുതകരമായി തോന്നിയതു് ഈ മനുഷ്യന് ഇപ്പോൾ ഉണ്ടായിക്കാണുന്ന ഉല്ക്കർഷേച്ഛയാണ്.

ഈ ലബ്ടുലിയാ പ്രദേശത്തെ കാട്ടിൽ അഞ്ച് അല്ലെങ്കിൽ പത്ത് ബിഘാ ഭൂമിയിൽ ഗോതമ്പ് കൃഷിചെയ്തിട്ട് എങ്ങനെയാണ് ഈയാളുടെ ജീവിതത്തിന് ഉയർച്ചയുണ്ടാക്കാൻപോകുന്നതു്? ഇതു് എനിക്കു മനസ്സിലാക്കാൻ വളരെ പ്രയാസം ആണ്.

ഈ മനുഷ്യന് വയസ്സ് അമ്പതുകഴിഞ്ഞിട്ടുണ്ട്. പേരു് ബലഭദ്രസേങ്ങായി, ജാതി ചാഷാകലോയാർ അതായതു് 'കലു' (എണ്ണക്കാരൻ); ഈ പ്രായത്തിൽ ഇപ്പോഴും അയാൾ ആശ വച്ചുകൊണ്ടിരിക്കുകയാണ്, ഈ ജീവിതത്തിന് ഉൽക്കർഷം വരുത്താൻ,

ഞാൻ ചോദിച്ചു: "ബലഭദ്രാ! ഇതിനുമുമ്പ് എവിടെ ആയിരുന്നു?"

"ഏമാന്നേ! മുങ്ങേർജില്ലയിൽ ഒരു നദിയുടെ മണൽത്തിട്ടയിൽ. രണ്ടുവർഷം അവിടെ ആയിരുന്നു. വിത്തുമുളയ്ക്കാതെവന്നിട്ട് ചോളക്കൃഷി നശിച്ചുപോയി. ആ സ്ഥലത്ത് ഉയച്ച്യ്ക്ക് വകയുണ്ടാകയില്ലെന്ന് ഞാൻ കണ്ടു. ഏമാന്നേ! ലോകത്തിൽ എല്ലാവരുംതന്നെ ഉയർച്ചയ്ക്കുവേണ്ടിയാണല്ലോ പരിശ്രമിക്കുന്നതു്. ഇത്തവണ ഏമാന്നേ ആശ്രയിച്ചു നോക്കാമെന്ന്—"

രാജുപാണ്ഡേ പറഞ്ഞു: "ഞാൻ ഇവിടെ ആദ്യം വന്നപ്പോൾ എനിക്ക് ആറു കന്നുണ്ടായിരുന്നു. ഇപ്പോൾ എനിക്കു പത്താ കന്നുള്ളതു്. ലബ്ടുലിയാ ഉയർച്ചയ്ക്കു പററിയ സ്ഥലമാണു്."

ബലഭദ്രൻ പറഞ്ഞു: "എനിക്ക് ഒരുജോടി കന്നിനെ വാങ്ങിച്ചുതരണേ, പാണ്ഡേജീ! ഇത്തവണത്തെ വിളവെട്ടപ്പു കഴിയട്ടെ. ആ രൂപാകൊണ്ട് കന്നിനെ വാങ്ങിക്കണം എനിക്ക്. അതു കൂടാതെ ഉദ്ഗതി ഉണ്ടാവുകയില്ല."

ഗനോരി ഇവരുടെ വർത്തമാനം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അയാളും പറഞ്ഞു: "നല്ലകാര്യം; എനിക്കും ഒന്നുരണ്ടു കന്നിനെ വാങ്ങിച്ചാൽക്കൊള്ളാമെന്നുണ്ടു്. എവിടെയെങ്കിലും ഒന്നു പാക്കാൻ കഴിഞ്ഞെങ്കിൽ!"

മഹാലിഖാരൂപപർവ്വതത്തിലെ വൃക്ഷഗുല്മലതാദികളും അതിൻെറ പിന്നിലുള്ള ധൻതുധരി ശൈലനിരയും നിലാവെളിച്ചത്തിൽ മങ്ങിക്കാണായി. കുറേശ്ശെ തണുപ്പുള്ളതുകൊണ്ടു് ഞങ്ങളുടെ മുമ്പിൽ ഒരു ആഴികൂട്ടിയിട്ടുണ്ടു്—ഒരുവശത്തു് രാജുപാണ്ഡേയും യുഗളപ്രസാദനും, മറുവശത്തു് ബലഭദ്രനും പുത്തനായി വന്ന മൂന്നാലു പ്രജകളും.

ഭൗതികമായ ഉയർച്ചയെപ്പററിയുള്ള ഇവരുടെ സംഭാഷണമാണ് എനിക്കു വളരെ അധികം അത്ഭുതത്തിനു വക നല്കിയതു്. ഉദ്ഗതിയെ സംബന്ധിച്ചുള്ള ഇവരുടെ ധാരണ ചിന്തിക്കാൻപാടില്ലാത്തവണ്ണം അത്ര ഉയന്നതൊന്നും അല്ല. ആറു കന്നിൻെറ സ്ഥാനത്തു് പത്തു കന്നു്, അല്ലെങ്കിൽ പന്ത്രണ്ടാകട്ടെ. വിദൂരസ്ഥവും ദുർഗ്ഗമവുമായ വനനിരയാലും പർവ്വതപങ്ക്തിയാലും വലയിതമായ ഈ കാട്ടുപ്രദേശത്തും മനുഷ്യ

ഹൃദയത്തിലെ ആഗ്രഹങ്ങളും പ്രതീക്ഷകളും എപ്രകാരമെന്നു ഗ്രഹിക്കാൻ അവസരം ലഭിച്ചതുകൊണ്ടു് നിലാവുനിറഞ്ഞ രാത്രി അപൂർവ്വവും രഹസ്യമയവുമായ ഒന്നായിട്ടു് എനിക്കു തോന്നിപ്പോകുന്നു. നിലാവുനിറഞ്ഞ ഈ രാത്രി മാത്രമല്ല; ഈ മഹാലിഖാശ്രുപപർവ്വതവും അങ്ങകലെക്കാണുന്ന ആ ധൻ ഝരിശൈലനിരയും മലകളുടെ മുകളിലെ ആ കാടുകളും അ ങ്ങനെതന്നെയാണു്.

യുഗളപ്രസാദൻ മാത്രം ഭൗതികവിഷയത്തെപ്പററി നട ന്ന ഈ സംഭാഷണങ്ങളിൽ ഒന്നും പങ്കുകൊണ്ടില്ല. അയാൾ വേറെ ഒരു തരക്കാരനായിട്ടാണു ഭൂമിയിൽ പിറന്നിരിക്കുന്ന തു്. അന്നവസ്ത്രങ്ങൾ, കന്നുകാലികൾ എന്നിങ്ങനെ ഉള്ള വി ഷയത്തെപ്പററി ചർച്ചചെയ്യാൻ അയാൾക്കു് ഇഷ്ടം ഇല്ല; അ തിൽ ചേരുകയും ഇല്ല.

അയാൾ പറഞ്ഞു: "സരസ്വതീകുണ്ഡിയുടെ കിഴക്കേ തീ രത്തേ കാട്ടിൽ ഞാൻ നട്ട ആ ഹംസലതകളെല്ലാം എങ്ങനെ ചാടിക്കയറിവന്നിരിക്കുന്നു; ബാബുജി അതു കണ്ടോ? ഇത്തവ ണ വെള്ളത്തിനു് അരികിലെ സ്പൈഡർ ലിലിക്കു് ശോഭയും വളരെ കൂടുതലാണു്. പോകാം, ഈ നിലാവുള്ള രാത്രിയിൽ ഒന്നു നടക്കാൻപോകാം."

എനിക്കു സങ്കടം ആകുന്നു—യുഗളപ്രസാദനു് ഇത്ര വള രെ കാമ്യമായ സരസ്വതീവനം ഇനിയും എത്ര ദിവസം സംര ക്ഷിച്ചുവയ്ക്കാൻ സാധിക്കും എന്നോർത്തു്. ആ ഹംസലതയും ശേഫാലികാവനവും എവിടെ എത്രദൂരെ പോയിമറയും? അതിൻെറ സ്ഥാനത്തു തല ഉയർത്തിനില്ക്കുന്ന ചോളത്തോട്ട ങ്ങളും ജനാര(മറെറാരുജാതി ചോളം)ത്തോട്ടങ്ങളും സർവ്വത്ര തൊട്ടുതൊട്ടുനില്ക്കുന്ന പുരകളും മുമ്പിൽ ഇട്ടിരിക്കുന്ന കയററുക ട്ടിലും...ചെളികെട്ടിക്കിടക്കുന്ന മുററത്തു ചാണകംവാരുന്ന പാത്രത്തിൽനിന്നും വയ്ക്കോൽ തിന്നുകൊണ്ടുനില്ക്കുന്ന കന്നുകാ ലികളേയും കാണാറാകും.

ഈ സമയത്തു് മട്ടുകനാഥപണ്ഡിതൻ വന്നുചേർന്നു. ഇ ക്കാലത്തു് മട്ടുകനാഥപണ്ഡിതൻെറ വിദ്യാലയത്തിൽ ഏതാ ണ്ടു പതിനഞ്ചോളം വിദ്യാർത്ഥികൾ 'കലാപ'വും 'മുഗ്ദ്ധബോ ധ'വും പഠിക്കുന്നുണ്ടു്. അയാളുടെ സ്ഥിതി ഈയിടെ മെച്ച

പ്പെട്ടുകൊണ്ടിരിക്കുകയാണു്. കഴിഞ്ഞ വിളവെടുപ്പുകാലത്തു് യജമാനന്മാരുടെ വീടുകളിൽനിന്നും കിട്ടിയ ഗോതമ്പും ചോളവും സൂക്ഷിക്കാൻ അയാളുടെ വിദ്യാലയത്തിൻെറ മുററത്തു് വട്ടത്തിൽ ഒരു ധാന്യപ്പുര കെട്ടിയുണ്ടാക്കീട്ടുണ്ടു്.

പ്രയത്നിക്കുന്നവക്കു് ഉൽക്കർഷം ഉണ്ടാകുകതന്നെചെയ്യും എന്നുള്ളതിനു് മട്ടുകനാഥപണ്ഡിതൻ അനിഷേധ്യമായ പ്രമാണംതന്നെയാണു്.

ഉൽക്കർഷം—പിന്നെയും ആ ഉൽക്കർഷത്തിൻെറ കാൎയ്യംതന്നെ വന്നല്ലോ.

പക്ഷേ, ഉൽക്കൎഷത്തിൻെറ കാൎയ്യംവരാതെ തരമില്ല. മട്ടുകനാഥനു് ഉയർച്ച ഉണ്ടായ കാരണത്താൽ അയാൾ ഈയിടെയായി ബഹുമാനിക്കപ്പെട്ടുവരുന്നതായി എൻെറ കൺമുമ്പിൽ ത്തന്നെ എനിക്കു കാണാൻകഴിഞ്ഞു. എൻെറ കച്ചേരിയിലെ ശിപായിമാരും ക്ലാക്കന്മാരും അയാളെ ഭ്രാന്തനെന്നു പുച്ഛിച്ചു വന്നിരുന്നതാണു്. ധാന്യപ്പുര കെട്ടിയതുമുതൽ അവർ മട്ടുകനാഥനെ ബഹുമാനിക്കുകയും വാഴ്ത്തുകയും ചെയ്തുവരുന്നു; ഇതു് ഞാൻ കണ്ടുകൊണ്ടിരിക്കുകയാണു്. അതോടുകൂടി പള്ളിക്കൂടത്തിൽ കുട്ടികൾ വർദ്ധിച്ചുവരികയാണു്. എന്നാലും യുഗളപ്രസാദനേയോ ഗനോരീതേവാരിയേയോ ആരും ഒന്നു തിരിഞ്ഞുനോക്കുന്നുപോലും ഇല്ല. രാജുപാണ്ഡേയും പുത്തൻപ്രജകളുടെ ഇടയിൽ ബഹുമാന്യനായിത്തീൎന്നിട്ടുണ്ടു്. പച്ചമരുന്നുകെട്ടും കൈയിലേന്തി മിക്കവാറും വീടുകളിൽ കുഞ്ഞുങ്ങളുടെ നാഡി പരിശോധിച്ചുംകൊണ്ടു നടക്കുന്നതായി കാണാം. എന്നാൽ രാജുവിനു പൈസയ്ക്കു് അത്ര മോഹം ഒന്നും ഇല്ല. മാന്യസ്ഥാനത്തിരുന്നു വൎത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നതു തന്നെയാണു് അയാൾക്കു സന്തോഷം.

## നാലു്

മൂന്നാലു മാസത്തിനകം മഹാലിഖാരൂപപൎവ്വതത്തിൻെറ അടിവാരംമുതൽ ലബ്ടുലിയാ, നാഢാബയിഹാർ എന്നിവയുടെ വടക്കേ അതിൎത്തിവരെയുള്ള സ്ഥലംമുഴുവൻ കുടിയാനവ

ന്മാർ വാസം ഉറപ്പിച്ചുകഴിഞ്ഞു. മുമ്പുതന്നെ ഭൂമി പാട്ടത്തിനെടുത്തു കൃഷി ആരംഭിച്ചുകഴിഞ്ഞെങ്കിലും ആളുകൾ ഇത്രത്തോളം പാർപ്പുറപ്പിച്ചുകഴിഞ്ഞിരുന്നില്ല. ഈ വർഷം ആളുകൾ കൂട്ടംകൂട്ടമായിവന്നു് ഒററ രാത്രികൊണ്ടു ഗ്രാമങ്ങൾ സ്ഥാപിച്ചു തുടങ്ങിയിരിക്കുകയാണു്.

ഏതെല്ലാംതരത്തിലുള്ള കുടുംബങ്ങൾ! ചടച്ച പോണിക്കുതിരപ്പുറത്തു കിടക്ക, പാത്രങ്ങൾ, പിത്തളക്കുടം വിറകുകെട്ടു്, ഗൃഹദേവത, അടുപ്പു് എന്നിങ്ങനെയുള്ള സാമാനങ്ങൾ കയററി ഒരു കുടുംബം വരുന്നതു കാണായി. പോത്തിൻെറ പുറത്തു് കൊച്ചുകൊച്ചു കുട്ടികൾ, കലം, കുടം, പൊട്ടിയ റാന്തൽവിളക്കു്, എന്തിനു് കയററുകട്ടിൽ വരെയുള്ള സാമാനങ്ങൾ, എല്ലാം കയററിക്കൊണ്ടു മറെറാരു കുടുംബം വന്നു. ചില കുടുംബക്കാർ, ഭാര്യാഭർത്താക്കന്മാർചേർന്നു് ഒരററത്തു സാമാനങ്ങളും മറേറഅററത്തു് കുഞ്ഞുങ്ങളേയും തൂക്കിയ ഭാരദണ്ഡങ്ങൾ തോളിലേററിക്കൊണ്ടു വളരെ ദൂരത്തുനിന്നും വന്നുകൊണ്ടിരുന്നു.

ഇവരുടെ കൂട്ടത്തിൽ സദാചാരികൾ, അഹങ്കാരികളായ മൈഥിലബ്രാഹ്മണർ മുതൽ ഗാങ്ങോതാ, ദോഷാദാ വരെയുള്ള ജാതിയിൽപ്പെട്ട സകല അവാന്തരവർഗ്ഗക്കാരും ഉണ്ടു്. യുഗളപ്രസാദനോടു് ഞാൻ ചോദിച്ചു: "ഇവർ എന്താ ഇതുവരെ വീടില്ലാത്തവരായിരുന്നോ? ഇത്രയും ആളുകൾ എവിടുന്നാ വരുന്നതു്?"

യുഗളപ്രസാദൻെറ മനസ്സു് അസ്വാസ്ഥ്യമായിരുന്നു. അയാൾ പറഞ്ഞു: "ഈ നാട്ടിലുള്ളവരെല്ലാം ഇത്തരക്കാരാണു്. ഇവിടെ ഭൂമി കുറഞ്ഞവിലയ്ക്കു കിട്ടുമെന്നുകേട്ടു; അതുകൊണ്ടു് ഇങ്ങനെ കൂട്ടംകൂട്ടമായി വന്നുകൂടുകയാണു്. സൗകര്യം ഉണ്ടെന്നുകണ്ടാൽ താമസിക്കും; ഇല്ലെങ്കിൽ കൂടാരവും പൊളിച്ചുകൊണ്ടു് വേറെ എങ്ങോട്ടെങ്കിലും കടക്കും."

"പൂർവ്വികന്മാരുടെ വീടിനെപ്പററി കൂറൊന്നും ഇല്ലേ ഇവർക്കു്?"

"ഒന്നുമില്ല, ബാബുജീ! ഇവരുടെ തൊഴിൽ പുതിയ ദഹീപോ വനമോ പാട്ടത്തിനുവാങ്ങി കൃഷിചെയ്യുകയാണു്.

വിളവു നന്നായിരിക്കുന്നിടത്തോളംകാലം, കരം കുറഞ്ഞിരിക്കുന്നിടത്തോളംകാലം ഒരിടത്തു താമസിക്കും.''

''അതുകഴിഞ്ഞാൽ?''

''അതുകഴിഞ്ഞാൽ ഇതുപോലെ വേറെ വല്ലടത്തും ദ്വീപോ വനമോ പാട്ടത്തിനെടുക്കും, അങ്ങോട്ടുപോകും. ഇവരുടെ തൊഴിൽ ഇതുതന്നെ.''

## അഞ്ച്

ആ ദിവസം ഗ്രാൻറുസാഹീബ് വടവൃക്ഷത്തിൻതാഴെയുള്ള ഭൂമി അളപ്പിക്കാൻപോയി. ആസരഫിടിണ്ഡെൽ ആയിരുന്നു അളവുകാരൻ. ഞാൻ കുതിരപ്പുറത്തിരുന്നു് നോക്കുകയായിരുന്നു. അപ്പോൾ കുന്താ ആ വഴിയിൽക്കൂടി പോകുന്നതായി കണ്ടു.

കുന്തായെ കണ്ടിട്ടു വളരെക്കാലമായി. ആസരഫിയോടു ഞാൻ ചോദിച്ചു: ''കുന്താ ഈയിടെയായി എവിടെയാ താമസം? അവളെ കണ്ടില്ലെ?''

ആസരഫിപറഞ്ഞു: ''അവളുടെ കഥകേട്ടില്ലേ അങ്ങുന്നു്? ഇതിനിടയ്ക്കു് കുറച്ചുകാലം അവൾ ഇവിടില്ലായിരുന്നല്ലൊ.''

''എന്താ കാര്യം?''

''രാഷബിഹാരിസിംഹൻ അവളെ അയാളുടെ വീട്ടിൽ കൊണ്ടുപോയി. അയാൾ പറഞ്ഞു: 'നീ ഞങ്ങടെ ജാതിയിൽ പെട്ട ഒരു സഹോദരൻെറ ഭാര്യ; എൻെറ ഇവിടെവന്നു താമസിച്ചോ.''

''ബേഷ്!''

''അവിടെ കുറച്ചുനാൾ താമസിച്ചശേഷം—അവളുടെ ശരീരം അങ്ങുന്നു് കണ്ടിട്ടുണ്ടല്ലൊ; ഇപ്പഴും കഷ്ടപ്പെട്ടുകയാണു്. എന്നിട്ടു് രാഷബിഹാരിസിംഹൻ എന്തൊക്കെയോ അവളോടു പറഞ്ഞു; എന്നുമാത്രമല്ല, മാനഭംഗംചെയ്യാൻപോലും അയാൾ ഒരുമ്പെട്ടു. അതുകൊണ്ടു് അവൾ അവിടന്നു് ഓടിപ്പോന്നു. ഇപ്പോൾ ഒരുമാസത്തോളമായിക്കാണും. രാഷബിഹാരി കഠാരിയെടുത്തു് അവളെ ഭയപ്പെടുത്തിയതായും കേട്ടു.

അവൾ പറഞ്ഞു: 'കൊന്നുകളയണം ബാബുജീ! എന്റെ പ്രാണൻപോയാലും പാതിവ്രത്യധർമ്മം ഞാൻ കൈവെടിയുകയില്ല.' "

"അവൾ എവിടെ താമസിക്കുന്നു?"

"ഝല്ലുഗ്രാമത്തിൽ ഒരു ഗാങ്ങോതായുടെ വീട്ടിൽ അഭയംകിട്ടി. അവരുടെ തൊഴുത്തിനടുത്തുള്ള ഒരു കൊച്ചുകുടിലിൽ പാർക്കുന്നു."

"എങ്ങനെയാ കഴിഞ്ഞുകൂടുന്നതു്? അവൾക്കു് രണ്ടുമൂന്നു മക്കളും ഉണ്ടല്ലോ."

"തെണ്ടും; വയലിൽ ഇറങ്ങി കാലാപെറുക്കും. ചോളവും ഗോതമ്പും അറുക്കും. കുന്താ വളരെ നല്ല സ്ത്രീയാണു ബാബുജീ! ബായിജീജാതി പെണ്ണാണു് ശരി, പക്ഷേ, നല്ല വീട്ടിലെ പെണ്ണിൻെറ മനസ്സും പ്രകൃതവും ആണു് അവൾക്കുള്ളതു്. അസത്തായ ഒരു പ്രവൃത്തിയും അവൾ ചെയ്യില്ല."

അളവു തീർന്നു. ബാലിയാജില്ലയിലെ ഒരു കുടിയാനവൻ ആ ഭൂമി പാട്ടത്തിനു വാങ്ങിച്ചിരിക്കുകയാണു്. ഗ്രാൻറുസാഹിബ് വടവൃക്ഷത്തിൻെറ മാഹാത്മ്യവും തകർന്നുപോയി.

മഹാലിഖാരൂപപാർവ്വതത്തിൻെറ വലിയവലിയ മരങ്ങളുടെ അഗ്രങ്ങളിൽ സൂര്യകിരണങ്ങൾ അരുണവർണ്ണമായി വന്നുവീണു. സില്ലിപ്പക്ഷികൾ കൂട്ടമായി സരസ്വതീതടാകത്തിലേയ്ക്കു പറന്നുപോയി. സന്ധ്യയാകാൻ ഇനിയും അധികംതാമസമില്ല.

ഒരുകാര്യം ഞാൻ വിചാരിച്ചു.

ഈ നിലയ്ക്കു് ഈ വിശാലമായ ലബ്ടുലിയായിലും ആ നാഢാബയിഹാരിലും അല്പംപോലും ഭൂമി ശേഷിക്കുകയില്ല. എന്നാൽ ഈ അരണ്യഭൂമിയിൽ ചിരകാലം ജീവിച്ചുപോരുന്ന, അഥവാ ഒന്നുമില്ലാത്ത ഭാഗ്യദോഷികൾക്കു് ഒരുതുണ്ടുഭൂമിപോലും കിട്ടുകയില്ലെന്നോ? ഞാൻ ഇഷ്ടപ്പെടുന്ന ആളുകൾക്കെങ്കിലും ഈ ഉപകാരം ചെയ്യുകതന്നെ വേണം.

ആസരഫിയോടു ഞാൻ പറഞ്ഞു: "ആസരഫീ, ആ കുന്തായോടു നാളെ കാലത്തെ കച്ചേരിയിൽ വരാൻ പറയാമോ? അവളെ ഒന്നു കാണേണ്ട ആവശ്യം ഉണ്ടു്."

"പറയാം; അങ്ങുന്നു പറഞ്ഞാൽ പിന്നെ—"

അടുത്തദിവസം കാലത്തു് ഒമ്പതുമണിയോടുകൂടി ആസരഫി കുന്താ‌യെ എന്റെ ആഫീസിനുമുമ്പിൽ കൊണ്ടുവന്നു.

ഞാൻ ചോദിച്ചു: "കുന്താ! എങ്ങനെയൊക്കെ ഇരിക്കുന്നു?"

കുന്താ ഇരുകൈകളുംചേർത്തു് തൊഴുതുകൊണ്ടു പറഞ്ഞു: "നമസ്കാരം ഏമാന്നേ, എനിക്കു് സുഖംതന്നെ."

"നിന്റെ കുട്ടികളോ?"

"സുഖമാണു്, ഏമാന്റെ കൃപകൊണ്ടു്."

"മൂത്തമകനു് എന്തുപ്രായമായി?"

"ഇപ്പോൾ എട്ടിലോട്ടു കടന്നു."

"കന്നിനെ തീററാറായോ?"

"ഇത്ര കൊച്ചുകുഞ്ഞിനെ കന്നിനെ തീററാനയയ്ക്കുന്നതു് ആരാ ഏമാന്നേ?" പരമാർത്ഥത്തിൽ കുന്താ ഇപ്പോൾ കാഴ്ചയിൽ നന്നായിരിക്കുന്നു. പക്ഷേ, അവളുടെ മുഖത്തു് നിരാലംബമായ ജീവിതത്തിന്റെ ദുഃഖം നിഴലിച്ചുകാണാനുണ്ടു്; അതുപോലെതന്നെ ധൈര്യത്തിന്റെയും പരിശുദ്ധിയുടെയും അസുലഭമായ വിജയമുദ്രയും.

ഇതു് ആ കാശിയിലെ വേശ്യയുടെ മകൾ, പ്രേമവിഫലയായ കുന്താ!...പ്രേമം ഉജ്ജ്വലിക്കുന്നതായ ആ കൈത്തിരി ഈ ദുഃഖസന്തപ്തയായ രമണിയുടെ കൈയിൽ ഇപ്പോഴും ആളിക്കത്തുന്നുണ്ടു്. അതുകൊണ്ടുതന്നെയാണു് ഇവൾക്കു് ഇത്ര ദുഃഖവും, ദീനഭാവവും, ഇത്ര നീചമായ അപമാനവും വന്നുകൂടിയതു്. പ്രേമത്തിന്റെ അഭിമാനം കാത്തുസംരക്ഷിച്ചിട്ടുള്ളവളാണു് കുന്താ.

ഞാൻ ചോദിച്ചു: "കുന്താ, നിനക്കു ഭൂമിവേണോ?"

കുന്താ ഞാൻ ചോദിച്ചതു് ശരിക്കു കേട്ടില്ലയോ എന്തോ, അവൾക്കു് അതു മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നു തോന്നുന്നു. അവൾ വിസ്മയത്തോടെ ചോദിച്ചു: "ഭൂമിയോ ഏമാന്നേ?"

"അതെ,ഭൂമി!പുത്തനായിട്ടു പാട്ടത്തിനുകൊടുക്കുന്ന ഭൂമി."

കുന്താ എന്തോ കുറച്ചു് ആലോചിച്ചിട്ടു പറഞ്ഞു: "മുമ്പു് ഞങ്ങടേതായിത്തന്നെ എത്ര കൃഷിഭൂമി ഉണ്ടായിരുന്നു. ആദ്യം ആദ്യം ഞാൻ വന്നു കണ്ടിട്ടുള്ളതാണു്. പിന്നീടു് എല്ലാം

ഓരോന്നായി അഞ്ചുപോയി. ഇപ്പോൾ പിന്നെ എന്തോകൊട്ട ത്താ ഭൂമി വാങ്ങിക്കുന്നതു് ഏമാന്നേ?''

''അതെന്താ, ജന്മിക്കാഴ്ചകൊട്ടക്കാൻ വയ്യായോ?''

''എവിടന്നാ തരുന്നതു്? രാത്രികാലത്തു് വയലിൽ പോ യി കാലാപെറുക്കും; അവമാനംഭയന്നു് പകൽ ആരും പോകു കയില്ല. കൊച്ചുകുട്ടയ്ക്കു് ഒന്നൊന്നരക്കട്ട ചോളം കിട്ടും; അതു് വറുത്തുപൊടിച്ചു് കുഞ്ഞുങ്ങൾക്കു കൊട്ടക്കും; എനിക്കു് എന്നും തിന്നാൻ മതിയാകുകയില്ല.''

കുന്താ പറഞ്ഞുകഴിഞ്ഞു് മുഖംകുനിച്ചുനിന്നു. രണ്ടുകണ്ണും നിറഞ്ഞുകവിഞ്ഞു് കണ്ണുനീർ ഒഴുകി.

ആസരഫി അവിടെനിന്നും മാറിക്കളഞ്ഞു. അവൻെറ ഹൃദയം മൃദുവാണു്. അന്യദുഃഖം പൊറുക്കാൻ അവനു കഴി വില്ല.

ഞാൻ ചോദിച്ചു: ''ആട്ടെ, കുന്താ, ജന്മിക്കാഴ്ച ഒഴി വാക്കിത്തന്നാലോ?''

കുന്താ കണ്ണീർനിറഞ്ഞ വിസ്മിതമായ കണ്ണുകൾ ഉയർത്തി എന്നെ നോക്കിക്കൊണ്ടു് അവിടെ നിന്നു.

ആസരഫി പെട്ടെന്നു് അടുത്തുവന്നു് കുന്തായുടെനേരെ കൈചൂണ്ടിക്കൊണ്ടു് അവളോട്ടു പറഞ്ഞു: ''ഏമാൻ നിനക്കി ങ്ങനെ ഭൂമിതരുമെടീ! ഇങ്ങനെ ഭൂമിതരുമെടീ! മനസ്സിലായി ല്ലേ, ദായിജീ?''

ആസരഫിയോട്ടു് ഞാൻ ചോദിച്ചു: ''അവൾക്കു് ഭൂമി കൊട്ടത്താൽ അവൾ എങ്ങനെ കൃഷിചെയ്യും, ആസരഫീ?''

ആസരഫി പറഞ്ഞു: ''അതത്ര പ്രയാസമൊന്നും ഉള്ള കായ്യമല്ല, ഏമാന്നേ! അവൾക്കു് ഒന്നോ രണ്ടോ കലപ്പ ദയവു ചെയ്തു് എല്ലാവരുംതന്നെ വെറുതേകൊട്ടക്കും. ഇത്രയും ഗാ ങ്ങോതാപ്രജകളുണ്ടല്ലോ; ഓരോരുത്തരായി ഒന്നു നിലം ഉഴ തുകൊട്ടത്താൽ അവളുടെ ഭൂമിയിലെ കൃഷി അങ്ങു നടന്നുപോ കും. ഞാൻ ആ ചുമതല ഏറെറടുത്തോളാം, ഏമാന്നേ!''

''ആട്ടെ, അവൾക്കു് എത്ര ഭൂമി കൊട്ടത്താൽ മതിയാകും ആസരഫീ!

ആസരഫിപറഞ്ഞു: ''ഏമാൻ ദയവുചെയ്തു കൊട്ടക്കാൻ നിശ്ചയിച്ചപ്പോൾ ഒരു പത്തുബിഘാ കൊട്ടത്താട്ടെ.''

കുന്താായോട്ട ഞാൻ ചോദിച്ചു: "കുന്താ, എന്താ? നിനക്കു് പത്തുബിഘാ ഭൂമി ജന്മിക്കാഴ്ച ഒഴിവാക്കിത്തന്നാൽ, നിനക്കു് നേരാംവണ്ണം കൃഷിചെയ്തു് വിളവെടുത്തു് കച്ചേരിയിൽ കരം അടയ്ക്കാമോ? ആദ്യത്തെ രണ്ടു വഷത്തേയ്ക്കുള്ള കരം ഇളച്ചുതന്നിരിക്കുന്നു. മൂന്നാമത്തെവർഷംമുതൽ കരം അടയ്ക്കണം. എന്താ?"

കുറച്ചു് അമ്പരന്നിട്ടെന്നവണ്ണം അവൾ പറഞ്ഞു: "ഭൂമി! പത്തുബിഘാ ഭൂമി!"

ആസരഫി എനിക്കുവേണ്ടി പറഞ്ഞു: "അതെ, ഏമാനൻ നിനക്കു് തന്നിരിക്കുന്നു. കരം ഈ രണ്ടുവർഷത്തേയ്ക്കു് ഇളച്ചിരിക്കുന്നു. മൂന്നാമത്തെ വർഷംമുതൽ കരംകൊടുക്കണം. എന്താ സമ്മതിച്ചോ?"

കുന്താ നാണിച്ച മുഖഭാവത്തോടെ എൻെറനേരെ നോക്കീട്ടു പറഞ്ഞു: "ഏമാന്നേ! അവിടത്തെ കാരുണ്യം." എന്നിട്ടു് വികാരപാരവശ്യംകൊണ്ടെന്നവണ്ണം അവൾ പൊട്ടിക്കരഞ്ഞുപോയി.

എൻെറ ഇംഗിതം അനുസരിച്ചു് ആസരഫി അവളെ വിളിച്ചുകൊണ്ടുപോയി.

# പരിച്ഛേദം പതിനേഴ്

**ഒന്നു്**

സന്ധ്യയ്ക്കുശേഷം ലബ്ടൂലിയായിലെ ഗ്രാമങ്ങൾ കാണാൻ വളരെ ഭംഗിയായിരിക്കുന്നു. മൂടൽമഞ്ഞുള്ളതുകൊണ്ടു് നിലാവു് അല്പം മങ്ങീട്ടുണ്ടു്. കൃഷിത്തോട്ടങ്ങൾ മൈതാനപ്രദേശത്തു് വളരെദൂരം വ്യാപിച്ചുകിടക്കുന്നു. ദൂരെദൂരെയായി നാലഞ്ചുവിളക്കുകൾ അങ്ങുമിങ്ങുമുള്ള ഗ്രാമങ്ങളിൽ കത്തുന്നുണ്ടു്. എത്ര ആളുകളാണു് എത്ര കുടുംബങ്ങളാണു് ഞങ്ങളുടെ എസ്റ്റേററിൽ വന്നു് വനംവെട്ടിത്തെളിച്ചു്, ഗ്രാമങ്ങൾ സ്ഥാപിച്ചു്, കൃഷി ആരംഭിച്ചിട്ടുള്ളതു്. എനിക്കു് എല്ലാ ഗ്രാമങ്ങളുടെയും പേരു് അറിഞ്ഞുകൂടാ; ഒന്നും ആയിട്ടും പരിചയവും ഇല്ല. മൂടൽമഞ്ഞിൽ മങ്ങിയ നിലാവെളിച്ചത്തിൽ അവിടെയും ഇവിടെയും ദൂരെയും അടുത്തും ചിതറിക്കിടക്കുന്ന ഗ്രാമങ്ങൾ അവ്യക്തമായി കാണപ്പെടുന്നു. ഈ ഗ്രാമങ്ങളിലെല്ലാം താമസിക്കുന്ന ആളുകളുടെ ജീവിതവും, എന്നെ സംബന്ധിച്ചിടത്തോളം, മൂടൽമഞ്ഞിൽമുങ്ങിയ ശുക്ലപക്ഷരാത്രിപോലെ നിഗൂഢതയാൽ ആവൃതമായിരിക്കുന്നു. ഇവരിൽ ചിലരുമായി ഞാൻ പരിചയപ്പെട്ടുനോക്കീട്ടുണ്ടു്. ഇവരുടെ ജീവിതവീക്ഷണഗതിയും, ഇവരുടെ ജീവിതയാത്രാസരണിയും എനിക്കു് അത്ഭുതകരമായി തോന്നി.

ഇവരുടെ ഭക്ഷണസമ്പ്രദായം എടുക്കാം ആദ്യം. ഞങ്ങളുടെ സ്റ്റേററിൽ ആണ്ടുതോറും മൂന്നുജാതി ധാന്യങ്ങൾ വിളയുന്നുണ്ടു്. ചിങ്ങത്തിൽ ചോളം, ധനുമാസത്തിൽ ഉഴുന്നു തുടങ്ങിയ പയറുവർഗ്ഗങ്ങൾ, മേടമാസത്തിൽ ഗോതമ്പു്. ചോളക്കൃഷി വളരെ കുറവാണു്. കാരണം, ഇതിനുപററിയതല്ല ഇവിടത്തെ നിലം. പയറുവർഗ്ഗങ്ങളും ഗോതമ്പും വേണ്ടുവോളം ഉണ്ടാകുന്നുണ്ടു്. പയറുവർഗ്ഗമാണധികം, ഗോതമ്പു്

അതിൽ പകുതി. അതുകൊണ്ടു് ആളുകളുടെ പ്രധാനാഹാരം പയറു വറുത്തതാണു്.

നെല്ലു് ഒട്ടുംതന്നെ ഉണ്ടാകുന്നില്ല. താണഭൂമിയാണതിനു വേണ്ടതു്. ഈ പ്രദേശം അങ്ങനെയുള്ളതല്ല. എന്നുമാത്രമല്ല, കരാരീഭൂമിയിലോ സക്കാർഎസ്റ്റേററിലോ നെല്ലുകൃഷി ചെയ്യുന്നില്ല. നെല്ലരിച്ചോറു് അതുകൊണ്ടു്, ഇവിടത്തെ ആളുകൾക്കു വല്ലപ്പോഴുംമാത്രമേ കഴിക്കാൻ കിട്ടുകയുള്ളു. വളരെ പ്രിയമായ ഒരു കാമ്യവസ്തുവോ സുഖഭോഗവിഭവമോ ആണിവിടെ, ചോറു്. സുഖലോലുപരായ മൂന്നാലുപേർ ഗോതമ്പോ ചോളമോ വിറ്റിട്ടു് നെല്ലു വാങ്ങിച്ചുകൊണ്ടുവരും, ശരിതന്നെ; പക്ഷേ, അവരുടെ എണ്ണം വിരലിൽ എണ്ണാവുന്നിടത്തോളം മാത്രമേ ഉള്ളു.

ഇനിയും ഇവരുടെ വാസഗൃഹം. ഇവർ ഞങ്ങളുടെ എസ്റ്റേററിലെ പതിനായിരംബിഘാ ഭൂമിയിൽ അസംഖ്യം ഗ്രാമങ്ങൾ ഉണ്ടാക്കി പാക്കുകയാണു്—കാട്ടിലെ കാശപ്പുല്ലുകൊണ്ടു മേല്പുരകെട്ടി അതിന്റെ തണ്ടുകൊണ്ടു ചെററകെട്ടി മറച്ചാണു് വീടുകളെല്ലാം ഉണ്ടാക്കീട്ടുള്ളതു്. ചിലരെല്ലാം ചെററകളിൽ മണ്ണു തേച്ചുപിടിപ്പിച്ചിരിക്കും; ചിലരാരും അങ്ങനെ ചെയ്യുകയില്ല. ഈ നാട്ടിൽ മുള തീരെയില്ല. ചില കാട്ടുമരങ്ങളുടെ—വിശേഷിച്ചു് കേന്ദു്, പിയാല എന്നിവയുടെ—കൊമ്പു വെട്ടിയാണു് തൂണും കഴക്കോലും തുലാങ്ങളും മറ്റും ഉണ്ടാക്കുന്നതു്.

മതത്തിൻെറ കാര്യം പറഞ്ഞിട്ടു് ഒരു പ്രയോജനവും ഇല്ല. ഇവർ ഹിന്ദുക്കളാണെങ്കിലും മുപ്പത്തുമുക്കോടി ദേവന്മാരിൽനിന്നും ഹനുമാനെ മാത്രമേ ഇവർ തിരഞ്ഞെടുത്തിട്ടുള്ളു. എന്തുകൊണ്ടാണെന്നു് അറിഞ്ഞുകൂടാ. ഓരോ ഗ്രാമത്തിലും ഓരോ ഉയരംകൂടിയ ഹനുമദ്ധ്വജം ഉണ്ടായിരിക്കും. ഈ ധ്വജത്തെ ഇവർ ആചാരപൂർവ്വം പൂജിക്കും; ധ്വജത്തിൽ സിന്ദൂരം പൂശും. സീതാരാമന്മാരുടെ കാര്യം ചിലടത്തു കേൾക്കാം. സീതാരാമഭക്തന്മാരുടെ പ്രാധാന്യം ഇവരുടെ ദേവതത്തെ കുറച്ചു കൂടുതലായി മറച്ചുവച്ചിരിക്കുകയാണു്. വിഷ്ണു, ശിവൻ, ദുർഗ്ഗ, കാളി തുടങ്ങിയ ദേവന്മാരേയും ദേവികളേയും പൂജിക്കുന്ന പതിവു് ഇവിടെ അത്രതന്നെ ഇല്ല. തീരെ ഇല്ലെന്നുപറയാമോ എന്നു സംശയം. ഏതായാലും ഞങ്ങളുടെ എസ്റ്റേററിലെങ്ങും ഞാൻ കണ്ടിട്ടില്ല.

ഞാൻ മറന്നുപോയി; ഒരു ശിവഭക്തനെ ഞാൻ കണ്ടിട്ടുണ്ട്. അയാളുടെ പേരു് ദ്രോണമാഹാതോ; ജാതിയിൽ ഗാങ്ങോതാ. പത്തുപന്ത്രണ്ടുവർഷമായി ആരോ ഒരാൾ എവിടെ നിന്നോ കൊണ്ടുവന്നു് ഒരു കല്ലു് കച്ചേരിയിലെ ഹനുമദ്ധ്വജത്തിൻെറ കീഴിൽവച്ചിട്ടുണ്ടു്. ശിപായിമാർ ചിലപ്പോഴെല്ലാം ആ കല്ലിൽ സിന്ദൂരംപൂശും, ഒരുകുടം വെള്ളവും ചിലരെല്ലാം ഒഴിക്കും. എന്നാൽ ആ കല്ലു് മിക്കവാറും അനാദരിക്കപ്പെട്ട അവസ്ഥയിൽത്തന്നെ കിടക്കുകയാണു്.

കച്ചേരിയിൽനിന്നു് കുറച്ചു ദൂരെ ഒരു പുതിയഗ്രാമം ഉയൎന്നുവന്നിട്ടു് ഇന്നു രണ്ടുമാസമായി. ദ്രോണമാഹാതോ അവിടെവന്നു് ഒരു പുരകെട്ടി താമസം തുടങ്ങിയിരിക്കുകയാണു്. ദ്രോണക്കു് വയസ്സു് എഴുപതു കഴിഞ്ഞിരിക്കണം, അതിൽ കുറയുകയില്ല. പഴയ ആളായതുകൊണ്ടാണു് അയാൾക്കു് ദ്രോണൻ എന്നു പേരുവന്നതു്. ആധുനികകാലത്തെ കുട്ടികൾക്കാണെങ്കിൽ, ഡോമൻ, ലോധായി, മഹാരാജ എന്നിങ്ങനെയുള്ള പേരുകളായിരിക്കുമല്ലോ. ഇങ്ങനെയുള്ള രസികൻപേരുകൾ ഇടാൻ അന്നത്തെ മാതാപിതാക്കന്മാർ ലജ്ജിക്കുമായിരുന്നു.

എന്തെങ്കിലും ആകട്ടെ, വൃദ്ധദ്രോണൻ ഒരിക്കൽ കച്ചേരിയിൽ വന്നപ്പോൾ ഹനുമദ്ധ്വജത്തിൻെറ കീഴിലെ കല്ലുകാണാൻ ഇടയായി; അതിൽപ്പിന്നീടു് ആ വൃദ്ധൻ എന്നും കൽബലിയാനദിയിൽ പ്രാതസ്സ്നാനം ചെയ്തിട്ടു് ഒരുകുടം വെള്ളം കൊണ്ടുവരും, എന്നിട്ടു് ധ്യാനിച്ചുകൊണ്ടു് കല്ലിൽ വെള്ളം ഒഴിക്കും, പിന്നീടു് പരമഭക്തിപൂൎവ്വം ഏഴപ്രാവശ്യം കല്ലിനു് പ്രദക്ഷിണം വയ്ക്കും, ഒടുവിൽ സാഷ്ടാംഗപ്രണാമം ചെയ്തിട്ടു് വീട്ടിലേയ്ക്കുപോകും.

ദ്രോണരോടു ഞാൻ പറഞ്ഞു: “കൽബലിയാനദി രണ്ടു നാഴിക ദൂരെയാണല്ലോ; എന്നും അവിടെ പോകണ്ടേ? അതിനെക്കാൾ നല്ലതു് വല്ല കൊച്ചുകുളത്തിൽനിന്നും വെള്ളം കൊണ്ടുവരുന്നതല്ലേ?”

ദ്രോണൻ പറഞ്ഞു: “മഹാദേവൻ നദിയിലെ വെള്ളം കൊണ്ടേ പ്രസാദിക്കുകയുള്ളൂ, ബാബുജീ! മഹാദേവനെ ദിവസവും അഭിഷേകംചെയ്യാൻ സാധിച്ചതിനാൽ എൻെറ ജന്മം സഫലമായിരിക്കുന്നു.”

ഭക്തനും ഭഗവാനെ സൃഷ്ടിക്കുന്നു. ദ്രോണമാഹാത്മ്യോയുടെ ശിവപൂജാകാര്യ്വം പറഞ്ഞുകേട്ടുകേട്ട് പലഗ്രാമങ്ങളിലും പരന്നു. അതോട്ടുകൂടി, ചിലപ്പോഴെല്ലാം ശിവഭക്തരായ നാലഞ്ചു സ്ത്രീപുരുഷന്മാർ കച്ചേരിയിൽ വന്നുപൊയ്ക്കൊണ്ടിരിക്കുന്നതായും ഞാൻ കണ്ടു. ഈ പ്രദേശത്തെ കാട്ടിൽ ഒരുജാതി പുല്ല് ഉണ്ടാകുന്നുണ്ട്. അതിൻെറ ഇലയോ തണ്ടോ കൈയിലെടുത്തു മണപ്പിച്ചാൽ വളരെ നല്ലമണമാണ്. പുല്ല് ഉണങ്ങുന്തോറും സുഗന്ധം കൂടിവരും. ആരോ ഒരുവൻ ആ പുല്ല കൊണ്ടുവന്നു ശിവഭഗവാൻെറ ചുററും നട്ടു. ഒരുദിവസം മട്ടുകനാഥപണ്ഡിതൻ വന്നിട്ടു പറഞ്ഞു: "ഗാങ്ങോതാക്കാരനായ ഒരുവൻ കച്ചേരിയിലെ ശിവനു് അഭിഷേകം നടത്തുന്നതു് ശരിയാണോ ബാബുജീ!"

ഞാൻ പറഞ്ഞു: "പണ്ഡിതജീ! ആ ഗാങ്ങോതാതന്നെയാണല്ലോ ആ ഭഗവാനു് ഇത്രവളരെ ആരാധകന്മാരെ ഉണ്ടാക്കിയതു്, എനിക്കറിയാൻ കഴിഞ്ഞിടത്തോളം. എന്താ, നിങ്ങളും ഇവിടെ ഉണ്ടായിരുന്നുവല്ലോ. ഒരുകുടം വെള്ളം ഒരു ദിവസം എങ്കിലും നിങ്ങൾ ഒന്നൊഴിക്കുന്നതു് ഞാൻ കണ്ടിട്ടില്ല."

കോപാന്ധനായി മട്ടുകനാഥൻ പറഞ്ഞു: "അതു് ശിവനും മററും ഒന്നുമല്ല, ബാബുജീ! പ്രതിഷ്ഠ കഴിയാത്ത ഭഗവാൻ പൂജയ്ക്കു് അർഹനാവുമോ? അതു് വെറും ഒരു പാറക്കഷണം മാത്രമാണു്."

"എന്നാൽ പിന്നെ നിങ്ങളെന്തിനാ ചോദിച്ചതു്? പാറപ്പുറത്തു് വെള്ളംഒഴിക്കുന്നതിൽ നിങ്ങൾക്കെന്താ ഇത്ര വിരോധം?" അന്നുമുതൽ ദ്രോണമാഹാതോ കച്ചേരിയിലെ ശിവലിംഗത്തിൻെറ അംഗീകൃതപൂജാരിയായിത്തീൎന്നു.

തുലാമാസത്തിലെ ഛരട്പർവ്വം ഈ ദേശത്തെ ഒരു മഹോത്സവമാണു്. പല ഗ്രാമങ്ങളിൽനിന്നും സ്ത്രീകൾ മഞ്ഞസ്സാരിയും ഉടുത്തു് കൂട്ടമായിവന്നു് പാട്ടുംപാടിക്കൊണ്ടു് കൽബലിയാനദിയിൽ ചാടിനീന്തും. പകൽമുഴവൻ ഉത്സവാഘോഷങ്ങളുടെ ബഹളമാണു്. സന്ധ്യയ്ക്കു് ഗ്രാമങ്ങളുടെ അട്ടുത്തുകൂടി കടന്നുപോകുമ്പോൾ ആഘോഷത്തിനുണ്ടാകുന്ന അപ്പത്തിന്റെ മണം ആസ്വാദിക്കാം. രാത്രി വളരെ ഇരുട്ടുന്നതുവരെ കൊച്ചുകുട്ടി

കളുടെ പൊട്ടിച്ചിരിയും സ്ത്രീകളുടെ പാട്ടും—നീലക്കലമാൻകൂട്ടം വെരുണ്ടോടുന്നതും ഹൈനാ ചിരിക്കുന്നതും കടുവാ ചുമക്കുന്നതും (അനുഭവജ്ഞാനമുള്ളവക്കറിയാം കടുവാ മനുഷ്യൻ ചുമക്കുന്നതുപോലെ തന്നെ ഒരുതരം ശബ്ദം ഉണ്ടാക്കുമെന്നു്) കേൾക്കാമായിരുന്ന അതേ സ്ഥാനത്തു്—കേൾക്കാം. അവിടം ഇന്നു് കളഹാസങ്ങളാൽ മുഖരിതവും സംഗീതസമ്പൂർണ്ണവും ആയ ഉത്സവാഘോഷംകൊണ്ടു് പ്രശോഭിക്കുന്ന ഒരു വിസ്തൃതമായ ജനപദമായി രൂപാന്തരം പ്രാപിച്ചിരിക്കുകയാണു്.

ആ ഉത്സവസന്ധ്യയ്ക്കു് ഝല്ലൂഗ്രാമത്തിൽ ക്ഷണം അനുസരിച്ചു് ഞാൻ പോയി. ഈ ഒരു ഗ്രാമത്തിൽനിന്നുമാത്രമല്ല, പതിനഞ്ചു ഗ്രാമങ്ങളിൽനിന്നും കച്ചേരിയിലുള്ളവക്കെല്ലാം ക്ഷണം കിട്ടിയിട്ടുണ്ടു്.

ഝല്ലൂഗ്രാമത്തിൽ ഝല്ലൂ മാഹാതോയുടെ വീട്ടിലാണു് ഞങ്ങൾ ആദ്യം ചെന്നതു്.

ഝല്ലൂമാഹാതോയുടെ വീടിൻെറ ഒരുവശത്തു് ഇപ്പോഴും കുറച്ചെല്ലാം കാടുണ്ടു്. ഝല്ലൂ തൻെറ മുററത്തു് ഒരു ചെറിയ മേൽക്കട്ടി തൂക്കിയിരിക്കുന്നു. അതിൻെറ കീഴിലാണു് ഞങ്ങളെ ആദരപൂർവ്വം സൽക്കരിച്ചിരുത്തിയതു്. ഗ്രാമത്തിലെ സകല ആളുകളും വെള്ളദോത്തിയും ഉടുപ്പുംധരിച്ചു് അവിടെ പുല്പായിൽ ഇരിക്കുന്നുണ്ടു്. ഞാൻ പറഞ്ഞു: "ഭക്ഷണംകഴിക്കാൻ നിർബ്ബന്ധിക്കരുതു്. കാരണം, ഇനിയും പല സ്ഥലങ്ങളിലും പോകാനുണ്ടു്."

"അല്പം മധുരപലഹാരം കഴിച്ചേ മതിയാകൂ. ഇല്ലെങ്കിൽ സ്ത്രീകൾ വളരെ നിരാശപ്പെട്ടുപോകും. അവിടന്നു വരുമെന്നു വിചാരിച്ചു് അവർ വളരെ ഉത്സാഹമായി അപ്പം തയാറാക്കീട്ടുണ്ടു്."

ഗത്യന്തരം ഇല്ലാതെയായി. ഗോഷ്ഠബാബു ക്ലാക്കും, ഞാനും, രാജുപാണ്ഡേയും ഭക്ഷണംകഴിക്കാൻ ഇരുന്നു. ശാലപത്രത്തിൽ, ആട്ടമാവും ശക്കരയും ചേത്തുണ്ടാക്കിയ കുറെ പലഹാരം കൊണ്ടുവന്നുവച്ചു. ഓരോ അപ്പവും ഒരിഞ്ചു കനമുള്ള പരുക്കൻ ഇഷ്ടികപോലെ കട്ടിയുള്ളതാണു്. ഒരെണ്ണം എടുത്തൊന്നെറിഞ്ഞാൽ, അതുകൊണ്ടു് ഒരുവൻ മരിച്ചുപോയില്ലെങ്കിലും, അതിനുതക്ക പരുക്കു് അവനു് ഏൽക്കാതിരിക്ക

യില്ല. എന്നാലും, വള്ളികളുടേയും ഇലകളുടേയും രൂപം പതിയത്തക്കവണ്ണം 'ചന്ദ്രപുളി'[1] എന്ന മധുരപലഹാരംപോലെതന്നെ അച്ചിൽവച്ചാണ് അതു വാർത്തെടുക്കുന്നതു്. പിന്നെ നെയ്യിൽ വേവിച്ചെടുക്കും.

ഇത്ര കാര്യമായി സ്ത്രീകളുടെ കൈകൊണ്ടു് ഉണ്ടാക്കീട്ടുള്ള നെയ്യപ്പം വേണ്ടവണ്ണം കഴിക്കാൻ എനിക്കു കഴിഞ്ഞില്ല. ഒരെണ്ണത്തിൻെറ പകുതി വളരെ പ്രയാസപ്പെട്ടു് തിന്നെന്നുവരുത്തി. മധുരം ഇല്ല; ഒരു സ്വാദും ഇല്ല. ഗാങ്ഗോതാസ്ത്രീകൾക്കു പലഹാരം ഉണ്ടാക്കാൻ അറിഞ്ഞുകൂടെന്നു് ഞാൻ മനസ്സിലാക്കി. എന്നാൽ രാജുപാണ്ഡേ ഒരു നാലഞ്ചെണ്ണം ഞങ്ങളെ നോക്കിക്കൊണ്ടു് അങ്ങു് അകത്താക്കി. പക്ഷേ, ഞങ്ങളുടെ മുമ്പിൽവച്ചു്, ലജ്ജകൊണ്ടാണെന്നു തോന്നുന്നു, കൂടുതൽ ചോദിച്ചുവാങ്ങാൻ അയാൾക്കു കഴിഞ്ഞില്ല.

ഝല്ലുഗ്രാമത്തിൽനിന്നും ലോധായിഗ്രാമത്തിലേയ്ക്കു പോയി. അതുകഴിഞ്ഞു് പർവ്വതഗ്രാമം, ഭീമദാസ്ഗ്രാമം, ആസരഫിഗ്രാമം; ഓരോ സ്ഥലത്തും നൃത്തഗാനങ്ങളും വിനോദങ്ങളും വാദ്യഘോഷങ്ങളും ഉണ്ടു്. ഇന്നു രാത്രിമുഴവൻ ഇവരാരും ഉറങ്ങുകയില്ല. ഈ വീട്ടിലും ആ വീട്ടിലും ആഹാരവുംകഴിച്ചു് ആടിയും പാടിയും സമയംപോക്കും.

ഒരു കാര്യത്തിൽ ഞങ്ങൾക്കു് വളരെ സന്തോഷം ഉണ്ടായി. എല്ലാ ഗ്രാമങ്ങളിലും സ്ത്രീകൾ ഞങ്ങൾക്കുവേണ്ടി വളരെ ആദരപൂർവ്വം ആഹാരം തയാറാക്കിയിരുന്നു. മാനേജർ ബാബു ക്ഷണം അനുസരിച്ചു് വരുമെന്നുകേട്ടു് അവർ വളരെ ഉത്സാഹത്തോടും ആദരവോടുംകൂടി അവരുടെ പരമമായ പാചകകലാപാടവം പ്രദർശിപ്പിച്ചുകൊണ്ടു് പലഹാരം തയാറാക്കിയിരുന്നു. സ്ത്രീകളുടെ സൗഹൃദപ്രകടനത്തിൽ ഞങ്ങൾ അത്യന്തം കൃതജ്ഞരായിരുന്നെങ്കിലും അവരുടെ പാചകകലാനൈപുണ്യത്തെ ഞങ്ങൾക്കു് പ്രശംസിക്കാൻ കഴിഞ്ഞില്ല. അതിൽ എനിക്കു വളരെ സങ്കടംതോന്നി. ഝല്ലുഗ്രാമത്തിലെ അപ്പത്തേക്കാൾ വളരെ മോശമായതും ചില സ്ഥലങ്ങളിൽ ഞങ്ങൾ കണ്ടു.

---

1 ചന്ദ്രപുളി—നാളികേരംകൊണ്ടു് അർദ്ധചന്ദ്രാകൃതിയിൽ ഉണ്ടാക്കുന്ന ഒരു മധുരപലഹാരം.

എല്ലാസ്ഥലത്തും നിറപ്പകിട്ടുള്ള സാരികൾ ധരിച്ച സ്ത്രീകൾ, ഭക്ഷണാകഴിച്ചുകൊണ്ടിരുന്ന ബംഗാളിബാബുമാരെ, കൗതുകത്തോടെ ഒളിച്ചുനോക്കിക്കൊണ്ടു നിൽക്കുന്നതു ഞാൻ കണ്ടു. രാജുപാണ്ഡേ ആരെയും നിരാശപ്പെടുത്തിയില്ല. അയാൾ അകത്താക്കിക്കൊണ്ടിരുന്ന അപ്പത്തിന്റെ എണ്ണം സീമ അതിലംഘിച്ച് ക്രമത്തിൽ അനന്തതയിലേക്ക് കടക്കാൻ തുടങ്ങിയതു കണ്ടിട്ട് ഞാൻ എണ്ണൽ നിറുത്തി!

രാജുമാത്രം അല്ല; ക്ഷണിക്കപ്പെട്ടിരുന്ന ഗാങ്ങോതാക്കളിൽ ഓരോരുത്തനും ഇഷ്ടികപോലെ കട്ടത്ത അപ്പം ഇരുപതും ഇരുപത്തഞ്ചും അകത്താക്കി. കണ്ണുകൊണ്ട് കണ്ടില്ലെങ്കിൽ ആ പലഹാരം അത്രത്തോളം തിന്നാൻ സാധിക്കുമെന്ന് ആർക്കും വിശ്വാസം വരില്ല.

നാഡാബയിഹാറിൽ ചരനിയാ—സുരതിയായുടെ വീട്ടിലും പോയി. സുരതിയാ എന്നെ കണ്ടിട്ട് ഓടിവന്നു.

"ബാബുജീ! ഇത്ര രാത്രിയായിപ്പോയതെന്താ? ഞാനും അമ്മയുംകൂടി ഇരുന്ന് അവിടത്തേയ്ക്കുവേണ്ടി പ്രത്യേകം പ്രത്യേകം അപ്പം ഉണ്ടാക്കി. ഞങ്ങൾ ഇങ്ങനെ വായുംപൊളിച്ചുകൊണ്ടിരിക്കയായിരുന്നു ഇത്ര താമസിക്കുന്നതു് എന്താണെന്നു വിചാരിച്ചുംകൊണ്ടു്. വരൂ! വരൂ!"

നക്ഛേദിസകലരേയും ആദരപൂർവ്വം സ്വീകരിച്ചിരുത്തി.

തുളസി വളരെ ബഹുമാനത്തോടുകൂടി ഞങ്ങൾക്കു് ഭക്ഷണംകഴിക്കാൻ ഇരിപ്പിടം ഒരുക്കുന്നതുകണ്ടു് ഞാൻ ഉള്ളുകൊണ്ടു് ചിരിച്ചു. ഇവക്കു് ഇവിടെ ആഹാരത്തിനുള്ള വക ഇനിയും ഉണ്ടോ?

സുരതിയായോടു ഞാൻ പറഞ്ഞു: "നിന്റെ അമ്മയോടു പറ, ഈ അപ്പം അങ്ങെടുത്തോണ്ടുപോകാൻ. ഇത്രയും ആരു തിന്നും?"

സുരതിയാ വിസ്മയിച്ചുംകൊണ്ടു് എന്നോടു പറഞ്ഞു: "അതെന്താ ബാബുജീ! ഞാനും ചരനിയായുംതന്നെ പതിനഞ്ചുപതിനാറെണ്ണം തിന്നിട്ടുണ്ടല്ലോ. ഇത്രയും അപ്പംതിന്നാൻ വയ്യായോ? തിന്നാട്ടെ. അവിടത്തേയ്ക്കു് തിന്നാനായതുകൊണ്ടു് അമ്മ അതിനകത്തു് കിസ്മിസ് വച്ചിട്ടുണ്ടു്. നല്ല ആട്ടമാവു് അച്ഛൻ ഭീമദാസ് ഗ്രാമത്തിൽനിന്നും—"

ഞാൻ തിന്നുകയില്ലെന്നു പറഞ്ഞതു് ശരിയായില്ല. ആണ്ടിൽ ഒരിക്കലെങ്കിലും ഈ കുട്ടികൾക്കു് ഈ പലഹാരങ്ങളെല്ലാം തിന്നാൻ കിട്ടുകയില്ല. ഇവർ എത്ര ബുദ്ധിമുട്ടി എത്തു് ആശയോടുകൂടി ഉണ്ടാക്കിയ സാധനം! കുട്ടികളെ തൃപ്തിപ്പെടുത്താൻവേണ്ടി മനസ്സില്ലാമനസ്സോടെ രണ്ടപ്പം തിന്നെന്നു വരുത്തി.

സുരതിയായെ സന്തോഷിപ്പിക്കാൻവേണ്ടി ഞാൻ പറഞ്ഞു: "രസികൻ അപ്പം! പക്ഷേ, എല്ലാ സ്ഥലത്തുനിന്നും കുറേശ്ശ കഴിക്കേണ്ടതായി വന്നതുകൊണ്ടു് തിന്നാൻവയ്യാതെ വന്നു സുരതിയാ. ഇനിയും ഒരുദിവസം വന്നു തിന്നോളാം."

രാജുപാണ്ഡേയുടെ കൈയിൽ ഒരു കൊച്ചു പൊതി. ഓരോ വീട്ടിൽനിന്നും പെറുക്കി കെട്ടിയതാണു്. ഒരു അപ്പത്തിൻെറ തൂക്കം എത്രയായിരിക്കുമെന്നു് ഊഹിക്കുന്നപക്ഷം രാജുവിൻെറ പൊതി പത്തുപന്ത്രണ്ടു സേറിൽ ഒരുതരത്തിലും കുറയാൻ വകയില്ല.

രാജുവിനു വളരെ സന്തോഷമായി. അയാൾ പറഞ്ഞു: "ഈ അപ്പം പെട്ടെന്നു ചീത്തയാകുന്നതല്ല. രണ്ടുമൂന്നു ദിവസത്തേയ്ക്കു് എനിക്കു് ഇനിയും ഒന്നും വയ്ക്കണ്ടാ. ഇതു തിന്നാൽ മതിയാകും."

അടുത്തദിവസം കാലത്തെ കുന്താ ഒരു പിത്തളത്താലം സസങ്കോചം എൻെറമുമ്പിൽ കൊണ്ടുവന്നു വച്ചു. ഒരു വെളുത്ത പഴന്തുണികൊണ്ടു് ആ പാത്രം മൂടിയിരുന്നു.

ഞാൻ ചോദിച്ചു: "അതിൽ എന്തോന്നാ കുന്താ?"

കുന്താ സലജ്ജം പറഞ്ഞു: "'ഛട്ട--പവ്വ്'ത്തിൻെറ അപ്പമാ, ബാബുജീ! ഇന്നലെ രാത്രി രണ്ടുപ്രാവശ്യം കൊണ്ടുവന്നിട്ടു തിരിച്ചുപോയതാ."

ഞാൻ പറഞ്ഞു: "ഇന്നലെ രാത്രി വളരെയായി തിരിച്ചെത്തിയപ്പോൾ. ഈ ആഘോഷത്തിൻെറ ക്ഷണം സ്വീകരിച്ചു് പലടത്തും പോകേണ്ടിവന്നു. ആട്ടെ, അവിടെ വയ്ക്കൂ. ഇപ്പോൾ തിന്നേക്കാം."

തുണി അഴിച്ചുനോക്കി. താലത്തിൽ കുറച്ചു് അപ്പം, കുറച്ചു പഞ്ചസാര, രണ്ടുപഴം, ഒരു തേങ്ങാക്കൊത്തു്, ഒരു മധുരനാരങ്ങ.

ഞാൻ പറഞ്ഞു: "ആഹാ! നല്ല അപ്പമാണെന്നു തോന്നുന്നല്ലൊ."

കുന്താ മുമ്പത്തേപ്പോലെ നേരിയ സ്വരത്തിൽ പറഞ്ഞു: "ബാബുജി! അതെല്ലാം ദയവുചെയ്തു തിന്നണേ! അവിടത്തേയ്ക്കു തിന്നാനായി ഞാൻ പ്രത്യേകം ഉണ്ടാക്കിയതാണ്; എന്നാലും അവിടത്തേയ്ക്കു ചൂടോടെ തിന്നാൻതരാൻ ഒക്കാത്തതിൽ എനിക്കു വലിയ സങ്കടം ഉണ്ട്."

"അതിലൊന്നുമില്ല, കുന്താ! ഞാൻ എല്ലാം തിന്നോളാം. കണ്ടിട്ടു വളരെ നന്നായിരിക്കുന്നു." കുന്താ താണുതൊഴുതിട്ടു പോയി.

## രണ്ടു്

ഒരുദിവസം മുനേശ്വരസിംഹൻ വന്നു പറഞ്ഞു: "അങ്ങുന്നേ! ആ വനത്തിനുള്ളിൽ ഒരു മരച്ചുവട്ടിൽ ആരോ ഒരാൾ കീറിയ മുണ്ടും വിരിച്ചു കിടപ്പുണ്ട്. ആളുകൾ അയാളെ ഗ്രാമത്തിൽ കയററുകയില്ല. കല്ലു വലിച്ചെറിയും; ഉത്തരവായാൽ ഇങ്ങോട്ടു കൊണ്ടുവരാം."

ഇതുകേട്ട് എനിക്ക് ആശ്ചര്യമാണുണ്ടായതു്. വൈകുന്നേരം ആയി. സന്ധ്യയാകാൻ താമസം ഇല്ല. തണുപ്പ് അത്ര തന്നെ ഇല്ലെങ്കിലും തുലാമാസമാണ്, രാത്രിയിൽ ധാരാളം മഞ്ഞു പെയ്യും. വെളുപ്പിനു കടുത്ത തണുപ്പായിരിക്കും. ഈ നിലയ്ക്ക് ഒരുവൻ വനത്തിനകത്ത് മരച്ചുവട്ടിൽ അഭയം തേടിയിരിക്കുന്നതു് എന്തുകൊണ്ട്? ആളുകൾ അയാളെ കല്ലെടുത്തെറിയുന്നതും അടിക്കുന്നതും എന്തിനു്? ഇതു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഗ്രാന്റ്സാഹിബ്‌വടവൃക്ഷത്തിൻെറ ആ ഭാഗത്ത് ചെന്നു നോക്കി. (ഇന്നേയ്ക്ക് ഏതാണ്ടു മുപ്പതു വർഷങ്ങൾക്കു മുമ്പായി ഗ്രാൻറ്സാഹിബ് സവ്വയർ ലബ്ടലിയാ വനം അളക്കാൻവന്നിട്ട് ഈ വടതലത്തിലാണ് കൂടാരം അടിച്ചതു്. അന്നുമുതലാണ് ഈ വൃക്ഷത്തിനു് ഈ പേരു വന്നുകൂടിയതു്.) ആ കാട്ടിനുള്ളിൽ ഒരു മരുതുമരത്തിന്റെ കീഴിൽ ഒരു മുഷിഞ്ഞ

പഴന്തുണി വിരിച്ച് അയാൾ കിടക്കുകയാണ്. കാട്ടിന ടിയിലെ ഇരുട്ടുകൊണ്ട് അയാളെ നല്ലവണ്ണം കാണാൻകഴി യാഞ്ഞു ചോദിച്ചു: "ആരാ അവിടെ? വീടെവിടെ? ഇങ്ങെറ ങ്ങിവരു—"

അയാൾ പുറത്തിറങ്ങി വന്നു. അയാൾ പതുക്കെപ്പതുക്കെ മുട്ടേലിഴഞ്ഞാണു വന്നതു്—വയസ്സ് അമ്പതിനുമേൽ വരും; ജീർണ്ണിച്ച് ക്ഷീണിച്ച ശരീരം; വളരെ മുഷിഞ്ഞു കീറിയ വസ്ത്ര വും ബനിയനും—കാട്ടിനടിയിൽനിന്നും പുറത്തു വന്നപ്പോൾ എന്തോ ഒരുതരത്തിൽ അത്ഭുതകരവും നിരാശ്രയവും ആയ ഭാ വത്തിൽ വേട്ടക്കാരൻെറ അടിയേറ്റ മൃഗമെന്നവണ്ണം ഭയാർത്ത മായ ദൃഷ്ടിയോടുകൂടി എൻെറനേരെ നോക്കിനിന്നു.

കാട്ടിനകത്തെ ഇരുട്ടിൽനിന്നും പകലത്തെ വെളിച്ചത്തു വന്നപ്പോൾ അയാളുടെ ഇടത്തെ കൈയിലും ഇടത്തെ കാലി ലും ഭയങ്കരമായ മുറിവുപററിയിരിക്കുന്നതായി കണ്ടു. അതു കൊണ്ട് ഒരിക്കൽ ഒന്ന് ഇരിക്കുകയോ കിടക്കുകയോ ചെയ്തു പോയാൽ പിന്നെ പെട്ടെന്ന് അയാൾക്ക് എഴുന്നേറ്റു നേരെ നിൽക്കാൻ കഴിവില്ലെന്നു ഞാൻ മനസ്സിലാക്കി.

മുനേശ്വരസിംഹൻ പറഞ്ഞു: "അങ്ങുന്നേ! ഈ മുറിവു കൊണ്ടാണ് ഈയാളെ ആരും വീട്ടിൽ കയററാത്തതു്. വെ ള്ളം ചോദിച്ചാൽപ്പോലും കൊടുക്കുകയില്ല. കല്ലെടുത്തെറി യും, അടിച്ചോടിക്കും-—"

അതുകൊണ്ടാണ് ഈ മനുഷ്യൻ വന്യമൃഗം എന്നവണ്ണം ഈ വനത്തിൽ അഭയംപ്രാപിക്കേണ്ടതെന്ന് എനിക്കു മന സ്സിലായി, ഹേമന്തകാലത്തെ ഈ മഞ്ഞുപെയ്യുന്ന രാത്രിയിൽ.

ഞാൻ ചോദിച്ചു: "നിങ്ങടെ പേരെന്തു്? വീടെവിടെ?"

അയാൾ എന്നെ കണ്ടിട്ടു നന്നാ ഭയപ്പെട്ടുപോയിരുന്നു. മുറിവുകൊണ്ടുള്ള വേദനയും ഭീതിയും നിരാശ്രയബോധവും അയാളുടെ കണ്ണിൽ കാണാനുണ്ടായിരുന്നു. അതുകൂടാതെ എ ൻെറ പുറകിലായി കൈയിൽ ലാഠിയുമായി ശിപായി മുനേ ശ്വരസിംഹൻ ഉണ്ടുതാനും. ഈ വനത്തിനകത്തു കിടക്കുന്ന തിലും ഞങ്ങൾക്ക് വിരോധം ഉണ്ടെന്ന് അയാൾ വിചാരി ച്ചുകാണണം. അയാളെ ഇവിടെനിന്നും അടിച്ചോടിക്കാൻ

വേണ്ടിയാണു് ശിപായിയോടുകൂടി ഞാൻ വന്നിരിക്കുന്നതെന്നും അയാൾ വിചാരിച്ചിട്ടുണ്ടാവാം.

അയാൾ പറഞ്ഞു: "എൻെറ പേരോ? പേരു് എമാന്നേ, ഗിരിധാരീലാൽ; വീടു് തിൻടാങ്ങാ." അടുത്ത ക്ഷണത്തിൽ എന്തോ ഒരു അത്ഭുതകരമായ സ്വരത്തിൽ, വിനീതമായി യാചിക്കുന്ന സ്വരത്തിൽ, വേദനകൊണ്ടു് അസംഗതമായിത്തീന്ന ക്ഷീണസ്വരത്തിൽ പറഞ്ഞു: "കുറച്ചു വെള്ളം—കുടിക്കണം—വെള്ളം—"

ഞാൻ ആ ക്ഷണത്തിൽത്തന്നെ ആളിനെ മനസ്സിലാക്കിക്കഴിഞ്ഞു. അന്നത്തെ ധനുമാസത്തെ മേളയിൽ ബ്രഹ്മാമാഹാതോവിൻെറ കൂടാരത്തിൽവച്ചു കണ്ട ആ ഗിരിധാരീലാൽ തന്നെ. ആ ഭീതദൃഷ്ടി, നമ്രമുഖഭാവം—

ദരിദ്രൻ, നമ്രൻ, ഭീരു, ഇങ്ങനെയുള്ളവരെ ഭഗവാൻ ഈ ലോകത്തിൽ കഷ്ടപ്പെടുത്തുന്നല്ലോ. മുനേശ്വരസിംഹനോടു ഞാൻ പറഞ്ഞു: "കച്ചേരിയിൽച്ചെന്നു് നാലഞ്ചുപേരെ വിളിച്ചു് ഒരു കട്ടിൽ എടുപ്പിച്ചുകൊണ്ടുവരിക."

അയാൾ പോയി.

ഞാൻ ചോദിച്ചു: "എന്തുപററി ഗിരിധാരീലാൽ? എനിക്കു് നിങ്ങളെ അറിയാം. നിങ്ങൾ എന്നെ അറിയുമോ? അന്നു് ബ്രഹ്മാമാഹാതോവിൻെറ കൂടാരത്തിൽവച്ചു് മേളസമയം നിങ്ങളെ ഞാൻ കണ്ടതു് ഓക്കുന്നോ? ഒട്ടും ഭയപ്പെടണ്ടാ. നിങ്ങൾക്കു് എന്തുപററിയെന്നു പറയൂ."

ഗിരിധാരീലാൽ വാവിട്ടുകരഞ്ഞു. കൈയും കാലും ഇളക്കിക്കാണിച്ചുംകൊണ്ടു് പറഞ്ഞു: "ഇതു് വെട്ടുകൊണ്ടു മുറിവുപററിയതാണു് എമാന്നേ! അല്പംപോലും ഉണങ്ങുന്നില്ല; ഓരോരുത്തരു പറഞ്ഞതെല്ലാം ചെയ്തുനോക്കി—വ്രണം ക്രമേണ വളന്നുവരികയാണു്. എല്ലാരും പറഞ്ഞുതുടങ്ങി എനിക്കു കുഷ്ഠമാണെന്നു്. അതുകൊണ്ടു് നാലഞ്ചുമാസമായിട്ടു് ഇങ്ങനെ കഷ്ടപ്പെടുകയാണു് എമാന്നേ! ഗ്രാമത്തിനകത്തു കടത്തുകയില്ല. ഭിക്ഷയെടുത്തു് ഒരുതരത്തിൽ കഴിഞ്ഞുകൂട്ടുകയാണു്. രാത്രി ഒരിടത്തും ഇടംതരികയില്ല. അതുകൊണ്ടു് ഈ കാട്ടിൽ കേറിക്കിടക്കാമെന്നുവച്ചു."

"ഈ വഴിക്ക് എവിടെപ്പോകുകയായിരുന്നു? ഇവിടെ എങ്ങനെ വന്നുകൂടി?"

ഗിരിധാരീലാൽ ഇതിനിടയ്ക്കു് അണച്ചുകഴിഞ്ഞിരുന്നു. അല്പം ആശ്വാസം കിട്ടിയപ്പോൾ പറഞ്ഞു: "പൂൎണ്ണിയാ ആശുപത്രിയിലേയ്ക്കു പോകുകയായിരുന്നു ഏമാന്നേ—ഇല്ലെങ്കിൽ മുറിവ് ഉണങ്ങുകയില്ലല്ലോ."

ആശ്ചൎയ്യപ്പെടാതിരിക്കാൻ കഴിയാതെവന്നു. ജീവിച്ചിരിക്കാൻ മനുഷ്യൻെറ ആഗ്രഹം! ഗിരിധാരീലാൽ താമസിക്കുന്നിടത്തുനിന്നും പൂൎണ്ണിയായിലേയ്ക്കു് നാല്പതുമൈലിൽക്കുറയുകയില്ല—മോഹനപുരാറിസേർവ്വ്ഫോറസ്റ്റുപോലെ വന്യമൃഗസങ്കുലമായ അരണ്യഭൂമി മുന്നിൽ—മുറിവുകൊണ്ടു് അവശമായ കൈകാലുകളോടുകൂടി അയാൾ നടക്കുകയാണു്, ഈ ദുൎഗ്ഗമമായ മലയിലും കാട്ടിലുംകൂടി പൂൎണ്ണിയായിലേയ്ക്കു്!

കട്ടിൽ വന്നു. ശിപായിമാരുടെ വസതിക്കടുത്തുള്ള ഒരൊഴിഞ്ഞമുറിയിൽ അയാളെ കൊണ്ടുചെന്നു കിടത്തി. ശിപായിമാരും, കുഷ്ഠമാണെന്നുംപറഞ്ഞു് അല്പം വിസമ്മതം പ്രകടിപ്പിച്ചു. പിന്നീട്ട് കാൎയ്യംപറഞ്ഞു മനസ്സിലാക്കിക്കൊടുത്തപ്പോൾ അവൎക്കു ബോദ്ധ്യമായി.

ഗിരിധാരീലാലിനു് വളരെ ദാഹം ഉണ്ടെന്നു് എനിക്കു മനസ്സിലായി. വളരെദിവസം ആയിക്കാണും അയാൾ വയർ നിറയെ വല്ലതും കഴിച്ചിട്ടു്. കുറച്ചു ചൂടുപാൽ കൊടുത്തപ്പോൾ അയാൾക്കു് അല്പം ആശ്വാസം കിട്ടി.

സന്ധ്യയോടുകൂടി ഞാൻ അയാളുടെ മുറിയിൽപ്പോയി നോക്കി. അയാൾ ശാന്തമായി ഉറങ്ങുന്നതു കണ്ടു.

അടുത്തദിവസം സ്ഥലത്തെ പ്രസിദ്ധചികിത്സകനായ രാജുപാണ്ഡേയെ വിളിച്ചുകാണിച്ചു. രാജു കാൎയ്യഗൗരവത്തോടെ രോഗിയുടെ നാഡി പരിശോധിച്ചുനോക്കി. രാജുവിനോടു ഞാൻ പറഞ്ഞു: "നോക്കൂ! നിങ്ങളെക്കൊണ്ടു് ഒക്കുമോ? അതോ പൂൎണ്ണിയായ്ക്കു് അയയ്ക്കണോ?"

രാജു അഭിമാനക്ഷതം ഏററവനെന്നവണ്ണം പറഞ്ഞു: "അങ്ങുന്നേ! അവിടത്തെ അച്ഛനമ്മമാരുടെ ആശീർവാദത്താൽ, അങ്ങുന്നേ! ഞാൻ വളരെക്കാലമായി ഈ ജോലി

നോക്കിവരികയാണ്. പതിനഞ്ചുദിവസത്തിനകം ഈ വ്രണം ഉണക്കിത്തരാം, പോരേ?''

ഗിരിധാരിയെ ആശുപത്രിയിൽ അയയ്ക്കുകതന്നെയായിരുന്നു നല്ലതെന്ന് പിന്നീടെനിക്കു തോന്നി. മുറിവ് ഉണങ്ങുന്നതിലുള്ള വിഷമംകൊണ്ടല്ല; രാജുവിൻെറ മരുന്നിൻെറ ഗുണംകൊണ്ട് അഞ്ചാറുദിവസത്തിനകം വ്രണത്തിന്റെ മട്ടേ മാറിപ്പോയി. പക്ഷേ, അയാളെ ശുശ്രൂഷിക്കുന്ന കാര്യത്തിലാണ് വിഷമം നേരിട്ടതു്. അയാളെ തൊടാൻ ആക്കും വയ്യാ, മുറിവിൽ മരുന്നിടാൻ വയ്യാ, അയാൾ ആഹാരംകഴിക്കുന്ന പാത്രം തേച്ചുമിഴക്കിയെടുക്കാൻവരെ വിസമ്മതമാണ് എല്ലാവക്കുംതന്നെ.

അതിനുംപുറമെ വേലക്കാരനു് ജ്വരം പിടിച്ചു, വളരെ കഠിനമായ ജ്വരം.

ഗത്യന്തരമില്ലാതെ കുന്താൗയെ വിളിച്ചു. അവളോട് ഞാൻ പറഞ്ഞു: ''നീ ഗ്രാമത്തിൽച്ചെന്നു് ഒരു ഗാങ്ങോതാപ്പെണ്ണിനെ വിളിച്ചോണ്ടുവരണം; പൈസാ കൊടുക്കാം. അയാളെ ശുശ്രൂഷിക്കണം.''

കുന്താ ഒന്നും ആലോചിക്കാതെതന്നെ പറഞ്ഞു: ''ഞാൻ ചെയ്യാം ബാബുജീ! പൈസാ തരണ്ടാ.''

കുന്താ രജപുത്രൻെറ ഭാര്യ. അവൾ ഗാങ്ങോതാരോഗിയെ ശുശ്രൂഷിക്കുന്നതു് എങ്ങനെയാണ്. ഞാൻ പറഞ്ഞതു് അവൾക്കു മനസ്സിലായില്ലെന്നു് എനിക്കു തോന്നി. ഞാൻ പറഞ്ഞു: ''അയാളുടെ ഈ പാത്രം തേച്ചുമിഴക്കണം, അയാൾക്കു് ആഹാരം കൊടുക്കണം; അയാൾക്കു് എഴുന്നേൽക്കാൻ വയ്യാതിരിക്കുകയാണല്ലോ. ഇതെല്ലാം നിന്നെക്കൊണ്ട് ചെയ്യാൻ സാധിക്കുമോ?''

കുന്താ പറഞ്ഞു: ''ഏമാൻ ഉത്തരവിട്ടാൽ ഞാൻ എല്ലാം ചെയ്യാം. ഞാൻ രജപുത്രസ്ത്രീയാകുന്നതു് എവിടെയാ ബാബുജീ! എൻെറ ജാതിക്കാരോ ബന്ധുക്കളോ ആരെങ്കിലും ഇത്രയുംനാളായി എന്നെക്കണ്ടിട്ടുണ്ടോ? അവിടുന്നു് എന്തുപറഞ്ഞാലും ഞാൻ അതുപോലെ ചെയ്യാം എനിക്കിനീം ജാതി ഇരിക്കുന്നോ?''

രാജുപാണ്ഡേയുടെ മരുന്നിന്റെഗുണംകൊണ്ടും കുന്തായുടെ

ശുശ്രൂഷകൊണ്ടും ഗിരിധാരീലാൽ രോഗംഭേദമായി എഴ ന്നേററു. ഇതിനു കുന്താസ്സു പ്രതിഫലം കൊടുത്തെങ്കിലും അ വൾ ഒന്നും വാങ്ങിച്ചില്ല. ഗിരിധാരീലാലിനെ ഇതിനിടയ്ക്കു് അവൾ 'ബാബാ' എന്നു വിളിച്ചുതുടങ്ങിയിരുന്നതായി ഞാൻ കണ്ടു. അവൾ പറഞ്ഞു: "ആഹാ! ബാബാ വളരെ കഷ്ടത അനുഭവിച്ചു. ബാബായെ ശുശ്രൂഷിച്ചിട്ടു പിന്നെ ഞാൻ പൈസാ വാങ്ങിക്കുമോ? ധർമ്മരാജൻ തലയ്ക്കുമീതെ ഇല്ലേ?"

ശാന്തനും നിസ്സ്പന്ദനുമായ ഗിരിധാരീലാലിനു് കാഴ്ചത്തുക ഒഴിവാക്കി കുറച്ചു ഭൂമികൊടുത്തു് അയാളെ ലബ്ടുലിയായിൽ പാർപ്പിച്ചു. ജീവിതത്തിൽ ഞാൻ ചെയ്തിട്ടുള്ള ചില സൽക്ക ർമ്മങ്ങളിൽ പ്രധാനമായ ഒന്നുതന്നെയാണു് ഇതു്.

അയാളുടെ കുടിലിൽ ഒരുദിവസം ഞാൻ പോയിരുന്നു.

അഞ്ചു ബിഘാഭൂമി തൻെറ കൈകൊണ്ടുതന്നെ വെട്ടി ത്തെളിച്ചു് ഗോതമ്പുവിതച്ചിട്ടുണ്ടു്. കുടിലിൻെറ നാലുവശ ത്തും കുറെ ഗോണ്ഡാനാരകത്തിൻെറ തൈകൾ നട്ടിട്ടുണ്ടു്.

"ഏമാന്നേ! അതെല്ലാം സർവ്വത്തുനാരകം ആണു്. അതു തിന്നാൻ എനിക്കു വളരെ ഇഷ്ടമാണു്. പഞ്ചസാരയും കല്ക്ക ണ്ടവും ഒന്നും ഞങ്ങൾക്കു് കിട്ടുകയില്ല. ശക്കരകൊണ്ടു് സർവ്വ ത്തുണ്ടാക്കി അതിൽ ആ നാരങ്ങാനീരു ചേർത്തുകുടിച്ചാൽ വള രെ സുഖമാണു്."

ആശകൊണ്ടുള്ള ആനന്ദത്താൽ ഗിരിധാരീലാലിൻെറ ശാന്തമായ കണ്ണുകൾ രണ്ടും തിളങ്ങുന്നതു ഞാൻ കണ്ടു.

"നല്ലജാതി നാരകം. ഓരോതയ്യും ഓരോ നാരകം ആകും. വളരെക്കാലംമുമ്പുമുതൽ എനിക്കുണ്ടായിട്ടുള്ള ഒരാഗ്രഹമാണി തു്, എപ്പോഴെങ്കിലും കുറച്ചു ഭൂമി കിട്ടിയാൽ നല്ല സർബ്ബത്തു നാരകം നട്ടുപിടിപ്പിക്കണമെന്നു് ഞാൻ ആഗ്രഹിച്ചിരുന്നു. അന്യവീടുകളിൽ നാരങ്ങാ ചോദിച്ചു് എത്രപ്രാവശ്യം ഞാൻ നാണിച്ചുപോയിട്ടുണ്ടു് ഏമാന്നേ! ഇനിയും ആ സങ്കടം ഉണ്ടാ കുകയില്ല."

# പരിച്ഛേദം പതിനെട്ട്

**ഒന്നു്**

ഇവിടെനിന്നും തിരിച്ചുപോകേണ്ട സമയം സമാഗതമായി. ഭാനുമതിയെ ഒന്നുകൂടി കാണണമെന്നുള്ള മോഹം പ്രബലമായിത്തീൎന്നു. ധൻധരിശൈലപംക്തി ഒരു സുന്ദരസ്വപ്നംപോലെ എന്റെ മനസ്സിൽ ആധിപത്യം സ്ഥാപിച്ചിരിക്കുകയാണു്....ആ മലയിലെ മഹാവനം...അവിടത്തെ പൂനിലാവിലാറാടിയ രജനി...

കൂടെ യുഗളപ്രസാദനെ കൊണ്ടുപോയി.

തഹശീൽദാർ സജ്ജനസിംഹന്റെ കുതിരയുടെ പുറത്തു് യുഗളപ്രസാദൻ കയറിയിരുന്നു. ഞങ്ങളുടെ എസ്റ്റേററിന്റെ അതിൎത്തി കഴിഞ്ഞു കഴിഞ്ഞില്ല എന്നായപ്പോൾ യുഗളപ്രസാദൻ പറഞ്ഞു: "അങ്ങുന്നേ! ഈ കുതിര നടക്കുകയില്ല. ഇങ്ങനെ നടന്നുപോയാൽ ഈ കാട്ടുവഴിയിൽ വല്ലേടത്തും തട്ടിമറിഞ്ഞുവീണുപോകും; അതോട്ടുകൂടി എന്റെ കാലും ഒടിയും. ഞാൻ പോയി മറെറാരു കുതിരയെ കൊണ്ടുവരാം."

ഞാൻ അയാളെ ആശ്വസിപ്പിച്ചു. സജ്ജനസിംഹൻ നല്ല കുതിരസ്സവാരിക്കാരനാണു്. അയാൾ എത്രപ്രാവശ്യം ഈ കുതിരപ്പുറത്തു് പൂൎണ്ണിയായിൽ കേസ് നടത്താൻ പോയിട്ടുണ്ടു്. പൂൎണ്ണിയായിലേയ്ക്കുള്ള വഴി എങ്ങനെയുള്ളതാണെന്നു യുഗളപ്രസാദൻ അറിഞ്ഞിട്ടില്ലാത്തതല്ലല്ലൊ.

വളരെവേഗം ഞങ്ങൾ കാരോനദി കടന്നു.

അതിനപ്പുറം, വനം, വനം, വനം—സുന്ദരം, അസുലഭം, നിബിഡം നിൎജ്ജനം! മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണു്, ഈ കാട്ടിൽ തലയ്ക്കുമീതെ പൊങ്ങിനില്ക്കുന്ന മരങ്ങളുടെ കൊമ്പുകളും ചില്ലകളും കെട്ടുപിണഞ്ഞു് ജടപിടിച്ചതുപോലെ ആയിരുന്നില്ലെന്നു്. കേന്ദു്തൈകൾ, ശാലത്തൈകൾ, മധുകം,

ബദരി എന്നിവയുടെ ഒരു വനം—ഇടയ്ക്കു പാറക്കെട്ടുകളുള്ള ഉയൻ ചെമ്മൺഭൂമി, കുന്നും കുഴിയുമായ ഭൂമി—ചില സ്ഥല ത്തെ മണ്ണിൽകാട്ടാനകളുടെ കാൽച്ചുവട്ടു പതിഞ്ഞുകാണാം. മനുഷ്യരേയില്ല.

ലബ്ടുലിയായിൽ പുത്തനായി തൊട്ടുതൊട്ടുണ്ടാക്കീട്ടുള്ള വിരൂപങ്ങളായ ഗ്രാമങ്ങളും കുടില്യകളും, വൈവിധ്യമില്ലാത്ത കൃഷിനിലങ്ങളും കണ്ടുകഴിഞ്ഞിട്ടു് ഇവിടെ വന്നപ്പോൾ ശ്വാ സം നേരേവീണു് തെല്ലൊരു ആശ്വാസം കിട്ടി. ഇത്തരം അര ണ്യപ്രദേശം ഈ ദിക്കിൽ വേറെ ഒരിടത്തും ഇല്ല.

ഈ വഴിക്കുള്ള ആ രണ്ടു വന്യഗ്രാമങ്ങളും—ബുരുഡിയും കുലപാലയും—ഉച്ചയ്ക്കുമുൻപു് ഞങ്ങൾ കടന്നുപോന്നു. അതു കഴിഞ്ഞു് ഇടയുള്ള കുററിക്കാടുകളും ഞങ്ങൾ പിന്നിലാ ക്കി—മുൻഭാഗത്തായി വലിയവലിയ മാമരങ്ങളാൽ നിബി ഡമായ അരണ്യപ്രദേശം. കാത്തികമാസാന്ത്യം, തണുത്ത കാററു്. ചൂടു ലവലേശം ഇല്ല.

അങ്ങകലെ ധൻതധരിഗിരിനിര വളരെ സ്പഷ്ടമായി അ താ കാണുന്നു.

സന്ധ്യയ്ക്കുശേഷം ഞങ്ങൾ കച്ചേരിയിൽ എത്തിച്ചേൻ. ഞങ്ങളുടെ സ്റ്റേററു് ലേലത്തിൽ പിടിച്ചിരുന്ന ബീഡിയില ക്കാട്ടിലെ കുടിയാനവന്മാരുടെ കച്ചേരിയാണു് ഇതു്.

ഈ കച്ചേരിയിലെ ഉദ്യോഗസ്ഥൻ ഒരു മുസൽമാനാണു്. വീട്ടു് ഷാഹാബാദ്ജില്ലയിൽ; പേരു് അബ്ദുൾവാഹെദ്. അയാൾ ഞങ്ങളെ ആദരപൂർവ്വം സൽക്കരിച്ചിരുത്തി. സന്ധ്യ യ്ക്കുതന്നെ ഇങ്ങുവന്നെത്തിയതു് നന്നായി, ബാബുജി. കാട്ടിൽ കടുവായുടെ ഉപദ്രവം നന്നാ ഉണ്ടു്.

ഒച്ചയും അനക്കവും ഇല്ലാത്ത രാത്രി.

വലിയ വലിയ മരങ്ങളിൽ 'ശൻ ശൻ' എന്നു് ശബ്ദം ഉ ണ്ടാക്കിക്കൊണ്ടു് കാററടിച്ചുകൊണ്ടിരിക്കുന്നു.

വത്തമാനംകേട്ടിട്ടു്, കച്ചേരിത്തിണ്ണയിൽ ഇരിക്കാൻ എ നിക്കു വിശ്വാസം ഉണ്ടായില്ല.

മുറിക്കകത്തു് ജനാലയും തുറന്നിട്ടുംകൊണ്ടു് സംസാരി ച്ചുകൊണ്ടിരിക്കുകയാണു്—പെട്ടെന്നു് വനത്തിനകത്തു് ഒരു

ശബ്ദം, ഏതോ ജന്തുവിന്റെ. യുഗളനോടു ഞാൻ ചോദിച്ചു: "എന്തോന്നാ അതു്?"

യുഗളൻ പറഞ്ഞു: "ഓ! അതൊന്നുമില്ല, ഹുരാലാണു്. അതായതു് ചെന്നായ്."

ഒരിക്കൽ അർദ്ധരാത്രിക്കു് വനത്തിനുള്ളിൽ കഴുതപ്പുലിയുടെ ചിരി കേൾക്കാൻ ഇടയായി—പെട്ടെന്നു് കേട്ടാൽ ഭയംകൊണ്ടു് ഹൃദയത്തിലെ രക്തം കട്ടിയായിപ്പോകും. കാസരോഗിയുടെ ചിരിപോലെതന്നെ; ഇടയ്ക്കിടയ്ക്കു് ശ്വാസോച്ഛ്വാസം നിലച്ചുപോകുക, ഇടയ്ക്കിടയ്ക്കു് പൊട്ടിച്ചിരിക്കുക.

അടുത്തദിവസം രാവിലെ യാത്രയായി; ഒമ്പതുമണിക്കകം ദോബരുപാന്നായുടെ രാജധാനിയായ ചക്മതിഗ്രാമത്തിൽ എത്തിച്ചേർന്നു. എന്റെ അപ്രതീക്ഷിതമായ ആഗമനത്തിൽ ഭാനുമതി അതിരു കടന്നു് സന്തോഷിച്ചു. അവളുടെ ചുണ്ടിലും കണ്ണിലും, അവളുടെ ആനന്ദം ഒതുക്കിനിറുത്താൻ കഴിഞ്ഞില്ലെന്നു തോന്നി.

"അവിടത്തെ കാര്യം ഇന്നലെയും ഞാൻ വിചാരിച്ചതാണു്, ബാബുജീ! ഇതുവരെ വരാഞ്ഞതെന്താണു്?"

ഭാനുമതിക്കു് കുറച്ചു് ഉയരം വച്ചിട്ടുണ്ടു്; അല്പം ചടച്ചിട്ടുമുണ്ടു്. മുഖം അതുപോലെതന്നെ ലാവണ്യസമ്പൂർണ്ണമാണു്. ശരീരം അന്നത്തെപ്പോലെ കൊഴുത്തുരുണ്ടുതന്നെ ഇരിക്കുന്നു.

"അരുവിയിൽ കുളിക്കണ്ടേ ബാബുജീ? മഹുയാതൈലം എടുത്തോണ്ടുവരാം; അതോ കുടുകെണ്ണ വേണോ? ഇത്തവണത്തെ മഴയ്ക്കു് അരുവിയിലെ വെള്ളം വളരെ മനോഹരമായിട്ടുണ്ടു്. പോകാം, കാണാമല്ലോ."

വേറെ ഒരു സംഗതി എന്റെ ശ്രദ്ധയിൽ പതിഞ്ഞുകൊണ്ടിരിക്കുകയാണു്. ഭാനുമതി നല്ല പരിഷ്കൃതരീതിയിൽ വസ്ത്രധാരണം ചെയ്തിരിക്കുന്നു; അവൾക്കു് ഇക്കാര്യത്തിൽ സാധാരണ സാന്താൾപെണ്ണുങ്ങളുമായി ഒരു സാദൃശ്യവും ഇല്ല. അവളുടെ വേഷഭൂഷകളും അവ ധരിച്ചിരിക്കുന്ന രീതിയും നൈസർഗ്ഗികലാവണ്യവും അഭിരുചിയും അവൾ അഭിജാതവംശജയാണെന്നു് വിളിച്ചുപറയുന്നുണ്ടു്.

ഞാൻ ഇരിക്കുന്ന മൺതിണ്ണയുടെ മുൻഭാഗത്തുള്ള മുററത്തിനുചുററും വലിയ വലിയ ആസാൻ, നീർമരുതു് എന്നീ

വൃക്ഷങ്ങൾ നില്പുണ്ട്. ഒരു സംഘം പച്ചത്തത്തകൾ മുമ്പിൽ നിൽക്കുന്ന ആസാൻമരത്തിൻെറ കൊമ്പുകളിൽ ഇരുന്നു് കള കളം മുഴക്കുന്നു. ഹേമന്തത്തിൻെറ പ്രാരംഭം; നേരം പുലന്നി ട്ടും കാററിൻെറ തണുപ്പിനു കുറവില്ല. എൻെറ കൺമുമ്പിലാ യി അരമൈലോളംദൂരെ ധൻഝരിഗിരിനിര; അതിൻെറ ച രിവിൽക്കൂടി സീമന്തരേഖ എന്നവണ്ണം ഒരു വഴി ഇറങ്ങിവരു ന്നുണ്ട്—ഒരുഭാഗത്തു് വളരെ ദൂരെ ഗയാജില്ലയിലെ പവ്വത പംക്തി നീലമേഘപടലംപോലെ ദൃശ്യമാകുന്നുണ്ട്.

ബിഡിയിലക്കാട്ട് പാട്ടത്തിനെടുത്തു് ഈ ശാന്തവും ജന വിരളവും ആയ വനപ്രദേശത്തെ പല്ലവച്ഛായയിൽ, താഴ്വ രയിൽക്കൂടി ഒഴുകുന്ന ഏതെങ്കിലും ഒരു കാട്ടരുവിയുടെ തീര ത്തിൽ, ഒരു കുടീരംകെട്ടി ചിരകാലം പാത്തെങ്കിൽ! ലബ്ടു ലിയായോ പോയി; ഭാനുമതിയുടെ ദേശത്തെ ഈ വനം ആരും നശിപ്പിക്കയില്ല. കങ്കരവും പൈററും ധാരാളം ഉള്ള ഈ പ്രദേശത്തെ മണ്ണിൽ വിളവുകൾ അത്രതന്നെ ഉണ്ടാകുകയില്ല. ഉണ്ടാകുമായിരുന്നെങ്കിൽ ഈ വനം ഒരു കാലത്തു് നാമാവ ശേഷം ആയിപ്പോകുമായിരുന്നു. പക്ഷേ, താമ്രഖനി കണ്ടുപി ടിക്കപ്പെട്ടു കഴിഞ്ഞാൽ, അതു് വേറെ കാൎയ്യം....

താമ്രവ്യവസായശാലയുടെ ചിമ്മിനി, ട്രോളിലയിൻ, കൂലിക്കാരുടെ ഗ്രാമങ്ങൾ, അഴുക്കുവെള്ളം ഒഴുക്കിവിടുന്ന ചാ ലു്, എൻജിനിൽനിന്നും മറിച്ചുകളയുന്ന കരി ചാമ്പൽ ഇവ യുടെ കൂനകൾ, കച്ചവടപ്പീടികകൾ, ചായക്കടകൾ, താണ ജാതി സിനിമയിലെ 'ജോയാനീ–ഹാവാ', 'ഷേർഷംഷേർ', 'പ്രണയേർജ്വേർ' (മാററിനിക്കു് മൂന്നണ, രാവിലെതന്നെ സീ ററു് ബുക്കുചെയ്തുകൊള്ളുവിൻ!), കള്ളുഷാപ്പു്, തയ്യൽക്കട, ഹോമിയോഫാർമസി (വരുന്ന ദരിദ്രരോഗികളെ പ്രതിഫലം കൂടാതെ ചികിത്സിക്കുന്നതാണു്), പ്രഥമവും അകൃത്രിമവും ആയ ഹിന്ദുഹോട്ടൽ.

എൻജിൻെറ വിസിൽ മൂന്നുപ്രാവശ്യം മുഴങ്ങി.

ഭാനുമതി എൻജിനിൽനിന്നും പുറത്തു് തള്ളപ്പെടുന്ന കരി തലയിൽ ചുമന്നുംകൊണ്ടു് ബസാറിലേയ്ക്കു പോകാൻ പു റത്തിറങ്ങിയിരിക്കുകയാണു്—ക—രി—വേ—ണോ—കുട്ടയ്ക്കു് നാലുപൈസാ...

ഭാനുമതി എണ്ണയും കൊണ്ടുവന്നു് മുമ്പിൽനിന്നു. അവളുടെ വീട്ടിലുള്ളവരെല്ലാവരും വന്നു് എന്നെ നമസ്കരിച്ചിട്ട ചുററും നിന്നു. ഭാനുമതിയുടെ കൊച്ചു ചിററപ്പൻ നവയൗവനയുക്തനായ ജഗരു ഒരു ചെടിക്കമ്പിൻെറ തൊലി ഉരിച്ചുംകൊണ്ടുവന്നു് എൻെറനേരെ നോക്കിക്കൊണ്ടു നിന്നു. ഈ പയ്യനെ എനിക്കു വളരെ ഇഷ്ടമാണു്. ഒരു രജപുത്രൻെറ ശരീരഘടന, ആ കറുപ്പിനു് എന്തൊരു അഴകു്! ഇവരുടെ വീട്ടിലുള്ളവരിൽ ഭാനുമതിയും ജഗരുവും പരമാത്ഥത്തിൽ വന്യജാതിക്കാരുടെ കൂട്ടത്തിലെ അഭിജാതവംശജരാണെന്നു് തോന്നാതിരിക്കാൻ നിവ്വാഹമില്ല.

ഞാൻ ചോദിച്ചു: "എന്താ ജഗരു, ശിക്കാർ–ടിക്കാർ ഒക്കെ എങ്ങനെ ഇരിക്കുന്നു?"

ജഗരു ചിരിച്ചുംകൊണ്ടു പറഞ്ഞു: "ഇന്നുതന്നെ ഞങ്ങൾ അങ്ങുന്നിനു ആഹാരം തെയ്യാറാക്കും, ബാബുജീ! ആലോചിക്കണ്ടാ. പറഞ്ഞാട്ടെ എന്തോന്നു വേണമെന്നു്—മുള്ളൻപന്നിവേണോ, മഞ്ഞപ്പക്കിവേണോ, കാട്ടുകോഴിവേണോ?"

ഞാൻ കുളികഴിഞ്ഞുവന്നു. ഭാനുമതി തൻെറ ആ കണ്ണാടി (ഞാൻ പൂണ്ണിയായിൽനിന്നും വരുത്തിക്കൊട്ടത്തതു്)യും ഒരു മരച്ചീപ്പും എനിക്കു് തലമുടി ചീകിവയ്ക്കാൻ കൊണ്ടുവന്നുതന്നു.

ഞാൻ ആഹാരം കഴിഞ്ഞു് വിശ്രമിക്കുകയാണു്. വെയിലാറിത്തുടങ്ങി "ബാബുജീ! പോകാം. മലയിൽ കയറണ്ടായോ? അവിടുത്തേയ്ക്കു് ഇഷ്ടമാണല്ലൊ."

യുഗളപ്രസാദൻ ഉറങ്ങുകയായിരുന്നു. അയാൾ ഉണന്നപ്പോൾ ഞങ്ങൾ നടക്കാനിറങ്ങി. കൂടെ ഭാനുമതിയും;—അവളുടെ ചിററപ്പൻെറ മകൾ—ജഗരുപാന്നായുടെ മൂത്ത ചേട്ടൻെറ മകൾ—പന്ത്രണ്ടുവയസ്സായ സഹോദരിയും പിന്നെ യുഗളപ്രസാദനും.

അരമൈൽനടന്നു് മലയുടെ അടിവാരത്തിൽ എത്തി.

ധൻഝരിയുടെ അടിവാരത്തിലെ അന്യാദൃശമായ വനഭംഗികൾ കുറച്ചു് അവിടെ നിന്നുതന്നെ ഒന്നു കാണണമെന്നുവച്ചു. എങ്ങോട്ടുനോക്കിയാലും അവിടെയെല്ലാം വലിയ വലിയ മരങ്ങൾ, വള്ളികൾ; പാറക്കെട്ടുകളാൽ സങ്കീണ്ണമായ

അരുവികളുടെ തടങ്ങൾ; അവിടവിടെ ചെറുതും വലുതുമായ ശിലാസ്തൂപങ്ങൾ. ധൻതുരിയുടെ ഭാഗത്തായി വനത്തിന്റെയും മലയുടെയും മറവിൽനിന്നു എത്തിനോക്കുന്ന നീലാകാശം. കൺമുമ്പിലായി ഉറച്ച ചെമ്മൺപാത നിബിഡമായ വനത്തിൽക്കൂടി മലകയറി മറിഞ്ഞു് അപ്പുറത്തേയ്ക്കു് പോയിട്ടുണ്ടു്. ഉണങ്ങിവരണ്ട ഉയൎന്നഭൂമി, ഒരിടത്തും നനവില്ല; അരുവിയുടെ തടത്തിലും അത്ര വെള്ളമൊന്നുമില്ല.

ഇടതുൎന്ന വനത്തിലെ ചില്ലകളും പടർപ്പുകളും വകഞ്ഞുകൊണ്ടു്, മലയുടെ മുകളിലേയ്ക്കു് കുറച്ചുദൂരം കയറിയപ്പോൾ എന്തിന്റെയോ സുമധുരമായ സൗരഭ്യത്തിൽ മനസ്സും പ്രാണനും ഉന്മത്തമായിപ്പോയി; നല്ല പരിചയമുള്ള മണം—ആദ്യം ഒന്നും പിടികിട്ടിയില്ല; പിന്നീട്ടു് നാലുപാടും നോക്കി. ധൻതുരിമലയിൽ ഏഴിലംപാല ഉണ്ടെന്നു് മുമ്പേ അറിഞ്ഞിരുന്നില്ല. ഇപ്പോൾ ഹേമന്തത്തിന്റെ പ്രാരംഭത്തിൽ ഏഴിലംപാല പൂത്തിട്ടുണ്ടു്. അതിന്റെ പരിമളമാണിതു്.

മൂന്നാലു് ഏഴിലംപാല മാത്രമാണോ ഉള്ളതു്. ഏഴിലംപാലയുടെ ഒരു വനം; ഏഴിലംപാലയും കേളികദംബവും—പൂക്കടമ്പല്ലിതു്; വേറെ ഒരുജാതി മരം—തേക്കിലപോലെ വളരെ വലിയ ഇല, ഭംഗിയായി വളഞ്ഞു പുളഞ്ഞു കൊമ്പും ചില്ലയും വളൎന്നുനില്ക്കുന്ന ഒരുജാതി വൻമരം.

ഹേമന്തകാലത്തെ സായാഹ്നത്തിൽ വീശുന്ന ഇളംതെന്നലിൽ പൂത്തുനില്ക്കുന്ന ഏഴിലംപാലവനത്തിൽനിന്നുംകൊണ്ടു്, തടിച്ചുകൊഴുത്തു് ആരോഗ്യവതിയായ യുവതി ഭാനുമതിയെ നോക്കിയപ്പോൾ, മൂൎത്തിമതിയായ വനലക്ഷ്മിയുടെ സംഗലാഭംകൊണ്ടു് ഞാൻ അനുഗൃഹീതനായിത്തീൎന്നിരിക്കുന്നു എന്നു് എനിക്കു തോന്നിപ്പോയി.—കൃഷ്ണാ—വനലക്ഷ്മി. രാജകുമാരിതന്നെയാണല്ലോ അവൾ. ഈ വനാഞ്ചലം, ഈ പൎവ്വതം, ആ മിച്ഛിനദി, കാരോനദി ഒലിച്ചുവരുന്ന ഉപത്യക, ഈ വശത്തു് ധൻതുരി, ആ വശത്തു് നവാദാശൈലശ്രേണി—ഈ സകലസ്ഥലവും ഒരു കാലത്തു് ഏതു വീരവംശത്തിന്റെ അധീനത്തിൽ ഇരുന്നോ ആ രാജവംശത്തിൽ ജനിച്ച രാജകുമാരിയാണു് ഇവൾ. ഇന്നു് കാലം മാറി. അന്തരീക്ഷം മാറി, ഭിന്നസംസ്കാരത്തിന്റെ സംഘാതത്താൽ രാജ്യഭ്രഷ്ടവും

ദരിദ്രവും ശക്തിഹീനവുമായിത്തീൎന്ന ആ രാജവംശത്തിലെ ഒരു രാജകുമാരി. അവൾതന്നെയാണ് സന്താളിപ്പെണ്ണിനെപ്പോലെ ഇന്നു ഞാൻ കാണുന്നഭാനുമതി. അവളെ കാണുമ്പോൾ അലിഖിതമായ ഭാരതപുരാവൃത്തത്തിലെ ഈ ട്രാജിക്കദ്ധ്യായമാണ് എന്റെ കൺമുമ്പിൽ വിരിഞ്ഞുയരുന്നതു്.

ഇന്നത്തെ ഈ അപരാഹ്നം എൻെറ ജീവിതത്തിലെ വേറെയും ചില ബഹുസുന്ദരങ്ങളായ അപരാഹ്നങ്ങളോട്ട് സമ്മേളിച്ച് സുമധുരസ്മൃതിയുടെ ഉച്ചകോടിയിൽ ഉജ്ജ്വലിച്ച് ഉയൎന്നു.—സ്വപ്നംപോലെ മധുരം, സ്വപ്നംപോലെതന്നെ അയഥാൎത്ഥവും.

ഭാനുമതി പറഞ്ഞു: "നടന്നാട്ടെ, കുറച്ചുകൂടി കയറണ്ടേ?"

"എത്ര മോഹനമായ സൗരഭ്യം! എന്താ! ഇവിടെ കുറച്ചൊന്നു ഇരിക്കരുതോ? സൂൎയ്യൻ അസ്തമിക്കാൻ പോകുകയാണല്ലൊ; അസ്തമയം ഒന്നു കാണാം—"

ഭാനുമതി ഇളം പുഞ്ചിരിയോടെ പറഞ്ഞു: "അവിടത്തെ ഇഷ്ടം, ബാബുജീ! ഇരിക്കാൻ പറഞ്ഞാൽ ഞാൻ ഇവിടെ ഇരിക്കാം. പക്ഷേ, വല്യപ്പൂപ്പൻെറ ശവപ്പെട്ടിമേൽ പൂവ് ഇടണ്ടേ? അവിടന്നാണല്ലോ അതു് എന്നെ പഠിപ്പിച്ചതു്. എന്നും ഞാൻ മലകയറി പൂക്കൾ അൎപ്പിക്കുന്നുണ്ട്. ഇപ്പോൾ വനത്തിൽ ധാരാളം പൂക്കൾ ഉണ്ടല്ലൊ."

ദൂരെ മിച്ചുനദി ഉത്തരവാഹിനിയായി പൎവ്വതത്തിൻെറ താഴെക്കൂടെ ചുറ്റി ഒഴുകി പോകുന്നുണ്ട്. നവാദായുടെ ഭാഗത്തായി മങ്ങിക്കാണുന്ന പൎവ്വതശ്രേണിയുടെ പിമ്പിൽ സൂൎയ്യൻ മറഞ്ഞുകഴിഞ്ഞു. അതോട്ടുകൂടി പൎവ്വതത്തിൽനിന്നും അടിക്കുന്ന കാററിനു തണുപ്പു കൂടിത്തുടങ്ങി. ഏഴിലംപാലപ്പൂവിൻെറ മണം കുറച്ചുകൂടി തീവ്രമായി. ശൈലസാനുപ്രദേശത്തെ വനം, വനാവൃതമായ ഉപത്യക, മിച്ചുനദിക്കപ്പുറത്തെ ഗണ്ഡശൈലനിരയുടെ വശം, ഇവിടമെല്ലാം കൂട്ടതൽ ഇരുണ്ടുതുടങ്ങി.

ഭാനുമതി ഒരു ഏഴിലംപാലപ്പൂങ്കുല പറിച്ച് തലമുടിക്കെട്ടിൽ തിരുകി. അവൾ ചോദിച്ചു: "ഇരിക്കണോ? കയറണ്ടായോ ബാബുജീ?"

പിന്നെയും കയറാൻ തുടങ്ങി. ഓരോരുത്തരുടേയും കൈയിൽ ഓരോ പൂങ്കുല. നേരേ മലമുകളിൽ എത്തി. ആ പ്രാചീന

മായ വടവൃക്ഷവും അതിന്റെ അടിയിൽ പ്രാചീനമായ രാജസമാധിയും. വലിയ വലിയ അരകല്ലുപോലെയുള്ള കല്ലുകൾ നാലുപാടും ചിതറിക്കിടക്കുന്നു. രാജാദോബരുപാന്നായുടെ ശവപേടകത്തിൽ ഭാനുമതിയും നിച്ഛനിയും മാത്രമല്ല, ഞാനും യുഗളപ്രസാദനും പൂക്കൾ അർപ്പിച്ചു.

ഭാനുമതി വെറും ബാലികയാണു്. നിഷ്കളങ്കയായ ബാലികയെപ്പോലെതന്നെ സന്തുഷ്ടയുമാണു്. കൊച്ചു പെൺകുട്ടിയെപ്പോലെ അപേക്ഷാസ്വരത്തിൽ അവൾ പറഞ്ഞു: "ഇവിടെ കുറച്ചൊന്നു നിൽക്കാം ബാബുജീ! എന്താ? വളരെ സുഖം തോന്നുന്നു, ഇല്ലെ?"

ഞാൻ വിചാരിച്ചു: ഇതു് അവസാനത്തേതു്. ഇനിയും ഞാൻ ഇവിടെ വരികയില്ല. ഈ മലമുകളിലെ സമാധിസ്ഥാനവും വനാഞ്ചലവും ഇനിയും കാണാൻ ഇടവരികയില്ല. ധൻഝരി ശൈലശീർഷത്തിൽ പൂത്തുനിൽക്കുന്ന ഏഴിലംപാലയുടെ അടുത്തുവച്ചു് ഭാനുമതിയുടെ അടുത്തുനിന്നു് ഇതു് എന്നത്തേയ്ക്കുമുള്ള വിടവാങ്ങലാണു്. ആറുവർഷത്തെ ദീർഘമായ വനവാസം അവസാനിപ്പിച്ചിട്ടു് കൽക്കത്താനഗരത്തിലേയ്ക്കു് മടങ്ങുകയാണു്. എന്നാൽ പോകുന്നദിവസം അടുത്തു വരുന്നതോടുകൂടി ഇവയോടെല്ലാം എന്തുകൊണ്ടാണു് എനിക്കിത്രയധികം മമതാബന്ധം തോന്നുന്നതു്.

ഭാനുമതിയോടു് ഇക്കാര്യം പറയാൻ എനിക്കു് ആഗ്രഹം തോന്നി. ഞാൻ ഇനിയും വരികയില്ലെന്നു് പറഞ്ഞാൽ അവൾ എന്തുപറയും എന്നറിയാൻ മോഹം ജനിച്ചു. പക്ഷേ, നിർമ്മലമാനസയായ ഈ വനബാലികയെ ഞാൻ വെറുതെ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നു എന്നു പറഞ്ഞിട്ടു് എന്തു പ്രയോജനമാണു്?

സന്ധ്യയായതോടുകൂടി വേറെ ഒരു പുതുമണം എനിക്കു് അനുഭവപ്പെട്ടു. ചുററുമുള്ള വനത്തിൽ ധാരാളം ശേഫാലികാപൂച്ചെടികൾ ഉണ്ടു്. സന്ധ്യ മയങ്ങിത്തുടങ്ങിയതോടെ ശേഫാലിപ്പൂക്കളുടെ കനത്ത സൗരഭ്യം ഇളംകാററിനെ സുമധുരമാക്കിത്തീർത്തു. ഏഴിലംപാലവനം ഇവിടെയില്ല—എന്നാൽ അതു കുറച്ചുകൂടെ താഴെയോട്ടിറങ്ങുമ്പോൾ കാണാം. ഇതിനിടയിലുള്ള വൃക്ഷങ്ങളുടെ ഇളംചില്ലകളിൽ മിന്നാമിനുങ്ങുകൾ

മിന്നിത്തുടങ്ങി. ഇളംകാററ് എത്ര സചേതനവും മധുരവും മനംകുളർപ്പിക്കുന്നതുമാണ്! രാവിലേയും വൈകുന്നേരവും ഈ ഇളംതെന്നൽ ഏററാൽ ആയുസ്സു വർദ്ധിക്കാതിരിക്കാൻ സാദ്ധ്യമാണോ? ഇറങ്ങിപ്പോരാൻ എനിക്കു മനസ്സു വന്നില്ല. പക്ഷേ, വന്യജന്തുക്കളെപ്പററി ഭയമുണ്ട്. ഭാനുമതി കൂടെയുണ്ടുതാനും. യുഗളപ്രസാദൻ വിചാരിച്ചുകാണും, ഏതെങ്കിലും പുതിയജാതി ചെടി ഇവിടെനിന്നും കൊണ്ടുപോയി വേറെ വല്ലടത്തും നട്ടുപിടിപ്പിക്കണമെന്നു്. അയാളുടെ ശ്രദ്ധമുഴവൻ കാഴ്ചയ്ക്കു ഭംഗിയുള്ള പൂക്കളും ഇലകളും ഉള്ള സസ്യങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുകയാണെന്നു ഞാൻ കണ്ടു. മററൊരിടത്തും അയാളുടെ ദൃഷ്ടി പതിഞ്ഞിട്ടില്ല. യുഗളപ്രസാദൻ ഭ്രാന്തൻതന്നെയാണ്; പക്ഷേ, ഒരു പ്രത്യേകതരം ഭ്രാന്തനാണെന്നു മാത്രം.

നൂർജഹാനാണല്ലോ പേഴ്സ്യയിൽനിന്നും ചേനാരവൃക്ഷം കൊണ്ടുവന്നു് കാശ്മീരത്തു നട്ടതു്. ഇപ്പോൾ നൂർജഹാൻ ഇല്ലാ; എന്നാൽ കാശ്മീരിലെങ്ങും കാണപ്പെടുന്ന ചേനാരവൃക്ഷങ്ങളിൽ അവരുടെ ചൈതന്യം വ്യാപിച്ചിട്ടുണ്ട്. യുഗളപ്രസാദൻ മരിച്ചുപോകും; എന്നാൽ സരസ്വതീജലത്തിൽ നൂറ്റാണ്ടുകൾ കഴിഞ്ഞാലും ഹേമന്തത്തിൽ പൂവിട്ടു നില്ക്കുന്ന ചിലന്തിലിലി ഇളംകാററിൽ പരിമളംപരത്തിക്കൊണ്ടു നിലകൊള്ളും; ഒരിടത്തല്ലെങ്കിൽ മററൊരിടത്തെ കാട്ടിൽ വന്യഹംസലതയുടെ ഹംസാകൃതിയിലുള്ള നീലപ്പൂക്കൾ ആടിക്കൊണ്ടിരിക്കും; യുഗളപ്രസാദനാണ് ഈ പൂച്ചെടികളെല്ലാം നാഢാബയിഹാരിലെ കാട്ടിൽ ഇറക്കുമതിചെയ്തതു്—ഇക്കാര്യം ആരെങ്കിലും പറഞ്ഞറിയുമോ?

ഭാനുമതി പറഞ്ഞു: ''ഇടത്തുവശത്തു് ആ കാണുന്നതു് ടാണ്ഡബാരോവിൻെറ വൃക്ഷമാണ്—അറിയാമോ?''

വന്യമഹിഷത്തിന്റെ സംരക്ഷകൻ കാരുണ്യരാശിയായ ടാണ്ഡബാരോദേവൻെറ വൃക്ഷം ഇരുട്ടിൽ തിരിച്ചറിയാൻ കഴിഞ്ഞില്ല. ആകാശത്തിൽ ചന്ദ്രനില്ല; കൃഷ്ണപക്ഷമാണ്.

ഞങ്ങൾ വളരെ താഴെ ഇറങ്ങിവന്നു. ഇവിടെയാണ് ആ ഏഴിലംപാലവനം. എത്ര മാദകമധുരമായ സൗരഭ്യം!

ഭാനുമതിയോട്ട് ഞാൻ പറഞ്ഞു: "കുറച്ചൊന്നു് ഇരിക്കാം."

പിന്നീട്ട് വനപഥത്തിലെ ഇരുട്ടിൽക്കൂടി ഇറങ്ങി ഇറങ്ങിവരവേ ഞാൻ വിചാരിച്ചു—ലബ്ടുലിയാ പോയിക്കഴിഞ്ഞു, നാഢാഫുൽകിയായും പോയിക്കഴിഞ്ഞു—എന്നാൽ മഹാലിഖാരൂപപർവ്വതം ഇപ്പോഴും ഉണ്ടു്; ഭാനുമതിയുടെ ധൻഝരിപർവ്വതത്തിലെ വനഭൂമിയും ശേഷിച്ചിട്ടുണ്ടു്. നാട്ടിൽ ജീവിക്കുന്ന മനുഷ്യർക്കു് വനം കാണാൻകിട്ടാത്ത കാലം വരാവുന്നതാണു്. വെറും കൃഷിത്തോട്ടവും ചണമില്ലിൻേറയും കോട്ടൺമില്ലിൻേറയും ചിമ്മിനികളുംമാത്രം കാണാറാകുന്ന കാലത്തു്, അവർ ഈ വനപ്രദേശത്തേയ്ക്കു് തീർത്ഥയാത്രയായി വന്നെത്തും. അന്നത്തെ മനുഷ്യർക്കെല്ലാംവേണ്ടി ഈ വനം അക്ഷുണ്ണമായി നിലകൊള്ളാൻ ഇടവരുമാറാകട്ടെ.

## രണ്ടു്

അന്നു രാത്രിയിൽ ജഗരുപാന്നായും അയാളുടെ സഹോദരനും ആയി സംസാരിച്ചുകൊണ്ടിരുന്നു. ആ സംഭാഷണത്തിൽ നിന്നും അവരെപ്പറ്റിയുള്ള പല വർത്തമാനങ്ങളും ഗ്രഹിക്കാൻ ഇടയായി. ബാങ്കറുടെ കടം ഇതുവരെ തീർക്കാൻകഴിഞ്ഞിട്ടില്ല. ഗയയിലെ ഒരു മാർവാറി കച്ചവടക്കാരൻ മുമ്പുവന്നു നെയ്യ് വാങ്ങിച്ചുംകൊണ്ടു പൊയ്ക്കൊണ്ടിരുന്നു. ഇപ്പോൾ മൂന്നാലു മാസമായിട്ട് അയാൾ വരുന്നില്ല. ഏതാണ്ടു് അരമന്നു നെയ്യ് വീട്ടിൽ ഉണ്ടാക്കിവച്ചിട്ടുണ്ടു്; വാങ്ങിക്കാൻ ആളില്ല.

ഭാനുമതി വന്നു വരാന്തയുടെ ഒരു അരികിൽ ഇരുന്നു. യുഗളപ്രസാദൻ വലിയ ചായപ്രിയനാണു്; അയാൾ തേയിലയും പഞ്ചസാരയും കൂടെ കൊണ്ടുപോന്നിട്ടുണ്ടായിരുന്നു. പക്ഷേ, ലജ്ജകൊണ്ടു ചൂടുവെള്ളം വേണമെന്നു പറയാൻ അയാൾക്കു കഴിഞ്ഞില്ലാ. അതും ഞാൻ മനസ്സിലാക്കി. ഞാൻ പറഞ്ഞു: "കുറച്ചു ചായവെള്ളം തിളപ്പിക്കാൻ സൗകര്യം ഉണ്ടാകുമോ, ഭാനുമതീ?"

രാജകുമാരി ഭാനുമതി ഒരിക്കലും ചായ ഉണ്ടാക്കീട്ടില്ല.

ചായ കുടിക്കുന്ന പതിവും ഇവിടെ ഇല്ല. വെള്ളം എത്രത്തോളം വേണമെന്നു പറഞ്ഞപ്പോൾ അവൾ ഒരു മൺചട്ടിയിൽ വെള്ളം തിളപ്പിച്ചുകൊണ്ടുവന്നു. അവളുടെ കൊച്ചനുജത്തി ഏതാനും കൽക്കോപ്പയും കൊണ്ടുവന്നു. ഭാനുമതിയോടു കുറച്ചു ചായ കുടിക്കാൻ ഞാൻ അപേക്ഷിച്ചു; വേണ്ടാ എന്നു് അവൾപറഞ്ഞു. ജഗരുപാന്നാ ഒരു കൊച്ചുകോപ്പ ചായ കുടിച്ചു കഴിഞ്ഞശേഷം കുറച്ചുകൂടി വേണമെന്നു് ആവശ്യപ്പെട്ടു.

ചായ കുടിച്ചുകഴിഞ്ഞു് മററെല്ലാവരും എഴുന്നേററുപോയി. ഭാനുമതി പോയില്ല. അവൾ എന്നോടു പറഞ്ഞു: "കുറച്ചു ദിവസം ഇവിടെ താമസിക്കണേ, ബാബുജീ! ഇത്തവണ വളരെ താമസിച്ചാണല്ലോ വന്നതു്. നാളെ പോകാൻ ഞാൻ സമ്മതിക്കയില്ല. നാളെ ഞാൻ ആ വെള്ളച്ചാട്ടം കാണിക്കാൻ കൊണ്ടുപോകാം. അവിടുത്തെ വനം ഇവിടുത്തേക്കാൾ കൂടുതൽ ഭയങ്കരമാണു്. ആ ഭാഗത്തു വലിയ കാട്ടാന ഉണ്ടു്. ധാരാളം മയിലിനെയും കാണാം. നല്ല രസികൻ വനം; ഭൂമിയിൽ ഇതുപോലെ വേറെ ഒരു സ്ഥലം ഇല്ല."

ഭാനുമതിക്കു് ഭൂമിയെപ്പററി കുറച്ചെല്ലാം അറിയാൻ ആഗ്രഹം ഉണ്ടായി. ഞാൻ ചോദിച്ചു: "ഭാനുമതീ, എപ്പോഴെങ്കിലും നീ വല്ല പട്ടണവും കണ്ടിട്ടുണ്ടോ?"

"ഇല്ല, ബാബുജീ."

"ഒന്നുരണ്ടു പട്ടണത്തിൻെറ പേരു് പറയാമോ?"

"ഗയാ, മുങ്ങേർ, പാററ്നാ."

"കല്ക്കത്താ എന്ന പേരു് കേട്ടിട്ടുണ്ടോ?"

"ഉണ്ടു് ബാബുജീ."

"ഏതു ദിക്കിലാണെന്നു് അറിയാമോ?"

"ഞാനെങ്ങനെയാ അറിയുന്നതു് ബാബുജീ!"

"നമ്മൾ താമസിക്കുന്ന ദേശത്തിൻെറ പേരു് അറിയാമോ?"

"നമ്മൾ ഗയാജില്ലയിലാണു താമസിക്കുന്നതു്."

"ഭാരതവർഷം എന്ന പേരു കേട്ടിട്ടുണ്ടോ?"

ഭാനുമതി തലയാട്ടി കാണിച്ചു, അവൾ കേട്ടിട്ടില്ലെന്നു്. ഒരിക്കലും ഒരിടത്തും പോയിട്ടില്ല ചക്മകിഗ്രാമംവിട്ടു്. ഭാരതവർഷം ഏതു ദിക്കിലായിട്ടാണു്?

കുറച്ചുകഴിഞ്ഞു് അവൾ പറഞ്ഞു: "എൻെറ വല്യപ്പൂപ്പൻ ഒരു എരുമയെ കൊണ്ടുവന്നിരുന്നു. അതിനു് രാവിലെ മൂന്നുസേറും വയ്യിട്ട മൂന്നു സേറും പാൽ ഉണ്ടായിരുന്നു. അക്കാലത്തു് ഞങ്ങൾക്കു് ഇന്നത്തെക്കാൾ നല്ല നില ആയിരുന്നു. അങ്ങുന്നു് അന്നു വന്നിരുന്നെങ്കിൽ ദിവസവും അങ്ങത്തേയ്ക്കു പാൽക്കട്ടി തരാമായിരുന്നു. വല്യപ്പൂപ്പൻതന്നെയായിരുന്നു അന്നു് പാൽക്കട്ടി ഉണ്ടാക്കിക്കൊണ്ടിരുന്നതു്. എത്ര മധുരമുള്ള പാൽക്കട്ടി! ഇന്നു് അത്രയും പാലും ഇല്ല, പാൽക്കട്ടിയും ഇല്ല. അന്നു ഞങ്ങൾക്കു നല്ല പേരായിരുന്നു."

എന്നിട്ടു് അവൾ കൈയുയർത്തി ചുഴററിക്കാണിച്ചിട്ടു് അഭിമാനപൂർവ്വം പറഞ്ഞു: "ഈ ദേശമെല്ലാം ഞങ്ങടെ രാജ്യമായിരുന്നു, ബാബുജിക്കു് അറിയാമോ? ഈ ഭൂമി മുഴുവൻ. വനത്തിൽ അവിടുന്നു കണ്ടിട്ടുണ്ടല്ലോ ഗോണ്ഡാ, സാന്താൾ ഇവരെ എല്ലാം. അവരാരും ഞങ്ങടെ ജാതിയല്ല. ഞങ്ങൾ രാജഗോണ്ഡരാണു്. ഞങ്ങടെ പ്രജകളാണു് അവർ. ഞങ്ങളെ രാജാവായി അവർ ബഹുമാനിക്കുന്നു."

അവളുടെ വാക്കുകൾ കേട്ടു് എനിക്കു സങ്കടവും ചിരിയും വന്നു. ബാങ്കറുടെ കടത്തിനുവേണ്ടി രണ്ടുപ്രാവശ്യം കന്നിനെ പിടിച്ചു കെട്ടിക്കൊണ്ടുപോയതും ആ രാജവംശത്തിനു് അഭിമാനകരം അല്ലെ!

ഞാൻ പറഞ്ഞു: "എനിക്കറിയാം ഭാനുമതീ! നിങ്ങളുടേതു് എത്ര വലിയ വംശം—"

ഭാനുമതി പറഞ്ഞു: "എന്നിട്ടു കേട്ടാട്ടെ ബാബുജീ! ഞങ്ങടെ ആ കന്നിനെ പുലിപിടിച്ചോണ്ടുപോയി. വല്യപ്പൂപ്പൻ കൊണ്ടുവന്ന ആ കന്നിനെ."

"എങ്ങനെ?"

"വല്യപ്പൂപ്പൻ ആ മലയ്ക്കുതാഴെ കന്നിനെ തീററാൻപോയി ഒരു മരച്ചുവട്ടിൽ ഇരിക്കുകയായിരുന്നു. അവിടെവച്ചാണു പുലി പിടിച്ചതു്."

ഞാൻ ചോദിച്ചു: "നീ പുലിയെ കണ്ടിട്ടുണ്ടോ വല്ലപ്പഴും?"

ഭാനുമതി ആശ്ചര്യഭാവത്തിൽ പുരികം ഉയർത്തി വളച്ചുംകൊണ്ടുപറഞ്ഞു: "പുലിയെ കണ്ടിട്ടുണ്ടോന്നു്! മഞ്ഞുകാലത്തു്

ചക്മകി ഗ്രാമത്തിൽ ഒന്നു വന്നുനോക്കിയാട്ടെ—വീട്ടുമുറ്റത്തുനിന്നും കന്നിൻകിടാക്കളെ പിടിച്ചോണ്ടുപോയി തിന്നും പുലി.''

ഇത്രയും പറഞ്ഞിട്ട് അവൾ വിളിച്ചു: ''നിച്ചുനീ! നിച്ചുനീ—കേട്ടോ—''

കൊച്ചനുജത്തി വന്നപ്പോൾ പറഞ്ഞു: ''നിച്ചുനീ! ബാബുജിയെ പറഞ്ഞൊന്നു കേൾപ്പിച്ചേടീ കഴിഞ്ഞയാണ്ടിൽ മഞ്ഞുകാലത്തു് എന്നും രാത്രിയിൽ പുലി നമ്മുടെ മുററത്തു വന്ന് എന്തുചെയ്തിട്ടു പോയെന്നു്. ജഗരു ചിററപ്പൻ ഒരുദിവസം കുരുക്കുവച്ചു; പിടി കിട്ടീല്ല.''

എന്നിട്ട് അവൾ പെട്ടെന്നു പറഞ്ഞു: ''നല്ലകാര്യം! ബാബുജീ, ഒരെഴുത്തു് വായിച്ചുകേൾപ്പിക്കാമോ? എവിടുന്നോ ഒരു എഴുത്തു വന്നിട്ടുണ്ടായിരുന്നു. ആരു വായിക്കാനാ? അതു പോലെ വാങ്ങിച്ചു വച്ചിട്ടുണ്ടു്. നിച്ചുനീ! നീ പോയി ആ എഴുത്തിങ്ങു് എടുത്തോണ്ടുവാ. ജഗരു ചിററപ്പനേം വിളിച്ചോണ്ടു പോരെ.''

നിച്ചുനി നോക്കിയിട്ട് എഴുത്തു കണ്ടുകിട്ടിയില്ല. അപ്പോൾ ഭാനുമതി തന്നെ പോയി വളരെ തെരഞ്ഞുനോക്കി എഴുത്തു് എടുത്തുകൊണ്ടുവന്നു് എൻെറ കൈയിൽ തന്നു.

ഞാൻ ചോദിച്ചു: ''എന്നു വന്നതാ ഇതു്?''

ഭാനുമതി പറഞ്ഞു: ''ആറേഴ മാസമായിക്കാണും—വാങ്ങിച്ചു സൂക്ഷിച്ചു വച്ചിരുന്നു; അങ്ങുന്നു വരുമ്പോൾ വായിപ്പിക്കാമെന്നു വച്ചു്. ഞങ്ങൾക്കാർക്കും വായിക്കാൻ കഴിഞ്ഞില്ല. ഓ! നിച്ചുനീ! ജഗരു ചിററപ്പനെ വിളിച്ചോണ്ടുവാടീ! എഴുത്തു വായിക്കാൻ പോകുകയാ—എല്ലാരേം വിളിച്ചോണ്ടു വാ.''

ആറേഴമാസം മുമ്പുവന്നിട്ട് വായിക്കാതെ എടുത്തു വച്ചിരുന്ന ആ പഴയ എഴുത്തു് യുഗളപ്രസാദൻെറ അടുപ്പിലെ വെളിച്ചത്തിൽ ഞാൻ വായിക്കാൻ ഇരുന്നു. എഴുത്തു വായിച്ചുകേൾക്കാൻ വീട്ടിലുള്ളവരെല്ലാം എൻെറ ചുററും കൂടി ഇരുന്നു. എഴുത്തു് കായേഥീ ഹിന്ദിയിലാണു് എഴുതിയിരുന്നതു്. രാജാദോബരുപാന്നായുടെ മേൽവിലാസത്തിലായിരുന്നു എഴുത്തു്. പാററ്നായിലെ ഒരു ധനികൻ രാജാദോബരുവിനു് എഴുതിച്ചോദിച്ചിരിക്കുകയാണു്, ഇവിടെ ബീഡിയില

ക്കാട്ട് ഉണ്ടെങ്കിൽ എന്തു നിരക്കുവച്ച് പാട്ടത്തിനു കൊടുക്കും എന്നു്.

ഈ എഴുത്തുമായി ഇവക്കു് ഒരു ബന്ധവും ഇല്ല. ഇവരുടെ അധീനതയിൽ ഒരു ബീഡിയിലക്കാട്ടം ഇല്ല. രാജാദോബരു വെറും നാമമാത്രമായ രാജാവായിരുന്നു. ചക്മകി ഗ്രാമത്തിൽ ഇവക്കു് ഒരു ഛടാക് (20 ചതുരശ്രഹസ്തം) ഭൂമി പോലും ഇല്ല. ഇക്കാര്യം പാററ്നായിലെ പത്രലേഖകനായ ധനികൻ അറിഞ്ഞിരുന്നെങ്കിൽ അയാൾ പോസ്റ്റേജ് ചെലവാക്കി വെറുതെ ഈ എഴുത്തു് അയക്കുകയില്ലായിരുന്നു; നിശ്ചയംതന്നെ.

അല്പം അകലെയായി തിണ്ണയുടെ ആ ഭാഗത്തു് യുഗളപ്രസാദൻ ഭക്ഷണം പാകംചെയ്തുകൊണ്ടിരിക്കുകയാണു്. അയാളുടെ വിറകുട്ടപ്പിലെ വെളിച്ചത്തിൽ തിണ്ണയുടെ കുറച്ചുഭാഗം കാണാം. ഈ ഭാഗത്തെ തിണ്ണയുടെ പകുതിഭാഗത്തു് നിലാവു വീണിട്ടുണ്ടു്, ഇന്നു് കൃഷ്ണപക്ഷത്തിലെ തൃതീയയാണെങ്കിലും—ധൻഝരിമലയുടെ മറവിൽക്കൂടി കാണായ ആകാശത്തു് ചന്ദ്രൻ അല്പസമയം മാത്രം ദൃശ്യമായി. മുൻഭാഗത്തു് കുറച്ചു ദൂരെ അദ്ധചന്ദ്രാകൃതിയിലുള്ള പവ്വതശ്രേണി—ചക്മകിലെ ദരിദ്രഗ്രാമത്തിൽനിന്നും കുട്ടികളുടെ വത്തമാനവും കോലാഹലവും കേൾക്കാം....ഈ വന്യഗ്രാമത്തിൽ ഈ രാത്രി കഴിച്ചുകൂട്ടുന്നതു് അസാധാരണമായ ഒരു മനോഹരാനുഭവം തന്നെ. ഭാനുമതിയുടെ അല്പവും സാധാരണവും ആയ സംഭാഷണവും അത്യാനന്ദകരം. അന്നു ബലഭദ്രൻ പറഞ്ഞ കാര്യം ഞാൻ ഓമ്മിച്ചു. ഉല്ക്കർഷം കൈവരുത്തുന്നതിനുള്ള അഭിവാഞ്ഛയുടെ കാര്യം.

മനുഷ്യൻ എന്താണു് ആഗ്രഹിക്കുന്നതു്—ഉല്ക്കഷമോ, അതോ ആനന്ദമോ? ഉല്ക്കഷം ഉണ്ടായിട്ടു് അതിൽ ആനന്ദം ഇല്ലെന്നു കണ്ടാലോ? ജീവിതത്തിനു് ഉയർച്ച ഉണ്ടായിട്ടുണ്ടു്, ശരിതന്നെ, പക്ഷേ, ആനന്ദം നഷ്ടപ്പെട്ടുപോയി എന്നു് എത്രയോ ആളുകൾ പറഞ്ഞിട്ടുള്ളതായി എനിക്കറിയാം. അമിതഭോഗംകൊണ്ടു് മാനസികവ്യാപാരധാര തേഞ്ഞുതേഞ്ഞു് മൂച്ചയില്ലാതായിപ്പോകും. പിന്നെ ഒട്ടുംതന്നെ ആനന്ദം അവക്കു ലഭിക്കുകയില്ല. ജീവിതം അവരെ സംബന്ധിച്ചിടത്തോളം

വൈവിധ്യം ഇല്ലാത്തതായി ഒരേനിറത്തിൽ അർത്ഥശൂന്യമായി ഭവിക്കും. മനസ്സ് ഉരകല്ലുകൊണ്ടു് ഉണ്ടാക്കപ്പെട്ടതുപോലെ ഇരിക്കും, രസം കയറുകയില്ല.

ഇവിടെത്തന്നെ പാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! ഭാനുമതിയെ വിവാഹം കഴിക്കാമായിരുന്നു. ഈ മൺപുരയുടെ, നിലാവു് വീഴുന്നതിണ്ണയിൽ ഈ നിർമ്മലമാനസയായ വനബാലിക അരിവച്ചുംകൊണ്ടിരുന്നു് അങ്ങനെ കുട്ടിക്കഥകൾ പറയും—ഞാൻ അങ്ങനെ ഇരുന്നിരുന്നു് കേൾക്കും. പിന്നെ രാത്രി വളരെ ഇരുട്ടുമ്പോൾ ആ വനത്തിൽ ചെന്നായുടെ വിളി, കാട്ടുകോഴിയുടെ കൂവൽ, കാട്ടാനയുടെ ഗർജ്ജനം, ഹൈനായുടെ ചിരി ഇതെല്ലാം കേൾക്കാം. ഭാനുമതിയുടെ നിറം കറുപ്പാണു്. പക്ഷേ, ഇങ്ങനെ കൊഴുത്തുരുണ്ടു് ആരോഗ്യം തികഞ്ഞ ഒരു പെണ്ണിനെ ബങ്കാളത്തെങ്ങും കിട്ടുകയില്ല. കൂടാതെ അവളുടെ ഊർജ്ജസ്വലവും സരളവുമായ മനസ്സ്! ദയയുണ്ടു്, മമതയുണ്ടു്, സ്നേഹമുണ്ടു്—അതിനെത്രയോ തെളിവു് എനിക്കു കിട്ടീട്ടുണ്ടു്....വിചാരിച്ചിട്ടുതന്നെ വളരെ സുഖം തോന്നുന്നു. എത്ര സുന്ദരമായ സ്വപ്നം! ജീവിതത്തിനു് ഉയർച്ചകിട്ടിയാൽ എന്താ വിശേഷം? ബലഭദ്രസേങ്ങാതു് പോയി ഉയരട്ടെ! രാഷബിഹാരിസിംഹൻ ഉയന്നുകൊള്ളട്ടെ!

യുഗളപ്രസാദൻ ചോദിച്ചു: "ഭക്ഷണം തയാറായിട്ടുണ്ടു്. വിളക്കു് കത്തിക്കട്ടെ?"

ഭാനുമതിയുടെ വീട്ടിൽ ആതിഥ്യത്തിനു് ഒരു കുറവും ഉണ്ടായില്ല. ഈ നാട്ടിൽ പച്ചക്കറിസാധനങ്ങൾ കിട്ടുകയില്ല; എങ്കിലും എവിടുന്നോ ജഗരു വഴുതനങ്ങയും ഉരുളക്കിഴങ്ങും കൊണ്ടുവന്നിരുന്നു. ഉഴുന്നുപരിപ്പു്, പക്ഷിയിറച്ചി, വീട്ടിൽത്തന്നെ ഉണ്ടാക്കിയെടുത്ത പുത്തൻകന്നിൻനെയ്യ്, പാൽ ഇതെല്ലാം ഉണ്ടായിരുന്നു. യുഗളപ്രസാദൻ കൈപ്പുണ്യമുള്ള ഒരു പാചകൻതന്നെ.

ഭാനുമതി, ജഗരു, ജഗരുവിൻെറ സഹോദരൻ, നിച്ഛന്നി—എല്ലാവരും ഇന്നു് ഞങ്ങളുടെകൂടെത്തന്നെ ഇരുന്നു് ആഹാരം കഴിക്കണമെന്നു് ഞാൻ പറഞ്ഞു. എന്തെന്നാൽ ഇത്തരം ഭക്ഷണം അവർ ഒരിക്കലും കഴിച്ചിട്ടില്ലെ ഇല്ല. ഞാൻ പറഞ്ഞു: "അല്പം ദൂരെയായി അവരെല്ലാവരും ഒരുമിച്ചിരി

ക്കട്ടെ, യുഗളപ്രസാദനു് വിളമ്പിക്കൊടുക്കാനും സൗകര്യം ഉണ്ടു്. ഒരിടത്തുതന്നെ ഇരുന്നുണ്ടുകളയാം.''

അവർ സമ്മതിച്ചില്ല. ഞങ്ങൾ ആദ്യം ഉണ്ടില്ലെങ്കിൽ അവർ ഉണ്ണുകയില്ലെന്നു ശഠിച്ചു.

അടുത്തദിവസം തിരിച്ചുപോരാൻസമയത്തു് ഭാനുമതി ഒരു രംഗം സൃഷ്ടിച്ചു.

പെട്ടെന്നു് എന്റെ കൈയിൽക്കടന്നുപിടിച്ചുംകൊണ്ടു് പറഞ്ഞു: ''ഇന്നു ഞാൻ വിടുകയില്ല, ബാബുജീ!''

ഞാൻ അമ്പരന്നു് അവളുടെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടു നിന്നുപോയി. ഞാൻ വിഷമിച്ചു.

അവളുടെ അപേക്ഷയനുസരിച്ചു് രാവിലെ യാത്രയാകാൻ സാധിച്ചില്ല. ഉച്ചയ്ക്കു് ആഹാരം കഴിഞ്ഞു് യാത്രയായി.

*　　*　　*　　*

പിന്നെയും ഇരുവശവും ഇരുണ്ട വനപഥം.

വഴിക്കരികിൽ എവിടെയോ രാജകുമാരിഭാനുമതി നില്ക്കുന്നതായി എനിക്കു തോന്നി—ബാലികയല്ല, യുവതി ഭാനുമതി—അവളെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല,—അവളുടെ ഉല്ക്കണ്ഠാകുലമായ നോട്ടം അവളുടെ പ്രാണേശ്വരൻ വരുന്ന വഴിയിൽ ഉറപ്പിച്ചുകൊണ്ടു്. അവൻ മലയ്ക്കപ്പുറത്തെ വനത്തിൽ ശിക്കാറിനു് പോയിട്ടുണ്ടാവാം; വരാൻ താമസം ഇല്ലായിരിക്കാം. ആ തരുണിയെ ഞാൻ ഉള്ളുകൊണ്ടു് ആശീർവദിച്ചു. ധൻഝരിമലയിലെ, മിന്നാമിനുങ്ങുകൾ മിന്നിപ്പറക്കുന്ന നിസ്തബ്ധവും പ്രാചീനവുമായ ഏഴിലംപാലപ്പൂവനത്തിന്റെയും അദൃഷ്ടപൂർവ്വമായി ഇരുൾപരത്തിയ സന്ധ്യയുടെയും മറവിലെ വനബാലയുടെ രഹസ്യമായ അഭിസാരവും സാർത്ഥകമായി ഭവിക്കട്ടെ!

കച്ചേരിയിൽ തിരിച്ചെത്തിക്കഴിഞ്ഞു് കുറേ ആഴ്ചകൾക്കകം എല്ലാവരോടും യാത്രപറഞ്ഞു് ലബ്ടുലിയായിൽനിന്നും പോന്നു.

പോരുന്നസമയം രാജുപാണ്ഡേ, ഗനോരി, യുഗളപ്രസാദൻ, ആസരഫിടിണ്ഡൽ തുടങ്ങിയവർ പല്ലക്കിനുചുററും കൂടി; കൂടെ അവർ ലബ്ടുലിയായുടെ അതിർത്തിയിലുള്ള പുതിയ ഗ്രാമമായ മഹാരാജാഗ്രാമംവരെ അനുഗമിച്ചു. മടുകനാഥൻ

സംസ്കൃതത്തിൽ സ്വസ്തിവചനം ചൊല്ലി എന്നെ ആശീർവദിച്ചു. രാജു പറഞ്ഞു: "അങ്കുന്നെ! അവിടുന്നു പോയിക്കഴിയുമ്പോൾ ലബ്ടുലിയാ ഉദാസമായിപ്പോകും."

കൂട്ടത്തിൽ പറയുകയാണു്. ഈ നാട്ടിൽ 'ഉദാസം' എന്ന പദത്തിൻെറ പ്രയോഗവും അർത്ഥവ്യാപ്തിയും വളരെക്കൂടുതലാണു്. പയറുവറുത്തതു് തിന്നുമ്പോൾ ചീത്തയായിട്ടു തോന്നിയാൽ പറയും ഉദാസമായിപ്പോയെന്നു്. എന്നെസ്സംബന്ധിച്ചിടത്തോളം ഏതർത്ഥത്തിലാണു് ഈ പദം പ്രയോഗിച്ചതെന്നു് എനിക്കു നിശ്ചയിക്കാൻ കഴിയുകയില്ല.

ഞാൻ യാത്രചോദിച്ചു പോരുന്നസമയം ഒരു സ്ത്രീ കരഞ്ഞുപോയി. ഇന്നുരാവിലെമുതൽ അവൾ കച്ചേരിമുററത്തു് നില്ക്കുകയായിരുന്നു—എൻെറ പല്ലക്കുയന്നപ്പോൾ അവൾ കണ്ണീർവാർത്തു് കരഞ്ഞുതുടങ്ങി. ആ സ്ത്രീ കുന്തായാണു്.

നിരാലംബയായ കുന്താക്കു് ഭൂമി കൊടുത്തു് ഞാൻ അവളെ അവിടെ പാർപ്പിച്ചു. എൻെറ മാനേജർഉദ്യോഗക്കാലത്തു് ഞാൻചെയ്ത സൽക്കർമ്മങ്ങളിൽ ഒന്നാണു് ഇതു്. ആ വന്യവനിത മഞ്ചിക്കുവേണ്ടി എനിക്കു് ഒന്നുംചെയ്യാൻ കഴിഞ്ഞില്ല. ആ നിർഭാഗ്യവതിയെ ആരോ എവിടെയോ വഞ്ചിച്ചുകൊണ്ടുപോയി. ഇന്നു് അവൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ അവളുടെപേരിലും ജമിന്ദാക്കുള്ള കാഴ്ച ഒഴിവാക്കി ഭൂമികൊടുക്കാമായിരുന്നു.

നാഢാബയിഹാരിൻെറ അതിർത്തിയിൽ നക്ച്ഛേദിയുടെ വസതി കണ്ടപ്പോൾ പിന്നെയും അവളുടെ കാര്യം ഓർമ്മവന്നു. സുരതിയാ വീട്ടിനുപുറത്തു് എന്തോ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. എൻെറ പല്ലക്കു കണ്ടയുടനെ അവൾ വിളിച്ചുപറഞ്ഞു:

"ബാബുജീ! ബാബുജീ! ഒന്നു നിറുത്തണേ!"

എന്നിട്ടു് അവൾ ഓടിവന്നു് പല്ലക്കിനു് അടുത്തുനിന്നു. ഛനിയായും പിന്നാലെ

"ബാബുജീ! എവിടെപ്പോകുന്നു?"

"ഭഗൽപുരത്തേക്കു്. നിൻെറ അച്ഛനെവിടെ?"

"ഝല്ലുഗ്രാമത്തിൽ ഗോതമ്പുവിത്തു കൊണ്ടുവരാൻ പോയിരിക്കുകയാണു്. ബാബുജി എപ്പോൾ വരും?"

"ഇനിയും വരികയില്ല."

"അശ്ശോ! കള്ളം!"

നാഢാബയിഹാരിൻെറ അതിർത്തികടന്നപ്പോൾ ഞാൻ പല്ലക്കിൽ ഇരുന്നുംകൊണ്ടു് തല പുറത്തോട്ടിട്ടു് പിന്നിലോട്ടു് ഒന്നു നോക്കി.

ഗ്രാമങ്ങൾ വളരെ, തൊട്ടുതൊട്ടു വസതികൾ, ആളുകളുടെ സംസാരം, ബാലികാബാലന്മാരുടെ പൊട്ടിച്ചിരിയും കൂക്കുവിളിയും, കന്നുകാലികൾ, ധാന്യക്കൂനകൾ. ഞാൻതന്നെയാണു് ആ കൊടിയ വനം വെട്ടിത്തെളിപ്പിച്ചു് ഈ ഹാസദീപ്തവും സസ്യസമ്പൂർണ്ണവുമായ ജനപദം സൃഷ്ടിച്ചതു് ഈ ആറേഴു വർഷങ്ങൾക്കുള്ളിൽ. എല്ലാവരുംതന്നെ അതുതന്നെയാണു് ഇന്നലെ പറഞ്ഞതു്. "ബാബുജീ! അങ്ങയുടെപ്രവർത്തനം കണ്ടിട്ടു് ഞങ്ങൾ വളരെ ആശ്ചര്യപ്പെട്ടുപോയി, നാഢാലബ്ടുലിയാ എന്തായിരുന്നു, ഇപ്പോൾ എന്തായിരിക്കുന്നു?"

ഞാനും അതുതന്നെ പിന്നെയും പിന്നെയും വിചാരിച്ചുംകൊണ്ടാണു പോന്നതു്. നാഢാലബടുലിയാ എന്തായിരുന്നു, ഇപ്പോൾ എന്തായിരിക്കുന്നു.

ദിഗന്തലീനമായ മഹാലിഖാരൂപപർവ്വതത്തേയും മോഹനപുരാമഹാവനത്തേയും ലക്ഷ്യമാക്കി ദൂരെനിന്നു് ഞാൻ നമസ്കരിച്ചു.

ഹേ! അരണ്യാനിയുടെ വനദേവതമാരേ! എനിക്കു് മാപ്പുതരുളണേ! വിടനൽകണേ!

## മൂന്നു്

അതിൽപ്പിന്നെ വളരെ കഴിഞ്ഞുപോയിരിക്കുന്നു. പതിനഞ്ചു പതിനാറു വത്സരം.

ബദാംവൃക്ഷത്തിൻെറ ചുവട്ടിലിരുന്നാണു് ഞാൻ ഇതെല്ലാം വിചാരിച്ചതു്.

നേരം സന്ധ്യകഴിഞ്ഞു.

വിസ്മൃതപ്രായമായ ഭൂതകാലത്തെ ആ നാഢാലബ്ടുലിയാദേശങ്ങളിലെ അരണ്യപ്രാന്തരം എൻെറ കൈയിലി

രുന്നതന്നെ നാശം അടഞ്ഞുപോയി; സരസ്വതീതീരത്തെ അസുലഭമായ ആ മഹാവനം, അവയേപ്പറ്റിയുള്ള സ്മൃതി സ്വപ്നമെന്നവണ്ണം എൻെറ മനസ്സിനെ ശല്യപ്പെടുത്തുന്നുണ്ട്. ചിലപ്പോഴെല്ലാം ചിന്തവരുന്നു— ആ കുന്താ എങ്ങനെ ഇരിക്കുന്നു; സുരതിയാ എത്രത്തോളം വളന്നുകാണും; മടുകനാഥ പണ്ഡിതൻെറ വിദ്യാലയം ഇപ്പോഴും ഉണ്ടോ ഇല്ലയോ; ഭാനുമതി അരണ്യവേഷ്ടിതമായ അവളുടെ പ്രദേശത്തു് എന്തുചെയ്തുകൊണ്ടിരിക്കുന്നു; രാഖാൽബാബുവിൻെറ ഭായ്യ, ധ്രുവ ഗിരിധാരീലാൽ, ആക്കറിയാം ഇത്രയുംകാലത്തിനുശേഷം ആരെല്ലാം ഏതെല്ലാം സ്ഥിതിയിൽ ഇരിക്കുന്നു എന്നു്.

കൂടാതെ ചിലപ്പോൾ ആ മഞ്ചിയുടെകാര്യം ഓമ്മയിൽ വരുന്നു. പശ്ചാത്തപിച്ചിട്ട് മഞ്ചി വീണ്ടും അവളുടെ ഭത്താവിൻെറ അടുക്കൽ വന്നിട്ടുണ്ടോ? അതോ ഇന്നും അവൾ ആസാംതേയിലത്തോട്ടത്തിലെ തേയില നുള്ളിക്കൊണ്ടിരിക്കുകയാണോ?

ഇനിയും ഞാൻ എത്രകാലം അവരുടെയെല്ലാം ഓമ്മ വച്ചുപുലത്തിക്കൊണ്ടിരിക്കും!

216160
O157:3M96:11
32J8

★

MUL
216160
UNIVERSITY LIBRARY 1984 MADRAS

29-6-62

സാഹിത്യാരാമങ്ങൾ പലതുണ്ട് ഭാരതത്തിൽ. ഒന്നിൽനിന്നു മററുള്ളവയിലേയ്ക്കു വിശിഷ്ടകുസുമങ്ങൾ പകരുവാൻ സഹായിക്കുക സാഹിത്യ അക്കാദമിയുടെ അംഗീകൃതനയങ്ങളിൽ ഒന്നാണ്.

'ആരണ്യക്' വംഗസാഹിത്യത്തിലെ ഒരു അനർഘകുസുമമാണ്. അല്ല, അനേകം കുസുമങ്ങളും ചെടികളും നിറഞ്ഞ ഒരു അരണ്യംതന്നെയാണ്. വംഗദേശത്തെ ഗ്രാമീണജീവിതത്തിന്റെ നാഡിത്തുടിപ്പുകൾ ഈ കഥയിൽ, അല്ല കാവ്യത്തിൽ, ഉടനീളം കേൾക്കുവാൻ കഴിയും.

നാഗരികതയുടെ അടയാളമെന്ന മട്ടിൽ, പ്രകൃതിയുടെ ഒരു നല്ല ഭാഗം വീടുകളും വഴികളും കവരുകയും, കാടുകളും മേടുകളും എങ്ങോ പോയി ഒളിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്ന ഇക്കാലത്ത്, ശ്യാമളവും കോമളവുമായ സാക്ഷാൽ പ്രകൃതിയുടെ മടിത്തട്ടിലേയ്ക്കു വിഭൂതി ഭൂഷണ വന്ദ്യോപാദ്ധ്യായ ഈ കൃതിയിലൂടെ സ്വാഗതം അരുളുമ്പോൾ ആർക്കെങ്കിലും അതു സ്വീകാര്യമല്ലാതെവരുമോ?